# ധർമ്മശാസ്ത്രം

## (വ്യക്തി–കുടുംബ–സമൂഹ–രാഷ്ട്ര സന്ദേശങ്ങൾ)

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director HSH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018

Heritage Publication Series - 101

Scanned with CamScanner

# ധർമ്മശാസ്ത്രം

**ഡോ. എൻ. ഗോപാലകൃഷ്ണൻ** Ph.D., D.Lit
(Scientist & Hon Director IISH)

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**
**തിരുവനന്തപുരം – 695 018**

**ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് –101**

Scanned with CamScanner

വിഷ്ണു സ്മൃതി (ധർമ്മശാസ്ത്രം)
(വ്യക്തി, കുടുംബ, സമൂഹ, രാഷ്ട്ര സന്ദേശങ്ങൾ)

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt.
(Scientist & Director IISH)

Published by:

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
Website : www.iish.org

**Rs.** 150/-

*Printed at:*

Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

## വിഷ്ണു സ്മൃതി അഥവാ വിഷ്ണുധർമ്മശാസ്ത്രം

അതി പ്രസിദ്ധവും ഏറെ പ്രചാരത്തിലിരുന്നതുമായ സ്മൃതി ഗ്രന്ഥമാണിത്. നൂറദ്ധ്യായമുള്ള ഈ സ്മൃതിഗ്രന്ഥം മഹാവിഷ്ണു ഭൂമി ദേവിക്ക് ഉപദേശിച്ചുകൊടുക്കുന്ന രീതിയിലാണ് വിവരിക്കുന്നത്. ഇതിൽ പല അദ്ധ്യായങ്ങളിലും സൂത്രങ്ങളുടെ എണ്ണം പലവിധത്തിലാണ്. കൃഷ്ണയജൂർവേദത്തിലെ കഠശാഖയുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. അതായത് കൃഷ്ണയജൂർവേദികളായവരും ചരകശാഖയുമായി ബന്ധപ്പെടുന്നവരിൽ കഠശാഖക്കാരുടെ ജീവിതനിർദ്ദേശങ്ങളാണിതിലുളളത്. എല്ലാവരാലും സ്വീകരിക്കപ്പെടുന്ന സന്ദേശങ്ങളാണിതിലുള്ളത്.

### ഭാഗം -1 ഭൂമിദേവീ പ്രാർത്ഥനയും വർണ്ണധർമ്മവും

(1, 2 അദ്ധ്യായങ്ങളിൽ)

**അദ്ധ്യായം 1** ഭൂമിയിൽ സത് ഭരണം നടത്തി ജനജീവിതം ധന്യമാക്കുന്നതിനെക്കുറിച്ചുള്ള ധർമ്മശാസ്ത്രം വിവരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതനുസരിച്ച് മഹാവിഷ്ണു ഭൂമിദേവിക്ക് ധർമ്മശാസ്ത്രം വിവരിക്കുന്നു.

**അദ്ധ്യായം 2** നാലു വർണങ്ങളുടെ കർമ്മധർമ്മങ്ങൾ വിവരിക്കുന്നു.

### ഭാഗം - 2 വ്യവഹാര കാണ്ഡം

(അദ്ധ്യായം 3 മുതൽ 18 വരെ)

**അദ്ധ്യായം 3** രാജധർമ്മം, അധികാരികളുടെ നിയമനം, കരംപിരിക്കൽ, ധർബോധത്തോടെയുള്ള ഭരണം.

**അദ്ധ്യായം 4** എല്ലാവിധത്തിലുള്ള അളവുകളുടെയും വിവരണം.

**അദ്ധ്യായം 5** തെറ്റുകൾ, കുറ്റങ്ങൾ, വഞ്ചന, കൊലപാതകം, കളവ്, അധാർമ്മിക കർമ്മങ്ങൾ, വാണിജ്യ വ്യവസായങ്ങളിലെ കള്ളത്തരം, വ്യാജമുദ്രപത്രം, വ്യാജ രാജപത്രിക, കൈക്കൂലി, കള്ളപ്രമാണം എന്നിവക്കുള്ള ശിക്ഷകൾ.

അദ്ധ്യായം 6 കടം, പലിശ, സെക്യൂരിറ്റി, ജാമ്യം, ഒറ്റി എന്നീ വിഷയങ്ങൾ

അദ്ധ്യായം 7 സാക്ഷികളും, സാക്ഷികളില്ലാത്ത പത്രങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ

അദ്ധ്യായം 8 സാക്ഷികളുടെ മഹത്വം, അവർക്കുണ്ടായിരിക്കേണ്ട ലക്ഷണങ്ങളും ഗുണങ്ങളും.

അദ്ധ്യായം 9 സത്യപരീക്ഷണത്തിന്റെ പൊതുനിയമങ്ങൾ

അദ്ധ്യായം 10 തുലാസുപയോഗിച്ചുള്ള സത്യപരീക്ഷണം

അദ്ധ്യായം 11 സത്യം തെളിയിക്കാനുള്ള അഗ്നിപരീക്ഷണം

അദ്ധ്യായം 12 സത്യം തെളിയിക്കാനുള്ള ജലപരീക്ഷണം

അദ്ധ്യായം 13 സത്യം തെളിയിക്കാനുള്ള വിഷപരീക്ഷണം

അദ്ധ്യായം 14 കോശവിധി അഥവാ സത്യം തെളിയിക്കാനുള്ള തീർത്ഥപരീക്ഷണം

അദ്ധ്യായം 15 പന്ത്രണ്ടുതരത്തിലുള്ള പുത്രന്മാർ, അവരുടെ സ്വത്ത് വിഭജനം, അവർക്ക് അർഹതയുള്ള പിതൃസ്വത്ത്, ധർമ്മം, ആചാരം

അദ്ധ്യായം 16 സങ്കരവർണത്തിലുള്ളവരുടെ പുത്രന്മാരുടെ അവകാശങ്ങൾ

അദ്ധ്യായം 17, 18 പിതൃസ്വത്തിന്റെ വിഭജന നിയമങ്ങൾ


## ഭാഗം 3 : ആചാരകാണ്ഡം

(അദ്ധ്യായം 19 മുതൽ 32 വരെ)


അദ്ധ്യായം 19 മരണാനന്തരമുള്ള ശവസംസ്കാരം

അദ്ധ്യായം 20 കാലഗണന, യുഗവിവരണം, മന്വന്തരം, കൽപം, മഹാകൽപം ബ്രഹ്മാവിന്റെ ദിനരാത്രങ്ങൾ എന്നിവയുടെ വിവരണം.

അദ്ധ്യായം 21 ഏകോദ്ധിഷ്ഠ വിധി എന്ന മരണാനന്തര കർമ്മം

അദ്ധ്യായം 22 പുലയും വാലായ്മയും




Scanned with CamScanner

അദ്ധ്യായം 23 പുലയും വാലായ്മയും കഴിഞ്ഞുള്ള ശുദ്ധീകരണം

അദ്ധ്യായം 24 വ്യത്യസ്ഥ വിവാഹങ്ങളും, വർണങ്ങളുടെ വിവാഹങ്ങളും, കന്യകളുടെ ഗുണദോഷങ്ങളും

അദ്ധ്യായം 25 വിവാഹിതയുടെ ധർമ്മം, സ്വഭാവം, പെരുമാറ്റം

അദ്ധ്യായം 26 വ്യത്യസ്ഥവർണങ്ങളുടെ വിവാഹങ്ങൾ, കർമ്മങ്ങൾ, കുടുംബാചാരങ്ങൾ

അദ്ധ്യായം 27 ഷോഡശകർമ്മങ്ങൾക്കുള്ള മാർഗരേഖകൾ

അദ്ധ്യായം 28 ഉപനയനം നടത്താനുള്ള നിയമാവലികൾ

അദ്ധ്യായം 29 ബ്രഹ്മചാരിയുടെ ആചാരാനുഷ്ഠാനങ്ങൾ, ആചാര്യ, ഗുരു, ഉപാദ്ധ്യായമാരുടെ നിർവചനങ്ങൾ

അദ്ധ്യായം 30 ഉപാകർമ്മം, ഉത്സർജനം, വേദപഠനം ഇവ അരുതാത്ത ദിനങ്ങൾ

അദ്ധ്യായം 31 മാതാവ്, പിതാവ്, ഗുരു ഇവരുടെ മഹത്വം

അദ്ധ്യായം 32 ആരാധിക്കേണ്ടതും ആദരിക്കേണ്ടതുമായ വ്യക്തികൾ


## ഭാഗം 4 : പ്രായശ്ചിത്തകാണ്ഡം

(അദ്ധ്യായം 33 മുതൽ 57 വരെ)


അദ്ധ്യായം 33 കാമക്രോധങ്ങൾ ശത്രുക്കൾ

അദ്ധ്യായം 34 അതിപാതകങ്ങൾ, ക്രൂരമായ തെറ്റുകൾ

അദ്ധ്യായം 35 പഞ്ചമഹാപാതകങ്ങൾ

അദ്ധ്യായം 36 അനുപാതകങ്ങൾ അഥവാ ഹീനമായ പാപങ്ങൾ

അദ്ധ്യായം 37 ഉപപാതകങ്ങൾ അഥവാ സാരമല്ലാത്ത പാപങ്ങൾ

അദ്ധ്യായം 38 വർണത്തിൽ നിന്ന് നിഷ്കാസിതനാകുന്ന ജാതിഭ്രംശ കുറ്റങ്ങൾ

അദ്ധ്യായം 39 സങ്കരവർണങ്ങളുടെ ജനനത്തിനുക്കാരണമാകുന്ന സങ്കരീകരണ കുറ്റങ്ങൾ

അദ്ധ്യായം 40 ജീവിതപന്ഥാവിൽ അപഭ്രംശം സംഭവിക്കുന്ന അപാത്രീകരണ കുറ്റങ്ങൾ




Scanned with CamScanner

| | | |
|---|---|---|
| അദ്ധ്യായം | 41 | ജീവിതചുറ്റുപാടുകളെ മലിനമാക്കുന്ന മലിനീകരണ പാപങ്ങൾ |
| അദ്ധ്യായം | 42 | മറ്റുപാപങ്ങൾ |
| അദ്ധ്യായം | 43 | വ്യത്യസ്ഥങ്ങളായ നരകങ്ങൾ, അവയുടെ വിവരണങ്ങൾ |
| അദ്ധ്യായം | 44 | മഹാപാപികളുടെ പുനർജനനം |
| അദ്ധ്യായം | 45 | പാപികൾക്കുണ്ടാകുന്ന രോഗങ്ങൾ |
| അദ്ധ്യായം | 46 | പ്രായശ്ചിത്തവിധികൾ-പാപപ്രായശ്ചിത്തങ്ങൾ |
| | | അഘമർഷണ മന്ത്രജപം, പ്രജാപത്യയാഗം, തപ്തകൃച്ഛ്രം, ശീതകൃച്ഛ്രം, കൃച്ഛ്രാതികൃച്ഛ്രം, ഉദകകൃച്ഛ്രം, മൂലകൃച്ഛ്രം, ശ്രീഫലകൃച്ഛ്രം, പരാകം, സാന്തപനം, മഹാസാന്തപനം, അതിസാന്തപനം, തുലാപുരുഷം, പർണകൃച്ഛ്രം എന്നീ പ്രായശ്ചിത്തവിധികൾ |
| അദ്ധ്യായം | 47 | ചാന്ദ്രായണം, യതിചാന്ദ്രായണം, ശിശുചാന്ദ്രായണം എന്നീ പ്രായശ്ചിത്തങ്ങൾ |
| അദ്ധ്യായം | 48 | യവം കൊണ്ടുമാത്രം ജീവിക്കുന്ന പ്രായശ്ചിത്തവൃത്തികൾ |
| അദ്ധ്യായം | 49 | വിഷ്ണുവ്രതം, വിഷ്ണുതൃപ്തിക്കായുള്ള വ്രതങ്ങൾ |
| അദ്ധ്യായം | 50 | മനുഷ്യ-മൃഗഹത്യക്കുള്ള പ്രായശ്ചിത്തം |
| അദ്ധ്യായം | 51 | മദ്യപാനം, മാംസാഹാരം ഇവയുടെ പ്രായശ്ചിത്തം |
| അദ്ധ്യായം | 52 | സ്വർണാപഹരണ പ്രായശ്ചിത്തം |
| അദ്ധ്യായം | 53 | അധാർമ്മീകമായ ലൈംഗീകബന്ധ പ്രായശ്ചിത്തം |
| അദ്ധ്യായം | 54 | പാപികളുമായുള്ള സംസർഗ ദോഷ പ്രായശ്ചിത്തം |
| അദ്ധ്യായം | 55 | രഹസ്യ പാപപ്രായശ്ചിത്തം, ഗായത്രീ മന്ത്ര മഹത്വം |
| അദ്ധ്യായം | 56 | വേദാലാപനത്തിലൂടെയുള്ള പ്രായശ്ചിത്തവിധികൾ |




Scanned with CamScanner

അദ്ധ്യായം 57 പൂർണമായും വർജ്ജിക്കേണ്ടതായ പാപികൾ

## ഭാഗം 5 : ആചാരകാണ്ഡശേഷം, ആഹ്നിക പ്രകരണം

അദ്ധ്യായം 58 മൂന്നുതരത്തിലുള്ള ധനം, ധവളം, കൃഷ്ണം, ലോസിതം
അദ്ധ്യാം 59 ഗൃഹസ്ഥകർമ്മം, ദാനം, ഭിക്ഷ എന്നിവയുടെ മഹത്വം
അദ്ധ്യായം 60 സ്നാനവിധി, പ്രാഭാത സായം സ്നാനം
അദ്ധ്യായം 61 പല്ല് തേയ്ക്കുന്നതിന്റെ നിർദ്ദേശങ്ങൾ
അദ്ധ്യായം 62 ആചമന നിയമങ്ങൾ
അദ്ധ്യായം 63 യാത്രാരംഭ ശകുനങ്ങൾ, നല്ല-ചീത്ത ശകുനങ്ങൾ
അദ്ധ്യായം 64 പഞ്ചമഹായജ്ഞമഹത്വം
അദ്ധ്യായം 65 ശ്രീകൃഷ്ണപൂജാമഹത്വം
അദ്ധ്യായം 66 വാസുദേവ പൂജക്കാവശ്യമായ ദ്രവ്യങ്ങൾ
അദ്ധ്യായം 67 വൈശ്വദേവ പൂജാ വിധിയും കർമ്മങ്ങളും
അദ്ധ്യായം 68 ഭക്ഷണ മാർഗരേഖകൾ
അദ്ധ്യായം 69 ലൈംഗീകബന്ധ മാർഗരേഖകൾ
അദ്ധ്യായം 70 ഉറങ്ങുന്നതിനുള്ള മാർഗരേഖകൾ
അദ്ധ്യായം 71 ഗൃഹസ്ഥന്റെ ജീവിതത്തിന്റെ സാമാന്യ മാർഗരേഖകൾ
അദ്ധ്യായം 72 മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും നിയന്ത്രണം
അദ്ധ്യായം 73 ശ്രാദ്ധകർമ്മത്തിനുള്ള മാർഗരേഖകൾ
അദ്ധ്യായം 74 അഷ്ടകശ്രാദ്ധ മഹത്വം
അദ്ധ്യായം 75 പിതൃപൂജ, തർപ്പണം
അദ്ധ്യായം 76, 77 ശ്രാദ്ധമനുഷ്ഠിക്കുന്ന സമയം, കാലം
അദ്ധ്യായം 78 ശ്രാദ്ധമനുഷ്ഠിക്കുന്ന ആഴ്ച, തിഥി, നക്ഷത്രം ഇവയുടെ മഹത്വം
അദ്ധ്യായം 79 ശ്രാദ്ധത്തിന് നിഷിദ്ധമായ സമയം
അദ്ധ്യായം 80 ശ്രാദ്ധത്തിന്നത്യാവശ്യമായ സാധനങ്ങൾ



Scanned with CamScanner

| | | |
|---|---|---|
| അദ്ധ്യായം | 81 | ശ്രാദ്ധത്തിന്റെ പൊതുനിയമങ്ങൾ |
| അദ്ധ്യായം | 82 | ശ്രാദ്ധക്ഷണത്തിന് യോഗ്യതയില്ലാത്ത ബ്രാഹ്മണർ |
| അദ്ധ്യായം | 83 | ശ്രാദ്ധക്ഷണത്തിന് യോഗ്യതയുള്ള ബ്രാഹ്മണ ലക്ഷണം |
| അദ്ധ്യായം | 84 | ശ്രാദ്ധത്തിനനുയോജ്യമല്ലാത്ത സ്ഥലങ്ങൾ |
| അദ്ധ്യായം | 85 | ശ്രാദ്ധത്തിനനുയോജ്യമായ സ്ഥലങ്ങൾ |
| അദ്ധ്യായം | 86 | വൃഷോത്സർഗ ശ്രാദ്ധം |
| അദ്ധ്യായം | 87 | കൃഷ്ണമൃഗത്തോലിന്റെ മഹത്വം |
| അദ്ധ്യായം | 88 | പശുവിനെ ദാനം ചെയ്യുന്ന മഹത്വം |
| അദ്ധ്യായം | 89 | കാർത്തീകമാസ സ്നാന മഹത്വം |
| അദ്ധ്യായം | 90 | ഓരോ മാസത്തിലും ഓരോ ദ്രവ്യങ്ങൾ ദാനം ചെയ്യുന്നതിന്റെ മഹത്വം |
| അദ്ധ്യായം | 91 | കുളം, കിണർ, തടാകം, ഉദ്യാനം ഇവയുടെ ദാന മഹത്വം |
| അദ്ധ്യായം | 92 | ഭൂമിദാനം, കുതിര, സ്വർണം, വെള്ളി, ഭക്ഷണം, കിടക്ക, കുട എന്നിവയുടെ ദാനമഹത്വം |
| അദ്ധ്യായം | 93 | ദാനസ്വീകരണ യോഗ്യതയുള്ളവരുടെ ലക്ഷണങ്ങൾ |
| അദ്ധ്യായം | 94 | വാനപ്രസ്ഥന്റെ ആചാരങ്ങളും നിയമാവലികളും |
| അദ്ധ്യായം | 95 | വാനപ്രസ്ഥന്റെ ഭക്ഷണവിധികൾ, പെരുമാറ്റം എന്നിവ |
| അദ്ധ്യായം | 96 | സന്യാസിയുടെ മഹത്വം, ധർമ്മം, ആചാരം, ആത്മീയ-ഭൗതീക ജീവിതചര്യകൾ. |
| അദ്ധ്യായം | 97 | വാസുദേവ ധാന മഹത്വം |
| അദ്ധ്യായം | 98 | ഉപദേശം സ്വീകരിച്ച ഭൂമിദേവി വരാഹമൂർത്തിയുടെ രൂപത്തിലുള്ള മഹാവിഷ്ണുവിനെ സ്തുതിക്കുന്നു. |
| അദ്ധ്യായം | 99 | ഭൂമിദേവി മഹാലക്ഷ്മിയെ സ്തുതിക്കുന്നു. |
| അദ്ധ്യായം | 100 | ഈ വിഷ്ണുസ്മൃതി വിഷ്ണുധർമ്മശാസ്ത്രം പഠിക്കുന്നതിന്റെ ഫലം |

വിഷ്ണുസ്മൃതി ഇവിടെ പര്യവസാനിക്കുന്നു.



Scanned with CamScanner

## ഭാഗം – 1

# ധർമ്മശാസ്ത്രപഠനം ഇവിടെ ആരംഭിക്കുന്നു

**നളന്ദയിലെ വിദ്യാരംഭം**

ഇന്ന് ഗുരുപൂർണിമ ദിനം. നളന്ദ വിശ്വവിദ്യാലത്തിന്റെ പ്രവേശന കവാടം കൊടിതോരണങ്ങളാൽ അലംകൃതമാണ്. ഭാരതത്തിലെ വിവിധക്ഷേത്രങ്ങളിൽ നിന്ന് വന്ന വിദ്യാർത്ഥികൾ, അവരുടെ പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ച് പ്രവേശിച്ചുകൊണ്ടേയിരിക്കുന്നു. പരശുരാമക്ഷേത്രം, രാമക്ഷേത്രം, ഭാസ്കരക്ഷേത്രം, ശ്രീനിവാസക്ഷേത്രം, ജഗന്നാഥക്ഷേത്രം, സൗരാഷ്ട്രം, അംഗം, വംഗം, കലിംഗം, കേകയം, കോസലം, പാടലീപുത്രം, മാഗധം തുടങ്ങിയ ദേശങ്ങളിൽ നിന്നും ഭാരതത്തിനുപുറത്ത് ഗാന്ധാരം, വൈഡ്യൂര്യദേശം, യവനദേശം, റോമകം, നേപ്പാളം, ചീനദേശം, കാംബോജം, സിംഹപുരം, ബ്രഹ്മദേശം, മൗര്യദേശം, ലങ്ക എന്നിവടങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും പ്രവേശിച്ചുകൊണ്ടേയിരിക്കുന്നു.

വിവിധവിഷയങ്ങൾ പഠിപ്പിക്കുന്ന എഴുന്നൂറോളം ആചാര്യന്മാരും അവരുടെ വിഷയാദ്ധ്യക്ഷന്മാരും വലിയവടവൃക്ഷത്തിന്റെ തണലിലേക്ക് നടന്നുപോകുന്നു. വിദ്യാർത്ഥികൾ അവരവരുടെ ദേശവും ഭാഷയും അനുസരിച്ച് സുഹൃത്തുക്കളുമായി സംഭാഷണം നടത്തി ആഹ്ലാദത്തോടെ പ്രഭാഷണവേദിയായ വടവൃക്ഷചുവട്ടിലെമൈതാനത്തിൽ അച്ചടക്കത്തോടെ സ്വസ്ഥാനത്തിലിരിക്കാനാംരംഭിക്കുന്നു.

മൈതാനിക്കു ചുറ്റും വിവിധ ദേശങ്ങളുടേയും സംസ്കാരങ്ങളുടേയും ധ്വജങ്ങളും ദേശചിഹ്നങ്ങളുമുണ്ട്. പരദേശവിദ്യാർത്ഥികളുടെ ഉത്തരീയത്തിലും ദേശധ്വജത്തിന്റെയും ദേശചിഹ്നത്തിന്റെയും മുദ്രകൾ കാണാം. മൈതാനത്തിന്റെ ഈശാനകോണിൽ ഗായകർ ദേവവാദ്യങ്ങൾ ശാന്തമായി മുഴക്കുന്നു. ഉത്സവത്തിന്റെ പ്രതീതിയുളവാക്കുന്ന അതിവിസ്തൃതമായ നളന്ദസർവ്വകലാശാലയുടെ മൈതാനത്തിന്റെ കിഴക്കുവശത്ത് ഉയരത്തിലുള്ള പന്തലിൽ പ്രഗത്ഭർക്കായി ആസനങ്ങൾ നിരത്തിയിട്ടുണ്ട്. അവയ്ക്കുമുന്നിൽ മൺകലത്തിൽ സുഗന്ധ പുഷ്പങ്ങളും നിറച്ചിട്ടുണ്ട്. ദീപാലംകൃതമായ വേദിയിൽ, അഷ്ടഗന്ധം പുകയുന്നസുഗന്ധം മൈതാനിയിൽ വ്യാപിക്കുന്നു. സമയം, ഉദയാൽപരം പത്താം നാഴികകഴിയുന്നതായി സൂര്യഘടികാരത്തിൽ കാണാം.

**പരമധർമ്മാചാര്യൻ (ചാൻസിലർ)** വരുന്നതായി പ്രഖ്യാപനമുണ്ടാകുന്നു. രണ്ടുവെളുത്ത അലംകൃതകുതിരകളോടുകൂടിയ (സ്വർണവർണത്തോടുകൂടിയ രഥത്തിൽ എല്ലാ ഔദ്യോഗികചിഹ്നങ്ങളും വസ്ത്ര



Scanned with CamScanner

ങ്ങളുമണിഞ്ഞ് പരമധർമ്മാചാര്യൻ എഴുന്നള്ളുന്നകാഴ്ച അകലെനിന്ന് ഞാൻ കണ്ടു. കുതിരകളെ തെളിക്കുന്ന സാരഥിപോലും തിളങ്ങുന്ന തായി എനിക്കു തോന്നി. തുടർന്നുകൊണ്ടിരിക്കുന്നപ്രഖ്യാപനം ഞാൻ ശ്രദ്ധിച്ചു.

"വിശ്വപ്രസിദ്ധമായ ഈ നളന്ദവിശ്വവിദ്യാലയത്തിന്റെ പരമധർമ്മാചാര്യൻ, ആചാരവസ്ത്രങ്ങളണിഞ്ഞ് എഴുന്നള്ളുന്നു. വേദഭൂമിയായ ഭാരതത്തിന്റെസന്ദേശങ്ങൾ പഠിക്കുവാനായി ഈ പുണ്യഭൂമിയിൽ വന്നിട്ടുള്ള ദേശവിദേശവിദ്യാർത്ഥികളെ അഭിസംബോധനചെയ്യുവാനായി പാടലീപുത്രത്തിന്റെപവിത്രമണ്ണിൽ ഭാരതീയആചാര്യന്മാർ സ്ഥാപിച്ചു വളർത്തിയ നളന്ദാവിശ്വവിദ്യാലയത്തിന്റെ മൈതാനിയിലേയ്ക്കെഴുന്നള്ളുന്നു." അത്ഭുതത്തോടെയും ആത്മാഭിമാനത്തോടെയും മൈതാനിയിലെ വിദ്യാർത്ഥികൾ എഴുന്നേറ്റു നിന്ന് കൈകൂപ്പുന്ന കാഴ്ചകണ്ട് ഞങ്ങൾ സന്തോഷത്തോടെ പ്രഖ്യാപനം വീണ്ടും ശ്രദ്ധിച്ചു.

"പരമധർമ്മാചാര്യന്റെ കൂടെ രഥത്തിൽ സർവ്വശ്രേഷ്ഠനായ രാജപ്രതിനിധിയും എഴുന്നള്ളുന്നുണ്ട്. വിദേശാക്രമിയായ അലക്സാണ്ടറെ തോൽപ്പിച്ച്, ഭാരതത്തിന്റെ ചൈതന്യത്തെ ലോകമെമ്പാടുമെത്തിച്ച് കർമ്മമേ ധർമ്മം എന്നുപ്രചരിപ്പിച്ച ചാണക്യാചാര്യന്റെ തേജസ്സേറ്റു കൊണ്ട് ഭാരതത്തിൽ ധർമ്മം പുനസ്ഥാപിച്ച വിക്രമാദിത്യചന്ദ്രഗുപ്തന്റെ പ്രതിനിധിയും ഈയവസരത്തിൽ പരമധർമ്മാചാര്യന്റെകൂടെ നിങ്ങളെ അഭിസംബോധനചെയ്യുന്നുണ്ടാകും. ത്രിമൂർത്തികളുടേയും, മഹർഷിമാരുടേയും, അവതാരങ്ങളുടേയും, ആചാര്യന്മാരുടെയും, നമ്മുടെ പിതൃപിതാമഹന്മാരുടേയും, ത്രിശക്തികളുടേയും നാമധേയത്തിലും നളന്ദയിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും നാമധേയത്തിലും അവർക്കെല്ലാം ഞാനീയവസരത്തിൽ സ്വാഗതമരുളുന്നു."

ദേശകാലങ്ങൾ മറന്നുനിന്ന് ഞാൻ അവിടത്തെ കാഴ്ച കണ്ടുകൊണ്ടും ഈ വരികൾ ശ്രദ്ധിച്ചുകൊണ്ടുമിരുന്നു. കരഘോഷശബ്ദം കുരുക്ഷേത്രഭൂമിയിലെ ശ്രീകൃഷ്ണന്റെ പാഞ്ചജന്യകാഹളത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു. കലിവർഷം (കലിവർഷാരംഭം ബി.സി.3102) ആരംഭിച്ച് 2802 (ബി.സി. 300) വർഷം കഴിയുന്ന ഈ ഘട്ടത്തിൽ നളന്ദയിൽ വന്ന് ഈ കാഴ്ചകാണുവാൻ സാധിച്ച ഞാനെത്ര ധന്യനാണെന്ന് നിറഞ്ഞ കണ്ണുകളോടെ, ത്രസിക്കുന്ന ഹൃദയത്തോടെ ചിന്തിച്ചു. ഈ ദിവസത്തെ കാഴ്ച കാണാനും സന്ദേശങ്ങൾ കേൾക്കുവാനുമായി ക്ഷണിക്കപ്പെട്ടവരിലൊരുവനായിരിക്കുവാൻ ഭാഗ്യം ലഭിച്ച ഞാൻ സ്വാഗതകാഴ്ചകൾ കണ്ടുകൊണ്ടേയിരുന്നു.

വീണ്ടും പ്രഖ്യാപനമുണ്ടാകുന്നത് ഞാൻ ശ്രദ്ധിച്ചു. "പരമധർമ്മാചാ



Scanned with CamScanner

ര്യനെ അനുഗമിച്ച് രണ്ടാം രഥത്തിൽ ചിഹ്നാംഗിതമായ പ്രൗഢിയോടെ ധർമ്മാചാര്യൻ (വൈസ് ചാൻസിലർ) എഴുന്നള്ളുന്നു. അദ്ദേഹത്തിനും സുസ്വാഗതമരുളുന്നു." പ്രഖ്യാപനം തുടരുന്നു. "മൂന്നാം രഥത്തിൽ ധർമ്മാധ്യക്ഷൻ (രജിസ്ട്രാർ) ഈ സമ്മേളനത്തിന് മാർഗദർശിയായി എഴുന്നള്ളുന്നു. ധർമ്മാധ്യക്ഷനും സുസ്വാഗതമരുളുന്നു."

ഈശാനകോണിൽ നടക്കുന്ന സംഗീതാലാപനത്തിന്റെ താളം മാറി ഔദ്യോഗിക രീതിയിലേയ്ക്ക് ആലാപനം കടക്കുന്നത് ഞാൻ ശ്രദ്ധിച്ചു. എല്ലാവിദ്യാർത്ഥികളും എഴുന്നേറ്റ് നിൽക്കേതന്നെ രാജപ്രതിനിധിയുടെ കൂടെ പരമധർമ്മാചാര്യൻ ഉയരത്തിൽ പടുത്തുയർത്തിയ ആസനത്തിലേക്ക് ആചാരപൂർവ്വം കാൽവച്ചുകയറുന്നത് കരഘോഷത്തോടെ സദസ്സും, വിദ്യാർത്ഥികളും കണ്ടുനിന്നു. പരമധർമ്മാചാര്യനും രാജപ്രതിനിധിയും തൊഴുതുകൊണ്ട് സദസ്സിനെ വന്ദിച്ച്, വിദ്യാദേവതയുടേയും വേദവ്യാസന്റെയും ചിത്രങ്ങൾക്കു മുമ്പിൽ വച്ചിരിക്കുന്നദീപം ജ്വലിപ്പിക്കുന്ന വേളയിൽ ചൊല്ലിയമന്ത്രം കേട്ടു.

**ജ്യോതിശുക്ലശ്ച തേജശ്ച ദേവാനാം സതതം പ്രിയ**

**പ്രഭാകരോ മഹാതേജോ ദീപോ/യം പ്രതിഗ്രഹ്യതാം**

ഈ മന്ത്രത്തിന്റെ അർത്ഥവും തദവസരത്തിൽ പ്രാർത്ഥനാരൂപത്തിൽ പറയുന്നുണ്ടായിരുന്നു. ചൈതന്യവത്തായ തേജസ്സുള്ളപ്രകാശം ദേവന്മാർക്കും ജ്യോതിർഗോളങ്ങൾക്കും നൽകുന്ന മഹാതേജസ്സോടുകൂടിയപ്രഭാകരാ ഈ ദീപജ്വാല അവിടുന്നു സ്വീകരിച്ചാലും.

ചിത്രങ്ങൾക്കുമുന്നിൽ വച്ചിരിക്കുന്ന പുഷ്പങ്ങൾ വ്യാസഭഗവാനും സരസ്വതീദേവിക്കും അർപ്പിച്ച് പരമധർമ്മാചാര്യനും രാജപ്രതിനിധിയും ഇരിപ്പിടത്തിലേക്ക് നീങ്ങുമ്പോൾ വിദ്യാർത്ഥികളും, അദ്ധ്യാപകരും, രക്ഷാകർത്താക്കളും, ക്ഷണിതാക്കളും, സംഗീതാലാപകരും കാർമ്മീകരും കൈകൂപ്പിനിന്നു. ദീപം കൊളുത്തുന്നദൃശ്യം ചിത്രങ്ങളാക്കുവാൻ ചിത്രകാരന്മാർ തൂവലും മഷിയുമായി പീഠത്തിനകലത്തിലല്ലാതെ സ്ഥാനമുറപ്പിച്ചിരുന്നു.

സമ്മേളനം ഉദയാൽപരം കൃത്യം 11 നാഴികകഴിഞ്ഞപ്പോൾ തുടങ്ങി. ഈ സമയത്ത് ആയിരത്തിലധികം വരുന്ന ശ്രോതാക്കൾ അക്ഷരാർത്ഥത്തിൽ നിശ്ശബ്ദരാണ്. എല്ലാവരുടേയും ദൃഷ്ടി കിഴക്കുഭാഗത്തുള്ള ഉയർന്നപീഠങ്ങളിലിരിക്കുന്നവരിലാണ്.

**വിദ്യാരംഭത്തിന്റെ സ്വാഗത പ്രഭാഷണം**

പ്രഖ്യാപനം നടത്താനായി ധർമ്മാധ്യക്ഷൻ (രജിസ്ട്രാർ) എഴുന്നേറ്റുനിന്നു. അദ്ദേഹം പറയുന്നത് ഞങ്ങൾ ശ്രവിച്ചു.



Scanned with CamScanner

"ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു ഗുരുർദേവോ മഹേശ്വരഃ
ഗുരുസാക്ഷാത് പരം ബ്രഹ്മ തസ്മൈ ശ്രീ ഗുരവേ നമഃ

സൃഷ്ടിസ്ഥിതിസംഹാരത്തിന്റെ മൂർത്തികളാണ് ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ. ഈ ജഗത്തിലുള്ളതുസർവ്വതും സൃഷ്ടിക്കപ്പെടുന്നതും, നിലനിർത്തുന്നതും, അന്ത്യത്തിൽ ഇല്ലാതാക്കുന്നതും ത്രിമൂർത്തികളാണ്. എന്നാൽ ജ്ഞാനം സൃഷ്ടിക്കുന്നതും തലമുറകളിലേയ്ക്ക് പകർന്നുകൊടുത്ത് നിലനിർത്തുന്നതും പുതിയജ്ഞാനം വരുമ്പോൾ പഴയതില്ലാതാക്കുന്നതും ഗുരുക്കന്മാരാണ്. എല്ലാജ്ഞാനവും ഉദയം ചെയ്ത ഈ പവിത്രഭാരതഭൂമിയിൽ, എല്ലാ ജ്ഞാനവും ക്രോഡീകരിച്ച വ്യാസഭഗവാന്റെ ജന്മദിനം വ്യാസപൂർണിമയായും ഗുരുപൂർണിമയായും ആചരിക്കുന്നു. ഇന്ന്, ഈ വിശ്വവിദ്യാലയത്തിലെ വിദ്യാർത്ഥികളേയും ആചാര്യന്മാരേയും അഭിസംബോധനചെയ്യുക എന്നത് കഴിഞ്ഞ നാന്നൂറ് സംവത്സരങ്ങളായി പതിവുള്ളതാണ്. കലിവർഷം 2802-ാംമാണ്ടിൽ (ബി.സി. 300) ഈ ധാർമ്മികസന്ദേശങ്ങൾ നൽകുന്നവേദിയിൽ സന്നിഹിതരായിരിക്കുന്നത് പരമധർമ്മാചാര്യനും, രാജപ്രതിനിധിയും ധർമ്മാചാര്യനുമാണ്. പരമധർമ്മാചാര്യനോടൊപ്പം രാജപുരോഹിതനും രാജഗുരുവും ഉപസ്ഥിതരാണ്. അവരെ ഞാൻ ഈ കർമ്മത്തിനായി വേദിയിലേയ്ക്ക് എല്ലാവരുടേയും നാമധേയത്തിൽ സ്വാഗതം ചെയ്യുന്നു. ഇന്നത്തെ സുദിനം ഈ സന്ദേശശ്രവണത്തിലൂടെ ധന്യമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് രാജപ്രതിനിധിയെ രാജസന്ദേശമർപ്പിക്കാനായി ക്ഷണിച്ചുകൊള്ളുന്നു."

ധർമ്മാദ്ധ്യക്ഷൻ, സദസ്സിനെയും പരമധർമ്മാചാര്യനേയും അദ്ദേഹത്തിന്റെ കൂടെ ഉപസ്ഥിതരായവരേയും തലകുനിച്ച് വന്ദിച്ചുകൊണ്ട് സ്വസ്ഥാനത്ത് ഉപവിഷ്ടനായി. രാജപ്രതിനിധി വേദിയുടെ മുന്നിലേയ്ക്ക് വരുമ്പോൾ ഔദ്യോഗിക രാഷ്ട്രഗാനാലാപനം നടന്നു. സദസ്യർ പ്രണാമത്തോടെ ആദരവ് പ്രകടിപ്പിച്ചു. വീരശൂര പരാക്രമം തുളുമ്പുന്ന മുഖഭാവത്തോടെ രാജപ്രതിനിധി തന്റെ സന്ദേശം ഗാംഭീര്യമുള്ള ശബ്ദത്തോടെ നൽകി.

**രാജപ്രതിനിധിയുടെ സന്ദേശം**

"രാജപുരോഹിതനും, രാജഗുരുവിനും, പരമധർമ്മാചാര്യനും ധർമ്മാചാര്യനും, ധർമ്മാധ്യക്ഷനും ദേശവിദേശങ്ങളിൽ നിന്നുവന്ന വിദ്യാർത്ഥികൾക്കും അവർക്കുജ്ഞാനം പകരുന്ന കർമ്മം, സത്യം-ധർമ്മം-നീതി-ന്യായത്തോടെ അനുഷ്ഠിക്കുവാൻ ദൃഢപ്രതിജ്ഞയെടുത്ത ആചാര്യന്മാർക്കും ഈ വിശ്വപ്രസിദ്ധവിശ്വവിദ്യാലത്തിലെ കാർമ്മികർക്കും മറ്റെല്ലാവർക്കും വിക്രമാദിത്യചന്ദ്രഗുപ്തന്റേയും, അദ്ദേ



Scanned with CamScanner

ഹത്തിന്റെ ഗുരുവും മാർഗദർശിയുമായ ചാണക്യന്റേയും നാമധേയത്തിൽ ഞാൻ പ്രണമിച്ച് അഭിനന്ദനങ്ങളും അനുമോദനങ്ങളും പ്രാർത്ഥനയുമർപ്പിക്കുന്നു. വിക്രമാദിത്യ ചന്ദ്രഗുപ്തനും, ചാണക്യനും ഈ ദിനത്തിൽ ആശംസകളർപ്പിക്കുന്നതായി ഞാൻ നിങ്ങളെ അറിയിക്കുന്നു...! ഈ വിശ്വവിദ്യാലത്തിലെ വിദ്യാർത്ഥികൾ ഈ ദേശത്തിന്റെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കട്ടെയെന്നും രാജപ്രതിനിധി എന്ന നിലയിൽ ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു. വന്ദേ ഭാരതമാതരം.... !"

"ഇനി പരമധർമ്മാചാര്യന്റെ സന്ദേശമാണ്. ഈ വിശ്വവിദ്യാലയത്തിലെ മുപ്പത്തിഒന്നാം പരമധർമ്മാചര്യനാണദ്ദേഹം. വിക്രമാദിത്യചന്ദ്രഗുപ്തന്റെ ഗുരുവും മന്ത്രിയുമായ ചാണക്യന്റെശിഷ്യനും തക്ഷശിലയിൽ നിന്ന് വാചസ്പതിബിരുദം നേടിയവനുമായ പരമധർമ്മാചാര്യൻ, സ്വന്തം ജീവിതംതന്നെ ഭാരതത്തിനുവേണ്ടി ഉഴിഞ്ഞു വച്ച പ്രതിഭാശാലിയാണ്. ആചാര്യപരമ്പരകളെ സാക്ഷിനിർത്തി സദസ്സിന്റെയും പിതൃപിതാമഹന്മാരുടേയും നാമധേയത്തിൽ വിനയപുരസ്സരം അദ്ദേഹത്തിനെ സന്ദേശം നൽകുന്നതിനായി ക്ഷണിക്കുന്നു."

**പരമധർമ്മാചാര്യൻ നൽകിയ സന്ദേശം**

നിമിഷങ്ങൾനീണ്ടുനിന്ന കരഘോഷം മൈതാനമാകെ മാറ്റൊലി കൊള്ളുന്നുണ്ടായിരുന്നു. ഔദ്യോഗിക വേഷഭൂഷാദികളോടെ എഴുന്നേറ്റ് രാജഗുരുവിനേയും, രാജപുരോഹിതനേയും, രാജപ്രതിനിധിയേയും വേദിയിലുള്ള മറ്റ് പ്രഗത്ഭരേയും വന്ദിച്ച് സദസിനെ തലകുനിച്ചാദരിച്ച്, പരമധർമ്മാചാര്യൻ ഘനഗംഭീരശബ്ദത്തിൽ സന്ദേശം നൽകി. "എന്റെ എല്ലാ സഹപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും വേദിയിലെ പ്രഗത്ഭർക്കും പ്രശസ്തർക്കും എന്റെ പ്രണാമം. ജ്ഞാനവിജ്ഞാനങ്ങളുടെ മൂർത്തിമദ്ഭാവമായ സരസ്വതീദേവിയെ ഞാൻ പ്രണമിക്കുന്നു.

**സരസ്വതി നമസ്തുഭ്യം വരദേ ജ്ഞാനരൂപിണീ**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ**

**എല്ലാ ഗുരുക്കന്മാരുടേയും പരമഗുരുവായ മഹർഷി വേദവ്യാസനെയും ഞാനീയവസരത്തിൽ പ്രണമിക്കുന്നു.**

**സ്വസ്തി ശ്രദ്ധാം മേധാം യശ പ്രജ്ഞാം വിദ്യാം ബുദ്ധിം ശ്രിയം ബലം ആയുഷ്യം തേജ ആരോഗ്യം ദേഹിമേ വ്യാസദേവാ....**

ഈ സഭക്ക് എന്റെ പ്രണാമം

**"ഭാരതത്തിൽ വേദങ്ങൾ രചിക്കപ്പെട്ടു. മാനവരാശിക്ക് എക്കാലവും ജീവിതത്തിൽ പകർത്താവുന്ന സന്ദേശങ്ങളാണിതിലുള്ളതെന്നതുകൊ**



Scanned with CamScanner

ണ്ടുതന്നെ അത് അനാദിയും അപൗരുഷേയവുമായി ഇന്നും എന്നും നിലനിൽക്കുന്നു. ആ വേദങ്ങൾ ജ്ഞാനകാണ്ഡങ്ങളായി ലോകമെമ്പാടും പ്രചരിപ്പിക്കേണ്ട ദൗത്യം നിങ്ങളുടേതാണ്. അതേ വേദമന്ത്രങ്ങൾ വ്യക്തിയുടേയും, സമൂഹത്തിന്റെയും, പ്രകൃതിയുടേയും നന്മക്കായി കർമ്മമാർഗങ്ങളിലൂടെ ആദ്ധ്യാത്മീകം, ആദിഭൗതീകം അധിദൈവതം എന്നീ മൂന്നുപന്ഥാവുകളിലൂടെ യാഗയജ്ഞങ്ങളടങ്ങിയ കർമ്മകാണ്ഡങ്ങളാക്കി ബ്രാഹ്മണഗ്രന്ഥങ്ങളിൽ വിവരിച്ചത് കർമ്മങ്ങൾക്കായിട്ടായിരുന്നു. കർമ്മമാർഗ്ഗത്തിന്റെയന്ത്യത്തിൽ ജീവിതത്തെ തത്വശാസ്ത്രപരമായവീക്ഷണത്തിലൂടെ കാണുവാൻവേണ്ടി, എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമായവിധത്തിൽ ഉപനിഷദ്ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു.

വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ ഇവയ്ക്കെല്ലാം ആധികാരികങ്ങളായ ആയിരക്കണക്കിന് ഗ്രന്ഥങ്ങളുണ്ട്. ഋഗ്വേദത്തിനു ഇരുപത്തിയഞ്ചുശാഖകളും, യജുർവേദത്തിന് നൂറ്റിയെട്ടുശാഖകളും സാമവേദത്തിന് ആയിരത്തിൽപരം ശാഖകളും, അഥർവവേദത്തിന് അമ്പതുശാഖകളുമുണ്ട്. ഇത്രയും ശാഖോപശാഖകളുണ്ടായത്, ഋഷിവര്യന്മാർ ശിഷ്യർക്ക് പഠിപ്പിച്ചതിനെ, ശിഷ്യന്മാർ വീണ്ടും പുഷ്ടിപ്പെടുത്തി പുതിയ പുതിയ ശാഖകൾ രചിച്ച് ലോകത്തിനു സമർപ്പിച്ചതുകൊണ്ടാണ്. ഇക്കാരണം കൊണ്ടുതന്നെയാണ് പതിനെട്ടുബ്രാഹ്മണങ്ങളും പതിനൊന്ന് ആരണ്യകങ്ങളും നൂറ്റിയെട്ട് ഉപനിഷത്തുക്കളും ആധികാരികഗ്രന്ഥങ്ങളായി ഇന്നും നിലനിൽക്കുന്നത്. ഇതേ കാരണത്താലാണ് വേദാംഗങ്ങളായ ശിക്ഷാ-നിരുക്തം - ഛന്ദഃശാസ്ത്രം-വ്യാകരണം-കൽപശാസ്ത്രം-ജ്യോതിഷം ഇവയ്ക്കും പതിനെട്ട് ആധികാരികഗ്രന്ഥങ്ങൾ വീതമുണ്ടായത്. ഒരു പുരാണത്തിൽ എല്ലാ സന്ദേശങ്ങളുമെഴുതി അവസാനിപ്പിക്കാതെ പതിനെട്ടു പുരാണങ്ങളും പതിനെട്ട് ഉപപുരാണങ്ങളും നമ്മുടെ ആചാര്യന്മാരെഴുതാനും കാരണമിതുതന്നെ. ജീവിതഗന്ധിയായ അനുഭവങ്ങൾ ചേർത്ത് രണ്ട് ഇതിഹാസങ്ങളുമവരെഴുതി. കൂടാതെ ആറ് ആസ്തിക ദർശനങ്ങളും പിന്നെ നാസ്തിക ദർശനങ്ങളും അവയുടെയെല്ലാം ആയിരക്കണക്കിന് വ്യാഖ്യാന-ഉപാഖ്യാനഗ്രന്ഥങ്ങളും രചിക്കപ്പെട്ടു. ഈ ഗ്രന്ഥങ്ങളൊന്നും ദൈവസൃഷ്ടികളല്ല. ഇവയൊന്നും ഈശ്വരനെഴുതിയതല്ല. ഇവയെല്ലാം എഴുതി ലോകത്തിനു സമർപ്പിച്ചത് നമ്മളെപ്പോലുള്ള മനുഷ്യരാണ്. അവർ ജനിച്ചത് ഈ ഭൂമിയിൽതന്നെ. അവരാരും പൂർണ്ണമായും പഠിച്ചുവന്നവരല്ല. ഈശ്വരാനുഗ്രഹത്തോടെ ഇവിടെ ജന്മംകൊണ്ടു പഠിച്ചുവളർന്നവരായിരുന്നു. അവർ ജീവിത



Scanned with CamScanner

ത്തിൽ പകർത്തിയസന്ദേശം ഈയവസരത്തിൽ നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു.....!

**ആചാര്യാത് പാദമാദത്തെ പാദം ശിഷ്യസ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണ ച.**

ആചാര്യനിൽ നിന്ന് കാൽഭാഗം അറിവ് നമ്മുടെ പൂർവ്വീകർ സ്വീകരിച്ചു. കാൽഭാഗം അവർ സ്വയം ചിന്തിച്ചും, വിശകലനം ചെയ്തുമുണ്ടാക്കി. മറ്റുള്ളവരുമായി ചർച്ചചെയ്തും ചുറ്റുപാടുകളിൽ നിന്നും മൂന്നാമത്തെ കാൽഭാഗമുണ്ടാക്കി. അവസാനത്തെ കാൽഭാഗം അറിവ് ജീവിതത്തിൽ മുന്നോട്ടുള്ളപ്രയാണത്തിലവർ സ്വീകരിച്ചു. ഇതെല്ലാം ചേർത്ത് നൂതനഗ്രന്ഥങ്ങളുമവരെഴുതി. ഉള്ള ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനങ്ങളും ഉപാഖ്യാനങ്ങളുമവരെഴുതി. പുതിയ വിഷയങ്ങളിലിവർ സിദ്ധരായി. അതെല്ലാമവർ പുതിയ ലോകത്തിനു സമർപ്പിച്ചു....!

ലോകത്തിലെ എല്ലാ അറിവും ഒരു ഗ്രന്ഥത്തിന് നൽകാൻ സാധ്യമല്ല. ലോകത്തിലെ ഏല്ലാ അറിവും ഒരു ആചാര്യന് നൽകാൻ സാധ്യമല്ല. ലോകത്തിലെ എല്ലാ അറിവും ഒരു പ്രത്യേകകാലഘട്ടത്തിൽ എഴുതിത്തീർക്കാൻ സാദ്ധ്യമല്ല. മാനവരാശിക്ക് ആവശ്യമായത് ഒരു വിഷയത്തിലെ അറിവല്ല. അതുകൊണ്ട് നളന്ദവിശ്വവിദ്യാലയത്തിൽ എന്റെ മുന്നിലിരിക്കുന്ന എന്റെ വിദ്യാർത്ഥികളോടെനിക്ക് പറയുവാനുള്ളത് ഇതാണ്: ആയിരക്കണക്കിന് ആചാര്യന്മാരാണ് ഭാരതത്തിലുള്ളത്. ആ ആചാര്യന്മാരുടെ സ്ഥാനത്തേയ്ക്കുയരണം നിങ്ങൾ. ആയിരക്കണക്കിന് ആധികാരികഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും ഉപാഖ്യാനങ്ങളുമുള്ള ഭാരതത്തിൽ, നിങ്ങൾ ഓരോരുത്തരും ഈ ജന്മത്തിൽ ഒരു ഉജ്ജ്വല ഗ്രന്ഥമെങ്കിലും വരുംതലമുറകൾക്കായി രചിച്ച് സമർപ്പിക്കണം. ആയിരക്കണക്കിന് വിഷയങ്ങൾ മാനവരാശിക്ക് സമർപ്പിച്ച ഈ ദേശത്ത് ഒരു നൂതന ജ്ഞാനവിജ്ഞാന ശാഖയെങ്കിലും നിങ്ങളുടെ വിവരണങ്ങളിലൂടെ ജനിക്കണം. ആയിരക്കണക്കിനുവർഷങ്ങളുടെ ജ്ഞാനവിജ്ഞാനസമ്പത്ത് ഈ വിശ്വവിദ്യാലയത്തിൽനിന്ന് നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും. അതിന്റെ അടിത്തറയിൽനിന്നുകൊണ്ട് അതിന് തങ്ങളാലായത് വിമർശനബുദ്ധ്യാ വിശകലനം ചെയ്ത്, ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ എഴുതണം. നൂതനങ്ങളായ ജ്ഞാനവിജ്ഞാനശാഖകൾക്ക് ജന്മം നൽകാൻ ഇവിടത്തെ വിദ്യാർത്ഥികളായിരുന്നവർക്ക് സാധിച്ചിട്ടുണ്ട്. പിന്നീട് പരമാചാര്യന്മാരായ പലർക്കും സാധിച്ചതുപോലെ നിങ്ങൾക്കുമിതു സാധിക്കണം. എന്റെ ഗുരുവായ പരമപൂജനീയ ചാണക്യന് ചാണക്യനീതിസാരം എന്ന അതിലളിതമായ ജീവിതസന്ദേശഗ്രന്ഥമെഴുതാൻ സാധിച്ചു. ലോക



Scanned with CamScanner

ത്തിലിന്നേവരെയുണ്ടായിട്ടുള്ള ഒരാചാര്യനും സാധിക്കാത്ത അതിഗഹനമായ ചാണക്യ അർത്ഥശാസ്ത്രഗ്രന്ഥവും രചിക്കാൻ സാധിച്ചു. ഓരോ അക്ഷരവും പദവും വരിയും സന്ദേശവും അളന്നുതൂക്കി സ്വാനുഭവത്തിന്റെ വെളിച്ചത്തിലെന്നപോലെ മസ്തിഷ്കമാകുന്ന ഗവേഷണശാലയിൽ ചിന്തകളാകുന്നഗവേഷണം നടത്തി, രചനകളാകുന്നൂ ഗവേഷണഫലങ്ങൾ ഇനിയൊരായിരം തലമുറകൾക്കുകൂടിവേണ്ടി അദ്ദേഹം സമർപ്പിച്ചു. അദ്ദേഹം അറിവിന്റെ ഭണ്ഡാരം ലോകത്തിന്റെ മുമ്പിൽ സമർപ്പിച്ചതിനുശേഷം സന്യാസത്തിനുപോയില്ല. വാനപ്രസ്ഥവും സ്വീകരിച്ചില്ല. മറിച്ച്, ലോകം ബഹുമാനിക്കുന്ന ഒരു രാഷ്ട്രത്തെ പടുത്തുയർത്തി. ധർമ്മബോധമുള്ളവരെ സംഘടിപ്പിച്ചു. അദ്ദേഹം എല്ലാവരേയും ഭീഷ്മപിതാമഹന്റെ വരികളോർമ്മപ്പെടുത്തി. **ധർമ്മോ രക്ഷതി രക്ഷിതഃ ധർമ്മമേവ ഹതോ ഹന്തി** - ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മം രക്ഷിക്കും. ധർമ്മത്തെ നശിപ്പിക്കുന്നവനെ ധർമ്മം തന്നെ നശിപ്പിക്കും എന്ന്.

ഭാരതരാഷ്ട്രം ലോകത്തിന്റെ ആത്മീയ തലസ്ഥാനമാണ്. അത് ഛിന്നഭിന്നമായിപോകരുത്. അതായിരുന്നു തക്ഷശിലയിൽ ഞങ്ങളെ പഠിപ്പിച്ച ചാണക്യൻ ആഹ്വാനം ചെയ്തത്. അദ്ധ്യാപകർ രാഷ്ട്രത്തിന്റെ നന്മയ്ക്കായി അരയും തലയും മുറുക്കിയിറങ്ങണമെന്നാഹ്വാനം നൽകി. അത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എപ്രകാരം സാധിക്കുമെന്ന് തെളിയിച്ചുകാണിച്ചുകൊടുത്ത്, ഈ രാഷ്ട്രത്തെ സാംസ്കാരികമായി ഒറ്റ ഭാരതരാഷ്ട്രമാക്കി. അതെന്റെ ഗുരു ചെയ്തത് ഞാൻ നിങ്ങളെയോർമ്മിപ്പിക്കുന്നു.

നിങ്ങളിൽ ചിലർക്കെങ്കിലും അറിയാം ഏതാനും സംവത്സരങ്ങൾക്കു മുമ്പ് സ്വന്തം അമ്മ മരണത്തുനു മുമ്പ് ഗംഗാതീർത്ഥം സേവിക്കാനായി വേണമെന്ന് മകനായ അലക്സാണ്ടറോട് ആവശ്യപ്പെട്ടപ്പോൾ, എന്തിന് ഗംഗാതീർത്ഥം, ഭാരതത്തെതന്നെ അമ്മയുടെ മുന്നിൽ സമർപ്പിക്കാമെന്നുപറഞ്ഞ് പതിനായിരക്കണക്കിന് ജവാന്മാരുമായി ഭാരതത്തെ കീഴടക്കാൻ ശ്രമിച്ച അലക്സാണ്ടർക്ക് മടങ്ങിപ്പോകേണ്ടിവന്നു. രാഷ്ട്രഭക്തി ഇവിടുത്തെ നാട്ടുരാജാക്കന്മാരിലും ജനങ്ങളിലും എന്റെ ഗുരുനാഥൻ ഉണ്ടാക്കിയതുകൊണ്ടാണത് സംഭവിച്ചത്. പാരതന്ത്ര്യത്തിൽപ്പെടാതെ അലക്സാണ്ടർക്കടിയറവു പറയാതെ ആത്മീയതയുടെ ഈ ലോകതലസ്ഥാനം രക്ഷപ്പെട്ടു. വിദേശിയെ ധനവും, സൈന്യവും, മനോവീര്യവും കൊണ്ട് സഹായിച്ച ദേശദ്രോഹികളും ഈ ഭാരതത്തിലുണ്ട്. പക്ഷേ ഈ സംസ്കാരഭൂമിയായ ആര്യാവർത്തത്തിൽ എന്നും ധർമ്മമേ ജയിച്ചിട്ടുള്ളൂ....... !



Scanned with CamScanner

ഇവിടെ എന്റെ മുമ്പിലുള്ള ഭാരതീയ വിദ്യാർത്ഥികളോടെനിക്ക് ഈയവസരത്തിൽ ഉപദേശിക്കുവാനുള്ളത് ഈ ഭൂമി പുണ്യഭൂമിയാണ്. ശ്രീരാമചന്ദ്രന്റെ സന്ദേശം നിങ്ങളുടെ മനസ്സിലുണ്ടാകട്ടെ. **ജനനീ ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസീ.** ഈ രാഷ്ട്രത്തെ മാതൃഭൂമിയും, പിതൃഭൂമിയും, പുണ്യഭൂമിയും, ജ്ഞാനഭൂമിയും, കർമ്മഭൂമിയും, യജ്ഞഭൂമിയുമായി കണക്കാക്കുന്നവരെല്ലാം, അവർ എവിടെ ജനിച്ചവരായാലും വളർന്നവരായാലും ഭാരതീയരാണ്. അവരും ഈ രാഷ്ട്രത്തിന്റെ ഭാഗമായിത്തന്നെ ലോകത്തിലെവിടെയായാലും ജീവിക്കണം.......... ! ഈ വിശ്വവിഖ്യാത സർവ്വകലാശാലയിൽ പഠിച്ച് സ്വന്തം ദേശത്തിലേയ്ക്ക് പോകുന്ന ഗാന്ധാരത്തിലേയും, യവനദേശത്തിലേയും, ബ്രഹ്മദേശത്തിലേയും, കാംബോജം, തുടങ്ങിയ എല്ലാ ദേശങ്ങളിലേയും വിദ്യാർത്ഥികളോട് ഞാൻ ആഹ്വാനം ചെയ്യുന്നു. നിങ്ങൾക്ക് രണ്ട് അമ്മമാരാണുള്ളത്. ഒന്ന് ജന്മം നൽകിയ അമ്മ അത് നിങ്ങളുടെ മാതൃഭൂമിയാണ്. രണ്ട് പോറ്റമ്മ അത് നിങ്ങൾക്ക് ഭാരതമാണ്. ഈ രണ്ട് മാതാക്കളും എന്നും നിങ്ങളുടെ സ്മരണയിലുണ്ടാകണം...... !

ഈ രാഷ്ട്രം ആക്രമിച്ചുകീഴടക്കാൻ വന്ന അലക്സാണ്ടർ ചക്രവർത്തിപോലും പിപ്പലാദമഹർഷിയെക്കണ്ട് വെട്ടിപ്പിടിച്ചതും കെട്ടിപ്പടുത്തതും ഈ ലോകം വിട്ടുപോകുമ്പോൾ കൊണ്ടുപോകില്ലെന്നു മനസ്സിലാക്കിയാണ് തിരിച്ചുപോയത്. ഒരു ആക്രമിക്ക് ഈ ഭൂമിയെ വന്ദിച്ച് തിരിച്ചുപോകാമെങ്കിൽ നിങ്ങളിൽ നിന്ന് ഞാൻ അതിലും വളരെ കൂടുതൽ പ്രതീക്ഷിക്കുന്നു. ഈ രാഷ്ട്രത്തിന്റെ എല്ലാ അറിവുകളും ലോകമെമ്പാടും നിങ്ങളെത്തിക്കണം...! എന്റെ ചിന്തകൾ മാത്രം ശരി, എന്റെ ഗ്രന്ഥം മാത്രം ശരി, എന്റെ വഴിമാത്രം ശരി, എന്റെ ഈശ്വരൻ മാത്രം ശരിയെന്ന് നിങ്ങൾക്കൊരിക്കലും തോന്നരുത്. ശരിയെവിടേയെല്ലാമുണ്ടോ അത് എന്റേയും ജീവിതത്തിൽ പകർത്തണമെന്ന ശരി നിങ്ങൾ ഉൾക്കൊള്ളണം....! അതെല്ലാം വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് മനസ്സിലാക്കാൻ നിങ്ങൾക്കു സാധിക്കണം. നിങ്ങളുടെ മനസ്സിനും ശരീരത്തിനും കുടുംബത്തിനും സമൂഹത്തിനും മാനവരാശിക്കും ശാശ്വതനന്മ വരുത്തുന്ന സന്ദേശങ്ങൾ ജീവിതത്തിൽ പകർത്താൻ ഈ വിശ്വവിദ്യാലയത്തിലെ പഠനത്തിലൂടെ നിങ്ങൾക്കേവർക്കും സാധിക്കട്ടെയെന്ന പ്രാർത്ഥനയോടെ ഈ സന്ദേശം ഞാനവസാനിപ്പിക്കുന്നു. ഭാരതം ജയിക്കട്ടെ മാതാ-പിതാ-ഗുരു ദൈവം എന്ന ചിന്തകൾ മനസ്സിൽ നിറയട്ടെ. **"ലോകാഃ സമസ്തഃ സുഖിനോ ഭവന്തു!"**

ഏറെസമയം നീണ്ടു നിന്ന അർത്ഥഗർഭവും സമ്പുഷ്ടവും സമൃദ്ധവും സമഗ്രവുമായ സന്ദേശങ്ങൾ വിദ്യാർത്ഥികളെ ആഹ്ളാദഭരിതരാ

ക്കിയതുപോലെ കരഘോഷം ഉയർന്നു. എല്ലാവരും എഴുന്നേറ്റു നിന്നു. ധർമ്മാധ്യക്ഷൻ എഴുന്നേറ്റുനിന്ന് അടുത്തപ്രഖ്യാപനം നടത്തി. "ഇനി രാജപുരോഹിതൻ നിങ്ങൾക്ക് ആശംസകളർപ്പിച്ച് സന്ദേശങ്ങൾ നൽകുന്നുണ്ടാകും." ചൈതന്യവത്തായ മുഖഭാവത്തോടെ മധ്യവയസ്കനായ രാജപുരോഹിതൻ സന്ദേശം നൽകി.

**രാജപുരോഹിതന്റെ സന്ദേശം**

"ചന്ദ്രഗുപ്തന്റെ രാജസദസ്സിൽ ആത്മീയകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ ഭാഗ്യം ലഭിച്ച എനിക്ക് നിങ്ങളെ അനുഗ്രഹിക്കുവാനും സന്ദേശം നൽകുവാനും ഭാഗ്യം ലഭിച്ചതിൽ സംതൃപ്തിയുണ്ട്. നിങ്ങൾ ഇവിടെനിന്നും പഠിക്കാൻ പോകുന്ന ഏറ്റവും വലിയ സന്ദേശം സംക്ഷിപ്തമായി പറഞ്ഞാൽ ഇതായിരിക്കും. ശ്രീകൃഷ്ണൻ അർജ്ജുനനോടുപദേശിച്ച വരി ഗീതയിൽ നിന്നെടുത്തു ഞാൻ സമർപ്പിക്കാം.

**ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാധയേത്**
**ആത്മൈവഹ്യാത്മനോ ബന്ധുഃ ആത്മൈവരിപുരാത്മനാ.**

ഇവിടെനിന്നും നിങ്ങൾക്കുലഭിക്കുന്ന താത്വീകജ്ഞാനവും പ്രായോഗികവിജ്ഞാനവും നിങ്ങളേയും നിങ്ങളുമായി ബന്ധപ്പെട്ടവരേയും സമഗ്രമായി ഉദ്ധരിക്കുവാനുപയോഗിക്കണം. ഈ ജ്ഞാനം സമ്പാദിച്ചതിനുശേഷം നിങ്ങളൊരിക്കലും, നിങ്ങളേയും നിങ്ങളുമായി ബന്ധപ്പെട്ടവരേയും അവഹേളിക്കാനോ അപകീർത്തിപ്പെടുത്താനോ തുനിയരുത്. നിങ്ങളുടെ ബന്ധു എന്നുപറയുന്നത് സ്വയം നിങ്ങളും നിങ്ങളുമായി ബന്ധപ്പെട്ടവരുമാണെന്നറിയണം. നിങ്ങളേയും കൂടെയുള്ളവരേയും നിങ്ങളുടെതന്നെ ശത്രുക്കളാക്കി മാറ്റാതിരിക്കാനും ഇവിടെനിന്നുംലഭിക്കുന്ന ജ്ഞാനം ഉപയോഗിക്കണം. നിങ്ങളുടെ മനസ്സിൽ എന്നും നിറഞ്ഞിരിക്കേണ്ട വേദമന്ത്രമാണ്

**അസതോ മാ സത് ഗമയാ തമസോ മാ ജ്യോതിർഗമയാ, മൃത്യോർ മാ അമൃതം ഗമയാ**

ഇതിൽ ഒന്നാമത്തെ വരിയുടെ പ്രായോഗികജ്ഞാനം നൽകേണ്ടത് മാതാപിതാക്കളാണ്. രണ്ടാമത്തെ വരിയുടെ ജ്ഞാനമാകട്ടെ നിങ്ങൾക്കിവിടെയുള്ള അദ്ധ്യാപകർ നൽകുന്നുണ്ടായിരിക്കും. മൂന്നാമത്തെവരിയുടെ സന്ദേശം അന്വർത്ഥമാക്കാൻ ജഗദീശ്വരനേ സാധിക്കൂ. അതുകൊണ്ട് ഈ ലോകത്തിൽ നിങ്ങൾക്ക് മൂന്നു ഗുരുക്കന്മാരുണ്ട്. ഒന്നാമതായി മാതാപിതാക്കൾ, രണ്ടാമതായി ഇവിടത്തെ അദ്ധ്യാപകർ, മൂന്നാമതായി ഈശ്വരൻ. ആ ഗുരുക്കന്മാരെയെല്ലാം വർഷത്തിലൊരിക്കൽ വ്രതനിഷ്ഠയോടെ സമർപ്പണഭാവത്തോടെ സ്മരിക്കുന്ന



Scanned with CamScanner

ഇന്നത്തെ ഈ ഗുരുപൂർണിമ ദിവസത്തിൽ നിങ്ങളോടെനിക്ക് നിർദ്ദേശിക്കുവാനുള്ളത്; നിങ്ങൾ പഠിക്കുന്ന വിഷയമേതായാലും അതു ശാസ്ത്രമാണോ വിജ്ഞാനമാണോ എന്നു പരിശോധിക്കുന്നതിനോടൊപ്പം വിശകലനം ചെയ്യേണ്ടത് ഓരോ ഗ്രന്ഥത്തിലും, ആചാരത്തിലും, വിചാരത്തിലും, വിശ്വാസത്തിലും, സങ്കൽപ്പത്തിലും ഉള്ളത് പ്രയോജനപ്രദമാണോ എന്നുകൂടി പരിശോധിക്കണം. പ്രയോജന പ്രദമല്ലാത്തതിനെ തിരസ്കരിക്കുന്നതിനുമുമ്പ് അതിൽ ചില മാറ്റങ്ങളും തിരുത്തലുകളും വരുത്തി പ്രയോജനപ്രദമാക്കുവാൻ സാധിക്കുമോ എന്നും പരിശോധിക്കണം. എല്ലാത്തിലും നന്മതിന്മകളുണ്ട്. ഒന്നിലും നന്മ മാത്രമായിട്ടുമുണ്ടാകില്ല. തിന്മ മാത്രമായിട്ടുമുണ്ടാകില്ല. അവയുടെ അളവു വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു മാത്രം.

ആചാരങ്ങൾ മൂന്നു വിധത്തിലുണ്ട് സദാചാരങ്ങൾ അനാചാരങ്ങൾ ദുരാചാരങ്ങൾ. ഇവയിൽ സദാചാരങ്ങൾ ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ പഠിച്ച് പഠിപ്പിച്ച് പ്രചരിപ്പിക്കണം. അനാചാരങ്ങൾ പലതും ഇക്കാലഘട്ടത്തിലാവശ്യമില്ലാത്തതായിരിക്കാം. അവയെ കാലഘട്ടത്തിന്നനുസരിച്ച് മാറ്റങ്ങൾക്കുവിധേയമാക്കി സദാചാരങ്ങളാക്കി മാറ്റണം. ദുരാചാരങ്ങൾ എന്താണെന്നും അതുതിരസ്കരിക്കേണ്ടതെന്തുകൊണ്ടാണെന്നും ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്നവിധത്തിൽ ലോകത്തിനു പറഞ്ഞുകൊടുക്കണം. നിങ്ങളിൽ ധാരാളം നാസ്തികരും നിരീശ്വരവാദികളുമുണ്ടാകാം. ആ ചിന്താധാരകളിലും അനവധി സത്യത്തിന്റെ തന്തുക്കളുണ്ട്. എന്റെ വിശ്വാസവും, ചിന്തയും, വാദവും മാത്രമാണ് ശരിയെന്നു ശഠിക്കരുത്. ജ്ഞാനസമ്പാദനത്തിനുശേഷം ആദ്യം അറിയേണ്ടത് വാദിക്കാനും ജയിക്കാനും ശ്രമിക്കരുതെന്നും, അറിയാനും അറിയിക്കാനുമേ ശ്രമിക്കാവൂ എന്നുമാണ്

**വിദ്യാവിനയ സമ്പന്നേ ബ്രാഹ്മണേ ഗവിഹസ്തിനി**

**ശുനിശ്ചൈവ ശ്വപാകേ ച പണ്ഡിതാ സമദർശിനഃ**

എല്ലാവരേയും, എല്ലാവരോടും, എല്ലാത്തിനോടും നിങ്ങൾക്ക് സമദർശിതാഭാവമുണ്ടായിരിക്കണം. നിങ്ങൾ നളന്ദയിലെ വിദ്യാർത്ഥികളാണ്. നമ്മുടെ പൂർവ്വീകർ മനുഷ്യരാശിയെ അവരിൽ നിലനിൽക്കുന്ന ഗുണദോഷ (സ്വ)ഭാവങ്ങളുടെ അടിസ്ഥാനത്തിൽ നാലുവർണങ്ങളാക്കിയിട്ടുണ്ട്. ഇത് ഓരോവ്യക്തിയിലുമുള്ള ഗുണങ്ങളുടെ ആധാരത്തെ സൂചിപ്പിക്കുന്നു. ജന്മം കൊണ്ട് ആരും ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ ആകുന്നില്ല. അവനവൻ സ്വീകരിക്കുന്ന കർമ്മത്തിന്റെ മാത്രം അടിസ്ഥാനത്തിലാണിതൊക്കെയായിത്തീരുന്നത്.



Scanned with CamScanner

**ജന്മനാൽ ജായതേ മർത്യ കർമ്മണാൽ ജായതേ ദ്വിജ**

**ബ്രഹ്മജ്ഞാനേനൈവ ബ്രാഹ്മണാ.**

ബ്രാഹ്മണനു മാത്രമേ വേദം പഠിക്കാവൂ എന്നല്ല പറഞ്ഞിരിക്കുന്നത് വേദം പഠിച്ചാലേ ബ്രാഹ്മണനാകൂ എന്നാണ് ധർമ്മശാസ്ത്രം പറയുന്നത്. അതുകൊണ്ട് ലോകത്തിൽ എല്ലാ മനുഷ്യരും ഒരേ ജാതിയിൽപെടുന്നു എന്നും അതു മനുഷ്യജാതിയാണെന്നുമോർമ്മിക്കണം. അതിൽ വിദ്യകൊണ്ടും, വിനയം കൊണ്ടും, കർമ്മധർമ്മങ്ങൾ കൊണ്ടും നമ്മൾ നാലുവിഭാഗമായിത്തീരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഭാരതത്തിൽ ധർമ്മശാസ്ത്രങ്ങൾ രചിച്ചിട്ടുള്ളത്. ഏതുവ്യക്തിക്കും അവനവന്റെ കർമ്മധർമ്മങ്ങളും, സ്വതസിദ്ധങ്ങളായഭാവങ്ങളും മാറ്റി ഉയരത്തിലേക്കോ താഴേക്കോ പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇപ്രകാരം വിശകലനം ചെയ്തു വേണം നിങ്ങൾ പഠിക്കാനും വിദ്യ ഉൾക്കൊള്ളാനും. ഓരോ വരിയും മുറിച്ചെടുത്ത് വിശകലനം ചെയ്തുപഠിക്കരുത്. പഠിച്ചുയർന്ന് മാനവരാശിക്കും നിങ്ങളുടെ രാഷ്ട്രത്തിനും, പ്രകൃതിക്കും, ശാശ്വതമായ നന്മ വരുത്തുവാൻ നിങ്ങൾക്കു സാധിക്കണം. **ഉത്തിഷ്ഠതാ ജാഗ്രതാ പ്രാപ്യവരാന്നിബോധതാ** ഇതായിരിക്കട്ടെ നിങ്ങളുടെ മന്ത്രം. ചൈതന്യവത്തായി എഴുന്നേറ്റു നിൽക്കൂ, ജനിച്ച് നിലനിന്ന് ഇല്ലാതാകുന്നതെന്തോ അതാണ് ജഗത് എന്നും അതിലാണ് നിലനിൽക്കുന്നതെന്ന ജാഗ്രതാബോധമുണ്ടാക്കൂ, ശ്രേഷ്ഠന്മാരായവരിൽ നിന്ന് ജ്ഞാനവിജ്ഞാനങ്ങൾ സ്വീകരിച്ച് ബോധതലത്തിന്റെ പരമകാഷ്ഠയിലേക്കുയരൂ! ഈ ഉപനിഷദ് മന്ത്രം സ്മരണയിലുണ്ടാകണം. ഈ ഭാരതമാതാവും, അസംഖ്യം ഋഷീശ്വരന്മാരും അവതാരങ്ങളും, ഈശ്വരനും നിങ്ങൾക്ക് നന്മവരുത്തട്ടെയെന്നു പ്രാർത്ഥിക്കുന്നു. ധന്യമായൊരു ബ്രഹ്മചര്യാജീവിതം ആശംസിക്കുന്നു. ഗുരുപൂർണിമാദിനത്തിന്റെപ്രകാശം നിങ്ങളുടെ മന[illegible]നെ എന്നുമെന്നും ചൈതന്യവത്താക്കട്ടെ! പ്രണാമം!"

"ഇനി നിങ്ങൾക്കു സന്ദേശം നൽകുന്നത് രാജഗുരുവാണ്. ഭാരതമെന്ന രാഷ്ട്രത്തിൽ രാജാവിന്റെ രാജനൈതികഅധികാരം അതിരുകടക്കാതിരിക്കാൻ ആത്മീയതയെന്ന അതിർവരമ്പ് നിർമ്മിക്കാറുണ്ട്. രാജാവിനേയും മന്ത്രിയേയും കാര്യകാരണസഹിതം ഉപദേശിക്കുവാൻ യോഗ്യതയുള്ള ഗുരുക്കന്മാരായിരുന്നു വസിഷ്ഠനും വ്യാസനുമെല്ലാം. ഇന്നത്തെ ഈ ഗുരുപൂർണിമാദിനത്തിൽ രാജഗുരു നിങ്ങൾക്കു സന്ദേശം നൽകുന്നത് നിങ്ങളുടെ ഹൃദയത്തിൽ എന്നും നിലനില്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് രാജഗുരുവിനെ സന്ദേശം നൽകാനായി സുസ്വാഗതമരുളുന്നു." മഹാവിഷ്ണുവിന്റെ തേജസ്സോടെ രാജഗുരു



Scanned with CamScanner

വേദിയുടെ മുന്നിലെത്തി എല്ലാവരേയും പ്രണമിച്ചുകൊണ്ടിങ്ങനെ പറഞ്ഞു.

**രാജഗുരുവിന്റെ സന്ദേശം**

"..... ബ്രഹ്മദേവന്റേയും, അഗ്നിദേവന്റേയും, ഭേളന്റേയും, സുശ്രുതന്റേയും പിൻതലമുറക്കാരനായ മഹർഷിയായി ഉയർന്ന ചരകൻ ഏതാനും സംവത്സരങ്ങൾക്കു (കലിവർഷം ≈ 2750 ≈ ബിസി 350) മുമ്പുരചിച്ച ആയൂർവേദഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു.

**സാക്ഷാത് അനുഭവൈർദൃഷ്ടോ ന ശ്രുതോ ന ഗുരുദർശിതാഃ**
**ലോകാനാം ഉപകാരായ ഏതത് സർവം പ്രദർശിതം**

നിങ്ങൾ കണ്ടുപഠിച്ചനുഭവമാക്കി ഉയർത്തേണ്ടവിദ്യകളാണ് ഈ വിശ്വവിദ്യാലയത്തിൽ നിന്ന് നിങ്ങൾക്കു ലഭിക്കുന്നത്. അതിലെല്ലാം അനുഭവത്തിന്റേയും അനുഭൂതിയുടേയും ചൈതന്യമുണ്ടാകണം. ആരോ പറഞ്ഞു എന്നതുകൊണ്ടു സ്വീകരിക്കുന്ന ന്യായീകരണമുണ്ടാകരുത്. ഗുരു പറഞ്ഞതുകൊണ്ട് അതെല്ലാം സത്യമാണെന്ന ധാരണയുമുണ്ടാകരുത്. നിങ്ങൾ കേട്ടും, കണ്ടും, ചർച്ച ചെയ്തും ചിന്തിച്ചും പഠിച്ചതെല്ലാം അഥവാ ഇനി പഠിക്കാൻ പോകുന്നതെല്ലാം ലോകനന്മക്ക് പ്രയോജനപ്പെടുമോ എന്നു പരിശോധിച്ച് വിശകലനം ചെയ്തുവേണം വിദ്യ അഭ്യസിക്കുവാൻ. എത്ര പ്രഗത്ഭനാണെങ്കിലും പ്രസിദ്ധനാണെങ്കിലും പണ്ഡിതനാണെങ്കിലും പരമമായസത്യത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണമാണ് നിങ്ങളെയവർ പഠിപ്പിക്കുന്നത്. പരമമായസത്യത്തെക്കുറിച്ച് പരമിതമായ അക്ഷരങ്ങളും പരിമിതമായപദങ്ങളുമുള്ള ഭാഷയുപയോഗിച്ച് വിവരിക്കാനസാദ്ധ്യമാണ്. ലോകത്തിലെ ഏതുദ്രവ്യത്തിന്റെ ഭംഗിയും, ഗന്ധവും, സ്വാദും, വിചാരവും, വികാരവും, വാക്കുകൾകൊണ്ട് പൂർണമായി വിവരിക്കാൻ സാധ്യമല്ല. മനസ്സിൽ നിറയുന്നസുഖം, സന്തോഷം, സംതൃപ്തി, ചാരിതാർത്ഥ്യം, ബഹുമാനം, ആദരവ്, കടമ, ദയ ഇവയൊന്നും മറ്റൊരുവനുവിവരിച്ചു കൊടുക്കാൻ സാധ്യമല്ല. അതുപോലെത്തന്നെ വാശി, പക, വിദ്വേഷം, അഹങ്കാരം, ദുഃഖം, വേദന, അസൂയ ഇവയും വിവരിച്ചുകൊടുക്കാൻ സാധ്യമല്ല. അതെല്ലാമാണ് ഒരുപക്ഷേ മനുഷ്യനെ ഈശ്വരാവതാരമാക്കുന്നതും അസുരനാക്കുന്നതും. ഇവയെല്ലാം അനുഭവത്തിന്റെ രീതിയിലേ അറിയാൻ സാധിക്കൂ. അതുകൊണ്ട് ലോകത്തിന് പ്രകാശം പകരാൻ ഈ നളന്ദാവിശ്വവിദ്യാലയത്തിൽ നിന്ന് ജ്ഞാനലബ്ധിക്കായിവന്നിട്ടുളള ദേശവിദേശങ്ങളിലെ ബന്ധുക്കളോട് ഞാൻ അഭ്യർത്ഥിക്കട്ടെ! നിങ്ങൾ കേട്ടും, കണ്ടും, വായിച്ചും, ചിന്തിച്ചും പഠിക്കുന്നതെന്തും ഒന്നാമതായിഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ ഉപദേശി



Scanned with CamScanner

ച്ചതുപോലെ **ശാസ്ത്രം പ്രമാണം** എന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിലാകണം. രണ്ടാമതായി ധർമ്മശാസ്ത്രങ്ങളുപദേശിക്കുന്നതുപോലെ **ആപ്തവാക്യം പ്രമാണം** എന്നതിന്റെ അടിസ്ഥാനത്തിലുമാകണം. മൂന്നാമതായി ദർശനങ്ങൾ വിവരിക്കുന്നതുപോലെ **പ്രത്യക്ഷം** പ്രമാണമെന്ന അടിസ്ഥാനത്തിലുമാകണം. എല്ലാ അറിവുകളും ഈ മൂന്നിന്റെ പരിധിക്കുള്ളിൽ നിലനിൽക്കണമെന്നില്ല. ഇനിയൊരുപന്ഥാവുള്ളത് **അനുമാനം പ്രമാണം** എന്ന പന്ഥാവാണ്. ഈ നാലുപന്ഥാവുകളിലൂടെ നിങ്ങൾ നേടുന്ന അറിവുകൾ ബുദ്ധിവൈഭവമാക്കിമാറ്റണം, അതിനെ ജീവിതാനുഭവങ്ങളാക്കി ഉയർത്തണം, ജീവിതാനുഭവങ്ങളുടെ ആകത്തുകയാണ് ജീവിതമെന്നറിയണം.

ജീവിതാരംഭം ജനനം മുതൽക്കും ജീവിതാവസാനം മരണത്തോടെയുമാണ്. ഈ രണ്ടുപ്രതിഭാസത്തിനുമിടക്ക് എത്രകാലം ജീവിച്ചു എന്നതിനേക്കാൾ പ്രധാനം എങ്ങിനെ ജീവിച്ചു എന്നതാണെന്നറിയണം. ഓരോനിമിഷവും നാം ശ്മശാനത്തിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. **ശീര്യതേ ഇതി ശരീരഃ** നശിക്കുന്നതെന്തോ അതാണ് ശരീരം! **ശമശയനം** ശാന്തമായ സ്ഥിരമുറക്കം നടക്കുന്നതെവിടേയോ അവിടെയാണ് ശ്മശാനം. എത്രയോപ്രഗത്ഭർ ഈ ഭൂമിയിൽ ജനിച്ചു ജീവിച്ചു മരിച്ചു. ആരാണോ മറ്റുള്ളവർക്കുവേണ്ടിയും ജീവിച്ചത് അവരെ ലോകം സ്മരിക്കുന്നു. ആരാണോ അവനവനുവേണ്ടി മാത്രം ജീവിച്ചത് അവൻ അവനോടു കൂടിത്തീരുന്നു. നിങ്ങൾ നളന്ദസർവകലാശാലയിലെ വിദ്യാർത്ഥികളാണ്. പ്രവേശന പരീക്ഷയെഴുതി വിജയിച്ചവരിൽനിന്ന് നൂറിൽ ഇരുപതുപേരെ എന്ന കണക്കിൽ തെരഞ്ഞെടുക്കപ്പെട്ട പ്രഗത്ഭരാണ് നിങ്ങൾ. ഈ വിശ്വവിദ്യാലയം സർവകലാശാലയാണ്. എഴുപതുവിഷയങ്ങൾ ഇവിടെ പഠിപ്പിക്കുന്നു. ലോകത്തിലൊരുസർവകലാശാലയ്ക്കും ഈ പ്രസിദ്ധിയവകാശപ്പെടാൻ സാധ്യമല്ല. ഇവിടെ എഴുന്നൂറു ആചാര്യന്മാരുണ്ട്. ഈ സർവകലാശാലയിൽ ഏകദേശം പതിനേഴായിരം വിദ്യാർത്ഥികൾ പഠിക്കുന്നു. ഈ ഗുരുപൂർണിമാ സമ്മേളനത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് 80 ഹസ്തം ഉയരമുള്ള ശക്യമുനിയുടെ ചെമ്പുപ്രതിമ പ്രവേശനകവാടത്തിൽ നിൽക്കുന്നു. ഈ സർവകലാശാലയിലെ ഓരോന്നിനും പ്രത്യേകതകളുണ്ട്. അതുകൊണ്ട് നിങ്ങൾക്കോരോരുത്തർക്കും, ഈ സർവകലാശാലയിൽ നിന്നിറങ്ങി ലോകത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ മറ്റുള്ളവർക്കില്ലാത്ത പ്രത്യേകതകളുണ്ടായിരിക്കണം. നിങ്ങളുടെ പഠനക്രമത്തിന്, നിങ്ങളുടെ അറിവിന്, നിങ്ങളുടെ ദിനചര്യക്ക്, നിങ്ങളുടെ ജീവിതത്തിന്, നിങ്ങളുടെ വീക്ഷണത്തിന്, നിങ്ങളുടെ സാധനക്ക്, നിങ്ങ

ളുടെ കുടുംബത്തിന്, നിങ്ങളുമായി ബന്ധപ്പെടുന്നവർക്ക്, നിങ്ങളുടെ സുഹൃത്തുക്കൾക്ക്, നിങ്ങളുടെ സമൂഹത്തിന്, നിങ്ങളുടെ രാഷ്ട്രത്തിന് പ്രത്യേകതയുണ്ടാകണം. അതു നിങ്ങളിലൂടെയാകുകയും വേണം. അറിവുകൾ ആർജിതവും സഞ്ചിതവും പ്രാരബ്ധവുമാണ്. മാതാപിതാക്കളെ നമുക്ക് തെരഞ്ഞെടുക്കാനാകില്ല. അതുപോലെ ജനിച്ച കുലം, ജനിച്ച കുടുംബാന്തരീക്ഷം, സമ്പത്സമൃദ്ധി, സൗന്ദര്യം, ചുറ്റുപാടുകൾ ഇവയെന്നും നമുക്കു തിരഞ്ഞെടുക്കാൻ സാധിക്കുന്നതിന്നതീതമാണ്. നമ്മുടെ മനസ്! അതിനെ നമുക്കുയർത്താനും താഴ്ത്താനും സാധിക്കും. അതിനെആധാരമാക്കിയാണ് ഉയരേണ്ടത്. ഉപ്നിഷത്തുക്കളുമതുപറയുന്നു. **മന ഏവ മനുഷ്യാണാം കാരണം ബന്ധ മോക്ഷയോഃ** അതിനാൽ അനുനിമിഷം ഉയരണം, വളരണം, തളരാതിരിക്കണം വളരാതിരിക്കരുത്.... ഭഗവാൻ ശ്രീകൃഷ്ണൻ ഉപദേശിച്ചതുപോലെ ജനിച്ചാൽ മരണമുണ്ട്. മരണത്തിനുമുമ്പ് സാധിക്കാവുന്നത്രയും നന്മകൾ ചെയ്ത് ദേവ-പിതൃ-ഋഷി ഋണങ്ങൾ തീർക്കുവാനും ലോകോപകാരപ്രദങ്ങളായ കർമ്മധർമ്മങ്ങളനുഷ്ഠിക്കുവാനും ജഗദീശ്വരനും ഋഷീശ്വരന്മാരും നിങ്ങൾക്കനുഗ്രഹം ചൊരിയട്ടേയെന്ന് രാജഗുരുവിന്റെ സ്ഥാനത്തിരുന്നുകൊണ്ട് ഞാൻ നിങ്ങൾക്കായിപ്രാർത്ഥിക്കുന്നു. ആശീർവദിച്ചനുഗ്രഹിക്കുന്നു. പ്രണാമം."

ഇടിമുഴക്കത്തിന്റെ ഗാംഭീര്യവും സർവചൈതന്യത്തിന്റെ ശ്രുതിയുമുള്ള ഈ സന്ദേശപ്രഭാഷണം കേട്ടവസാനിച്ചപ്പോൾ സംതൃപ്തി തോന്നി.

**നന്ദിപ്രകാശന സന്ദേശം**

ആരംഭത്തിന്റെ പര്യവസാനം അറിയിക്കാനെന്നതുപോലെ ധർമ്മാദ്ധ്യക്ഷൻ വേദിക്കുമുന്നിൽ വന്നുപറഞ്ഞു.

"ഈ സ്വർഗീയ നിമിഷങ്ങൾ അവസാനിക്കുകയാണ്. ജീവിതഗന്ധിയായസന്ദേശങ്ങൾ നൽകാൻ അനുഗ്രഹീതരായവരുടെ വരികൾ നിങ്ങൾ ശ്രവിച്ചു. ജന്മജന്മാന്തരങ്ങളുടെ അനുഗ്രഹം പോലെ അവയെല്ലാം ഇനിയുള്ള പഠനദിവസങ്ങളിൽ നിങ്ങൾക്കനുഗ്രഹമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. നാളെ മുതൽ പഠനമുണ്ടായിരിക്കും അതാതു വിഷയങ്ങൾ പഠിപ്പിക്കുന്നവർ നിർദ്ദേശിക്കുന്നതുപ്രകാരം നിങ്ങളുടെ വിദ്യാരംഭം കുറിക്കുന്നതായിരിക്കും."

**നളന്ദയിലെ ആചാര്യന്മാരുടെ വിവരണം**

"**നിയമകർമ്മാചാര്യൻമാർ** നിങ്ങളെ രാഷ്ട്രത്തിന്റെ നീതിന്യായവ്യവഹാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കും. **അർത്ഥകർമ്മാചാര്യൻമാർ** സാമ്പത്തീക ശാസ്ത്രത്തെക്കുറിച്ചും, **ആത്മകർമ്മാ**



Scanned with CamScanner

ചാര്യൻമാർ ആത്മീയതയെക്കുറിച്ചും, തത്വശാസ്ത്രാചാര്യന്മാർ തത്വ ശാസ്ത്രത്തെക്കുറിച്ചും, ശരീര ശാസ്ത്രാചാര്യന്മാർ ശരീരശാസ്ത്ര ത്തെക്കുറിച്ചും, സമൂഹശാസ്ത്രാചാര്യന്മാർ സാമൂഹിക നിയമാവലി കളെക്കുറിച്ചും, നരവംശ ശാസ്ത്രാചാര്യന്മാർ മനുഷ്യവർഗത്തിന്റെ വളർച്ചയെക്കുറിച്ചും, ശരീരശാസ്ത്രാചാര്യന്മാർ വൈദീക ശാസ്ത്രജ്ഞാനവിജ്ഞാനങ്ങളെക്കുറിച്ചും വ്യവസ്ഥാചാര്യന്മാർ സാമൂ ഹികനന്മകൾക്കാധാരമായ നിയമങ്ങളെക്കുറിച്ചും രാജനൈതികാചാ ര്യന്മാർ രാജനീതിയെക്കുറിച്ചും, ധനശാസ്ത്രാചാര്യന്മാർ സമ്പത്ത് കൈകാര്യം ചെയ്യുന്ന വ്യവസ്ഥാപിതമാർഗങ്ങളെക്കുറിച്ചും ധർമ്മപ ത്രികാചാര്യന്മാർ രാജപത്രികയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കു റിച്ചും രാജധർമ്മാചാര്യന്മാർ രാഷ്ട്രഭരണനിയമവശങ്ങളെക്കുറിച്ചും വിവരിച്ച്, അധ്യാപനം നടത്തുന്നുണ്ടാകും. പിതൃകർമ്മാനുഷ്ഠാനവി ധികൾ പിതൃകർമ്മാചാര്യന്മാർ പഠിപ്പിക്കുന്നുണ്ടാകും. ദേവകർമ്മാ ചാര്യന്മാർ ഈശ്വരാരാധനാവിധികളും പഠിപ്പിക്കുന്നുണ്ടാകും. ഈ വിഷയങ്ങൾ താൽപര്യമനുസരിച്ച് നിങ്ങൾക്ക് പഠിക്കാം.

ഒരു സംവത്സരം നീണ്ടുനിൽക്കുന്ന ഈ പഠനപദ്ധതി നളന്ദസർവക ലാശാലയിലെ എല്ലാവിദ്യാർത്ഥികളും അടിസ്ഥാനവിഷയങ്ങളായി അഭ്യസിക്കേണ്ടതാണ്. ഈ ഒരുസംവത്സരത്തിന്റെ മൂല്യനിർണയത്തി നുശേഷം, വിദ്യാർത്ഥികളുടെ താൽപര്യവും മറ്റുകാര്യങ്ങളും വിശ കലനം ചെയ്ത് വിദ്യാർത്ഥികളുടെ ഭാവിപഠനവിഷയങ്ങൾ സ്വീകരി ക്കാവുന്നതാണ്. അതിഗഹന പഠനവിഷയങ്ങളായ ആയുർവേദം, സ്ഥാപത്യവേദം, അർത്ഥശാസ്ത്രം, ധനുർവേദം, ഗാന്ധർവവേദം, നാട്യ ശാസ്ത്രം എന്നീ ഉപവേദങ്ങളിൽ ഏതെങ്കിലും ഒന്ന് ഐച്ഛികവിഷയ മായെടുക്കാവുന്നതാണ്. വേദാംഗങ്ങളായ ശിക്ഷാ, നിരുക്തം, വ്യാക രണം, ഛന്ദഃശാസ്ത്രം, കൽപശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിവ ഐച്ഛികവിഷയമായോ/ഉപവിഷയമായോ എടുക്കാവുന്നതാണ്. ദർശ നങ്ങളായ യോഗശാസ്ത്രം, വൈശേഷികം, സാംഖ്യം, പൂർവമീമാം സാ, ഉത്തരമീമാംസ, ന്യായശാസ്ത്രം ഇവയും ഉപരിപഠനത്തിന് തെര ഞ്ഞെടുക്കാവുന്നതാണ്.

ഋഗ്വേദമോ, കൃഷ്ണയജുർവേദമോ, ശുക്ളയജുർവേദമോ, സാമവേദമോ, അഥർവവേദമോ പഠനത്തിനായിസ്വീകരിക്കാൻ യോഗ്യതയുള്ളവർക്ക് അതുമാകാം. വേദാന്തത്തിലെ അദ്വൈതദർശനവും ദ്വൈതദർശനവും സ്വീകരിക്കാവുന്നതുപോലെ ആചാരാനുഷ്ഠാനങ്ങൾക്കുനേതൃത്വം നൽകുന്ന പുരോഹിതനോ വൈദീകനോ ആകാനുള്ള പഠനപദ്ധതിയും സ്വീകരിക്കാം.



Scanned with CamScanner

പുരാണപണ്ഡിതനായും, സംഗീതജ്ഞനായും, കലാകാരനായും, നടനായും ഭാവിജീവിതം സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക് ഒന്നാം വർഷത്തെ പഠനത്തിനുശേഷം അതിനുള്ള അദ്ധ്യയനവും ആരംഭിക്കാം. ബുദ്ധ, ജൈന, സിദ്ധാന്തങ്ങൾ അതിഗഹനമായിത്തന്നെ ഇവിടെ പഠിപ്പിക്കുന്നുണ്ടാകുമെന്നുമറിയിക്കട്ടെ. നിങ്ങൾക്കെല്ലാവർക്കും എന്റെ പ്രണാമം'' ഇത്രയും പറഞ്ഞ് ധർമ്മാധ്യക്ഷൻ വേദിയിൽ തന്റെ സ്ഥാനത്തിരുന്നു.

**എനിക്കു ലഭിച്ച പരമ ഭാഗ്യം**

വേദിയിൽ ഇരുന്ന പ്രമുഖർ എഴുന്നേറ്റപ്പോൾ സദസ്യരും എഴുന്നേറ്റു നിന്ന് കൈകൂപ്പി. നളന്ദാവിശ്വവിദ്യാലയത്തിലെ ഗാനം സംഗീതജ്ഞർ ആലപിച്ചു. വേദമന്ത്രങ്ങളുടെ ചൈതന്യമുള്ള ദേവഭാഷയിലെ ആ ഗാനം അതിഗഹനമായ അർത്ഥമുള്ളതായിരുന്നു. ലോകം മുഴുവനും ആരാധിക്കുന്ന ജ്ഞാനവിജ്ഞാനത്തെക്കുറിച്ചും വിദ്യാദേവതയെക്കുറിച്ചും, വിദ്യാർത്ഥിയെക്കുറിച്ചും അദ്ധ്യാപകരെക്കുറിച്ചുമുള്ളതായ വേദവരികൾ ചേർത്ത ആ സരസ്വതീക്ഷേത്രഗാനം മനസ്സിനെ വല്ലാതെ സ്വാധീനിച്ചതായിട്ടനുഭവപ്പെട്ടു.

കലിവർഷം 2802 ആഷാഢമാസത്തിലെ വ്യാസപൂർണിമ ദിനത്തിൽ ഔദ്യോഗികമായി നളന്ദവിശ്വവിദ്യാലയത്തിലെ ഉപാചാര്യനായി, മധ്യാഹ്നത്തിനുശേഷം രണ്ടര നാഴിക കഴിഞ്ഞ് എല്ലാവരുടേയും അനുഗ്രഹത്തോടെ, സ്ഥാനമേറ്റെടുക്കുവാൻ സാധിച്ചു. തദവസരത്തിൽ മറ്റനവധി ആചാര്യന്മാരും ഉപാചാര്യന്മാരും സന്നിഹിതരായിരുന്നു. ധർമ്മാചാര്യന്റെ മുന്നിൽ സത്യപ്രതിജ്ഞ ചെയ്ത് ഔദ്യോഗിക ചിഹ്നാംഗിതമായ ഉത്തരീയവും സ്വീകരിച്ച് പത്രികയിൽ എന്റെ ഹസ്ത ചിഹ്നവും രേഖപ്പെടുത്തി, അദ്ധ്യാപകനായി ഉപാചാര്യസ്ഥാനത്തിരുന്നുള്ള കർമ്മം ധർമ്മമായി ഞാൻ സ്വീകരിച്ചു. എനിക്കായിനൽകിയ ആശ്രമ സദൃശമായ കൂടാരത്തിൽ രാത്രി എന്റെ ഭാണ്ഡങ്ങൾ ഇറക്കിവെച്ചു. ഒരു സ്വപ്നത്തിലെന്നപോലെ, ഇന്നുനടന്ന ചടങ്ങുകളും ഓരോരുത്തരും നൽകിയസന്ദേശങ്ങളും, മനസ്സിലൂടെ കടന്നുപൊയ്ക്കൊണ്ടേയിരുന്നു. ചാണകംമെഴുകിയ തറയിൽ ഇരുന്ന് ഭക്ഷണം കഴിച്ച് പുൽപായയിൽ കൈകൂപ്പി കിടന്നുറങ്ങിയ ഞാൻ നിമിഷങ്ങൾക്കകം പൂർണചന്ദ്രന്റെ തലോടലിൽ അഗാധമായ ഉറക്കത്തിലേക്കിറങ്ങി.

**നളന്ദയിൽ വിദ്യാരംഭത്തിന്റെ പുതുവർഷമുദിക്കുന്നു**

ആഷാഢമാസത്തിലെ തണുപ്പുണ്ടായിട്ടും വിദ്യാർത്ഥികൾ സൂര്യോദയത്തിന് അഞ്ചുനാഴിക മുമ്പേ ഉണർന്നിരുന്നു. അവരെല്ലാം പ്രാതസ്മരണയിലെ കരാഗ്രേവസതേ ലക്ഷ്മി.... എന്ന മന്ത്രവും. സമുദ്രവ



Scanned with CamScanner

സദനേദേവീ..... എന്ന ഭൂവനവന്ദനവും ചൊല്ലി പ്രഭാതസ്നാനം കഴിഞ്ഞ്, പ്രാർത്ഥനയും യോഗചര്യയും കഴിഞ്ഞ്, സൂര്യനമസ്കാരവും വിധി പോലെ നടത്തി, പ്രഭാത പാനീയം കുടിച്ച്, സൂര്യോദയത്തോടെ എല്ലാവരും പഠനകളരിയിലെത്തിയിരുന്നു.

ഞാൻ വളരെ വിസ്തൃതമായ പഠനവേദിയിൽ വിദ്യാർത്ഥികളെപോലെ പുറകിലായി ഇരുന്നു. എല്ലാവിദ്യാർത്ഥികളും നിലത്ത് പുൽപായിൽ നിവർന്ന് ഇരിക്കുന്ന കാഴ്ച ശ്രദ്ധേയമായിരുന്നു. ഉപ ആചാര്യനെ പരിചയപ്പെടുത്താൻ നരവംശശാസ്ത്രാചാര്യൻ പഠനകളരിയിൽ കയറി. വന്ദനവരികൾ ഒരേ സ്വരത്തിൽ എല്ലാവരും ചേർന്ന് പ്രാർത്ഥ നയായി ചൊല്ലി. സുസ്വാഗതവും വന്ദനവും പ്രണാമവും സ്വീകരിച്ചു കൊണ്ട് നരവംശാചാര്യൻ കൈകളുയർത്തി ആശീർവദിച്ചു. ഉപാചാ ര്യനെ പരിചയപ്പെടുത്തി. ഉപാചാര്യൻ ശിക്ഷണം ആരംഭിക്കുന്ന തിനുമുമ്പ് പതിവായുള്ള വേദ പ്രാർത്ഥന പാടി. പരദേശികൾക്ക് വ്യക്ത മായി ആലപിക്കുവാൻ സാധിച്ചില്ല.

**ഓം സഹനാവവതു സഹനൗ ഭുനക്തു സഹവീര്യം കരവാ**
**വഹൈ തേജസ്വിനാവധീതമസ്തു മാ വിദ്വിഷാവഹൈ..... !**

ഉപാചാര്യൻ വിവരണം തുടർന്നു. "എല്ലാവർക്കും ഈ പഠന ചര്യയി ലേക്ക് സ്വാഗതം. നമ്മുടെ പൂർവീകരായ ഋഷിവര്യന്മാർ എഴുതിയിരി ക്കുന്ന എല്ലാ ഗ്രന്ഥങ്ങളിലും ആരംഭം പ്രാർത്ഥനയോടെയായിരുന്നു. ജ്ഞാനഗ്രന്ഥങ്ങളായാലും വിജ്ഞാനഗ്രന്ഥങ്ങളായാലും, ഉപദേശങ്ങ ളായാലും പ്രദർശനങ്ങളായാലും പ്രാർത്ഥനയോടെയായിരിക്കും വിവ രിക്കുന്നത്. ദേവീദേവന്മാരുടെ സംശയനിവാരണത്തിന്നായുള്ളചോദ്യ ങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളുമായിട്ടായിരിക്കും ഗ്രന്ഥങ്ങളിൽ വിഷയവിവരണം നൽകുക പതിവ്.

ഉദാഹരണത്തിന് മത്സ്യപുരാണത്തിൽ ദേവന്മാർക്കും ഋഷിമാർക്കുമുള്ള സംശയങ്ങൾ മത്സ്യാവതാരമൂർത്തിയായമഹാവിഷ്ണുനൽകുന്നു. കൂർമ്മപുരാണത്തിൽ കൂർമ്മാവതാരമൂർത്തിയാണ് വിവരണങ്ങൾ നൽകുന്നത്. എല്ലാധർമ്മശാസ്ത്രങ്ങളിലും അതുരചിച്ച മഹർഷിമാ രുടെ അഭിപ്രായങ്ങൾ ദേവന്മാരുടെ വചനങ്ങളായി നൽകുകയാണ് പതിവ്.

## വിഷ്ണുധർമ്മശാസ്ത്ര പഠനം ആരംഭിക്കുന്നു

ധർമ്മശാസ്ത്രങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് വിഷ്ണുധർമ്മശാ സ്ത്രം. ഇന്നുമുതൽ അതാണിവിടെ പഠിപ്പിക്കുന്നത്. അതിന്റെ **ഒന്നാം അദ്ധ്യായം** ആരംഭിക്കുന്നത് ഭൂമിദേവി മഹാവിഷ്ണുവിനെ പ്രാർത്ഥി



Scanned with CamScanner

ക്കുന്നതായിട്ടാണ്. ഈ അദ്ധ്യായത്തിൽ 61 ശ്ലോകങ്ങളാണുള്ളത്. ഭാരതീയ ഗ്രന്ഥങ്ങളെല്ലാംതന്നെ, ആത്മീയമോ, ഭൗതികമോ ശാസ്ത്രീയമോ ഏതുമാകട്ടെ, അവയെല്ലാം ആരംഭിക്കുന്നതിലെ ആദ്യശ്ളോകങ്ങളോ അദ്ധ്യായമോ പ്രാർത്ഥനാരൂപത്തിലാകുന്നതുപോലെ ഇവിടെ ഭൂമിയെ ആസുരിക ശക്തികളിൽ നിന്ന് എടുത്തുയർത്തിയ വരാഹമൂർത്തിയുടെ സ്തുതിയാണ് നൽകിയിരിക്കുന്നത്. ഭൂമിയെ ഉയർത്തി സംരക്ഷിച്ച വരാഹമൂർത്തിയെ ഭൂമീദേവിസ്തുതിക്കുന്നു. ഇനിയും ഭൂമിക്ക് അധഃപതനമുണ്ടാകാതിരിക്കാൻ സത്യത്തിന്റേയും ധർമ്മത്തിന്റേയും, നീതിയുടേയും, ന്യായത്തിന്റേയും സത്ഭരണം നിലനിർത്താൻ സാമ-ദാന-ഭേദ-ദണ്ഡങ്ങൾ മഹാവിഷ്ണുവിന്റെ സന്ദേശമായി ഈ സമൃതിഗ്രന്ഥത്തിൽ വിവരിക്കുന്നു.

"ധർമ്മശാസ്ത്രങ്ങൾ അനവധിയാണ് പ്രധാനപ്പെട്ടവ ബൗധായന -ആപസ്തംബ - കാത്യായന - വസിഷ്ഠ- ഗൗതമ - ഹാരിത - ഹിരണ്യ കേശി - വൈഖാനസ - മാനവ ധർമ്മസൂത്രങ്ങൾ അഥവാ ധർമ്മശാസ്ത്രങ്ങൾ ഇന്നു ലഭ്യമാണ്. അത്രി - ഉശന - കണ്വ - കശ്യപ - ഗാർഗ്യ - ചുവന - ജാതുകർണ്ണ - ദേവ - പൈഠിനസ - ബൃഹസ്പതി - ഭരദ്വാജധർമ്മശാസ്ത്രങ്ങൾ പൂർണ്ണമായും ലഭ്യമല്ല. ചിലത് ഭാഗീകമായി മാത്രം ലഭ്യമാണ്.

എല്ലാ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലും വിഷയവും അവതരണവും ഏകദേശം ഒരേപോലെയാണ്. എന്നാൽ ദേശത്തിനും കാലത്തിനുമനുസരിച്ചുള്ള മാറ്റങ്ങൾ അവയിലെല്ലാം ഉണ്ട്. അവയെല്ലാം ഋഷിവര്യന്മാരുടെ പേരിൽ തന്നെ അറിയപ്പെടുന്നു. എന്നാൽ ഇവയിൽ നിന്നെല്ലാം നന്മകളെടുത്ത് എഴുതിയിട്ടുള്ള അതിബൃഹത്തായ ധർമ്മശാസ്ത്രഗ്രന്ഥമാണ് വിഷ്ണുധർമ്മശാസ്ത്രം. നളന്ദയിലെ പാഠ്യപദ്ധതിയിലെ പ്രധാനഭാഗമാണിത്." ആചാര്യൻ പറഞ്ഞു.

ധർമ്മശാസ്ത്ര വിഷയങ്ങൾ അനവധിയാണ്. പതിനെട്ടുപുരാണങ്ങളിലും പതിനെട്ടുപപുരാണങ്ങളിലുമതുണ്ട്. വാൽമീകിരാമായണവും വ്യാസഭാരതവും പൂർണ്ണമായും പ്രായോഗികധർമ്മശാസ്ത്രം മാത്രമാണ് വിവരിക്കുന്നത്. ചില ഉപനിഷത്തുക്കളും ധർമ്മശാസ്ത്രത്തിലെ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. ഭഗവദ്ഗീത തന്നെ ധർമ്മസന്ദേശങ്ങളുടെ സമഗ്രവും പ്രായോഗികവുമായ പ്രദർശനമാണ്." ആചാര്യൻ വിവരിച്ചു. "വേദങ്ങളും ധർമ്മശാസ്ത്രങ്ങളും തമ്മിലുള്ള വിഷയബന്ധങ്ങളും അവയുടെ ക്രമീകരണബന്ധങ്ങളും നാം ഓർമ്മിക്കണം."

വേദങ്ങൾ മാനവരാശിയുടെ നന്മക്കാവശ്യമായ സമഗ്രസന്ദേശങ്ങൾ നൽകുന്നു. അതിന്റെ പ്രായോഗികജീവിത സന്ദേശങ്ങളാണ് ധർമ്മ



Scanned with CamScanner

ശാസ്ത്രങ്ങളിലുള്ളത്. ധർമ്മശാസ്ത്രങ്ങൾ, വേദ-ബ്രാഹ്മണ-ആരണ്യക - ഉപനിഷത്തുക്കളടങ്ങിയ വൈദീകസാഹിത്യത്തിന്റെ ഭാഗമല്ല. എന്നാൽ ശിക്ഷ-നിരുക്തം - ചന്ദഃശാസ്ത്രം-വ്യാകരണം-കൽപശാസ്ത്രം-ജ്യോതിഷം എന്നീ ആറുവേദാംഗങ്ങളുള്ളതിൽ കൽപശാസ്ത്ര ഗ്രന്ഥങ്ങളിൽ ധർമ്മശാസ്ത്രവും യാഗകർമ്മങ്ങൾ വിവരിക്കുന്ന ശ്രൗതസൂത്രവുമുണ്ട്. മരണാനന്തരകർമ്മങ്ങൾ വിവരിക്കുന്ന പിതൃമേധസൂത്രമുണ്ട്. ഇവയിൽ ചിലവിഷയങ്ങൾ ധർമ്മശാസ്ത്രത്തിലും, പിതൃമേധസൂത്രത്തിലും, ശ്രൗതസൂത്രത്തിലും, ഗൃഹ്യസൂത്രത്തിലും പൊതുവായി വരുന്നുമുണ്ട്

ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രവർണങ്ങളായി, പരസ്പരം വർണം മാറുവാനുള്ള സ്വാതന്ത്ര്യത്തോടെയാണ്, കർമ്മത്തിന്റെ അടിസ്ഥാനത്തിൽ വർണധർമ്മം വിവരിക്കുന്നത്. വർണങ്ങൾ നാലെണ്ണമാണ്. അത് ജന്മം കൊണ്ടോ കുടുംബമഹിമകൊണ്ടോ ഉളവാകുന്നതല്ല. കർമ്മത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഈ വർണങ്ങൾ.

**വർണ്ണ ധർമ്മ വിവരണം**

ഭാരതത്തിൽ മനുഷ്യരെ അവരുടെകർമ്മത്തിന്റേയും അവരേറ്റെടുത്തിരിക്കുന്നധർമ്മത്തിന്റേയും അടിസ്ഥാനത്തിലാണ് വിഭജിച്ചിരിക്കുന്നത്. നാം മനുഷ്യരെ രണ്ടുവിഭാഗമാക്കി വിഭജിക്കണമെന്നാഗ്രഹിക്കുന്നു എങ്കിൽ അത് സ്ത്രീയെന്നും പുരുഷനെന്നും രണ്ടു വിഭാഗമാക്കാം. അല്ലെങ്കിൽ ഭാരതീയരെന്നും ഭാരതീയരല്ലാത്തവരെന്നും രണ്ടുവിഭാഗമാക്കാം. അതുപോലെ മനുഷ്യരെ മൂന്നുവിഭാഗമാക്കണമെങ്കിൽ നമുക്കു തെരഞ്ഞെടുക്കാവുന്ന ഒരു മാർഗം സാത്വികമായ മനുഷ്യർ, രാജസിക സ്വഭാവമുള്ള മനുഷ്യർ, താമസ (താമസിക) സ്വഭാവമുള്ള മനുഷ്യർ എന്നീപ്രകാരമാകം. ഇനിയും വ്യത്യസ്ഥ രീതികൾ നമുക്ക് സ്വീകരിക്കുകയുമാകാം. മനുഷ്യനെ വിഭജിക്കുന്നതിന് ഏതു വിധത്തിലുള്ള അടിസ്ഥാനങ്ങളുപയോഗിച്ചാലും അത് താത്കാലികമോ ശാശ്വതമോ ആയ രീതിയാകണമെങ്കിൽ അതിന് സാർവലൗകീകതയുടെ അടിത്തറയുണ്ടാകണം. സ്ത്രീപുരുഷ വിഭാഗം എന്നത് എക്കാലവും നിലനിൽക്കുന്ന ഒരു വിഭജനപ്രക്രിയയാണ്. എന്നാൽ താൽക്കാലികമെങ്കിലും കർമ്മധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ഋഷീവര്യന്മാർ മനുഷ്യരെ നാലായിതിരിച്ചിട്ടുണ്ട്. അതിന്റെ പേര് വർണങ്ങൾ എന്നാണ്. വർണം എന്ന പദത്തിന്റെയർത്ഥം നിറം എന്നാണ്. ഏതു നിറങ്ങൾ സ്വീകരിക്കാനും ഇഷ്ടപ്പെടാനും ഉപയോഗിക്കാനും ലോകത്തിലെ ഏതുവ്യക്തിക്കും അവകാശമുണ്ട്. അതുകൊണ്ടാണ് ഈ നാലുതരത്തിലുള്ള വിഭജനത്തിന് വർണങ്ങൾ എന്ന പേരുകൊടുത്തത്...



Scanned with CamScanner

## വർണങ്ങളുണ്ടായതിന്റെ വിവരണം

ഈ നാലുവർണ്ണങ്ങളാകട്ടെ ജന്മം, കുടുംബമഹത്വം, ജനിച്ച കുലം കാലഘട്ടം നോക്കിയല്ല, നമ്മിലുള്ള ഗുണദോഷങ്ങളും, നമ്മൾ സ്വീകരിച്ചിരിക്കുന്നതോ അനുവദിച്ചിരിക്കുന്നതോ ആയ കർമ്മധർമ്മങ്ങളുടെ അടിസ്ഥാനത്തിലുമാണ്. ഒരാൾ രാജാവാകുന്നത് അയാൾ അനുഷ്ഠിക്കുന്ന രാജധർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്.... അതുകൊണ്ട് നാം സ്വീകരിക്കുന്നകർമ്മത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ ബ്രാഹ്മണ ക്ഷത്രിയ വൈശ്യശൂദ്രർ എന്നീ നാലുവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവരിലോരോരുത്തരുടേയും ധർമ്മം കാത്യായനമഹർഷി വ്യക്തമായി നൽകിയിട്ടുണ്ട്. ഗൗതമമഹർഷി **ഗൗതമ ധർമ്മ ശാസ്ത്ര**ത്തിൽ നൽകിയിട്ടുള്ളത്, കാത്യായനന്റേതിൽ നിന്ന് ഭിന്നമല്ല. ക്ഷത്രിയന്റെ ധർമ്മം വിവരിക്കുന്നതിന്റെ കൂട്ടത്തിൽ **ധനുർവേദഗ്രന്ഥത്തിൽ** ക്ഷത്രിയന്റേയും വൈശ്യന്റേയും ശൂദ്രന്റേയും കർമ്മധർമ്മങ്ങളുടെ സംക്ഷിപ്തം നൽകിയിട്ടുണ്ട്. ബ്രാഹ്മണരുടെ ധർമ്മം വിഷ്ണുപുരാണത്തിൽ നിന്ന് നമുക്കു മനസ്സിലാകും. ബ്രാഹ്മണന്റെ അതികഠിനമായ ജീവിതചര്യ മനുസ്മൃതി ചൂണ്ടിക്കാണിക്കുന്നു. ബ്രാഹ്മണൻ അധഃപതിക്കുന്നത് സ്വകർമ്മത്തിൽ നിന്ന് വ്യതിചലിക്കുമ്പോഴാണെന്ന് ഗൗതമഹർഷി വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു...

എല്ലാ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലും വളരെ വ്യക്തമായിത്തന്നെ ബ്രാഹ്മണ ക്ഷത്രിയ വൈശ്യശൂദ്ര കർമ്മധർമ്മങ്ങൾ വിവരിക്കുന്നതിന്റെ സംക്ഷിപ്തം, വിഷ്ണുധർമ്മശാസ്ത്രത്തിലെ രണ്ടാം അദ്ധ്യായത്തിൽ നൽകിയിട്ടുള്ളത് നമുക്ക് മനസ്സിലാക്കാം....

ഇത്രയും പറഞ്ഞ് ആചാര്യൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ **രണ്ടാമദ്ധ്യായത്തിലെ** പതിനേഴ് സന്ദേശങ്ങൾ ക്രമത്തിൽ വായിക്കാനായി വിദ്യാർത്ഥികളോടുനിർദ്ദേശിച്ചു.

> നാലു വർണങ്ങളുടേയും കർമ്മധർമ്മങ്ങൾ വിവരിക്കുന്നു. (1) വർണ്ണങ്ങൾ നാലെണ്ണം ബ്രാഹ്മണ - ക്ഷത്രിയ - വൈശ്യ - ശൂദ്രൻ. (2) ഒന്നാമതായി വരുന്നത് ബ്രാഹ്മണരാണ്, തുടർന്നുള്ളവർ യഥാക്രമം വരുന്നു. (3) എല്ലാവർണത്തിലും ഉൾപ്പെടുന്നവർക്ക് ഉപനയനം മുതൽ ശ്മശാനത്തിലെ അന്ത്യകർമ്മം വരെയുള്ള മന്ത്രസഹിത കർമ്മങ്ങൾ ചെയ്യിക്കേണ്ട ധർമ്മം ബ്രാഹ്മണന്റേതാണ്. (4) വർണ്ണാടിസ്ഥാനത്തിലുള്ള ധർമ്മം വിവരിക്കാം. (5) വേദഗ്രന്ഥങ്ങൾ, ശാസ്ത്ര ഗ്രന്ഥങ്ങൾ, ജ്ഞാനവിജ്ഞാന ഗ്രന്ഥങ്ങൾ ഇവ പഠിച്ച് പഠിപ്പിക്കുന്നവരെയാണ് ബ്രാഹ്മണരായി കണക്കാക്കുന്നത്. (6) ശാസ്ത്രാനുസാരം രാഷ്ട്രത്തെ സംരക്ഷി



Scanned with CamScanner

ക്കുന്നവ്യക്തിയെയാണ് ക്ഷത്രിയനെന്നുപറയുന്നത്. (7) കൃഷി, പശുപരിപാലനം, വ്യവസായം എന്നിവ ചെയ്യുന്നവർ വൈശ്യരായി അറിയപ്പെടുന്നു. (8) മറ്റെല്ലാകർമ്മങ്ങളും ശൂദ്രവൃത്തിയുടെ ഭാഗമായി വരുന്നു. (9) പഠിച്ച് പഠിപ്പിക്കുന്നവരെ ദ്വിജന്മാരായി അറിയപ്പെടുന്നു. (10) ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രരുടെ പ്രവൃത്തികൾ വിവരിക്കട്ടെ. (11) ബ്രാഹ്മണന്റേത് പഠിച്ച് പഠിപ്പിച്ച് കൊടുക്കൽ. (12) ഭൂമിയുടെ/രാഷ്ട്രത്തിന്റെ രക്ഷ ക്ഷത്രിയന്റെ പ്രവൃത്തി. (13) കൃഷി, പശുപരിപാലനം, വാണിജ്യം, മറ്റുതരത്തിലുള്ള മൃഗപക്ഷികളുടെ പരിപാലനവും വൈശ്യന്റേത്. (14) എല്ലാ ശിൽപവേലകളും നിർമ്മാണ പ്രവർത്തനങ്ങളും ശൂദ്രന്റേതുമാകുന്നു. (15) ആപത് കാലങ്ങളിലും, അത്യാവശ്യഘട്ടങ്ങളിലും ഇവയെല്ലാം മാറ്റിയും പ്രവർത്തിക്കാവുന്നതാണ്. വർണധർമ്മങ്ങൾക്കൊന്നും ആപത്ഘട്ടങ്ങളിൽ സാധുതയില്ല. **(2 : 1 - 15)**

**(ബ്രാഹ്മണന് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതായ പ്രത്യേകതകൾ ഇതെല്ലാമാണ്)**

(16) ക്ഷമാ, സത്യം, പക്വത, വൃത്തി, ദാനകർമ്മം ഇന്ദ്രിയ സംയമനം, അഹിംസാ, ഗുരുശുശ്രൂഷ, തീർത്ഥാടനം, ദയ. (17) ഇച്ഛാശക്തി, പിശുക്കില്ലായ്മ, ദേവന്മാരേയും ശ്രേഷ്ഠരേയും പൂജിക്കൽ, അസൂയ ഇല്ലായ്മ ഇത്രയുമാണ് ബ്രാഹ്മണർ എന്ന വിഭാഗത്തിൽപെടുവാൻ ഉണ്ടായിരിക്കേണ്ടതായ യോഗ്യതകൾ. ഈ ഗുണങ്ങളില്ലാത്തവർ ബ്രാഹ്മണപദവിക്കർഹരല്ല മാതാപിതാക്കൾ ബ്രാഹ്മണരായാലും ഈ ഗുണവിശേഷങ്ങളില്ലാത്തമക്കൾ ബ്രാഹ്മണരല്ല. **(2 : 16, 17)**

എല്ലാവരും മനുഷ്യരാണെന്നതും അതിൽ വർഗവർണഭാഷാ വ്യത്യാസങ്ങളില്ലെന്നതും സത്യം മാത്രമാണ്. ഗീതയിലേയും ഉപനിഷത്തുക്കളിലേയും വരികളും അതുപോലെയുള്ള എല്ലാസന്ദേശങ്ങളും സംശയാതീതമാം ശരിയാണുതാനും. പ്രായോഗിക ജീവിതത്തിൽ നമുക്കു ജന്മം നൽകിയ പുരുഷനെ നാം പിതാവ് എന്നു വിളിക്കുന്നു, സ്ത്രീയെ നമ്മൾ മാതാവെന്നും വിളിക്കുന്നു? ഇവർ വെറും മനുഷ്യരായിട്ടും നാം എന്തുകൊണ്ടവരെ അങ്ങിനെ വിളിക്കുന്നു. നമ്മളെ ഭരിക്കുന്നവർക്കു നമ്മെ അറിഞ്ഞുകൂടാ എന്നാലും ഭക്ത്യാദരവോടെ നാം അവരെ രാജാവെന്നും അദ്ദേഹത്തിന്റെ പത്നിയെ രാജ്ഞിയെന്നും വിളിക്കുന്നു. അതുപോലെ വ്യക്തമായ ഓരോ കർമ്മവും സ്വധർമ്മമായിട്ടനുശാസിക്കുന്നവർക്ക് നൽകിയിട്ടുള്ള നാമധേയമാണ് ബ്രാഹ്മണൻ, ക്ഷത്രിയൻ,..... എന്നീപ്രകാരം. ഒരു ക്ഷത്രിയൻ, ബ്രാഹ്മണൻ ചെയ്യു



Scanned with CamScanner

ന്നത് സ്വധർമ്മമായിട്ടനുശാസിക്കുവാൻ തുടങ്ങിയാൽ അയാൾ ബ്രാഹ്മണനാണ് ഈ വരി ശ്രദ്ധിക്കൂ.

**ശൂദ്രോ/പിശീല സമ്പന്നോ ബ്രാഹ്മണാത് ഗുണവാൻ ഭവേത്.**
**ബ്രാഹ്മണോ/പി ക്രിയാഹീനഃ ശൂദ്രാത് പ്രത്യവരോ ഭവേത്.**

സമ്പന്നമായശീലം കൊണ്ട് ഏതുശൂദ്രനും ബ്രാഹ്മണനേക്കാൾ ഉയരാം, കർമ്മം ചെയ്യാത്ത ബ്രാഹ്മണൻ ശൂദ്രനേക്കാളെത്രയോ താഴെയാണ്...

ഇനിയും ശ്രദ്ധിക്കുക ക്ഷത്രിയനായിരുന്ന വിശ്വാമിത്രൻ, ബ്രഹ്മഋഷി പദവിയിലേക്കുയർന്നില്ലേ. യാദവനായിരുന്നില്ലേ ശ്രീകൃഷ്ണൻ, ക്ഷത്രിയനായിരുന്നു ശ്രീരാമൻ, മുക്കുവവംശത്തിലല്ലേ വേദവ്യാസന്റെ ജനനം... ഇവരാരും താഴ്ന്നവരായിരുന്നില്ല. നാമനുഷ്ഠിക്കുന്ന യാഗകർമ്മങ്ങളെഴുതിയത് കുലാലനായ (കുടമുണ്ടാക്കുന്നവനായ മഹീദാസ ഐതരേയനാണ്. അദ്ദേഹമാണ് ഐതരേയാരണ്യകവും ഐതരേയ ഉപനിഷത്തും, മഹൈതരേയ ഉപനിഷത്തും, എഴുതിയത്. കാട്ടാളനായിരുന്ന രത്നാകരനല്ലേ വാത്മീകി മഹർഷിയായിട്ടുയർന്നത്.... ഇതെല്ലാം വിശകലനം ചെയ്തു നോക്കൂ. ഇവിടെ കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ് മാനവരാശിയെ നാലാക്കിത്തിരിച്ചിരിക്കുന്നതും. ഈ സർവകലാശാലയിൽ പഠനത്തിന്നായി ചേർന്നിരിക്കുന്ന ഒരു വിദ്യാർത്ഥിയോടും അവന്റെ വർണമേതെന്നു ചോദിച്ചിട്ടില്ല. അതിനാൽ കർമ്മത്തിന്റെ അടിസ്ഥാനത്തിലുള്ള വിഭജനം ന്യായമെന്നും പ്രായോഗികമെന്നും തോന്നുന്നുവെങ്കിൽ സ്വീകരിക്കുക അല്ലെങ്കിൽ തിരസ്കരിക്കുകയുമാകാം. എല്ലാവർക്കും, അവർ ബ്രാഹ്മണരായാലും അല്ലെങ്കിലും അവരെല്ലാം ഓരോ ഋഷികുലത്തിൽ ജനിച്ചവരായതുകൊണ്ട് എല്ലാ ഭാരതീയർക്കും ഗോത്രവും-സൂത്രവും-പ്രവരവുമുണ്ട്. ഈ മൂന്നും ഋഷിവര്യന്മാരുടെ പേരിലറിയപ്പെടുന്നതുമാണ്." ഇത്രയും വിവരിച്ചതു കേട്ടപ്പോൾ എല്ലാ വിദ്യാർത്ഥികളുടെ മനസ്സിലും നിലനിന്നിരുന്നസംശയം തീർന്നതായി എനിക്കു തോന്നി.

## ഭാഗം - 2 : വ്യവഹാര കാണ്ഡം

**രാജാവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള രാജധർമ്മാചാര്യന്റെ വിവരണം**

"ഒരു രാഷ്ട്രത്തിന്റെ നിലനിൽപും, വളർച്ചയും, തളർച്ചയും, നാശവും എല്ലാം പ്രജകളുടെ കർമ്മധർമ്മങ്ങളുടെ ലക്ഷ്യവും മാർഗവും അനുസരിച്ചിരിക്കുമെങ്കിലും, അവയെല്ലാം ജീവിതത്തിൽ പ്രായോഗികമാക്കുന്നത് ഭരണത്തിന്റെ തലപ്പത്തിരിക്കുന്നവരാണ്. ഭരണസാരഥ്യം പൂർണമായും രാജാവിൽ നിക്ഷിപ്തമാണ്. ഒരുരാഷ്ട്രത്തിൽ എത്ര പ്രഗത്ഭന്മാരുണ്ടെങ്കിലും, ആ രാഷ്ട്രം അറിയപ്പെടുന്നത് മിക്കവാറും



Scanned with CamScanner

അതുഭരിക്കുന്ന രാജാവ് മഹത്വമുള്ളവനാണെങ്കിൽ അദ്ദേഹത്തിന്റെ പേരിലായിരിക്കും. നമ്മുടെ മാതൃഭൂമിക്ക് ഭാരതം എന്നു പേരുവരാൻ കാരണം ഭരതൻ ഭരിച്ചതിനാലാണ്. ഭൂമിക്ക് പൃഥ്വി എന്ന പേര് വരാൻ കാരണം പൃഥു ചക്രവർത്തി ഭരിച്ചതിനാലാണ്. രാമരാജ്യം എന്ന നാമധേയം തന്നെ ധർമ്മത്തെ സൂചിപ്പിക്കുന്നു. അർജ്ജുനനോട് അധർമ്മത്തെ നശിപ്പിച്ച് ധർമ്മത്തിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രം സ്ഥാപിക്കാനാണ് ശ്രീകൃഷ്ണൻ ഉപദേശിച്ചത്. ഒരു രാഷ്ട്രത്തിൽ രാജാവിനെ സഹായിക്കാൻ നൂറുകണക്കിന് ഉദ്യോഗസ്ഥരുണ്ടെങ്കിലും, രാജാവ് സിംഹാസനത്തിൽ വിരളമായിട്ടേ ഇരിക്കാറുള്ളൂവെങ്കിലും, ഭരണത്തെക്കുറിച്ച് ഒന്നും അറിയാത്തവനാണെങ്കിലും, ആ രാജ്യത്തിന്റെ പ്രതിനിധിയായി, ഭരണാധികാരിയായ രാജാവിനെയായിരിക്കും ലോകം അറിയപ്പെടുന്നത്. രാജാവ് നശിച്ചാൽ പ്രജകൾ നശിക്കും യഥാ രാജാ തഥാ പ്രജാ എന്ന പ്രയോഗം ഇക്കാരണത്താലാണുണ്ടായത്.

രാജഭരണത്തെക്കുറിച്ചും രാജാവിന്റെ ഗുണങ്ങളെക്കുറിച്ചും ഭീഷ്മ പിതാമഹൻ ശരശയ്യയിൽ കിടന്നുകൊണ്ട് ധർമ്മപുത്രരോടുപദേശിക്കുന്നുണ്ട്. അത് ധർമ്മശാസ്ത്രത്തിന്റെ സമുജ്ജ്വലമായ അധ്യായമാണ്. ധർമ്മശാസ്ത്രം ചൂണ്ടിക്കാണിക്കുന്നതുശ്രദ്ധിക്കൂ: ഒരു സ്ത്രീ, ഒരു പുരുഷന്റേയും സഹായമില്ലാതെ സർവാഭരണഭൂഷിതയായി രാത്രിസമയത്തുപോലും ഒറ്റക്കു സഞ്ചരിക്കുവാൻ ധൈര്യപ്പെടുന്നവിധത്തിലാണ് രാജാവ് രാഷ്ട്രം ഭരിക്കേണ്ടത് എന്ന്.

യജ്ഞവൽക്യ മഹർഷി യജ്ഞവൽക്യ സ്മതിയിലും, മനു മനുസ്മൃതിയിലും ഗൗതമനും, ബൗധായനനും, യോഗേശ്വരനും, വസിഷ്ഠനും ദക്ഷപ്രജാപതിയും, നാരദനും, ആപസ്തംബനും, ബൃഹസ്പതിയും, കാത്യായനനും, വ്യാസനും വളരെ വ്യക്തമായിത്തന്നെ അവരവരുടെ പേരിലറിയപ്പെടുന്ന സ്മൃതിഗ്രന്ഥങ്ങളിലും, രാജധർമ്മം വിവരിച്ചിട്ടുണ്ട്. ഇവയിലെ ഒരു വിവരണവും പരസ്പരം വിരുദ്ധമല്ല. എല്ലാം പരസ്പരം പൂരകങ്ങളാണ്. രാജധർമ്മത്തെക്കുറിച്ച് മനുസ്മൃതിയിൽ വിവരിച്ചിരിക്കുന്നതുപോലെ മറ്റൊരു ഗ്രന്ഥത്തിലും വിവരിച്ചിട്ടില്ല. ദേശകാലാതീതമാണ് അവയിലെ ഓരോ നിർദ്ദേശവും, സഹസ്രാബ്ദങ്ങൾ കഴിഞ്ഞ് ലോകത്ത് ജനാധിപത്യ വ്യവസ്ഥകൾ വരുമ്പോഴും ഈ ഗ്രന്ഥങ്ങളിലെ വരികളും നിർദ്ദേശങ്ങളും സമകാലീന പ്രസക്തമല്ലെന്ന് ഒരു പണ്ഡിതനും വാദിക്കുകയില്ലതന്നെ. അനവധി ഗ്രന്ഥങ്ങൾ രാജധർമ്മത്തെക്കുറിച്ചുവിവരിക്കുന്നുണ്ട്. അവയിൽ രണ്ട് ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവുമുൾപ്പെടുന്നു. കൂടാതെ വിഷ്ണുപുരാ



Scanned with CamScanner

ണത്തിലും ഈ വിവരണങ്ങളുണ്ട്. ഇനി നമുക്ക് വിഷ്ണുധർമ്മശാസ്ത്രത്തിലെ മൂന്നാം അദ്ധ്യായത്തിലെ ആദ്യത്തെ ഇരുപത്തിയേഴ് സന്ദേശങ്ങൾ കേൾക്കാം. ഈ അദ്ധ്യായത്തിൽ തൊണ്ണൂറ്റിയാറ് വരികളാണുള്ളത്.

**രാജധർമ്മവിവരണം**

(1) ഇനി രാജധർമ്മവിവരണമാണ്. (2) പ്രജാപരിപാലനം നടത്തുക. (3) വർണ ആശ്രമാടിസ്ഥാനത്തിൽ (ബ്രഹ്മചര്യം, ഗൃഹസ്ഥം........) ജീവിതം നയിക്കുന്നവർക്ക് സ്വധർമ്മം അനുഷ്ഠിച്ച് ജീവിക്കാനുള്ള അവസരം ഉണ്ടാക്കുക. (4) വന്യമൃഗങ്ങളേയും, വനസമ്പത്തുകളേയും, ദേശത്തേയും ദേശവാസികളേയും സംരക്ഷിക്കുക. (5) വൈശ്യശൂദ്രരുൾപ്പെടെ എല്ലാവർക്കും സംരക്ഷണം നൽകുക. (6) സേനയുടെ പരിരക്ഷണത്തിൽ ഭൂമി/ജലം/വൃക്ഷങ്ങൾ/മലകൾ/കുന്നുകൾ/എന്നിവ സംരക്ഷിക്കുന്ന കോട്ടക്കകത്ത് വസിച്ച് രാജാവ് രാഷ്ട്രസംരക്ഷണം നടത്തണം. (7) അവിടെയിരുന്നു ഗ്രാമാധിപന്മാരിലൂടെ വേണം ഭരണം നിർവ്വഹിക്കുവാൻ. (8) പത്ത് ഗ്രാമാദ്ധ്യക്ഷന്മാർക്ക് ഒരു ദശാദ്ധ്യക്ഷനെ വീതം വാഴിക്കണം. (9) പത്തുദശാധ്യക്ഷന്മാരെ നിയന്ത്രിക്കാൻ ഒരു ശതാധ്യക്ഷനെ വാഴിക്കണം (അവരിലൂടെ ഭരണം നടത്തണം) (10) അതിനുപരി ദേശാധ്യക്ഷനുണ്ടാകണം. (11) ഗ്രാമങ്ങളിലുള്ള പ്രശ്നങ്ങൾ ഗ്രാമാദ്ധ്യക്ഷൻ പരിഹരിക്കണം. (12) അതിനു സാധിച്ചില്ലെങ്കിൽ ഗ്രാമാദ്ധ്യക്ഷൻ ദശാധ്യക്ഷനോട് നിവേദനം നടത്തണം. (13) ദശാധ്യക്ഷനും അശക്തനാണെങ്കിൽ ശതാധ്യക്ഷനോട് അപേക്ഷിക്കണം. (14) അദ്ദേഹത്തിനും പ്രശ്നപരിഹാരം സാധിച്ചില്ലെങ്കിൽ ദേശാദ്ധ്യക്ഷനെ സമീപിക്കണം. (15) ജനങ്ങളുടെ എല്ലാത്തരത്തിലുള്ള പ്രശ്നങ്ങളും അവയെത്രതന്നെ സങ്കീർണമായാലും ദേശാധ്യക്ഷനിൽ പരിഹാരം കണ്ടെത്തിയിരിക്കണം. അതിനു മുകളിലേക്ക് പോകരുത്. (16) നാണയനിർമ്മാണം, പ്രകൃതിവിഭവസമാഹാരം, ഖജനാവ് നിലനിർത്തൽ ഇവയ്ക്കെല്ലാം അനുയോജ്യരായ വ്യക്തികളെ രാജാവ് നിയോഗിക്കണം. (17) ധാർമ്മിക കാര്യങ്ങളുടെ നടത്തിപ്പിന് ധർമ്മബോധമുള്ളവരെത്തന്നെ നിയോഗിക്കണം. (18) മറ്റുകാര്യങ്ങളുടെ നടത്തിപ്പിന് അനുയോജ്യമായ യോഗ്യതയും കഴിവുമുള്ള നിപുണരെ നിയോഗിക്കണം. (19) ശൂരന്മാരെ യുദ്ധത്തിനും (20) ഉഗ്രശക്തിയുള്ളവരെ ഉഗ്രകർമ്മങ്ങൾക്കും (21) ഷണ്ഡന്മാരെ സ്ത്രീകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും നിയോഗിക്കണം. **(3 : 1 - 21)**



Scanned with CamScanner

ഈ വരികൾ വ്യത്യസ്ഥവിദ്യാർത്ഥികളെക്കൊണ്ട് ആചാര്യൻ പലപ്രാവശ്യം വായിപ്പിക്കുകയും മറ്റുള്ളവരെക്കൊണ്ട് ഏറ്റു ചൊല്ലിക്കുകയും ചെയ്തു. നാലുപ്രാവശ്യത്തെ വായന കഴിഞ്ഞപ്പോൾ ഓരോ വരിയും സ്വയം വായിച്ച്, വിദ്യാർത്ഥികളോട് ചിന്തിക്കാനാവശ്യപ്പെട്ടു.

അവനവന് സ്വന്തം ധർമ്മം അനുശാസിക്കാനോ അനുശാസിക്കാതിരിക്കാനോ ഉള്ള ഉത്തരവാദിത്വത്തിൽ രാജാവിന് അധികാരമില്ല. പക്ഷേ ഓരോ വ്യക്തിക്കുമുള്ള വ്യക്തിധർമ്മം, കുടുംബധർമ്മം, സമൂഹധർമ്മം, രാഷ്ട്രധർമ്മം അതേ പോലെ ബ്രഹ്മചര്യ-ഗൃഹസ്ഥ-വാനപ്രസ്ഥ-സന്യാസാശ്രമധർമ്മങ്ങളും, വർണ്ണധർമ്മങ്ങളും അനുശാസിക്കാനുള്ള സ്വാതന്ത്ര്യത്തെ മറ്റുള്ളവർ ഹനിക്കുന്നത് തടയാൻ രാജാവ് അധികാരമുപയോഗിക്കണം. ആ അധികാരപ്രയോഗം രാജധർമ്മമാണ്.

ത്രേതായുഗത്തിൽ രാവണ നിഗ്രഹം ശ്രീരാമൻ നടത്തിയത് രാവണന്റെ രാഷ്ട്രത്തിൽ അധർമ്മവും അനീതിയും അന്യായവും നടക്കുന്നതുകൊണ്ടായിരുന്നു. മറ്റുള്ളവരുടെ ധർമ്മപത്നിയെ വരെ സ്വന്തം മണിയറയിലേക്ക് നിർബന്ധപൂർവം കൊണ്ടുവരാൻ തയ്യാറായ ഒരു രാജാവ് ഭരിക്കുന്ന രാഷ്ട്രത്തിൽ ധർമ്മം നിലനിർത്തേണ്ടത്, അധർമ്മത്തെ സംരക്ഷിക്കുന്നവരെ ഉന്മൂലനം ചെയ്തുകൊണ്ടുതന്നെയാണ്. അധർമ്മവും ധർമ്മവും വായുവിലോ, ജലത്തിലോ ആകാശത്തിലോ അഗ്നിയിലോ അല്ല നിലനിൽക്കുന്നത്. അതെല്ലാം നിലനിൽക്കുന്നത് മനുഷ്യന്റെ മനസ്സിലും പ്രവൃത്തിയിലും വാക്കുകളിലുമാണ്. അത് ലോകം അറിയുന്നത് ആ വ്യക്തിയുടെ പ്രവർത്തികളിലൂടെയാണ്. അധർമ്മം ചെയ്യുന്ന വ്യക്തി സാമദാന ഭേദദണ്ഡങ്ങൾ കൊണ്ടൊന്നും അധാർമ്മീക കർമ്മങ്ങളിൽ നിന്ന് വ്യതിചലിക്കാത്തതിനാലാണ്, ഭീഷ്മപിതാമഹനും, ദ്രോണാചാര്യനും, രക്തബന്ധമുള്ളവരും മറുപക്ഷത്തു നിൽക്കുന്നു എന്നറിഞ്ഞിട്ടും അവരെ നിഗ്രഹിക്കാൻ ശ്രീകൃഷ്ണൻ പാണ്ഡവർക്കു നിർദ്ദേശം നൽകിയത്......

ഒരു കുടുംബത്തെ നശിപ്പിക്കാൻ ഒരു വ്യക്തി തയ്യാറായാൽ, ആ വ്യക്തിയെ വധിച്ചെങ്കിലും കുടുംബത്തെ സംരക്ഷിക്കണം. ഒരു സമൂഹത്തെ നശിപ്പിക്കാൻ ഒരു കുടുംബം ശ്രമിച്ചാൽ ആ കുടുംബത്തിനെ നിഗ്രഹിച്ച് സമൂഹത്തെ രക്ഷിക്കണം. ഒരു സമൂഹം, രാഷ്ട്രത്തിന്റെ നിലനിൽപ്പിനു ഭീഷണിയായാൽ ആ സമൂഹത്തെ ഉന്മൂലനം ചെയ്ത് രാഷ്ട്രത്തെ സംരക്ഷിക്കണം. ഒരു രാജാവും, അദ്ദേഹം ഭരിക്കുന്ന ദേശവും ആ ദേശത്തിന്റെ ഭരണകൂടവും രാഷ്ട്രത്തിന്റെ നിലനിൽപിനേയും ഐക്യത്തേയും നശിപ്പിച്ചാൽ രാഷ്ട്രത്തെ ധാർമ്മികമായി രക്ഷിക്കാൻ വേണ്ടതു ചെയ്യുന്നതാണ് ധർമ്മം. ഇതാണ് മഹാനായ



Scanned with CamScanner

ചണകാചാര്യന്റെ പുത്രൻ തക്ഷശിലയിലെ പവിത്രഭൂമിയിലിരുന്നു. രാജ്യത്തിലെ ജനങ്ങളോ, രാജഗുരുക്കന്മാരോ, മന്ത്രിമാരോ, അമാത്ത്യരോ ആണ് രാജാക്കന്മാരെ നേർവഴിക്കു നയിക്കേണ്ടത്. ഇവർക്കാർക്കും അതു സാധിച്ചില്ലെങ്കിൽ പ്രകൃതിക്ക് അതിന്റേതായ മാർഗമുണ്ട്. അതാണ് രാവണനിഗ്രഹവും, ബാലിനിഗ്രഹവും, കംസ വധവും, ഹിരണ്യകശിപുവധവുമെല്ലാം പുരാണ കഥകളിലൂടെയാണെ ങ്കിലും നമ്മെ പഠിപ്പിക്കുന്നത്. ഇപ്രകാരം വധിക്കപ്പെട്ടവരെല്ലാം ശക്ത രായിരുന്നു. ആർക്കും പരാജയപ്പെടുത്താനോ വധിക്കാനോ സാധ്യമ ല്ലാത്ത വിധത്തിലുള്ള വരം ലഭിച്ചവരുമായിരുന്നു. എങ്കിലും അവർക്കും അധർമ്മത്തിന്റെ ഫലമായി കാലയവനികക്കുള്ളിലേക്ക് കാലം തിക യുന്നതിനു മുമ്പുതന്നെ പോകേണ്ടിവന്നു. ഒരു രാഷ്ട്രത്തേയും ആക്ര മിക്കാത്ത ഭാരതത്തെ ആക്രമിച്ച അലക്സാണ്ടറുടെ അന്ത്യവും ഏതാനും സംവത്സരങ്ങൾക്കുള്ളിൽ നടന്നതെങ്ങിനെയെന്ന് മനസ്സി ലാക്കണം. രാജധർമ്മാചാര്യൻ കൂടുതൽ ഉദാഹരണങ്ങളിലൂടെ വിദ്യാർത്ഥികളുടെ സംശയങ്ങളെല്ലാം നിവർത്തിച്ച് വിടവാങ്ങി. പൂർവ കാലവും, വർത്തമാനകാലവും വിശകലനം ചെയ്ത്, യാഥാർത്ഥ്യങ്ങ ളും, ചരിത്രവും, ചരിതവും, സംഭവങ്ങളും, കഥകളും ചേർത്തുവേണം ധർമ്മാധർമ്മങ്ങൾ പഠിക്കാനും പഠിപ്പിക്കാനും.

**കരംപിരിക്കലും രാജധർമ്മവും**

(22) കാർഷിക ഉൽപന്നങ്ങളിൽ നിന്ന് 6% നികുതി പ്രതിവർഷം ഈടാക്കണം. (23) മറ്റു സസ്യ-വൃക്ഷ ഉത്പന്നങ്ങളിൽ നിന്നും 6% നികുതി തന്നെ പിരിക്കണം. (24) മൃഗ-പക്ഷി വർഗ ഉല്പന്ന ങ്ങളിൽ നിന്ന് 2% നികുതി പിരിക്കണം, അതുപോലെ സ്വർണം, വസ്ത്രം എന്നിവയ്ക്കും. (25) മാംസം, തേൻ, നെയ്യ്, ഔഷധി, സുഗന്ധ ഇലകൾ, ഖനികൾ, മണ്ണ്, കളിമണ്ണ്, ഇവയിൽ നിന്നും 6% നികുതി പിരിക്കണം.

(26) ശ്രേഷ്ഠന്മാരായ പണ്ഡിതന്മാർക്ക് ഭൂമിയും ദ്രവ്യങ്ങളും കര മൊഴിവാക്കി കൊടുക്കണം. (27) അവർ രാജകർമ്മങ്ങൾ നിർവ ഹിക്കുകയാണെങ്കിൽ മാത്രമേ കരമൊഴിവാക്കേണ്ടതുള്ളൂ. (28) നികുതി വരുമാനത്തിന്റെ 6% സുഖത്തിലും ദുഃഖത്തിലും രാജാ വിന് സ്വകർമ്മങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. (29) സ്വദേ ശത്തിൽ വിൽക്കുന്ന എല്ലാ വിദേശ വസ്തുക്കൾക്കും 10% നികുതി ഈടാക്കണം. (30) വിദേശ വസ്തുക്കൾക്ക് 20% നികുതി ചുമത്ത ണം. (31) നികുതി പിരിക്കുന്ന കേന്ദ്രവും വ്യക്തികളും ശക്ത മായ സംരക്ഷണത്തിലായിരിക്കണം സ്വകർമ്മം ചെയ്യേണ്ടത്. (32)



Scanned with CamScanner

ആശാരിമാർ, ശില്പികൾ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നവർ മാസത്തിലൊരുദിവസം രാജ-രാഷ്ട്ര കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ നികുതി പ്രവൃത്തിയായി നൽകണം (അതായത് 3.3% സേവന നികുതി) **(3:22-32)**

"എല്ലാ ബ്രാഹ്മണർക്കും, സ്വാർത്ഥജീവിതം നയിക്കുന്നവർക്കും കരമൊഴിവായിനൽകാറില്ല. രാഷ്ട്രസേവനവും പ്രജാസേവനവും, ആത്മീയ ഉന്നമനത്തിലേക്ക് ജനതയെ നയിക്കുന്നകർമ്മവും നിസ്വാർത്ഥമായി ചെയ്യുന്ന ബ്രാഹ്മണർക്കു മാത്രമേ ഈ ആനുകൂല്യമുള്ളൂ. സുഖത്തിലും ദുഃഖത്തിലും രാജാവിന്റെയും, കുടുംബാംഗങ്ങളുടേയും, സുരക്ഷയുമെല്ലാം രാജാവിന്റെ ചിലവായി കണക്കാക്കിയാണ് തൊണ്ണൂറ്റി നാലു ശതമാനം രാഷ്ട്രത്തിനും ആറു ശതമാനം രാജാവിനുമായി നീക്കിവെച്ചിരിക്കുന്നത്......"

രാജാവിന്റെ കർമ്മധർമ്മങ്ങളെക്കുറിച്ചുള്ള വിവരണങ്ങളായിരുന്നു തുടർന്ന് ആചാര്യൻ നൽകിയത്. അതു വിഷ്ണുധർമ്മശാസ്ത്രത്തിലെ തന്നെ **മൂന്നാം അദ്ധ്യായത്തിലെ മുപ്പത്തിമൂന്നു മുതൽ അമ്പത്തിമൂന്നു വരെ ശ്ലോകങ്ങളും സൂത്രങ്ങളും** വായിച്ചതിനുശേഷമായിരുന്നു രാജകർമ്മം വിവരിച്ചത്.

(33) രാജകർമ്മ്ങ്ങളനുഷ്ഠിക്കുന്നതിന്റെ ചുമതലയുള്ളവർ, മന്ത്രിമാർ, കോട്ടസംരക്ഷണത്തിന്റെ അധികാരി, ഖജനാവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ, ശിക്ഷനടപ്പിലാക്കുന്ന ജഡ്ജി ഇവർ നിർബന്ധമായും അഗാധമായ രാഷ്ട്രഭക്തിയുള്ളവരായിരിക്കണം. (34) അവരെക്കുറിച്ച് അപവാദം പറയുന്നവരെ ശിക്ഷണം. (35) സ്വന്തം രാഷ്ട്രത്തിലുള്ള പൗരന്മാരേയും, ഉദ്യോഗസ്ഥരേയും, വിദേശരാഷ്ട്രങ്ങളിൽ നിന്നു വരുന്നവരേയും ചാരന്മാരാൽ നിരീക്ഷണത്തിനു വിധേയമാക്കികൊണ്ടേയിരിക്കണം. (36) സാധുക്കളേയും സജ്ജനങ്ങളേയും സന്യാസിമാരേയും സംരക്ഷിക്കണം. (37) ദുഷ്ടന്മാരായവരെ നിഗ്രഹിക്കുകയോ നിശ്ശേഷം ഉന്മൂലനം ചെയ്യുകയോ വേണം. (38) ശത്രുക്കൾ, മിത്രങ്ങൾ, ഉദാസീനർ, എന്നിവരെ സാമദാനഭേദ ദണ്ഡങ്ങളാൽ വേണ്ടതെല്ലാം യഥാസമയം യഥാകാലം ചെയ്യണം. (39) ചിലരോട് സന്ധി, ചിലരോട് യുദ്ധം, ചിലരോട് ചേർന്നുള്ള പ്രയാണം, ചിലരുമായി ഒരുമിച്ചുള്ള ജീവിതം, ചിലരോട് വ്യത്യസ്ഥ തരത്തിലുള്ള വീക്ഷണം, ഇപ്രകാരമൊരു കർമ്മചര്യ കലാകാലം വ്യത്യസ്ഥ വ്യക്തികളോട് സഹകരിക്കുമ്പോൾ ശ്രദ്ധിച്ചുപ്രയോഗിക്കണം. (ദേശവും കാലവുമറിഞ്ഞ് വേണ്ടരീതിയിൽ വ്യക്തികളോടും സംഭവങ്ങളോടും പ്രതികരിക്കണം) **(3 : 33 - 39)**



Scanned with CamScanner

**രാജാവിന്റെ വിദേശ പര്യടനം**

> (40) ചൈത്രം മാർഗശീർഷം (ഏപ്രിൽ - മേയ്) മാസങ്ങളിൽ രാജാവ് ദേശവിദേശ യാത്രയ്ക്ക് പോകണം. (41) മറ്റൊരു രാജ്യത്തിൽ ദുഃഖം /പ്രകൃതിക്ഷോഭം / രാജമരണം / എന്നിവയുണ്ടാകുമ്പോഴും (ബന്ധമുറപ്പിക്കാൻ) ജനതയുടെ ദുഃഖമറിയിക്കാനായി ആ ദേശത്തേയ്ക്ക് യാത്ര ചെയ്യണം. (42) വിദേശയാത്രവേളയിൽ ആ ദേശത്തിലെ ഒരു ധർമ്മത്തോടും അനാദരവുകാണിക്കരുത്. (43) വിദേശികൾ സ്വദേശ സന്ദർശനത്തിനുവരുമ്പോഴും സർവ്വാത്മനാ സ്വീകരിക്കണം. (അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മാനിക്കണം (44) സ്വരാഷ്ട്രസംരക്ഷണത്തിനുള്ളയുദ്ധത്തിൽ യുദ്ധക്കളത്തിൽ വീണുമരിക്കുന്നത്രയും മഹത്തായധർമ്മം പോലെ രാജാവിന് മറ്റൊന്നില്ല. (45) ശ്രേഷ്ഠന്മാരേയും, പശുമൃഗാദികളേയും, ധനത്തേയും, സ്ത്രീകളേയും, എല്ലാ പ്രകാരത്തിലും സംരക്ഷിക്കേണ്ടതായ വ്യവസ്ഥകളുണ്ടാക്കേണ്ടതായ ധർമ്മം രാജാവിന്റേതാണ്. (46) പലവർണങ്ങളിലുള്ളവരുടെ സങ്കരത്വം ഉണ്ടാകാതിരിക്കേണ്ടതും രാജധർമ്മമാണ്. (47) രാജാവ് മറ്റൊരു രാജ്യത്തിലേക്കുപോകുമ്പോൾ കുലീനത നിലനിർത്തണം. (48) രാജകുലശ്രേഷ്ഠതയിൽ നിന്നകലരുത്. (49) കുലീനരാജവംശജരുമായി മാത്രമേ ചേരുകയും സഹവസിക്കുകയും ചെയ്യാവൂ. (50) മറ്റൊരു രാജ്യത്തിൽ പര്യടനവേളയിൽ നായാട്ടിനു പോകരുത്. സ്ത്രീകളുമായി സഹവസിക്കരുത്, മദ്യപാനം ചെയ്യരുത്. (51) പരുഷമായി സംസാരിക്കുകയോ അവിടത്തെ ശിക്ഷാനിയമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയോ അരുത്. (52) സ്വദേശത്തിലെ സാമ്പത്തിക കാര്യങ്ങൾ രഹസ്യമായിപോലും സംസാരിക്കരുത്. (53) ആ ദേശങ്ങളിലെ നിയമമനുസരിക്കാത്ത വഴികളിലൂടെയോ വാതിലുകളിലൂടെയോ പ്രവേശനദ്വാരത്തിലൂടെയോ നടക്കരുത്. (3 : 40 - 53)

ഇത് പല ആവർത്തി വായിച്ച വിദ്യാർത്ഥികൾക്ക് അതു മനസ്സിലാക്കുവാൻ അല്പം പോലും വിഷമം തോന്നിയില്ല. ലളിതവരികളായിരുന്നു ഗ്രന്ഥത്തിൽ തന്നെയുള്ളത്.

എല്ലാവർക്കും വളരെയേറെ അഭിമാനം തോന്നിയത്; ഒരു രാഷ്ട്രത്തിന്റെ ഭരണച്ചുമതലയുള്ളരാജാവ് ഉയർന്ന ഉത്തരവാദിത്വമുള്ള പദവികളേൽപ്പിക്കുന്നവരെ എപ്രകാരം ശ്രദ്ധിച്ചുപരിശോധിക്കണമെന്നതിനെക്കുറിച്ചുള്ള വിവരണത്തിലായിരുന്നു. ചാരന്മാരുടെയും പ്രത്യേക അന്വേഷണോദ്യോഗസ്ഥരുടേയും കർമ്മധർമ്മങ്ങളെക്കുറിച്ചുള്ള വരി



Scanned with CamScanner

കൾ എല്ലാ ദേശത്തിനും എല്ലാ കാലഘട്ടത്തിനും അനുയോജ്യമാണെന്ന് ആചാര്യൻ സമർത്ഥിച്ചു. ശത്രുക്കളേയും, മിത്രങ്ങളേയും, ബലവാന്മാരേയും, അശക്തരേയും, ഓരോരാജാവും കൈകാര്യം ചെയ്യേണ്ടരീതി ആചാര്യൻ വിവരിച്ചത്, അർത്ഥ ശാസ്ത്രവും നീതിസാരവും രചിച്ച ചാണക്യൻ അലക്സാണ്ടറോട് ഏറ്റുമുട്ടാൻ ഓരോ രാജാവിനേയും തയ്യാറാക്കിയ രീതികളുദാഹരണമായി വിവരിച്ചുകൊണ്ടായിരുന്നു. ഓരോ ദേശത്തിലേയും ഭരണാധികാരി വിദേശസന്ദർശനം നടത്തേണ്ട കാലവും രീതിയും വിവരിക്കുന്നതു കേട്ടപ്പോൾ പലരാജ്യങ്ങളിലും യാത്ര ചെയ്ത അനുഭവസമ്പത്തുള്ള ഒരു രാജാവുതന്നെ ഈ ധർമ്മശാസ്ത്രമെഴുതിയതുപോലെയായിരുന്നു. രാജാവ് വിദേശത്തേക്കുപോകുമ്പോഴും വിദേശരാജാവ് സ്വദേശത്തേക്ക് വരുമ്പോഴും രാഷ്ട്രത്തലവന്മാർ ചെയ്യേണ്ടതായ ദൗത്യങ്ങളിൽ പ്രായോഗികപരിശീലനം പോലെയുള്ള വിവരണമാണ് ഈ പഠന പ്രഭാഷണത്തിലൂടെ ലഭിച്ചത്. മറ്റെല്ലാരാജ്യത്തും രാജാവ് സൈന്യങ്ങളെകൊണ്ടു യുദ്ധം ചെയ്യിച്ച്, ഉന്നതപദവിയിൽ ഉപവിഷ്ഠനായി വേദനിക്കാതെ ഭരണം നടത്തുമ്പോൾ ഭാരതത്തിലെ രാജാക്കന്മാർ വീരസ്വർഗം ലഭിക്കുവാൻ യുദ്ധക്ഷേത്രത്തിൽ മരിച്ചുവീഴുന്നത്. പുണ്യമാണെന്നുകരുതുന്നതിനെ ആചാര്യൻ എടുത്തുപറഞ്ഞു വിവരിച്ചു. ഓരോ രാജാവും സ്വദേശം വിട്ടുപോകുമ്പോഴും വിദേശമണ്ണിൽ ജീവിക്കുമ്പോഴും അനുശാസിക്കേണ്ടതായനിർദ്ദേശങ്ങൾ വ്യക്തമായി പ്രത്യേകം വിവരിച്ചിരിക്കുന്നതും ആചാര്യൻ പ്രത്യേകം ചൂണ്ടിക്കാണിച്ചു.

മൂന്നുതരത്തിലുള്ള അർത്ഥങ്ങളാണ് ഒരു വാചകത്തിനുള്ളതെന്ന് ആചാര്യൻ ചൂണ്ടിക്കാണിച്ചു. വാച്യാർത്ഥം; ഓരോവാക്കിന്റെയും അർത്ഥം ഒരുമിച്ചു ചേർത്ത് മനസിലാക്കുന്നത്. വ്യംഗ്യാർത്ഥം; ഓരോ വരിയിലും അന്തർലീനമായിരിക്കുന്ന സന്ദേശം. ലക്ഷ്യാർത്ഥം; ഓരോ വരി പറയുമ്പോഴും ഉപദേശിക്കുമ്പോഴും ലക്ഷ്യമിടുന്ന അർത്ഥം. ഇത് വിവരിച്ചതിനുശേഷം ആചാര്യൻ പറഞ്ഞു. ധർമ്മശാസ്ത്രത്തിലെ വരികൾക്ക് വാച്യാർത്ഥം തന്നെയാണ് ലക്ഷ്യാർത്ഥവും. ഈ വരികളിലൊന്നിലും വ്യംഗ്യാർത്ഥമില്ല. ഈ വരികൾ സമർത്ഥിക്കാനും വ്യാഖ്യാനിക്കാനും എല്ലാ സന്ദേശങ്ങൾക്കുമിടക്ക് മനുസ്മൃതിയിലെ സമാന്തരവരികൾ ഉദ്ധരിക്കുന്നുണ്ടായിരുന്നു. കൂടാതെ ബൗധായനൻ, വസിഷ്ഠൻ എന്നിവരുടെ ധർമ്മശാസ്ത്രങ്ങളിൽ വിവരിക്കുന്ന രാജധർമ്മവും ആചാര്യൻ പലപ്രാവശ്യം വിവരണങ്ങൾക്ക് വ്യാപ്തം കൂട്ടാനായി പ്രായോഗികതലത്തിൽ പ്രദർശിപ്പിച്ചുകൊണ്ടു വിവരിച്ചു.

രാജധർമ്മത്തെക്കുറിച്ചുള്ള പഠനവേദിയിലേക്ക് അടുത്തദിവസവും.



Scanned with CamScanner

എല്ലാവരും പരസ്പരം വന്ദിച്ചു സ്വസ്ഥാനത്ത് ഉപവിഷ്ടരായി. ആചാര്യൻ വിവരിച്ചത് നിധി ലഭിക്കുന്നതിനെക്കുറിച്ചാണ്. നിധി ലഭിക്കുകയാണെങ്കിൽ അത് തർക്കത്തിന് വിധേയമാകാതെ ലളിതമായി വീതിച്ചെടുക്കേണ്ടതും, വീതിച്ചുകൊടുക്കേണ്ടതും ഖജനാവിലടക്കേണ്ടതും, വ്യത്യസ്ഥ വിഭാഗം ജനങ്ങൾക്ക് നിധി ലഭിക്കുമ്പോൾ അതെങ്ങിനെയെല്ലാം കൈകാര്യം ചെയ്യണമെന്നുള്ളതിനെക്കുറിച്ചുമാണ്. ലഭിക്കുന്ന നിധി പൊതുജനങ്ങൾക്കും പാവങ്ങൾക്കും വീതിച്ചുകൊടുക്കുന്നവേളയിൽ പോരാതെ വരുന്ന തുക ഖജനാവിൽ നിന്നെടുത്ത് വീതിക്കുവാനുള്ള നിർദ്ദേശം ഈ ദേശത്തു മാത്രമേയുണ്ടായിട്ടുള്ളൂ. നിധി ലഭിക്കുന്നതിന്റെ സ്വഭാവത്തെക്കുറിച്ചും, അത് കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും, അതെപ്രകാരമാണ് ഖജനാവുമായി ബന്ധപ്പെടുന്നത് എന്നതിനെക്കുറിച്ചും വ്യക്തമായി ഗൗതമധർമ്മശാസ്ത്രത്തിൽ വിവരിക്കുന്നുണ്ട്. യോഗേശ്വര സ്മൃതിയിലെ വിവരണവും വ്യത്യസ്ഥമല്ല. മനുസ്മൃതിയിലാകട്ടെ ഓരോ വിഭാഗത്തിനും ലഭിക്കുന്ന നിധിയെക്കുറിച്ചും ഓരോ തരത്തിലുള്ള നിധിയെക്കുറിച്ചും സവിസ്തരം വിവരിക്കുന്നതും തത് വിഷയത്തിൽ കൂടുതൽ അറിവു നേടാനാഗ്രഹിക്കുന്നവർക്ക് പ്രയോജനപ്രദമായിരിക്കുമെന്നാചാര്യൻ സൂചിപ്പിച്ചു.

**രാജ്യസമ്പത്ത്, നിധി, രാജധർമ്മം**

(54) അർഹിക്കാത്തവന് ആവശ്യമില്ലാത്തത് നൽകരുത്. (55) എന്നും ഖജനാവ് നിറയ്ക്കാൻ ശ്രമിക്കണം. (56) നിധി ലഭിച്ചാൽ അതിൽ പകുതി ശ്രേഷ്ഠന്മാർക്കും, പണ്ഡിതന്മാർക്കും അതുമായി ബന്ധപ്പെട്ടതിനും ചിലവഴിക്കണം. (57) ബാക്കി പകുതി ഖജനാവിൽ നിക്ഷേപിക്കണം. (58) ശ്രേഷ്ഠന്മാർക്കും പണ്ഡിതന്മാർക്കുമാണ് (ബ്രാഹ്മണർക്ക്) നിധി ലഭിച്ചതെങ്കിൽ അത് ധർമ്മപ്രചരണത്തിന് മാത്രമായി വിനിയോഗിക്കാനായി വിട്ടുകൊടുക്കണം. (59) ക്ഷത്രിയർക്കാണ് ലഭിച്ചതെങ്കിൽ 25% ഖജനാവിലേയ്ക്കും, അത്രതന്നെ പണ്ഡിതന്മാർക്കും ബാക്കി സ്വയം ഉപയോഗിക്കാനും അനുവദിക്കണം. (60) വൈശ്യർക്ക് നിധി ലഭിച്ചാൽ നാലിലൊന്ന് ഖജനാവിലേക്ക്, പകുതി പണ്ഡിതർക്കും, നാലിലൊന്ന് സ്വയം അനുഭവിക്കാനുമായി നൽകണം. (61) ശൂദ്രന്മാർക്കാണ് നിധിലഭിച്ചതെങ്കിൽ അതിനെ പന്ത്രണ്ടായി വിഭജിച്ച് ഖജാനാവിലേക്ക് അഞ്ചുഭാഗവും, പണ്ഡിതന്മാർക്ക് അഞ്ചു ഭാഗവും രണ്ടു ഭാഗം സ്വയം ഉപയോഗിക്കാനുമായി നൽകണം. (62) സർക്കാർഭൂമിയിൽ നിന്നാണ് നിധി ലഭിച്ചതെങ്കിൽ പൂർണ്ണമായും ഖജനാവിലേക്ക് ചേർക്കണം. (63) രാജ്യസേവകർക്ക്



Scanned with CamScanner

(സർക്കാർ സർവ്വീസ്) രാജ്യകർമ്മങ്ങൾ ചെയ്യുന്ന വേളയിൽ ലഭിക്കുന്ന നിധിയിൽ പന്ത്രണ്ടിലൊരംശം പണ്ഡിതന്മാർക്ക് ധർമ്മ പ്രചരണത്തിനായി നൽകണം, ബാക്കി ഖജനാവിലേയ്ക്കും. (64) മറ്റുള്ളവരുടെ നിധി/സ്വത്ത് സ്വന്തമാണെന്ന് വാദിച്ചാൽ, അതിന്റെ സത്യമറിഞ്ഞ്, മറ്റുള്ളവരുടേതാണെങ്കിൽ വാദിച്ചവന് അത്രയും സംഖ്യ പിഴ ശിക്ഷ നൽകുകയും, നിധി ഉടമസ്ഥന് കൈമാറുകയും വേണം. (3: 54-64)

നിധിയെന്ന വിഷയത്തെക്കുറിച്ച് ബൃഹസ്പതിധർമ്മശാസ്ത്രത്തിലും വിവരിക്കുന്നു. ഭാരതത്തിൽ ഓരോ സാമ്പത്തീകകാര്യം ശ്രദ്ധയോടെ ആചരിക്കാനും അനുവർത്തിക്കാനുമായി നിയമാവലികൾ നിർദ്ദേശിച്ചിരുന്നു അഥവാ രചിച്ചിരുന്നു. വൈശ്യർക്കും ശൂദ്രർക്കും നിധി ലഭിക്കുമ്പോൾ അനുശാസിക്കേണ്ടതായ നിയമങ്ങൾ 60, 61 നിയമത്തിൽ നൽകിയിട്ടുള്ളതിനോട് നമുക്ക് കാര്യമായ വിയോജിപ്പുണ്ടാകാം. ആ വിയോജിപ്പ് നിങ്ങളെ പഠിപ്പിക്കുന്ന എനിക്കുമുണ്ട്. എന്നാൽ ആചാര്യന്മാർ വ്യത്യസ്ഥ വീക്ഷണമുള്ളവരായതുകൊണ്ട് അവരെഴുതിയ ധർമ്മശാസ്ത്രത്തിൽ നിന്ന് അറിവുപകരണം. ധർമ്മരാഷ്ട്രമായ ഭാരതത്തിലെല്ലാവർക്കും അവരവർക്കർഹിക്കുന്നത് ലഭിക്കണം, അതാണ് നീതിയും ന്യായവും ധർമ്മവും.

ഒരു വിദ്യാർത്ഥിയുടെ ചോദ്യത്തിന് ആചാര്യൻ മറുപടി പറഞ്ഞു. ധർമ്മശാസ്ത്രങ്ങളിലെല്ലാം ശൂദ്രന്മാർക്ക് നൽകുന്ന അവകാശം വളരെക്കുറവാണെന്ന് കാണാം. വ്യാസസ്മൃതിയിൽ വ്യക്തമായി പറയുന്നു **ഉത്തമം ച അധമം ച ഏതത് കർമ്മ ന വിദ്യതെ** എന്ന്. അതായത് ഏതെങ്കിലും കർമ്മം ഉത്തമമായിട്ടുള്ളതോ അധമമായിട്ടുള്ളതോ അല്ല. എല്ലാം ഒരുപോലെയാണ്. അതുകൊണ്ട് കർമ്മത്തിന്റെ നിലവാരത്തിൽ ഒരുവനേയും ഭാരതത്തിൽ താഴ്ത്താൻ സാധ്യമല്ല. പിന്നെയെന്തായിരിക്കും കാരണമെന്ന് ഞാൻ പലഗ്രന്ഥങ്ങളിലും അന്വേഷിച്ചു. മഹാഭാരതത്തിൽ ഭീഷ്മർ ധർമ്മപുത്രരോടായിട്ടിപ്രകാരം പറയുന്നുണ്ട്. എല്ലാമനുഷ്യരിലുമുള്ള രക്തം, മജ്ജ, മാംസം, വിയർപ്പ്, മലം, മൂത്രം, ത്വക്ക് അവയുടെ നിറം, ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ ഇവയെല്ലാം ഒരേപോലെയാണ്. അതുകൊണ്ട് നിന്റെ രാജ്യത്തിൽ മനുഷ്യരെ തമ്മിൽ വേർതിരിക്കുന്ന ഒന്നുമുണ്ടാകരുത്. ഒരേ വൃക്ഷത്തിലുണ്ടാകുന്ന ഫലങ്ങളെല്ലാം ഒരേ തരത്തിൽപെടുന്നതായതുപോലെ, ജനതയെല്ലാം ഒരേ ജനതയായിരിക്കണമെന്നും അതിൽ ജാതിയില്ലെന്നും ഭീഷ്മർ ചൂണ്ടികാണിച്ചു. ധർമ്മപുത്രരുടെ രാജ്യപാലനവേളയിൽ ഇതു നിലനിന്നിരുന്നു. ഇപ്രകാരമുള്ള എല്ലാ അനുഭവങ്ങളും



Scanned with CamScanner

ചരിത്രസത്യങ്ങളും മുന്നിൽവെച്ച്, ബ്രാഹ്മണരല്ലാത്ത ഇരുന്നൂറിൽ പരം ഋഷിമാരാണ് വേദമന്ത്രങ്ങളെഴുതിയത് എന്നും മനസ്സിലാകും. ശൂദ്രർക്ക് അവകാശങ്ങൾ നിഷേധിക്കാൻ കാരണം അവർ ശൂദ്രാവസ്ഥയിൽ നിന്ന് ബ്രാഹ്മണ്യത്തിലേക്കുയരണം, എന്നുദ്ദേശിച്ചു തന്നെയായിരിക്കും.... തെറ്റുകളും കുറ്റങ്ങളും ചെയ്തവനെ ശിക്ഷിക്കുന്നതിനു കാരണം അവൻ അതിൽ നിന്നുയരണം. മറ്റുള്ളവർക്കർഹതയുള്ളത് അവന് ലഭിക്കുന്നില്ലെന്നറിയുമ്പോൾ അർഹതയുള്ളതു ലഭിക്കുന്നവരുടെ നില വാരത്തിലേക്ക് ഉയരാൻ നിർബന്ധിതനാകും. ഈ ലക്ഷ്യത്തോടെയായി രിക്കാം ഈ നിയമാവലികൾ രചിക്കപ്പെട്ടത്..... ശൂദ്രനെന്നും ശൂദ്രനാ യിരിക്കരുത് അവൻ വൈശ്യനിലേക്കും ക്ഷത്രിയനിലേക്കും ബ്രാഹ്മ ണനിലേക്കും ഉയരണം വളരണം..... അതായിരിക്കും ഭാരതീയർ ലക്ഷ്യ മിട്ടിരുന്നത്. അടുത്ത പഠനം രാജാവിന്റെ ധാർമ്മീക ഉത്തരവാദിത്വങ്ങ ളെക്കുറിച്ചായിരുന്നു. ആചാര്യൻ പ്രാർത്ഥനക്കുശേഷം പാഠം ആരംഭിച്ചു.

(65) ബാലന്മാരുടെ, അനാഥരുടെ, സ്ത്രീകളുടെ ധനം സമ്പൂർണമായും രാജാവ് പരിപാലിച്ച് സംരക്ഷിക്കണം. (66) കളവു മുതൽ കണ്ടുകെട്ടി എല്ലാവർണ്ണങ്ങളിലുമുള്ളവർക്കും ഒരേ അള വിൽ വിഭജിച്ചു നൽകണം. (67) തുക തികഞ്ഞില്ലെങ്കിൽ ബാക്കി തുക ഖജനാവിൽ നിന്നെടുത്ത് വിഭജിക്കണം. (68) സർവ്വശാന്തി ക്കും, സ്വസ്ഥജീവിതത്തിനും ഈശ്വരീയ കർമ്മങ്ങൾക്കും പ്രശംസചൊരിയണം. (69) ഇതിനെതിരെ നിൽക്കുന്നവരെ ശിക്ഷി ക്കുകയും വേണം. (70) വേദം, ഇതിഹാസം, ധർമ്മശാസ്ത്രം, ഇവയുടെയെല്ലാം അർത്ഥസന്ദേശങ്ങളറിയാവുന്ന ശ്രേഷ്ഠ രായതപസ്വികളേയും പുരോഹിതന്മാരേയും സ്വന്തം രാഷ്ട്രത്തിൽ നിലിർത്തണം. (71) വൃത്തിയുള്ളവർ, പിശുക്കില്ലാത്തവർ, ധർമ്മ ബോധമുള്ളവർ, ശക്തന്മാർ, സമ്പന്നമാർ എന്നിവരെ എല്ലാ കാര്യ ത്തിലും രാജാവ് സഹായിക്കണം. (72) വ്യാവഹാരിക കാര്യങ്ങൾ സ്വയം പരിശോധിക്കുകയോ, വിദ്വാന്മാരെകൊണ്ട് പരിശോധി പ്പിക്കുകയോ ശ്രേഷ്ഠന്മാരായ പണ്ഡിതരോടൊപ്പം പരിശോധി പ്പിക്കുകയോ വേണം. (73) വ്യാവഹാരിക കാര്യങ്ങളുടെ പ്രവർത്ത നങ്ങൾ നിരീക്ഷിക്കാൻ ശ്രേഷ്ഠന്മാരെ നിയോഗിക്കണം. (74) കാമം, ക്രോധം, ഭയം, ലോഭം എന്നിവയിൽ നിന്ന്, കാര്യനിർവ ഹണ സമയത്ത് മുക്തനായി, രാഷ്ട്രപരിപാലനം ജന്മകർമ്മപുണ്യ വ്രതമായെടുത്ത്, മന്ത്രിസഭയുടെ നിർദ്ദേശപ്രകാരം ശത്രുമിത്ര ഭേദമില്ലാതെ സമഭാവത്തോടെ രാജാവ് രാഷ്ട്രഭരണം ചെയ്യണം. (75) രാജാവ് രാഷ്ട്രത്തിന്റെ എല്ലാ കാര്യത്തിലും എല്ലാക്കാലവും



Scanned with CamScanner

പൂർണ്ണ അധികാരമുള്ളവനായിരിക്കണം. (76) ദേവന്മാരെയും ശ്രേഷ്ഠന്മാരേയും ആരാധിക്കണം. (77) വൃദ്ധന്മാരേയും അതേ പോലെ ആരാധിക്കണം. (78) യജ്ഞകർമ്മങ്ങളനുഷ്ഠിക്കുന്നവരേയും. (79) ശ്രേഷ്ഠ പണ്ഡിതന്മാർക്ക് രാഷ്ട്രത്തിൽ ദുഃഖിക്കേണ്ടിവരരുത്. (80) അതേപോലെ സത്കർമ്മം ചെയ്യുന്നവർക്കും. (81) ശ്രേഷ്ഠന്മാർക്ക് ശ്രേഷ്ഠകർമ്മത്തിന് ഭൂമി പതിച്ചു കൊടുക്കണം. (82) അളന്നു തിട്ടപ്പെടുത്തി കടലാസിലോ, പത്രത്തിലോ, ചെമ്പോലയിലോ എഴുതി ഒപ്പിട്ട് മുദ്ര വച്ച്, വരും തലമുറകൾക്കു കൂടി ബോധ്യമാകത്തക്കവിധം എഴുതി കൊടുക്കണം. (83) ഒരാൾക്ക് ദാനം ചെയ്ത ഭൂമി മറ്റാരെങ്കിലും അപഹരിക്കാനനുവദിക്കരുത്. (84) ശ്രേഷ്ഠകർമ്മത്തിനായി ശ്രേഷ്ഠന്മാർക്ക് ദാനം ചെയ്യാൻ ജനതയേയും പ്രോത്സാഹിപ്പിക്കണം. **(3 : 65 - 84)**

**രാജഭരണയോഗ്യതകളും ഉത്തരവാദിത്വങ്ങളും**

രാജഗുരുവിന്റേയും ധർമ്മബോധമുള്ള പണ്ഡിതരുടേയും ഉപദേശമനുസരിച്ചും കാര്യകാരണങ്ങൾ സഹിതവുമാണ് ഇനിപ്പറയുന്ന കാര്യങ്ങൾ രാഷ്ട്രത്തിൽ നടപ്പാക്കാനുള്ളത്. നിയമത്തിന്റേയോ അധികാരത്തിന്റേയോ തണലിൽ നടപ്പാക്കേണ്ട കാര്യങ്ങളല്ല ഇതെല്ലാം. ഓരോ വ്യക്തിയും അയാൾ ജനിച്ചുവളർന്ന ചുറ്റുപാടുകളും, സാമ്പത്തികാവസ്ഥയും, വിദ്യാഭ്യാസവും, കർമ്മമണ്ഡലങ്ങളും, എല്ലാം വ്യക്തമായി പഠിച്ച് ധർമ്മബോധമുള്ളവരിൽ നിന്ന് ഉപദേശങ്ങൾ സ്വീകരിച്ചതിനു ശേഷമേ ഇനിപ്പറയുന്ന കാര്യങ്ങൾ രാജാവ് അല്ലെങ്കിൽ ഭരണാധികാരി രാജ്യത്തിൽ നടപ്പിലാക്കാവൂ.

അനാഥ ബാലന്മാരുടേയും, സ്ത്രീകളുടേയും ധനം സംരക്ഷിക്കേണ്ടത് രാജാവാണെന്നു പറയുമ്പോൾ അനാഥരാരാണ്, സനാഥരാരാണെന്നറിയണം. ബാലൻ എന്നു വിവരിക്കുമ്പോൾ എത്ര വയസ്സുവരെയാണ് ബാല്യം എന്നുമറിയണം. ഈ വരികൾക്കുത്തരം മനുസ്മൃതിയിലുണ്ട്. പതിനാറുവയസ്സുവരെയുള്ള കുട്ടിയാണ് ബാലൻ. ശംഖലിഖിതാചാര്യൻ എഴുതിയ സ്മൃതിയിൽ ബാലന്മാർക്കും സ്ത്രീകൾക്കുമർഹതപ്പെട്ടത് നിധിയായാലും നിക്ഷേപമായാലും മറ്റുവിധത്തിലുള്ള സമ്പത്തായാലും അവർക്കത് സ്വയം കൈകാര്യം ചെയ്യാൻ സാധിക്കുന്നതുവരെ രാജാവിന്റെ സംരക്ഷണയിലായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

കളവുമുതൽ കണ്ടുകെട്ടിയത് എല്ലാ വർണത്തിലുംപ്പെട്ട പാവപ്പെട്ടവർക്കും തുല്യമായി നൽകണമെന്ന് മനു പറയുന്നു. **ദാതവ്യം സർവവർണേഭ്യ രാജാ ചൗരഹൃതം ധനം** യോഗീശ്വരധർമ്മശാസ്ത്രത്തിലും ഇതേ സന്ദേശം നൽകുന്നു. വ്യാസധർമ്മശാസ്ത്രത്തിലാകട്ടെ ദരി



Scanned with CamScanner

ദ്രനും അശക്തനും ഈ ധനം നൽകണമെന്നുപറയുന്നു **പ്രത്യാഹർത്തു മശക്തസ്തു ധനം ചൗരഹൃദം യദി സ്വകോശാത് തദി ദേയം സ്യാദ ശക്തേന മഹീക്ഷിതാ** പോരാത്തത് ഖജനാവിൽ നിന്നും കൂട്ടിചേർത്ത് വിതരണം ചെയ്യണം. ഇതേ ഉപദേശമാണ് വിഷ്ണുധർമ്മശാസ്ത്ര ത്തിലും നൽകുന്നത്.

തുടർന്നുള്ള സന്ദേശങ്ങളും വ്യക്തമാക്കുന്നത് രാജാവിന് ഭൗതീക ജീവി തകാര്യങ്ങളിൽ മാത്രം ശ്രദ്ധയുണ്ടായാൽ പോരാ ആത്മീയകാര്യങ്ങ ളിലും ശ്രദ്ധവേണം. സാമൂഹികനന്മക്ക് ഈ ആത്മീയത പ്രയോജന പ്പെടുത്തുന്നതിന് സഹായിക്കുന്ന എല്ലാവർക്കും സഹായവും അനു മോദനവും നൽകണം. അതിലും പണ്ഡിതന്മാരുടേയും ശ്രേഷ്ഠരു ടേയും ഉപദേശങ്ങൾ സ്വീകരിക്കുകയും വേണം. കാരണം ആത്മീയ മാർഗത്തിലൂടെ ചതിക്കുന്നവനാണെങ്കിൽ അവരെ തിരിച്ചറിഞ്ഞ് ശിക്ഷിക്കാൻ രാജാവിനു സാധിക്കണം. അതിനനുസരിച്ച് ചാരന്മാ രേയും നിയോഗിച്ച് പ്രയോജനപ്പെടുത്തണം....

രാജാവ് പൂർണമായും മാനസികമായ ബന്ധനങ്ങളിൽ നിന്നും സ്വാർത്ഥത, അത്യാഗ്രഹം സ്വജനപക്ഷപാതം, എന്നിവയിൽ നിന്നെല്ലാം മുക്തനായിരിക്കണമെന്ന നിർദ്ദേശം മാനവരാശിയുള്ളീട ത്തോളം ഉദ്ധരിക്കാവുന്ന ഉപദേശങ്ങളാണ്....

ശ്രേഷ്ഠകർമ്മങ്ങൾ ചെയ്യുന്നവരും, വിവിധ ജ്ഞാനവിജ്ഞാന മണ്ഡ ലങ്ങളിൽ പ്രശോഭിക്കുന്നവരുമെല്ലാം തന്റെ രാഷ്ട്രത്തിന്റെ ഭാഗധേയം നിശ്ചയിക്കുന്നവരാണെന്ന അറിവ് രാജാവിനുണ്ടാകണം... ശിക്ഷിക്കേ ണ്ടവരെ ശിക്ഷിക്കാതിരിക്കുകയും ശിക്ഷിക്കേണ്ടാത്തവരെ ശിക്ഷിക്കു കയും ചെയ്യുന്ന രാജാവ്, മഹാനരകത്തിൽ പതിക്കുമെന്ന് രാജാവറി യണമെന്നു മനുവിന്റെ വരികൾ ശ്രേഷ്ഠമാണ്.

യജ്ഞവൽക്യ സ്മൃതിയിൽ രാജാവിന് ഈ ഗുണമുണ്ടാകണമെന്നു പറയുന്നു. ധർമ്മശാസ്ത്രാനുസാരേണ ക്രോധലോഭ വിവർജിത ധാർമ്മീക കാര്യങ്ങൾ ഉപദേശിക്കാൻ സാധാരണ ബ്രാഹ്മണരെ നിയോ ഗിച്ചാൽ പോരാ മറിച്ച് **സർവധർമ്മവിത് ബ്രാഹ്മണഃ സഭ്യൈസഹ നിയോക്തവ്യോ** സഭ്യന്മാരും എല്ലാ അറിവുമുള്ളവരെ നിയോഗിക്ക ണമെന്ന് യോഗീശ്വരസ്മൃതിയിൽ പറയുന്നു. **വിവാദേ വ്യാച്ഛതി പ്രശ്നം പ്രതിപ്രശ്നം തഥൈവ ച** - നിരന്തരമുള്ള ചോദ്യം ചെയ്യലി ലൂടെ വ്യക്തികൾ തമ്മിലുള്ള വാദപ്രതിവാദങ്ങൾ രാജപ്രതിനിധി യുടെ സാന്നിദ്ധ്യത്തിൽ അവസാനിപ്പിക്കണം എന്ന് ബൃഹസ്പതി ധർമ്മശാസ്ത്രത്തിൽ പറയുന്നു. ശ്രേഷ്ഠന്മാരുടെ കാര്യത്തിലും, സത്കർമ്മങ്ങൾ ചെയ്യുന്നവരുടെ കാര്യത്തിലും രാജാവിന് പ്രത്യേകം



Scanned with CamScanner

പ്രത്യേകം ശ്രദ്ധവേണം. അവർക്കൊരിക്കലും ദുഃഖമുണ്ടാകരുതെന്ന് മനു പറയുന്നു. രാഷ്ട്രത്തിനു വേണ്ടി സത്കർമ്മങ്ങൾ ചെയ്യുന്നവർക്ക്... **ഭൂമിം നിബന്ധം വാ ദത്വാ ലേഖ്യം തുകാരയേത ഭൂമിയോ** അതു പോലുള്ളതോ രേഖാമൂലം നൽകണമെന്ന് യോഗീശ്വരസ്മൃതി പറ യുന്നു. വ്യാസന്റെ ഉപദേശവും വ്യത്യസ്ഥമല്ല. നന്മ ചെയ്യുന്നവർക്ക് വാഹനം, കിടക്ക, കട്ടിൽ, മറ്റു സൗകര്യങ്ങൾ ഇവയും നൽകാമെന്ന് മനുവിനെ ഉദ്ധരിച്ചുകൊണ്ട് ചൂണ്ടിക്കാണിക്കുന്നു. വീട്, പശുക്കൾ തുട ങ്ങിയവ വേദജ്ഞർക്കു നൽകാമെന്ന് യോഗീശ്വരന്റെ വരികളും സ്മര ണീയമാണ്. തെറ്റുകൾക്കും ശിക്ഷ വിധിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ **ജ്ഞാത്വാപരാദം, ദേശം, ച കാലം, ബലമഥാപി വാ വയഃ കർമ്മ ച വിത്തം ച ദണ്ഡം മണ്ഡ്യേഷുപാതയേത** അപരാ ധത്തിന്റെ കാഠിന്യം അതു ചെയ്ത ദേശം, കാലം, അപ്പോളയാളുടെ ബലം, വയസ്, കർമ്മമണ്ഡലം, സാമ്പത്തീകാവസ്ഥ ഇവയറിഞ്ഞു വേണം ശിക്ഷ അർഹിക്കുന്നവനും നൽകാനെന്ന് യോഗീശ്വരധർമ്മ ശാസ്ത്രത്തിൽ വ്യക്തമാക്കുന്നുണ്ട്. ജ്യേഷ്ഠനായാലും, മകനായാലും, മരുമകനായാലും, അമ്മാവനായാലും ശിക്ഷിക്കാൻ പാടില്ലാത്തവനാ യിട്ടാരുമില്ല എന്ന് രാജാവറിഞ്ഞിരിക്കണം എന്ന് യോഗീശ്വരൻ വ്യക്ത മാക്കുന്നു. എന്നാൽ കഠിനശിക്ഷ അർഹിക്കാത്തവർ ഇവ രൊക്കെയാണെന്ന് ബൃഹസ്പതി സ്മൃതിയിൽ സൂചിപ്പിക്കുന്നു. **അദണ്ഡ്യൗ മാതാ പിതരൗസ്നാതക പുരോഹിത പരിവ്രാജക വാന പ്രസ്ഥാഃ ശ്രുതശീല ശൗചാചാരവന്തഃ തേഹി ധർമ്മാധികാരിണഃ** നല്ല ധർമ്മബോധവും ധർമ്മാധികാരവുമുള്ള മാതാപിതാക്കൾ, വേദ പണ്ഡിതർ, പുരോഹിതർ, സന്യാസിമാർ, വാനപ്രസ്ഥർ, വേദാചാ രമനുസരിച്ചു ജീവിക്കുന്നവർ, കഠിനമായ ശിക്ഷക്കർഹരല്ല. ഇപ്രകാര മുള്ള അനവധി സ്മൃഗ്രന്ഥങ്ങളിൽ നിന്ന് വ്യക്തമായ കാര്യങ്ങൾ കാല ക്രമത്തിൽ വീണ്ടും വിമർശന ബുദ്ധ്യാവിശകലനം ചെയ്യാൻ സൗക ര്യവും അനുമതിയും നൽകികൊണ്ടാണ് വിഷ്ണുധർമ്മശാസ്ത്ര ത്തിലെ **മൂന്നാമദ്ധ്യായത്തിലെ** എൺപത്തിയഞ്ചു മുതൽ തൊണ്ണൂറ്റി യെട്ടുവരെ ശ്ലോകങ്ങളും സൂത്രങ്ങളും രചിച്ചിരിക്കുന്നത്.

**കർക്കശമായ നിയമപാലനവും രാജധർമ്മവും**

> (85) ആത്മീയകർമ്മാനുശാസകർക്കും, (86) നല്ല വീക്ഷണമുള്ള വർക്കും സംഭാവനകൾ ലഭ്യമാക്കണം. (87) വിഷവൈദ്യന്മാർക്കും, മന്ത്രകർമ്മാനുശാസകർക്കും, (88) പരീക്ഷിക്കാതെ ·സംഭാവന ചെയ്താലും. അവനേയും (89) സന്തോഷത്തോടെ കർമ്മമനു ഷ്ഠിക്കുന്നവനേയും, (90) ശിക്ഷിക്കപ്പെട്ടവനെയും നന്മയിലേക്കു



Scanned with CamScanner

വരുത്തുവാനായും സംഭാവനകൾ നൽകി, പ്രോത്സാഹിപ്പിക്കണം. (91) ചെയ്ത അപരാധത്തിനനുസരിച്ചുള്ള ശിക്ഷ നൽകണം. (92) അതിനു ശേഷം ശിക്ഷിക്കപ്പെട്ടവനെ നന്മയുടെപന്ഥാവിലൂടെ നടത്തണം. (93) ഒരേ തെറ്റ് / അപരാധം പലപ്രാവശ്യം ആവർത്തിച്ചാൽ ഒരിക്കലും ക്ഷമിക്കരുത്. (94) സ്വധർമ്മം പാലിക്കാത്തവനെയും വേണ്ടതുപോലെ ശിക്ഷിച്ച് നല്ല പന്ഥാവിലൂടെ നടത്തണം. (95) എവിടെയാണോ തെറ്റുകൾക്കർഹിച്ച ശിക്ഷയുള്ളത് അവിടത്തെ പ്രജകൾ സന്തോഷത്തോടെ കർമ്മനിരതരാകുന്നു. അവർ നേതാവിനെ ആരാധ്യനായി കാണുകയുംചെയ്യുന്നു. (96) സത്വരജസ് തമോ ഗുണമുള്ളവർക്ക് അഥവാ ദോഷമുള്ളവർക്ക് അവരർഹിക്കുന്ന വിധത്തിലുള്ള ശിക്ഷയും രക്ഷയും നൽകണം. ആത്മ മിത്രങ്ങളേയും സാധുക്കളേയും ശ്രേഷ്ഠന്മാരേയും തെറ്റുകളിലകപ്പെടാതിരിക്കാൻ മുന്നറിയിപ്പു നൽകണം. ശത്രുക്കളെ ശിക്ഷിക്കുകയും വേണം. (97) ഇപ്രകാരം പ്രവർത്തിക്കുന്ന രാജാവിന്റെ കീർത്തി, എപ്രകാരമാണോ ജലത്തിനു മുകളിൽ എണ്ണ പടരുന്നത്, അതുപോലെ ലോകമെമ്പാടും (കീർത്തി) പടരും.

(98) പ്രജകളുടെ സുഖത്തിൽ സുഖിക്കുന്ന രാജാവും, അവരുടെ ദുഃഖത്തിൽ ദുഃഖിക്കുന്ന രാജാവും, ഈ ലോകത്തിൽ ഏറ്റവുമധികം കീർത്തിമാനായും സ്വർഗ സുഖം ഈ ലോകത്തിലും പരലോകത്തിലും അനുഭവിക്കുന്നവനായും തീരും. (3 : 85–98)

വളരെ വ്യക്തമായിട്ടാണ് ഇവിടെ കാര്യങ്ങൾ വിവരിക്കുന്നത്. രാജാവില്ലാത്ത പ്രജകളും പ്രജകളില്ലാത്ത രാജാവും, പ്രജകളുടെ, ദുഃഖമറിയാത്ത രാജാവും എന്നുമെന്നും രാഷ്ട്രത്തിന്റെ ദുഃഖമായിത്തീരും, അവർ രാഷ്ട്രത്തിന്റെ ശാപവുമായിരിക്കും.

പഠനവേദിയിലേക്ക് നിങ്ങളുടെ ശ്രദ്ധ കൊണ്ടുപോകാം. നളന്ദ വിശ്വവിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും പഠിച്ചിരിക്കേണ്ട (ധർമ്മശാസ്ത്രങ്ങളുടെ സത്തായ) വിഷ്ണുധർമ്മശാസ്ത്രത്തെക്കുറിച്ചു മാത്രമാണ് ഞാനിവിടെ വിവരിക്കുന്നത്. ഇത്രയും വിവരണങ്ങളിൽ വന്നത് ആ ധർമ്മശാസ്ത്രത്തിലെ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളാണ്. ഇനി നമുക്ക് നാലു മുതൽ നൂറുവരെയുള്ള അദ്ധ്യായങ്ങളിലൂടെയാണ് പോകാനുള്ളത്.

**അളവുകളും തൂക്കങ്ങളും**

ധർമ്മപത്രികാചാര്യന്റെ വേദിയിലേക്കാണ് നാം പോകുന്നത്. അദ്ദേഹമാണ് മുദ്രപത്രങ്ങളും അളവുതൂക്കങ്ങളുമെല്ലാം തിട്ടപ്പെടുത്തുന്നത്.



Scanned with CamScanner

അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ് ഇവയെല്ലാം പരിശോധിക്കേണ്ടിയിരുന്നതും നിയമങ്ങളുണ്ടാക്കുന്നതും. വേദിയിൽ വേദപ്രാർത്ഥനയോടെ പഠനവിവരണങ്ങൾ ആരംഭിച്ചു. ആചാര്യൻ വിവരണം തുടങ്ങി. ലോകത്തിലുള്ള എല്ലാ ദ്രവ്യങ്ങളും അളന്നാണ് കൈമാറ്റം ചെയ്യപ്പെടാറുള്ളത്. മനസ്സും മനസ്സുമായി ബന്ധപ്പെട്ടവികാരങ്ങളും അനുഭൂതിയുടെ തലത്തിലെത്തി അനുഭവിച്ചറിയേണ്ടതായതുകൊണ്ട് അവയ്ക്ക് അളവുകളില്ല. നിറങ്ങൾക്കും, ഗന്ധത്തിനും, സ്വാദിനും, ശ്രവണമാധുര്യത്തിനും വികാര വിചാരങ്ങൾക്കും അളവുകളില്ല. അതുകൊണ്ട് അവയെ നല്ലത്, വളരെ നല്ലത്, അല്ലെങ്കിൽ ചീത്ത, ആനന്ദദായകം, ദുഃഖകരം, വേദനാജനകം എന്നീപദങ്ങളാൽ സൂചിപ്പിക്കുവാനേ സാധിക്കുകയുള്ളൂ. ഇവയിൽ ചിലത് ദ്രവ്യങ്ങളുടെയും ഗുണങ്ങളാണെങ്കിലും പഞ്ചജ്ഞാനേന്ദ്രിയങ്ങൾക്ക് വിഷയീഭൂതമായ ഏതാണ്ടെല്ലാം തന്നെ ഒരു തരത്തിൽ മേൽവിവരിച്ച രീതിയിൽ അറിയിക്കാനെ സാധിക്കുകയുള്ളൂ... എന്നാൽ ദ്രവ്യങ്ങളുടെ ഭൗതീകഗുണങ്ങളിൽ ചിലത്: നീളം, വീതി, ഉയരം, വിസ്തീർണം, വ്യാപ്തം, ഭാരം എന്നിവയെല്ലാം സമാന്തരമായും കൃത്യം അളവുകൾ താരതമ്യത്തിനുപയോഗിച്ചും നമുക്ക് വിവരിക്കുവാൻ സാധിക്കും. ഉദാഹരണത്തിന് ഒരു മാഷം തൂക്കം എന്നാൽ ഒരു ഉഴുന്നിന്റെയത്രയും ഭാരമുളളത് എന്നർത്ഥം. ഇതേപോലെ ഗുഞ്ജം, യവം, തിലം എന്നിങ്ങിനെ കുന്നിക്കുരു, യവം, എള്ള് എന്നിവയുടെ ഭാരത്തിനു സമം എന്നും തുലനം ചെയ്തുപറയാവുന്നതാണ്. ഇപ്രകാരമുള്ളവയുടെ അടിസ്ഥാനത്തിലാണ് അളവും തൂക്കവുമെല്ലാം നിശ്ചയിക്കുന്നത്. അതിന്റെ വിവരണങ്ങൾ പല ധർമ്മശാസ്ത്രങ്ങളിലുമുണ്ട്....

ബൃഹത്പരാശര സ്മൃതിയിൽ ഇപ്രകാരം വിവരിക്കുന്നു **പഞ്ചഗുഞ്ജോഭവേന്മാഷ കർഷോ *f*ഷ്ടാദശഭിശ്ച തൈഃ തൈ ശ്ചതുർഭിഃ പലം പ്രോക്തം ദാനേമാനേ ച പേശസഃ** അഞ്ച് കുന്നിക്കുരു ഒരു മാഷത്തിനുസമം (അളവിന്റെ മാനമാണിത്) പതിനെട്ടുമാഷം ഒരു കർഷം. അതിന്റെ പതിനെട്ടിരട്ടി ഒരു പലം എന്നു പറയപ്പെടുന്നു. ഇത് കൊടുക്കുന്നതിനും അളക്കുന്നതിനും പരിമാണമായി (അളവായി) സ്വർണത്തിനുമുപയോഗിക്കുന്നു.... ഇവിടെ നാം ശ്രദ്ധിക്കാനുള്ളത് കുന്നിക്കുരുവും, മഞ്ചാടിക്കുരുവും, യവവും എല്ലാം സസ്യോൽപന്നങ്ങളായതിനാൽ അവയുടെ രൂപത്തിനും ഭാരത്തിനുമെല്ലാം വ്യത്യാസം വരാവുന്നതാണ് ആ ദ്രവ്യങ്ങൾക്കും കൃത്യമായ നിർവചനമുണ്ടെന്നറിയണം. അതിനാൽ കാര്യമായ വ്യത്യാസം വരാതെ ഏകദേശകൃത്യത എല്ലാ അളവുകളിലും നമുക്കു ലഭിക്കുന്നു.... ഇനി നമുക്കു



Scanned with CamScanner

വിഷ്ണുധർമ്മശാസ്ത്രത്തിലെ നാലാം അദ്ധ്യായത്തിലെ പതിനാല് നിർവചനങ്ങളിലേക്ക് പ്രവേശിച്ചു പഠിക്കാം.

ആചാര്യൻ ഒരു വിദ്യാർത്ഥിയോട് ധർമ്മശാസ്ത്ര സന്ദേശങ്ങൾ വായിക്കാനായി നിർദ്ദേശിച്ചു.

(1) സുഷിരത്തിലൂടെ വരുന്ന സൂര്യരശ്മിയുടെ അളവിനെ ത്രസരേണു എന്നു പറയുന്നു. (2) അതിന്റെ എട്ടിരട്ടിയാണ് ഒരു ലിക്ഷം. (3) ലിക്ഷത്തിന്റെ മൂന്നിരട്ടി രാജസർഷപം. (4) അതിന്റെ മൂന്നിരട്ടി ഗൗരസർഷപം. (5) അതിന്റെ ആറിരട്ടി ഒരു യവം. (6) യവത്തിന്റെ മൂന്നിരട്ടി ഒരു കൃഷ്ണലം. (7) അതിന്റെ അഞ്ചിരട്ടി ഒരു മാഷം. (8) അതിന്റെ പന്ത്രണ്ടിരട്ടി, ഒരു അക്ഷാർധം. (9) നാലു മാഷകം ഒരു അക്ഷാർധം അത് ഒരു സുവർണം. (10) നാലു സുവർണം ഒരു നിഷ്കം. (11) രണ്ട് കൃഷ്ണലം ഒരു രൂപ്യമാഷകം (12) അതിന്റെ പതിനാറിരട്ടി ഒരു ധാരണം. (13) ചെമ്പിന്റെ കാർഷകം കാർഷാപണം. (14) കുറ്റങ്ങൾക്കുള്ള ശിക്ഷ പിഴയാക്കുമ്പോൾ 250 പണം സാധാരണ കുറ്റത്തിനും, മധ്യമ കുറ്റങ്ങൾക്ക് 500 പണവും, കഠിനവും ക്രൂരവുമായ കുറ്റങ്ങൾക്ക് 1000 പണവുമാണ് പിഴശിക്ഷ. (പ്രഥമ, മാധ്യമ, ഉത്തമ ദണ്ഡങ്ങൾ എന്നാണ് ഇത് അറിയപ്പെടുന്നത്.) (4 : 1 - 14)

**അളവുകൾ**

പ്രകാശ രശ്മിയിലൂടെ തിളങ്ങുന്ന അണുക്കൾ - ഒരു ത്രസരേണു.

| | |
|---|---|
| 8 ത്രസരേണു | = 1 ലിക്ഷം |
| 3 ലിക്ഷം | = 1 രാജസർഷപം |
| 3 രാജസർഷപം | = 1 ഗൗരസർഷപം |
| 6 രാജസർഷപം | = 1 യവം |
| 3 യവം | = 1 കൃഷ്ണലം |
| 5 കൃഷ്ണലം | = 1 മാഷം |
| 12 മാഷം | = 1 അക്ഷാർധം |
| 4 മാഷകം + 1 അക്ഷാർധം | = 1 സുവർണം |
| 4 സുവർണം | = 1. നിഷ്കം |
| 2 കൃഷ്ണലം | = 1 രൂപ്യമാഷകം |
| 16 രൂപ്യമാഷകം | = 1 ധരണം |

സാധാരണ കുറ്റങ്ങൾക്കുള്ള പിഴശിക്ഷ = 250, പണം.

അത് ഒരു ചെമ്പിന്റെ കാർഷാപണമാകുന്നു. (ഉപപാതകത്തിന്)



Scanned with CamScanner

മധ്യമകുറ്റങ്ങൾക്കുള്ള പിഴശിക്ഷ = 500 പണം (മധ്യമപാതകത്തിന്)

ഹീനകുറ്റങ്ങൾക്കുള്ള പിഴശിക്ഷ = 1000 പണം (മഹാപതകത്തിന്)

**ശിക്ഷാവിധികളും പിഴയും സംക്ഷിപ്തം**

മേൽവിവരണത്തിലെ പതിനാലാമത്തെ വരി നിങ്ങൾ ശ്രദ്ധിക്കുക. ഇവിടെ വിവരിക്കുന്ന സാധാരണ, മധ്യമ, ഉത്തമ ദണ്ഡങ്ങളും അവയ്ക്കാധാരമായ കുറ്റങ്ങളും മറ്റൊരിടത്ത് ഇതേ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അതെല്ലാം കാലക്രമത്തിൽ നിങ്ങൾ പഠിക്കുന്നുണ്ടാകും. അപ്പോളത് കൂടുതൽ വ്യക്തമാകും. ഉപപാതകങ്ങൾ, മധ്യമപാതകങ്ങൾ, മഹാപാതകങ്ങൾ ഇവയെല്ലാം എല്ലാ രാഷ്ട്രത്തിലും എക്കാലത്തും നടക്കുമെന്നുള്ളതുകൊണ്ട് അതിനുള്ള ശിക്ഷയും പിഴയും എക്കാലത്തുമുണ്ടായിരിക്കുകയും ചെയ്യും. ദേശവും കാലവും മാറുന്നതനുസരിച്ച് പാതകങ്ങളുടെ സങ്കീർണത വർദ്ധിക്കുമെന്നും നാമറിയണം. ഇനിയുള്ള പഠനം കുറ്റങ്ങളും, പാതകങ്ങളും അവയ്ക്കുള്ള ശിക്ഷകളുമാണ്. ഇവിടെ പഠനവേദിയിൽ തത് വിഷയത്തിൽ അഗാധപാണ്ഡിത്യം നേടിയ നിയമകർമ്മാചാര്യൻ പ്രാർത്ഥനയ്ക്കുശേഷം വിവരണമാരംഭിച്ചു.

നമ്മുടെ പൂർവീകാചാര്യർ പറഞ്ഞിട്ടുണ്ട്. ഒരു രാഷ്ട്രത്തിന്റെ ഭരണത്തിന്റെ പരമമായ ധാർമ്മീകലക്ഷണം എന്നു പറയുന്നത് ഈ വരിയിലൂടെ മനസ്സിലാക്കാമെന്ന്

**ന രാജ്യം ന രാജാസീത് ന ദണ്ഡ്യോ നച ദണ്ഡിനഃ**

**ധർമ്മേണൈവ പ്രജാസർവേ രക്ഷന്തി സ്മ പരസ്പരം**

ഒരു ധർമ്മരാജ്യത്തിന് ഒരു രാജാവിന്റെ ആവശ്യമില്ല, ശിക്ഷിക്കപ്പെടേണ്ടവരുമില്ല ശിക്ഷ കൊടുക്കേണ്ടവരുമില്ല. ധർമ്മത്തിന്റെ മാർഗത്തിലൂടെത്തന്നെ പ്രജകളെല്ലാം പരസ്പരം സംരക്ഷിക്കുന്നു. ഇതിനെ ധർമ്മരാജ്യമെന്നു പറയുന്നു. യഥാർത്ഥത്തിൽ ഇപ്രകാരം ഒരു രാഷ്ട്രത്തെ വിഭാവനം ചെയ്യാമെങ്കിലും പ്രായോഗികമായി അഥവാ വ്യാവഹാരികതലത്തിൽ അത് യാഥാർത്ഥ്യമല്ല തന്നെ. അതുകൊണ്ടു തന്നെ സാമദാനഭേദദണ്ഡങ്ങളിലൂടെ മാത്രമേ തെറ്റുകളും കുറ്റങ്ങളും ഒരു രാജ്യത്ത് നിന്ന് പൂർണമായും ഇല്ലാതാക്കാനോ കുറയ്ക്കാനോ സാധിക്കുകയുള്ളൂ.

ശിക്ഷയുടെ ആവശ്യകതകയെക്കുറിച്ച് മനുസ്മൃതി, നാരദസ്മൃതി, ഹാരിതസ്മൃതി, യമസ്മൃതി, ബൗദ്ധായനസ്മൃതി, ആപസ്തംബ സ്മൃതി, കാത്യായനസ്മൃതി, യോഗീശ്വരസ്മൃതി തുടങ്ങിയ എല്ലാ സ്മൃതികളിലും സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഭാരതത്തിൽ കുറ്റങ്ങളും



Scanned with CamScanner

തെറ്റുകളും പാപങ്ങൾക്കുകൂടി കാരണമാകുന്ന പാതകങ്ങളായിട്ടാണ് വിവരിക്കാറുള്ളത്. പാതകങ്ങൾ മൂന്നുവിധത്തിലുണ്ട് ഉപപാതകങ്ങൾ അഥവാ സാധാരണയായിട്ടുള്ള കുറ്റങ്ങൾ, മധ്യമപാതകങ്ങൾ, പിന്നെ മഹാപാതകങ്ങൾ ഇപ്രകാരമുള്ള പാതകങ്ങളെല്ലാം ശിക്ഷകൾക്കു വിധേയമാക്കുമ്പോഴും ആര്, എപ്പോൾ, എന്തിന്, എന്ത് ചെയ്തു എന്നുള്ള കാര്യങ്ങളും, സാക്ഷികളെയും കുറ്റവാളികളേയും, വാദിയേയും, പ്രതിയേയും, മുൻനിർത്തിചോദ്യം ചെയ്തതിനുശേഷമാണ് വിധി പ്രഖ്യാപനം ഉണ്ടാകുന്നത്. വർണമനുസരിച്ചും ശിക്ഷയിൽ ഇളവുവരും പണ്ഡിതന്മാർക്കും ശ്രേഷ്ഠന്മാർക്കും വധശിക്ഷ പൊതുവേ നൽകാറില്ല. പകരം അതിനേക്കാൾ ഉയർന്നതും കഠിനവുമായ നിലവാരത്തിലുള്ള മാനസീക പീഠനത്തിലൂടെ ശിക്ഷ നൽകുകയാണ് പതിവ്. അഞ്ചാം അദ്ധ്യായത്തിലേയ്ക്ക കടക്കാം!

**മഹാപതകങ്ങളും ഉപപാതകങ്ങളും**

> (1) ശ്രേഷ്ഠന്മാർക്കൊഴികെ (ബ്രാഹ്മണർക്ക്) മഹാപാതകം ചെയ്യുന്ന വർക്ക് വധശിക്ഷ (2) ശ്രേഷ്ഠന്മാർക്ക് / ബ്രാഹ്മണന് ശാരീരിക ശിക്ഷയില്ല. (3) ചെയ്തമഹാപാതകത്തിന്റെ പരസ്യം പ്രദർശിപ്പിച്ച് വാസസ്ഥലത്ത് ബ്രാഹ്മണനെ താമസിപ്പിക്കണം. സമൂഹ ഭ്രഷ്ടനാക്കണം. (4) തലയില്ലാത്ത ബ്രാഹ്മണന്റെ ചിത്രം ശരീരത്തിൽ സ്ഥിരമായി പച്ചകുത്തിവെക്കണം. (5) ബ്രാഹ്മണൻ മദ്യം കഴിച്ചാൽ മദ്യപാനിയുടെ ചിത്രം നെറ്റിയിൽ വരയ്ക്കണം. (6) കുതിരയുടെ കുളമ്പിന്റെ ചിത്രം കള്ളനായ ബ്രാഹ്മണന്റെ നെറ്റിയിൽ വരയ്ക്കണം. (7) ഗുരുവിനെ അവഹേളിച്ചാൽ കൊക്കിന്റെ ചിത്രം നെറ്റിയിൽ പച്ചകുത്തണം. വധാർഹമായ ഹീന കർമ്മങ്ങൾ ബ്രാഹ്മണൻ ചെയ്താൽ അവന്റെ സമ്പൂർണ ധനവും പിടിച്ചെടുത്ത് സമൂഹഭ്രഷ്ടനാക്കണം. (5 : 1 -7)

യഥാർത്ഥത്തിൽ ബ്രാഹ്മണരിൽ നിന്ന് സമൂഹത്തിന് ലഭിക്കാവുന്ന അറിവ് പിന്നീട് പ്രയോജനപ്പെടുത്താനായിരിക്കും ബ്രാഹ്മണർക്ക് വധശിക്ഷ ഒഴിവാക്കുന്നതെന്നു പറയാം. മറ്റൊരുവിധത്തിൽ വേദം പഠിച്ച ബ്രാഹ്മണരെ വധിക്കുന്നതിലൂടെ ഉണ്ടാകുന്ന ബ്രഹ്മഹത്യാപാപം എന്നുള്ളത് എല്ലാ ഭരണാധികാരികളും ഭയപ്പെടുന്നു. രാവണനെ നിഗ്രഹിച്ച ശ്രീരാമന്, ബ്രഹ്മഹത്യാപാപം ഏൽക്കേണ്ടിവന്നുവത്രെ. ദ്രോണാചാര്യാദികളെ വധിച്ചതിനുമുണ്ടായിരുന്നു, ബ്രഹ്മഹത്യാപാപം. ഈ പാപഭയത്തിൽ നിന്ന് മോചനം നേടാൻ എളുപ്പമല്ലാത്തതിനാൽ ആ ശിക്ഷയേക്കാൾ കഠിനമായതും എന്നാൽ ശിക്ഷിക്കുന്നവന് അതിന്റെ പാപം ഏൽക്കേണ്ടിവരാത്തതുമായ ശിക്ഷയാണ് നൽകുക: ജീവിതകാലം മുഴു

വനും ബ്രാഹ്മണന് ജീവച്ഛവമായി കഴിയേണ്ടിവരുന്ന അവസ്ഥയുണ്ടാകുക എന്നത്.

വിദ്യാർത്ഥികൾ അഞ്ചാം അദ്ധ്യായത്തിലെ ആദ്യത്തെ ഏഴു വരികൾ വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആചാര്യൻ ഈ വിവരണം നൽകിയത്. ബ്രാഹ്മണർക്ക് ഈ ഇളവുകൾ അനുവദിക്കുന്നതിൽ സാമാന്യമായ ന്യായീകരണമില്ലെന്ന് ചിലപ്പോൾ വാദിക്കുന്നവരുണ്ടാകാം എന്നുകൂടി അറിഞ്ഞായിരിക്കണം ആചാര്യൻ ബ്രഹ്മഹത്യാപാപം വിവരിച്ചത്. ഒരു കാര്യം വ്യക്തമാണ്, മറ്റു ഗ്രന്ഥരചന നടത്തിയിട്ടുള്ള ആചാര്യന്മാരും ബ്രഹ്മഹത്യാ പാപത്തെക്കുറിച്ച് വ്യക്തമായി വിവരിക്കുന്നുണ്ട്. വളരെ ലളിതമായ ആദ്യത്തെ ഏഴു നിർദ്ദേശങ്ങൾ വായിച്ചു വിവരണം നൽകിയതിനുശേഷം ഒരു വിദ്യാർത്ഥി ആചാര്യനോടു ചോദിക്കുന്നതു കേട്ടു.

ആചാര്യാ എത്ര നീചമായ പ്രവൃത്തി ചെയ്താലും ബ്രാഹ്മണർക്ക് വധശിക്ഷയില്ലെന്നാണോ അങ്ങു പറയുന്നത്? ഈ ചോദ്യം കേട്ട ആചാര്യൻ, ധർമ്മശാസ്ത്രഗ്രന്ഥത്തിലെ അടുത്ത നിർദ്ദേശങ്ങൾ ആ വിദ്യാർത്ഥിയോടു തന്നെ വായിക്കാൻ നിർദ്ദേശിച്ചു.

**വ്യാജമുദ്ര, പ്രമാണം, അപഹരണം, അസത്യം.....**

> (8) വ്യാജ മുദ്രപത്രം, മുദ്ര (സീൽ), വ്യാജമായ രാജനിർദ്ദേശം, ഇവയിറക്കിയാലും, വ്യാജപ്രമാണങ്ങളുണ്ടാക്കിയാലും, വധാർഹനാണെങ്കിൽ മരണശിക്ഷനൽകണം. (9) വ്യാജരേഖകളുണ്ടാക്കി ഭരണാധികാരിയായും നിയമപാലകനായും ചമഞ്ഞാലും (10) വ്യാജമുദ്രയും രേഖകളും ചമച്ച് വഞ്ചിച്ചാലും ബ്രാഹ്മണനാണെങ്കിലും വധാർഹനാണ്. (11) വിഷം കൊടുത്തു കൊല്ലുക, ഗൃഹം അഗ്നിക്കിരയാക്കുക, ബലാൽക്കാരമായി മറ്റുള്ളവരുടേത് തട്ടിപ്പറിക്കുക, സ്ത്രീകളേയോ, ബാലന്മാരേയോ വധിക്കുക എന്നിവ ചെയ്യുന്നവർ വധാർഹരാണ്. (12) പത്തു വലിയകുംഭത്തിൽ കൊള്ളുന്നതിനേക്കാൾ കൂടുതൽ ധാന്യം അപഹരിച്ചാലും (13) സർണ്ണവും മറ്റു വിലപിടിപ്പുള്ള ലോഹങ്ങളും അപഹരിച്ചാലും വധശിക്ഷ നൽകാവുന്നതാണ്. **(5 : 8 – 13)**

പദാനുപദം രണ്ടുമൂന്നുപ്രാവശ്യത്തെ വായന കഴിഞ്ഞതിനുശേഷം ആചാര്യൻ വിദ്യാർത്ഥികളോടായി ചോദിച്ചതിതായിരുന്നു. ബ്രാഹ്മണനും വധശിക്ഷയുണ്ടെന്നു മനസ്സിലായല്ലോ. ഇവിടെ ഒരു വിഭാഗത്തിനേയും ഒരുതരം ശിക്ഷയിൽ നിന്നും ഒഴിച്ചുനിർത്തിയിട്ടില്ല. ശ്രേഷ്ഠന്മാരായ വ്യക്തികൾ സമൂഹത്തിന് മാതൃകയാവേണ്ടവർ



Scanned with CamScanner

ചെറുതോ വലുതോ ആയ തെറ്റുകളും കുററങ്ങളും ചെയ്താൽ അത് മനസ്സിൽ നിലനിൽക്കത്തക്കവിധത്തിൽ അവരെ ശിക്ഷിക്കുന്നതും ശിക്ഷ നൽകുന്നതും സമൂഹമറിയാൻ വേണ്ടിയാണ്. ഈ വിവരണങ്ങളെ ന്യായീകരിക്കാത്തവരുമുണ്ടാകാം എന്നു നിങ്ങളറിയണം. സ്വതന്ത്രമായി ചിന്തിച്ചിട്ടുവേണം നിങ്ങൾ അറിവുനേടാൻ. ഒരു വർണ്ണത്തിനുമില്ലാത്ത ശിക്ഷയാണ് മദ്യപാനം ചെയ്താൽ ബ്രാഹ്മണനു മാത്രമായി നൽകുന്നത്. ഇനിയും, കൂടുതൽ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ തുറന്ന മനസ്സോടെ അത് വിമർശനബുദ്ധ്യാവിശകലനം ചെയ്യാൻ നിങ്ങൾക്കുസാധിക്കണം.

**വ്യത്യസ്ഥ ആചാര്യന്മാരുടെ അഭിപ്രായം**

പത്തുതരത്തിലുള്ള ശിക്ഷകളാണ് കുറ്റവാളികൾക്ക് വിധിക്കേണ്ടതെന്ന് മനു സൂചിപ്പിക്കുന്നു. ബ്രാഹ്മണർക്കാകട്ടെ, തലമുണ്ഡനം ചെയ്ത് കയ്യിൽ ദണ്ഡുകൊടുത്ത്, കഴുതപ്പുറത്തിരുത്തി, കാലിൽ വലിയ ചങ്ങലയിട്ട്, നാടുകടത്തലും മനു ഉപദ്ദേശിക്കുന്നു. ഇതുതന്നെ യമസ്മൃതിയിലും വിവരിക്കുന്നു. ബ്രാഹ്മണൻ മദ്യപിച്ചാൽ പോലും ഈ ശിക്ഷയാണുള്ളത്. ചെറിയ തെറ്റുകൾക്ക് പ്രഥമ ദണ്ഡം നൽകി പിൻതിരിപ്പിക്കണം. സാധിച്ചില്ലെങ്കിൽ ശിക്ഷയുടെ കാഠിന്യം കൂട്ടണം.

സ്ത്രീ, ബാലൻ, പണ്ഡിതൻ ഇവരെ പീഠിപ്പിച്ചാലും രാജാജ്ഞാപത്രിക കൃത്രിമമായി ചമച്ചാലും വധശിക്ഷവരെ നൽകാമെന്നും മനു പറയുന്നു. ഇത്തരത്തിലുള്ള ഹീനകൃത്യങ്ങൾക്ക് അതികഠിനമായ ശിക്ഷ രാജാവ് നൽകണമെന്ന് യോഗീശ്വര സ്മൃതിയിൽ പറയുന്നു. അതികഠിനശിക്ഷ അനധികൃത മുദ്രപത്രം, മുദ്ര, കയ്യൊപ്പ്, ഇവയുണ്ടാക്കുന്നവർക്കും ഉപയോഗിക്കുന്നവർക്കും നൽകണമെന്ന് കാത്യായനൻ പറയുന്നു. ഇരട്ടിശിക്ഷ കള്ള പ്രമാണങ്ങളുണ്ടാക്കുന്നവർക്കും, കള്ളസാക്ഷി പറയുന്നവർക്കും നൽകണമെന്ന് യോഗീശ്വര സ്മൃതിയിലെഴുതിയിരിക്കുന്നു.

**ചെറുതും വലുതുമായ കുറ്റകൃത്യങ്ങൾ**

ഇനി പലതരത്തിലുള്ള ചെറുതും വലുതുമായ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയാണ്. അതിൽ രാജ്യദ്രോഹവും രാജദ്രോഹവും ഉൾപ്പെടുന്നു. ശാരീരികമായി ഹീനകൃത്യങ്ങൾ ചെയ്ത വ്യക്തിയുടെ അവസ്ഥകൂടി വിശകലനം ചെയ്ത് ശിക്ഷ നൽകണം. മറ്റുള്ളവനെ അധിക്ഷേപിക്കുന്ന കുറ്റവുമാകാം, ശാരീരികമായ പീഠനവുമാകാം. ഇവിടെയുള്ള ശിക്ഷ വിധിക്കുന്നത് വർണം നോക്കിയല്ല പകരം അപ്രകാരം തെറ്റു ചെയ്തവന്റെ ശരീരാവസ്ഥയെ കൂടി ആധാരമാക്കിയാണ്. ഇന്ദ്രിയ



Scanned with CamScanner

ങ്ങൾക്ക് പ്രശ്നമുള്ള വികലാംഗന് ശിക്ഷയിൽ പോലും ഇളവനുവദി ക്കുന്നു. ബാഹ്യമായി സദാചാരനിഷ്ഠയുള്ളവനാണെന്നഭിനയിച്ച് യഥാർത്ഥ ജീവിതത്തിൽ അതൊന്നുമില്ലാതിരിക്കുന്ന വ്യക്തിയാണെ ങ്കിൽ അവനും ശിക്ഷയനുഭവിക്കേണ്ടി വരുന്നു എന്നു വ്യക്തമാണ്." ആചാര്യൻ പറഞ്ഞു.

**ധർമ്മശാസ്ത്ര വരികൾ തുടരുന്നു**

(14) രാജസിംഹാസനത്തിനായി രാജാവിനെതിരെ പ്രവർത്തി ച്ചാലും. (15) വാഹന ഗതാഗതത്തെ തടസ്സപ്പെടുത്താനായി പാലം നശിപ്പിച്ചാലും (16) കള്ളമുതൽ അവകാശം പോലെ ഉദ്യോഗ സ്ഥന്മാർ പങ്കുവച്ചാലും. (17) രാജശക്തി ക്ഷയിപ്പിക്കാൻ ശ്രമി ച്ചാലും (18) സ്ത്രീയെ അതിക്രമിച്ചാലും, സ്ത്രീയുടെ ഭർത്താ വിനെ അക്രമിച്ചാലും വധശിക്ഷയോ കാര്യമായ (ഉത്തമ) ശിക്ഷയോ (ദണ്ഡം) വിധിക്കേണ്ടതാണ്. (19) ഏതുവർണ്ണ ത്തിൽപ്പെട്ടവനാണെങ്കിലും ഏത് അവയവം ഉപയോഗിച്ചാണോ ഹീനകർമ്മം ചെയ്തത് ആ അവയവം ഛേദിച്ചുകളയേണ്ടതാണ്. (20) ഇരിക്കാനോ നിൽക്കാനോ സാധിക്കാത്തവനും, കാലുകളി ല്ലാത്തവനും, വികലാംഗനും ഈ നിയമം ബാധകമല്ല. (21) അവശനും, ദഹനേന്ദ്രിയങ്ങൾക്കും, വിസർജ്ജനേന്ദ്രിയ ങ്ങൾക്കും കോട്ടമുള്ളവനും ഈ ശിക്ഷാവിധി ബാധകമല്ല. (23) ക്രൂരമായി മറ്റുള്ളവനെ അധിക്ഷേപിക്കുന്നവന്റെ നാക്ക് മുറിക്ക ണം. (24) ധർമ്മോപദേശം ചെയ്യുന്നവർ ക്രൂരത കാണിച്ചാൽ രാജസന്നിധിയിൽ ചൂടുള്ള എണ്ണയിൽ കൈമുക്കി മേലിൽ ഇപ്ര കാരം ചെയ്യില്ലെന്നു സത്യം ചെയ്യിക്കണം. (25) അപകീർത്തിപ്പെ ടുത്താനായി പേരോ കുലമോ ചേർത്ത് വിരോധം തീർക്കുന്ന രീതിയിൽ ഹീനകൃത്യങ്ങൾ ചെയ്യുകയോ ഹീനപദങ്ങൾ ഉപയോ ഗിക്കുകയോ ചെയ്താലും പത്തംഗുലം നീളമുള്ളആണി കയ്യിൽ തറച്ചുശിക്ഷിക്കണം. **(5 : 14 - 25)**

മേൽ വിവരിച്ച വരികളുടെ അർത്ഥങ്ങളും സന്ദേശങ്ങളും സാമാന്യം എല്ലാവർക്കും വളരെവ്യക്തമായി ഉൾക്കൊള്ളാൻ സാധിച്ചിരുന്നു. അതി നാൽ ഈ പഠനവേളയിൽ ആരും സംശയം ചോദിച്ചില്ല.

പഠനകളരികൾ തുടർന്നുകൊണ്ടിരുന്നു. ദിവസങ്ങൾ നീങ്ങികൊണ്ടി രിക്കുകയും ചെയ്തു. അടുത്ത പഠനവേദിയിലേക്ക് നമുക്കു പ്രയാണം ചെയ്യാം. മേൽ വിവരിച്ചതിന്റെ തുടർച്ചയാണ് ഈ പഠനവേദിയിൽ ഉപാചാര്യൻ വിവരിച്ചത്. നിയമകർമ്മാചാര്യന്റെ വിവരണങ്ങൾക്കു തുടർച്ചയായി ഉപാചാര്യനാണ് ഈ വിഷയമെടുത്തത്. വൈദികവും



Scanned with CamScanner

വിദ്യാപരവുമായ പ്രാർത്ഥനക്കുശേഷം പഠനമാരംഭിച്ചു. ഉപാചാര്യൻ വിവരണം തുടരുന്നു.

**പിഴചുമത്തുന്ന കുറ്റങ്ങൾ**

കഴിഞ്ഞ ദിവസങ്ങളിൽ ശ്രദ്ധിച്ചു പഠിച്ചത് നിയമ കർമ്മാചാര്യൻ പഠിപ്പിച്ച പാഠങ്ങളായിരുന്നു. അതു വിഷ്ണുധർമ്മശാസ്ത്രത്തിലെ **അഞ്ചാം അദ്ധ്യായത്തിലെ ആദ്യത്തെ 25 വരികളായിരുന്നു.** പഠിച്ച തോർമ്മിച്ചു നോക്കിയാൽ നിങ്ങൾക്കു വ്യക്തമാകും അവിടെ വിവരിച്ച ശിക്ഷകളെല്ലാം ശാരീരികമോ മാനസീകമോ ആയിരുന്നു. ഇനി വിവരിക്കുന്നതെല്ലാം സാമ്പത്തീകമായി പിഴചുമത്തുന്ന ശിക്ഷയാണ്. ഭാവിലോകത്തിൽ ഇത്തരത്തിലുള്ള ശിക്ഷകളായിരിക്കും കൂടുതൽ പ്രചാരത്തിലുണ്ടാകുക. കാരണം ശരീരമാണോതെറ്റു ചെയ്യുന്നത്, മനസ്സാണോ തെറ്റുചെയ്യുന്നത്, അതോ ജീവാത്മാവാണോ തെറ്റു ചെയ്യുന്നത് എന്ന് സാധാരണക്കാർക്ക് വ്യക്തമല്ല. ശരീരത്തിനെ വധിക്കുന്നതോടെ കുറ്റങ്ങൾ ചെയ്തവനിൽ നിന്നും തിക്തഫലങ്ങളനുഭവിക്കേണ്ടിവന്നവന്റെ വേദനയില്ലാതാകുന്നില്ല. മനസിനേയും ആത്മാവിനേയും നശിപ്പിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ അവയിൽ കുറ്റമാരോപിക്കാനും സാധ്യമല്ല. അതിനാൽ കുറ്റം ചെയ്ത വ്യക്തിയെ സമഗ്രമായി ശിക്ഷിക്കുന്നതിന് നിയമം വഴി ദണ്ഡം അഥവാ പിഴ വിധിക്കുക. അത് തെറ്റു ചെയ്ത വ്യക്തിയുടെ മനസ്സിനെ പൂർണമായും ബാധിക്കുന്നു. നിരന്തരം വേദനിപ്പിക്കുന്നു, പശ്ചാത്താപത്തിന് വഴിതെളിക്കുന്നു. എന്നാൽ ഇതിലൂടെ ശരീരത്തേയോ മനസ്സിനേയോ ജീവാത്മാവിനേയോ ഉന്മൂലനം ചെയ്യുന്നുമില്ല. ഇനി നമുക്ക് നേരിട്ടു വിഷയത്തിലേക്ക് കടക്കാം. വളരെ കാര്യമായ വ്യാഖ്യാനങ്ങളൊന്നുമില്ലാതെ ഈ ശിക്ഷകളെക്കുറിച്ച് നിങ്ങൾക്കു വ്യക്തമാകും. ഈ ശിക്ഷകളെല്ലാം എല്ലാവർണത്തിലും പെട്ടവർക്ക് ഒരേപോലെ ബാധകമാണെന്നുമറിയണം. മാത്രമല്ല ചെയ്തതെറ്റുകുറ്റങ്ങൾക്ക് ദേശവും കാലവും വ്യക്തിയുടെ പ്രത്യേകതകളും വിശകലനം ചെയ്തതിനുശേഷമേ, ശിക്ഷ വിധിക്കാവൂ എന്നുവ്യക്തമായി സൂചിപ്പിക്കുന്നു. ഇനി ഇരുപത്തിയാറാമത്തെ വരിമുതൽ മുപ്പത്തിയൊമ്പതാമത്തെ വരിവരെയുള്ള ശിക്ഷാനിയമങ്ങൾ പഠിക്കാം.

**ധർമ്മശാസ്ത്രവരികൾ**

(26) ഒരു വ്യക്തി സ്വന്തം വർണധർമ്മത്തെ അനുഷ്ഠിക്കുന്നതിനെ മറ്റൊരാൾ കളിയാക്കുകയോ പുച്ഛിക്കുകയോ ചെയ്താൽ 200 കാർഷാപണം പിഴ. (27) അസത്യം, അപഹരണം, എന്നിവയ്ക്കും 200 കാർഷാപണം പിഴ (28) ഗുരുവിനെ നിന്ദിച്ചാലും



Scanned with CamScanner

അവഹേളിച്ചാലും 200 കാർഷാപണം പിഴയൊടുക്കണം. (29) ഉയർന്ന വർണത്തിലുള്ളവർ താഴ്ന്ന വർണത്തിലുള്ളവരെ അവഹേളിച്ചാൽ ഉയർന്ന വർണത്തിലുള്ളവരുടെ നാവ് ഛേദിക്കുകയോ അതിനുതുല്യമായ പിഴയീടാക്കുകയോ വേണം. (30) തിരിച്ചാണ് സംഭവിച്ചതെങ്കിൽ ചെറിയ പിഴയീടാക്കണം. (31) ശ്രേഷ്ഠന്മാരായ വേദപണ്ഡിതന്മാരേയോ (32) ഗ്രാമ-ദേശാധികാരികളേയോ അവഹേളിച്ചാലും പിഴയൊടുക്കണം. (33) ചെറിയ രീതിയിലുള്ള അക്ഷേപശരങ്ങൾക്ക് 100 കാർഷാപണം പിഴ. (34) മാതാവ് - സഹോദരി എന്നീ സ്ത്രീകളെ ചേർത്ത് അവഹേളിച്ചാലും (35) തുല്യവർണത്തിലുള്ളവർ പരസ്പരം അവഹേളിച്ചാലും (36) വർണത്തെ കുത്തിവേദനിപ്പിക്കുന്ന വിധത്തിൽ അവഹേളിച്ചാലും യഥാക്രമം 12, 6, 3 കാർഷാപണം പിഴയൊടുക്കണം. (37) അവഹേളിച്ച ദേശവും/ സ്ഥലവും കാലവും / സമയവും നോക്കിയാണ് ശിക്ഷ വിധിക്കേണ്ടത്. (38) മോശമായ സ്ഥലത്തും സമയത്തുമാണ് ആക്ഷേപവാക്കുകളെങ്കിൽ കഠിനമായ ശിക്ഷ നൽകണം. (39) നിഷ്ഠൂരമായ / നീചമായ വാക്കുകളുടെ പ്രയോഗത്തിൽ മാത്രമേ ഈ ശിക്ഷ ബാധകമാകൂ. (5:26-39) .

ഇത്രയും വായിച്ചറിഞ്ഞ നിങ്ങൾ ജീവിതത്തിൽ പകർത്തേണ്ടതായ കാര്യങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കണം. വ്യക്തികളും, വ്യക്തിത്വവും, ശാരീരികമോ, മാനസീകമോ, കുടുംബപരമോ, സാമൂഹികമോ, രാഷ്ട്രപരമോ ആയ ഏതുവിധത്തിലുള്ള വാക്കുകളും പ്രവൃത്തികളും, ശിക്ഷയർഹിക്കുന്ന കുറ്റങ്ങളായിത്തീരുന്നത് അവയെല്ലാം പ്രയോഗിക്കുന്ന രീതി, സ്ഥലം, കാലം, ദേശം, വ്യക്തിയുടെ പ്രായം... എന്നിപ്രകാരം പല കാര്യങ്ങളും വിലയിരുത്തിയാണ്. ഇതാണ് ധർമ്മശാസ്ത്രത്തിന്റെ പന്ഥാവ്

**അപഹരണത്തിനുള്ള ശിക്ഷകൾ**

പലതരത്തിലുള്ള തിന്മകൾ എക്കാലവും ഏതുദേശത്തിലും നടക്കാവുന്നതാണ്. അവയെല്ലാം ക്രമമല്ലാതെ ഇവിടെ ചേർക്കുവാൻ കാരണം ഏതു തരത്തിലുള്ള കുറ്റങ്ങളായാലും തെറ്റുകളായാലും സാമൂഹിക നിയമത്തിന്റെ വിലയിരുത്തലിനും വിശകലനത്തിനും വിധേയമാണെന്ന് വ്യക്തമായി അറിയിക്കുവാനാണെന്ന് ഈ വിവരണങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. നന്മയുള്ളവനെ പൊതുസദസ്സിൽ തിന്മയുള്ളവനായി ചിത്രീകരിച്ചാൽ കഠിനശിക്ഷയാണ്. അതേ പ്രകാരമുള്ള ശിക്ഷയാണ്, ഒരാളുടെ ധർമ്മപത്നിയെ ബലാൽക്കാരമായി തട്ടിക്കൊ



Scanned with CamScanner

ണ്ടുപോയാലും ശിക്ഷകളുടെ രീതിവ്യത്യാസപ്പെടാമെങ്കിലും കാഠിന്യം അൽപം പോലും കുറക്കരുതെന്ന് ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്ന വരികൾ വായിക്കുക.

**ധർമ്മശാസ്ത്രവരികൾ**

> (40) മറ്റുള്ളവരുടെ പത്നിയെ അപഹകരിച്ചാൽ/തട്ടിക്കൊണ്ടുപോയാൽ കഠിന ശിക്ഷ നൽകണം. (41) വർണമനുസരിച്ച് ആരാണോ അപഹരിച്ചത് അതനുസരിച്ചുള്ള ശിക്ഷയാകണം. (42) പശുവിനെ അപഹരിച്ചാലും ഇതുതന്നെ പിഴയും ശിക്ഷയും. (43) ശ്രേഷ്ഠമായത് അപഹരിച്ചാൽ വധതുല്യമായ ശിക്ഷ. (44) മറ്റു മൃഗങ്ങളെ അപഹരിച്ചാൽ 100 പണം പിഴയീടാക്കണം. (45) കന്യകയ്ക്കുള്ള ദോഷത്തെ മൂടിവച്ച് / പറയാതെ വിവാഹം ചെയ്തു കൊടുത്താൽ പിഴയൊടുക്കണം. (46) അതേപ്രകാരം വിവാഹപൂർവ ലൈംഗിക ബന്ധത്തിൽ മറ്റൊരാൾ ഏർപ്പെട്ട സ്ത്രീയെ വിവാഹം മോചിപ്പിച്ച് കന്യാദാനം ചെയ്ത വ്യക്തി, ആ കന്യക ഉപേക്ഷിക്കപ്പെട്ടാൽ സംരക്ഷിക്കണം. (47) ദുഷ്ടനല്ലാത്തവനെ ദുഷ്ടനെന്ന് പൊതുസദസ്സിൽ വിളിച്ചാലും കഠിനശിക്ഷ നൽകണം. (5 : 40 - 47)

ഈ വരികളെല്ലാം ശ്രദ്ധയോടെ വായിച്ചതിനുശേഷം ആചാര്യൻ കുറേ സംശയങ്ങൾക്കു കൂടി മറുപടിപറഞ്ഞതിനുശേഷം പല കഥകളിലൂടെ ഉദാഹരണങ്ങൾ നിരത്തി കാര്യങ്ങൾ വ്യക്തമാക്കിയതിനുശേഷമാണ് വേദിയിൽ നിന്ന് പോയത്. അദ്ദേഹത്തിന്റെ വിഷയം അദ്ദേഹം തന്നെയായിരുന്നു അടുത്തദിവസം പ്രാർത്ഥനക്കുശേഷം പഠിപ്പിച്ചത്.

**ജീവജാലങ്ങളെ ഹിംസിച്ചാലുള്ള ശിക്ഷ**

സസ്യലതാദികളും മൃഗങ്ങളും അവയുടെ ശരീരവും, അവയുടെ സന്തതികളേയും മാനവരാശിക്കു വേണ്ടി സമർപ്പിക്കുന്നു എന്നു നാം അറിയണം. പല പക്ഷികളുടേയും കുഞ്ഞുങ്ങളെയാണ് നാം അവയുടെ അണ്ഡാവസ്ഥയിൽ തന്നെ ഭക്ഷണമായി കഴിക്കുന്നത്. പല മൃഗങ്ങളെയും നരകയാതനയനുഭവിപ്പിച്ച് വധിച്ചതിനുശേഷമാണ് അവയുടെ തൊലിയുരിഞ്ഞ്, രക്തം വാർന്നൊലിക്കുന്ന മാംസത്തെ കഷണങ്ങളാക്കി ഉപ്പും മുളകും ചേർത്ത് നാം ഭക്ഷിക്കുന്നത്. പല മൃഗങ്ങളും അവയുടെ കുഞ്ഞുങ്ങൾക്കായി ഉൽപ്പാദിപ്പിക്കുന്ന പാലാണ് നാം സ്വാദിഷ്ട ഭക്ഷണമാക്കിത്തീർക്കുന്നത്. മനുഷ്യർ, ഇപ്രകാരം ചെയ്യുമ്പോൾ ആ മൃഗങ്ങളൊന്നും പ്രതിഷേധിക്കാറില്ല, പ്രതികരിക്കാറില്ല, എന്നു മാത്രമല്ല, മനുഷ്യൻ ഉൽപ്പാദിപ്പിക്കുന്ന ഒന്നും അവ ഭക്ഷിക്കാ



Scanned with CamScanner

റുമില്ല. മനുഷ്യൻ ഈ ഭൂമിയിലില്ലെങ്കിൽ അവയ്ക്കെല്ലാം ജീവിക്കാൻ ഒരു വിഷമവുമുണ്ടാകില്ല. കാരണം പ്രകൃതി അവയ്ക്കാവശ്യമായതെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ ഈ മൃഗങ്ങളും പക്ഷികളുമില്ലെങ്കിൽ സ്വാർത്ഥനായ മനുഷ്യന് ജീവിക്കാൻ ബുദ്ധിമുട്ടാകും. മനുഷ്യൻ പക്ഷികളേയും, നായയേയും, പശുക്കളേയും കുതിരകളേയും, ഒട്ടകത്തേയും, കഴുതകളേയുമെല്ലം വളർത്തുന്നതിന്റെ ഉദ്ദേശം നമുക്കറിയാം. അവയെ കയറുകൊണ്ടുകെട്ടി അടിമയാക്കിയാണ് സ്വന്തം ആവശ്യത്തിനുപയോഗിക്കുന്നത്. സ്വതന്ത്രമായി നടന്ന് ലഭിക്കുന്ന ഭക്ഷണവും പുല്ലും വെള്ളവും കഴിച്ച് ജീവിക്കുന്ന എല്ലാ പക്ഷിമൃഗാദികളും നല്ല ആരോഗ്യമുള്ളവയായിരിക്കും. എന്നാൽ മനുഷ്യൻ നൽകുന്നതുമാത്രം ഭക്ഷിച്ച് ജീവിക്കുന്നവയെല്ലാം മെലിഞ്ഞും രോഗത്തിന്നടിമപ്പെട്ടുമിരിക്കുന്നു. മനുഷ്യന്റെ പരിചരണത്തിൽ അവയെല്ലാം എത്ര വേദനിച്ചാലും പ്രതിഷേധിക്കാറില്ല എന്നുമാത്രമല്ല നന്ദി പ്രകടിപ്പിക്കാറുമുണ്ട്. ആ വളർത്തുമൃഗങ്ങളുടെ കഴുത്തിൽ കത്തിവെച്ച് സസ്യഫലങ്ങളെ മുറിക്കുന്ന ലാഘവത്തോടെ മുറിക്കുമ്പോൾ കൈകാലിട്ടടിച്ച് പിടയുമ്പോൾ അവയുടെ ശരീരമാണ് ഭക്ഷണത്തിന്നായി നാം ഉപയോഗിക്കുന്നതും അതുവിറ്റ് സമ്പത്തുണ്ടാക്കുന്നതുമെന്നുള്ള നന്ദിയോ ദയയോ മനുഷ്യർ ഈ മൃഗങ്ങളോട് കാണിക്കാറില്ല. ഏകദേശം ഇതേ പോലെയാണ് സസ്യങ്ങളോടും വനനശീകരണത്തിലൂടെ മനുഷ്യർ കാണിക്കുന്ന ക്രൂരത.

ഭാരതത്തിൽ എല്ലാ മൃഗങ്ങളേയും ഓരോ ഈശ്വരസങ്കൽപവുമായി ബന്ധപ്പെടുത്തിയിരിക്കുന്നത് പൂർണമായും അവയ്ക്ക് ഈശ്വരീയമായ വീക്ഷണത്തിലൂടെ സംരക്ഷണം ലഭിക്കുവാനായിട്ടാണ്. പശുവിനെ ലക്ഷ്മിദേവിയോടും, ഭൂമിദേവിയോടും, കാളയെ ശിവനോടും, മയിലിനെ മുരുകനോടും, സിംഹത്തെ ദേവിയോടും, കാക്കയെ ശനീശ്വരനോടും, കുതിരയെ ഹയഗ്രീവനോടും ചേർത്ത് നാം അവയിലെ ഈശ്വരാംശത്തെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നു. അപ്രകാരം തന്നെ വൃക്ഷലതാദികളെ ഈശ്വരീയ ചൈതന്യത്തിന്റെ ഭാഗമാക്കുവാൻ തുളസിയെ ശ്രീകൃഷ്ണനോടും, കൂവളത്തെ ശിവനോടും, ആൽമരത്തെ ത്രിമൂർത്തികളോടും, തെങ്ങിനെ കൽപവൃക്ഷമായും, ചുവന്ന പുഷ്പങ്ങൾ തരുന്ന ചെടികളെ ദേവിയുടെ ആരാധനയ്ക്കും വെളുത്ത പുഷ്പങ്ങൾ തരുന്നവയെ മഹാവിഷ്ണുവിന്റെ ആരാധനക്കും, പലപുഷ്പങ്ങളും പിതൃകർമ്മത്തിനും എല്ലാപുഷ്പങ്ങളും ഇലകളും കായ്കളും സത്യനാരായണ പൂജയ്ക്കുമായി ഉപയോഗിച്ച് അവയുടെ മഹത്വം ആചാരങ്ങളിലൂടെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു. ഇവയെല്ലാമറി



Scanned with CamScanner

യുന്നവരായിട്ടും ഈ മൃഗങ്ങളേയും പക്ഷികളേയും സസ്യലതാദികളേയും നശിപ്പിക്കുന്നു. അവർക്കുള്ള ശിക്ഷയാണ് ഇനി നമുക്ക് പഠിക്കുവാനുള്ളത്.

ആചാര്യൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ **അഞ്ചാമദ്ധ്യായത്തിലെ** നാൽപ്പത്തിയെട്ടുമുതൽ അമ്പത്തിയൊമ്പതു വരെയുള്ള വരികൾ വിവരിച്ചു......

**ധർമ്മശാസ്ത്രവരികൾ**

മൃഗങ്ങളെ വധിക്കുകയോ ഹിംസിക്കുകയോ ചെയ്താലുള്ള ശിക്ഷ പ്രത്യേകിച്ചും മറ്റുള്ളവരുടെ വളർത്തുമൃഗങ്ങൾ / വൃക്ഷങ്ങൾ / സസ്യങ്ങൾ നശിപ്പിച്ചാലുള്ള ശിക്ഷകൾ

> (48) ആന, കുതിര, ഒട്ടകം, പശു എന്നിവയെ കൊന്നാൽ ഒരു കയ്യോ കാലോ മുറിച്ച് ശിക്ഷിക്കണം. (49) വിൽക്കാൻ പാടില്ലാത്ത മാംസം വിറ്റാലും ഇതുതന്നെ ശിക്ഷ. (50) വളർത്തുപശുവിനെ വധിച്ചാൽ 100 പണം പിഴ. (51) കൂടാതെ പശുവിന്റെ ഉടമസ്ഥന് പശുവിന്റെ വിലയും നൽകണം. (52) കാട്ടുജന്തുക്കളെ വധിച്ചാൽ 500 കാർഷാപണം പിഴശിക്ഷ. (53) വളർത്തു പക്ഷി, മത്സ്യം ഇവയെ കൊന്നാൽ പത്തുകാർഷാപണം പിഴ. (54) നന്മതരുന്നകീടങ്ങളെ കൊന്നാൽ ഒരുകാർഷാപണം പിഴ. (55) നല്ലഫലങ്ങൾ തരുന്ന വൃക്ഷലതാദികൾ മുറിച്ചാൽ കഠിനമായ ശിക്ഷ. (56) നല്ല പുഷ്പങ്ങൾ തരുന്ന സസ്യലതാദികളെ അനുവാദമില്ലാതെ/ശല്യമാണെന്നു പറഞ്ഞു മുറിച്ചാൽ മധ്യമശിക്ഷ. (57) അവർ 100 കാർഷാ പണമാണ് പിഴയൊടുക്കേണ്ടത്. (58) പുല്ലു മുറിച്ചുകളഞ്ഞാൽ 1 കാർഷാപണം ശിക്ഷ. (59) എന്തെല്ലാം നശിപ്പിച്ചാലും അതിന്റെ ഉടമസ്ഥന് പിഴകൂടാതെ അതിന്റെ മൂല്യവും നൽകണം. **(5 : 48-59)**

സസ്യലതാദികളേയും മൃഗങ്ങളേയും സംബന്ധിക്കുന്ന അനവധി ഉദാഹരണങ്ങൾ ആചാര്യൻ വാത്മീകി രാമായണത്തിൽ നിന്നും വ്യാസഭാരതത്തിൽ നിന്നും ഉദ്ധരിച്ചുകൊണ്ട് വിവരിക്കുകയുണ്ടായി....

**മറ്റുള്ളവരെ അധിക്ഷേപിക്കുന്നതിനുള്ള ശിക്ഷ**

അടുത്ത ദിവസത്തെ പഠനം പ്രാർത്ഥനയോടെ തന്നെ ആരംഭിച്ചു. **നിയമകർമ്മാചാര്യന്റേ**തായിരുന്നു വിവരണങ്ങൾ. തലേദിവസത്തെ പഠനത്തെക്കുറിച്ചും, ഉപാചാര്യൻ വിവരിച്ചിരുന്നതിനെ ഒന്നുകൂടി സ്പർശിച്ചുകൊണ്ട് നിയമകർമ്മാചാര്യൻ, മനുഷ്യൻ മനുഷ്യനുമായി ബന്ധപ്പെടുമ്പോൾ ചെയ്യുന്ന കുറ്റങ്ങളും തെറ്റുകളും അവയ്ക്കുള്ള



Scanned with CamScanner

ലളിതവും കഠിനവുമായ ശിക്ഷകളുമാണ്, വിവരിച്ചത്. ഇവയിൽ ധാർമ്മീകവശം മാത്രമല്ല. നിയമവശവും സാമൂഹികവ്യവസ്ഥകളും നില നിൽക്കാൻ ധർമ്മോപദേശം കൊണ്ടുമാത്രമോ പാപപുണ്യവിവരണ ങ്ങൾകൊണ്ടുമാത്രമോ സാദ്ധ്യമല്ല. ഇപ്രകാരം മനുഷ്യരോടും മൃഗ ങ്ങളോടും സസ്യലതാദികളോടും ചെയ്യുന്ന കുറ്റങ്ങളും തെറ്റുകളും നശീകരണവും പാപമാണെന്നുവിവരിച്ചാൽ ആ പാപത്തിന്റെ ശിക്ഷ നരകത്തിൽ ലഭിക്കുമെന്നുപറഞ്ഞാൽ, അത് മരിച്ചതിനുശേഷ മല്ലേയെന്ന യുക്തിയായിരിക്കും കുറ്റം ചെയ്യുന്നവർ പ്രയോഗിക്കുക. അതിനാൽ സമൂഹത്തിൽ ഇത്തരം കുറ്റങ്ങൾ ചെയ്യുന്നവരെ നിലയ്ക്കുനിർത്തുവാൻ മാതൃകാപരമായശിക്ഷതന്നെ നൽകേണ്ടതാ യിട്ടുണ്ട്. ആ ശിക്ഷകളെല്ലാം കുറ്റവാളിയെ ശാരീരികമായി ഹനിക്കാ നുള്ളതല്ല, മറിച്ച് മറ്റുള്ളവർക്ക് കൂടി മാതൃകാപരമാകാനാണ്. ദർശിച്ച് അവർ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ നിന്നകന്നുനിൽക്കുവാൻ വേണ്ടി കൂടിയാണെന്നറിയണം.

(60) കൈകൊണ്ടു മർദ്ദിച്ചാൽ 10 പണവും (61) കാൽകൊണ്ടു ചവിട്ടിയാൽ (തൊഴിച്ചാൽ) 20 പണവും (62) വടികൊണ്ടടിച്ചാൽ സാധാരണ ശിക്ഷയും (63) കല്ലുകൊണ്ടു എറിഞ്ഞാൽ മധ്യമശി ക്ഷയും (64) ആയുധം കൊണ്ടാക്രമിച്ചാൽ കഠിനശിക്ഷയും നൽക ണം. (65) ശരീരത്തെ പാദാദികേശത്തിൽ വേദനിപ്പിച്ചാൽ 10 പണവും (66) രക്തസ്രാവമുണ്ടാകാത്ത തരത്തിലുള്ള വേദന ജനിപ്പിച്ചവന് 32 പണവും (67) രക്തസ്രാവത്തോടെയുള്ള ആക്ര മണമാണെങ്കിൽ 64 പണവും (68) കൈ-കാൽ-പല്ല് ഇവ ഒടിയു കയോ മുറിഞ്ഞുപോവുകയോ ചെയ്താൽ മധ്യമ ശിക്ഷയും നൽകണം. (69) ഭക്ഷണം കഴിക്കുന്ന വേളയിൽ പ്രഹരിച്ചാലോ (70) കണ്ണ്, തോളെല്ല്, കൈയെല്ല്, സന്ധി എന്നിവക്ക് കാര്യമായ പരിക്കേൽപ്പിച്ചാലോ കഠിനശിക്ഷ നൽകണം. (71) രണ്ടു കണ്ണുകളും നഷ്ടപ്പെട്ടാൽ അപ്രകാരം ചെയ്തവന് ആജീവനാന്തബന്ധനം ശിക്ഷയായി നൽകണം. (72) മേൽ വിവ രിച്ചതനുസരിച്ച് ശിക്ഷകൾ ക്രമപ്പെടുത്തണം. **(5 : 60 - 72)**

ആചാര്യന്റെ യുക്തിയുക്തമായ വിവരങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഹൃദയസ്പർശിയായി തോന്നി. പലരുടേയും സംശയങ്ങൾ ചോദ്യ ങ്ങളില്ലാതെ തന്നെ ദൂരികരിക്കപ്പെട്ടു. അതിന്റെ സംതൃപ്തി എല്ലാവ രുടേയും മുഖത്തുണ്ടായിരുന്നു. വിവരണങ്ങൾക്കുശേഷം വിദ്യാർത്ഥി കൾ ആചാര്യനോട്, ചോദിച്ച ചോദ്യങ്ങൾ ഏറ്റവും അനുയോജ്യമാ യിട്ടുള്ളതാണെന്ന് തോന്നി.



Scanned with CamScanner

അവർ ചോദിച്ച ചോദ്യത്തിന്റെ സംക്ഷിപ്തമിതായിരുന്നു. ഹീനമായ ഒരു കുറ്റകൃത്യം ഒരുവൻ ചെയ്യുന്നു. മറ്റൊരുവൻ അതിനെ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെ ചിലർ അതിന് കൂട്ടുനിൽക്കുന്നു, ചിലർ കണ്ടുകൊണ്ടു നിൽക്കുന്നു, നിർദ്ദേശിക്കുന്നു, അഭിനന്ദിക്കുന്നു, പരോക്ഷമായി സഹായിക്കുന്നു, കൃത്യങ്ങളുടെ നേട്ടം അനുഭവിക്കുന്നുവെങ്കിൽ അവർക്കുള്ള ശിക്ഷയോ അവരോടുള്ള വീക്ഷണമോ എന്തായിരിക്കണമെന്നായിരുന്നു ചോദ്യം. ഇവിടെ കാത്യായന മഹർഷിയുടെ വരികളാണാചാര്യൻ ഉദ്ധരിച്ചത്.

**കാത്യായന സ്മൃതിയിലെ സന്ദേശങ്ങൾ**

ആരംഭകൃത് സഹായശ്ച തഥാ മാർഗാനുദേശകഃ

ആശ്രയഃ ശസ്ത്രദാതാ ച ഭക്തദാതാ വികർമ്മിണാം

യുദ്ധോപദേശകശ്ചൈവ തദ്വിനാശപ്രവർത്തകഃ

ഉപേക്ഷാകാര്യയുക്തസ്യ ദ്വോഷാവക്താനുമോദകഃ

അനിഷേദ്ധാ ക്ഷമോ യശ്ച സർവേ തത്കാര്യകാരിണഃ യഥാശക്ത്യനുരൂപം ച ദണ്ഡം തേഷാം പ്രകൽപയേത്

കുറ്റം ചെയ്യാൻ സൗകര്യം ചെയ്തവർ, സഹായിച്ചവർ, മാർഗം നിർദ്ദേശിച്ചവർ, ആശ്രയം കൊടുത്തവർ, ആയുധം കൊടുത്തവർ, മാനസിക ഉത്തേജനം നൽകിയവർ, കുറ്റകൃത്യം ചെയ്യുമെന്ന് അറിഞ്ഞിട്ടും തടയാത്തവർ ഇവരെല്ലാം യുദ്ധം/ആക്രമം/തെറ്റ്/കുറ്റം ചെയ്തയാളെ പോലെ കുറ്റക്കാരാണ്. കുറ്റത്തെ നിസ്സാരമായി കണ്ടവർ, ഏർപ്പാടുകൾ ചെയ്തവർ, തെറ്റാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാത്തവർ, അനുമോദിച്ചവർ ഇതിനു കൂട്ടുനിന്ന് ഞാനൊന്നുമറിഞ്ഞില്ലെന്നു പറഞ്ഞവർ, ഇവരെല്ലാം കുറ്റകൃത്യത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കാളികളായതിനാൽ അർഹമായശിക്ഷ അവർക്കും കൊടുക്കണം.

**കുറ്റങ്ങൾ വീണ്ടുമാവർത്തിക്കുമ്പോൾ**

കുറ്റവാളികളെ ഇനിയുമതാവർത്തിക്കാൻ സാധ്യതയുള്ള കുറ്റങ്ങളിൽ നിന്ന് മോചിപ്പിക്കാനും പിന്തിരിപ്പിക്കാനും വേണ്ടിയാണ് ശിക്ഷ നൽകുന്നത്. അതേപ്രകാരം നൽകുന്ന ശിക്ഷകൾ സമൂഹത്തിന് മാതൃകയാകുകയും വേണം. ഈ ശിക്ഷകൾ ഉദ്ദേശിച്ച ഫലം ചെയ്യാതെ കുറ്റവാളികൾ അതേ തെറ്റ് വീണ്ടും ആവർത്തിക്കുകയാണെങ്കിൽ നൽകേണ്ടതായ ശിക്ഷയുടെ വ്യാപ്തി വിവരിക്കുന്നതാണടുത്ത ധർമ്മശാസ്ത്രവരികളെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകുമെന്നും ആചാര്യൻ ചൂണ്ടിക്കാണിച്ചു.

(73) പല കുറ്റങ്ങളും അറിഞ്ഞുകൊണ്ടു ചെയ്യുന്നവർ ശിക്ഷ കഴിഞ്ഞ് വീണ്ടുമതാവർത്തിച്ചാൽ ഇരട്ടി ശിക്ഷ നൽകണം. (74)



Scanned with CamScanner

> തെറ്റ് ചെയ്തവന്റെ കൂടെ ജീവിക്കുകയും, അവനെ പലകാര്യത്തിലും സഹായിക്കുകയും, അവന്റെ ജീവിതത്തിന്റെ ഭാഗമായി തുടരുകയും ചെയ്തവർക്കും ശിക്ഷക്കർഹതയുണ്ട്. (75) മനുഷ്യദ്രോഹം ചെയ്തവരും അതിൽ പങ്കെടുത്തവർക്കും അർഹിച്ചശിക്ഷ നൽകണം. (76) ഈ നിയമം തന്നെ വളർത്തുമൃഗങ്ങളെ പീഡിപ്പിച്ചവർക്കും ബാധകമാണ്. (5 : 73 -75)

നിയമകർമ്മാചാര്യന്റെ തുടർന്നുള്ള ദിവസങ്ങളിലെ പഠനത്തിൽ മോഷണങ്ങൾക്കുള്ള ശിക്ഷാവിധികൾ വളരെവ്യക്തമായി വിവരിക്കുന്നു. മറ്റു ചില ധർമ്മശാസ്ത്രങ്ങളിലെ വരികൾ കൂടി ഉദ്ധരിച്ചു കൊണ്ടായിരുന്നു, വിവരണം നൽകിയത്. ഭാവി ലോകത്തിലും അതുപോലെ എക്കാലവും സ്വീകരിക്കാൻ സാധ്യതയുള്ള ശിക്ഷയാണ് പിഴ ഈടാക്കൽ എന്നു വ്യക്തമാക്കുന്നതിനാണ്, ധർമ്മശാസ്ത്ര രചയിതാക്കളായ ആചാര്യന്മാർ പല തരത്തിലുള്ള ഉദാഹരണങ്ങളും ചിന്തിച്ച് പിഴ ശിക്ഷ നടപ്പിലാക്കുന്നതിനെക്കുറിച്ച് വിവരിച്ചത്.

**കള്ളത്തരത്തിനുള്ള പിഴകൾ**

സ്വർണ്ണവും വെള്ളിയും മുതൽ, തേനും, എണ്ണയും സസ്യങ്ങളും മാംസവും അപഹരിക്കുന്നതുവരെയുള്ള എല്ലാ മോഷണങ്ങൾക്കും ശിക്ഷ വിവരിക്കുന്നുണ്ട്. പണമായി പിഴയൊടുക്കാൻ നിവൃത്തിയില്ലെങ്കിൽ തത്തുല്യമായ ശാരീരികശിക്ഷയോ അതിനൊത്ത വിധത്തിലുള്ള പ്രയത്നവും പിഴയായി നൽകാവുന്നതാണ് എന്ന് വിവരിച്ചു കൊണ്ട് ആചാര്യൻ **അഞ്ചാം അദ്ധ്യായത്തിലെ എഴുപത്തിയേഴു മുതൽ തൊണ്ണൂറു** വരെയുള്ള വരികൾ വിദ്യാർത്ഥികളെക്കൊണ്ട് വായിപ്പിച്ച് വ്യാഖ്യാനിച്ചു.

> മോഷണത്തിനുള്ള ശിക്ഷ ഇപ്രകാരമാണ്. (77) പശു, കുതിര, ഒട്ടകം എന്നിവയെ മോഷ്ടിച്ചാൽ കൈ മുറിക്കണം. (78) ആടുകളെ മോഷ്ടിച്ചാലും ഇതുതന്നെ ശിക്ഷ. (79) ധാന്യങ്ങൾ മോഷ്ടിച്ചാൽ അതിന്റെ ഇരട്ടി വില പിഴ ഒടുക്കണം. (80) കൂടാതെ അതിന്റെ വിലയും നൽകണം. (81) സ്വർണം, വെള്ളി, വസ്ത്രങ്ങൾ, ഇവ മോഷ്ടിച്ചാൽ 500 പണം പിഴയായിനൽകണം അല്ലെങ്കിൽ അഞ്ചിരട്ടി. (82) പിഴയൊടുക്കാനായില്ലെങ്കിൽ, അതിന്റെ പതിനൊന്നു ഭാഗം കുറവ് ചെയ്ത് മറ്റു ശാരീരിക ശിക്ഷ നൽകണം. (83) നൂല്, കമ്പിളി, ശർക്കര, തൈര്, പാൽ, ഉപ്പ്, ഔഷധം, ഭസ്മം, പക്ഷി, മത്സ്യം, നെയ്യ്, എണ്ണ, മാംസം, തേൻ, മുള സാധാരണ ലോഹങ്ങൾ എന്നിവ അപഹരിച്ചാൽ അവയുടെ മൂന്നിരട്ടി പിഴയൊടുക്കണം. (84) പാകം ചെയ്ത ഭക്ഷണത്തിനും ഇതു



Scanned with CamScanner

തന്നെ നിയമം. (85) പുഷ്പം, ഇലകൾ, പുഷ്പിക്കുന്ന ചെടികൾ, വള്ളികൾ, വിലപിടിപ്പുള്ള സസ്യങ്ങൾ, എന്നിവ അപഹരിച്ചാൽ അഞ്ചു നാണയം (കൃഷ്ണലം) പിഴയൊടുക്കണം. (86) കായ്കറികൾ, മൂലങ്ങൾ, ഫലങ്ങൾഎന്നിവയ്ക്കും ഇതുതന്നെ നൽകണം. (87) ആഭരണാദികൾ അപഹരിച്ചാൽ കഠിനശിക്ഷയും (88) ഇവിടെ വിവരിക്കാത്ത മറ്റേതെങ്കിലും ദ്രവ്യങ്ങൾ അപഹരിച്ചാൽ അതിന്റെ വിലയും (89) തുല്യസംഖ്യയും നൽകണം. (90) സ്വന്തം ദ്രവ്യം സൂക്ഷിക്കാത്ത ഉടമസ്ഥനും അർഹമായ പിഴ ശിക്ഷയായി കൽപിച്ച് ഈടാക്കണം. **(5 : 77 - 90)**

**അധാർമ്മീകകുറ്റങ്ങൾ**

ഭാരതീയ ആചാര്യന്മാർ ജീവിതത്തിലെ എല്ലാ വിഷയങ്ങളും വിശകലനത്തിനുവിധേയമാക്കുമ്പോൾ, ചിലത് നിസ്സാരമായി തള്ളിക്കളയാവുന്നതാണെന്നു നമുക്കുതോന്നിയേക്കാം. ക്ഷണിച്ചു വരുത്തിയ വ്യക്തിയെ അവഹേളിക്കുക, ഭക്ഷണം കൊടുക്കാതിരിക്കുക അല്ലെങ്കിൽ ബഹുമാനിക്കാതിരിക്കുക എന്നുള്ളതെല്ലാം ശാരീരികമായതോ ദ്രവ്യപരമായതോ ആയ കുറ്റങ്ങളായി കണക്കാക്കാൻ സാധ്യമല്ല. അത് മാനസീക വ്യഥയുണ്ടാക്കുന്ന കാര്യങ്ങളാണെന്നതാണ് വസ്തുത. അവയെ നിസ്സാരമാക്കി കണക്കാക്കാതെ അതും സമൂഹത്തിലെ ഒരു പ്രശ്നമാണെന്നുതന്നെ തിരിച്ചറിഞ്ഞ് പൂർവ്വീകാചാര്യന്മാർ അത്തരം തെറ്റുകൾക്കും ശിക്ഷയേർപ്പെടുത്തിയിരുന്നു. അതും പിഴയായിത്തന്നെ ചുമത്തിയുമിരുന്നു. എന്നു വിവരിച്ചുകൊണ്ട് ധർമ്മശാസ്ത്രത്തിലെ അടുത്ത പതിമൂന്നു വരികളിലൂടെ വ്യക്തമായ പിഴചുമത്തുന്ന രീതികൾ വിവരിച്ചു. ലഘുവാണെന്നു തോന്നാവുന്ന കുറ്റങ്ങൾക്കുള്ള ശിക്ഷകളാണിവിടെ വിവരിക്കുന്നത്.

(91) ദുരുദ്ദേശത്തോടെ, അറിയാത്ത വഴി കാണിച്ചു കൊടുത്ത് വഴി തെറ്റിക്കുന്നവർക്ക് 25 കാർഷാപണം പിഴ. (92) ഇരിപ്പിടമർഹിക്കുന്ന പണ്ഡിതന്മാർക്ക് അതുനൽകാതെ അവഹേളിച്ചാൽ അത്രതന്നെ പിഴ. (93) ക്ഷണിച്ചുവരുത്തിയ ആരാധ്യരെ അവഹേളിച്ചാലും 25 കാർഷാപണം പിഴ (94) വേദപണ്ഡിതരെ നിഷേധാത്മകമായി ക്ഷണിച്ചവഹേളിച്ചാലും (95) ക്ഷണിച്ചു വരുന്നവർക്ക്, ആഹാര പാനാദികൾ നിഷേധിച്ചാലും (96) ക്ഷണിച്ചു എന്നു പറഞ്ഞ് അവഹേളിച്ചാലും (97) ക്ഷണം സ്വീകരിച്ച് വന്നവർക്ക് ഭക്ഷണം നൽകാതിരുന്നാലും അവരെ പുറത്താക്കിയാലും ഇരട്ടി ഭക്ഷണദ്രവ്യങ്ങളും ഒരു സുവർണമാഷം പിഴയും നൽകണം. (98) ഭക്ഷിക്കാൻ പാടില്ലാത്തത് നൽകി ശ്രേഷ്ഠരെ അവ



Scanned with CamScanner

ഹേളിച്ചാൽ 16 സുവർണപണം പിഴ. (99) ശ്രേഷ്ഠരെ ജാതി പേരുപറഞ്ഞ് അവഹേളിച്ചാൽ നൂറുപണം പിഴ. (100) ശ്രേഷ്ഠർക്ക് മദ്യം നൽകി അവഹേളിച്ചാൽ വധശിക്ഷവരെ. (101) യോദ്ധാക്കളേയും ക്ഷത്രിയരേയും അവഹേളിച്ചാൽ 50 പണവും (102) വൈശ്യരെ അവഹേളിച്ചാൽ 25 പണവും, (103) ശൂദ്രരെ അവഹേളിച്ചാൽ ശാരീരിക ശിക്ഷയും കൽപിക്കണം. (104) ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യാനായി സ്പർശിച്ചാൽ വധശിക്ഷ. (105) രജസ്വലയെ ശാരീരികപീഠനമേൽപ്പിച്ചാൽ കാഠിന്യമനുസരിച്ച് അടികൊടുക്കണം (5: 91 - 105)

സമൂഹത്തിൽ സ്ത്രീക്കുള്ള മാന്യമായ സ്ഥാനത്തെ അടിവരയിട്ട് അംഗീകരിപ്പിച്ചുകൊണ്ടാണ് എല്ലാ ധർമ്മശാസ്ത്രങ്ങളും വിവരണങ്ങൾ നൽകുന്നത് സ്ത്രീയെ ഏതെങ്കിലും വിധത്തിൽ വേദനിപ്പിച്ചാലുള്ള വ്യക്തമാക്കുന്ന വരികൾ ശ്രദ്ധേയമാണ്.

**സാമൂഹ്യദ്രോഹത്തിനുശിക്ഷ**

പൊതുവായിട്ടുള്ള സ്ഥലങ്ങൾ, പൊതുജനങ്ങൾക്ക് നിരന്തരം ഉപയോഗിക്കേണ്ടതായ കുളങ്ങൾ, കിണറുകൾ, ഉദ്യാനങ്ങൾ, അതിന്റെ പുരയിടങ്ങൾ, വീടുകൾ ഇവയെല്ലാം ഏതെങ്കിലും വിധത്തിൽ വൃത്തിക്കേടാക്കിയിടുകയാണെങ്കിൽ നൽകുന്ന ശിക്ഷകൾ പൊതുജീവിതത്തിലെ മൂല്യങ്ങളെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. അതിന്റെയത്രയും തന്നെ തീവ്രമായ ശിക്ഷാരീതിയിലാണ് മറ്റുള്ളവരെ ദ്രോഹിക്കാനായുള്ള ആയുധങ്ങളും മറ്റും സ്വഗൃഹത്തിൽ സൂക്ഷിച്ചു വെക്കുമ്പോൾ നൽകുന്നതും.

(106) റോഡുകളും ഉദ്യാനങ്ങളും കിണർ/കുളം/ നദി/പുഴക്കര എന്നിവിടങ്ങളും വൃത്തികേടാക്കിയാൽ 100 പണം പിഴ. (107) കൂടാതെ വൃത്തികേടാക്കിയ സ്ഥലം അതേ വ്യക്തി ശുചിയാക്കുകയും വേണം. (108) അന്യന്റെ വീട്, പുരയിടം, ഭിത്തികൾ, വാതിലുകൾ, ഇവ കേടുവരുത്തിയാൽ അവന് മധ്യമശിക്ഷ. (109) കൂടാതെ അത് നന്നാക്കിക്കൊടുക്കുകയും വേണം. (110) മറ്റുള്ളവർക്ക് ദ്രോഹം ചെയ്യാനായുള്ള ആയുധം, വിഷം, മറ്റു ദ്രവ്യങ്ങൾ സ്വന്തം ഗൃഹത്തിൽ സൂക്ഷിച്ചുവയ്ക്കുന്നവർക്ക് 100 പണം പിഴ. (5 : 106 - 110)

**വ്യത്യസ്ഥ കുറ്റങ്ങളും ശിക്ഷകളും**

നുണ പറയുക, വാക്കുപാലിക്കാതിരിക്കുക, അസത്യം പറയുക, അവഹേളിക്കുക, കൊള്ളയടിക്കുക, മടിയനായി ജീവിക്കുക അപ്രകാരം



Scanned with CamScanner

ജീവിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക ഇതെല്ലാം ആചാര്യന്മാരുടെ ശ്രദ്ധയിൽപ്പെടാതെ പോയിട്ടില്ല എന്നുവ്യക്തമാക്കുന്ന ശിക്ഷാവിവരണങ്ങൾ തുടർച്ചയായി നൽകുന്നു.

(111) നുണ പറയുന്ന വ്യക്തിക്കും (112) വാക്കുപാലിക്കാത്ത വ്യക്തിക്കും യഥാവിധി ശിക്ഷകൾ കൽപിക്കണം. (113) അച്ഛൻ, മകൻ, ആചാര്യൻ, വേദപണ്ഡിതൻ, ഇവർ പരസ്പരം അവഹേളിച്ചാലും, ഉപേക്ഷ വിചാരിച്ചാലും അനുയോജ്യമായ പിഴയോ മറ്റുശിക്ഷയോ വിധിക്കണം. (114) ചതിച്ച് ഗർഭിണിയാക്കിയാലും കടുത്ത ശുക്ഷ നൽകണം. (115) ഒന്നുംചെയ്യാതെ ചുറ്റിക്കറങ്ങി നടക്കുന്നവർക്ക് ഭക്ഷണം കൊടുത്തവർക്കും (116) അയോഗ്യമായ കർമ്മം (തെറ്റായി) ചെയ്യുന്നവർക്കും (117) സർക്കാർ സ്ഥാപനങ്ങളും ഗൃഹങ്ങളും കൊള്ളയടിക്കുന്നവർക്കും (118) ആവശ്യമില്ലാത്തതിനും അസത്യമാണെന്നറിഞ്ഞും സത്യംചെയ്യുന്നവർക്കും നൂറുപണം പിഴ ശിക്ഷ നൽകണം. (119) പശുക്കളിൽ വംശവർദ്ധനയുണ്ടാകാത്ത വിധത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നവർക്കും അതേ ശിക്ഷ വിധിക്കണം **(5 : 111 - 119)**

### കുടുംബകലഹം സൃഷ്ടിക്കൽ

വളരെ ശ്രദ്ധിച്ചു പഠിക്കുമ്പോൾ നമുക്കു മനസ്സിലാകുന്ന കാര്യം കുടുംബകലഹമുണ്ടാക്കാൻ ശ്രമിക്കുന്നവർക്കും ശിക്ഷയുണ്ട്. ഇത്തരം ശിക്ഷാനിയമങ്ങൾ പഠിക്കുന്ന നമുക്കു മനസ്സിലാക്കാൻ സാധിക്കണം, ദുരുദ്ദേശത്തോടെ ആരെങ്കിലും വ്യക്തിപരമോ, കുടുംബപരമോ, സാമൂഹികമോ, രാഷ്ട്രപരമോ ആയ ഏതെല്ലാം നീചകർമ്മങ്ങൾ ചെയ്താലും, അഥവാ അത്തരം കർമ്മങ്ങൾ ചെയ്യാനായി പ്രേരിപ്പിച്ചാലും അവയൊക്കെ തളർത്തേണ്ടതും തടുക്കേണ്ടതും ആവശ്യമാണ്. അതിനുള്ള നിയമങ്ങളും ശിക്ഷകളും രചിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്.

(120) പിതൃപുത്ര വാശിയും പകയും വളർത്തുന്നവർക്കും അവർക്കെതിരെ സാക്ഷി പറയുന്നവർക്കും (121) സാമ്പത്തികമായും ദ്രവ്യപരമായും ലാഭേച്ഛയോടെ കുടുംബകലഹമുണ്ടാക്കുന്നവർക്കും 100 പണം ശിക്ഷ. **(5 : 120 - 121)**

### വ്യവഹാരീക കുറ്റങ്ങൾ

ഭാരതം ഒരാത്മീയ രാഷ്ട്രമാണ്. ആത്മീയതയുടെ നിഴലിലും ചൈതന്യത്തിലുമാണ് ജനജീവിതം നിലനിൽക്കുന്നത്. ആത്മീയതയുടെ പ്രായോഗികവശമാണ് ധാർമ്മീകത. അധാർമ്മീകതയാകട്ടെ വ്യാവഹാരിക ജീവിതത്തിൽ വ്യാപിച്ചിരുന്നു എന്നു വ്യക്തമാണ്. വ്യാവസായി



Scanned with CamScanner

കമായും വ്യാപാരസംബന്ധമായും ഏതു രാജ്യത്തും എക്കാലവും ഉണ്ടാകാറുള്ള കുറ്റങ്ങളാണ്: അളവുതൂക്കങ്ങളിൽ കൃത്രിമം കാണിക്കുക, കള്ളസാക്ഷി പറയുക, കള്ളം പറയുക, പല ഗുണനിലവാരമുള്ള ദ്രവ്യങ്ങൾ കൂട്ടിച്ചേർത്ത് വിൽക്കുക, കൊള്ള ലാഭമെടുക്കുക, കൊടുക്കൽ വാങ്ങൽ പ്രക്രിയയിൽ ചതിയും വഞ്ചനയും എന്നതെല്ലാം. അവയ്ക്കുള്ള ശിക്ഷയും ധർമ്മരാജ്യത്തിന്റെ അഥവാ ധർമ്മരാജാവിന്റെ കർമ്മമണ്ഡലത്തിന്റെ ഭാഗമാണ്.

(122) അളവുതൂക്കങ്ങളിൽ കൃത്രിമം കാണിക്കുന്നവർക്കും (123) കള്ള സാക്ഷി പറയുന്നവർക്കും കള്ളത്തരങ്ങൾ ശരിയാണെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നവർക്കും (124) മറ്റുള്ളവരുടെ സ്വത്ത് സ്വന്തമെന്ന ഭാവേന ക്രയവിക്രയം നടത്തുന്നവർക്കും നൂറുപണം ശിക്ഷ. (125) വിദേശത്തുനിന്നും മൂല്യം കുറഞ്ഞ ദ്രവ്യങ്ങൾ സ്വദേശവസ്തുക്കളുമായി ചേർത്തു വിൽക്കുന്നവർക്കും (126) താഴ്ന്ന ഗുണനിലവാരമുള്ള ദ്രവ്യങ്ങൾ വിൽക്കുന്നവർക്കും 100 പണം പിഴശിക്ഷ വിധിക്കണം. (127) വില വാങ്ങിയതിനുശേഷം ദ്രവ്യം നൽകാതിരിക്കുകയോ ദ്രവ്യം വാങ്ങിയതിനുശേഷം വില നൽകാതിരിക്കുകയോ ചെയ്താൽ വിലയും തത്തുല്യമൂല്യവും പിഴയായി വിധിക്കണം. കൂടാതെ (128) അധികാരി അറുപതു പണം പിഴശിക്ഷ വിധിക്കണം. (129) വിറ്റതായ വ്സതുവിന് വ്യക്തമായ ദോഷമുള്ളതാണെങ്കിൽ (വാങ്ങിയവൻ ശ്രദ്ധിക്കാത്ത തെറ്റുകാരണം) വിൽക്കപ്പെട്ട വസ്തുവായി തന്നെ കണക്കാക്കണം. (130) രാഷ്ട്രത്തിൽ വിൽക്കാൻ പാടില്ലാത്തദ്രവ്യങ്ങൾ വിറ്റാൽ അതു കളവുമുതലുപോലെ കണ്ടുകെട്ടണം. **(5 : 122 – 130)**

**യാത്രക്കൂലിയുമായി ബന്ധപ്പെട്ട കുറ്റങ്ങൾ**

കുതിരവണ്ടികളിലും, കാളവണ്ടികളിലും, വഞ്ചികൾ യാത്ര ചെയ്യുമ്പോൾ അതിന് യാത്രക്കൂലി ഈടാക്കുന്ന സമ്പ്രദായത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ട്. ആ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാലുള്ള ശിക്ഷകളും ശ്രദ്ധേയമാണ്. കടത്തുകൂലി നൽകേണ്ടാത്ത വിഭാഗത്തെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു.

(131) കടത്തുകാരൻ അന്യായമായ കടത്തുകൂലി വാങ്ങിയാൽ പത്തു പണം ശിക്ഷ. (132) ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി, ഗർഭിണി (രണ്ടുമാസത്തിനു മുകളിൽ), തീർത്ഥയാത്രികർ, നാവികൻ (ഭടൻ), മറ്റു കടത്തുജോലികാർ ഇവർക്ക് കടത്തുകൂലിയില്ല. (133) അവരിൽ നിന്നും കടത്തുകൂലി ഈടാക്കിയാൽ അതു തിരിച്ചു നൽകണം. **(5 : 131 – 133)**



Scanned with CamScanner

### വാദുവെക്കലും കള്ളക്കളിയും

കഠിനമായ ശിക്ഷയാണ് കള്ളച്ചൂത്, മൃഗങ്ങളുടെ പോര് എന്നിവ സംഘടിപ്പിക്കുന്നവർക്ക് നൽകിയിരുന്നത്.

(134) കള്ളചൂതുകളിച്ചവന്റെ കരച്ഛേദനം (135) കോഴിപ്പോര് (136) മൃഗങ്ങളുടെ /കാള/ആന/കുതിര പോര് (137) വാദുവച്ചുള്ള കളികൾ (മേൽപ്പറഞ്ഞവയെല്ലാം) പണം വെച്ചുള്ള കളിയാണെങ്കിൽ (വാദുവച്ചുള്ളത്) അതിന് കരച്ഛേദനമോ കഠിനമായ പിഴയോ ശിക്ഷ വിധിക്കണം. (5 : 134 – 137)

### വളർത്തുമൃഗങ്ങളുമായി ബന്ധപ്പെട്ട കുറ്റങ്ങൾ

വളർത്തുമൃഗങ്ങളുടെ പരിപാലനത്തിലും വ്യവസായ-വ്യവഹാരങ്ങളിലും നിലനിന്നിരുന്ന ശ്രദ്ധേയമായ നിയമാവലികൾ ഭാവിലോകത്തിന് പോലും ചിന്തിക്കാൻ സാധിക്കുന്നതിനുമുപരിയാണ്.

(138) പശുപക്ഷിമൃഗാദികളെ ശരിയായ രീതിയിൽ പരിപാലിക്കാതെ പുലി, ചെന്നായ തുടങ്ങിവ കടിച്ചാൽ അതിന്റെ വിലയ്ക്കു തുല്യമായ സംഖ്യ ഉടമസ്ഥന് പിഴവിധിക്കാം. (139) മറ്റൊരുവന്റെ പശുവിനെ പാലിക്കാനായി സ്വീകരിച്ച് വേണ്ടതുപോലെ പരിപാലിച്ചില്ലെങ്കിൽ പശു നഷ്ടപ്പെടുകയോ ചത്തുപോവുകയോ ചെയ്താൽ ഉടമസ്ഥന് അതിന്റെ വില നൽകണം. (140) ധാരാളം പാലുണ്ടെന്ന് പറഞ്ഞ് ഒരു പശുവിനെ കാണിച്ച് മറ്റൊന്നിനെ വിറ്റാൽ പശുവിന്റെ വില പിഴയായും വിലയായും നൽകണം. (141) എരുമ, പോത്ത് എന്നിവ മറ്റൊരുവന്റെ സസ്യജാലങ്ങൾ നശിപ്പിച്ചാൽ അതിന്റെ ഉടമസ്ഥൻ എട്ടുമാഷം പണം നൽകണം. (142) അഴിച്ചുവിട്ട് വളർത്തുന്ന പശുക്കൾക്കും ഇത് ബാധകമാണ്. (143) കുതിര, കഴുത എന്നിവക്കും ഇതു ബാധകമാണ്. (144) പശുവാണെങ്കിൽ പകുതി പിഴ നൽകണം. (145) ആടാണ് നശിപ്പിച്ചതെങ്കിൽ അതിന്റെയും പകുതി പണം (അതായത് കാൽഭാഗം) പിഴയായി ഉടമസ്ഥൻ നൽകണം. (146) മേൽ വിവരിച്ച കുറ്റങ്ങൾ വീണ്ടും ആവർത്തിക്കുകയാണെങ്കിൽ മൃഗങ്ങളുടെ ഉടമസ്ഥർ ഇരട്ടി പിഴ നൽകണം. (147) കൂടാതെ സസ്യജാലങ്ങളുടെ ഉടമസ്ഥന് നശിച്ചുപോയവയുടെ വിലയും നൽകണം. (148) വഴിയോരങ്ങളിലോ, പൊതുസ്ഥലത്തോ വേലിക്കെട്ടുകളിലാത്ത സ്ഥലങ്ങളിലോ ചെയ്ത കൃഷി, മൃഗങ്ങൾ നശിപ്പിക്കുകയാണെങ്കിൽ മൃഗത്തിന്റെ ഉടമസ്ഥന് പിഴ നൽകേണ്ടതില്ല. (149) സംരക്ഷിക്കാത്തത് നശിപ്പിച്ചാലും പിഴയില്ല. (150) ഏതാനും പുൽകൊ



Scanned with CamScanner

ടികളും സസ്യങ്ങളും മാത്രമേ നശിപ്പിച്ചിട്ടുള്ളുവെങ്കിലും പിഴയില്ല. (151) ക്ഷേത്രങ്ങളിൽ നടയിരുത്തിയ പശുക്കളും കാളകളും ഇപ്രകാരം ചെയ്താലും പിഴയീടാക്കാൻ സാധ്യമല്ല. (5 : 138–151)

വളർത്തുമൃഗങ്ങളെ പരിപാലിക്കേണ്ടതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്നതോടൊപ്പം അതിൽ പിഴവുപറ്റിയാൽ നൽകേണ്ടതായ ശിക്ഷകളും വ്യക്തമാക്കുന്നു. ഒരു മനുഷ്യന്റെ ജീവിതം മറ്റൊരുവന് ദുഃഖകരമോ ബുദ്ധിമുട്ടുണ്ടാക്കുന്നതോ ആകരുതെന്ന് വ്യവസ്ഥ ചെയ്യുന്നു.

**ജോലിയും കൂലിയുമായി ബന്ധപ്പെട്ട കുറ്റങ്ങൾ**

ശ്രേഷ്ഠന്മാരായ വ്യക്തികളെക്കൊണ്ട് ദാസ്യപ്പണിയെടുപ്പിക്കുക, സ്വന്തം ഉത്തരവാദിത്വത്തിൽ ജോലി ഏറ്റെടുക്കുകയും അതിൽ നിന്നുണ്ടാകുന്ന ദ്രവ്യനാശം, ജോലിക്കാർക്ക് പ്രശ്നങ്ങൾ, ഉടമസ്ഥന് പ്രശ്നങ്ങൾ, ജോലിക്കാരിൽ നിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ, അവർക്ക് നൽകുന്ന വേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്തെല്ലാമുണ്ടെങ്കിലും അവയെല്ലാം നിയമങ്ങൾക്കും, നിയമവ്യവസ്ഥകൾക്കും വിധേയമാണ്. ജോലി ചെയ്യുന്നതും ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ നിയന്ത്രിക്കുന്ന നീതിന്യായ വ്യവസ്ഥകൾ പരിശോധിക്കാം.

(152) ശ്രേഷ്ഠന്മാരെക്കൊണ്ട് (അവരുടെ പരാധീനത കൊണ്ട് തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ പോലും) ദാസ്യപണി ചെയ്യിച്ചാൽ കഠിനമായി ശിക്ഷ വിധിക്കണം. (153) കൂടാതെ അപ്രകാരമുള്ള ദാസരായവർക്ക് രാജാവ് ഉചിതമായ ജോലി നൽകി സംരക്ഷിക്കണം. (154) മൊത്തമായി ഏറ്റെടുക്കുന്ന ജോലിയിൽ ഏർപ്പെട്ടവർ ജോലി പൂർത്തിയാക്കാതെ പോയാൽ നഷ്ടസംഖ്യ ഉടമസ്ഥന് നൽകണം. (155) രാജാവിന് പിഴയായ നൂറുപണം നൽകുകയും വേണം. (156) ജോലിക്കാരൻ ദ്രവ്യനാശം വരുത്തിയാൽ അതിന്റെ വിലയും ഉടമസ്ഥന് നൽകണം. (157) അജ്ഞത / രോഗം എന്നിവകൊണ്ട് ജോലിക്കാരന്റെ നിയന്ത്രണത്തിന് അഥവാ പിരധിക്കപ്പുറമുള്ള കാരണങ്ങളാലാണ് നഷ്ടം സംഭവിച്ചതെങ്കിൽ അതിന് ഈ നിയമം ബാധകമല്ല. (158) വാഗ്ദാനം ചെയ്ത അത്രയും കാലം ജോലി നൽകാൻ ഉടമസ്ഥനുസാധിച്ചില്ലെങ്കിൽ അക്കാലത്തേയും ശമ്പളം നൽകണം. (159) നൂറുപണം പിഴയും അടയ്ക്കണം. (160) ജോലിക്കാരന്റെ ദോഷം കൊണ്ടാണിതുസംഭവിച്ചതെങ്കിൽ ഈ നിയമം ബാധകമല്ല. (5 : 152 – 160)

**സ്ത്രീകൾക്കുള്ള സംരക്ഷണനിയമം**

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഒരു സ്ത്രീയുടെ പുനർവിവാ



Scanned with CamScanner

ഹവുമായി ബന്ധപ്പെട്ട നിയമങ്ങൾ ശ്രദ്ധേയമാണ്. ആ നിയമങ്ങൾ കൂടുതലും സ്ത്രീയുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്നു എന്ന് വ്യക്തമാണ്. സ്ത്രീയുടെ പുനർവിവാഹത്തെ സാധൂകരിക്കുന്ന വ്യവസ്ഥകൾ സ്ത്രീ സ്വാതന്ത്ര്യത്തെ വ്യക്തമാക്കുന്നു.

> (161) വിവാഹം കഴിഞ്ഞ സ്ത്രീയെ മറ്റൊരവന് (രഹസ്യമായി) വീണ്ടും വിവാഹം കഴിച്ചുകൊടുത്താൽ സ്ത്രീയെ അപഹരിച്ചാലുള്ള ശിക്ഷ വിധിക്കണം. (162) ഭർത്താവിന് ദോഷമുണ്ടെങ്കിൽ ഈ നിയമം ബാധകമല്ല. (163) ഭർത്താവുപേക്ഷിച്ച സ്ത്രീയുടെ വിവാഹത്തിനും ഈ നിയമം ബാധകമല്ല. (164) ധർമ്മബോധമുള്ള സ്ത്രീയെ ഉപേക്ഷിച്ച ഭർത്താവിന് ശിക്ഷ ബാധകമാണ്. **(5 : 161 – 164)**

സ്ത്രീപുരുഷ ബന്ധത്തിന്റെ പുണ്യമഹത്വം വിവരിക്കുന്നതോടൊപ്പം, അതിലെ നിയമവശങ്ങൾക്കാധാരമായ കാര്യങ്ങൾ വിവരിക്കുന്നതും ശ്രദ്ധേയമാണ്.

### സ്വകാര്യമുതലും പൊതുമുതലും നശിപ്പിക്കൽ

പ്രത്യക്ഷമായോ പരോക്ഷമായോ മറ്റൊരുവന്റെ മുതലിൽ വ്യവഹാരങ്ങൾ നടത്തുകയോ, കള്ളത്തരങ്ങൾക്കു വിധേയമാക്കുകയോ, രാജദ്രവ്യങ്ങൾ അപഹരിക്കുകയോ, പൊതുമുതൽ അപഹരിക്കുകയോ നശിപ്പിക്കുകയോ ചെയ്താലും അന്യന്റെ വീട്, മതിലുകൾ, പുരയിടം ഇവ വൃത്തികേടാക്കുകയോ, വിഷമയമായ ദ്രവ്യങ്ങൾ വിൽക്കുകയോ സൂക്ഷിക്കുകയോ ചെയ്താലുള്ള ശിക്ഷകളും വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്.

> (165) മറ്റൊരുവന്റെ മുതലാണെന്നറിയാതെ ഒരുവൻ സാധാരണ പോലെ ദ്രവ്യങ്ങൾ വാങ്ങിക്കുകയോ വിൽക്കുകയോ ചെയ്താൽ അതിന് ശിക്ഷയില്ല. (166) യഥാർത്ഥ ഉടമസ്ഥന്, തെളിവ് സമർപ്പിച്ച് അത് സ്വന്തമാക്കാവുന്നതാണ്. (167) രഹസ്യമായി മറ്റൊരുവന്റേതെന്നറിയാവുന്ന ദ്രവ്യങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്താൽ രണ്ടു പേർക്കും കള്ളന്മാർക്കു നൽകുന്ന ശിക്ഷ നൽകണം. (168) രാജാവ് നൽകിയിട്ടുള്ള ദ്രവ്യങ്ങളെ അപഹരിക്കുന്നവന് നാടുകടത്തലിനു തുല്യശിക്ഷ. (169) സംരക്ഷണത്തിനുള്ള നിയമങ്ങൾ ലംഘിക്കുന്നവനും അതേശിക്ഷ. (170) രാജസ്വത്തും പൊതുമുതലും നശിപ്പിച്ചാലും (171) നിക്ഷേപതുകയോ ദ്രവ്യമോ അപഹരിച്ചാലും അതിന്റെ വൃദ്ധി (പലിശ)യും ചേർത്ത് ശിക്ഷ വിധിക്കണം. (172) നിക്ഷേപ നിയമങ്ങൾ അനുസരിക്കാതെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപമായി നൽകിയ



Scanned with CamScanner

തിനും ഈ നിയമം ബാധകമാണ്. (173) അന്യന്റെ മതിലുകളും വേലിക്കെട്ടുകളും പൊളിച്ചുകളഞ്ഞാൽ കഠിനമായ ശിക്ഷയും അതു നിർമ്മിച്ചു നൽകാനുള്ള ബാധ്യതയും, ശിക്ഷയും നൽകണം. (174) വിഷദ്രവ്യങ്ങളും അതുപോലുള്ളതും ജനങ്ങൾക്കു കൊടുത്താൽ അവനേയും നാടുകടത്തണം. (175) അതുപോലെ വിഷമയമായ ഏതു ദ്രവ്യം വിറ്റാലും ദേവാലയം കൊള്ളയടിച്ചാലും കഠിനമായ ഉത്തമ സാഹസദണ്ഡമാണ് നൽകേണ്ടത്. (5 : 165 - 175)

ആചാര്യൻ, ഈ നിയമങ്ങളുടെ ഭാവികാല പ്രയോഗങ്ങൾ വിവരിക്കുകയുണ്ടായി. ഇതിൽ വിവരിച്ചിരിക്കുന്ന നിയമവ്യവസ്ഥകളെല്ലാം എത്ര കാലം കഴിഞ്ഞാലും പ്രായോഗിക മാർഗത്തിൽ നിലനിൽക്കുന്നതായിരിക്കും. അവയെല്ലാം ശാശ്വതമായ പ്രായോഗിക സത്യങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതാണെന്നും ഓർമ്മിക്കണം.

### മറ്റു സ്മൃതികളിലെ വീക്ഷണങ്ങൾ

മരീചി സ്മൃതിയിൽ വിവരിക്കുന്നു: ഒരാൾ വിറ്റത് വാങ്ങിയവ്യക്തി മറ്റൊരാൾക്ക് ഒരു ദുരുദ്ദേശവുമില്ലാതെ വിറ്റാൽ അതിൽ പിന്നീട് ക്രമക്കേടുകൾ ഉണ്ടെന്നറിഞ്ഞാലും, ശുദ്ധലക്ഷ്യത്തോടെ വാങ്ങുകയും വിൽക്കുകയും ചെയ്ത വ്യക്തികൾ കുറ്റക്കാരല്ലെന്ന്. യോഗീശ്വരന്റേയും, കാത്യായനന്റേയും, ബൃഹസ്പതിയുടേയും ധർമ്മശാസ്ത്രങ്ങളിൽ ക്രയവിക്രയങ്ങളുടെ നിയമങ്ങൾ കൂടുതൽ വ്യക്തമായി നൽകിയിരിക്കുന്നു.

### സാമ്പത്തീക വ്യവഹാരങ്ങൾ

കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ധനത്തിന്റെ അവസ്ഥയെക്കുറിച്ച് നാരദസ്മൃതി വ്യക്തമായി വിവരിക്കുന്നത്, അതെല്ലാം സമയത്തിന്റെ ആധാരത്തിലാണ് കണക്കാക്കേണ്ടതെന്നത്രെ. കാത്യായന ധർമ്മശാസ്ത്രത്തിൽ നിക്ഷേപങ്ങളും കാലയളവും വിവരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വർധനവും (പലിശയും) തുകയും തിരിച്ചുകൊടുത്തില്ലെങ്കിൽ, തുകയ്ക്ക് പ്രതിമാസം അഞ്ചുശതമാനം വെച്ച് അധികപലിശ നൽകേണ്ടതായിട്ടുണ്ട് എന്നു വ്യക്തമാക്കുന്നു. കാത്യായനൻ വ്യക്തമാക്കുന്ന മറ്റൊരു പ്രശ്നമിതാണ്. രാജകീയമോ ദൈവീകമോ ആയ വസ്തുക്കൾ സൂക്ഷിക്കാനായി സ്വീകരിച്ചത് നശിച്ചുപോകുകയോ നഷ്ടപ്പെടുകയോ ചെയ്താൽ, അതിനു തുല്യമായ തുകയും പലിശയടക്കവും കൊടുക്കേണ്ടതാണ്. വ്യാസ സ്മൃതിയിൽ പറയുന്നു; രാജസമ്പത്താണ് വ്യക്തിയുടെ കയ്യിൽ നിന്ന് നഷ്ടപ്പെട്ടതെങ്കിൽ മൂല



Scanned with CamScanner

ധനം അഥവാ ദ്രവ്യത്തിന്റെ യഥാർത്ഥ വിലമാത്രം നൽകിയാൽ മതിയാകും എന്ന്. മത്സ്യപുരാണത്തിലെ വിവരണപ്രകാരം; യാചിച്ചു വാങ്ങിയ സാധനം തിരിച്ചുകൊടുക്കേണ്ട സമയമാകുമ്പോൾ കൊടുക്കാതെവരുകയും വിനയത്തോടെ തന്റെ കഴിവുകേടിനെക്കുറിച്ചറിയിക്കുകയും ചെയ്താൽ അയാൾക്ക് സാധാരണ പിഴശിക്ഷ നൽകിയാൽ മതിയാകും എന്നാണ്.

അടുത്ത ദിവസങ്ങളിലെ പഠനവും മേൽ വിവരിച്ച ധാർമ്മീക നിയമങ്ങളുടെ തുടർച്ചയായിരുന്നു. പല വിധത്തിലുള്ള തെറ്റുകൾക്കും, കുറ്റങ്ങൾക്കുമുള്ള ശിക്ഷകളും പിഴകളും പ്രത്യേകം വിവരിക്കുന്നതു ശ്രദ്ധേയമാണ്. ഉത്തമന്മാരായ രാജ്യപാലകരെ അവഹേളിച്ചാലുള്ള ശിക്ഷ വ്യക്തമായി ആചാര്യൻ ഉദ്ധരിച്ചു.

> (176) ഉത്തമന്മാരായ രാജ്യാധികാരമുള്ള കർമ്മികൾക്കു നേരെ (ഉദ്യോഗസ്ഥർക്കു നേരെ) അപമര്യാദയായി പെരുമാറിയാൽ കഠിനമായ മധ്യമശിക്ഷ (178) അശ്രദ്ധമായി പെരുമാറിയാൽ ചെറിയ ശിക്ഷ നൽകണം. **(5 : 176 - 178)**

**വിശ്വാസവഞ്ചനക്കുള്ള പിഴ**

വിശ്വാസവഞ്ചനയും കള്ളസാക്ഷിപറയലും, വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിൽ കൃത്രിമമുണ്ടാക്കലും, വിശ്വാസമർപ്പിച്ച് സൂക്ഷിക്കാനായി ഏൽപ്പിച്ചിരിക്കുന്ന മുതലിൽ കൃത്രിമം കാണിക്കുകയും ചെയ്താലുള്ള ശിക്ഷ വായിച്ചു.

> (179) കൊടുത്തുകഴിഞ്ഞിരിക്കുന്ന (വിറ്റതായാലും ദാനം ചെയ്തതായാലും) ദ്രവ്യങ്ങൾ തിരിച്ചു വേണമെന്ന് ശഠിക്കുന്നത് ശിക്ഷാർഹമാണ്. അത് ഒരിക്കൽ വിറ്റു കഴിഞ്ഞ ദ്രവ്യം പോലെയാണ്. (180) കള്ളസാക്ഷി പറയുന്നവന്റെ മുതൽ, രാജാവ് കണ്ടുകെട്ടണം.(181) വിശ്വാസവഞ്ചന നടത്തിയവരുടെ സ്വത്ത് കണ്ടുകെട്ടി നാടുകടത്തണം. (182) ചർമ്മങ്ങൾ, ചർമ്മ ഉൽപന്നങ്ങൾ ഇവ വിൽക്കുമ്പോൾ അഥവാ തിരിച്ചു നൽകുമ്പോൾ അളവിൽ കൂടുതലുണ്ടെങ്കിൽ അതിന്റെ വില നൽകണം. (183) അളവിൽ കുറവുണ്ടെങ്കിൽ 16 പണം പിഴ നൽകണം. (184) ഏതെല്ലാം വസ്തുക്കളാണോ, വിശ്വാസമർപ്പിച്ച് മറ്റൊരുവനെ സൂക്ഷിക്കാനായി ഏൽപ്പിച്ചിരിക്കുന്നത് അത് അളന്ന്, തൂക്കി, വിവരിച്ചിട്ടുള്ളതുപോലെതന്നെ തിരിച്ചു നൽകണം. (185) അതു സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ, അതിനനുസരിച്ച് പ്രതിഫലം ബലാൽകാരമല്ലാത്ത രീതിയിൽ ചോദിച്ചത് കൊടുക്കുകയും



Scanned with CamScanner

വേണം. (186) നഷ്ടപ്പെടുത്താതെ കേടുപാടുകൾ വരുത്താതെ ഉപയോഗിച്ചിച്ചുണ്ടെങ്കിൽ അദ്ദേഹത്തെ ഉപഭോക്താവായി കണക്കാക്കുകയും സൂക്ഷിക്കാനായി ഏൽപിച്ച വസ്തുവിന് കേടുപാടുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആവശ്യമായ നഷ്ടപരിഹാരം നൽകുന്നില്ലെങ്കിൽ അവനെ അപഹർത്താവായും (കള്ളനായും) കണ്ട് ശിക്ഷിക്കണം. പരിധിയിൽ കൂടുതൽ കാലം അതനുഭവിച്ചാലും അപഹർത്താവായി കാണണം. (187) മകന്റെ സ്വത്ത് അച്ഛനും (അതുപോലെതിരിച്ചും) ധാർമ്മീകമായി ബന്ധമുള്ളവർ പരസ്പരവും, നന്മയിലൂടെ ഉപയോഗിച്ചതിന് ജീവിച്ചിരിക്കുമ്പോഴോ മരിച്ചു കഴിഞ്ഞോ പ്രതിഫലമോ ശിക്ഷയോ പിഴയോ വിലയോ ഈടാക്കരുത്. (188) പിതൃപിതാമഹപ്രപിതാമഹന്മാരനുഭവിച്ച സ്വത്തുക്കൾ അടുത്ത തലമുറക്കു രേഖകളൊന്നുമില്ലാതെപോലും ഉപയോഗിക്കാം. (5 : 179 - 188)

### ആത്മരക്ഷാർത്ഥമുള്ള കുറ്റങ്ങൾ

പ്രാണരക്ഷാർത്ഥം ചെയ്യുന്ന വധം, അഥവാ സ്വന്തം ജീവൻ രക്ഷിക്കാനുള്ള തത്രപ്പാടിൽ എതിരെയുള്ളത് മൃഗമായാലും, ബന്ധുവായാലും ഗുരുവായാലും വധിക്കപ്പെട്ടുന്നുവരുകിൽ അത് ഒരു വധശ്രമമോ കൊലപാതകമോ ആകുകയില്ല. മരിച്ചുപോയത് മാതാപിതാക്കളോ ഗുരുവോ ആണെങ്കിൽ പോലും ആത്മരക്ഷാർത്ഥമാണെങ്കിൽ, അതു പോലും പിതൃ-ഗുരുഹത്യാപാപത്തിന് കാരണമാകില്ല എന്നതും ശിക്ഷയില്ലെന്നുള്ളതും വ്യക്തമാക്കുന്നുണ്ട്. ശിക്ഷ നൽകേണ്ടതായ കുറ്റങ്ങൾ അവ്യക്തമോ യഥാർത്ഥ വസ്തുതകൾ അറിയാൻ വിഷമമുള്ളതോ ആകുമ്പോൾ എന്താണുവേണ്ടതെന്നും ധർമ്മശാസ്ത്രം വിവരിക്കുന്നു.

(189) ആക്രമിച്ചുകൊല്ലാൻ വരുന്ന കരടി, തുടങ്ങിയ ക്രൂരമൃഗങ്ങളേയും, പരിപാലിക്കപ്പെടുന്നമൃഗങ്ങൾ അസാധാരണമായി ക്രൂരസ്വഭാവം കാണിച്ചാൽ അവയേയും നിയന്ത്രണം വിട്ട ആന, കുതിര, കഴുത എന്നിവയേയും വധിക്കേണ്ടിവന്നാൽ ആ വ്യക്തിക്ക് ശിക്ഷയില്ല. (190) ഗുരു, ബാലൻ, വൃദ്ധൻ, ജ്ഞാനി എന്നിവർ ആക്രമിച്ചു കൊല്ലാൻ വരുമ്പോൾ വധിക്കപ്പെട്ടാൽ (191) പ്രാണരക്ഷാർത്ഥം ചെയ്യുന്ന വധവും ഒരിക്കലും ശിക്ഷയർഹിക്കുന്നില്ല. ആചാര്യൻ, ഗുരു, അമ്മ, അച്ഛൻ, തപസ്വികൾ ഇവരുടെ കാര്യത്തിന് മറ്റൊരു വീക്ഷണം വേണ്ട (വസ്തുതകൾ വിലയിരുത്തി ശിക്ഷ / ശിക്ഷയില്ലായ്മ വിധിക്കണം) (192) വിഷം, അഗ്നി, ശാപം, മന്ത്രവാദം തുടങ്ങിയ ഹീനകൃത്യങ്ങളിലൂടെ വധിക്കപ്പെട്ടാൽ ശവ



Scanned with CamScanner

ശരീരം പരിശോധിച്ച് മരണ കാരണം അറിഞ്ഞ്, തീരുമാനമെടുത്ത് ശിക്ഷ നടപ്പാക്കണം. (193) ഭാര്യാ ഭർതൃവിവാദം, യശസ്സ് - വിത്തം നശിപ്പിച്ചതിന്റെ വിപകം, എന്നിവയിലൂടെയുണ്ടാകുന്ന വിവാദങ്ങൾ മരണത്തിനു കാരണമായാൽ ധർമ്മജ്ഞരായ നീതിമാന്മാരോട് വിധികൽപിക്കാൻ ആവശ്യപ്പെടണം. (5 : 189 - 193)

**മറ്റു സ്മൃതികളിലെ വീക്ഷണങ്ങൾ**

ഗൗതമസ്മൃതിയിലും വിവരിക്കുന്നു; ശ്രേഷ്ഠനായ ബ്രാഹ്മണനെ പോലും ആത്മരക്ഷാർത്ഥം വധിക്കേണ്ടിവന്നാൽ ഒരു കാരണവശാലും അതിന് ശിക്ഷയനുഭവിക്കേണ്ടി വരരുത്. പക്ഷേ പണ്ഡിതരുടെ വിലയിരുത്തലിനുശേഷമേ ആ വധം പ്രാണരക്ഷാർത്ഥമാണോ അല്ലയോ എന്നു വ്യക്തമായ നിഗമനത്തിലെത്താവൂ. ആത്മരക്ഷാർത്ഥമാണെങ്കിൽ പോലും മാതാവ്-പിതാവ്-ആചാര്യൻ ഇവരെ വധിക്കാതെ വിടുകയാണെങ്കിൽ അശ്വമേധയാഗത്തിനു തുല്യഫലസിദ്ധിയുണ്ടാകുമെന്ന് ബൃഹസ്പതി പറയുന്നു. മനുസ്മൃതിയിലാകട്ടെ ഏതു കാരണവശാലും ഇവർ വധാർഹരല്ല എന്നുതന്നെ പറയുന്നു. അതേ സമയം സുമന്തു ഋഷിയുടെ വചനം വ്യത്യസ്ഥമാണ്. എത്ര വലിയവനേയും ശ്രേഷ്ഠനേയും മറ്റൊരു മാർഗവുമില്ലെങ്കിൽ പ്രാണരക്ഷാർത്ഥം വധിക്കാവുന്നതാണെന്നുതന്നെ പറയുന്നു. ഭവദേവ സ്മൃതിയിൽ ഇത്തരത്തിലുള്ള വധത്തെ ന്യായീകരിക്കുന്നുണ്ട്. പക്ഷേ പ്രായശ്ചിത്തമനുഷ്ഠിക്കണമെന്നു സൂചിപ്പിക്കുന്നു. വിഷം, അഗ്നി, ശാപം, മന്ത്രവാദം എന്നിവയിലൂടെ വധിക്കപ്പെട്ടാൽ അഥവാ വധിച്ചാൽ നിർബന്ധമായും ശിക്ഷയനുഭവിക്കണമെന്നു വസിഷ്ഠസ്മൃതിയിൽ പറയുന്നു, കാരണം ഇതെല്ലാം അറിഞ്ഞുകൊണ്ടുള്ള വധം തന്നെയാണ്. വൃദ്ധവാസിഷ്ഠസ്മൃതിയിലും ഇപ്രകാരമുള്ള വിവരണം കാണാം. മരണത്തിനു കാരണമാകാൻ സാധ്യതയുള്ള തർക്കങ്ങളെ വൃദ്ധഗാർഗ്യസ്മൃതിയിൽ വ്യക്തമായി വിവരിക്കുന്നുണ്ട്.

**ജ്ഞാത-അജ്ഞാത കുറ്റങ്ങളും ശിക്ഷകളും**

ഇത്രയും വിവരിച്ചതിനുശേഷം ആചാര്യൻ ഭൂമിദേവിയോടായി വിഷ്ണുഭഗവാൻ ഉപദേശിച്ചുകൊടുത്ത ശിക്ഷാവിധികളുടെ അവസാനഭാഗം വിവരിച്ചു. എല്ലാ ശിക്ഷാവിധികളും വിവരിക്കുവാൻ വിഷമമാണ് കാരണം തെറ്റുകളും കുറ്റങ്ങളും മാറിക്കൊണ്ടേയിരിക്കും. പല തരത്തിലുള്ള മനുഷ്യർ, പലതരത്തിൽ, പല സമയത്ത് പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ അതിൽ തെറ്റുകളുണ്ടാകാം, കുറ്റകൃത്യങ്ങളുണ്ടാകാം, അധാർമ്മികതയുണ്ടാകാം. വ്യക്തിയും, സ്ഥലവും, കാലവും,



Scanned with CamScanner

സംഭവവും, വികാരവും, വിചാരവും...... ഇവയെല്ലാം ആസ്പദമാക്കിയിരിക്കുന്നു കുറ്റകൃത്യങ്ങൾ.

(194) ഹേ ഭൂമേ! ഭൂമിയിൽ സമാധാനം, പുലരാനായി ഏതാണ്ട് എല്ലാവിധ കുറ്റങ്ങൾക്കും/അപരാധങ്ങൾക്കുമുള്ള ശിക്ഷ വിസ്തരിച്ചു വിവരിച്ചു പറഞ്ഞു. (195) ഇതിൽപെടാത്ത കുറ്റങ്ങളുണ്ടെങ്കിൽ, അതിൽ ഭാഗഭാക്കായ വ്യക്തി, സ്ഥലം, കാലം, വയസ്, ധനം, സന്ദർഭം ഇവയെല്ലാം വ്യക്തമായറിഞ്ഞ്, പണ്ഡിതന്മാരോടും മന്ത്രിമാരോടും ചർച്ച ചെയ്ത് രാജാവ് / രാജപ്രതിനിധി / നിയമപാലകർ ശിക്ഷ കൽപിക്കണം. (196) ശിക്ഷയർഹിക്കുന്നവർക്ക് ശിക്ഷ നൽകാതെ വിട്ടയച്ചാൽ, ആ ഉദ്യോഗസ്ഥന് ഇരട്ടി ശിക്ഷ നൽകണം. ശിക്ഷിക്കപ്പെടാൻ പാടില്ലാത്ത നിലവാരമുള്ള ഉദ്യോഗസ്ഥനും ശിക്ഷ നടപ്പാക്കുന്നതിലിടപെട്ടാൽ ഇത് ബാധകമാണ്. (197) ഏതു രാജ്യത്തിലാണോ കള്ളന്മാരും സ്ത്രീ പീഡനം നടത്തുന്നവരും, ദുഷ്ടന്മാരും, കഠിനശിക്ഷയർഹിക്കുന്ന തെറ്റുകൾ ചെയ്യുന്നവരും ഇല്ലാത്തത് ആ രാജ്യത്തിലെ രാജാവ് ദേവലോകം അർഹിക്കുന്നു. **(5 : 194 - 197)**

ശിക്ഷയും, ശിക്ഷാവിധികളും, അതു നടപ്പിലാക്കുന്നതിന്റെ വീക്ഷണങ്ങളും എല്ലാം പരമ പ്രധാനമാണെന്നറിയിച്ചുകൊണ്ടും ധർമ്മരാജ്യം എന്താണെന്നറിയിച്ചുകൊണ്ടുമാണ് ഭാരതത്തിലെ നിയമനീതി വ്യവസ്ഥകളിലെ വളരെ പ്രധാനപ്പെട്ട ഈ അഞ്ചാം അദ്ധ്യായം പരിസമാപിക്കുന്നത്.

മനുസ്മൃതിയിൽ പറയുന്നു, വധശിക്ഷക്കർഹതയില്ലാത്തവനെ വധിക്കുകയോ വധശിക്ഷയർഹിക്കുന്നവനെ വധിക്കാതിരിക്കുകയോ, ചെയ്യുന്ന രാജാവ് ധർമ്മത്തിന്റെ അടിസ്ഥാനതത്വങ്ങളെ നശിപ്പിക്കുന്നവനാണ് എന്ന്.

**ഇനി സാമ്പത്തീക വ്യവഹാര വിവരണങ്ങൾ**

സാമ്പത്തീകവ്യവഹാരം ഒരു രാഷ്ട്രത്തിന്റെ അടിത്തറയായി നിലനിൽക്കുന്നു. ആ സാമ്പത്തീക വ്യവഹാരങ്ങളെക്കുറിച്ച് അതിഗഹനമായ വിവരങ്ങൾ താത്വീകമായും പ്രായോഗികമായും നളന്ദയിൽ പഠിപ്പിക്കുന്നു. അർത്ഥശാസ്ത്രവിഷയങ്ങളിൽ മറ്റെല്ലാ ദേശങ്ങൾക്കും മാതൃകയായ പഠനം ഭാരതത്തിലെ ജ്ഞാനവിജ്ഞാന വിഷയങ്ങളുടെ ഭാഗമായിരുന്നു. വളരെ കൃത്യതയോടെയും വ്യക്തതയോടെയുമാണ് ഇവിടെ അർത്ഥശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നത്. നളന്ദയിലെ പൂർവകാലവിദ്യാർത്ഥികളിൽ പലരും പല പല ദേശങ്ങളിലേയും രാജാക്കന്മാരുടേയും ധനമന്ത്രിമാരുടേയും ഉപദേഷ്ഠാക്കളാണ്. യവനദേശ



Scanned with CamScanner

ത്തും, കാംബോജദേശത്തുമെല്ലാം ഇവിടത്തെ പൂർവവിദ്യാർത്ഥിക ളാണ് അതാതു രാഷ്ട്രത്തിന്റെ സാമ്പത്തീക കാര്യങ്ങൾ നിയന്ത്രിക്കു ന്നത്. അത്രയ്ക്കും പ്രാധാന്യമർഹിക്കുന്ന പഠനവിഷയമായതിനാൽ അനവധി ആചാര്യന്മാർ അർത്ഥശാസ്ത്രത്തിലെ വിവിധ ശാഖകൾ പഠിപ്പിക്കുന്നുണ്ട്. ഏതാണ്ട് എല്ലാവർക്കും ചാണക്യന്റെ അർത്ഥ ശാസ്ത്രം മനപ്പാഠമായിരുന്നു. അതുകൂടാതെ കമന്ദക അർത്ഥശാ സ്ത്രവും ശുക്രനീതിസാരവും വളരെ നന്നായി വിവരിക്കുന്നവരുമുണ്ട്. ഇവരെ **അർത്ഥകർമ്മാചാര്യർ** എന്നറിയപ്പെടുന്നു. വിഷ്ണുധർമ്മശാ സ്ത്രത്തിലെ ആറാം അദ്ധ്യായം പൂർണമായും സാമ്പത്തീക വ്യവ ഹാരങ്ങളുടെ നിയമാവലികളാണ്. ഒരുപക്ഷേ ലോകത്തിലാദ്യമായി ഇപ്രകാരമൊരു സാമ്പത്തീക വ്യവസ്ഥ നിലവിൽ വന്നതും നില നിൽക്കുന്നതും ഭാരതത്തിലായിരുന്നിരിക്കാം. അത്യധികം വ്യക്തത ഓരോ വ്യവഹാരത്തിന്റെ വിവരണകാര്യത്തിലും നിലനിൽക്കുന്നുണ്ട്.

**കടവുമായി ബന്ധപ്പെട്ട നിയമങ്ങൾ**

സാമ്പത്തീക വ്യവഹാരങ്ങളിൽ കടം (ഋണം) സ്വീകരിക്കുകയും കടം കൊടുക്കുകയും അതിന്നായി പലിശ സ്വീകരിക്കുകയും കൊടുക്കു കയും ചെയ്യാറുണ്ട്. ഈ വ്യവഹാരത്തിൽ സ്ഥാവര ജംഗമ വസ്തു ക്കൾ ഈടായി നൽകാറുമുണ്ട്. ഇവയെല്ലാം ബന്ധപ്പെടുത്തിക്കൊ ണ്ടുള്ള സാക്ഷികൾ, പത്രങ്ങൾ ഇവയും പഠനത്തിന്റെയും പ്രയോഗ ത്തിന്റേയും ഭാഗമായി വരുന്നുണ്ട്. ധർമ്മശാസ്ത്രത്തിലെ **ആറാം അദ്ധ്യായത്തിലെ ഒന്നു മുതൽ ഇരുപത്തിരണ്ടുവരെ** വിവരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുവാനായി ആചാര്യൻ വിദ്യാർത്ഥികളോടു പദേശിച്ചു.

(1) കടം കൊടുക്കുന്ന വ്യക്തി (ഉത്തമർണൻ) കടം വാങ്ങുന്ന വന് (അധമർണൻ) ധനം നൽകുന്നു. (2) പ്രത്യേകതകളനുസ രിച്ച് രണ്ട്, മൂന്ന്, നാല്, അഞ്ച് ശതമാനം പ്രതിമാസം പലിശ സ്വീകരിക്കാവുന്നതാണ്. (3) എല്ലാ വർണത്തിൽപെട്ടവരും അവ രവർ നൽകേണ്ട പലിശ കൃത്യസമയത്ത് നൽകണം. (4) ഓരോ വർഷം കഴിയുമ്പോഴും പലിശ നൽകേണ്ടതാണ്. (5) ഈടായി (ഷുവർട്ടി) നൽകുന്ന വസ്തുവിന് പലിശ കണക്കാക്കേണ്ടതില്ല. (6) ദേവസ്വത്തും രാജസ്വത്തും ഈടായി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉത്തമർണർ നൽകണം. (7) പലിശയുടെ ക്രമം വിവരിക്കാം. (8) സ്ഥാവര വസ്തുക്കൾ ഈടായി നൽക രുത്, എന്നാൽ ചിലത് വളരെ ശ്രദ്ധിച്ചു മാത്രം നൽകാം. (9) ഏതു സ്ഥാവര വസ്തുവാണോ ഈടായി വച്ചിരിക്കുന്നത്, അത്



Scanned with CamScanner

പണം തിരിച്ചു നൽകുമ്പോൾ, കൊടുക്കണം. (10) ഉത്തമർണൻ, സ്വന്തം പണം, കാലം കഴിഞ്ഞിട്ടും കടമെടുത്തയാളിൽ നിന്ന് തിരിച്ചു വാങ്ങിയില്ലെങ്കിൽ ആ ദിവസത്തിനുശേഷം ദിവസങ്ങൾക്ക്, കടമെടുത്തയാൾ പലിശ നൽകേണ്ടതില്ല. (11) എത്ര കാലയളവായാലും സ്വർണത്തിന് അതിന്റെ വിലയുടെ ഇരട്ടിയിൽ കൂടുതൽ പലിശ ഈടാക്കരുത് (12) ധാന്യങ്ങളുടെ മൂന്നുമടങ്ങിൽ കൂടുതലും (13) വസ്ത്രങ്ങൾക്ക് നാലുമടങ്ങിൽ കൂടുതലും (14) രസം, ലോഹം ഇവയ്ക്ക് എട്ടു മടങ്ങിൽ കൂടുതലും (കാലമെത്രയായാലും) പലിശയീടാക്കരുത്.

(15) പശുക്കളാണെങ്കിൽ സന്തതിയോടെ തിരിച്ചു തന്നാൽ പലിശയായി അത് കണക്കാക്കാം. (16) മദ്യം, പരുത്തി/പഞ്ഞി, നൂല്, തോലുപയോഗിച്ചുണ്ടാക്കുന്നവ, ആയുധം, ഇഷ്ടിക, ഇവയ്ക്കെല്ലാം പലിശ യഥാവിധി തീരുമാനിക്കാം. (17) പക്ഷേ മേൽപറഞ്ഞവയ്ക്കും പറയാത്തവയ്ക്കും ഇരട്ടി സംഖ്യയിൽ കൂടുതൽ പലിശ ഒരിക്കലും വരരുത്. (18) കടമായി നൽകിയ ധനം തിരിച്ചു നൽകിയെന്ന് നുണ പറയുകയോ (അഥവാ കടമായിവാങ്ങിച്ചിട്ടേയില്ലെന്ന് നുണപറയുകയോ ചെയ്താൽ) സത്യം തെളിയിച്ച് ധനവും തത്തുല്യമായ സംഖ്യ പിഴയും നല്കണം. (19) അനുയോജ്യമാം വിധത്തിൽ തത്തുല്യമായ സംഖ്യ ശിക്ഷവിധിക്കുകയും വേണം. (20) കടം കൊടുത്തവനും വാങ്ങിയവനും പത്തുശതമാനം രാജനിധിയിലേക്ക് നൽകണം. (21) നിയമമനുസരിച്ചുള്ള സർക്കാർ (രാജാവ്) ഇടപെടലുകളിലൂടെയാണ് ധനം തിരികെ ലഭിച്ചതെങ്കിൽ അതിനുള്ള ചിലവിനായി ലഭിച്ച ധനത്തിന്റെ 5% നടപടിക്രമ ചിലവിനായി ഖജനാവിലേയ്ക്ക് നൽകണം. (22) കടം വാങ്ങിയ വ്യക്തി തിരികെ നൽകുന്നതിൽ നിന്ന് രക്ഷപ്പെടാനായി പല ഒഴിവുകളും പറയുന്നതായാൽ, യാഥാർത്ഥ്യം തെളിഞ്ഞാൽ തത്തുല്യമായ സംഖ്യ പിഴയൊടുക്കണം. **(6 : 1 - 22)**

**ആചാര്യവീക്ഷണങ്ങൾ**

നാരദധർമ്മശാസ്ത്രത്തിൽ കടംകൊടുക്കുന്നതിനെക്കുറിച്ചുവ്യക്തമായി വിവരിക്കുന്നു. കടമയായും ദാനമായും നൽകുന്നതിനെല്ലാം വ്യവസ്ഥകളുണ്ടാകണമെന്നും അത് വ്യക്തമായി പ്രയോഗിക്കണമെന്നും നിർദ്ദേശിക്കുന്നു. നാരദവിരചിത ഗ്രന്ഥത്തിൽ പലിശ പ്രവൃത്തി (ജോലി) യായും, ദ്രവ്യങ്ങളായും, മറ്റേതു വിധത്തിലുമാകാമെന്നും, പലിശക്കു പലിശ കൊടുക്കുന്നത് ചക്രവൃദ്ധിയാണെന്നും (കൂട്ടുപലിശ) വിവരി



Scanned with CamScanner

ക്കുന്നു: **ചക്രവൃദ്ധിശ്ച ശാസ്ത്രേഷു തസ്യവൃദ്ധിശ്ചതുർവിധാ.** സാധാരണക്കാർക്ക് രണ്ടു ശതമാനം പലിശയാണ് പ്രതിമാസം നൽകേണ്ടതെന്ന്, വ്യാസവിരചിത ധർമ്മശാസ്ത്രത്തിൽ ചൂണ്ടിക്കാണിക്കുന്നു. **നിരാധാനേ ദ്വികശതം മാസലാഭ ഉദാഹൃതഃ** എല്ലാവർണത്തിലുള്ളവരും പലിശ നൽകേണ്ടതാണ്. മൂന്നുമാസത്തിലൊരിക്കൽ പലിശ നൽകാമെന്ന് കാത്യായന ധർമ്മശാസ്ത്രം പറയുന്നു. .... **മാസത്രയാത് തസ്യ തദ്ധനം വൃദ്ധിമാപ്നുയാത്....** ചില വ്യവഹാരങ്ങളിൽ വാർഷികമായും സ്വീകരിക്കാം. **ഊർധ്വം സംവത്സരാത് തസ്യ.......**

**കടം വീട്ടേണ്ടതായ കാലാവധി**

കടം വാങ്ങിയകാലാവധി കഴിഞ്ഞാൽ രണ്ടാഴ്ചകൾക്കകം കടവുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും തീർക്കണമെന്ന് വ്യാസ സ്മൃതി പറയുന്നു. ബൃഹസ്പതി സ്മൃതിയിൽ, പത്തു ദിവസത്തിനകം കടത്തിൽ നിന്ന് മോചിതനാക്കണമെന്നെഴുതിയിരിക്കുന്നു. കടം വാങ്ങിയ വ്യക്തി സ്വയം തിരിച്ചു നൽകുമ്പോൾ അത് (കൂടുതൽ പലിശക്കായി) സ്വീകരിക്കാൻ, കൊടുത്തയാൾ തയ്യാറായില്ലെങ്കിൽ മധ്യസ്ഥനെ സാക്ഷി നിർത്തി ഇതറിയിക്കണമെന്നും അന്നുമുതൽ പലിശ നൽകേണ്ടതില്ലെന്നും യോഗീശ്വരൻ എഴുതിയിരിക്കുന്നു: **.... മധ്യസ്ഥ സ്ഥാപിതം തത് സ്യാദ്വർധതേ ന തതഃ പരം**

ഓരോ ദ്രവ്യവും കടമയായി കൊടുക്കുമ്പോൾ ദ്രവ്യമായിത്തന്നെ പലിശ ഈടാക്കുന്ന സമ്പ്രദായവും വ്യക്തമായി ധർമ്മശാസ്ത്രത്തിൽ വിവരിക്കുന്നുണ്ട്. പരമാവധി പലിശക്കും വ്യക്തമായ നിർദ്ദേശമുണ്ട്, മുമ്പ് സൂചിപ്പിച്ച ധർമ്മശാസ്ത്രങ്ങളിലെല്ലാം ധനവ്യവഹാരത്തെക്കുറിച്ച് വ്യക്തമായ വിവരണങ്ങളുണ്ട്.

**പലിശയുടെ നിരക്ക്**

പല ദ്രവ്യങ്ങളുടേയും പലിശ അതിന്റെ ഉടമസ്ഥന് തീരുമാനിക്കാവുന്നതാണ്. ഉദാഹരണത്തിന് അത്യാവശ്യത്തിന് ഒരാൾക്ക് നൂറ് ഇഷ്ടിക നൽകിയെങ്കിൽ, തിരിച്ചു നൽകുമ്പോൾ നൂറ്റിപ്പത്ത് ഇഷ്ടിക വേണമെന്നാവശ്യപ്പെടാം. പലിശ നൽകിയെന്നോ കടം വാങ്ങിയിട്ടേയില്ലെന്നോ നുണ പറുകയാണെങ്കിൽ, അതിന്റെ പിഴപലിശയും രാജനിധിയിലേക്ക് പിഴ ശിക്ഷയായും നൽകണം. നിയമ വ്യവഹാരത്തിലൂടെയാണ് കടം കൊടുത്ത ധനം തിരിച്ചു ലഭിച്ചതെങ്കിൽ വ്യവഹാര ചിലവിനായുള്ള സംഖ്യ ഖജനാവിലേക്ക് അടക്കണം.

**സാമ്പത്തീക വ്യവഹാരങ്ങളിലെ നിയമവശങ്ങൾ**

മുദ്രപ്പത്രം, സാക്ഷികളുടെ സാന്നിദ്ധ്യം എന്നിവയിലൂടെ നടത്തുന്ന



Scanned with CamScanner

വ്യവഹാരങ്ങളുടെ പ്രത്യേകതയാണ് അടുത്ത ഭാഗമെന്ന് ആചാര്യൻ വിവരിച്ചു.

(23) ഏതു തരത്തിലുള്ള സാമ്പത്തികമോ ദ്രവ്യപരമോ ആയ വ്യവഹാരങ്ങൾ നടത്തുമ്പോഴും മൂന്നു തരത്തിലുള്ള ഇപാടുകളാണുള്ളത്. (ഒന്ന്) പരസ്പര വിശ്വാസത്തിലൂന്നിയതും വാഗ്ദാനത്തിലൂടെയും (രണ്ട്) മുദ്രപത്രത്തിലെഴുതി വാങ്ങിയത് (മൂന്ന്) സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടന്ന വ്യവഹാരങ്ങൾ. (24) സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടന്ന വ്യവഹാരം സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പര്യവസാനിപ്പിക്കണം. (25) മുദ്രപത്രത്തിലൂടെ നടന്നത് അതിന്റെ അടിസ്ഥാനത്തിൽ പര്യവസാനിപ്പിക്കണം. (26) വാഗ്ദാനം ചെയ്ത വ്യവഹാരങ്ങൾ പരസ്പരം എഴുതി വാങ്ങിയതിനുശേഷം അവസാനിപ്പിക്കണം. (6 : 23 26)

എക്കാലവും പരസ്പരവിശ്വാസത്തിലൂടെ നടക്കുന്നതായ സാമ്പത്തീക വ്യവഹാരങ്ങളാണ് വളരെ കൂടുതലുള്ളത്. ഇത് തകർച്ചയ്ക്കും കാരണമാകാം, ഉയർച്ചക്കും കാരണമാകാം. മുദ്രപ്പത്രങ്ങളുടെ ഉപയോഗം ഭാവിതലമുറകൾ വളരെ ശ്രദ്ധയോടെയും കൂടുതൽ സങ്കീർണമായും വ്യക്തതയോടെയും പ്രയോഗിക്കുമെന്ന് ആചാര്യൻ പറഞ്ഞു. കൂടാതെ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന വ്യവഹാരങ്ങളേയും ആചാര്യൻ വിവരിച്ചുതന്നു.

**കടം വീട്ടലുമായി ബന്ധപ്പെട്ട നിയമം**

ഇവിടെ വിവരിക്കുന്നത് കടമുള്ള വ്യക്തിയുടെ കട ബാദ്ധ്യത എപ്രകാരമാണ് മറ്റുള്ളവർക്ക് ബാധകമാകുന്നതെന്നാണ്.

കാത്യായന ധർമ്മശാസ്ത്ര പ്രകാരം വ്യാധി, ഭ്രാന്ത്, മാനസീക രോഗം, അനേകം വർഷത്തെ തീർത്ഥാടനം എന്നിവമൂലം ഒരാൾക്ക് കടം വീട്ടാൻ സാധിച്ചില്ലെങ്കിൽ അയാളുടെ കടം മക്കൾ വീട്ടണം. അന്ധൻ, നീചൻ, ഭ്രാന്തൻ, ക്ഷയരോഗി അസാധാരണമായ മാറാരോഗി എന്നിവർ ആരോഗ്യമുള്ള കാലത്ത് ഉണ്ടാക്കിയ കടം മകന്റേത് അച്ഛനും അച്ഛന്റേത് മകനും വീട്ടേണ്ടതാണെന്ന് ബൃഹസ്പതിധർമ്മശാസ്ത്രത്തിൽ പറയുന്നു. പിതാവ് സന്യാസം സ്വീകരിച്ച് യാത്രയായി, ഇരുപത് വർഷം കഴിഞ്ഞിട്ടും തിരിച്ചുവന്നിട്ടില്ലെങ്കിൽ പിതാവിന്റെ കടം പുത്രൻ തീർക്കണം എന്ന് നാരദ ധർമ്മശാസ്ത്രത്തിൽ പറയുന്നു. ഭാര്യയുടെ കടം ഭർത്താവും സാധിച്ചില്ലെങ്കിൽ പുത്രരും വീട്ടണമെന്ന് കാത്യായന ധർമ്മശാസ്ത്രം പറയുന്നു. ബൃഹസ്പതി പറയുന്നു: പുത്രനുണ്ടാക്കിയ കടം വീട്ടുവാൻ പിതാവിന് സാമ്പത്തികമായി സാദ്ധ്യമെങ്കിൽ പിതാവ് തയ്യാറാകണം.



Scanned with CamScanner

കുടുബഭരണത്തിന്നായും, കുടുംബ ആവശ്യത്തിനായും പിതാവെടുത്ത കടം പൂർണമായും വീട്ടേണ്ടത് പുത്രന്മാരാണെന്ന് നാരദ ധർമ്മ ശാസ്ത്രം വിവരിക്കുന്നു. കുടുംബാവശ്യത്തിന്നല്ലാതെ ഒരു സ്ത്രീയു ണ്ടാക്കിയ കടം ഭർത്താവ് വീട്ടേണ്ടതില്ലെന്ന് യോഗീശ്വരൻ ചൂണ്ടിക്കാ ണിക്കുന്നു. പിതാവിന്റെ കടം പിതൃസ്വത്തു ലഭിച്ചതിന്റെ അനുപാത ത്തിൽ പുത്രന്മാർ നികത്തണമെന്ന് നാരദധർമ്മശാസ്ത്രം സൂചിപ്പി ക്കുന്നു. മനുസ്മൃതി ഇപ്രകാരം നിർദ്ദേശിക്കുന്നു; കുടുംബകാര്യ ങ്ങൾക്കായി എടുത്ത കടം, അത് നഷ്ടത്തിൽ കലാശിച്ചെങ്കിൽ പോലും കുടുംബാംഗങ്ങൾ എല്ലാവരും ചേർന്നുവേണം നികത്താൻ എന്ന്. ബൃഹസ്പതിയുടെ നിർദ്ദേശം ഇപ്രകാരമാണ്; പിതാവ്, മാതാവ്, ജ്യേഷ്ഠൻ, പുത്രൻ, സ്ത്രീ, ഭാര്യ, ശിഷ്യൻ, സഹപ്രവർത്തകർ ഇവ രിൽ ആരുണ്ടാക്കിയ കടമാണെങ്കിലും അതിന്റെ പ്രയോജകർ ആ കടം വീട്ടുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. വാർദ്ധക്യ ത്തിലെത്തിയ പിതാവ് പുത്രനുണ്ടാക്കിയ കടം വീട്ടേണ്ടതില്ല എന്ന് കാത്യായനൻ വിവരിക്കുന്നു. പിതൃപിതാമഹന്മാരെടുത്ത കടത്തിന്റെ ഉപഭോക്താക്കളല്ലാത്ത പുത്രപൗത്രന്മാർ ആ കടം വീട്ടുന്നതിൽ പങ്കു ചേരേണ്ടതില്ലെന്ന് വ്യാസധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു. പിതാമ ഹധർമ്മശാസ്ത്രം വിവരിക്കുന്നു; ആരെല്ലാം ജാമ്യക്കാരായിട്ടുണ്ടോ അവരിൽ നിന്നെല്ലാം തുല്യമായി ഈ കടം വീതിച്ചെടുക്കേണ്ടതാ ണെന്ന്. കാത്യായന ധർമ്മശാസ്ത്രം വിവരിക്കുന്നു; സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ കടമെടുത്തവനേയും ജാമ്യക്കാരനേയും നല്ലരീതി യിൽ ചോദ്യം ചെയ്ത് അവരുടെ സാമ്പത്തീകാവസ്ഥ വിശകലനം ചെയ്തതിനുശേഷമേ നടപടിക്രമങ്ങൾ ആരംഭിക്കാവൂ എന്ന്.

ഇത്രയും കാര്യങ്ങളും മറ്റനവധി സന്ദേശങ്ങളും, മറ്റു ധർമ്മശാസ്ത്ര ങ്ങളിൽ വിവരിച്ചിരിക്കുന്നതും ചേർത്താണ് വിഷ്ണുധർമ്മശാസ്ത്ര ത്തിലെ **ആറാം അദ്ധ്യായത്തിലെ ഇരുപത്തിയേഴു മുതൽ നാൽപത്തി മൂന്നുവരെ** സാമ്പത്തീക വ്യവഹാര നിയമാവലിയിലെ കടം വീട്ടുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

**ധർമ്മശാസ്ത്രത്തിലെ സമഗ്ര നിർദ്ദേശങ്ങൾ**

(27) ധനം വാങ്ങിയ വ്യക്തി മരിച്ചുപോവുകയോ, സന്യാസം സ്വീകരിക്കുകയോ, ഇരുപതുവർഷക്കാലത്തിലധികമായി കാണാ താകുകയോ ചെയ്താൽ അയാളുടെ പുത്രരോ പൗത്രരോ ആ കടം വീട്ടേണ്ടതാണ്. (28) അതല്ലെങ്കിൽ കടം വാങ്ങിയ വ്യക്തി യുടെ സുഹൃത്തുക്കൾ സ്വമനസ്സാലെ കടം വീട്ടേണ്ടതാണ്. (29) കടം വാങ്ങിയ വ്യക്തിയുടെ സ്വത്ത് ഉണ്ടെങ്കിൽ അതനുഭവിക്കു



Scanned with CamScanner

ന്നവർ കടം വീട്ടേണ്ടതാണ്. (30) കടം വാങ്ങിയ വ്യക്തി നിർധനനാണെങ്കിൽ (യോഗ്യമെങ്കിൽ) സ്വന്തം പുത്രനേയോ പുത്രിയേയോ വിവാഹം കഴിച്ചു നൽകിയും കടം വീട്ടേണ്ടതാണ്. (31) ഭർത്താവും പുത്രന്മാരുമുണ്ടാക്കിയ കടം വീട്ടേണ്ടതായ ബാധ്യത ഭാര്യക്ക്/അമ്മയ്ക്ക് (സ്ത്രീക്ക്) ഇല്ല. (32) വിവാഹത്തിനു മുമ്പ് സ്ത്രീയുണ്ടാക്കിയ കടം ഭർത്താവും പുത്രനും വീട്ടേണ്ടതില്ല. (33) മക്കളുണ്ടാക്കിയ കടം പിതാവ് വീട്ടേണ്ടതില്ല എന്നത് പൊതുവായ നിയമമാണ്. (34) കുടുംബത്തിന്റെ ആവശ്യത്തിനായി സ്വീകരിച്ച ധനം (കടം) കുടുംബാംഗങ്ങളിൽ ജീവിച്ചിരിക്കുന്നവർ വീട്ടണം. (35) പൂർവീകരുണ്ടാക്കിയ കടം അവരുടെ സ്വത്ത് ഭാഗിച്ചിട്ടില്ലെങ്കിൽ ആ കുടുംബത്തിൽ ജീവിച്ചിരിക്കുന്ന സഹോദരന്മാർ വീട്ടണം. (36) പൂർവ്വീകരുടെ സ്വത്ത് വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഓരോരുത്തർക്കും ലഭിച്ച പങ്കിന്റെ അടിസ്ഥാനത്തിൽ പൂർവീകരുടെ കടം നികത്തണം. (37) (സ്ത്രീകളുണ്ടാക്കിയ കടം പതി/പുത്രന്മാർ വീട്ടേണ്ട ആവശ്യമില്ല എന്നതിന് അപവാദമായിവരുന്നത്) പാൽ വിറ്റു ജീവിക്കുന്നവർ, നർത്തകികൾ, കൂലിവേലക്കാർ, വസ്ത്രമലക്കുന്നവർ, രോഗികൾ, മുക്കുവസ്ത്രീകൾ എന്നി പ്രകാരമുള്ള കർമ്മങ്ങളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ കടം അവരുടെ ഭർത്താവ് /മക്കൾ വീട്ടേണ്ടതാണ്. (38) വാഗ്ദാനം ചെയ്ത ധനം ഒരിക്കലും തിരിച്ചു നൽകാതിരിക്കരുത്. (39) അതുപോലെ കുടുംബത്തിനായി എടുത്ത കടവും തിരിച്ചു നൽകേണ്ടതുതന്നെ. (40, 41) കടം വാങ്ങിയത് തിരിച്ചു ലഭിക്കാനായി ആദ്യം സ്വയം ശ്രമിക്കണം, അതിനായി നേരിട്ടോ, ചോദിച്ചറിഞ്ഞിട്ടോ, വാഗ്ദാനം ചെയ്യിച്ചോ, മറ്റുള്ളവരെകൊണ്ട് നിർബന്ധിച്ചോ, അയാളുടെ ബന്ധുക്കളിലൂടെ സമ്മർദ്ദം ചെലുത്തിയതിനുശേഷമോ ജാമ്യക്കാരനിലൂടെയോ വേണം നിയമനടപടിതുടങ്ങുവാൻ. (പ്രശ്നങ്ങൾ കഴിയുന്നത്രയും രമ്യമായി പരിഹരിക്കണം) (42) ജാമ്യക്കാരുടെ വ്യവസ്ഥയിൽ കടം വാങ്ങിയ വ്യക്തിക്ക് കടം വീട്ടാൻ സാദ്ധ്യമല്ലാതെ വന്നാൽ ജാമ്യക്കാരാണ് കടം വീട്ടേണ്ടത്. അനവധി ജാമ്യക്കാരുണ്ടെങ്കിൽ കടം കൊടുത്തവ്യക്തിയെകൊണ്ട് രമ്യമായി അംഗീകരിപ്പിക്കണം. (43) കടം കൊടുത്തവ്യക്തി ഏതെങ്കിലും കാരണത്താൽ കടം വാങ്ങിയവനെ പീഡിപ്പിക്കുകയാണെങ്കിൽ അതിന് പ്രായശ്ചിത്തം കടം കൊടുത്തവനേയും ജാമ്യം നിന്നവരേയും ചേർത്ത് ചെയ്യിക്കണം. (6 : 27 - 43)

മേൽ വിവരിച്ച കാര്യങ്ങളെല്ലാം ഭാവിലോകം ശ്രദ്ധയോടെ പഠിക്കുമെന്ന് ഒരു പ്രവാചകന്റെ ദീർഘവീക്ഷണത്തോടെ ആചാര്യൻ പറഞ്ഞു. കാലം എത്ര കഴിഞ്ഞാലും ഈ നിയമാവലികളിലൊന്നിലും കാര്യമായ മാറ്റങ്ങളുണ്ടാകില്ലെന്നും അവ കൂടുതൽ ശുദ്ധീകരിച്ച് ധാർമ്മീകമൂല്യങ്ങളും ചേർത്ത് ലോകമെമ്പാടുമുള്ള ജനത സ്വീകരിക്കുമെന്നും ആചാര്യൻ പറഞ്ഞു.

**പ്രമാണങ്ങളും മുദ്രപ്പത്രങ്ങളും**

അടുത്തത് പത്രികാകർമ്മാചാര്യന്റെ പഠന വിവരണങ്ങളായിരുന്നു. ഇപ്രകാരമൊരു വിഷയത്തെക്കുറിച്ച് ഭാരതത്തിനുവെളിയിലുള്ള വിദ്യാർത്ഥികളാരും കേട്ടിട്ടില്ല. രാജ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും പത്രികാരൂപത്തിൽ ജനങ്ങളിലെത്തിക്കുന്നു എന്ന് അവർക്കറിയാം. പനയോലയോ, തുകലോ ചില പ്രത്യേക മരങ്ങളുടെ സംസ്കരിച്ച ഭാഗങ്ങളോ, തടിയോ, ലോഹത്തകിടോ, ഇലയോ ആണതിനുപയോഗിക്കുക. എന്നാൽ സാമ്പത്തിക വ്യവഹാരങ്ങൾക്ക്, തികച്ചും ഭിന്നമായ രീതിയിലുള്ള പ്രമാണങ്ങൾക്കായി മുദ്രപത്രങ്ങളുപയോഗിക്കുന്നത് ചരിത്ര ദൃഷ്ടിയിൽപോലും ഭാരതത്തിലായിരുന്നു ആരംഭിച്ചത്. പത്രികാകർമ്മാചാര്യൻ വിഷ്ണു ധർമ്മശാസ്ത്രത്തിലെ പ്രമാണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവരിക്കുന്ന **ഏഴാമദ്ധ്യായത്തിലെ** പതിമൂന്ന് നിർദ്ദേശങ്ങൾ വായിച്ചു വിവരിക്കുവാൻ തുടങ്ങി.

> (1) മുദ്രപത്രമുപയോഗിച്ചുള്ള പ്രമാണം മൂന്നു വിധമാണ്. (2) (ഒന്ന്) രാജ സാക്ഷിക പ്രമാണം (രണ്ട്) സാക്ഷികളുള്ള പ്രമാണം (മൂന്ന്) സാക്ഷികളുടെ കയ്യൊപ്പില്ലാത്ത പ്രമാണം. (3) രാജസാക്ഷിക പ്രമാണമെന്നാൽ രാജാവ് നിയോഗിക്കുന്ന അധികാരിയോ അദ്ദേഹത്താൽ നിയുക്തനായവനോ അതാതു വകുപ്പിന്റെ അദ്ധ്യക്ഷനോ കയ്യൊപ്പിട്ട പ്രമാണം. (4) എവിടെ വച്ചാരെഴുതിയാലും അതിൽ സാക്ഷികൾ ഒപ്പുവച്ചിട്ടുണ്ടെങ്കിൽ ആ പ്രമാണം സസാക്ഷികം. (5) സ്വന്തം കൈ കൊണ്ടെഴുതിയത് സാക്ഷികളൊപ്പുവയ്ക്കാത്തതുമായ പ്രമാണം സാക്ഷികം. (6) ബലാൽക്കാരമായി എഴുതിയത് പ്രമാണമായി അംഗീകരിക്കില്ല (7) കള്ളത്തരത്തിലൂടെ എഴുതികൊടുത്തതും വാങ്ങിയതും പ്രമാണമായി അംഗീകരിക്കില്ല. (8) കള്ളപ്രമാണങ്ങളുണ്ടാക്കുന്ന വ്യക്തിയെഴുതിയതും, ദുഷ്ടന്മാരും, നീചന്മാരും, കള്ളന്മാരും, അതുപോലെ സമൂഹത്തിൽ നീചകർമ്മം ചെയ്യുന്നവരും സാക്ഷികളായി കയ്യൊപ്പിടുന്ന പ്രമാണത്തിനും സാധുതയില്ല. (9) കള്ള പ്രമാണമുണ്ടാക്കിയ വ്യക്തിയെഴുതിയ പ്രമാണത്തിനും സാധുതയില്ല. (10) ബാലൻ,



Scanned with CamScanner

അസ്വതന്ത്രൻ, ഭ്രാന്തൻ, മദ്യപാനി, ഭയമുള്ളവൻ, പീഡിപ്പിക്കപ്പെട്ടവൻ എന്നിവർ എഴുതിയതോ സാക്ഷി നിന്നതോ ആയ പ്രമാണവും അസാധുവാണ്. (11) ഏതു പ്രമാണവും അതിന്റെ നിയമവശത്തിലൂടെ രചിച്ചതും, അക്ഷരത്തെറ്റുകളും, വ്യാകരണതെറ്റുകളും, വ്യംഗ്യാർത്ഥങ്ങളും ഇല്ലാത്തതും വ്യക്തമായ ഭാഷാപ്രയോഗമുള്ളതുമായിരിക്കണം. അല്ലാത്ത പ്രമാണങ്ങളെല്ലാം അസാധുവാണ്. (12) ഏതു പ്രമാണപത്രത്തിലും അതെഴുതിയ വ്യക്തിയുടെ ഒപ്പും മുദ്രയും വേണം. ഓരോ കാര്യത്തിനും അനുയോജ്യമായ മുദ്രപത്രമേ ഉപയോഗിക്കാവൂ. യുക്തമായരീതിയിൽ വേണം പരിചയസമ്പന്നരായ എഴുത്തുകാർ മുദ്രപത്രമെഴുതാൻ. (13) കടം എടുക്കുന്നവനോ കൊടുക്കുന്നവനോ, പത്രമെഴുതുന്നവനോ, സാക്ഷിയോ ആരെഴുതുന്നതോ എഴുതിക്കുന്നതോ ആയാലും സ്വന്തം കൈകൊണ്ട് തന്നെ അത് കൈമാറണം അഥവാ കൊടുക്കണം. (എല്ലാ വ്യവഹാരങ്ങളിലും അതുമായി ബന്ധമുള്ളവർ സന്നിഹിതരായിരിക്കണം എന്ന് സന്ദേശം) (7 : 1 - 13)

കാലമെത്ര കഴിഞ്ഞാലും ഈ മൂന്നു വിധത്തിലുള്ള മുദ്രപ്പത്രങ്ങളായിരിക്കും ലോകജനത എല്ലാ ആവശ്യങ്ങൾക്കുമായിട്ടുപയോഗിക്കുക. ഒപ്പുവെക്കുക എന്ന സമ്പ്രദായവും, സുസൂക്ഷ്മം ചേർത്തിട്ടുണ്ടെന്നറിയണം. കള്ളത്തരങ്ങളിലൂടെ ഉണ്ടാക്കുന്ന രേഖകളെല്ലാം അസാധുവായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. അപ്രകാരം പ്രമാണങ്ങളുണ്ടാക്കുന്ന സമ്പ്രദായം എക്കാലവുമുണ്ടായിരുന്നുവെന്ന് വ്യക്തമായി സൂചിപ്പിക്കുന്നു. വ്യത്യസ്ഥ തരത്തിലുള്ള മുദ്രപ്പത്രങ്ങളുണ്ടായിരുന്നുവെന്നും വ്യക്തമാക്കുന്ന വരികൾ പഠിച്ച് വിശകലനം ചെയ്യുക. ഇത് എല്ലാ വിധ ഇടപാടുകളേയും ബാധിക്കുന്നു എന്നതും വ്യക്തമാണ്.

**അസാധുവാകുന്ന പ്രമാണങ്ങൾ**

മുദ്രപത്രത്തിന്റെ ഉപയോഗവും വിവരണവും യജ്ഞവൽക്യസ്മൃതിയിൽ പദാനുപദ വ്യാഖ്യാനത്തോടെ നൽകുന്നുണ്ട്. നാരദസ്മൃതിയിലും വിവരിക്കുന്നു. ഉന്മാദാവസ്ഥയിൽ, ബലപ്രയോഗത്തിൽ, സ്ത്രീകളെ പ്രലോഭിപ്പിച്ച്, ബാലന്മാരെ തെറ്റിദ്ധരിപ്പിച്ച്, ബലാൽക്കാരമായി ഭയപ്പെടുത്തി എഴുതിച്ച പ്രമാണങ്ങൾ അസാധുവാണ്. പ്രമാണത്തിലൊപ്പിട്ടിരിക്കുന്ന സാക്ഷി ദുഷ്ടനാണെന്നറിഞ്ഞാലും പ്രമാണമെഴുതിയവൻ ദുഷ്ടലക്ഷ്യത്തോടെയെഴുതിയതാണെന്നറിഞ്ഞാലും ഏതു പ്രമാണവും അസാധുവാകുമെന്ന് കാത്യായന സ്മൃതിയിൽ വിവരിക്കുന്നു. ബൃഹസ്പതിസ്മൃതിയിൽ വിവരിക്കുന്നു, ഉന്മത്തൻ, മരണ



Scanned with CamScanner

ശയ്യയിൽ കിടക്കുന്നവൻ, ബാലൻ, രാജാവിനെ ഭയപ്പെട്ടുജീവിക്കുന്ന വൻ, വിദേശി, പ്രവാസി, എഴുതുന്നതിലും സാക്ഷിത്വം വഹിക്കുന്ന തിലും പ്രാഗത്ഭ്യമില്ലാത്തവർ എഴുതിയതും, ഒപ്പിട്ടതുമായ പ്രമാണ ങ്ങളും അസാധുവാണ്. കാത്യായനസ്മൃതി ഓർമ്മിപ്പിക്കുന്നു. ദേശാ ചാര വിരുദ്ധമായതും, ക്രമവിരുദ്ധമായിട്ടുള്ളതും, പ്രമാണ ലേഖനരീ തികൾ പാലിക്കാത്തതും പെട്ടെന്നെഴുതിയതും, ഉടമസ്ഥനറിയാതെ യെഴുതിയതും, അപ്രായോഗീകമായ നിർദ്ദേശങ്ങളുള്ളതുമായ പ്രമാ ണങ്ങളെല്ലാം സ്വയം അസാധുവായിത്തീരുന്നു.

അടുത്ത ദിവസത്തെ പഠനത്തിനു നേതൃത്വം നൽകിയത് നിയമകാര്യ വിദഗ്ദനായ നിയമകർമ്മാചാര്യനാണ്. ഓരോ വ്യവഹാരത്തിന്റേയും, അതുമായി ബന്ധപ്പെട്ട വ്യക്തികളുടേയും മറ്റും വിശദമായ കാര്യങ്ങൾ പ്രാർത്ഥനക്കുശേഷം വിവരണമാരംഭിച്ചു.

**സാക്ഷികളും സാക്ഷികൾക്കുള്ള യോഗ്യതയും**

വിഷ്ണുധർമ്മശാസ്ത്രത്തിലെ എട്ടാമദ്ധ്യായം അധികരിച്ചായിരുന്നു വിവരണങ്ങൾ.

ഇതേ ധർമ്മശാസ്ത്രത്തിലെ ഏഴാം അദ്ധ്യായത്തിൽ മുദ്രപ്പത്രങ്ങളെ ക്കുറിച്ചു വിവരിക്കുന്നു. അതേ പ്രകാരം സാമ്പത്തീക വ്യവഹാരങ്ങ ളെക്കുറിച്ച് ആറാം അദ്ധ്യായത്തിലും പഠിച്ചു. ഈ രണ്ടദ്ധ്യായങ്ങളിലും വിവരിക്കുന്ന വിഷയങ്ങളിൽ സാക്ഷികളുടെ കാര്യങ്ങളും, അവർക്കു ണ്ടായിരിക്കേണ്ട പ്രത്യേകഗുണങ്ങളും, ആരെല്ലാം സാക്ഷികളാകാം, ആരെല്ലാം സാക്ഷികളാക്കാൻ പാടില്ലാ, സംഭവങ്ങൾക്കു സാക്ഷിക ളാകുവാനുണ്ടായിരിക്കേണ്ട യോഗ്യതകളെന്തൊക്കെയാണെന്നും വിവ രിക്കുന്നു. വ്യവഹാരങ്ങളിൽ സാക്ഷികളാകാനുള്ള യോഗ്യതകളെന്തൊ ക്കെയാണ് ഇവയെല്ലാം ഈ അദ്ധ്യായത്തിലും വിവരിക്കുന്നു. അത് വളരെ ലളിതമായിത്തന്നെയാണ് ഉപദേശിച്ചുകൊടുക്കുന്നത്. അതി ന്നായി കൂടുതൽ വ്യാഖ്യാനങ്ങൾ ആവശ്യമില്ലാത്തതിനാൽ ഓരോ വരിയായി വായിക്കുക. ആചാര്യന്റെ നിർദ്ദേശപ്രകാരം വിദ്യാർത്ഥി കൾ ക്രമത്തിൽ **എട്ടാം അദ്ധ്യായത്തിലെ ആദ്യത്തെ ആറു** നിർദ്ദേശ ങ്ങൾ വായിച്ചു.

> (1) ഇനി സാക്ഷികളെക്കുറിച്ചുള്ള വിവരണമാണ്. (2) രാജാവ്, മന്ത്രി, നിർന്തരം കറങ്ങിനടക്കുന്ന പരിവ്രാജകനായ സന്യാസി, ഭ്രാന്തൻ, കള്ളൻ മറ്റൊരുവനെ ആശ്രയിച്ചു കഴിയുന്ന ദാസൻ, ബാലൻ, സാഹസികൻ, പതിതൻ, ധനത്തിനോട് അത്യാഗ്രഹമു ള്ളവൻ, അതിദുഃഖിതൻ, അമിതാനുരാഗത്തിൽപെട്ടവൻ ഇവർ സാക്ഷികളാകുന്ന പ്രമാണം സാധുവല്ല. (3) ശത്രുവായിരുന്നവർ,



Scanned with CamScanner

മിത്രങ്ങൾ പിന്നീട് ശത്രുവായവർ, സാമ്പിക വ്യവഹാരങ്ങളിലെ പങ്കാളികൾ, അധർമ്മം പ്രവർത്തിക്കുന്നർ, ദുഷ്ടന്മാരെ സഹായിക്കുന്നവർ ഇവരാരും സാക്ഷികളാകരുത്. (4) ഞാൻ സാക്ഷിയായിക്കൊള്ളാമെന്ന് പറഞ്ഞ് ഏതുകാര്യത്തിനും സാക്ഷിയാകുന്നവനും (5) ഒറ്റയ്ക്ക് സാക്ഷിത്വം വഹിക്കലും (6) കള്ളൻമാർ, സാഹസന്മാർ, താക്കീതുലഭിച്ചിട്ടുള്ള കുറ്റവാളികൾ, ശിക്ഷലഭിച്ചിട്ടുള്ളവർ എന്നിവരെ സംഭവങ്ങൾക്ക് സാക്ഷികളാക്കരുത്. (ഇവരെ കുറ്റകൃത്യങ്ങൾക്ക് സാക്ഷികളായി സ്വീകരിക്കരുത്) (8 : 1 - 6)

സാക്ഷികളാകുവാൻ യോഗ്യതയില്ലാത്തവരെക്കുറിച്ചാണ് മേൽവിവരിച്ചത്. ഇനിയുള്ള മൂന്നുവരികൾ എത്ര ശ്രദ്ധയോടെയാണ് എഴുതിച്ചേർത്തിരിക്കുന്നത്. സാക്ഷികളാകാൻ യോഗ്യതയില്ലാത്തവരുടെ പട്ടിക നിരത്തിക്കഴിഞ്ഞതിനുശേഷം, വേണമെങ്കിൽ ഈ പട്ടികയിൽപെടാത്തവർക്കെല്ലാം സാക്ഷികളാകാമെന്നു പറയാമായിരുന്നു. അപ്രകാരം നിർദ്ദേശിക്കുന്നതിനുപകരം സാക്ഷികൾക്ക് വ്യക്തമായ യോഗ്യത വേണമെന്ന് ധർമ്മശാസ്ത്രത്തിലെ അടുത്ത മൂന്നു വരികൾ ശഠിക്കുന്നു.

(7) യഥാർത്ഥ സാക്ഷികൾ (8) സത്കുലജാതർ, നന്മയുള്ളവർ, സമ്പന്നർ, ആത്മീയ ചൈതന്യമുള്ളവർ, തപസ്വികൾ, ശ്രേഷ്ഠന്മാർ, ധർമ്മജ്ഞരുടെ മക്കൾ, അറിവുള്ളവർ, സത്യസന്ധന്മാർ, ജ്ഞാനവൃദ്ധന്മാർഇവരായിരിക്കണം സാക്ഷികൾ (9) സത്ഗുണസമ്പന്നരായവർ വാദിക്കും പ്രതിക്കും സമ്മതരായവർ ഒരാളാണെങ്കിലും അയാളുടെ സാക്ഷിത്വം മാത്രവും സ്വീകരിക്കാവുന്നതാണ്. (8 : 7 - 9)

**ദൃക്സാക്ഷികൾക്കുള്ള യോഗ്യതകൾ**

മുദ്രപത്രങ്ങളിലും വ്യവഹാരങ്ങളിലും സാക്ഷികളാകുവാൻ യോഗ്യതയുള്ളവരെല്ലാം സംഭവങ്ങൾക്ക്, സാക്ഷികളാകുവാൻ യോഗ്യതയുള്ളവരാകണമെന്നു നിർബന്ധമില്ല. അവരുടെ യോഗ്യതകളും ആചാര്യന്മാർ വിവരിച്ചിരിക്കുന്നു.

(10) വിവാദങ്ങളിൽ സാക്ഷികളാകുന്നവരിൽ വാദിയുടെ ഭാഗത്തു നിൽക്കുന്നവരാണ് പ്രാധാന്യമർഹിക്കുന്നവർ. (11) മറുപക്ഷത്തിൽ സത്യവും കാര്യകാരണങ്ങളിൽ വ്യക്തമായ ധർമ്മബോധവുമുണ്ടെങ്കിൽ ആ സാക്ഷികൾക്കും പ്രാധാന്യം വർധിക്കുന്നു. (12) സാക്ഷികൾ, മരിച്ചുപോകുകയോ വിദേശത്തു പോകുകയോ



Scanned with CamScanner

ചെയ്താൽ അവരിൽ നിന്നും വസ്തുതകൾ വ്യക്തമായി കേട്ടറിവുള്ളവരെയും സാക്ഷികളായി പരിഗണിക്കണം. (13) സംഭവങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നേരിട്ടു കണ്ടവരോ കേട്ടവരോ ആണ് സാക്ഷികളാകേണ്ടവർ (14) സാക്ഷികൾ സത്യസന്ധരായിരിക്കണം (15) ഏതുവർണത്തിൽ പെട്ടവരായാലും നുണ പറയാത്തവരും ഹിംസിക്കാത്തവരും സാക്ഷികളാകാം. (16) സംശയമുള്ളവരേയും, ഉറപ്പില്ലാത്തവരേയും ഹവനങ്ങൾ നടത്തിയും 'അതുസാക്ഷിയായി ഞാൻ നുണ പറയില്ല, അസത്യം പറയില്ല' എന്ന് സത്യം ചെയ്യിച്ച് ശുദ്ധീകരിച്ചും വ്യക്തികളെ സാക്ഷികളാക്കാം. (അസത്യം പറഞ്ഞ വ്യക്തിക്ക് പിന്നീട് കുറ്റബോധം വന്നാൽ പ്രായശ്ചിത്തമായി ഹവനാദികൾ നടത്തി ശുദ്ധീകരിക്കേണ്ടതാണെന്നും വിവരണമുണ്ട്. (17) താഴ്ന്ന വർണത്തിലുള്ളവർക്ക് ഈ പ്രായശ്ചിത്തം ലളിതമായി മതിയാകും. ഒരു ദിവസം വ്രതമിരിക്കുകയോ പത്തു പശുക്കൾക്ക്തീറ്റ കൊടുക്കുകയോ ചെയ്താൽ പ്രായശ്ചിത്തമായി (18) കള്ളസാക്ഷികളെ തിരിച്ചറിയാൻ അവർ വികൃതമായ മുഖലക്ഷണത്തോടെ പെരുമാറുന്നുണ്ടോ, അവരുടെ മുഖലക്ഷണവും നിറവും മാറുന്നുണ്ടോ, അസംബന്ധമായ രീതിയിൽ പുലമ്പുന്നുണ്ടോ എന്നു പരിശോധിക്കണം. **(8 : 10 - 18)**

അസത്യം പറഞ്ഞ സാക്ഷിക്ക് കുറ്റബോധം വന്നാൽ വീണ്ടും അവസരം നൽകണം. സാക്ഷികളുടെ വിവരണങ്ങളിലൂടെ വേണം സത്യവും വസ്തുതയും കണ്ടെത്താനെന്ന് ഇത് വ്യക്തമാക്കുന്നു. അഥവാ സാക്ഷികളുടെ വിവരണങ്ങളുടെ മഹത്വം ചൂണ്ടിക്കാണിക്കുന്നു. ഇവിടെ, മനുഷ്യ മനസ്സുകളെ കാര്യമായി സ്വാധീനിക്കാൻ കഴിവുള്ള ആത്മീയതയുടെ പരോക്ഷസഹായം സ്വീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ഹവനങ്ങളും, പൂജകളും ചെയ്ത് മനസ്സാക്ഷിയെയുണർത്തി സത്യം ചെയ്യിച്ച് സാക്ഷികളെ പുനർ വിസ്താരം ചെയ്യുന്ന രീതിയുടെ പ്രായോഗികതയും വ്യക്തമാക്കുന്നുണ്ട്. കള്ളസാക്ഷിത്വം വഹിക്കുന്നവരുടെ അഥവാ കള്ളസാക്ഷി പറയുന്നവരുടെ ഭാവം ഏതാനും വരികളിൽ വ്യക്തമാക്കുന്നത് ഒരു സൂചന മാത്രമാണ്.

**മറ്റു സ്മൃതികളിലെ വീക്ഷണങ്ങൾ**

സാക്ഷികളെക്കുറിച്ച് വിഷ്ണുധർമ്മശാസ്ത്രത്തിൽ പറയുന്നതുകൂടാതെ അനവധി സ്മൃതി ഗ്രന്ഥങ്ങളിലും വിവരിക്കുന്നുണ്ട്. എല്ലാ സന്ദേശങ്ങളും പരസ്പരം പൂരകങ്ങളാണെന്നും ഒന്നിലും വൈരുദ്ധ്യങ്ങളിലെന്നും മനസ്സിലാകും. കാത്യായന സ്മൃതിയിൽ പറയുന്നു.



Scanned with CamScanner

സാക്ഷികളാകുമ്പോൾ ലഭിക്കുന്ന തുക കൊണ്ടുപജീവനം ചെയ്യുന്ന വരും, സേവകന്മാരും, എന്നും യോജിച്ചു ജീവിക്കുന്നവരും, ബന്ധുക്കളും, സുഹൃത്തുക്കളും, ഭൃത്യന്മാരും, ദുഃഖിതരും സാക്ഷികളാകുവാൻ യോജിച്ചവരല്ല. നാരദ സ്മൃതിയിൽ പറയുന്നു കാര്യഗൗരവമുള്ളവരായിരിക്കണം സാക്ഷികൾ എന്ന്. പതിനൊന്നു വിഭാഗത്തിൽപ്പെടുന്ന വ്യക്തികളെയാണ് സാക്ഷികളാക്കേണ്ടതെന്നും വ്യക്തമാക്കുന്നുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾക്ക് സ്ത്രീകളെ സാക്ഷി നിർത്താവുന്നതാണെന്ന് മനു പറയുന്നു. ബൃഹസ്പതി സ്മൃതിയിൽ ചൂണ്ടിക്കാണിക്കുന്നു; ദേശം, കാലം, ധനം, പിൻബലം, രൂപം, ജാതി, വയസ്, വിദ്യാഭ്യാസയോഗ്യത ഇവയെല്ലാം അടിസ്ഥാനമാക്കി ശ്രേഷ്ഠന്മാരായവരെ സാക്ഷിയായി സ്വീകരിക്കണം എന്ന്.

### സത്യം ചെയ്യിക്കൽ

സാക്ഷികളേയും വാദികളേയും, പ്രതികളേയും കൊണ്ട് സത്യപ്രതിജ്ഞ ചെയ്യിക്കുന്ന രീതിയും സമയവും ഒന്നു പരിശോധിക്കാം. വളരെയധികം ഹൃദയസ്പർശിയായ രീതിയിലാണ് ഈ സത്യാന്വേഷണമാർഗം തുറക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഓരോ വിഭാഗത്തിൽപ്പെടുന്നവ്യക്തികളെ ചോദ്യം ചെയ്യുന്ന അഥവാ വസ്തുതാന്വേഷണരീതിക്കുതന്നെ വ്യത്യാസമുണ്ട്. ആ രീതി പലപ്പോഴും അവനവന്റെ ജീവിതമാർഗവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അവിടെ അസത്യം പറഞ്ഞാൽ ജീവിതമാർഗം തന്നെ ചിലപ്പോൾ ദുരിതപൂർണമായിത്തീരുമെന്ന വിചാരങ്ങൾ ചേർത്താണി പ്രകാരം സത്യപ്രതിജ്ഞയെന്നത് ചിന്തോദ്ദീപകമാണ്. ഇനി നമുക്ക് ധർമ്മശാസ്ത്രത്തിലെ മൂന്നാം അദ്ധ്യാത്തിലെ വരികളിലൂടെ പോകാം.

> (19) സൂര്യോദയസമയത്തു തന്നെ സത്യപ്രതിജ്ഞ ചെയ്യിച്ചു വേണം പ്രഭാതത്തിലെ സാക്ഷി വിസ്താരം നടത്താൻ. (20) സാക്ഷി വിസ്താരം നടത്തുമ്പോൾ ബ്രാഹ്മണരോട് "ഭവാൻ ഈക്കാര്യമറിയുമോ അറിയാവുന്നതു പറയുക" എന്നു ചോദിക്കണം. (21) "താങ്കൾക്കറിയാവുന്നത് സത്യമായിപറയുക" എന്ന് ക്ഷത്രിയരോടു പറയണം. (22) "പശുക്കളും, കാർഷിക ഉൽപന്നവും സ്വർണങ്ങളും നിഷ്ഫലമാകാതിരിക്കാൻ സത്യമേ പറയാവൂ" എന്നു വൈശ്യരോടു പറയണം. (23) "മഹാപാപമേൽക്കാതിരിക്കാൻ സത്യംപറയണമെന്ന" ശൂദ്രരോടും ആഹ്വാനം ചെയ്തതിനുശേഷമേ സാക്ഷികളായി വരുന്ന മേൽപറഞ്ഞ വർണത്തിലുള്ളവരെ വിസ്തരിക്കാവൂ. (സാക്ഷി വിസ്താരത്തിനു മുമ്പ്



Scanned with CamScanner

അവർക്ക് നൽകേണ്ടതായ മുന്നറിയിപ്പും അവരിലുണ്ടാകേണ്ടതായ സത്യധർമ്മബോധവും പ്രധാനമാണ്.) (8 : 19 - 23)

നാലുവർണത്തിൽപെടുന്നവരെ സത്യപ്രതിജ്ഞ ചെയ്യിക്കുമ്പോൾ വേണ്ടതായ രീതിയാണ് മേൽ വിവരിച്ചത് എന്നോർക്കുമല്ലോ !

**പ്രത്യക രീതികളിലുള്ള സത്യം ചെയ്യിക്കൽ**

മനുഷ്യമനസ്സിനെ പ്രകൃതിയുടെ പാഠങ്ങളിലേക്ക് കൊണ്ടുപോകുന്ന മാർഗം നമുക്ക് ദർശിക്കാം. പ്രകൃതിയിൽ സത്യത്തിന്റെ മഹത്വം വിളിച്ചോതുന്ന ഉദാഹരണങ്ങൾ നിരത്തിയാണ് സാക്ഷികളേയും വാദികളേയും പ്രതികളേയുമെല്ലാം സത്യം ചെയ്യിക്കുന്നത്. ഇത് ഭാരതത്തിന്റെ മാത്രം നിയമവ്യവസ്ഥയുടെ മഹത്വമാണ്. ഭാരതം ആത്മീയതയുടെ നാടാണ്. ശാസ്ത്രീയമായ ആത്മീയത ഇവിടെ നിലനിൽക്കുന്നു. ഇനിയുമതു നിലനിൽക്കും പ്രകൃതിയുമായി ബന്ധപ്പെട്ട ആത്മീയതയുടെ പ്രായോഗീകവശത്തിന്റെ ഉത്തമവും ചൈതന്യവത്തുമായ മാർഗമാണിത്. ഇനിയുള്ള വരികളിൽ നിന്ന് ബോധ്യമാകും. സാക്ഷികളിലുണ്ടാകേണ്ടതായ ധർമ്മബോധസാക്ഷാത്ക്കാരമാണ് ഈ നിർദ്ദേശങ്ങളിൽ പ്രതിഫലിക്കുന്നതെന്നു വ്യക്തമാക്കുന്ന വരികളാണ് എട്ടാമദ്ധ്യായത്തിലെ ഇരുപത്തി നാലു മുതൽക്കുള്ള വരികൾ.

**കള്ളസാക്ഷികൾ, സത്യം ചെയ്യിക്കൽ**

(24) സാക്ഷികളെ ഇനിപറയുന്നത് കേൾപ്പിച്ചാലും (25) "ഈ ലോകം മഹാപാതകികളുടേയും ഉപപാതകികളുടേയും, കള്ളസാക്ഷികളുടേയും ലോകമാണ്. (26) കള്ളസാക്ഷി പറഞ്ഞാൽ ജനനമരണത്തിനിടയ്ക്ക് ചെയ്തതെല്ലാം കർമ്മഫലമായി അനുഭവിക്കേണ്ടിവരും. (27) സൂര്യൻ ഉദിക്കുന്നത് സത്യത്തിന്റെ ശക്തികൊണ്ടാണ്. (28) ചന്ദ്രനുദിക്കുന്നതും സത്യത്തിന്റെ ബലത്തിലാണ്. (29) സത്യത്താൽ കാറ്റടിക്കുന്നു (30) സത്യത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂമി നിലനിൽക്കുന്നത്. (31) സത്യത്താലാണ് ജലം ഒഴുകുന്നത്. (32) സത്യത്താലാണ് അഗ്നി ജ്വലിക്കുന്നത്. (33) ആകാശം നിലനിൽക്കുന്നതും സത്യത്താലാണ് (34) ദേവചൈതന്യവും സത്യത്തിന്റേതാണ്. (35) സത്യം തന്നെയാണ് യജ്ഞവും (അതുകൊണ്ട് സാക്ഷികളായ നിങ്ങൾ സത്യമേ പറയാവൂ) എന്ന് അവരെ ആവർത്തിച്ച് കേൾപ്പിച്ച് ബോധ്യപ്പെടുത്തണം. (36) ആയിരം അശ്വമേധം ചെയ്ത ഫലമാണ് സത്യം പറയുമ്പോൾ ഉണ്ടാകുന്നതെന്നു മാത്രമല്ല ആയിരം അശ്വമേധത്തേക്കാൾ മഹത്തരം സത്യത്തിന്റെ വാക്കുകളാണ്. (37) ഹേ സാക്ഷി



Scanned with CamScanner

കളെ പ്രപഞ്ചത്തെ നിലനിർത്തുന്ന എല്ലാ ചൈതന്യവും, കള്ളസാക്ഷി പറയുന്നതിലൂടെ ചെയ്യുന്ന മഹാപാപത്തിന് തുല്യ മായ ശിക്ഷ നിങ്ങൾക്കു നിൽകും. അതു പ്രകൃതി നിയമമാണ്." (ഇതും സാക്ഷികളെ ആവർത്തിച്ചു കേൾപ്പിക്കണം) (38) ഇപ്ര കാരം രാജാവ് / രാജാധികാരി വർണാനുക്രമമായി സാക്ഷികളെ ബോധ്യപ്പെടുത്തണം. (39) സത്യവും സത്യപ്രതിജ്ഞയും, എന്നും വിജയിക്കുമെന്നും അസത്യം എന്നും പരാജയപ്പെടുമെന്നും സാക്ഷികളെ ബോധ്യപ്പെടുത്തിയതിനുശേഷമേ സാക്ഷിവി സ്താരം പാടുള്ളൂ എന്നോർമ്മിക്കണം (40) നന്മയും തിന്മയും പറഞ്ഞും വിവരിച്ചും സാക്ഷികളുടെ ഗുണദോഷങ്ങളെ വ്യക്ത മായി മനസ്സലാക്കി, അനവധി വ്യക്തികളിൽനിന്നും സാക്ഷിക ളിൽനിന്നും നല്ല വിദ്യാസമ്പന്നരും ശ്രേഷ്ഠരുമായവരെ സാക്ഷി കളാക്കാനുള്ള ഏർപ്പാടുകൾ രാജാജ്ഞപ്രകാരം ഓരോ വ്യവ ഹാരത്തിലും, തർക്കത്തിലും, സംഭവത്തിലും, ഓരോ വിവാദ ത്തിലുമുണ്ടാകണം. (41) അസത്യം പറയാനും അധർമ്മം ചെയ്യാ നുമുള്ള കഴിവു പ്രത്യേകം പരിശോധിച്ച് ചെയ്തതും ചെയ്യാത്ത തുമായകുറ്റകൃത്യങ്ങളെ കുറിച്ച് വ്യക്തമായ തെളിവുകൾ സാക്ഷി കളിലൂടെ ശേഖരിക്കണം. അതിനുശേഷമേ യാഥാർത്ഥ്യമറിഞ്ഞ് കുറ്റകൃത്യം ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് നിഗമനത്തിലെത്താ വൂ. (8 : 24 - 41)

സാക്ഷിയെയുപയോഗിക്കുന്നതിൽ അൽപം ആത്മീയതയും നല്ല രീതി യിൽ ധാർമ്മീകതയും സത്യസന്ധതയും കൂട്ടിച്ചേർത്താൽ എത്ര എളു പ്പത്തിൽ ചൈതന്യവത്തായ സത്യത്തെ വേദങ്ങളിൽ വിവരിക്കുന്ന തുപോലെ പ്രകാശമാനമാക്കാം എന്നു മനസ്സിലാകും. യജൂർവേദ ത്തിലെ നാൽപ്പതാമദ്ധ്യായമായ ഈശാവാസ്യ ഉപനിഷത്തിൽ ഹിര ണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം എന്നു പറയുന്നു. അതാ യത് സ്വർണ നിറത്തിലുള്ള അടപ്പുകൊണ്ട് സത്യത്തിന്റെ മുഖം മൂടിയിരിക്കുന്നു. ആ തിളങ്ങുന്ന സ്വർണനിറമുള്ള അടപ്പ് മാറ്റിയാലേ സത്യമെന്താണെന്നറിയാൻ സാധിക്കൂ എന്നും സൂചിപ്പിക്കുന്നു. **തത് ത്വം പൂഷന്നപാവൃണു, സത്യ ധർമ്മായ ദൃഷ്ടയേ-** സത്യത്തെ ധാർമ്മീകപന്ഥാവിലൂടെ ദർശിക്കുവാൻ ആ സ്വർണനിറത്തിലുള്ള പാത്രത്തിനെ അഥവാ അടപ്പിനെ നീക്കണം.

### പഞ്ചഭൂതങ്ങളെ സാക്ഷിയാക്കിയുള്ള സത്യം ചെയ്യിക്കൽ

പഞ്ചഭൂതങ്ങളെ സാക്ഷിനിർത്തിചെയ്യുന്ന അഥവാ ചെയ്യിക്കുന്ന സത്യ പ്രതിജ്ഞയാണിത്. ഇത് വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല.



Scanned with CamScanner

പ്രവൃത്തിയും, ചടങ്ങും, ആചാരവും മനസ്സിനെ സ്വാധീനിക്കത്തക്കവിധത്തിൽ അതിലുൾപ്പെടുത്തിയിരിക്കുന്നു. ഈ പഞ്ചഭൂത സ്പർശിയായി സത്യപ്രതിജ്ഞാചടങ്ങുകളിൽ പ്രധാനമായും, പ്രകൃതി സത്യധർമ്മാധിഷ്ഠിതമാണെന്ന സന്ദേശമുണ്ട്. വാദിക്കും പ്രതിക്കും നൽകുന്നസന്ദേശമാണത്. വ്യവഹാരങ്ങളിൽ കുറ്റമാരോപിക്കുന്നതിനുമുമ്പ് വസ്തുതകളറിയാനുള്ള അനവധി മാർഗങ്ങളിൽ ഒരു മാർഗമാണിതെന്നറിയണം. ഈ മാർഗം മാത്രം ആശ്രയിച്ചല്ല തെളിവെടുപ്പ് നടത്തുന്നത്. കുറ്റം ചെയ്തവർ ഇത്തരത്തിലുള്ള മാർഗത്തിന് അഥവാ പരീക്ഷണത്തിന് വിധേയമാകുമ്പോൾ അവരിലുണ്ടാകുന്ന തളർച്ചയും മാനസീക തകർച്ചയും വിലയിരുത്താനുള്ള പണ്ഡിതന്മാരുടെ മുന്നിലാണിതെല്ലാം അനുവർത്തിക്കുന്നത്. ഇവയിൽ ചിലതുമാത്രമേ പ്രയോഗിക്കേണ്ടതുള്ളൂ അഥവാ അത്യാവശ്യമെങ്കിലേ പ്രയോഗിക്കാറുള്ളൂ. വിഷ്ണുധർമ്മശാസ്ത്രത്തിലെ ഒമ്പതാമദ്ധ്യായത്തിലാണ്, സത്യം തെളിയിക്കൽ ചടങ്ങ് പ്രയോഗ്രിക്കുന്ന രീതികൾ വിവരിക്കുന്നത്. തുടർന്ന് പത്ത് മുതൽ പതിനാലാം അദ്ധ്യായം വരെ ഈ വിവരണങ്ങൾ നീണ്ടുപോകുന്നു. ഇവയിലോരോ അദ്ധ്യായവും പഞ്ചഭൂതങ്ങളിലോരോന്നിനോടും ചെയ്യുന്ന പ്രതിജ്ഞയും ചടങ്ങുമാണ്. ആചാര്യൻ വിവരണം തുടർന്നു.

കഴിഞ്ഞ അദ്ധ്യായങ്ങളിൽ സാമ്പത്തിക വ്യവഹാരങ്ങളും, ശിക്ഷകളും, സാക്ഷികളും, മറ്റു വ്യവഹാരങ്ങളും വിവരിച്ചു കഴിഞ്ഞു. ഇനി ഓരോ കുറ്റത്തിനുമായി തെളിവെടുപ്പു നടത്തുന്നതിനുമുമ്പ് അതുമായി ബന്ധപ്പെട്ട വ്യക്തികളേയും, സാക്ഷികളേയും, വാദികളേയും, പ്രതികളേയും പ്രതിജ്ഞ ചെയ്യിപ്പിക്കുന്ന സമ്പ്രദായത്തെക്കുറിച്ചാണ് വിവരിക്കുന്നത്. ഗ്രന്ഥങ്ങളിൽ കൈവച്ച് സത്യമേ പറയൂ എന്നു പ്രതിജ്ഞ ചെയ്യിപ്പിക്കുന്നതുപോലെയാണിത്. ഇവിടെ ആത്മീയതക്കും വിശ്വാസ പ്രമാണങ്ങൾക്കും മുൻതൂക്കം നൽകികൊണ്ട് സത്യമെടുക്കുക എന്നതാണ് ലക്ഷ്യം. ധർമ്മബോധമുള്ളവനെ തിരിച്ചറിയുക. സത്യം വെളിപ്പെടുത്താനായി സത്യം തെളിയുമെന്നുറപ്പിച്ച് ഓർമ്മിപ്പിക്കുക.

ഇത്രയും പറഞ്ഞ് ആചാര്യൻ നീതിന്യായ വ്യവസ്ഥകളിലെ സത്യാന്വേഷണ മാർഗ്ഗത്തെ വിവരിക്കുന്ന പരീക്ഷാക്രിയകൾ വിഷ്ണുധർമ്മശാസ്ത്രത്തിലെ **ഒമ്പതാമദ്ധ്യായത്തിലെ മുപ്പത്തിമൂന്നു വരികളിലൂടെ** നൽകുന്ന നിർദ്ദേശങ്ങൾ വായിപ്പിച്ചു.

(1) ഇനി പരീക്ഷാക്രിയ വിവരിക്കാം. (2) ഈ പരീക്ഷണക്രമത്തിലൂടെ സത്യം ചെയ്യിക്കേണ്ടത് രാജദ്രോഹം, രാജ്യദ്രോഹം (3) സാമ്പത്തിക ക്രമക്കേടുകൾ, കളവ്, കള്ളപ്രമാണംഎന്നിവ

ക്കെല്ലാം ബാധകമാണ്. (4) ഏറ്റവും പ്രധാനമായ വ്യവഹാരങ്ങളിലും എല്ലാം തുലനം ചെയ്ത് സാമ്പത്തിക ബാധ്യത തീരുമാനിക്കേണ്ടത് സ്വർണവിലയെ താരതമ്യം ചെയ്തു വേണം. (5) ഒരു (കുന്നിക്കുരു) കൃഷ്ണലം അളവ് സ്വർണം വച്ച് കറുക തൊട്ടു വേണം ശൂദ്രൻ പ്രതിജ്ഞ ചെയ്യാൻ (6) രണ്ടു കൃഷ്ണലം വെക്കേണ്ടി വന്നാൽ എള്ള് തൊട്ടു പ്രതിജ്ഞ ചെയ്യണം. (7) മൂന്നു കൃഷ്ണലം വെക്കേണ്ടി വന്നാൽ വെള്ളി തൊട്ടു സത്യം ചെയ്യണം. (9) അഞ്ചു കൃഷ്ണലമാണെങ്കിൽ, ഏതെങ്കിലും മറ്റു ലോഹം തൊട്ടു സത്യം ചെയ്യണം. (10) തീർത്ഥജലപാനം ചെയ്ത് (കോശവിധി) സത്യം ചെയ്യണം. (11) പിന്നെ ധർമ്മപരീക്ഷക്കുള്ള, അഗ്നി, ജലം, വിഷം കൂടാതെ മറ്റേതെങ്കിലും യുക്തമെന്നു തോന്നുന്ന ദ്രവ്യമോ ഉപയോഗിച്ച് അഥവാ കഴിച്ച് സത്യം ചെയ്യിച്ചുവേണം തെളിവെടുക്കാൻ. (12) ശൂദ്രർക്കു വിവരിച്ചിരിക്കുന്നതിന്റെ ഇരട്ടി ദ്രവ്യം കെട്ടിവച്ചുവേണം വൈശ്യർക്ക് തെളിവെടുപ്പിന്റെ പ്രതിജ്ഞ ചെയ്യാൻ (13) മൂന്നിരട്ടി കെട്ടിവച്ച് രാജ്യാധികാരമുള്ളവർ /രാജന്യന്മാർ തെളിവു നൽകണം. (14) ബ്രാഹ്മണൻ നാലിരട്ടി കെട്ടിവച്ച് സത്യപ്രതിജ്ഞ ചെയ്യിപ്പിക്കണം. (15) ബ്രാഹ്മണന് വിഷം കഴിച്ച് സത്യം തെളിയിപ്പിക്കുന്നതൊഴിച്ച് ബാക്കിയെല്ലാം മറ്റുള്ളവരുടേതിന്റെ നാലിരട്ടി വേണം. (16) മറ്റുള്ളവർക്ക് അതാതു കാലവും, സ്ഥലവും, കൃത്യങ്ങളുമനുസരിച്ച് തീരുമാനമെടുക്കണം. (17) വിഷം കഴിച്ച് സത്യം തെളിയിക്കുന്നതിനുപകരം ബ്രാഹ്മണനെ ഭൂമി/മണ്ണ്/ലോഹം ഏതെങ്കിലും വച്ച് സത്യം ചെയ്യിക്കണം. (18) ചെറിയ തെറ്റുകുറ്റങ്ങൾക്കുള്ള തെളിവെടുപ്പിലെ സത്യപ്രതിജ്ഞ സാധാരണരീതിയിൽ ലളിതമായി മാത്രം ചെയ്യിക്കണം. (19) മഹാന്മാരിലും, ശ്രേഷ്ഠന്മാരിലും അതനുസരിച്ചു യോഗ്യമായ രീതിയിൽ വേണം പ്രതിജ്ഞയെടുപ്പിക്കൽ. (20) വാദിയെ (പരാതിക്കാരനെ) കൊണ്ട് തലതൊട്ട് സത്യം ചെയ്യിക്കണം. (21) പ്രതിയെ കൊണ്ട് മേൽപറഞ്ഞ രീതിയിൽ അയാളുടെ വർണമനുസരിച്ച് സത്യം ചെയ്യിക്കണം. അവരിൽ സത്യവും ധർമ്മവും കണ്ടെത്തണം. (22) രാജ്യദ്രോഹ കുറ്റങ്ങളിൽ സ്വന്തം ശിരസ് തൊട്ട് പ്രതിജ്ഞ ചെയ്യണം. (23) ബ്രാഹ്മണർ, സ്ത്രീ, വികലാംഗർ, രോഗി, ഇവർക്കെല്ലാം നീതിന്യായ വ്യവസ്ഥയുടെ ചിഹ്നമായ തുലാസ് രീതിയിൽ സത്യം ചെയ്യണം (24) അസ്ഥാനത്തും നല്ല കാറ്റുള്ള സ്ഥലത്തും തുലാസ് ഉപയോഗിക്കുന്നതൊഴിവാക്കണം. (25) കുഷ്ഠരോഗമുള്ളവൻ,



Scanned with CamScanner

അസമർത്ഥൻ, ലോഹനിർമ്മാതാവായ കൊല്ലൻ, ഇവരെ അഗ്നി സത്യം ചെയ്യിക്കരുത്. (26) ശരദ് ഗ്രീഷ്മ ഋതുക്കളിലും (ഉഷ്ണ കാലത്ത്) അഗ്നി സത്യം ചെയ്യിക്കരുത്. (27) ത്വക്രോഗമുള്ളതോ പിത്തരോഗമുള്ളതോ ആയ ബ്രാഹ്മണരെ വിഷം കൊണ്ട് സത്യ പ്രതിജ്ഞ ചെയ്യിക്കരുത്. (28) വർഷക്കാലങ്ങളിൽ വിഷം കൊണ്ട് സത്യം ചെയ്യിക്കരുത്. (29) ശ്ലേഷ്മരോഗം, ശ്വാസരോഗം, കാസ രോഗം, ഛർദ്ദി രോഗമുള്ളവരും, ജലവുമായി ബന്ധമുള്ള ജോലി ചെയ്തു ജീവിക്കുന്നവരേയും ജലം കൊണ്ട് പ്രതിജ്ഞയെടുപ്പി ക്കരുത്. (30) ഹേമന്ത ശിശിര കാലങ്ങളിലും ജലപ്രതിജ്ഞ പാടി ല്ല. (31) നാസ്തികനെകൊണ്ടും കോശ (തീർത്ഥജലം കുടിപ്പിച്ച്) പ്രതിജ്ഞ ചെയ്യിക്കരുത്. (32) ദേശത്തിൽ പനിപോലുള്ള രോഗ ങ്ങളും, അഞ്ചാംപനിയും വയറിളക്കരോഗങ്ങളുമുള്ള വേളയിലും ജലനിമജ്ജന പ്രതിജ്ഞ പൂർണമായും ഒഴിവാക്കണം. (33) ഈശ്വരവിഗ്രഹത്തിന്റെയും ശ്രേഷ്ഠപണ്ഡിതരുടേയും, മുന്നിൽ വച്ച് പ്രഭാതത്തിൽ വേണം ആത്മീയ ചൈതന്യമുള്ള മുൻപറഞ്ഞ സത്യപ്രതിജ്ഞാ രീതികൾ നടപ്പിലാക്കേണ്ടത്. (ഇവയെല്ലാം ഇനി യുള്ള അദ്ധ്യായങ്ങളിൽ കൂടുതൽ വ്യക്തമാക്കുന്നുണ്ട്) (9 : 1 – 33)

പലർക്കും ഈ വായിച്ച വരികളുടെ അർത്ഥം മനസ്സിലായിക്കാണുമെ ങ്കിലും സന്ദേശം മനസ്സിലായിട്ടുണ്ടാകില്ല. വിഷ്ണുധർമ്മശാസ്ത്ര ത്തിലെ ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന പലവരികളും വളരെ വ്യക്ത മാണ് എന്നാൽ ചിലതു വ്യക്തമല്ല. ഇവിടെ 10,11,17 പിന്നെ 24 മുതൽക്കുള്ള സന്ദേശങ്ങളെല്ലാം തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ വിശദീകരിക്കാം.

**വർണാടിസ്ഥാനത്തിലുള്ള സത്യവാചകം**

ഈ അദ്ധ്യായത്തിലെ ആദ്യഭാഗങ്ങളിൽ നാലുവർണങ്ങളിൽപ്പെടുന്ന വർ ചെയ്യേണ്ടുന്ന സാധാരണസത്യപ്രതിജ്ഞയാണ് വിവരിക്കുന്നത്. പ്രതികൾ/സാക്ഷികൾ/വാദികൾ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന ശൂദ്രർക്ക് ദ്രവ്യം വളരെ ക്കുറച്ചു മതിയാകും. എന്നാൽ ബ്രാഹ്മണരായ പ്രതി ഏറ്റവും കൂടുതൽ ദ്രവ്യം കെട്ടിവെക്കേണ്ടതുണ്ട്. ബ്രാഹ്മണനെ വധിക്കാറില്ല, വിഷം കൊടുത്ത് സത്യപ്രതിജ്ഞ ചെയ്യിക്കാറുമില്ല. കളവു പറഞ്ഞാൽ അതി നേക്കാൾ നീചമായ ശിക്ഷ ജീവിതകാലം മുഴുവനും അനുഭവിക്കേ ണ്ടിവരുന്നു എന്ന് ഇനിയുള്ള അദ്ധ്യായങ്ങളിൽ നിന്നു വ്യക്തമാകും. ചെറിയ തെറ്റുകൾക്കും കുറ്റങ്ങൾക്കും പ്രതി/സാക്ഷി സത്യം ചെയ്യേ



Scanned with CamScanner

ണ്ടത് ലളിതമായ മാർഗത്തിലൂടെയാണ്. ഹീനമായ കുറ്റകൃത്യങ്ങൾക്കാണ് അതികഠിനമായ പരീക്ഷണങ്ങളുള്ളത്. ഒരേ കുറ്റം ചെയ്തുവെന്ന് സംശയിക്കുന്ന വ്യക്തികൾക്കു പോലും അവരുടെ മാനസീകാവസ്ഥ, ശാരീരികാവസ്ഥ, കാല അവസ്ഥ, കുറ്റകൃത്യത്തിന്നു കാരണമായ സാഹചര്യം ഇവയെല്ലാം കണക്കിലെടുത്തിട്ടാണ് സത്യപ്രതിജ്ഞ. എല്ലാ വിഭാഗം ജനങ്ങളേയും ഒരേ പോലെ കാണാറില്ല. അധികാരത്തിലിരിക്കുന്നവർ, പണ്ഡിതർ, ശ്രേഷ്ഠകുല ജാതർ, രാജവംശത്തിൽ ജനിച്ചവർ, കുറ്റകൃത്യങ്ങൾ ചെയ്യുവാൻ സാധ്യത വളരെക്കുറവുള്ളവരുടെ ഗണത്തിൽപ്പെടുന്നവർ, ഇവരുടെ സത്യപ്രതിജ്ഞക്കും കാഠിന്യം കുറവാണ്. എന്നാൽ കുറ്റം തെളിഞ്ഞാൽ ശിക്ഷയനുഭവിക്കേണ്ടിവരുന്നത് തുല്യമാണ്.

**സത്യം തെളിയിക്കാൻ തുലാസിന്റെ ഉപയോഗം**

അടുത്ത ദിവസത്തെ പഠനം ആചാര്യൻ തുടർന്നു. ഇത് പത്താമദ്ധ്യായമാണ്. പ്രതികളെകൊണ്ട് പഞ്ചഭൂതങ്ങളിലൊന്നായ വായുവിനെ സാക്ഷിനിർത്തി ചെയ്യിക്കുന്ന പ്രതിജ്ഞയാണ്. തുലാസ് നിർമ്മിച്ച് അതിൽ സത്യപ്രതിജ്ഞ ചെയ്യേണ്ട വ്യക്തിയെ പരിശോധിക്കുക. അതിന് ധർമ്മാധർമ്മങ്ങളെ തുലനം ചെയ്യുന്നതിന്റെ പ്രതീകമായിട്ടുള്ള തുലാസിനെയാണെടുത്തിരിക്കുന്നത്. ആ തുലാസിന് വ്യക്തമായ അളവുകളുണ്ട്. അതുപയോഗിക്കേണ്ടതായ രീതിയുണ്ട്. തുലാസിനോട് അഭ്യർത്ഥിക്കേണ്ടതായ പ്രാർത്ഥനയുണ്ട്. തുലാസിലിരുത്തി പ്രതിജ്ഞ ചെയ്യുന്ന ഭാഗം **പത്താമദ്ധ്യായത്തിൽ** വിവരിക്കാം.

(1) ഇനി തുലാസിനെക്കുറിച്ച് വിവരിക്കാം. (2) രണ്ടു ഹസ്തം വീതം രണ്ടു വശത്തേക്കുവരുന്ന നാലുഹസ്തം (ഏകദേശം അഞ്ചടി) നീളമുള്ള പ്രധാന ദണ്ഡ്, രണ്ടു ഹസ്തം വീതം തുല്യമായി വരത്തക്കവിധത്തിൽ തുലാസുണ്ടാക്കണം. (3) വൃക്ഷങ്ങളുടെ കഠിനമായ തടികൊണ്ടുണ്ടാക്കിയ തുല്യഭാരമുള്ള രണ്ടു തട്ടുകൾ അതിൽ ഘടിപ്പിക്കണം. (4) തുലാസ് പരിശോധിക്കാൻ കഴിവുള്ള ലോഹപ്പണിക്കാരെ കൊണ്ടോ, സ്വർണ്ണപണിക്കാരെ കൊണ്ടോ പരിശോധിപ്പിക്കണം. (5) ഒരു തട്ടിൽ സത്യം തെളിയിക്കേണ്ട വ്യക്തിയേയും മറ്റേ തട്ടിൽ തുല്യഭാരം ശിലയും വച്ച് സൂചികൃത്യമാക്കണം. (6) സൂചി തുല്യത കാണിച്ചതിനുശേഷം വ്യക്തിയോട് (വാദിയോടോ, പ്രതിയോടോ, സാക്ഷിയോടോ) തുലാസിന്റെ തട്ടിൽ നിന്നിറങ്ങാൻ നിർദ്ദേശിക്കണം. (7) തുലാസ് കൃത്യമായി പിടിച്ചിരിക്കണം. (8) തുലാസിനെ ഉയർത്തിപിടിച്ചിരിക്കണമെന്നു നിർദ്ദേശിക്കണം. (9) തുടർന്ന് വീണ്ടും അയാൾ



Scanned with CamScanner

തുലാസിൽ കയറിയിരിക്കുമ്പോൾ പ്രാർത്ഥന രൂപേണ തുലാസിനോട് അരുളി ചെയ്യണം. "ഈശ്വരനെ എതിർക്കുന്നവരും, കള്ളസാക്ഷികളും, അധർമ്മികളുമായ ജനങ്ങളുടെ ധർമ്മബോധത്തെ വ്യക്തമായി, ഹേ തുലാസേ! നീ അളക്കുന്നു. (10) ധർമ്മത്തിന്റെ പര്യായമായതിനാൽ നിന്നെ തുലാസെന്നുപറയുന്നു. ധർമ്മവും സത്യവുമെന്താണെന്ന് മനുഷ്യരേക്കാൾ നന്നായി നിനക്കറിയാം. (11) വ്യവഹാരങ്ങളിൽ തെറ്റിദ്ധരിക്കപ്പെട്ട എന്നെ മനുഷ്യർ നിന്റെ സഹായത്താൽ അളക്കുന്നു. അതിനാൽ സംശയിക്കപ്പെട്ട എന്നെ ധർമ്മരീതിയിൽ നീ സംരക്ഷിച്ചുകാക്കണം." (12) വീണ്ടും ഈ തുലാസിന്റെ പലകയിൽ കയറിയിരിക്കുന്ന ആ വ്യക്തിയുടെ ഭാരം വർദ്ധിക്കുന്നുവെങ്കിൽ അദ്ദേഹം ധർമ്മിഷ്ഠനും ശുദ്ധനുമാണ്. (13)കയറിയിരിക്കുന്ന സമയത്ത് അക്ഷം പൊട്ടി പോയെങ്കിൽ വീണ്ടും ഈ പരീക്ഷണത്തിന് വിധേയമാക്കണം. എന്നിട്ട് സത്യം തെളിയിക്കണം. (ധർമ്മജ്ഞന്റെ ലക്ഷ്യം പറഞ്ഞിട്ടുള്ളതിൽ നിന്ന് അധർമ്മജ്ഞന്റേത് കണ്ടുപിടിച്ചുകൊള്ളണം.) **(10 : 1 - 13)**

പത്താമദ്ധ്യായത്തിലെ ഓരോ സന്ദേശവും വളരെ വ്യക്തമായതിനാൽ കൂടുതൽ വിവരണങ്ങൾ ആചാര്യൻ നൽകിയില്ല. വിദ്യാർത്ഥികൾക്കുണ്ടാകുവാൻ സാധ്യതയുള്ള ഒരു സംശയം മുൻകൂട്ടിയറിഞ്ഞ് പറഞ്ഞു. യഥാർത്ഥത്തിൽ വ്യക്തിയുടെ ഭാരം വർധിക്കുന്നുമില്ല കുറയുന്നുമില്ല. ഈ പ്രാർത്ഥന ചെയ്യുമ്പോഴും തുലാസിന്റെയടുത്തെത്തുമ്പോഴും, തുലാസിൽ കയറിയിരിക്കുമ്പോഴും, പ്രതിയുടെ മുഖഭാവം, ശാരീരിക-മാനസീകസ്ഥിതി ഇവയെല്ലാം പരിശോധിക്കുന്നു. അതെല്ലാം പ്രതിയുടെ അപരാധ-നിരപരാധ ഭാവത്തെക്കുറിച്ചറിയാനവസരം നൽകുന്നു എന്നതാണ് സത്യം. ഭാരം കുറഞ്ഞെന്നു കണ്ടയുടനെ ശിക്ഷ നടപ്പാക്കറുമില്ല എന്നുമറിയണം. ആചാര്യൻ വിവരണം തുടർന്നു. **വിഷ്ണുധർമ്മശാസ്ത്രത്തിലെ പതിനൊന്നാമദ്ധ്യായം** അഗ്നിപരീക്ഷയ്ക്ക് വിധേയമാക്കുന്ന നിയമപാലന വിവരണമാണ്.

**അഗ്നിപരീക്ഷണം**

(1) ഇനി അഗ്നിപരീക്ഷ വിവരിക്കാം. (2) പതിനാറ് അംഗുലം (ഏകദേശം 1 അടി) അകലത്തിൽ മണ്ഡലാകൃതിയിൽ (വൃത്താകൃതിയിൽ) ഏഴ് അഗ്നികുണ്ഡങ്ങളുണ്ടാക്കണം. (3) വ്യക്തിയെ കിഴക്കോട്ട് തിരിച്ച് നിർത്തി ഏഴ് ആലിലകൾ കയ്യിൽ കൊടുക്കണം. (4) തൊഴുന്നതുപോലെ കൈകൾക്കിടക്ക് ഇലകൾവച്ച് കൈകൾചരടുകൊണ്ട് കൂട്ടികെട്ടണം. (5) കയ്യിൽ നല്ലവണ്ണം ചൂടാ

ക്കിയഗോളാകൃതിയിലുള്ള ഇരുമ്പുകൊടുത്ത് ഏഴ് അഗ്നികുണ്ഡ ങ്ങളേയും പ്രദക്ഷിണം വയ്ക്കാൻ കൽപിക്കണം. (ഈ അഗ്നികു ണ്ഡങ്ങളിലൊന്നിൽ മന്ത്രസഹിതമായ ഹോമാഗ്നിയിൽ വേണം ഒരു ഇരുമ്പു ഗോളത്തെ ചൂടാക്കുവാൻ) (6) വളരെവേഗത്തിലോ വളരെസാവധാനത്തിലോ പ്രദക്ഷിണം വയ്പ്പിക്കരുത്. (7) ഏഴു കുണ്ഡ പ്രദക്ഷിണവും കഴിഞ്ഞാൽ ഗോളം താഴെയിടാൻ നിർദ്ദേ ശിക്കണം. (8) കയ്യിൽ പൊള്ളലേറ്റിട്ടുണ്ടെങ്കിൽ ആ വ്യക്തി അശു ദ്ധനാണ്. പൊള്ളലേറ്റിട്ടില്ലെങ്കിൽ ശുദ്ധനാണ്. (9) ഭയം കൊണ്ടോ, മറ്റു കാരണങ്ങളാലോ അവ്യക്തമായ ഫലമാണ് ലഭി ക്കുന്നതെങ്കിൽ ഈ കർമ്മം ആവർത്തിക്കുകയോ മറ്റു വഴികൾ ആരായുകയോ വേണം. (10) (ഏഴു ആലിലകൾക്കു പകരം) നെല്ലും മണ്ണും കൂട്ടിചേർത്ത് കയ്യിലിട്ട് അതിൽ ചൂടാക്കിയ ഇരു മ്പുഗോളം വച്ചും പരിശോധിക്കാം. ഇപ്രകാരം ചെയ്യുമ്പോൾ സമയദൈർഘ്യം രണ്ടു വരിമന്ത്രി ചൊല്ലുന്നതുവരെയാണ്. ആ മന്ത്രവരികൾ ഇതാണ്. (11) “എല്ലാ ചരാചരങ്ങൾക്കുമകത്ത് നില നിൽക്കുന്ന അഗ്നിദേവാ അങ്ങ് സാക്ഷിയായി എന്റെ ധർമ്മബോ ധത്തെ തെളിയിച്ചാലും (12) വ്യവഹാരങ്ങളിൽ സംശയിക്കപ്പെട്ട എന്റെ ശുദ്ധിയെ ജനങ്ങളറിയാനാഗ്രഹിക്കുന്നു. അതുകൊണ്ട് നീ എന്റെ ധർമ്മബോധത്തെ തെളിയിച്ച് എന്നെ രക്ഷിച്ചാലും. **(11: 1 – 12)**

“ഇവിടെ ചൂടാക്കിയ ഇരുമ്പുഗോളങ്ങൾ ഒരു ഹോമകുണ്ഡത്തിൽ നിന്നെടുക്കുന്നതാണ്. ആത്മീയ ചൈതന്യത്തിന്റെയും വിശ്വാസത്തി ന്റേയും പിൻബലം അതിനുണ്ട്. കുറ്റം ചെയ്തവന്. ഈശ്വരൻ ശിക്ഷ നൽകുമെന്നും ചെയ്യാത്തവന്. ഈശ്വരാനുഗ്രഹത്തിലൂടെ സംരക്ഷണം ലഭിക്കുമെന്നുള്ള വിശ്വാസവും പ്രതിയെ സത്യം പറയിപ്പിക്കാൻ പ്രേരി പ്പിക്കുന്നു. കൂടാതെ അഗ്നിയോടെയുള്ള പ്രാർത്ഥനയുടെ ഫലവുമുണ്ട് ആചാര്യൻ **പന്ത്രണ്ടാമധ്യായത്തിലേക്കു** കടന്നു.

**ജലാശയത്തിലെ പരീക്ഷണം**

(1) ഇനി ജലപ്രതിജ്ഞ വിവരിക്കാം. (2) ചെളി, കൃമികൾ, ജലജ ന്തുക്കൾ, മത്സ്യങ്ങൾ, ജലസസ്യങ്ങൾ ഇവയില്ലാത്ത ജലാശയ ത്തിൽ വേണം ഇതുചെയ്യുവാൻ. (3) വാശിയോ, പകയോ, ദ്വേഷമോ, ഇല്ലാത്ത ഒരാൾ മേൽപ്പറഞ്ഞ ജലാശയത്തിൽ സത്യം പറയിക്കേണ്ടതായ വ്യക്തിയെ കൊണ്ടു പോകണം. (4) ഈ വ്യക്തി ജലത്തിൽ മുങ്ങിക്കിടക്കുന്ന സമയത്ത് നിയുക്തനായ ഒരാൾ അയാൾക്കുനേരെ അധികം മൂർച്ചയില്ലാത്ത ശരമയക്ക



Scanned with CamScanner

ണം. (5) മറ്റൊരാൾ കുറേക്കൂടി വേഗത്തിൽ ശരമയക്കണം. (6) കൃത്യമെണ്ണം ശരമയക്കുന്ന സമയംവരെ ജലത്തിൽ മുങ്ങിക്കിടന്ന് അദൃശ്യനാകാൻ സാധിച്ചവ്യക്തി ധർമ്മിഷ്ഠനായിരിക്കും, അഥവാ അയാൾ പറയുന്നത് സത്യമായിരിക്കും. അതിൽ വിജയിച്ചില്ലെങ്കിൽ അസത്യമായിരിക്കും. (7) (മുങ്ങുന്നതിനു മുമ്പ് നടത്തേണ്ട പ്രാർത്ഥന ഇപ്രകാരമാണ്) " സർവ്വ ചരാചരങ്ങളിലും സാക്ഷിയായി നിലനിൽക്കുന്ന ജലമേ നിനക്ക് ധർമ്മബോധമുള്ളവരെ മനുഷ്യനേക്കാൾ ശക്തമായി തിരിച്ചറിയാനാകും. (8) വ്യവഹാരങ്ങളിൽ അഭിശപ്തനായി എന്ന് മുദ്രകുത്തപ്പെട്ട എന്റെ ധർമ്മബോധത്തെ തെളിയിച്ച് എന്നെ രക്ഷിച്ചാലും." (12 : 1 – 8)

ജലത്തിൽ തിട്ടപ്പെടുത്തിയ നിമിഷങ്ങൾ മുങ്ങിക്കിടന്ന് തെളിയിക്കേണ്ടിവരുന്ന ഒരു മാർഗ്ഗമാണിത്. ഈ പ്രതിജ്ഞ വളരെ വിരളമായി മാത്രമേ ചെയ്യിക്കാറുള്ളൂ. പലപ്പോഴും വ്യക്തിക്ക് ശ്വാസംമുട്ടി അപകടമുണ്ടാകാറുണ്ടെന്നതിനാൽ, ഈ പരീക്ഷ അത്രക്കും പ്രായോഗികമല്ലെന്നും ആചാര്യൻ നിർദ്ദേശിച്ചു. കൂടാതെ രോഗം വരാനുള്ള സാധ്യതയും കൂടുതലാണ്. അതിനാൽ ചില കാലങ്ങളിൽ ഈ പരീക്ഷ പൂർണമായും ഒഴിവാക്കണമെന്ന് 9-ാമധ്യായത്തിലെ 28, 29, 30 നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കുന്നുമുണ്ട്.

## വിഷമുപയോഗിച്ചുള്ള സത്യാന്വേഷണം

**വിഷ്ണുധർമ്മശാസ്ത്രത്തിലെ പതിമൂന്നാം അദ്ധ്യായത്തിലെ** വിവരണങ്ങൾ ബ്രാഹ്മണർക്കും പണ്ഡിതർക്കും ബാധകമല്ലാത്തതിന് കാരണം ബ്രഹ്മഹത്യാപാപം രാജാവനുഭവിക്കേണ്ടിവരുമെന്ന ഭയമാണ്. അതിനാൽ കുറ്റം ചെയ്ത ബ്രാഹ്മണർക്ക് ഈ പരീക്ഷണത്തിൽ നിന്ന് മോചനമുണ്ട്. പക്ഷേ ശിക്ഷകളിൽ ഇളവുകളൊന്നുമില്ല. വിഷം കഴിച്ച് മരിക്കാതിരിക്കുന്നതാണ് പരീക്ഷണരീതി. ഇതും കാര്യമായ മനഃശാസ്ത്ര പരിശോധനയാണെങ്കിലും അഭിപ്രായ വ്യത്യാസങ്ങളുണ്ട്.

(1) വിഷപ്രയോഗം വിവരിക്കുന്നു. (2) ജലത്തിൽ നിന്നും ജലജീവികളിൽ നിന്നും ലഭിക്കുന്ന വിഷം ഉപയോഗിക്കരുത്. (3) ഹിമാലയ ശൃംഗങ്ങളിൽ നിന്നോ, മറ്റു മലകളുടെ കൊടിമുടികളിൽ നിന്നോലഭിക്കുന്ന വിഷമാണുപയോഗിക്കേണ്ടത്. (4) ഒരു യവത്തിന്റെ ഭാരത്തിന്റെ ഏഴിരട്ടി വിഷം 30 ഇരട്ടി നെയ്യുമായി ചേർന്നാണ് കുറ്റവാളിക്ക് നൽകേണ്ടത്. (5) ഈ വിഷത്തെ ഒരു വിഷമവും കൂടാതെ അതിജീവിക്കാൻ സാധിക്കുന്ന വ്യക്തി ധാർമ്മികനാണ്. അയാളെ ശിക്ഷിക്കാതെ തന്നെ വിട്ടയക്കണം. (6)(വിഷം കഴിപ്പിക്കുന്നതിനു മുമ്പ് പ്രാർത്ഥിക്കേണ്ടതായ വരി



Scanned with CamScanner

കൾ). " എല്ലാ ദേഹത്തേയും ക്രൂരമായി നശിപ്പിക്കുന്ന ഹേ വിഷമേ നിനക്ക് മനുഷ്യരേക്കാൾ വേഗത്തിൽ വിഷമുള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നു. (7) വ്യവഹാരങ്ങളിൽ അഭിശപ്ത നായി മുദ്രകുത്തപ്പെട്ട എന്റെ ധർമ്മബോധത്തെ നീ തെളിയിച്ച് എന്നെ രക്ഷിച്ചാലും." എല്ലാവർണത്തിലും പെടുന്നവർക്ക് ഈ നിയമം ബാധകമാണെങ്കിലും ശ്രേഷ്ഠന്മാരേയും പണ്ഡിതന്മാ രേയും വിഷം നൽകി പരീക്ഷിക്കാറില്ല. (13 : 1 – 7)

**തീർത്ഥജലമുപയോഗിച്ചുള്ള സത്യാന്വേഷണം**

ഇനി വിവരിക്കാനുള്ളത് കോശപരീക്ഷണമാണ്. അത് **പതിനാലാം അദ്ധ്യായമാണ്.** പരിശുദ്ധതീർത്ഥം പാനം ചെയ്ത് അനവധി ദിവസം കഴിഞ്ഞ് രോഗമുണ്ടോ എന്ന് പരിശോധിക്കുന്ന രീതിയാണ് കോശപ രീക്ഷണം. ഇതിനെ കോശവിധി എന്നും പറയുന്നു

(1) കോശപരീക്ഷണം വിവരിക്കാം. (2) ഉഗ്രദേവതയ്ക്ക് പൂജ നടത്തി അഭിഷേകം ചെയ്ത ജലം മൂന്നു കൈകുമ്പിൾ നിറയെ തീർത്ഥമായി എടുത്ത് ഒരു പാത്രത്തിലൊഴിച്ചുകുടിപ്പിക്കുക. (3) " ഈ തെറ്റുകളും കുറ്റങ്ങളും ഞാൻ ചെയ്തിട്ടില്ല ഈശ്വരാ" എന്ന് ദേവാഭിമുഖമായി പ്രാർത്ഥിച്ചുവേണം കുടിപ്പിക്കാൻ. (4) പതി നാലുദിവസം കഴിഞ്ഞും ഇരുപത്തൊന്നുദിവസം കഴിഞ്ഞും പരി ശോധിക്കുക. രോഗമോ, നെഞ്ചുവേദനയോ, മരണമോ സംഭവി ച്ചിട്ടുണ്ടോ എന്ന്. (5) അതുസംഭവിച്ചിട്ടില്ലെങ്കിൽ അയാൾ ശുദ്ധ നാണ് അല്ലെങ്കിൽ അയാൾ അശുദ്ധനും അധർമ്മിയുമാണ്. (14 : 1 – 5)

ഇവയെല്ലാം അസത്യം പറയുന്നതിലും അധർമ്മം ചെയ്യുന്നതിലും അനീതിയിലും അന്യായത്തിലും പ്രവർത്തിക്കുമ്പോൾ മനസ്സിൽ ഭയ മുണ്ടാക്കാനുള്ള ഉപാധിയായട്ടുകൂടിയാണ് പ്രയോഗിക്കാറുള്ളത്. ഈ പരീക്ഷ ഈശ്വരവിശ്വാസമില്ലാത്ത പ്രതികളിൽ നടത്താറില്ല. കാരണം തീർത്ഥജലമുപയോഗിച്ചുള്ള കോശവിധി വിശ്വാസത്തേയും അടിസ്ഥാ നമാക്കിയിരിക്കുന്നു. ആചാര്യൻ ഇപ്രകാരം സംഗ്രഹിച്ചു.

ഒമ്പതാം അദ്ധ്യായം മുതൽ പതിനാലാം അദ്ധ്യായം വരെ വായിച്ചറി യുമ്പോൾ ഒരുപക്ഷേ പ്രാകൃതമെന്ന് ചിലർക്ക് തോന്നാവുന്ന വിധ ത്തിലാണ് വിവരണങ്ങൾ നൽകിയിരിക്കുന്നത്. അതിലെ വിവരണങ്ങ ളെല്ലാം മനസ്സിൽ നിന്നുദിക്കുന്ന ധർമ്മബോധത്തിന്റെ പ്രദർശനത്തി ലൂടെയാണ്, പ്രപഞ്ച ചൈതന്യത്തേയും പഞ്ചഭൂതങ്ങളേയും സാക്ഷി നിർത്തി സത്യംതെളിയിക്കുന്നത്. ഇതിലന്തർലീനമായിരിക്കുന്ന വലി യൊരു മനഃശാസ്ത്രമുണ്ട്. അഗ്നിയിലൂടെ, ജലത്തിലൂടെ, വിഷത്തിലൂ



Scanned with CamScanner

ടെ, തുലാസിലൂടെയുണ്ടാകുമെന്നുധരിക്കുന്ന ധർമ്മത്തിന്റെയും അധർമ്മത്തിന്റെയും വിലയിരുത്തൽ ജനമദ്ധ്യത്തിൽ പ്രദർശിക്കപ്പെടുന്നു. ഈ വിധികളിലൂടെ അഥവാ മാർഗത്തിലൂടെ സത്യവും ധർമ്മവും പരീക്ഷിക്കപ്പെടുമ്പോൾ വ്യക്ത്യധിഷ്ഠിത ഇഷ്ടാനിഷ്ടങ്ങൾക്ക് ഇടമില്ലാതെ വരുന്നു. ഇതു കാണുന്നവരും, കേൾക്കുന്നവരും, പരോക്ഷമായി അറിയുന്നവരും അത്തരത്തിലുള്ള തെറ്റുകളാവർത്തിക്കാതിരിക്കാൻ ശ്രമിക്കും. സ്വയം അനുഭവിക്കേണ്ടിവരുന്ന ഈ രീതിയിലൂടെ ദുരിതങ്ങൾ അറിയുമ്പോൾ സത്യം പറയാതിരിക്കില്ല. ഈ രീതികൾ പ്രാകൃതമാണെന്നു പറയുന്നവരുണ്ടാകും. അങ്ങിനെ പറയുന്നതിലും കുറേ സത്യവും യാഥാർത്ഥ്യവുമുണ്ട്.

തുലാസുനിർമ്മിക്കുന്നതിന് മരം മുറിക്കുന്നതു മുതൽ തുലാസുണ്ടാക്കുന്നതു വരെയുള്ള ചടങ്ങുകൾ നാരദസ്മൃതിയിലും പിതാമഹസ്മൃതിയിലും ഒരേപോലെ വിവരിക്കുന്നു. തുലാസുണ്ടാക്കുന്ന കർമ്മം വിഷ്ണുസ്മൃതിയിലും പിന്നെ ഈ രണ്ടു സ്മൃതികളിലും മാത്രമേ വിവരിച്ചിട്ടുള്ള അതേ പ്രകാരം അഗ്നിയിലൂടെ സത്യപ്രതിജ്ഞ ചെയ്യിച്ച് പരീക്ഷിക്കുന്നതും ഈ രണ്ടു സ്മൃതികളിൽ മാത്രമായി ഒതുങ്ങുന്നു. മറ്റു പരീക്ഷാവിധികളും അപ്രകാരം തന്നെയാണ്. എന്നാൽ കോശവിധി മേൽ വിവരിച്ച രണ്ടുസ്മൃതികളിലും കാത്യായന സ്മൃതിയിലും, ബൃഹസ്പതി സ്മൃതിയിലും വിവരിക്കുന്നുണ്ട്.

---

**ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ! (വിഷ്ണുധർമ്മാശാസ്ത്രമെഴുതി കാലഘട്ടം കഴിഞ്ഞിട്ട് രണ്ടായിരത്തിൽപരം വർഷം കഴിഞ്ഞാലെന്തു സംഭവിക്കും എന്നു പരിശോധിക്കുക.)**

ഇനി അൽപസമയത്തേക്ക് നമുക്ക് 21-ാം നൂറ്റാണ്ടിലേക്ക് വന്ന് ഇത്രയും വായിക്കാം.

♣ നീചവും നിന്ദ്യവുമായ രീതിയിൽ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിച്ചവശനാക്കി സത്യം പറയിപ്പിക്കുന്നു. ♣ ഉരുട്ടി കൊല്ലാക്കൊല ചെയ്ത് 'സത്യം' പറയിപ്പിക്കുന്നു. വീട് ചുറ്റിവളഞ്ഞ് കള്ളനെപ്പോലെ സാധാരണക്കാരെപോലും പീഡിപ്പിക്കുന്നു! ♣ മന്ത്രിപുത്രന്മാർക്കും രാഷ്ട്രീയ കൈയ്യൂക്കുള്ളവർക്കും എന്ത് അധർമ്മവും അനീതിയും ചെയ്യാമെന്നും അതിൽ നിന്ന് ഒരു വിഷമവും കൂടാതെ തടിയൂരാമെന്നും വരുന്നു. ♣ രാഷ്ട്രീയത്തിന്റെയടിസ്ഥാനത്തിൽ ശിക്ഷയും രക്ഷയും നൽകുക എന്നത് സർവ്വസാധാരണയായിരിക്കുന്നു. ♣ കള്ളസാക്ഷികളിലൂടെ കേസുകൾ പുല്ലുപോല ജയിക്കുന്നു. കുറ്റവാളികൾ വിലസുന്നു. തെളിവുകളിലെല്ലാം കൃത്രിമം കാണിക്കുന്നു. ♣ തെളിവില്ലെന്നു പറഞ്ഞു



Scanned with CamScanner

കള്ളന്മാരും, കൊള്ളക്കാരും, കൊലയാളികളും വിലസുന്നു. • വർഷങ്ങളോളം തെളിയിക്കാതെ അവസാനം എഴുതിത്തള്ളുന്നതു ആയിരക്കണക്കിന് കേസുകളാണ്, 'മുകളിൽ നിന്നുള്ള' സമ്മർദ്ദം മൂലം. • സത്യസന്ധരായ നീതീപാലകരെ ക്രൂരമായി പീഡിപ്പിച്ച് അവരെ സത്യം പറയാത്ത അവസ്ഥയിലെത്തിക്കുന്നു. • ജഡ്ജിമാർ തന്നെ പക്ഷപാതം കാണിക്കുന്നു, കോടികളുണ്ടാക്കുന്നു. • ചില വിധികൾ പതിറ്റാണ്ടുകൾ കഴിഞ്ഞുമാത്രം പുറത്തു വരുന്നു. ജഡ്ജിമാർതന്നെ അഴിമതിക്കാരാവുന്നു. അവരുടെ വിധിപോലും രാഷ്ട്രീയ നിറം നോക്കി വേണ്ടിവരുന്നു. • സ്വാധീനമുള്ളവർക്ക് എങ്ങിനെയും രക്ഷപ്പെടാനുള്ള പഴുതുണ്ടാകുന്നു അല്ലെങ്കിൽ ഉണ്ടാക്കുന്നു. • 'കഴിവുള്ള വക്കീലാണെങ്കിൽ' ഏതു കേസും ജയിക്കുന്നത് സത്യധർമ്മങ്ങളുടെ അടിസ്ഥാനത്തിലല്ലാതാകുന്നു. • ധനത്തിന്റേയും, സ്വാധീനത്തിന്റേയും അടിസ്ഥാനത്തിൽ 'സത്യം' തെളിയുന്നു. • ഇഷ്ടമില്ലാത്തവനെതിരെ കുറ്റങ്ങൾ ചുമത്തുന്നു. അവരെ സമൂഹത്തിന്റെ മുന്നിൽ തകർക്കുന്നു. നീചനാക്കി മുദ്രകുത്തുന്നു. • മതത്തിന്റെ അടിസ്ഥാനത്തിൽ ചിലവിഭാഗങ്ങൾക്കു മാത്രം സംരക്ഷണം നൽകുന്നു. അവരെ വോട്ടുബാങ്കുകളാക്കുന്നു. • പത്രമാധ്യമങ്ങളിലൂടെ നീതിന്യായ വസ്തുതകളും അവാസ്തവങ്ങളും ചർച്ച ചെയ്യപ്പെടുന്നത് നീതിനിർവ്വഹണത്തെ ബാധിക്കുന്നു. • ബലാൽസംഗം, കള്ളനോട്ടടി, കള്ള (മുദ്ര)പത്രം, കള്ളക്കടത്ത്, കത്തിക്കുത്ത്, കൊലപാതകം ഇതെല്ലാം നിർബാധം തുടരുന്നു. ഇവിടെ നീതിന്യായ വ്യവസ്ഥകൾ മൗനം പാലിക്കുന്നു. അല്ലെങ്കിൽ പൊതുതാൽപര്യഹർജിക്കു കാത്തു നിൽക്കുന്നു.

• ഒരേ ജഡ്ജി വർഷങ്ങളോളം പല പല കേസുകൾ വിചാരണയാവർത്തിക്കുന്നു. • ഒരേ ജഡ്ജിയുടെ മസ്തിഷ്കത്തിൽ നൂറുകണക്കിന് കേസുകൾ വർഷങ്ങളോളം നിലനിൽക്കുന്നു. മനുഷ്യന് അപ്രായോഗികമായ ഈ രീതി ഇന്നും വ്യത്യാസമില്ലാതെ തുടരുന്നു. • പാശ്ചാത്യമണ്ണിൽ പോലും കാലഹരണപ്പെട്ട വ്യവസ്ഥകൾ അവർ ഭരിച്ച ഭാരതത്തിൽ എങ്ങനെ മാറ്റം വരുത്തണമെന്നറിയാതെ ഇന്നും നിലനിൽക്കുന്നു. • ബാഹ്യമായ തെളിവുകളിലൂടെമാത്രം വിധി പറയുന്ന പാശ്ചാത്യ രീതി അവലംബിക്കുന്നു. • നമ്മുടേതായ ധർമ്മബോധത്തിനു ഒരു സ്ഥാനവും നൽകാതിരിക്കുന്നു. • അന്വേഷണങ്ങളും, ദശാബ്ദങ്ങൾ കഴിഞ്ഞു ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളും കുറ്റങ്ങളും ശിക്ഷകളും കാറ്റിൽ പരത്തുന്ന ആയിരക്കണക്കിനുദാഹരണങ്ങളുണ്ട്.



Scanned with CamScanner

ഇത്തരത്തിലുള്ള നൂറായിരം അബദ്ധങ്ങളുടെ കെട്ടും ഭാണ്ഡവും പേറി നടക്കുന്ന ഭാരതത്തിലെ ഇന്നത്തെ നീതിന്യായ വ്യവസ്ഥയുടെ വസ്തുതകളറിഞ്ഞതിനുശേഷമേ പുരാതന വ്യവസ്ഥകൾ വിലയിരുത്തുവാൻ പാടുള്ളൂ.

പുരാതന ഭാരതത്തിലെ വ്യവസ്ഥകളിൽ സാമദാനഭേദ ദണ്ഡങ്ങളിൽ മൂന്നാമത്തെ നിലയിൽ മാത്രമാണ് മുകളിൽ പറയുന്നതെല്ലാം പ്രയോഗിക്കുന്നത്. ഇവിടെ പാപ ഭയത്തിന്റെ സ്വാധീനത്തിലൂടെ, ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ സത്യം പറയിക്കാനുള്ളതും ധർമ്മം കണ്ടെത്താനുള്ളതുമായ മാർഗമാണ് വിവരിക്കുന്നത്. ആത്മീയതയുടെ സ്വാധീനം കൂട്ടി, കള്ളത്തെളിവുകൾ കഴിയുന്നത്രയും കുറച്ചുള്ള പന്ഥാവാണിത്.

---

## പുത്രന്മാരും സ്വത്തു ഭാഗംവെയ്ക്കലും

വിഷ്ണുസ്മൃതിയിലെ അഥവാ വിഷ്ണുധർമ്മശാസ്ത്രത്തിലെ ആദ്യത്തെ പതിനാല് അദ്ധ്യായങ്ങളിലൂടെ വർണധർമ്മം, സാമ്പത്തിക ഇടപാടുകൾ, കുറ്റകൃത്യങ്ങൾ, കുറ്റങ്ങൾക്കുള്ള ശിക്ഷകൾ, സാക്ഷികൾ, പരീക്ഷകൾ എന്നിവയെല്ലാം വിവരിച്ചുകഴിഞ്ഞു. ഇനി പതിനഞ്ചാം അദ്ധ്യായം മുതൽ വിവരിക്കുന്നത് കുടുംബ ബന്ധങ്ങളും, ബന്ധുക്കളും കുടുംബസ്വത്തും, സ്വത്തുവിഭജനവുമായുള്ള നിയമാവലികളാണ്. ബന്ധങ്ങളും, വാദപ്രതിവാദങ്ങളും, വഴക്കുകളും, കോടതി വ്യവഹാരങ്ങളുമെല്ലാം വളരെയൊന്നും ഭിന്നമല്ലാത്ത രീതിയിൽ സഹസ്രാബ്ദങ്ങൾക്കു മുമ്പും ഇവിടെ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. അവയെല്ലാം വിശകലനം ചെയ്യാനും, തെറ്റുകുറ്റങ്ങളും കള്ളത്തരങ്ങളും, ചതിയും വഞ്ചനയും കണ്ടുപിടിക്കാനുമുള്ള സംവിധാനങ്ങളുമുണ്ടായിരുന്നു എന്നതും വ്യക്തമാണ്. ഈ വ്യവഹാരങ്ങളിലെല്ലാം കൃത്യമായ നിയമസംഹിതകളും, നിർവചനങ്ങളും, വാക്യാർത്ഥപ്രയോഗങ്ങളുമുണ്ടായിരുന്നു. ഇനി നമുക്ക് വിഷയത്തിലേയ്ക്ക് കടക്കാം.

### പുത്രമഹത്വവും സ്ഥാനവും

ലോകത്തെവിടേയും നിലനിൽക്കുന്ന പ്രശ്നങ്ങളും സമസ്യകളുമാണ് പുത്രന്മാരുടേയും പുത്രിമാരുടേയും പിതൃസ്വത്തിനും കുടുംബസ്വത്തിനുമുള്ള അവകാശങ്ങളും. അധികാരങ്ങളും, നിർവചനങ്ങളും അവയിലെ വ്യത്യാസങ്ങളും, വ്യത്യസ്ഥസംസ്കാരങ്ങളിൽ ഇത് പ്രകടമായികാണാം. മാതാവിന് പ്രാധാന്യം കൊടുക്കുന്ന സംസ്കാരങ്ങളുണ്ട്. പിതാവിന് പ്രാധാന്യം കൊടുക്കുന്നതുമുണ്ട്. അതേ പ്രകാരം മക്ക



Scanned with CamScanner

ളിൽ, പുത്രന് പ്രാധാന്യം വരുകയോ പുത്രിമാർക്ക് പ്രാധാന്യം നൽകുകയോ ചെയ്യുന്ന സംസ്കാരങ്ങളുമുണ്ട്. ഭാരതത്തിലും പല വിഭാഗം ജനങ്ങളിലും മക്കത്തായവും, മരുമക്കത്തായവും നിലനിൽക്കുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ്, പിതൃസ്വത്തുക്കൾ വിഭജിക്കുന്നതും അതേപോലെ പിതൃബാധ്യതകളും, കർമ്മാധികാരവുമെല്ലാം വിവരിക്കുന്നതും. ഭാരതത്തിൽ കുടുംബബന്ധങ്ങളിൽ പുത്രനും പുത്രിക്കും വളരെ ശ്രേഷ്ഠമായ ആത്മീയസ്ഥാനമാണുള്ളത്. **പും നാമ നരകാത് ത്രായതേ, ഇതി പുത്രഃ** പും എന്ന നരകത്തിൽ നിന്ന് രക്ഷിക്കുന്നതാരാണോ അവനാണ് പുത്രൻ. പും എന്ന നരകമാകട്ടെ ജീവനുള്ള അവസ്ഥയിൽ നിന്ന്, ജീവനില്ലാത്ത അവസ്ഥയിലേക്ക് കടക്കുന്ന മരണത്തിന്റെ സന്ധിയാണ്. ഈ സന്ധിയിൽ മരണഭയമനുഭവിക്കാതെ മാതാപിതാക്കളെ കടത്തിവിടുകയാണ് മകൻ ചെയ്യുന്നത്. അപ്പോൾ മകന് ലഭിക്കുന്ന സ്ഥാനമാണ് പുത്രൻ അല്ലെങ്കിൽ മകൾക്കു ലഭിക്കുന്ന സ്ഥാനമാണ് പുത്രി. വേദങ്ങൾ എന്നും പുത്രന്റെ മഹത്വം അടിവരയിട്ട് അനേകം മന്ത്രങ്ങളിലൂടെ വിവരിക്കുന്നു.... ഇത്രയും സുദീർഘമായ ഒരു മുഖവുര പുത്രനെയും പുത്രസ്ഥാനത്തേയും കുറിച്ച് വിവരിച്ചതിനുശേഷം വിഷ്ണു ധർമ്മശാസ്ത്രത്തിലെ **പതിനഞ്ചാം അദ്ധ്യായത്തിലെ** പുത്ര നിർവചനങ്ങൾ വായിക്കാനായി ആചാര്യൻ നിർദ്ദേശിച്ചു. പുത്രൻ എന്ന പദവിക്കർഹതയുള്ളവരുടെ നിർവചനവും അവർക്ക് കുടുംബത്തിലുള്ള സ്ഥാനത്തിന്റെ ക്രമവുമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

(1) പുത്രന്മാരെക്കുറിച്ച് വിവരിക്കുന്നു. പന്ത്രണ്ടുതരത്തിലുള്ള പുത്രന്മാരാണുള്ളത്. (2) ഔരസപുത്രൻ എന്നത് പ്രഥമസ്ഥാനീയനാണ് സ്വന്തം ഭാരയിൽ ഗൃഹനാഥന് ജനിക്കുന്ന പുത്രൻ. (3) സ്വയം പുത്രജനനത്തിന് ശാരീരികമായ അയോഗ്യതയുണ്ടെങ്കിൽ മറ്റൊരാളുടെ ബീജത്തിൽ നിന്നും ഭാര്യയിൽ ജനിക്കുന്നത് നിയുക്തപുത്രൻ, രണ്ടാം സ്ഥാനമർഹിക്കുന്നു. (4) മകളുടെ മകൻ പുത്രികാപുത്രന് മൂന്നാം സ്ഥാനവും. (5) മകളെ വിവാഹം കഴിച്ചുകൊടുക്കുന്ന വേളയിൽ മരുമകനോട് ഇപ്രകാരം അഭ്യർത്ഥിക്കുന്നു എങ്കിൽ എന്റെ മകളിൽ നിനക്കു ജനിക്കുന്ന ശിശുവിനെ എന്റെ മകനായി തരണം. ഇതും പുത്രികാ പുത്രനാണ്. (6) ഇങ്ങിനെ അഭ്യർത്ഥിക്കാതെയാണെങ്കിലും മകളുടെ മകനെ എടുത്തു വളർത്തിയാലും മകനായി കണക്കാക്കാം. (7) തനിക്ക് ധർമ്മപത്നിയല്ലാതെ മറ്റൊരു സ്ത്രീയിൽ ജനിച്ച കുട്ടി. (8) ആ കുഞ്ഞിനെ സ്വയം എല്ലാ സംസ്കാരാചാരചടങ്ങുകളും ചെയ്തി



Scanned with CamScanner

ച്ചാൽ (9) സ്വന്തം സംസ്കാരത്തിലൂടെ വളർത്തിയാലും നാലാം സ്ഥാനമുള്ള പുത്രനായിത്തീരുന്നു. (10) വിവാഹിതയാകാതെതന്നെ കന്യകയിൽ ജനിച്ച ശിശുവിനെ. അഞ്ചാം പുത്ര സ്ഥാനം നൽകാം. (11) ധർമ്മ പന്ഥാവിലൂടെയല്ലാതെ ജനിച്ചശിശുവിനും (12) വിവാഹത്തിനു മുമ്പ് അതേ ഭർത്താവിൽ ജനിച്ച ശിശുവിനും പഞ്ചമസ്ഥാനമാണുള്ളത്. (13) സ്വഗൃഹത്തിൽ ഗൂഢമായി, ബലാൽസംഗത്തിലൂടെയോ, ചതിയിലൂടെയോ ജനിച്ച ശിശുവിന് ആറാം സ്ഥാനമാണുള്ളത്. (14) എന്നാൽ മാതൃപിതൃത്വം വ്യക്തമായിട്ടുണ്ടാകണം. (15) കള്ളത്തരത്തിലൂടെ ചതിയിലൂടെ സ്വഭാര്യയിൽ മറ്റൊരുവനുണ്ടായകുട്ടി സഹോഢപുത്രനാണ്. അവന് ഏഴാം സ്ഥാനം. (16) ഈ കുഞ്ഞിനെ പൂർണ്ണ സംസ്കാരാചാരാനുഷ്ഠാനങ്ങളിലൂടെ വളർത്തിയതായിരിക്കണം. (17)അവൻ സ്വഭർത്താവിന്റെ പുത്രനെപോലെകണക്കാക്കണം, ഏഴാം സ്ഥാനത്താണെങ്കിലും (18) മാതാപിതാക്കൾ സ്വമനസ്സാലെ മറ്റൊരുവന്റെ പുത്രനെ സ്വന്തം പുത്രനായിട്ടെടുക്കുന്നത് ദത്തുപുത്രൻ. അവന് എട്ടാം സ്ഥാനം. (19) അതാകട്ടെ കുട്ടിയുടെ യഥാർത്ഥമാതാപിതാക്കൾ സ്വമനസ്സാലെ കൊടുത്തത് അഥവാ ദത്തായി നൽകിയതാകണം. (20) (ദാരിദ്ര്യയോഗത്താലോ മറ്റു കാരണത്താലോ ഏതെങ്കിലും മാതാപിതാക്കൾ) സ്വപുത്രനെ വിൽക്കുന്നതുവാങ്ങിയതാണെങ്കിൽ അവൻ ക്രീതപുത്രൻ ഒമ്പതാം സ്ഥാനീയൻ. (21) ഇതാകട്ടെ ദാസവേലയ്ക്ക് വിറ്റതാകരുത്. നൽകുന്ന ദമ്പതികൾ സ്വന്തം മകനെന്നുറപ്പുവരുത്തി നൽകിയതുമാകണം. (22) ഞാൻ നിങ്ങളെ മാതാപിതാക്കളായി സ്വീകരിക്കുന്നു എന്ന് സ്വയം പറഞ്ഞുവരുന്ന കുട്ടി സ്വയമുപാഗതൻ പത്താംസ്ഥാനീയനാണ്. (23) ഇവൻ വ്യക്തമായ പൈതൃക പാരമ്പര്യമുള്ളവനായിരിക്കണം. (24) മാതാപിതാക്കളുപേക്ഷിച്ച കുട്ടിയെ സ്വീകരിക്കുന്ന പക്ഷം അവൻ അപവിദ്ധപുത്രനായി പതിനൊന്നാം സ്ഥാനത്തിരിക്കുന്നു. (25) മാതാപിതാക്കൾ ഉദപേക്ഷിച്ചതായിരിക്കണം. (26) സന്തോഷത്തോടെ സ്വീകരിച്ചതുമായിരിക്കണം. (27) വർണവും ജാതിയും അവ്യക്തമായ മാതൃപിതൃത്വവുമുള്ള ഏതൊരുകുട്ടിയെ പുത്രനെപ്പോലെ എടുത്തുവളർത്തിയാൽ അവന്റെ സ്ഥാനം പന്ത്രണ്ടാമത്തേതായിരിക്കും. ഇങ്ങിനെ പന്ത്രണ്ടുതരത്തിലുള്ള പുത്രന്മാരാണ് ധർമ്മശാസ്ത്രപ്രകാരം അനുവദനീയമായിട്ടുള്ളത്. (15 : 1 - 27)

**പുത്രന്മാർക്കുള്ള സ്ഥാനവും അർഹതയും**

ഭാര്യയിൽ ജനിച്ച പുത്രനുതുല്യമായി മറ്റൊരുപുത്രനും സ്ഥാനമുണ്ടാ



Scanned with CamScanner

കില്ലെന്ന് വസിഷ്ഠസ്മൃതി. യോഗിസ്മൃതി പ്രകാരം സ്വന്തം ബീജം മറ്റൊരു സ്ത്രീയിൽ നിക്ഷേപിച്ചു വളർന്ന പുത്രനും തുല്യാധികാരം പിതൃകർമ്മങ്ങളിലുണ്ട്. മകളുടെമകനെ അഗ്നികാര്യഹോമങ്ങളെല്ലാം ചെയ്ത് സ്വീകരിക്കാനുള്ള അനുമതി ഹരദത്തസ്മൃതിയിലും, ഗൗതമ സ്മൃതിയിലും നൽകുന്നു. നിരീശ്വരവാദിയായ ജാബാലി രചിച്ച ജാബാലിസ്മൃതിയിലും പുത്രികാപുത്രന്റെ സ്ഥാനം ശ്രേഷ്ഠമെന്ന് വിവരിക്കുന്നുണ്ട്. ബ്രഹ്മപുരാണപ്രകാരം പുത്രികാപുത്രന് മറ്റു പുത്രന്മാരെ പോലെ പിണ്ഡാധികാരവുമുണ്ട്. സഹോഢപുത്രൻ ഗർഭത്തിലിരിക്കുമ്പോൾത്തന്നെ എല്ലാ ഗർഭാധിഷ്ഠിത സംസ്കാരങ്ങൾ ചെയ്താലും അവന് പുത്രസ്ഥാനം നൽകാം. ഒരു പുത്രൻ മാത്രമുള്ള മാതാപിതാക്കളൊരിക്കലും ആ പുത്രനെ മറ്റാർക്കും ദത്തുപുത്രനായി കൊടുക്കരുതെന്ന് വസിഷ്ഠസ്മൃതി നിർദ്ദേശിക്കുന്നു. കൂടാതെ, ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും രാജാനുമതിയോടെയും വേണം മറ്റൊരാളുടെ പുത്രനെ സ്വന്തം ദത്തുപുത്രനായി സ്വീകരിക്കാനെന്നും വസിഷ്ഠൻ സൂചിപ്പിക്കുന്നു. പുത്രന്മാരുടെ ഉത്തരവാദിത്വവും മഹത്വവും നിർവചനവും വളരെ സ്പഷ്ടമായിത്തന്നെ മനുസ്മൃതിയിൽ സുദീർഘമായി നൽകുന്നുണ്ട്. ഓരോ പുത്രനും പിണ്ഡകർമ്മം ചെയ്യുവാനുള്ള അവകാശമുണ്ടെന്ന് യജ്ഞവൽക്യൻ വ്യക്തമാക്കുന്നു. ഓരോ വിഭാഗത്തിലും പെടുന്ന പുത്രന്റെ അഥവാ പുത്രന്മാരുടെ നിർവചനം ദേവലൻ ദേവല സ്മൃതിയിൽ നൽകുന്നു. ഈ പുത്രന്മാരുടെ ഉത്തരവാദിത്വവും, മഹത്വവും, യോഗ്യതയും, അവർക്കർഹതയുള്ള സ്വത്തും, ഭാഗവും ഏതാണ്ടെല്ലാ ധർമ്മശാസ്ത്രങ്ങളിലും വ്യക്തമായി വിവരിക്കുന്നുണ്ട്. തുടർന്നുള്ള വിവരണങ്ങളിലേയ്ക്ക് കടക്കാം.

> (28) ഇവരിൽ ആദ്യമാദ്യം വരുന്നവർക്ക് ശ്രേഷ്ഠത്വവും പുത്രസ്ഥാനമഹത്വവും അധികമായിരിക്കും. (29) അതേക്രമത്തിലായിരിക്കും മാതാപിതാക്കളുടേയും പൂർവീകരുടേയും സ്വത്ത് വിഭജിക്കുമ്പോഴുള്ള അർഹതയും. (30) ഇവരെയെല്ലാം ഒരേപോലെ ഭക്ഷണവും വിദ്യാഭ്യാസവും നൽകി വളർത്തുകയും വേണം. (31) ഏതു വിധത്തിലുള്ള പുത്രനായാലും (മേൽവിവരിച്ചതിൽ ആരായാലും) അവനവന്റെ സാമ്പതിക നിലവാരമനുസരിച്ച് അന്നപ്രാശനം മുതൽ വിവാഹം വരെയുള്ള എല്ലാ സംസ്കാരങ്ങളും അനുഷ്ഠിപ്പിക്കണം. (32) ഇവർ പതിതകർമ്മം ചെയ്താൽ, ഷണ്ഡന്മാരായാൽ, മാറാരോഗികളാണെങ്കിൽ, വികലാംഗരാണെങ്കിൽ, ഇവർ ഉപജീവനത്തിനുള്ള സ്വത്തിനുമാത്രമേ ഭാഗമർഹിക്കുന്നുള്ളൂ. (33) ഇവർക്കെല്ലാം ഉപജീവനത്തിനുള്ളതുമാത്രം നൽകി



Scanned with CamScanner

യാൽ മതിയാകും. (മറ്റൊരർത്ഥത്തിൽ ഇത്തരത്തിലുള്ളവരെ മക്കളില്ലാത്തവർ പുത്രസ്ഥാനത്തേക്ക് സ്വീകരിക്കരുത് എന്നർത്ഥം). (34) മേൽവിവരിച്ച പ്രശ്നങ്ങളുണ്ടെങ്കിലും സ്വന്തം പുത്രന്മാർക്ക് (ഔരസപുത്രൻ) പിതൃസ്വത്തിന് പൂർണ്ണഅർഹതയുണ്ട്. (35) എന്നാൽ അവൻ ഹീനകൃത്യങ്ങൾ നിരന്തരം ചെയ്ത് പതിതനായാൽ അവനും പിതൃസ്വത്തിനർഹതയില്ല. (36) ഘോരമായ നരഹത്യപോലുള്ള പാപം ചെയ്തവനോ അവന്റെ പുത്രനോ (മകനോ മകന്റെ മകനോ) ആയാൽ അവനെ പതിതനായി കണക്കാക്കി ഭാഗദാനത്തിന്നർഹതയില്ലാത്തവനായി കണക്കാക്കണം. (37) ഉയർന്ന വർണ്ണത്തിലുള്ളവർക്ക് താഴ്ന്ന വർണത്തിലുള്ള സ്ത്രീകളിൽ സന്തതി ജനിച്ചാൽ അവർക്ക് സ്വത്തിനവകാശമില്ല. (38) അവരുടെ പുത്രന്മാർക്കും കുടുംബ സ്വത്തിനും / പിതാമഹ സ്വത്തിനുമർഹതയില്ല. (39) അതേസമയം കുടുംബസ്വത്ത് ലഭിച്ചവർ, താഴ്ന്നവർണത്തിലുള്ള സ്ത്രീയിൽ ജനിച്ച പുത്രന്മാർക്ക് അതായത് സഹോദരന്മാർക്ക് അവർക്ക് ലഭിച്ചസ്വത്തിന്റെ ഒരംശം ഉപജീവനത്തിനായി നൽകണം. (40) പിതൃസ്വത്ത് ആർക്കെല്ലാം ലഭിച്ചിട്ടുണ്ടോ അവരെല്ലാം പിതൃപിണ്ഡകർമ്മത്തിന്നർഹരാണ്/ ബാധ്യതയുള്ളവരാണ്. (41) ഒരുവന്റെ പുത്രന് (കുടുംബാംഗങ്ങളിൽ ചിലർക്ക് പുത്രന്മാരില്ലെങ്കിലും) മറ്റുള്ളവരുടെ പുത്രസ്ഥാനാർഹമായ കർമ്മവും നിർവഹിക്കാവുന്നതാണ്. (സഹോദരപുത്രന് സ്വപുത്രസ്ഥാനം നൽകാമെന്നർത്ഥം) (42) സഹോദരന്മാരിലൊരാൾക്കേ പുത്രനുള്ളൂവെങ്കിൽ ആ പുത്രന് മറ്റുസഹോദരന്മാരുടെ അന്ത്യകർമ്മങ്ങളുമനുഷ്ഠിക്കാം. (43) മകന്റേയും പിതാവിന്റെയും സ്വത്തിനർഹതയില്ലെങ്കിൽപോലും പിണ്ഡകർമ്മത്തിന്നർഹതയുണ്ട്. **(15 : 28 - 43)**

**വ്യത്യസ്ഥ പുത്രന്മാരുടെ മഹത്വം ക്രമത്തിൽ**

ഔരസപുത്രന് ഏകദേശം തുല്യമായ സ്ഥാനമാണ് പുത്രികാപുത്രനുമുള്ളത്. ഇവർ രണ്ടുപേരും പ്രഥമഗണനീയരാണ്. അതിനുശേഷമാണ് ദത്തുപുത്രന്റെ പ്രാധാന്യം, തുടർന്നുള്ള സ്ഥാനം അപവിദ്ധപുത്രൻ, ക്രീതപുത്രൻ എന്നിവർക്കാണെന്നും പറയുന്നു. പിന്നീടുള്ളവർ അതിനുശേഷം തുടർച്ചയായി വരുന്നു. ബൃഹസ്പതി സ്മൃതിപ്രകാരം ഔരസപുത്രൻ അവനവന്റെ വർണത്തിൽപ്പെട്ടവനാണെങ്കിലും അവർണനാണെങ്കിലും അവനാണ് പ്രഥമസ്ഥാനം. ഔരസപുത്രനാണെങ്കിൽ പോലും അവൻ പതിതനും, ഷണ്ഡനും, മഹാപതകിയുമാണെങ്കിൽ അവന് പിതൃസ്വത്തിന് മറ്റുള്ളവരെപോലെ അർഹതയില്ല എന്ന് വസി



Scanned with CamScanner

ഷ്ഠൻ പറയുന്നു. മനുവും ദേവലനും, ഈ മൂന്നു കുറവുകളും കൂടാതെ ക്ലീബത്വം, ഭ്രാന്ത്, അന്ധത്വം, കുഷ്ഠരോഗം ഉള്ള മക്കൾക്കും പിതൃസ്വത്തിനർഹതയില്ലെന്നു വിവരിക്കുന്നു. സഹോദരന്മാരിലൊരാൾക്കു മാത്രം ഒരു മകൻ അല്ലെങ്കിൽ ഒരു മകളേയുള്ളൂവെങ്കിൽ അവൻ/അവൾ അവർക്കെല്ലാം പിണ്ഡദാതാവായിരിക്കുമെന്ന് ബൃഹസ്പൃതി സ്മൃതി.

ഇത്രയും കാര്യങ്ങൾ ആചാര്യൻ പഠനവേദിയിൽ വിവരിച്ച് പുത്രസ്ഥാനവും അവരുടെ കർമ്മധർമ്മങ്ങളും വിവരിച്ചതിനുശേഷം പുത്രമഹത്വത്തെ വിവരിക്കുന്ന സംസ്കൃതവരികൾ, മന്ത്രംപോലെ (ആചാര്യൻ) ചൊല്ലി. അതിന്റെ സന്ദേശം ഇപ്രകാരമാണ്. ഇത് വിഷ്ണുധർമ്മ ശാസ്ത്രത്തിലെ **പതിനഞ്ചാമധ്യായത്തിലെ തുടർച്ചയായ 44 മുതൽ 47 വരെ വരികളാണ്.**

**ഭാരതീയ സംസ്കൃതിയും പുത്രലബ്ധിയുടെ പുണ്യവും**

(ഇനി ശ്ലോകരൂപത്തിൽ നാലുവരികൾ പറയുന്നു)

44. പും എന്ന നരകത്തിൽ നിന്ന് പിതാവിനെ രക്ഷിക്കുന്നവൻ പുത്രൻ. അതുകൊണ്ടുതന്നെ മകന് സ്വയം പുത്രസ്ഥാനം ലഭിക്കുന്നു.

45. പിതൃഋണം ഒരിക്കലും വീട്ടി പൂർത്തീകരിക്കാനാകാത്തതാണ്. സ്വന്തം മകന്റെ മുഖം മരണസമയത്ത് ദർശിക്കുന്നതാണ് ജീവിതാന്ത്യത്തിലേറ്റവും ശ്രേഷ്ഠമായത്.

46. പുത്രനെ ദർശിച്ചാൽ അതു ലോകത്തെ ജയിക്കുന്നതുപോലെയാണ്. പൗത്രനെ കണ്ടുവേണം അന്ത്യാഭിലാഷമടയുവാൻ. പുത്രന്റെ പൗത്രനെ കണ്ടു മരണമടഞ്ഞാൽ അതു സംതൃപ്തജീവിതഭാഗ്യമാണ്.

47. പുത്രന്റെപൗത്രന്മാരുടെ അഭാവത്താൽ പുത്രിയുടെ പൗത്രന്മാരുടെ ദർശത്തിലൂടെയും ഇതേപരമഗതി ഈ ലോകത്തിലും പരലോകത്തിലും ലഭിക്കുന്നു. **(15 : 44 - 47)**

ഭാരതീയ സംസ്കൃതിയിൽ പുത്രന്റെയും, പുത്രജനനത്തിന്റേയും മഹത്വം എല്ലാ ധർമ്മഗ്രന്ഥങ്ങളിലും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. പുത്രജനനം ഭാരതത്തിൽ, സ്വർഗലബ്ധിക്കു സമാനമാണ്, എന്നത് വ്യക്തമാകാൻ പുരാണേതിഹാസങ്ങൾ വായിച്ചാൽ മതിയാകും.

**നരവംശ ശാസ്ത്രപ്രകാരം വർണ്ണവും ജാതിയും**

പഠനവിഷയങ്ങളുടെ അവതരണരീതിയും വിഷയങ്ങളും കൂടുതൽ കൂടു



Scanned with CamScanner

തൽ ഗഹനമായി പോകുന്നത് വ്യക്തമായിരുന്നു. **ധർമ്മശാസ്ത്രത്തിലെ പതിനാറാം അദ്ധ്യായം** ഏതു കാലഘട്ടത്തിലേയും സംശയങ്ങൾ ദൂരീകരിക്കാൻ തക്കശ്രേഷ്ഠമാണ്. വർണവും ജാതിയും തമ്മിലുള്ള വ്യത്യാസം ത്രേതായുഗത്തിൽ രചിച്ച രാമായണത്തിൽ പോലും അവ്യക്തമായും തെറ്റിദ്ധാരണാജനകമായും നൽകിയിട്ടുണ്ട്. മഹാഭാരതത്തിലാകട്ടെ ജാതിവ്യവസ്ഥയെ ഭീഷ്മർ വ്യക്തമായ ഭാഷയിൽ നിരാകരിക്കുന്നുണ്ട്. ജാതിവ്യവസ്ഥ തെറ്റിദ്ധാരണാജനകമായി മനസ്സിലാക്കി വെച്ചിരിക്കുന്നതും പ്രചരിപ്പിക്കുന്നതും ദേശത്തിലുണ്ടാകരുതെന്ന് ഭീഷ്മർ ധർമ്മപുത്രരോടു പറയുന്നു. ഏകലവ്യനും നിഷാദ രാജാക്കന്മാരും വിവിധ വർണങ്ങളിലുള്ളവരും മഹാഭാരതയുദ്ധത്തിൽ ക്ഷത്രിയരാജാക്കന്മാരെപോലെ പങ്കെടുത്തിട്ടുണ്ട്. ക്ഷത്രിയൻ മാത്രമേ യുദ്ധം ചെയ്യുവാൻ പാടുള്ളൂ എന്ന വർണ്ണത്തിലെ ദുർവ്യാഖ്യാനത്തിന്നെതിരാണിത്. ദ്രോണാചാര്യനും, അശ്വത്ഥാമാവും ബ്രാഹ്മണരായിരുന്നു. അവരും ക്ഷത്രിയരെപോലെ യുദ്ധക്കളത്തിലുണ്ടായിരുന്നു. ഇതെല്ലാം ആമുഖമായി നരവംശാചാര്യൻ പറഞ്ഞു.

**ചരിത്രവസ്തുതകളിലേക്ക് വെളിച്ചം വീശുന്നു**

ഇനി, നരവംശാചാര്യന്റെ പഠനവിവരണങ്ങളിലേക്ക് നമുക്ക് കടക്കാം. ഈ അദ്ധ്യായത്തിന് ചരിത്രപരമായും നരവംശശാസ്ത്രപരമായും, സാമൂഹ്യശാസ്ത്രപരമായും വളരെ പ്രാധാന്യമുണ്ട്. വർണങ്ങളിൽ നിന്ന് ജാതിയുണ്ടായതും, ജാതിയിൽപ്പെട്ടവരുടെ ജോലിവ്യവസ്ഥയും ഇവിടെ വിവരിച്ചുകാണുന്നു. വർണത്തിൽ നിന്ന് ജാതി ഉൽഭവിച്ചതെങ്ങിനെയാണെന്നും, ഓരോ ജാതിയിലും പെടുന്ന ജനസമൂഹത്തിനും അവരുടെ തലമുറകൾക്കുമുള്ള ധർമ്മമെന്താണെന്നും **പതിനാറാമദ്ധ്യായത്തിൽ** വ്യക്തമാക്കുന്നു. ഇത്രയും പറഞ്ഞ് ആചാര്യൻ പതിനെട്ട് നിർദ്ദേശങ്ങളും വായിച്ചു വിവരിച്ചു.

(1) അതാതു വർണത്തിൽപെട്ട ദമ്പതിമാർക്കുണ്ടാകുന്ന മക്കൾ അതേ വർണധർമ്മമനുഷ്ഠിക്കുന്നു. അതുകൊണ്ട് അതേവർണത്തിലറിയപ്പെടുന്നു. (2) ഉയർന്നവർണത്തിലുള്ള പുരുഷന്മാർക്ക് താഴ്ന്ന വർണത്തിലുള്ള സ്ത്രീയിൽ ജനിച്ചവർ സങ്കരവർണമോ അമ്മയുടെ വർണമോ സ്വീകരിക്കാം. (3) വർണവ്യത്യാസമുള്ള ദമ്പതികളിൽ ജനിച്ചവർക്ക് വ്യത്യസ്ഥധർമ്മമാണുള്ളത്. അവർക്ക് ജാതിപ്പേരുണ്ട്. (4) വൈശ്യന് ശൂദ്രസ്ത്രീയിൽ ജനിച്ചവർ **അയോഗവർ** എന്നറിയപ്പെടുന്നു. (5) ക്ഷത്രിയന് വൈശ്യസ്ത്രീയിലുണ്ടായ മക്കൾ **പുൽകന്മാർ.** ക്ഷത്രിയന് ശൂദ്രസ്ത്രീയിലുണ്ടായ മക്കൾ **മാഗധർ**. (6) ബ്രാഹ്മണന് ശൂദ്രസ്ത്രീയിലുണ്ടായത്



Scanned with CamScanner

ചണ്ഡാലൻ; ക്ഷത്രിയസ്ത്രീയിലുണ്ടായത് സൂതൻ, വൈശ്യസ്ത്രീയിലുണ്ടായത് **വൈദേഹകൻ**. (7) ഇപ്രകാരം അനവധിസങ്കരവർണങ്ങൾ ഭാര്യാഭർത്താക്കന്മാരുടെ വ്യത്യസ്ഥ വർണത്തിലൂടെയുണ്ടാകാം. അത് അസംഖ്യമായ ജാതിയായിത്തീരാം. (8) അയോഗവന്മാർക്ക് സംഗീതം, നൃത്തം മറ്റു രംഗകലാവതരണമാണ് കർമ്മം. (9) വന്യമൃഗങ്ങളെ പരിപാലിക്കുന്നത് പുൽക്കന്മാരുടെ ധർമ്മം. (10) പാണന്മാരെപോലെ സ്തുതിപാഠകരാകേണ്ടത് മാഗധന്മാർ. (11) കൊലയാളികളേയും കള്ളന്മാരേയും നിയന്ത്രിക്കേണ്ട ചുമതല ചണ്ഡാലന്മാർക്ക് (12) സ്ത്രീകളുടെ സമ്പൂർണരക്ഷയുടെ ചുമതല വൈദേഹകന്മാർക്ക്. (13) കുതിരകളുടേയും രഥങ്ങളുടേയും സാരഥി സൂതന്മാർക്കുള്ള കർമ്മധർമ്മങ്ങളാകുന്നു. (14) ചണ്ഡാലന്മാർ ജനങ്ങൾ തിങ്ങിപാർക്കുന്നിടത്ത് പാർക്കരുത്. അവരുടേതായപ്രത്യേകതകളോടെ അവർ ജീവിക്കണം. (15) എല്ലാവർക്കും അതാതു ജാതിയിൽപെട്ടവരെ വിവാഹം കഴിക്കാം. (16) സ്വന്തം പിതാവിന്റെ സ്വത്ത് മക്കൾക്കു പങ്കുവയ്ക്കുകയുമാകാം. (17) സങ്കരവർണത്തിൽപ്പെട്ടവർക്ക് പിതാവിന്റെയോ മാതാവിന്റെയോ വർണത്തേക്കാളുപരി പ്രത്യക്ഷമായോ പരോക്ഷമായോ അവനവൻ ചെയ്യുന്ന കർമ്മമനുസരിച്ചുള്ള ജാതിയാണ് പറയേണ്ടത്. (18) പണ്ഡിതർ, പശുപക്ഷി മൃഗാദികൾ, സ്ത്രീകൾ, ബാലന്മാർ, ആപത്തിൽപെട്ടുപോയവർ എന്നിവരുടെ സംരക്ഷണമാണ് ഇവരുടെ പ്രധാന ധർമ്മവും കർമ്മവും. **(16 : .1 - 18)**

### ജാതി സമ്പ്രദായം വിവിധ വിവരണങ്ങൾ

യോഗീശ്വര സ്മൃതിപ്രകാരം ബ്രാഹ്മണന് ക്ഷത്രിയ സ്ത്രീയിലുണ്ടായവർ സൂതർ, വൈശ്യസ്ത്രീയിലുണ്ടായവർ വൈദേഹകർ, ശൂദ്രസ്ത്രീയിലുണ്ടായവർ ചണ്ഡാലർ ക്ഷത്രിയന് വൈശ്യസ്ത്രീയിലുണ്ടായവർ മാഗധർ, ശൂദ്രസ്ത്രീയിലുണ്ടായ പുത്രന്മാർ ക്ഷത്താരർ, മനുസ്മൃതിപ്രകാരം ബ്രാഹ്മണന് വൈശ്യ സ്ത്രീയിലുണ്ടായവർ. ആഭീരർ. അംബഷ്ടർ, അയോഗവർ എന്നിവർ ബ്രാഹ്മണന്, ശൂദ്രകന്യകയിലുണ്ടായവർ നിഷാദർ എന്നും പുൽകസർ എന്നുമറിയപ്പെടുന്നു. ശൂദ്രന് നിഷാദ സ്ത്രീയിലുണ്ടായവർ കവടകർ. വൈദേഹകന് അംബഷ്ട സ്ത്രീയിലുണ്ടായവർ വേണനുമായറിയപ്പെടുന്നു. ഇത്രയെല്ലാം വിവരിച്ചതിനു ശേഷം മനുസ്മൃതിയിൽ വ്യക്തമായി സൂചിപ്പിക്കുന്ന കാര്യം എല്ലാ വിഭാഗത്തിൽപ്പെടുന്നവർക്കും അവരവരുടെ പിതൃസ്വത്തിന് അവകാശമുണ്ട് എന്നതാണ്. മാതാപിതാക്കളുടെ വർണമേതായാലും അവ



Scanned with CamScanner

രിൽ നിന്നു ജനിക്കുന്ന വിവിധ ജാതിയിൽപെടുന്നവർക്ക് അതാതു കർമ്മങ്ങളനുഷ്ഠിക്കേണ്ടതായുണ്ട്. അതു സാധിച്ചില്ലെങ്കിൽ പിതാവിന്റെ കർമ്മമോ മാതാവിന്റെ കർമ്മമോ സ്വീകരിക്കാവുന്നതാണ്. യോഗേശ്വരൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, അദ്ദേഹത്തിന്റെ സ്മൃതിഗ്രന്ഥത്തിൽ വിവരിക്കുന്നു. ബ്രാഹ്മണ്യത്തിന് യോഗ്യത നേടിത്തരുന്ന പത്തുഗുണങ്ങൾ സ്വീകരിച്ചാൽ എല്ലാവർക്കും ബ്രാഹ്മണ്യത്തിലേക്കുയരാം! **അഹിംസാ സത്യമസ്തേയം ശൗചമിന്ദ്രിയ നിഗ്രഹഃ**

**ദാനം ദമോ ദയാ ക്ഷാന്തി സർവേഷാം ധർമ്മ സാധനം**

**പിതൃസ്വത്തിന്റെ വിഭജനം**

പിതൃസ്വത്തുക്കളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ, കൈകാര്യം ചെയ്യുവാൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ **പതിനേഴാമദ്ധ്യായത്തിൽ** പഠിപ്പിക്കുന്നത് നിയമ വശങ്ങളാണ്. പ്രഗത്ഭനായ നിയമ കർമ്മാചാര്യനാണ് പഠനവേദിയിൽ ഈ വിഷയം വിവരിച്ചത്.

(1) ഒരു പിതാവ് സ്വയം ആർജ്ജിച്ചസമ്പത്ത് മക്കൾക്കായി സ്വന്തം ഇഷ്ടംപോലെ വിഭജിക്കാവുന്നതാണ്. (2) പിതാമഹന്മാരുടെ സമ്പത്ത് പിതാവ് മക്കൾക്ക് തുല്യമായി ഭാഗിക്കണം. (3) ഭാഗിക്കാത്ത സ്വത്തോ മാതാപിതാക്കളുടെ ഭാഗമോ, ഭാഗാനന്തരം ജനിക്കുന്നവർക്ക് നൽകണം. (4) മക്കളില്ലാത്തവന്റെസമ്പത്ത് (നേരത്തേ വിവരിച്ച പന്ത്രണ്ടു വിഭാഗത്തിലും പെടുന്ന പുത്രന്മാരില്ലാത്തവന്റെ ധനം) ഭാര്യക്കായി നൽകണം. (5) അതുമല്ലെങ്കിൽ പെൺമക്കൾക്ക് നൽകണം. (6) അതുമല്ലെങ്കിൽ പിതാവിന്റെപിതാവിന് നൽകണം. (7) അല്ലെങ്കിൽ മാതാവിന്റെ മാതാപിതാക്കൾക്ക് നൽകണം. (8) അല്ലെങ്കിൽ സഹോദരന്റെ തലമുറയിൽ പെട്ടവന്. (9) അല്ലെങ്കിൽ സഹോദരന്റെ പുത്രന്. (10) അതല്ലെങ്കിൽ ബന്ധുക്കൾക്ക്. (11) അതല്ലെങ്കിൽ സ്വന്തം കുലത്തിൽപെട്ട നല്ലവന്. (12) അല്ലെങ്കിൽ സഹപാഠിക്ക് (13) അല്ലെങ്കിൽ ബ്രാഹ്മണന്റെ ധനം രാജാവിനും രാഷ്ട്രത്തിനും നൽകണം. (14) അല്ലെങ്കിൽ മറ്റു ബ്രാഹ്മണർക്ക് വീതിച്ചു നൽകാം. (17 : 1 - 14)

**മറ്റുസ്മൃതികളിലെ വിവരണങ്ങൾ**

ശംഖസ്മൃതി പ്രകാരം തന്റെ എല്ലാ മക്കൾക്കുമവകാശപ്പെട്ട സ്വത്ത് പിതാവ് ഒരു പുത്രനു മാത്രമായി ഒരു കാരണവുമില്ലാതെ നീക്കിവെക്കരുത്. കാരണമില്ലാതെ മറ്റുള്ളവരേക്കാൾ കൂടുതൽ സ്വത്തും കൊടുക്കരുത്. നാരദസ്മൃതി പ്രകാരം ജ്യേഷ്ഠന് ശ്രേഷ്ഠമായ ഭാഗത്തിനർഹതയുണ്ട്. ഏറ്റക്കുറച്ചിലില്ലാതെ എല്ലാ പുത്രന്മാർക്കും പിതൃസ്വത്ത് തുല്യ



Scanned with CamScanner

മായി ഭാഗം വെക്കണമെന്ന് നാരദസ്മൃതി. പുത്രന്മാരില്ലാത്തവർ പുത്രർക്കർഹതപ്പെട്ട ഭാഗം കൂടി പത്നിക്കു നൽകണമെന്ന് വൃദ്ധമനു സ്മൃതി. മരിച്ചുപോയ ഭർത്താവിന്റെ അംശം പൂർണമായും ഭാര്യയ്ക്കാണെന്ന് ബൃഹസ്പതി ധർമ്മശാസ്ത്രം. ബൃഹസ്പതി സ്മൃതിയും നാരദസ്മൃതിയും ചൂണ്ടിക്കാണിക്കുന്നു; ഭർത്താവില്ലാത്ത അപുത്ര സ്ത്രീകളുടെ ജീവിതം ദുഃഖകരമാകാതിരിക്കാൻ വേണ്ടത് രാജാവ് ചെയ്യണമെന്ന്. പുത്രന്മാരില്ലെങ്കിൽ പുത്രിക്ക് പുത്രന്റെ സ്ഥാനം നൽകണമെന്ന് നാരദസ്മൃതി. മരിച്ച വ്യക്തികളുടെ സ്വത്തിന് ബന്ധുക്കളാരും അവകാശികളായിട്ടില്ലെങ്കിൽ പുരയിടത്തിൽ താമസിക്കുന്ന അന്തേവാസികളോ, വേദപണ്ഡിതരോ, അനാഥരോ അതിന്നർഹരാണോ എന്നു പരിശോധിക്കാമെന്ന് യോഗിസ്മൃതിയിൽ പറയുന്നു. ആരുമവകാശികളില്ലെങ്കിൽ സ്വത്ത് ഖജനാവിലേയ്ക്ക് ചേർക്കണമെന്ന് ബൃഹസ്പതി സ്മൃതി. മഹാഭാരതത്തിലും ഇതേ സന്ദേശമാണുള്ളത്. (**തത്രൈനം വിധിവദ്രാജാ പ്രത്യഗൃഹ്ണാത് കുരുദ്വഹം**) ഇത്രയും വിവരിച്ചതിനുശേഷം ആചാര്യൻ വാനപ്രസ്ഥന്റെ സ്വത്തും അതേപോലുള്ളവരുടെ സ്വത്തുക്കളും വിഭജിക്കേണ്ടതിനെക്കുറിച്ചും അതിന്നർഹരായവരെക്കുറിച്ചും വിഷ്ണുസ്മൃതിയിലെ തുടർന്നുള്ള വരികളിലൂടെ വിവരിച്ചു.

(15) വാനപ്രസ്ഥന്റെ ധനം അയാളുടെ ആചാര്യന് (16) അല്ലെങ്കിൽ അയാളുടെ ശിഷ്യന് (17) ഒരിക്കൽ വിഭജിച്ച പിതൃസ്വത്ത് (ഏതെങ്കിലും വിധത്തിൽ പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ) എല്ലാം ഒരുമിച്ച് ചേർത്ത് വീണ്ടും സഹോദരന്മാർ തമ്മിൽ വിഭജിക്കണം. ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവ(മക്കൾക്ക്)ർക്കും തുല്യമായി പരമ്പരയായി ലഭിച്ച സ്വത്തും അല്ലാത്തത് പിതാവിന്റെ ഇച്ഛാനുസാരവും വീതിക്കണം. (18) പിതാവിൽ നിന്നും, മാതാവിൽ നിന്നും, സഹോദരന്മാരിൽ നിന്നും, വിവാഹവേളയിൽ ബന്ധുക്കൾ നൽകുന്നതും, മറ്റവസരങ്ങളിൽ ബന്ധുക്കൾ നൽകുന്നതും, വരന്റെ വീട്ടുകാർ നൽകുന്നതുമെല്ലാം ചേർത്ത് സ്ത്രീക്ക് അർഹതപ്പെട്ടധനമാണ് സ്ത്രീധനം. (19) എട്ടു തരത്തിലുള്ളവിവാഹങ്ങളിൽ ബ്രാഹ്മം, ദൈവികം, ആർഷം പ്രജാപത്യം എന്നിവയിൽ സ്ത്രീധനം നവദമ്പതികളുടെകുടുംബത്തിനും. (20) മറ്റുനാലുതരത്തിലുള്ള വിവാഹത്തിന് സ്ത്രീധനം പിതാവിനും നിലനിർത്താം. (21) എന്നാൽ വിവാഹശേഷമുണ്ടാകുന്ന മക്കൾക്കാണ് അമ്മയുടെസ്ത്രീധനത്തിന് പൂർണാർഹതയുള്ളത്. (22) ഭാര്യയുടെമരണം സംഭവിച്ചാൽ ഭാര്യയ്ക്കായി ഭർത്താവ്



Scanned with CamScanner

അഥവാ ഭർത്താവിന്റെവീട്ടുകാർ നൽകിയതു മാത്രമേ ഭർത്താവിനർഹതയുള്ളൂ. ഭർത്താവ് ഭാര്യയുടെസ്വത്തിൽ പൂർണാവകാശം ആഗ്രഹിക്കുകയോ സ്ഥാപിക്കുകയോ ചെയ്താൽ അയാൾ അധമനായിത്തീരുന്നു. (23) പിതൃ-പിതാമഹ-പ്രപിതാമഹന്മാരുടെസ്വത്തുകളെല്ലാം (ഒറ്റയടിക്ക്) വിഭജിക്കേണ്ടിവരികയാണെങ്കിൽ (ജീവിച്ചിരിക്കുന്ന) മക്കൾക്കെല്ലാം തുല്യമായിഭാഗിക്കണം. എല്ലാജാതിയിൽപ്പെട്ട മക്കൾക്കും (അവരവരുടെ) അച്ഛന്റെ സ്വത്തിനവകാശമുണ്ടാകും. എന്നാൽ പിതാമഹപ്രപിതാമഹന്മാരുടെ സ്വത്തിനവകാശമുണ്ടാകില്ല. (17 : 15 – 23)

**സ്ത്രീധനം മകൾക്കവകാശപ്പെട്ടത്**

അഗ്നിസാക്ഷിയായി വിവാഹം നടത്തുന്ന മകൾക്കായി പിതാവ് നൽകുന്ന സ്വത്തിന്റെ ഭാഗമാകാം സ്ത്രീധനമെന്ന് കാത്യായന സ്മൃതിയിലും വിവാഹത്തിന് നൽകുന്ന **വൃത്തിരാഭരണം, ശുൽകം, ലാഭശ്ച സ്ത്രീധനം സ്മൃതം:-** ഉപജീവനത്തിനുള്ളതും, ആഭരണമായും, സമ്പത്തായും, പിതൃസ്വത്തിന്റെ ഭാഗമായും നൽകുന്നതാകാം സ്ത്രീധനമെന്ന് ഗൗതമസ്മൃതിയും പറയുന്നു. വധുവിന്റെ എല്ലാ നന്മകളുമുദ്ദേശിച്ച് **വിവാഹകാലേ യത് കിഞ്ചിൽ വരയോദ്ധിശ്യ ദീയതേ കന്യായാതദ്ധനം സർവമവിഭാജ്യം സ്വബന്ധുഭി:** വിവാഹകാലത്ത് കന്യകയ്ക്ക് മാത്രമായും മറ്റൊരാൾക്കും വിഭജിച്ചെടുക്കാൻ സാധിക്കാത്ത വിധത്തിലും പിതാവ് നൽകുന്നതുമായ സമ്പത്താണ് സ്ത്രീധനമെന്ന് വ്യാസസ്മൃതി പറയുന്നു. ബ്രാഹ്മ, ദൈവ, ആർഷ, ഗാന്ധർവ, പ്രാജാപത്യവിവാഹങ്ങളിലൂടെ മകളുടെ വിവാഹം നടന്നാൽ മാത്രമേ മകളുടെ ഭാഗം പിതാവ് സ്ത്രീധനമായി നൽകേണ്ടതുള്ളൂ എന്ന് മനുസ്മൃതി. സ്ത്രീകളുടെ സ്വത്ത് അവരുടെ കാലശേഷം അമ്മയുണ്ടെങ്കിൽ അമ്മയ്ക്ക്, സഹോദരിമാർക്ക്, പിതാവിലൂടെയുള്ള ബന്ധുസ്ത്രീകൾക്ക്..... സ്വീകരിക്കാം. അല്ലെങ്കിൽ പുത്രനോ, ഭർത്താവിനോ സ്വീകരിക്കാം.

ഇത്രയും വിവരിച്ച് വിദ്യാർത്ഥികളുടെ പല സംശയങ്ങൾക്കും മറുപടി പറഞ്ഞ് ആചാര്യൻ പ്രണാമത്തോടെ വിടവാങ്ങി.

**വ്യത്യസ്ഥവർണ്ണത്തിലുള്ള ഭാര്യമാരിലുണ്ടാകുന്ന പുത്രസ്ഥാനം**

അടുത്തദിവസത്തെ പാഠ്യവിഷയവിവരണവും തലേദിവസം വിവരിച്ചതിന്റെ തുടർച്ചയായിരുന്നു. അതാകട്ടെ വിഷ്ണുധർമ്മശാസ്ത്രത്തിലെ അടുത്ത അദ്ധ്യായവും **(പതിനെട്ടാമദ്ധ്യായം).** വ്യത്യസ്ഥവർണങ്ങളിലുള്ള സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കാനനുമതിയു



Scanned with CamScanner

ള്ളതിനാൽ അവരിലുണ്ടാകുന്ന പുത്രന്മാർ സവർണരും (ഒരേ വർണ്ണത്തിലുള്ളവരും) അവർണരുമായിരിക്കുമെങ്കിൽ അവർക്ക് പിതൃസ്വത്തിനുള്ള അർഹത എപ്രകാരമായിരിക്കുമെന്നു വിവരിച്ചു. ഈ വിവരണമെല്ലാം ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര സ്ത്രീകളിൽ, പുത്രന്മാർ ജനിച്ചാൽ അവർക്കർഹതയുള്ള പിതൃസ്വത്തിനെക്കുറിച്ചുള്ള വിവരണമാണ്.

മൂന്നു വർണത്തിലും പത്നിമാരുള്ളവരുടെ സ്വത്തും, അവർക്കെല്ലാം ചേർത്ത് ഒന്നോ രണ്ടോ പുത്രരേയുള്ളൂവെങ്കിലും ഈ സ്വത്തു വിഭജന പ്രക്രിയയെങ്ങിനെ നടത്തണമെന്നും സവിസ്തരം ഇവിടെ പ്രതിപാദിക്കുന്നു. മറ്റൊരു രാഷ്ട്രത്തിലെ നിയമാവലികളിലും കാണാത്തത്രയും നിഷ്കർഷതയോടെയാണ് ഭാരതത്തിലെ നിയമാവലികൾ രചിച്ചിരിക്കുന്നത്. വ്യത്യസ്ഥധർമ്മഗ്രന്ഥരചയിതാക്കളുടെ അഭിപ്രായങ്ങളിൽ ചെറിയ വ്യത്യാസങ്ങളുണ്ടാകാമെങ്കിലും ഒരു വീക്ഷണവും മറ്റൊരു വീക്ഷണവുമായി വിരുദ്ധമല്ലതന്നെ.

**പിതൃസ്വത്തിന്റെ വിഭജന നിയമങ്ങൾ**

(1) ബ്രാഹ്മണന് നാലുവർണങ്ങളിലുള്ളഭാര്യമാരിൽ മക്കളുണ്ടായാൽ പൈതൃക സ്വത്ത് പത്തായിഭാഗിക്കണം (2) ബ്രാഹ്മണസ്ത്രീയിലുണ്ടായവന് നാലുഭാഗം നൽകണം. (3) ക്ഷത്രിയസ്ത്രീയിലുണ്ടായ പുത്രന് മൂന്നുഭാഗം. (4) വൈശ്യസ്ത്രീയിലെ പുത്രന് രണ്ടു ഭാഗവും. (5) ശൂദ്രസ്ത്രീയിലുണ്ടായ പുത്രന് ഒരു ഭാഗവും നൽകണം. (6) ബ്രാഹ്മണന് ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ സ്ത്രീയിൽ ഓരോ സന്താനമാണുണ്ടായതെങ്കിൽ സ്വത്ത് ഒമ്പതായി ഭാഗിക്കണം. (7) ഇവർക്ക് യഥാക്രമം നാല്, മൂന്ന്, രണ്ട് എന്നിപ്രകാരം നൽകണം. (8) ബ്രാഹ്മണന്, ബ്രാഹ്മണ-ക്ഷത്രിയ-ശൂദ്ര സ്ത്രീയിലുണ്ടായ സന്താനങ്ങൾക്ക്, സ്വത്തിനെ എട്ടാക്കി ഭാഗിച്ച് നാല്, മൂന്ന്, ഒന്ന് എന്നീക്രമത്തിൽ വിഭജിക്കണം. (9) ബ്രാഹ്മണ-വൈശ്യ-ശൂദ്ര സ്ത്രീകളിലുണ്ടായതെങ്കിൽ സ്വത്ത്, ഏഴാക്കി ഭാഗിച്ച് നാല്, രണ്ട്, ഒന്ന് എന്നീപ്രകാരം നൽകണം. (11) ക്ഷത്രിയന്, ക്ഷത്രിയ, വൈശ്യ, ശൂദ്ര സ്ത്രീകളിൽ സന്തതി ജനിച്ചാലും സ്വത്തിന്റെ മൂന്ന്, രണ്ട്, ഒന്ന് എന്നിപ്രകാരം വിഭജിച്ച് നൽകണം. (12, 13) ബ്രാഹ്മണന്, ബ്രാഹ്മണ ക്ഷത്രിയ സ്ത്രീകളിലാണ് രണ്ടു സന്തതികളുണ്ടായതെങ്കിൽ നാല്, മൂന്ന് എന്നീക്രമത്തിൽ നൽകണം. (14, 15) ബ്രാഹ്മണന്, ബ്രാഹ്മണ വൈശ്യ സ്ത്രീകളിലുണ്ടാകുന്ന സന്തതികൾക്ക് രണ്ട്, ഒന്ന് എന്ന ക്രമത്തിൽ സ്വത്ത് വിഭജിക്കണം. (16)



Scanned with CamScanner

ബ്രാഹ്മണന്, ബ്രാഹ്മണ ശൂദ്രസ്ത്രീയിൽ സന്തതികളുണ്ടായാൽ സ്വത്ത്, അഞ്ചായി ഭാഗിക്കണം. (17) നാലംശം ബ്രാഹ്മണ സന്തതിക്കും (18) ഒരംശം ശൂദ്രസന്തതിക്കും നൽകണം. (19) ബ്രാഹ്മണന്, ബ്രാഹ്മണ സ്ത്രീയിലും ക്ഷത്രിയസ്ത്രീയിലും അഥവാ ക്ഷത്രിയന് ക്ഷത്രിയ സ്ത്രീയിലും വൈശ്യസ്ത്രീയിലും സന്തതിയുണ്ടായാൽ സ്വത്ത് മൂന്ന്, രണ്ട് എന്നീക്രമത്തിൽ വിഭജിക്കണം. (20) ബ്രാഹ്മണൻ ബ്രാഹ്മണപുത്രന് മൂന്നു ഭാഗവും അതുപോലെ ക്ഷത്രിയൻ ക്ഷത്രിയ പുത്രന് മൂന്നു ഭാഗവും. (21) ബ്രാഹ്മണൻ ക്ഷത്രിയനിലുണ്ടായ പുത്രന്, ക്ഷത്രിയൻ വൈശ്യനിലുണ്ടായ പുത്രന് രണ്ടു ഭാഗവും നൽകണം. (22) ഇതുപോലെ ക്ഷത്രിയന് സവർണത്തി (അതേവർണത്തിൽ) ലൊരു പുത്രനും ശൂദ്രനിലൊരു പുത്രനുമുണ്ടായാൽ ധനത്തെ നാലായി ഭാഗിച്ച് മൂന്നു ഭാഗം ക്ഷത്രിയനു (23) ഒരു ഭാഗം ശൂദ്രനും നൽകണം. (25) ബ്രാഹ്മണന് ക്ഷ്ത്രിയ സ്ത്രീയിലും വൈശ്യസ്ത്രീയിലും ശൂദ്രസ്ത്രീയിലും ഓരോ പുത്രന്മാരുണ്ടായാൽ ധനത്തെ മൂന്നായി ഭാഗിച്ച് (26) രണ്ടംശം വൈശ്യനും (27) ഒരംശം ശൂദ്രനും നൽക്കുക! (28) ബ്രാഹ്മണന്, ബ്രാഹ്മണ/ക്ഷത്രിയ / വൈശ്യ/ ശൂദ്രനിൽ ഒരേ ഒരു പുത്രനേയുള്ളൂവെങ്കിൽ സ്വത്തുമുഴുവനും അവനർഹതപ്പെട്ടതാണ്. (29) ക്ഷത്രിയന് ക്ഷത്രിയനിലും / വൈശ്യനിലും ഒരേ ഒരു പുത്രനാണുള്ളതെങ്കിലും സ്വത്ത് അവനുള്ളതാണ്. (30) ക്ഷത്രിയന് ക്ഷത്രിയനിലും / വൈശ്യനിലും ഒരേ ഒരു പുത്രനാണുള്ളതെങ്കിലും സ്വത്ത് അവനുള്ളതാണ്. (30) വൈശ്യന് ഒരു വൈശ്യ പുത്രനും (31) ശൂദ്രന് ഒരു ശൂദ്ര പുത്രനുമേയുള്ളൂവെങ്കിലും സ്വത്ത് അവനുമാത്രം അവകാശപ്പെട്ടതാണ്.

(32) ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യർക്ക് ശൂദ്ര സ്ത്രീയിൽ ഒരു പുത്രനേയുള്ളൂ എങ്കിൽ സ്വത്തിന്റെ അർധഭാഗം അവനും, പകുതി അവന്റെ മാതാവിനും നൽകണം. (33) പുത്രരില്ലാത്ത ഭാര്യക്ക് പകുതി ധനം അർഹതയുണ്ട്. (34) പുത്രനു ലഭ്യമാകുന്നത്രയും ധനം മാതാവിനും അർഹതയുണ്ട്. (35) അവിവാഹിതയായ മകൾക്കും പുത്രതുല്യം ധനത്തിന് അർഹതയുണ്ട്. അത് വിവാഹചിലവിനായും വിനിയോഗിക്കാം. (36) ഒരേ വർണത്തിലുള്ള പുത്രന്മാർക്ക് ഒരേ അളവിൽ ധനം ഭാഗിക്കണം. (37) മൂത്തപുത്രന് ശ്രേഷ്ഠമായ ഭാഗം നൽകിയാലും. (38) രണ്ടു ബ്രാഹ്മണപുത്രരും ഒരു ശൂദ്രപുത്രനും ഒരു ബ്രാഹ്മണനുണ്ടായാൽ ധനം ഒമ്പതായി



Scanned with CamScanner

ഭാഗിച്ച് നാലു ഭാഗം വീതം ബ്രാഹ്മണപുത്രർക്കും ഒരു ഭാഗം ശൂദ്രപുത്രനും നൽകണം. (39) രണ്ടു ശൂദ്രപുത്രന്മാരും ഒരു ബ്രാഹ്മണപുത്രനുമാണുള്ളതെങ്കിൽ പിതൃസ്വത്ത് ആറായി ഭാഗിച്ച് ഓരോഭാഗം വീതം ശൂദ്രപുത്രനും നാലുഭാഗം ബ്രാഹ്മണപുത്രനും നൽകണം. (40) ഇപ്രകാരം ഓരോ വിഭാഗത്തിനുമർഹതയുള്ള പിതൃസ്വത്ത് ഭാഗിക്കണം. (41) പിതാവ് പുത്രരുടെ കൂടെ കാലാകാലം വസിക്കുന്നുവെങ്കിലും എല്ലാവർക്കും ഒരേപോലെ സ്വത്ത് വിഭജിച്ചു നൽകണം. (42) സ്വന്തം പരിശ്രമം കൊണ്ട് പിതാവ് ആർജ്ജിച്ച സ്വത്ത്,പിതാവിന് യുക്തംപോലെ ഉപയോഗിക്കാം. സ്വത്തു വിഭജനം ഈ നിയമത്തിന്റെ പരിധിയിൽപെടാത്തതുമാകുന്നു.

(43) പൂർവീകരുടെ നശിച്ചുപോയ സമ്പത്ത് സ്വയം സംരക്ഷിച്ചതാണെങ്കിലും, സ്വന്തം ശക്തികൊണ്ടാർജ്ജിതമാണെങ്കിലും ആ സ്വത്തും സ്വന്തം ഇഷ്ടാനുസാരം ഉപയോഗിക്കാൻ പിതാവിനവകാശമുണ്ട്. (44) വസ്ത്രം, അലങ്കാര വസ്തുക്കൾ, ഭക്ഷ്യവിഭവങ്ങൾ, ജലം, പാത്രം, ജോലിക്കാർ, പുസ്തകങ്ങൾ, ഗ്രന്ഥം ഇവ പുത്രന്മാർക്കായി വിഭജിക്കേണ്ടതില്ല. **(18 : 1 - 44)**

ബ്രാഹ്മണക്ഷത്രിയ വൈശ്യ ശൂദ്രന്മാരിൽ ജനിക്കുന്ന പുത്രന്മാരിൽ ഏറ്റവും ഭാഗ്യഹീനന്മാർ ശൂദ്ര സ്ത്രീയിൽ ജനിക്കുന്നവരാണെന്നു വ്യക്തം. ഇതൊഴിച്ച് മറ്റു നിയമങ്ങൾ സ്മൃതിഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെയാണ് മഹാഭാരതത്തിലെ ഭീഷ്മോപദേശത്തിലും വിവരിച്ചിരിക്കുന്നത്: ക്ഷത്രിയവൈശ്യ ശൂദ്രസ്ത്രീയിലുണ്ടാകുന്ന പുത്രന്മാരിൽ നാലു ഭാഗം ക്ഷത്രിയപുത്രനും മൂന്നു ഭാഗം വൈശ്യപുത്രനും ഒരു ഭാഗം ശൂദ്രപുത്രനുമാണ് നൽകേണ്ടതത്രെ. വൈശ്യന് വൈശ്യസ്ത്രീയിലുണ്ടാകുന്നപുത്രന് അഞ്ചിൽ നാലുഭാഗവും ഒരു ഭാഗം അദ്ദേഹത്തിന് ശൂദ്രസ്ത്രീയിലുണ്ടാകുന്ന പുത്രനും നൽകണമെന്നും ഭീഷ്മർ നിർദ്ദേശിക്കുന്നുണ്ട്. വിജ്ഞാനേശ്വര സ്മൃതിപ്രകാരം ഭർത്താവിന്റെ ഇച്ഛയും ഭാര്യയുടെ ഉപദേശവും ചേർന്നുവേണം ദ്രവ്യങ്ങൾ മക്കൾക്കായി വിഭജിക്കാൻ. ഹരദത്തസ്മൃതിയിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്വത്തുപങ്കുവെക്കരുത് എന്നോർമിപ്പിക്കുന്നു. ഒരു പുത്രനേയുള്ളൂവെങ്കിൽ പുത്രനു നൽകുന്നത്രയും അംശം മാതാവിനും നൽകണമെന്ന് യോഗീശ്വരസ്മൃതി സൂചിപ്പിക്കുന്നു. ദേവല സ്മൃതി വ്യക്തമാക്കുന്നത് കന്യകക്കർഹതപ്പെട്ട ഭാഗം വിവാഹ സമയത്ത് അവൾക്ക് നൽകിയിരിക്കണമെന്നാണ്. പിതാവിന്റെ സ്വത്ത് വിഭജിക്കുമ്പോൾ പിതാവ് തന്റെ നഷ്ടങ്ങളും വിഭജിക്കേണ്ടതില്ല (നഷ്ടങ്ങൾ നികത്തിയതിനു ശേഷമുള്ളത് വിഭജിച്ചാൽ മതിയാകും) പിതൃസ്വത്തിന്റെ വിഭ



Scanned with CamScanner

ജനമെല്ലാം സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വ്യക്തമായ പ്രമാണങ്ങളുണ്ടാക്കി രേഖപ്പെടുത്തി വേണം വിഭജനമംഗീകരിപ്പിക്കാൻ. ആവശ്യമെങ്കിൽ അതിന് പണ്ഡിതരുടെ അഭിപ്രായവുമാരായണമെന്ന് നാരദസ്മൃതി നിർദ്ദേശിക്കുന്നു. പിതാവ് സ്വന്തമിഷ്ടപ്രകാരം വിഭജിച്ച സ്വത്തിൽ പിന്നീട് അഭിപ്രായ വ്യത്യാസങ്ങളുണ്ടായാൽ അതിലൊരംശം ഖജനാവിലേക്ക് വ്യവഹാരക്രിയക്കായി മാറ്റിവെച്ച് രാജ്യാധികാരി തീരുമാനമെടുക്കണമെന്ന് ബൃഹസ്പതി സ്മൃതിയിൽ പറയുന്നു.

## ഭാഗം 3 : ആചാരകാണ്ഡം

**ധർമ്മശാസ്ത്രപഠനം സമഗ്ര പഠനമാണ് (ആത്മീയ ഭാഗം)**

രണ്ടാം ഭാഗത്തിൽ ഭാരതത്തിലെ വിവിധ തരത്തിലുള്ള വ്യവഹാരങ്ങളെക്കുറിച്ചാണ് വിവരിച്ചത്. അവയാകട്ടെ വ്യക്തിപരം, കുടുംബപരം, സാമൂഹികം, രാഷ്ട്രപരം എന്നീപ്രാരമുള്ള വ്യവഹാരങ്ങളാണ്. ഇവയെല്ലാം വ്യവഹാരിക നിയമാവലികളാണ്. അവയിലെല്ലാം ഭൗതികജീവിതയാഥാർത്ഥ്യങ്ങളാണ്. ഭാരതത്തിൽ ആത്മീയതയ്ക്കുള്ളത്രയും പ്രാധാന്യം ഭൗതീകമുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു. അഥവാ ഭൗതീകതയെ ദൃഢമാക്കാനുള്ള ഒരുപശപോലെയാണ് പരിശുദ്ധമായ ആത്മീയതയും പ്രായോഗിക ആത്മീയതയും ഭാരതത്തിൽ നിലനിന്നത്. കാലങ്ങളെത്ര കഴിഞ്ഞാലും ഈശാവാസ്യ ഉപനിഷത്തിലെ ഒരു പ്രധാന സന്ദേശമായ വിദ്യയുടേയും അവിദ്യയുടേയും സമഞ്ജസമായിരിക്കും ഭാരതമെന്ന് ലോകമെന്നും അംഗീകരിക്കത്തക്കവിധത്തിലാണ് ഭാരതത്തിലെ എല്ലാ ഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഇനി വിവരിക്കുന്ന വിഷയങ്ങളിൽ ആത്മീയത അൽപം കൂടുതലായിരിക്കും. ആചാരാനുഷ്ഠാനങ്ങളായിരിക്കും ഈ ഭാഗത്തിൽ കൂടുതലായി വരുന്നത്. നിത്യജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങൾ വർണാടിസ്ഥാനത്തിലും ആശ്രമാടിസ്ഥാനത്തിലുമാണ് വിവരിക്കുന്നത്. ആചാരങ്ങൾ കർശനമായി അനുഷ്ഠിക്കേണ്ടതും അനവധി കഠിനമായ ആചാരങ്ങളുള്ളതും ബ്രാഹ്മണവർണത്തിൽപ്പെട്ടവർക്കാണ്. താഴേക്കു പോകുന്തോറും ആചാരങ്ങളുടെ എണ്ണവും കാഠിന്യവും കുറയുന്നു. അതുകൊണ്ടുതന്നെയാകാം ബ്രാഹ്മണാചാരാനുഷ്ഠാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം ഇനി മുതൽക്കുള്ള അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്നത്.

**മരണാനന്തരചടങ്ങുകളുടെ നിർദ്ദേശങ്ങൾ**

ഇനി നിങ്ങളുടെ ശ്രദ്ധ വിഷ്ണുധർമ്മശാസ്ത്രത്തിലെ മരണാനന്തര ചടങ്ങുകളിലേക്ക് ക്ഷണിക്കുകയാണ്. ഈ വിഷയം പഠിപ്പിക്കുന്നത്



Scanned with CamScanner

പിതൃകർമ്മാചാര്യനാണ്. അദ്ദേഹത്തിന്റെ അദ്ധ്യാപനം പ്രാർത്ഥന യോടെ ആരംഭിക്കുന്ന വേദിയിലേയ്ക്ക് നമുക്കുപോകാം ആചാര്യൻ വിവരണമാരംഭിച്ചു.

ഭാരതത്തിൽ എല്ലാ വർണത്തിലുംപെടുന്നവർക്ക് പതിനാറു സംസ്കാ രങ്ങളാണുള്ളത്. അതിനെ ഷോഡശസംസ്കാരങ്ങളെന്നു പറയുന്നു. സംസ്കാരം എന്ന പദത്തിന്നർത്ഥം സംസ്കരിക്കുക എന്നും ശുദ്ധീക രിക്കുക എന്നുമാണ്. സംസ്കൃതം എന്ന പദത്തിനർത്ഥം സംസ്കരി ക്കപ്പെട്ടത് എന്നുമാണ്. ലക്ഷോപലക്ഷം ജന്തുക്കളിൽ നിന്ന് മനുഷ്യൻ ഭിന്നനാകുന്നത് ഈ സംസ്കാരത്തിന്റെ ചൈതന്യമുള്ളതുകൊണ്ടാ ണ്. ഗർഭാധാനം മുതൽ അന്ത്യേഷ്ഠിവരെയുള്ള സംസ്കാരങ്ങളുണ്ട്. അതിന്റെ ചടങ്ങുകൾക്കല്ല ഈ പഠനപദ്ധതിയിൽ പ്രാധാന്യം നൽകി യിരിക്കുന്നത്, മറിച്ച് ആചരണത്തിന്റെ നിയമവശങ്ങൾക്കും നിർദ്ദേശ ങ്ങൾക്കുമാണ്. ആര്, എപ്പോൾ, എന്ത്, എങ്ങിനെ, എവിടെവെച്ച് ആർക്കുവേണ്ടി ചെയ്യണം അഥവാ ചെയ്യരുത് എന്ന കാര്യങ്ങളാണ് നിർദ്ദേശിക്കുന്നത്. ഈ ആചാരങ്ങൾ അനുഷ്ഠിച്ചാൽ പേരും പ്രസി ദ്ധിയുമൊന്നും ലഭ്യമല്ല. ചെയ്തില്ലെങ്കിൽ ശിക്ഷയോ, പിഴയോ, കുറ്റം ചുമത്തലോ ഒന്നുമുണ്ടാകുകയുമില്ല എന്നു നാമറിയണം. അതുകൊണ്ട് അമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോൾ അമ്മ ക്കുവേണ്ടി അനുഷ്ഠിക്കുന്ന കർമ്മങ്ങൾ പോലെയാണീ ആചാരവിവ രണങ്ങൾ.

**മരണാനന്തര കർമ്മനിയമാവലികളും നിർദ്ദേശങ്ങളും**

നമുക്ക് മരണാനന്തര കർമ്മങ്ങളുടെ വിവരണങ്ങൾ കേൾക്കാം. ഇത് സ്പഷ്ടമായി വിവരിച്ചിരിക്കുന്ന അനവധി ഗ്രന്ഥങ്ങൾ കൽപശാസ്ത്ര ത്തിന്റെ ഭാഗമായ പിതൃമേധസൂത്രഗ്രന്ഥങ്ങളിലുണ്ട്. ഗരുഡപുരാണ ത്തിലെ രണ്ടാം ഭാഗത്തിലുമുണ്ട്. എന്തെല്ലാം കാര്യങ്ങൾ എങ്ങിനെ യെല്ലാം അനുഷ്ഠിക്കണമെന്നതിനാണ് ആ ഗ്രന്ഥങ്ങളിൽ കൂടുതൽ പ്രാധാന്യം. ധർമ്മശാസ്ത്രത്തിലാകട്ടെ ആരെല്ലാം അനുഷ്ഠിക്കണം ആരെല്ലാം അനുഷ്ഠിക്കരുത് എന്നതിനാണ് കൂടുതൽ പ്രാധാന്യം. അനു ഷ്ഠാനമെങ്ങിനെ വേണമെന്നതിന്റെ ചിലമാർഗനിർദ്ദേശവും ധർമ്മ ശാസ്ത്രഗ്രന്ഥങ്ങളിൽ നൽകുന്നുണ്ട്. ഇത്രയും വിവരിച്ചതിനുശേഷം പിതൃകർമ്മാചാര്യൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ പത്തൊമ്പതാമ ദ്ധ്യായത്തിലെ പന്ത്രണ്ട് നിർദ്ദേശങ്ങൾ വിവരിച്ചു.

**പിതൃകർമ്മാനുഷ്ഠാനം**

(1) ദ്വിജന്റെ മരണാടിയന്തിരങ്ങൾ ശൂദ്രനാൽ നിർവ്വഹിക്കരുത്.



Scanned with CamScanner

(2) ശൂദ്രന്റേത് ദ്വിജനാലും നിർവഹിക്കരുത്. (3) എന്നാൽ അതേ വർണ്ണത്തിൽപെട്ട മക്കളാണ് മാതാപിതാക്കളുടെ പിതൃകർമ്മം ചെയ്യേണ്ടത്. (4) പിതാവിന്റേതാണെങ്കിലും ശൂദ്രനായ പുത്രൻ അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കരുത്. (5) അനാഥയായ ബ്രാഹ്മണന്റെ അന്ത്യകർമ്മങ്ങൾ ഏതെങ്കിലും ബ്രാഹ്മണൻ തന്നെ നിർവഹിക്കണം. (6) പ്രേത സംസ്കാരങ്ങളെല്ലാം (അന്ത്യകർമ്മങ്ങൾ) കഴിച്ച്, ചിതാഭസ്മനിമജ്ജനം, എന്നിവ അനാഥനായി ബ്രാഹ്മണനും മറ്റൊരു ബ്രാഹ്മണൻ തന്നെ നിർവ്വഹിക്കണം. (7) ശവസംസ്കാരം കഴിഞ്ഞ് ഒന്നാം ദിവസം ജലതർപ്പണം നൽകി ഒരു പിണ്ഡം ദർഭപുല്ലിൽ സമർപ്പിക്കുക. (8) ഗൃഹത്തിലുള്ള എല്ലാ വസ്ത്രങ്ങളും, ദ്വാര (വാതിൽ, ജനൽ) ഭാഗങ്ങളും വേപ്പിന്റെ ഇല കൊണ്ട് നല്ലവണ്ണം സ്പർശിച്ചതിനുശേഷം മാത്രം കർമ്മം ചെയ്യുന്ന വ്യക്തി ഗൃഹത്തിലേയ്ക്ക് (വേപ്പിന്റെ ഇലയിൽ വച്ച വസ്ത്രമുടുത്ത്) പ്രവേശിക്കാവൂ. (9) ഗൃഹത്തിൽ വച്ച്അൽപം അക്ഷതം (അരി) അഗ്നിയിൽ സമർപ്പിക്കുക. (10) നാലാം ദിവസം അസ്ഥി സഞ്ചയനം ചെയ്യാം. (11) അസ്ഥിയിൽ ഗംഗാജലം തളിക്കുക. (12) എത്രത്തോളം അസ്ഥിക്കഷ്ണങ്ങൾ പാത്രത്തിലുള്ള/ഗംഗാനദിയിലുള്ള ജലത്തിൽ നിലനിൽക്കുന്നുവോ അത്രയുംകാലം ആത്മാവ് സ്വർഗലോകത്തിലധിവസിക്കുന്നു. (19 : 1 - 12)

ഈ വിവരണങ്ങളെല്ലാം മരണാനന്തര സംസ്കാരമാണ്. അത് ശവശരീരത്തിന്റെ അഥവാ പ്രേതസംസ്കാരമാണ്. ഇതിൽ ധാരാളം ചടങ്ങുകളുണ്ട്, മന്ത്രങ്ങളുണ്ട്. ഇവിടെയൊന്നും വേദമന്ത്രങ്ങളുടെ പ്രയോഗമില്ല. കർമ്മമന്ത്രങ്ങൾ മാത്രമാണ് പ്രയോഗിക്കാറുള്ളത്.

**മരണാനന്തര അശുദ്ധി/പുല ആചരണം**

പുല ആചരിക്കേണ്ടതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ വിഷ്ണു ധർമ്മശാസ്ത്രം നൽകുന്നു.

(13) പുലയുള്ളിടത്തോളം ജലതർപ്പണവും ഒരു പിണ്ഡവും ദർഭയിൽ സമർപ്പിക്കണം. (14) പുലയുള്ള വേളയിൽ മറ്റുള്ളവർ പാകം ചെയ്ത ഭക്ഷണം കഴിക്കരുത്. (ഗൃഹത്തിൽ നേരത്തേ സൂക്ഷിച്ചുവച്ചിരിക്കുന്ന ദ്രവ്യങ്ങളുപയോഗിച്ച് പാകം ചെയ്ത ഭക്ഷണവും കഴിക്കരുത്) (15) ഒരു കാരണവശാലും മാംസാഹാരം കഴിക്കരുത്. (16) നിലത്തുകിടക്കണം (കിടക്ക, പായ ഇവ ഉപയോഗിക്കരുത്) (17) ഇടയ്ക്കിടക്ക് കിടന്നുറങ്ങരുത്. (18) പുലയുടെ അന്ത്യത്തിൽ അന്ത്യപിണ്ഡം വച്ച് ഗ്രാമത്തിൽ നിന്ന് പുറത്തുപോയി,



Scanned with CamScanner

# ധർമ്മശാസ്ത്രം

## (വ്യക്തി-കുടുംബ-സമൂഹ-രാഷ്ട്ര സന്ദേശങ്ങൾ)

ഡോ: എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director HSH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

Heritage Publication Series - 101

Scanned with CamScanner

താടി വടിച്ച്, തലമുടിവടിച്ച്, എള്ളെണ്ണ പുരട്ടി കുളിച്ച്, പുഴയിലോ കുളത്തിലൊ തന്നെ പിതൃകർമ്മവസ്ത്രം ഉപേക്ഷിച്ചിട്ടേ സ്വഗൃഹതത്തിലേക്ക് പ്രവേശിക്കാവൂ. (19) ഗൃഹത്തിൽ ശാന്തികർമ്മം ചെയ്ത് ബ്രാഹ്മണപൂജ നടത്തണം. (20) ദേവപൂജയും, പിതൃപൂജയും നടത്തണം. (21) ശ്രേഷ്ഠന്മാരെ ആരാധിക്കണം. അവരാണ് ഈലോകത്തിന്റെ നിലനിൽപ്പിന് കാരണം എന്നറിയണം. (22) ശ്രേഷ്ഠന്മാരുടെ പ്രസാദമുള്ളതുകൊണ്ടാണ് ഈ ലോകം നിലനിൽക്കുന്നത്. ശ്രേഷ്ഠന്മാരുടെ വാക്കുകൾ തെറ്റായി ഭവിക്കാറില്ല. (23) ശ്രേഷ്ഠന്മാർ സന്തോഷത്തോടെ എന്തു പറയുന്നുവോ ദേവന്മാരും അതുതന്നെ മംഗളകരമെന്നു പറയുന്നു. മറ്റുശ്രേഷ്ഠന്മാരും അതുതന്നെ മംഗളകരമെന്നു പറയുന്ന്. ശ്രേഷ്ഠന്മാരായ പ്രത്യക്ഷ ദേവന്മാരാണ് അദൃശ്യരായ പരോക്ഷദേവന്മാരെ പ്രസാദിപ്പിക്കുന്നത്. (24) മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങളെയെല്ലാം ആശ്വസിപ്പിച്ച് നല്ല വാക്കുകൾ പറഞ്ഞനുഗ്രഹിച്ച്, മനസ്സിൽ ശാന്തിയുടെ നന്മപകർന്നുവേണം ബന്ധുക്കൾ മരണഗൃഹത്തിൽ നിന്ന് അന്ത്യകർമ്മങ്ങൾ കഴിഞ്ഞ് യാത്രയാകുവാൻ. (19 : 13 - 24)

ബ്രാഹ്മണരുടെ ജഢം ദഹിപ്പിക്കാനോ പിതൃകർമ്മം നടത്താനോ അവകാശികളില്ലെങ്കിൽ ആ കർമ്മമേറ്റെടുക്കുന്ന മറ്റു ബ്രാഹ്മണർക്ക് യാഗം ചെയ്ത ഫലം ലഭിക്കുമെന്ന് യോഗി സ്മരണയിൽ വിവരിക്കുന്നു. സ്വന്തം ബന്ധുവല്ലാത്ത സ്വഗോത്രവുമല്ലാത്ത ഉത്തമ ബ്രാഹ്മണന്റെ പിതൃകർമ്മമനുഷ്ഠിച്ചവൻ വെറും പ്രാണായാമത്തിലൂടെ ശുദ്ധനായിത്തീരുമെന്ന് പരാശരസ്മൃതി സൂചിപ്പിക്കുന്നു. കൂടാതെ സ്വർഗതുല്യ പുണ്യവും ലഭിക്കുമത്രെ. മരിച്ചതിനുശേഷം 1,3,7,9,11 ദിവസങ്ങൾ കൂടുതൽ ശ്രദ്ധയോടെ കർമ്മങ്ങളനുഷ്ഠിക്കണമെന്ന് മഹാംഗീരസസ്മൃതി നിർദ്ദേശിക്കുന്നു. ഏകോദിഷ്ഠകർമ്മം എല്ലാ പുത്രന്മാരും വളരെ ശ്രദ്ധയോടെയനുഷ്ഠിച്ചാൽ സമ്പൂർണ ശ്രാദ്ധഫലം ലഭിക്കുമെന്ന് പ്രചേതന്മാർ സൂചിപ്പിക്കുന്നു. 1, 3, 7,9 ദിവസങ്ങളിലേതെങ്കിലും ദിവസം അസ്ഥിസഞ്ചയനം നടത്താവുന്നതാണെന്ന് സംവർത്തസ്മൃതി നിർദ്ദേശിക്കുന്നു.

**അരണ്യേ വൃക്ഷമൂലേവാശുദ്ധേ സംസ്ഥാപ്യതാന്യഥ**
**തത്സ്ഥാനാച്ഛനകൈർനീത്വാ കദാചിജ്ജാഹ്നവീജലേ**
**കശ്ചിത് ക്ഷിപതി തത് പുത്രോ ദൗഹിത്രോ വാസമാഹിതഃ**

വനത്തിലോ, വൃക്ഷചുവട്ടിലോ, ശുദ്ധമായ സ്ഥലത്തോ, ഗംഗാതീരത്തോ, പരിശുദ്ധിയുള്ള ഏതു സ്ഥലത്തും പുത്രന്മാരും ദൗഹിത്രന്മാരും



Scanned with CamScanner

ചേർന്ന് പിതൃകർമ്മം നടത്താവുന്നതാണെന്ന് ബ്രഹ്മപുരാണം പറയുന്നു. ബ്രാഹ്മണന് പത്തുപിണ്ഡം, ക്ഷത്രിയന് പന്ത്രണ്ട്, വൈശ്യന് പതിനഞ്ച് ശൂദ്രന് മുപ്പത് പിണ്ഡം വേണം സമർപ്പിക്കാനെന്ന് പാരസ്കര സ്മൃതി നിർദ്ദേശിക്കുന്നു. 1, 3, 5, 7 ദിവസങ്ങളിൽ രണ്ടു വീതം പിണ്ഡങ്ങളും പത്താം ദിവസം ബാക്കിയുള്ളതും സമർപ്പിക്കണമെന്ന് ഗൗതമസ്മൃതി നിർദ്ദേശിക്കുന്നു.

പത്താം ദിവസം ഗ്രാമത്തിനു പുറത്തുപോയി കുളിച്ച് വസ്ത്രങ്ങളുപേക്ഷിച്ച് പുതിയ വസ്ത്രം ധരിച്ച് ശുദ്ധികർമ്മം ചെയ്യണമെന്ന് ദേവലസ്മൃതി ഓർമ്മിപ്പിക്കുന്നു. മക്കളും ഭാര്യയും പിണ്ഡകർമ്മത്തിൽ പങ്കെടുത്തവരും പിണ്ഡകർമ്മങ്ങളെല്ലാം കഴിഞ്ഞ് വപനകർമ്മം (മുടി മുറിച്ച് മുണ്ഡനം) ചെയ്ത് പൂർണശുദ്ധി വരുത്തണമെന്ന് വ്യാസസ്മൃതി നിർദ്ദേശിക്കുന്നു.

**കാലപ്രമാണവും ജീവിതയാഥാർത്ഥ്യവും**

വളരെയേറെ പ്രാധാന്യമുള്ള വിഷയമാണ് ഇനി വിവരിക്കുന്നത്. കാലചക്രം എന്ന പദത്തിന്റെയർത്ഥവും ശാസ്ത്രീയമായ പ്രമാണങ്ങളും, അളവുകളും വിവരിക്കുന്നു. ജീവിതവും, മരണവും, കർമ്മവും ധർമ്മവും എല്ലാം ചേർത്താണ് ഈ വിവരണങ്ങൾ നൽകിയിരിക്കുന്നതെങ്കിലും അത് ശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റേയും അടിസ്ഥാനത്തിലാണെന്നത് ആ വിവരണത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ലോകജനതക്ക് നാലക്കത്തിൽ കൂടുതലുള്ള സംഖ്യ പ്രയോഗിക്കുവാനറിയാതിരുന്ന കാലഘട്ടത്തിൽ പത്തും പതിനഞ്ചും അക്കമുള്ള സംഖ്യകളുപയോഗിച്ച് ഭാരതീയർ കാലഗണന നടത്തിയിരുന്നു. ആ കാലപരിമാണത്തെ ബ്രഹ്മാവ് തുടങ്ങിയ ദേവതാ സങ്കൽപവുമായി അവർ ബന്ധപ്പെടുത്തിയുമിരുന്നു. അതാണിനി **ഇരുപതാം അദ്ധ്യായത്തിൽ** വിവരിക്കുന്നത്.

ഈ വിഷയം നളന്ദാവിശ്വവിദ്യാലയത്തിൽ പഠിപ്പിക്കുന്നത് വ്യവസ്ഥാചാര്യനാണ്. ജ്യോതിശാസ്ത്രത്തിലെ ഗണിതത്തിലും കാലക്രിയാവിഷയങ്ങളിലും, അതു പ്രയോഗിച്ചുള്ള ദിനരാത്രങ്ങൾ, നക്ഷത്രങ്ങൾ, തിഥികൾ, ഉത്തരായണ/ദക്ഷിണായന ചക്രങ്ങൾ ...... ഇവയെല്ലാം വ്യക്തമായി സാമൂഹിക നന്മക്ക് പ്രയോഗിക്കാനുള്ള പഠന വേദിയിലേക്കു നാം പോകുന്നു.

ഇവിടെ കാലത്തിന്റെ അഥവാ സമയത്തിന്റെ അളവുകളാണ് നൽകിയിരിക്കുന്നത്. ജ്യോതിഷ/ജ്യോതിശസ്ത്ര ഗ്രന്ഥങ്ങളിലും ഇതേ വിവരണങ്ങൾ കാണാം.



Scanned with CamScanner

(1) ദേവന്മാർക്ക് ഉത്തരായണദിനമാണുത്തമകാലം. (2) ദക്ഷിണായനമാണെങ്കിൽ രാത്രികാലവും (3) ഇതാണ് വർഷങ്ങൾക്കു കാരണമാകുന്നദിന-രാത്രങ്ങൾ. (4) മുപ്പതു ദിനരാത്രങ്ങൾ ഒരു മാസം. (5) പന്ത്രണ്ടു മാസം ഒരു വർഷം. (6) ആയിരത്തി ഇരുന്നൂറ് ദിവ്യവർഷങ്ങൾ ചേർന്നത് കലിയുഗം. (7) അതിന്റെ രണ്ടുമടങ്ങ് ദ്വാപരയുഗം (8) അതിന്റെ (കലിയുഗത്തിന്റെ) മൂന്നുമടങ്ങ് ത്രേതായുഗം (9) അതിന്റെ നാലുമടങ്ങ് കൃതയുഗം. (10) പന്ത്രണ്ടായിരുംദിവ്യവർഷങ്ങൾ ഒരു മഹായുഗം /ചതുർയുഗം. (11) ഇപ്രകാരമുള്ള 71 മഹായുഗങ്ങൾ ഒരു മന്വന്തരം (12) ആയിരം മഹായുഗങ്ങൾ ചേർന്നാൽ ഒരു കൽപം. (13) ഒരു കൽപം ബ്രഹ്മാവിന്റെ ഒരുദിവസം. (14) അത്രതന്നെ ബ്രഹ്മാവിന്റെ ഒരു രാത്രിയുമാകുന്നു. (15) ഇപ്രകാരമുള്ള ദിനരാത്ര, മാസ, വർഷങ്ങളുടെ കണക്കുപ്രകാരം ഈ ഭൂമിയിൽ മനുഷ്യൻ നന്മയോടെ നൂറുവർഷം ജീവിക്കണം. (20 : 1 - 15)

കാലത്തിന്റെ അളവു വിവരിച്ച ആചാര്യൻ ഗീതയിലെ സന്ദേശം പോലെ പറഞ്ഞു; കാലമാണ് എല്ലാത്തിലും മാറ്റമുണ്ടാക്കുന്നത്. എല്ലാം മാറുമ്പോഴും കാലം അനസ്യൂതം മാറ്റമില്ലാതെ പ്രവഹിക്കുന്നു. ആ കാലചക്രത്തിൽ തിരിയാതിരിക്കാനസാദ്ധ്യമാണ്. കാലത്തെ നാം മനുഷ്യരൂപം നൽകിയതാണ് കാലൻ. സമയമായ യാമത്തെ നാം യമനാക്കി. വിവേചനമില്ലാതെ പോത്തിന്റെ പുറത്തു യാത്ര ചെയ്തുവന്ന് ജീവജാലങ്ങളെ കാലയവനിക്കകത്തേക്ക് കൊണ്ടുപോകുന്നതിനാൽ വിവേചനമില്ലാത്ത മൃഗത്തിന്റെ- പോത്തിന്റെ പുറത്തുകയറി കാലൻ വരുന്നതായി നാം വിവരിച്ചു. അവസാന ശ്വാസം നിർത്തുന്നതാണ് മൂക്കിൽ കയറിട്ട് ജീവനപഹരിക്കുന്നു എന്ന പ്രയോഗത്തിലുള്ളത്.

ഇത്രയും വിവരിച്ചു കഴിഞ്ഞ് ഒരു തത്വശാസ്ത്രജ്ഞന്റെ വീക്ഷണത്തോടെ ആചാര്യൻ ജീവിതയാഥാർത്ഥ്യങ്ങൾ വിവരിച്ച് അനവധി പുരാണകഥകളിലൂടെയും യോഗവാസിഷ്ഠത്തിലൂടെയും ഭഗവദ്ഗീതയിലൂടെയുമെല്ലാം വിവരിച്ച വിഷയങ്ങളും ചേർത്ത് വ്യവസ്ഥാചാര്യൻ വ്യക്തിപരവും, കുടുംബപരവും, സാമൂഹികവുമായ സന്ദേശങ്ങൾ വ്യഖ്യാനിച്ചു.

(16) ബ്രഹ്മാവിന് വർഷം പോലെയാണ് മനുഷ്യന് ദിവസം. (17) ബ്രഹ്മദിനങ്ങൾ കഴിഞ്ഞാൽ മഹാകൽപമാണ്. (18) അത്രതന്നെ നിശയുമുണ്ട് ബ്രഹ്മാവിന്. (18) കാലത്തിന്റെദൈർഘ്യം വിവരിക്കാൻ സംഖ്യകളില്ല. (19) ഭാവിയിൽ എത്രവർഷങ്ങളുണ്ട് എന്ന് പ്രവചിക്കാനും സംഖ്യകൾ അപര്യാപ്തമാണ്. കാലം അനാ



Scanned with CamScanner

ദിയുമനന്തവുമാണ്. (22) നമുക്ക് കാലത്തിൽ ഒരു സ്വാധീനവും ചെലുത്തുവാൻ സാധ്യമല്ല. അത് നിരന്തരം ഒഴുകിക്കൊണ്ടേയിരിക്കുന്നു. കാലത്തിന് ഭൂതവുമില്ല ഭാവിയുമില്ല." (23) ഗംഗയിൽകൂടെ ഒഴുകുന്നജലത്തിന്റെ അളവും, ഒഴുകികഴിഞ്ഞജലത്തിന്റെയളവും ഒഴുകുവാൻ പോകുന്ന ജലത്തിന്റെ അളവും ഗണിച്ചെടുക്കാൻ അസാധ്യമായതുപോലെ കാലത്തിന്റെ അളവും ബ്രഹ്മാവിന്റെകാലവും ഗണിക്കാനസാദ്ധ്യമാണ്. (24) പതിനാല് മന്വന്തരങ്ങളാണ് ഒരു കൽപം. ഓരോകൽപത്തിലുമുള്ള ആരാധനാമൂർത്തികളും മാറുന്നു. (25) ഇക്കാലഘട്ടത്തിൽ (അനവധി) ആയിരക്കണക്കിന് ഇന്ദ്രന്മാർ കാലത്തിന്റെ യവനികക്കുള്ളിൽ അന്തർധാനം ചെയ്തുകഴിഞ്ഞു. അപ്പോൾപിന്നെ മനുഷ്യരുടെകഥ പറയേണ്ടതില്ലല്ലോ. (26) അനവധി രാജർഷികൾ ജനിച്ചു മരിച്ചു കഴിഞ്ഞിരിക്കുന്നു. ദേവന്മാരും ബ്രഹ്മർഷികളും കാലയവനികക്കുള്ളിൽ പോയിക്കഴിഞ്ഞു. (27) ഇവരെല്ലാവരും സമർത്ഥന്മാരും ശ്രേഷ്ഠന്മാരുമായിരുന്നു. സൃഷ്ടിസ്ഥിതിസംഹാരത്തിനു കഴിവുള്ളവരും കാലത്താൽ ഇഹലോകവാസം വെടിഞ്ഞു കഴിഞ്ഞവരുമാകുന്നു. കാലത്തിനെ കവച്ചുവയ്ക്കാനസാദ്ധ്യം കാലം എല്ലാത്തിനേയും കവച്ചുവയ്ക്കുന്നു. (28) എല്ലാ ജീവജാലങ്ങളും കാലത്താൽ ആക്രമിക്കപ്പെടുമ്പോൾ പരലോകത്തിലേക്കു യാത്രതിരിക്കുന്നു. കർമ്മപാശങ്ങളിൽ കുടുങ്ങി ജന്തുക്കൾ അതിലെന്തിനു ദുഃഖിക്കണം. (29) ജനിച്ചവനു മരണവും മരിച്ചവനു ജനനവുമുണ്ട്. ഈ ലോകത്തിൽ സമ്പത്തിനാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മാത്രം സമ്പത്തിന്റെ സഹായം സ്വീകരിക്കുക. (30) മരണമുണ്ടായാൽ മൃതദേഹത്തിന്റെ സമീപത്തിലിരുന്നു ദുഃഖിക്കാതിരിക്കുക. പകരം സാധിക്കാവുന്നത്രയും നന്മകളും അന്ത്യകർമ്മങ്ങളും സ്വശക്തിക്കനുസരിച്ചനുഷ്ഠിക്കുക. (31) ഓരോരുത്തരും ചെയ്ത നന്മതിന്മകളാണ് നമ്മുടെ സഹായത്തിനായി കൂടെയുണ്ടാകുന്നത്. ബന്ധുക്കളെക്കൊണ്ട് വലിയകാര്യമൊന്നുമില്ല. അവർ (മരണവേളയിൽ) ദുഃഖിച്ചാലും കരഞ്ഞാലും ഇല്ലെങ്കിലും അതൊരു വലിയ ധർമ്മമല്ല. (32) ബന്ധുക്കൾക്ക് പുലയുണ്ടോ ആചരിക്കുന്നുണ്ടോ എന്നൊന്നും മരിച്ചയാൾ അറിയുന്നില്ല. അവർക്കു മരിച്ചവനുവേണ്ടി ചെയ്യുവാൻ സാധിക്കുന്ന ഏറ്റവും ഉചിത കർമ്മം പിതൃകർമ്മത്രെ.

(33) ഈ സപിണ്ഡീകരണത്തിലൂടെ, മരിച്ചവ്യക്തിയുടെ ആത്മാവ് പ്രേതലോകത്തിലേക്ക് നയിക്കപ്പെടുന്നു.



Scanned with CamScanner

അവിടെനിന്നും നന്മയുടെ ഫലമനുസരിച്ച് സ്വർഗനരകത്തിലേക്കും. (34) പിതൃലോകത്തിലേയ്ക്കുമെത്തുന്ന ആത്മാവ് ശ്രാദ്ധകർമ്മത്തിന്റെഫലം ഭുജിക്കുന്നതിനാൽ ശ്രാദ്ധകർമ്മമനുഷ്ഠിക്കുക എന്നുപദേശിക്കുന്നു. (35) ചെയ്തു തീർത്ത കർമ്മത്തിന്റെ ഫലമനുസരിച്ച് പക്ഷിമൃഗാദികളായോ, അഥവാ മനുഷ്യൻ തന്നെ ആയിത്തീർന്നോ ജനനമരണ ചക്രത്തെ പ്രാപിക്കുന്നതിലും ബന്ധുക്കൾ കൊടുക്കുന്ന ശ്രാദ്ധകർമ്മത്തിനും സ്വാധീനമുണ്ട്. (36) ശ്രാദ്ധകർമ്മങ്ങൾ കൊണ്ട് പ്രയോജനമുണ്ടോ, അതിലെന്തർത്ഥം അതു നിരർത്ഥകമല്ലേ എന്നൊന്നും ചിന്തിക്കാതെ പൂർണ മനസ്സോടെ ശ്രദ്ധയോടെ അർപ്പണ ഭാവത്തോടെ ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കുക. (37) ദുഃഖങ്ങളും പ്രതികൂല മനസ്സുമില്ലാതെ മരണാനന്തര കർമ്മങ്ങൾ ബന്ധുക്കളനുഷ്ഠിക്കണം. മരണാനന്തര കർമ്മങ്ങൾക്ക് സർവ്വപ്രാധാന്യം നൽകണം. (38) അനുദിനം ബന്ധുമിത്രാദികൾ മരിക്കുന്നതു കാണുന്ന നമ്മൾ ഓർമ്മിക്കണം ധർമ്മം ഒന്നുമാത്രമേ സഹായത്തിനായി സ്വീകരിക്കേണ്ടതുള്ളൂ എന്ന്. ധർമ്മമാണ് എപ്പോഴും സഹായത്തിനുള്ളത്. (39) ഭാര്യയോ, ബന്ധുക്കളോ ആരും മരിച്ചവന്റെ കൂടെ പോകുന്നില്ല. കൂടെ പോകാനൊന്നുമില്ല, ധർമ്മമൊഴിച്ച്. (40) ധർമ്മം ഒന്നുമാത്രമാണ് സഹയാത്രികനായുള്ളത്. അതുകൊണ്ടെപ്പോഴും ധർമ്മമനുസരിക്കുക. (41) നാളെ ചെയ്യാനുള്ളത് ഇന്ന് ചെയ്തുതീർക്കുക. വൈകുന്നേരം ചെയ്യുവാനുള്ളത് രാവിലെ തീർക്കുക. ചെയ്യാനുള്ളത് ചെയ്താലും ഇല്ലെങ്കിലും മരണം നിശ്ചയമാണ്. എപ്പോഴും മരണത്തെ പ്രതീക്ഷിക്കാവുന്നതാണ്. (42) ഭൂമി, സമ്പത്ത്, ഗൃഹം, ഇവയിലെല്ലാം ആസക്തനായവനും അതിൽ പരിലസിക്കേണ്ടവനും എല്ലാം ഒരിക്കൽ മരണത്തിന്റെ കൂടെ നടക്കേണ്ടവനാണ്. (43) കാലത്തിന് ഇഷ്ടമുള്ളവർ കാലത്തിനിഷ്ടമില്ലാത്തവർ എന്നുള്ളവരാരുമില്ല. ആയുസ് തീർന്നാൽ കാലം അവനെ കൂടെ കൊണ്ടുപോകുന്നു. (44) മരണകാലമെത്തിയില്ലെങ്കിൽ നൂറുശരങ്ങളേറ്റാലും മരിക്കില്ല. കാലമെത്തിയാൽ ഒരു ദർഭപുല്ലിന്റെ അറ്റം കൊണ്ടാലും മരണമുണ്ടാകും. (45) ഔഷധങ്ങളോ മന്ത്രങ്ങളോ ഹോമമോ മന്ത്രജപങ്ങളോ മൃത്യുവിലേയ്ക്കകപ്പെട്ടവനെ സംരക്ഷിക്കുന്നില്ല. അതുപോലെ ജരാനരയിൽ നിന്നും രക്ഷപ്പെടാനാകില്ല. (46) വരാൻ പോകുന്ന അനർത്ഥങ്ങൾ പോലും നമുക്കു തടയാനാകില്ല എന്നിരിക്കെ മരണത്തെ തടയാനാകാത്ത നാമെന്തിന് മരണത്തെ ഓർത്ത് ദുഃഖിക്കണം.



Scanned with CamScanner

(47) പശുക്കിടാവ് സ്വന്തം മാതാവിനെ തിരിച്ചറിഞ്ഞ് അതിന്റെ അടുത്തെത്തുന്നതുപോലെ കർത്താവിന്റെ സമീപത്തിലേക്ക് കർമ്മഫലം തനിയേ എത്തിക്കൊണ്ടിരിക്കുകതന്നെചെയ്യും. (48) ജനനത്തിനുമുമ്പുള്ള അവസ്ഥയറിഞ്ഞുകൂടാ. മരണത്തിനു ശേഷമുള്ള അവസ്ഥയും അജ്ഞാതമാണ്. ഇവയ്ക്കു രണ്ടിനുമിടയ്ക്കുള്ളതുമാത്രം അറിയുമെന്നിരിക്കേ ഈ ലോകത്തിൽ നാമെന്തിനുദുഃഖിക്കണം.

(49) ഈ ദേഹത്തിലൂടെ എപ്രകാരമാണോ കൗമാരം, യൗവനം, വാർദ്ധക്യം ഇവയെല്ലാം കടന്നുപോകുന്നത് അതേപോലെ ശരീരത്തിൽ പ്രവേശിച്ച ആത്മാവ് ശരീരത്തെ വിട്ടുപോകുന്നതിലും ധീരന്മാർ ദുഖിക്കുന്നില്ല. (50) മനുഷ്യൻ പഴയവസ്ത്രം ഉപേക്ഷിച്ച് പുതിയവ സ്വീകരിക്കുന്നതുപോലെ ആത്മാവ് / ദേഹി പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയശരീരത്തെ സ്വീകരിക്കുന്നു. (51) ആത്മാവിനെ ആയുധങ്ങൾ മുറിക്കുന്നില്ല, അഗ്നികത്തിക്കുന്നില്ല, ജലം അലിയിക്കുന്നില്ല, കാറ്റ് ശോഷിപ്പിക്കുന്നില്ല. (52) ആത്മാവിനെ മുറിച്ചോ, കത്തിച്ചോ, ജലത്തിലലിയിച്ചോ, ശോഷിപ്പിച്ചോ നശിപ്പിക്കാനാകില്ല അതുനിത്യമാണ്, എന്നുമുള്ളതാണ്, അചഞ്ചലമാണ്, സ്ഥിരമാണ് അതുകൊണ്ടുതന്നെ സനാതനവുമാണ്. (53) ഈ ആത്മാവിനെ വിവരിക്കുവാനസാദ്ധ്യമാണെന്നനിലവാരം വരെയവ്യക്തമാണ്, ചിന്താതീതമാണ്, വികാരത്തിന്നതീതമാണ്, എന്നെല്ലാം പണ്ഡിതർ പറയുന്നു. അതുകൊണ്ട് അതിനെക്കുറിച്ചറിഞ്ഞാൽ പിന്നെ ദുഃഖമുണ്ടാകില്ല. **(20 : 16 – 53)**

**അനാദിരേഷ ഭഗവാൻ കാലോ/നന്തോ/ജരഃ പരഃ**

കാലം അനാദിയാണ് ആരംഭവും അന്ത്യവുമറിയാത്തതാണ് ഭഗവാനേ എന്ന് കൂർമ്മപുരാണം പറയുന്നു. ഈ കാലയളവിന്റെ വിവരണങ്ങളുടെ അവസാനത്തിൽ ഭഗവദ്ഗീതാ ശ്ലോകങ്ങൾ ചില പദങ്ങൾക്കു പകരം അതേ അർത്ഥം വരുന്ന മറ്റു പദങ്ങൾ നൽകി ധർമ്മശാസ്ത്ര വരികൾ വിവരിക്കുന്നു. ചില ശ്ലോകങ്ങൾ ഗീതയിലെ ജ്ഞാനയോഗത്തിലേയും കർമ്മയോഗത്തിലേയും സന്ദേശങ്ങൾ നൽകാനായി അതേ പ്രകാരം ഉദ്ധരിച്ചിരിക്കുന്നു. എവിടെയാണ് പ്രായോഗിക ധർമ്മശാസ്ത്രത്തിലെ തത്വചിന്താപ്രയോഗമെന്നത് സ്പഷ്ടമാക്കുന്ന വരികൾ ജീവിതയാഥാർത്ഥ്യങ്ങളെ പദാനുപദം വ്യഖ്യാനിക്കുന്നു. നാം വസ്ത്രം മാറുന്നതുപോലെ ജീവാത്മാവ് ശരീരം മാറുന്നു, ആ ജീവാത്മാവിന് നാശമില്ല, ജനനമരണങ്ങളെക്കുറിച്ച് സന്തോഷിക്കാനോ ദുഃഖിക്കാനോ സമയമില്ല. കാരണം രണ്ടും ശാശ്വതസത്യങ്ങളാണ്. ഒന്നുണ്ടെങ്കിൽ



Scanned with CamScanner

മറ്റേതുമുണ്ടെന്നു വ്യക്തം. ജനനമുണ്ടെങ്കിൽ മരണം നിശ്ചയമാണ് പിന്നെയെന്തിന് മരണത്തെയോർത്ത് ദുഃഖിക്കണം......... ആചാര്യൻ തത്വ ചിന്താപരമായ അനവധി ജീവിതയാഥാർത്ഥ്യങ്ങൾ വീണ്ടും വീണ്ടും വിവരിച്ചു.

മരണത്തെക്കുറിച്ചും പിതൃകർമ്മത്തിന്റെ മഹത്വത്തെക്കുറിച്ചും വിവരിച്ചതിനുശേഷമുള്ള കർമ്മമാണ് ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ വിവരിക്കുന്നത്.

(1) മരണാനന്തരമുള്ളപുല കഴിഞ്ഞാൽ സ്വയം കുളിച്ച് കയ്യുംകാലും നല്ലവണ്ണം കഴുകി ബ്രാഹ്മണർക്ക് സാധിക്കുന്നരീതിയിൽ പൂജ ചെയ്ത് ഭക്ഷണം കൊടുക്കണം (2) ഏകോദ്ദിഷ്ഠകർമ്മം നിർവഹിച്ച് (3) പിണ്ഡത്തിന്റെ ബാക്കി സഗോത്രബന്ധുക്കൾക്ക് ഭക്ഷണത്തോടൊപ്പം നൽകണം (4) ബ്രാഹ്മണർക്ക് ഭക്ഷണം കൊടുത്ത്, പൂജിച്ച്, മരിച്ചുപോയ വ്യക്തിയുടെ പേര് ഗോത്രം പറഞ്ഞ് അക്ഷയജലം സമർപ്പിച്ച്, നാലംഗുലം വീതിയിൽ ഭൂമിയിൽ ചെറിയ ഒരുകുഴി നീളത്തിൽ (തോടു പോലെ) ഉണ്ടാക്കുക (5) ആ (നീളത്തിലുള്ള) കുഴിയുടെ സമീപത്തിൽ മൂന്നു അഗ്നികുണ്ഡങ്ങളുണ്ടാക്കി ഓരോന്നിലും മൂന്നുപ്രാവശ്യം വീതം ആഹൂതി നൽകുക (6) (അതിനുള്ള മന്ത്രം) സോമായ, പിതൃമധേ സ്വധാനമഃ (7) അഗ്നയേ കവ്യവാഹനായ സ്വധാ നമഃ (8) യമായാംഗീരസേ സ്വധാനമഃ (9) മൂന്നു സ്ഥാനങ്ങളിലായി പിണ്ഡനിർവപണം ചെയ്യുക. (10) നീളത്തിലുള്ള മൂന്നു കുഴികളിലും ചോറ്, തൈര്, നെയ്യ്, തേൻ എന്നിവ നിറയ്ക്കുക. (11) ഇപ്രകാരം മരിച്ച ദിവസം, എല്ലാ മാസത്തിലും ചെയ്യുക. (12) ഇപ്രകാരം ഒരു വർഷം കഴിഞ്ഞാൽ മരിച്ച വ്യക്തിക്കും, പിതാവിനും, പിതമഹനും, പ്രപിതാമഹനുംവേണ്ടി ബ്രാഹ്മണർ പൂജിച്ച് ഭക്ഷണം കൊടുക്കുക. (13) അഗ്നി ആവാഹിച്ച് പൂജയും ചെയ്യുക. (14) അതിനുശേഷം മൂന്നു നീണ്ട കുഴികളും യോജിപ്പിക്കുക. (15) ബ്രാഹ്മണർ ഭക്ഷിക്കുന്നതിനു സമീപം നാലു പിണ്ഡം വയ്ക്കുക. (16) ബ്രാഹ്മണർക്കും ദക്ഷിണ കൊടുത്ത് സന്തുഷ്ടരാക്കി യാത്രയാക്കുക. (17) പിണ്ഡങ്ങളെല്ലാം പിണ്ഡപാത്രത്തിൽ നിക്ഷേപിക്കുക. (18) മൂന്നു നീണ്ട കുഴികളുടെയടുത്തുള്ളതെല്ലാം പാത്രത്തിൽ നിക്ഷേപിക്കുക.

(19) സപിണ്ഡീകരണകർമ്മം പന്ത്രണ്ടാംദിവസശ്രാദ്ധം ചെയ്തതിനുശേഷമോ പതിമൂന്നാം ദിവസമോ ചെയ്താലും (20) ശൂദ്രവർണ്ണത്തിലുള്ളവർക്കു മന്ത്രമില്ലാതെ തന്നെ 12-ാം ദിവസം ഈ



Scanned with CamScanner

കർമ്മം ചെയ്യാം. (21) ഒരു വർഷത്തിൽ പന്ത്രണ്ടു മാസിക ശ്രാദ്ധം ചെയ്യണം അധിമാസമുണ്ടെങ്കിൽ ഒന്നുകൂടി ചേർക്കണം (22) സ്ത്രീകളുൾപ്പെടെ എല്ലാവരും സപിണ്ഡീകരണം അവശ്യം ചെയ്തിരിക്കണം. ജീവിക്കുന്നിടത്തോളം കാലം എല്ലാവർഷവും ശ്രാദ്ധമനുഷ്ഠിക്കണം (23) ഉദകകുംഭവും, അന്നവും വർഷാന്ത്യം ദാനമായി നൽകിയാലും. (21 : 1 - 23)

**പ്രേതകർമ്മം പിതൃകർമ്മം ശ്രാദ്ധം**

പുലയാചരണം കഴിക്കുന്നതിന്റെ അന്ത്യത്തിൽ പിണ്ഡദാനകർമ്മം അവസാനിക്കുന്നു. അതിനുശേഷം അതാതു വർണത്തിന്റെയടിസ്ഥാനത്തിൽ ശ്രാദ്ധകർമ്മമനുഷ്ഠിക്കണമെന്ന് മനു നിർദ്ദേശിക്കുന്നു. എല്ലാവരും വ്യത്യാസമില്ലാതെ അനുഷ്ഠിക്കേണ്ടതാണ് പതിനൊന്നാം ദിവസത്തിലെ ശ്രാദ്ധമെന്ന് മരീചി സ്മൃതിയിൽ നിർദ്ദേശിക്കുന്നു. ശ്രേഷ്ഠന്മാർക്ക് ദാനദക്ഷിണ നൽകി പിതൃകർമ്മമവസാനിപ്പിക്കണമെന്ന് കാത്യായന സ്മൃതിയിൽ സൂചിപ്പിക്കുന്നു. ഈ നിർദ്ദേശങ്ങളെല്ലാം പ്രേത പിതൃകർമ്മങ്ങൾ എങ്ങിനെ ചെയ്യണമെന്നതിന് പ്രാധാന്യം നൽകുന്നില്ല. എന്നാൽ ആരെല്ലാം പിതൃകർമ്മം ചെയ്യണമെന്നും ഏതേതു ദിവസങ്ങളിൽ അഥവാ മാസങ്ങളിലാണിതൊക്കെ ചെയ്യേണ്ടതെന്നും നിർദ്ദേശിക്കുന്നു. പിതൃകർമ്മത്തെക്കുറിച്ചും പ്രേതകർമ്മത്തെക്കുറിച്ചും (മരണാനന്തര ചടങ്ങുകൾ) ഗൗതമസ്മൃതി, പൈഠീനസസ്മൃതി, ഗോഭില ഗൃഹ്യധർമ്മസൂത്രം, ശ്രാദ്ധകൽപഗ്രന്ഥം, കാത്യായന സ്മൃതി, ബൗദ്ധായന ധർമ്മശാസ്ത്രം, ഭവിഷ്യപുരാണം, വിഷ്ണുപുരാണം, ഗരുഡപുരാണം, ആശ്വലായന സൂത്രം തുടങ്ങി അനവധി ഗ്രന്ഥങ്ങൾ സുദീർഘമായി വിവരിക്കുന്നുണ്ട്.

പിതൃകർമ്മാചാര്യന്റെ പഠനം അടുത്ത ദിവസവും തുടർന്നു. ശ്രദ്ധയോടെ വിവരിക്കേണ്ട ബൃഹത്തായ ഒരദ്ധ്യായമാണദ്ദേഹം അവതരിപ്പിച്ചത്. ഗൃഹത്തിൽ മരണമുണ്ടായാൽ ആചരിക്കേണ്ടതായ പുല അഥവാ അശൗചത്തെക്കുറിച്ചുള്ള നിയമാവലികളാണ് ആചാര്യൻ വിവരിച്ചു തുടങ്ങിയത്.

**ബ്രാഹ്മണരുടെ പുല/അശൗചവിധി**

ഗൃഹത്തിൽ മാതാ പിതാക്കളോ ബന്ധുക്കളോ മരണമടഞ്ഞാൽ ആചരിക്കുന്ന പുല അഥവാ അശൗചത്തെക്കുറിച്ചാണിവിടെ വിവരിക്കുന്നത്.

(1) ബ്രാഹ്മണവർണത്തിലുള്ളവരുടെ ഏറ്റവുമടുത്ത ബന്ധുക്കൾക്ക് (അഥവാ സപിണ്ഡർക്ക്)പുല പത്തുദിവസം (2) ക്ഷത്രിയന് പന്ത്രണ്ടു ദിവസം (3) വൈശ്യന് പതിനഞ്ച്ദിവസം (4)



Scanned with CamScanner

ശൂദ്രന് ഒരു മാസം. (5) പ്രത്യേക അവസരത്തിൽ സപിണ്ഡർക്കും ഏഴാം ദിവസം തന്നെ പുല വിടുന്നു. (6) പുലയുള്ളസമയത്ത് ഹോമങ്ങളനുഷ്ഠിക്കരുത്, ദാനം ചെയ്യുകയോ സ്വീകരിക്കുകയോ അരുത്, വേദാലാപനം/പഠനം അരുത്. (7) പുലയുള്ളപ്പോൾ മറ്റൊരുവന്റെ ഭക്ഷണം കഴിക്കരുത് (8) ബ്രാഹ്മണർക്ക് എത്രകാലം പുലയുണ്ടോ അത്രയുംകാലം സ്വയം പാകം ചെയ്തഭക്ഷണമേ (അഥവാ പുലയുള്ളവരിലൊരാൾ/കുടുംബാംഗങ്ങളിലൊരാൾ) കഴിക്കാവൂ. (9) പുലകഴിഞ്ഞാൽ ശുദ്ധിപ്രായശ്ചിത്തങ്ങൾ ചെയ്യണം. (10) ബ്രാഹ്മണരുടെ പുല കഴിഞ്ഞാൽ ശ്രേഷ്ഠന്മാർക്ക് ഭക്ഷണം കൊടുത്ത് ഒഴുക്കുള്ള വെള്ളത്തിൽ (നദിയിൽ) കുളിച്ച്, വെള്ളത്തിൽ നിന്ന് അഘമർഷണമന്ത്രം (ഋതം ച സത്യം.....) ജപിച്ച്, 8000 ഗായത്രീജപവും നടത്തണം. (11) ഇപ്പറഞ്ഞതു തന്നെയാണ് ക്ഷത്രിയബന്ധു മരിച്ചാലും ബ്രാഹ്മണൻ അനുശാസിക്കേണ്ടത്. (22 : 1 - 11)

**മറ്റുവർണങ്ങളിലുള്ളവരുടെ അശൗചവിധി**

(12) വൈശ്യബന്ധു മരിച്ചാലുണ്ടാകുന്നപുലയിൽ നിന്നും ക്ഷത്രിയനും (13) വൈശ്യനായബന്ധുമരിച്ചുണ്ടാകുന്ന പുലയിൽ നിന്ന് ബ്രാഹ്മണനും മുന്നൂരാത്രി മുൻപറഞ്ഞതുപോലെ മന്ത്രജപം ചെയ്യണം. (14) ബ്രാഹ്മണബന്ധു മരിച്ചാൽ ക്ഷത്രിയനും ക്ഷത്രിയബന്ധു മരിച്ചാൽ വൈശ്യനും പുലനാളുകളാചരിച്ചതിനുശേഷം നദിയിൽ കുളിച്ച് 500 പ്രാവശ്യം ഗായത്രീമന്ത്രം ജപിക്കണം. (15) ബ്രാഹ്മണബന്ധു മരിച്ച വൈശ്യന്റെ പുല കഴിഞ്ഞ് 800 പ്രാവശ്യം ഗായത്രി ജപിച്ചാൽ ശുദ്ധിയായി (16) ശൂദ്രനായ ബന്ധു മരിച്ചാൽ ശ്രേഷ്ഠന്മാർക്ക് ഭക്ഷണം കൊടുത്ത്, പിന്നീട് നദിയിൽ കുളിച്ച് പ്രാജാപത്യകർമ്മം അനുഷ്ഠിക്കണം (17) ബ്രാഹ്മണബന്ധുവിന്റെ മരണം ശൂദ്രൻ ആചരിച്ചതിനുശേഷം നദിയിൽ കുളിച്ചാൽ മതിയാകും (ശൂദ്രന് കൂടുതൽ ചടങ്ങുകളില്ല) (18) ശൂദ്രന് (ശൂദ്രന്റെ) പുല ആചരണശേഷം കുളിച്ച് പഞ്ചഗവ്യം കഴിച്ചാൽ മതി. (19) പത്നിമാരും സ്വന്തം ജോലിക്കാരും കുടുംബാംഗങ്ങളെപോലെ പുലയാചരിക്കണം (20) ഏതുവർണത്തിൽപ്പെട്ടവർ മരിച്ചാലും ഭാര്യാ-ഭർത്താവ്-മക്കൾ- ജോലിക്കാർ ഇവർ ഏതെല്ലാം വർണത്തിൽപ്പെട്ടവരായാലും മരിച്ചയാളുടെ വർണത്തിൽ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾക്കുള്ള പുല/ അശൗചം എല്ലാവർക്കും ഒരേപോലെയുള്ളത് ആചരിക്കുകയും വേണം. **(22 : 12 - 20)**



Scanned with CamScanner

പുല/വാലായ്മയുടെ അശൗചം എല്ലാ ധർമ്മശാസ്ത്രങ്ങളിലും ഒരേ പ്രകാരമല്ല നിർദ്ദേശിക്കുന്നതെന്ന് പല ധർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ വായിച്ചാൽ മനസ്സിലാകും. ശാതാതപാചാര്യന്റെ അഭിപ്രായപ്രകാരം പ്രസവിച്ചാലും മരിച്ചാലും എല്ലാവർണത്തിലുള്ളവരും പത്തുദിവസത്തെ അശുദ്ധി/അശൗചം ആചരിച്ചാൽ മതിയാകും. അംഗീരസ സ്മൃതിയിൽ നിർദ്ദേശിക്കുന്നു. ഭ്രാന്തനായ ബന്ധു ജലം, അഗ്നി എന്നിവയിൽ വീണു മരിച്ചാൽ ഉദക്രിയ ചെയ്താൽ അശൗചം തീർന്നു. വൃദ്ധപരാശരസ്മൃതിയിൽ പത്തുദിവസം, ഗൗതമ സ്മൃതിയിൽ പതിനൊന്നു ദിവസം, വസിഷ്ഠ സ്മൃതിയിൽ പതിനഞ്ചു ദിവസം, പൈഠീനസ സ്മൃതി പ്രകാരം പതിനാറു ദിവസം അശൗചാചരണം വേണമെന്ന അഭിപ്രായങ്ങളാണുള്ളത്. അത്യാവശ്യവേളകളിൽ മരിച്ച വ്യക്തിയുടെ സപിണ്ഡ കർമ്മികൾക്കുപോലും ഏഴാം ദിവസം ശുദ്ധരാകാം എന്നു മനുസ്മൃതിയും പറയുന്നു.

അസ്ഥി സഞ്ചയനത്തിനു ശേഷം മറ്റുള്ളവർ പാകം ചെയ്ത ഭക്ഷണം സ്വീകരിക്കുന്നതിൽ തെറ്റില്ലെന്ന് അംഗീരസസ്മൃതി നിർദ്ദേശിക്കുന്നു. മരിച്ച വ്യക്തിയുടെ എല്ലാ വർണ്ണത്തിലുമുള്ള ബന്ധുക്കളുടെ അശൗചം ബ്രാഹ്മണരുടെ അശൗചം തീരുന്ന ദിവസം തന്നെ തീരുന്നുണ്ടാകും. ഗർഭസ്രാവമുണ്ടായാൽ സ്ത്രീ ഒരു മാസവും ഭർത്താവ് ഒരു ദിവസവും അശൗചമാചരിക്കണമെന്ന് വൃദ്ധ വസിഷ്ഠ സ്മൃതി നിർദ്ദേശിക്കുന്നു. മരീചി സ്മൃതിയിൽ ക്ഷത്രിയൻ നാലുരാത്രിയും വൈശ്യൻ അഞ്ചു രാത്രിയും ശൂദ്രന് എട്ടുരാത്രിയും അശൗചവിധി വേണമെന്നു സൂചിപ്പിക്കുന്നു.

**അശൗചവിധി നിർദ്ദേശങ്ങളിലെ വ്യത്യാസം**

(21) ഒരേകുടുംബത്തിൽപ്പെട്ട ഉയർന്ന വർണത്തിലുള്ളവരുടെ അശൗചകാലം തീരുമ്പോൾ താഴ്ന്നവർണത്തിലുള്ളവർക്കെല്ലാം, അശൗചം (പുല) തീർന്ന് ശുദ്ധിയുള്ളവരായിത്തീരും (22) ഒരേകുടുംബത്തിലുള്ളവരാണെങ്കിൽ ബ്രാഹ്മണമരണത്തിന്റെ പുല, ക്ഷത്രിയ-വൈശ്യ-ശൂദ്രർക്ക് 6,3,1 രാത്രികൾ എന്നീ ക്രമത്തിലാണ് ശുദ്ധമാകുക (23) ക്ഷത്രിയ മരണത്താൽ ആ കുടുംബത്തിലെ വൈശ്യ ശൂദ്രർക്ക് യഥാക്രമം 6, 3 രാത്രികൾ കഴിയുമ്പോൾ ശുദ്ധരാകും. (24) വൈശ്യബന്ധുവിന്റെ മരണത്താൽ ആ കുടുംബത്തിലെ ശൂദ്രന് 6 രാത്രി കൊണ്ട് ശുദ്ധമാകും. (25) ഗർഭഛിദ്രമുണ്ടായാൽ ബന്ധുക്കൾ (ഒരു മാസത്തെ ഗർഭകാലമാണെങ്കിൽ) ഒരുദിവസത്തെ അശൗചമാചരിക്കണം (26) മൃതശിശുജനിക്കുകയോ ശിശു ജനിച്ച ഉടനെ മരിക്കുകയോ ചെയ്താലും



Scanned with CamScanner

ഉടനെ ശുദ്ധമാകുന്നതായിരിക്കും (27) പല്ലുമുളക്കുന്നതിനു മുമ്പാണ് ശിശുവിന്റെ മരണമുണ്ടായതെങ്കിലും പുല ചുരുങ്ങിയ സമയത്തേക്കാചരിച്ചാൽ മതി (28) അങ്ങിനെയുള്ള ശിശുജഡം അഗ്നിയിൽ ദഹിപ്പിക്കുകയോ ശിശുവിന് ഉദകക്രിയ നടത്തുകയോ വേണ്ട. (22 : 21 - 28)

മാതാവിന്റെ മരണത്തിന്റെ അശുദ്ധിയവസാനിക്കും മുമ്പ് പിതാവിന്റെ മരണമുണ്ടായാൽ ആ അശുദ്ധി തീരുന്നതോടെ മാത്രമേ പൂർണശുദ്ധിയുണ്ടാകൂ എന്ന് ശംഖസ്മൃതി നിർദ്ദേശിക്കുന്നു. അന്യദേശത്തിലാണ് ജനനമരണമുണ്ടായതെങ്കിലും മരണവിവരം അറിഞ്ഞ് പത്തു ദിവസവും അശൗചമാചരിക്കണമെന്ന് ബൃഹസ്പതി സ്മൃതിയും. അശൗചം അറിയാതിരുന്ന കാലങ്ങളിൽ ചെയ്തതിന് അശുദ്ധിയില്ലെന്ന് ദേവല സ്മൃതിയും ജലത്തിലും, വനത്തിലും, വാരണാസിയിലും മരണം സംഭവിച്ചവന് അശൗചാചരണമോ ശ്രാദ്ധകർമ്മങ്ങളോ വേണമെന്നില്ല എന്നു ബൃഹത് പരാശര സ്മൃതിയും പറയുന്നു. വീണ്ടും ധർമ്മശാസ്ത്രവരികളിലേയ്ക്ക്.

(29) പല്ലുമുളച്ച് എന്നാൽ ചൂഡാകർണമായിട്ടില്ലെങ്കിൽ ഒരു ദിവസം മാത്രം അശൗചം. (30) ചൂഡാകർണം കഴിഞ്ഞിട്ടുണ്ടെങ്കിൽ മൂന്നു ദിവസം. (31) അതിനുശേഷം മേൽപറഞ്ഞപ്രകാരം. (32) വിവാഹം നടക്കുന്ന വേളയിൽ വധുവിന് പുലയില്ല. (33) പിതൃപക്ഷത്തിലും സ്ത്രീകൾക്ക് പുലയില്ല. (34) പിതൃഗൃഹത്തിലുള്ളവർക്ക് അവിടെ പ്രസവമോ മരണമോ നടന്നാൽ യഥാക്രമം ഒരു ദിവസം മൂന്നുദിവസം എന്നിങ്ങനെയാണ് വാലായ്മ/പുല ആചരിക്കേണ്ടത്. (35) ഒരു പ്രസവത്തിന്റെ അശുദ്ധികാലത്ത് കുടുംബത്ത് മറ്റൊരു പ്രസവമുണ്ടായാൽ ആദ്യത്തെ അശൗചത്തോടൊപ്പം രണ്ടാമത്തേതിനു ശുദ്ധിയുണ്ടാകുന്നു (36) ശുദ്ധിയാകുന്നരാത്രിയാണിതു സംഭവിച്ചതെങ്കിൽ രണ്ടുദിവസം കൂടി കഴിഞ്ഞ് (37) ശുദ്ധമാകുന്ന പ്രഭാതത്തിലാണ് (അടുത്ത പ്രസവമെങ്കിൽ) മൂന്നു ദിവസം കഴിഞ്ഞ് ശുദ്ധിയാകും. (38) മരണത്തോടനുബന്ധമായ പുലയുടെ കാര്യത്തിലും ഇതാണ് നിയമം. (39) വിദേശത്തുള്ളവർക്ക് മരണവിവരം അറിഞ്ഞതിനുശേഷമുള്ളദിവസങ്ങളിലേ പുലയുള്ളൂ. (40) കാലം കുറേകഴിഞ്ഞാണ് (ഒരു വർഷത്തിനുള്ളിൽ) മരണവാർത്തയറിയുന്നതെങ്കിൽ ആ ഒരു ദിവസം അശൗചമാചരിച്ചാൽ മതിയാകും (41) അതിനുശേഷമുള്ള കാലമാണെങ്കിൽ കേട്ട ഉടനെ കുളിച്ചാൽ ശുദ്ധിയാകും. (42) ആചാര്യനോ അമ്മാവനോ ആണെങ്കിൽ മൂന്നുദിവസങ്ങൾക്കുശേഷം (43) സ്വന്തം



Scanned with CamScanner

പുത്രനല്ലെങ്കിലും മൂന്നു ദിനങ്ങൾ അശൗചം ആചരിക്കണം. (ക്ഷേത്രജ-ഗൂഢജ-കാനീന-സഹോഢജ-പുത്രി/പുത്രന്മാർ) (44) ആചാര്യപത്നി, ആചാര്യപുത്രൻ, ആചാര്യശിഷ്യൻ, അമ്മാവൻ, ഭാര്യാ/ഭർതൃ പിതാവ്/മാതാവ്, സഹപാഠി, സ്വശിഷ്യൻ ഇവർ മരിച്ചാലും ഒരുദിവസത്തെ പുലയുണ്ട്. (45) സ്വദേശരാജാവ് മരിച്ചാലും ഒരു ദിവസത്തെ പുലയാചരിക്കണം (46) തന്നെ എല്ലാവിധത്തിലും സഹായിച്ചയാൾ മരിച്ചാൽ ഒരുരാത്രി പുലയുണ്ട്. **(22 : 32 - 46)**

**പുല ആചരിക്കേണ്ടതില്ലാത്ത മരണങ്ങൾ**

(47) (ബന്ധുവാണെങ്കിലും) മലയിൽ തപസ്സുചെയ്ത്മരണം, അഗ്നിയിൽ ദേഹത്യാഗം, വിഷംകഴിച്ച് മരണം, ജലത്തിൽമരണം, യുദ്ധത്തിൽ മരണം, ഇടിമിന്നലേറ്റുള്ള മരണം, രാജശിക്ഷയിലൂടെ മരണം (മരണശിക്ഷ) ഇപ്രകാരം മരിച്ച വ്യക്തിയുടെ ബന്ധുക്കൾക്ക് പുലയില്ല.

(48) രാജാവിന്, രാജകർമ്മങ്ങളനുഷ്ഠിക്കുന്നതൊന്നിലും പുല ആചരണം വേണ്ട. (49) വ്രതത്തിലിരിക്കുന്നവർക്ക് വ്രതാനുഷ്ഠാനം കഴിയുന്നതുവരേയും (50) യാഗത്തിൽ പങ്കെടുക്കുന്നവർക്ക് യാഗം കഴിയുന്നതുവരേയും (51) ചെയ്തുകൊണ്ടിരിക്കുന്ന ജോലി തീരുന്നതുവരെ ജോലിക്കാർക്കും അശൗചമില്ല. (52) രാജാവിന്റെ നിർദ്ദേശപ്രകാരം രാജ്യകർമ്മം ചെയ്യുന്നവർക്കും (53) ദേവപ്രതിഷ്ഠാകർമ്മം ആരംഭിച്ചു കഴിഞ്ഞാൽ തന്ത്രിമാർക്കും, വിവാഹകർമ്മം ആരംഭിച്ചുകഴിഞ്ഞാൽ അതിൽ പങ്കാളികളാകുന്നവർക്കും അശൗചമില്ല. (54) ദേശപര്യടനം/ തീർത്ഥാടനം നടത്തുന്നവർക്കും പുലയില്ല (55) ആപത്തുകാലത്ത്, ആപൽഘട്ടങ്ങളഭിമുഖീകരിച്ച് അത് തരണം ചെയ്യുന്നതുവരെ അവർക്ക് പുലയില്ല. (56) ആത്മഹത്യചെയ്താലും മഹാപാതകം ചെയ്തവൻ മരിച്ചാലും പുലയില്ല. (57) മഹാപാതകിയുടെ മരണശേഷം പിതൃകർമ്മമായി (അവന്റെ കൂടെയുള്ളവർ) മരിച്ചദിവസം ഒരു കുടം ജലം സമർപ്പിച്ചാൽ മാത്രം മതിയാകും. **(22 : 47 - 57)**

അഗ്നിയിൽ ചാടിമരിക്കുകയോ, തൂങ്ങിമരിക്കുകയോ ചെയ്താലും തപ്തകൃച്ഛർത്ര പ്രായശ്ചിത്തത്താൻ ശുദ്ധമാകും. മരണാനുബന്ധ പുലയാ ചരിക്കേണ്ടതില്ലെന്നു പരാശരസ്മൃതി സൂചിപ്പിക്കുന്നു. ചെറിയ അശുദ്ധികൾക്ക് ഒന്നു രണ്ടു ദിവസത്തെ വ്രതമോ അശുദ്ധിയാചരണമോ ചെയ്താൽ മതിയാകുമെന്ന് പ്രചേതസ്സുകളും, ആപസ്തംബധർമ്മ ശാസ്ത്രവും നിർദ്ദേശിക്കുന്നു.



Scanned with CamScanner

### സ്നാനത്താൻ ശുദ്ധമാകുന്ന അശുദ്ധി

(58) തൂങ്ങി മരിച്ചാൽ ആ കയർ മുറിച്ച്, തപ്തകൃച്ഛ്രം സമർപ്പിച്ച് ബന്ധുക്കൾക്ക് ശുദ്ധരാകാം. (59) തുടർന്ന്, മരിച്ച വ്യക്തിയെ സംസ്കരിച്ചവരും (60) കൂടെ നിന്നു ദുഃഖിച്ചവരും (61) മരിച്ചവ്യക്തിയുടെ എല്ലാ ബന്ധുക്കളും ഒരുമിച്ച് ദുഃഖിച്ചവരും കുളിച്ച് (62) പിന്നീട് അസ്ഥിസഞ്ചയനവും സ്നാനവും നടത്തുക. (63) ശൂദ്രന്റെജഡം ബ്രാഹ്മണൻ ദഹിപ്പിച്ചാൽ നദിയിൽ കുളിച്ച്, വെള്ളത്തിൽ നിന്നുകൊണ്ട് മൂന്നു പ്രാവശ്യം അഘമർഷണ മന്ത്രം ചൊല്ലി, സ്നാനാനന്തരം 8000 പ്രാവശ്യം ഗായത്രീമന്ത്രം ജപിക്കുക. (64) ബ്രാഹ്മണന്റെ ജഡമാണ് ബ്രാഹ്മണൻ ദഹിപ്പിച്ചതെങ്കിൽ 800 പ്രാവശ്യം ഗായത്രി ജപിക്കണം (65) എല്ലാ ബന്ധുക്കളും സ്നാനം ചെയ്യണം (66) ദഹിപ്പിക്കുന്ന വേളയിൽ ചിതാധൂമം ഏറ്റവരെല്ലാം (ബന്ധുക്കളല്ലെങ്കിലും) സ്നാനം ചെയ്യണം.

(67) മൈഥുന വേളയിൽ - ദുഃസ്വപ്നം കണ്ടാൽ-ഛർദിച്ചാൽ, (68) ഏതു ദിവസവും മുടി മുറിച്ചാൽ (69) ശവം, രജസ്വല, ചണ്ഡാലൻ, ഇവരെ സ്പർശിച്ചാൽ (70) വർജിക്കപ്പെട്ടഭക്ഷണം കഴിച്ചാൽ, ജന്തുക്കളുടെ ശവം, അവയുടെ അസ്ഥി, മൃഗക്കൊഴുപ്പ്, (71) ഇവ സ്പർശിച്ചാൽ വസ്ത്രം നനച്ചലക്കി സ്നാനം ചെയ്ത് ശുദ്ധമാകണം. (22 : 58 - 71)

### പലവിധ അശുദ്ധിക്കുള്ള പ്രായശ്ചിത്തങ്ങൾ

മരണവും പ്രസവവും മൂലം മാത്രമല്ല അശുദ്ധിയും അശൗചവുമുണ്ടാകുന്നത്. പലതരത്തിലുള്ള അശുദ്ധികളുണ്ട്. ജഡം സ്പർശിച്ചാലും, മദ്യം കഴിച്ചാലും, അസഭ്യഭാഷണത്താലും, വൃത്തിഹീനമായ ഭക്ഷണം കഴിച്ചാലും, ഋതുമതിയായ സ്ത്രീയെ സ്പർശിച്ചാലും, ഛർദ്ദിച്ചാലും, മ്ലേച്ഛന്റെ കൂടെ ജീവിച്ചാലും, മധ്യമപാതകങ്ങൾ ചെയ്താലുമെല്ലാം അശുദ്ധിയുണ്ട്. ആ അശുദ്ധികൾക്കെല്ലാം ശുദ്ധീകർമ്മവുമുണ്ട്. അതിന്റെ വിവരണങ്ങൾ വിഷ്ണുധർമ്മശാസ്ത്രത്തിന്റെ 72 മുതൽ 86 വരെ വരികളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(72) രജസ്വലയായസ്ത്രീ നാലാം ദിവസം ശുദ്ധയായിത്തീരുന്നു. (73) രജസ്വലയേയും ഹീനകർമ്മം ചെയ്യുന്നവനേയും സ്പർശിച്ചാൽ ശുദ്ധിയാകുന്നതുവരെ (കുളിക്കുന്നതുവരെ) ഭക്ഷണം കഴിക്കരുത് (74) ഏതു വർണത്തിൽപ്പെട്ട രജസ്വലയെയും ഹീനകർമ്മം ചെയ്യുന്നവനേയും സ്പർശിച്ചാലും കുളിച്ചതിനുശേഷമേ ശുദ്ധമാകൂ. (75) നിഷേധിച്ചഭക്ഷണം കഴിച്ചാൽ, നിഷേധസ്ഥലത്ത് ഉറ



Scanned with CamScanner

ങ്ങിയാൽ, നിഷേധിച്ചത് കുടിച്ചാൽ, നിഷേധസ്ഥലത്ത് കുളിച്ചാൽ, വസിച്ചാൽ, വാഹനമുപയോഗിച്ചാൽ, മൂത്രമൊഴിച്ചാൽ, അസ്ഥി സ്പർശിച്ചാൽ, ആചമനം ചെയ്ത് ശുദ്ധിയാകണം (76) ചണ്ഡാലനുമായും മ്ലേച്ഛനുമായും സഹവർത്തിത്വത്തിനും ഇതാണ് ശുദ്ധിക്കുള്ള ആചാരാനുഷ്ഠാനം. (77) നാഭിക്കുതാഴെ സ്പർശിച്ചാലും, മലിനവസ്തുക്കൾ സ്പർശിച്ചാലും, മദ്യം, മത്സ്യം, മാംസം, വൃത്തകെട്ട മണ്ണ് ഇവ സ്പർശിച്ചാലും ആ ഭാഗം ജലംകൊണ്ടു കഴുകിയാൽ ശുദ്ധമാകുന്നു. (78) വൃത്തിഹീനമായത് ശരീരത്തിൽ നിലനില്ക്കുന്നുവെങ്കിൽ മണ്ണുപയോഗിച്ച് വെള്ളംകൊണ്ടു കഴുകിശുദ്ധിയാക്കണം (79) മേൽ വിവരിച്ച അശുദ്ധിയിൽ ധരിച്ചിരുന്ന വസ്ത്രവും അലക്കി, പിന്നീട് പഞ്ചഗവ്യവും സേവിക്കണം (80) ഇതുപോലുള്ളതിനെല്ലാം ശുദ്ധികർമ്മം ഇതാണ്. (81) പന്ത്രണ്ടുതരത്തിലുള്ള മലങ്ങൾ ഉണ്ട്, വസ, ശുക്ളം, രക്തം, മജ്ജ, മൂത്രം, മലം, ചെവിയിലുണ്ടാകുന്ന മെഴുക്, നഖം, കഫം, കണ്ണുനീർ, കൺപീള, വിയർപ്പ് ഇവയാണത്. (82) ശർക്കരയിൽ നിന്നുണ്ടാക്കുന്നത്, തേനിൽ നിന്നുണ്ടാക്കുന്നത്. ധാന്യങ്ങളിൽ നിന്നുണ്ടാക്കുന്നത് ഇവയാണ് മൂന്നുതരം മദ്യം. ഇവയെല്ലാം ബ്രാഹ്മണർക്ക് നിഷിദ്ധമാണ് (ഇവയെല്ലാം അവർ സ്പർശിച്ചാലും ഉപയോഗിച്ചാലും അശുദ്ധിയുണ്ടാകുന്നു). (83) മദ്യത്തിന്റെ ഭേദങ്ങൾ : മധൂകപുഷ്പം, കരിമ്പ്, ശർക്കര, ഞാവൽപ്പഴം, ഈന്തപ്പഴം, ചക്കപഴം, മുന്തിരി, തേൻ, ധാതുപുഷ്പം, ധാന്യം, നാളികേരജലം, കേരവൃക്ഷം, പന ഇവയിൽ നിന്നെല്ലാം ഉണ്ടാക്കുന്നതത്രെ മദ്യം. (84) ഈ മദ്യമൊന്നും ബ്രാഹ്മണർ ഉപയോഗിക്കരുത്. ക്ഷത്രിയവൈശ്യർക്ക് ഇതിൽ അശുദ്ധിയില്ല. (85) ഗുരുവിന് അന്ത്യകർമ്മം ചെയ്യുവാൻ അവകാശികളില്ലെങ്കിൽ ശിഷ്യന്മാർ പുത്രനെപോലെ പത്തുദിവസവും കർമ്മം നടത്തി ശുദ്ധിയാകണം. (86) ആചാര്യൻ, ശിഷ്യൻ, പിതാവ്, മാതാവ്, ഗുരു ഇവരുടെ അന്ത്യകർമ്മങ്ങൾ വ്രതത്തോടെ ആചരിക്കണം. **(22 : 72 - 86)**

**മാനസീക പരിശുദ്ധിക്കുള്ള മാർഗനിർദ്ദേശങ്ങൾ**

(87) ബ്രഹ്മചര്യവ്രതമനുഷ്ഠിക്കുന്നവർ വ്രതാവസാനംവരെ മരിച്ച ബന്ധുവിന്റെ ഉദകക്രിയ ചെയ്യരുത്. വ്രതാവസാനത്തിനുശേഷം ഉദക ക്രിയ നടത്തി മൂന്നു രാത്രികൊണ്ട് ശുദ്ധിനേടാം. (88) ആത്മാവിനെയും ശരീരത്തേയും ശുദ്ധീകരിക്കുന്നത് അറിവ്, തപസ്, അഗ്നി, ഹോമം, ശുദ്ധമായ ആഹാരം, മനസ്, ജലം, പശു



Scanned with CamScanner

വിന്റെ ഉൽപന്നങ്ങൾ (ഗോമയം), വായു, നല്ല കർമ്മം, നല്ലകാലം, സൂര്യപ്രകാശം എന്നിവയാകുന്നു. (89) എല്ലാ ശൗചത്തേക്കാളും പ്രധാനം ശുദ്ധമായ ഭക്ഷണമാണ്. (ആഹാര ശുദ്ധിയാണ്) അന്നത്തിനുള്ള ശുദ്ധിപോലെ പ്രധാനമാണ് ജലശുദ്ധിയും. (91) ഖര പദാർത്ഥങ്ങൾ ജലത്താൽ ശുദ്ധമാകുന്നു. നദിവേഗതകൊണ്ട് ശുദ്ധമാകുന്നു, രജസ്വലയാകുന്നതോടെ സ്ത്രീയും, മനപരിവർത്തനത്തിലൂടെ ദുഷ്ടനും, ത്യാഗത്തിലൂടെ ബ്രാഹ്മണശ്രേഷ്ഠനും ശുദ്ധരാകുന്നു. (92) സ്നാനത്താൽ ശരീരവും, സത്യത്താൽ മനസ്സും ശുദ്ധമാകുന്നു. വിദ്യാ തപസ് ഇവകൊണ്ട് ആത്മാവും, ബുദ്ധി, ജ്ഞാനം കൊണ്ടും ശുദ്ധമായിത്തീരുന്നു. (93) ശരീരവുമായി ബന്ധപ്പെട്ട ശുദ്ധികർമ്മം വ്യക്തമായി വിവരിച്ചു. ഇനി വിവിധ ദ്രവ്യങ്ങളുടെ ശുദ്ധിപരിശോധിക്കാം. **(22 : 87 - 93)**

ഏറ്റവുമധികം പരിശുദ്ധമാകേണ്ടത് മനസ്സാണെന്നു വിവരിക്കുന്നു. മനസ്സുകൊണ്ട് തെറ്റായി ധരിച്ചിട്ടുണ്ടെങ്കിൽ മൂന്നു ദിവസം വ്രതമനുഷ്ഠിക്കണമെന്ന് വസിഷ്ഠ സ്മൃതി പറയുന്നു. എല്ലാ സ്മൃതികളും ഒരേപോലെ നിർദ്ദേശിക്കുന്നു. **മനഃപൂതം സമാചരേത** എന്ന്. മനഃസ്സിനെ ശുദ്ധീകരിക്കുന്ന കർമ്മം ചെയ്താലും. ജ്ഞാനാഗ്നി എല്ലാ കർമ്മത്തേയും പാപത്തേയും ഭസ്മമാക്കുമെന്ന് അർജ്ജുനനോട് ശ്രീകൃഷ്ണൻ പറഞ്ഞതും ഉദ്ധരിച്ച് ആചാര്യൻ വിവരണം അവസാനിപ്പിച്ചു.

### ദ്രവ്യശുദ്ധീകരണ പ്രക്രിയകൾ

വിഷ്ണു ധർമ്മശാസ്ത്രത്തിലെ ഇരുപത്തിമൂന്നാം അദ്ധ്യായം ദ്രവ്യശുദ്ധിയെക്കുറിച്ചാണ് വിവരിക്കുന്നത്. വളരെ ലളിതമായ വിവരണങ്ങളായതിനാൽ വ്യഖ്യാനത്തിന്റെ ആവശ്യമില്ല.

(1) ശരീരത്തിനകത്തും (മദ്യം, മാംസം ഭക്ഷിക്കുന്നതിലൂടെ) പുറത്തുമുണ്ടാകുന്ന അശുദ്ധി അത്യന്തം ശ്രദ്ധയോടെ പരിഹരിക്കണം (2) സ്വർണം, വെള്ളി, തുടങ്ങിയ ലോഹങ്ങളും ധാതുക്കളും അഗ്നിയിൽചൂടാക്കി ശുദ്ധിചെയ്യണം. (3) മാണിക്യം, മരതകം തുടങ്ങിയവയെല്ലാം മണ്ണിൽ കുഴിച്ചിട്ട് ശുദ്ധിചെയ്യണം (4) കൊമ്പ്, പല്ല്, അസ്ഥി തുടങ്ങിയവ തക്ഷണം കൊണ്ട് ശുദ്ധിയാകുന്നു (5, 6) മരപ്പാത്രങ്ങളും മൺപാത്രങ്ങളും കളയാവുന്നതാണ്. വസ്ത്രങ്ങൾ കഴുകിയലക്കിയെടുത്താൽ ശുദ്ധമാകുന്നു. (7) സ്വർണം, വെള്ളി, ലോഹസങ്കരങ്ങൾ എന്നിവ കഴുകിവൃത്തിയാക്കി ശുദ്ധിചെയ്യാം (8) കല്ലുകൊണ്ടുള്ളതും, തവികൾ, കൈപ്പാത്രം, (9) പാത്രങ്ങൾ, ചട്ടുകങ്ങൾ, ചൂടുവെള്ളത്തിൽ കഴുകി ശുദ്ധിയാക്കണം. (10) യജ്ഞത്തിനുള്ളതും യാഗത്തിനുള്ളതുമായ പാത്രങ്ങൾ



Scanned with CamScanner

കൈയ്യിലെടുത്ത് ജലം തളിച്ചാൽ ശുദ്ധമാകും (11) ചൂല്, മുറം, വാഹനം, കുന്തം, ഉരല്, ഉലക്ക, ജലം പ്രോക്ഷണം ചെയ്ത് ശുദ്ധ മാക്കാം.

(12) കിടക്ക, വാഹനം, കസേര എന്നിവയും (13) മറ്റുള്ളവയും ജലം തളിച്ച് ശുദ്ധമാക്കണം (14) ധാന്യങ്ങൾ, കയറ്, നൂല്, കമ്പി ളി, വസ്ത്രം എന്നിവയും (15) സസ്യ ഉൽപ്പന്നങ്ങൾ, കിഴങ്ങു വർഗങ്ങൾ, ഫലങ്ങൾ, പുഷ്പങ്ങൾ, (16) പുല്ല്, വിറക്, ചമത എന്നിവയും (17) ഇപ്രകാരമുള്ളവ ജലം തളിച്ചും (18) കുറച്ചാ ണെങ്കിലും കൂടുതലാണെങ്കിലും (ഇത്തരത്തിൽ ശുദ്ധമാക്കണം) (19) ഉപ്പുപാത്രം, കമ്പിളി, (20) കേടു പറ്റാത്തവയും എളുപ്പത്തിൽ നശിക്കാത്തധാന്യങ്ങളും, (21) പട്ടുനൂൽ, പട്ടുവസ്ത്രം, ചണ വസ്ത്രം (22) വെളുത്ത കടുക് തുടങ്ങിയവയും പ്രത്യേകതരം പട്ടുവസ്ത്രം എന്നിവയും കൂവളത്തിന്റെഫലം അല്ലെങ്കിൽ ഇല കൊണ്ട് ശുദ്ധമാക്കാം.

(23) കൊമ്പ്, പല്ല് എന്നിവയുള്ളവസ്തുക്കൾ മുമ്പുവിവരിച്ചതു പോലെയും (24) രോമംകൊണ്ടുള്ളത്, താമരപൂവ്/വിത്ത് വിത റിയും, (25) ചെമ്പ്, പിത്തള, ഈയം അടങ്ങിയപാത്രങ്ങൾ പുളിവെള്ളം കൊണ്ടും (26) വെളുത്തീയമടങ്ങിയത് ഭസ്മം കൊണ്ടും (27) മരഉപകരണങ്ങൾ പൊളിച്ച് മാറ്റുന്നതോടെയും ഉരച്ചുകഴുകുന്നതിലൂടെയും (28) നാളികേരം തുടങ്ങിയഫലങ്ങൾ പശുവിന്റെ വാല് സ്പർശിക്കുന്നതിലൂടെയും ശുദ്ധമാകുന്നു (29) പലതും കൂടിചേർത്ത് (വലുതായ) സാധനങ്ങൾ (പുണ്യാഹ) ജലപ്രോക്ഷണം കൊണ്ടും (30) പാൽ, തൈര്, നെയ്യ്, എണ്ണ എന്നീ ദ്രവ്യങ്ങൾ ചൂടാക്കുന്നതിലൂടെയും ശുദ്ധമായിത്തീരുന്നു. (31) ശർക്കര തുടങ്ങിയ ഗൃഹോപയോഗ വസ്തുക്കളിൽ ജലാം ശംകൊണ്ട് പ്രോക്ഷണം ചെയ്തോ, ദർഭ കത്തിച്ച് ചുഴറ്റിയോ (32) എല്ലാത്തരം ലവണങ്ങളും (33) പാകം ചെയ്യുന്നമൺപാത്ര ങ്ങൾ (34) വിഗ്രഹങ്ങൾ അതാതുവിഷയത്തിൽ വിവരിച്ചിരിക്കു ന്നതുപോലെയും ലേപനം കൊണ്ടും, പ്രോക്ഷണം കൊണ്ടും ശുദ്ധിയാകുന്നു. (35) അശുദ്ധിയുള്ളദ്രവ്യങ്ങളാൽ അന്നത്തിന് അശുദ്ധിയുണ്ടാകുകയാണെങ്കിൽ ആ ഭാഗത്തുള്ള അന്നം കളഞ്ഞ് ബാക്കി ഉപയോഗിക്കാവുന്നതാണ്. (36) കാക്ക മുതലായവ കൊത്തിയഭാഗത്തുള്ള (പല്ലി തുടങ്ങിയവ സ്പർശിച്ചതും) അന്നം കളഞ്ഞ് ബാക്കിയന്നം അശുദ്ധമല്ല. (37) അശുദ്ധമായ ഭാഗത്തി ലുള്ളത് കളഞ്ഞ് ബാക്കിഭാഗം ഗായത്രീമന്ത്രം ജപിച്ച് ഉപസ്ത



Scanned with CamScanner

രണം ചെയ്തും ശുദ്ധിയാക്കുന്നു. (38) പക്ഷി, പശു, കീടം, തല മുടി, എന്നിവയുടെ സ്പർശനമുണ്ടായാൽ തത് ഭാഗം കളഞ്ഞ് ബാക്കിഭാഗം ശുദ്ധീകരിച്ച് ഉപയോഗിക്കാം. (39) ദുർഗന്ധമുള്ള അവശിഷ്ടദ്രവ്യങ്ങൾ ശുദ്ധീകരണം അസാദ്ധ്യമായതിനാൽ തിര സ്കരിക്കുകയാണുത്തമം. (40) ആട്, കുതിര, പശു, മനുഷ്യൻ, എന്നിവയുടെ ഉച്ഛിഷ്ടങ്ങൾ സ്പർശിച്ചഭാഗം തിരസ്കരിച്ച് ബാക്കിഭാഗം ചന്ദ്രസൂര്യപ്രകാശത്താൽ ശുദ്ധീകരിക്കാവുന്നതാണ്. (41) രഥം, പൊതു കുളം/കിണറിലെ ജലം, അശുദ്ധിയുള്ള വർ സ്പർശിച്ചതും, കാക്ക, കോഴി, കുതിര എന്നിവ സ്പർശിച്ച ത്, ഇഷ്ടിക, ചിത എന്നിവയും കാറ്റടിച്ചാൽ സ്വയം ശുദ്ധമാകു ന്നു. (42) എല്ലാജീവികളും, മനുഷ്യനെപോലെ കുളി (പ്പി) ച്ചാൽ ശുദ്ധമാകും (43) ഭൂമിയിലുള്ളദ്രവ്യങ്ങൾ, കെട്ടിക്കിടക്കുന്ന ജലം, കല്ലിൽ നിന്നുണ്ടായത്, ഭൂമിയിൽ നിന്നെടുത്ത (കുളം/കിണർ) ജലം പുണ്യകർമ്മത്തിനു യോഗ്യമാണ്. മലകളിൽ നിന്നും വന്ന ത്, പശു സ്പർശിച്ചത് ഇവ വൃത്തിയുള്ളതാണെങ്കിൽ ശുദ്ധമാണ്. (44) നല്ല കിണറ്റിൽ നിന്ന് കോരിയെടുത്ത ജലം വസ്ത്രത്തി ലരിച്ചെടുത്താൽ ശുദ്ധമാണ് (45) ഇത്തരത്തിലുള്ള എല്ലാ സ്രോത സ്സുകളിൽ നിന്നുമെടുക്കുന്ന ജലം നല്ലവണ്ണം ചൂടാക്കിയുപയോ ഗിക്കണം. പഞ്ചഗവ്യം തളിച്ചും ശുദ്ധമാക്കാം. (46) വൻജലാശയം, കെട്ടിക്കിടക്കുന്ന വെള്ളം ഭൂമിയിൽ മറ്റെവിടുന്നെടുക്കുന്നജലമാ യാലും അതിനേക്കാൾ, കുറവുകളില്ലാത്ത ശുദ്ധമായജലം കിണർവെള്ളമാണ്. (47) ജലത്തെക്കുറിച്ച് ഉപയോഗിച്ചറിവുള്ള ബ്രാഹ്മണർ അഥവാ അറിവുള്ളവർ കൽപിക്കുന്ന/പറയുന്ന ജലവും ശുദ്ധമാണ്. അത് നമ്മൾക്കണ്ടറിഞ്ഞിട്ടില്ലാത്തതാണെ ങ്കിലും ഉപയോഗിക്കാം (48) നിത്യവും ശുദ്ധമായത്, ഭക്ഷണപ ദാർത്ഥങ്ങളുണ്ടാക്കാൻ ഉപയോഗിക്കുന്നത്; വിപണിയിൽ ക്രയ വിക്രയം ചെയ്യുന്നത് നല്ല ഒഴുക്കുള്ള നദിയിൽ കഴുകിയത് എല്ലാ വരും കുടിക്കുന്ന വെള്ളത്തിൽ കഴുകിയത് കൂടാതെ ഇത്തരത്തി ലുള്ളജലവും ശുദ്ധമാണ്.

(49) സ്ത്രീകൾ കുളിച്ചതിനുശേഷവും, നിരന്തരം പക്ഷികൾ വന്നി രിക്കുന്നതുകൊണ്ടും നല്ലഫലങ്ങൾ നൽകുന്നതുകൊണ്ടും വൃക്ഷ ങ്ങളും, കുഞ്ഞു ജനിക്കുന്നതുകൊണ്ട് മൃഗങ്ങളും, ശുദ്ധരാകുന്നു. (50) പശുവിന്റെപിൻവശവും കുതിരയുടെമുഖവും, വളർത്തികുളി പ്പിക്കുന്ന മൃഗങ്ങളും സാമാന്യഭാഷയിൽ ശുദ്ധമാണ്. (51) എല്ലാ ജന്തുക്കളുടേയും മലം/വിസർജ്ജ വസ്തുക്കൾ സ്പർശിച്ചാൽ



Scanned with CamScanner

കഴുകിക്കളഞ്ഞ് കുളിച്ചാൽ ശുചിയാകുന്നു (52) തേനീച്ച, പശു, ആന, അശ്വം, ഒട്ടകം, ഭൂമി, വായു, അഗ്നി, പൂച്ച ഇവക്ക് അശുദ്ധിയില്ല. (53) ഉമിനീര്, ഉച്ഛിഷ്ടം, രോമം, വായിലെ/നാക്കിലെ അഴുക്ക് (54) കാൽപാദം, പാദത്തിലെ മണ്ണ് ഇവ സ്ഥിരം അശുദ്ധിയുള്ളതാണ്. (55) ഊണുകഴിക്കുന്ന/ഉച്ഛിഷ്ട കൈകൊണ്ട് ദ്രവ്യം സ്പർശിച്ചാൽ കഴുകിവൃത്തിയാക്കി ശുദ്ധജലം തളിച്ച് ശുദ്ധമാക്കണം (56) പുസ്തകം, ഗൃഹം, ഇവ ജലംതളിച്ചും, ചാണകം ഉപയോഗിച്ചും മന്ത്രത്തോടെ ജലത്തുള്ളികൾ തളിച്ചും ശുദ്ധമാക്കണം. പൂജിച്ചും, നീരാഞ്ജനം കൊണ്ടും, പുണ്യവരികളെഴുതിയും ശുദ്ധമാക്കാം. പഞ്ചഗവ്യം കൊണ്ടും ശുദ്ധമാക്കാം (57) ഒരുരാത്രി പശുവിനെ കെട്ടിയാൽ ആ ഭൂമി (പുരയിടം) ശുദ്ധമാകും. വലിയ കുഴി ഉണ്ടാക്കി പുല്ല്, ഇലകത്തിച്ചും ഭൂമി-ശുദ്ധമാക്കാം. (58) പശുവിനെ കെട്ടി യജ്ഞസ്ഥലം ശുദ്ധമാക്കാം, ഗോമൂത്രം, ചാണകം, പാല്, തൈര്, നെയ്യ് ഇവകൊണ്ടു സ്പർശിച്ചും ശുദ്ധമാക്കാം. 59. മേൽപറഞ്ഞതും പശുവിന്റെ കൊമ്പിൽ തളിച്ച വെള്ളവും എല്ലാ അശുദ്ധിയും ഇല്ലാതാക്കും (60) എല്ലാവിധ അശുദ്ധിയും പശുവും പശുവിന്റെ പാല് മുതലായ ഉൽപന്നങ്ങളും ഉപയോഗിച്ച് പരിഹരിക്കാവുന്നതാണ്. (61) ഗംഗാ, ലക്ഷ്മീദേവി ഇവയെല്ലാം പശുവിനു തുല്യമാകയാൽ ഇവ മൂന്നിനേയും പ്രണമിക്കുന്നു. **(23 : 1 - 61)**

കലാവസ്തുക്കളെല്ലാം വൃത്തിയായിക്കഴുകിയാൽ ശുദ്ധമാകുമെന്ന് ബ്രഹ്മാണ്ഡപുരാണം പറയുന്നു. വീട്, സോപാനം, വാഹനം, സാധനങ്ങൾ, ആസനം എന്നിവ സ്വയമേവ ശുദ്ധമാണെന്ന് ദേവലസ്മൃതി സൂചിപ്പിക്കുന്നു. ഇതേ സ്മൃതിയിൽ വൃത്തിയുള്ള ദ്രവ്യങ്ങൾ ശുദ്ധീകരിക്കുവാൻ ജല പ്രോഷണം മതിയാകുമെന്നുമറിയിക്കുന്നു. ബൗധായന ധർമ്മശാസ്ത്രപ്രകാരം മൺപാത്രങ്ങൾ വീണ്ടും ചൂടാക്കിയാൽ ശുദ്ധമാകുമെന്ന് നിർദ്ദേശിക്കുന്നു. ആട്, പശു, എരുമ ഇവ പ്രസവിച്ചതിനുശേഷം പത്തുദിവസം കഴിഞ്ഞാലേ ശുദ്ധമാകൂവെന്ന് ദേവലസ്മൃതിയും ശംഖസ്മൃതിയും വ്യക്തമാക്കുന്നു.

**കുടുംബബന്ധങ്ങളിലൂടെ വിവാഹവേദിയിലേക്ക്**

സാമൂഹ്യശാസ്ത്രാചാര്യന്റെ പഠനവേദിയിലേക്കാണ് നാമിനി പോകുന്നത്. ഭാരതത്തിലെ കുടുംബബന്ധങ്ങളെക്കുറിച്ചു വിവരിച്ചു. വിവിധ വർണങ്ങൾ തമ്മിലുള്ള വിവാഹത്തിലൂടെയുണ്ടാകുന്ന പുത്രന്മാരുടെ ജാതി, ഉത്തരവാദിത്വം, കർമ്മമണ്ഡലം, അവർക്ക് പിതൃസ്വത്തിനുള്ള അർഹതയെന്നിവയെക്കുറിച്ചുള്ള നിയമാവലികളും സവിസ്തരം വിവ

രിച്ചു. ആചാരങ്ങൾ വിഷ്ണുധർമ്മ ശാസ്ത്രവരികളെ ആധാരമാക്കി വിവരിച്ചു. പിതൃ പ്രേതകർമ്മത്തിന്നുള്ള അർഹതയും പുല ആചരിക്കേണ്ട രീതിയും പഠിച്ചു കഴിഞ്ഞ് മനുഷ്യരുടേയും മൃഗങ്ങളുടേയും, ദ്രവ്യങ്ങളുടേയും, ശുദ്ധിവരുത്തേണ്ടതിനെക്കുറിച്ചും നാമറിഞ്ഞു. ഓരോ നിർദ്ദേശങ്ങളും പരസ്പരം പൂരകവും പ്രായോഗികവുമാകുന്ന വിധത്തിൽ പല പുരാതന ആചാര്യന്മാരുടെ അഭിപ്രായങ്ങളും, ഇടക്കിടക്ക് വിവരങ്ങളിൽ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ഗൃഹസ്ഥകർമ്മങ്ങളുമായി ബന്ധപ്പെട്ടതാണീ വിവരണങ്ങളെല്ലാം. ഒന്നാം ഭാഗത്തിൽ രാഷ്ട്രത്തിലെ ധാർമ്മീക കാര്യങ്ങൾ വർണ-ആശ്രമ ധർമ്മങ്ങൾ രാജധർമ്മം, സാമ്പത്തീക വ്യവഹാരങ്ങൾ എന്നിവയെല്ലാം വിവരിച്ചതിനുശേഷമാണ് കുടുംബപരമായ വിഷയങ്ങളിലേക്ക് പഠന വിവരണങ്ങൾ കടന്നത്. അതിന്റെ തുടർച്ചയായിട്ടാണ് കുടുംബബന്ധങ്ങളുടെ ആധാരമായ വിവാഹവുമായി ബന്ധപ്പെട്ട വിഷയ വിവരണങ്ങൾ വരുന്നത് കന്യാദാനം എന്ന ശ്രേഷ്ഠദാനമായിട്ടാണ് ഈ കർമ്മം വിശേഷിപ്പിക്കപ്പെടുന്നത്. വിവാഹത്തിന്റെ നിയമങ്ങളാണ് **വിഷ്ണു ധർമ്മ ശാസ്ത്രത്തിലെ ഇരുപത്തിനാലാമദ്ധ്യായത്തിൽ** വിവരിക്കുന്നത്.

**വിവാഹ നിയമങ്ങളും വിവിധ വിവാഹങ്ങളും**

(1) ധർമ്മശാസ്ത്രാനുസാരമായി ബ്രാഹ്മണന് ഓരോവർണത്തിലുംപെട്ടവരിൽ നിന്നും ഓരോസ്ത്രീയെ വിവാഹം കഴിക്കാം. (2) ക്ഷത്രിയന് മൂന്നും (3) വൈശ്യന് രണ്ടും (4) ശൂദ്രന് ഒന്നും വീതമാകാം. ഇത് വർണത്തിൽ താഴെ വരുന്നവരിൽ നിന്ന് ഒന്നു വീതമത്രെ. (5) ഒരേവർണത്തിലുള്ള വിവാഹം പാണിഗ്രഹണത്തിലൂടെയും (6) ക്ഷത്രിയകന്യകയെ ജലം കയ്യിലൂടെയൊഴിച്ചും. (7) ദണ്ഡ് സ്പർശിച്ച് വൈശ്യകന്യകയേയും (8) വസ്ത്രമോ വീട്ടിൽ സഹവസിച്ചോ ശൂദ്രകന്യകയേയും ബ്രാഹ്മണന് വേൾക്കാം (9) ഒരേ ഗോത്രത്തിലും പ്രവരത്തിലുമുള്ള കന്യകയെ വിവാഹം കഴിക്കരുത് (10) അമ്മയുടെ ബന്ധത്തിൽ അഞ്ചു തലമുറക്കകത്തും അച്ഛന്റെതലമുറയിലെ ഏഴുതലമുറക്കകത്തും പെടുന്ന രക്തബന്ധം വിവാഹത്തിന് ചേർക്കരുത് (11) ദുഷ്ടകുലത്തിലുള്ളവൾ (12) വ്യാധിയുള്ളവൾ (13) അവയവങ്ങൾ (വിരൽ പോലെയുള്ളവ) അധികമുള്ളവൾ (14) അംഗവൈകല്യമുള്ളവൾ (15) ദുഷ്ടസ്വഭാവമുള്ളവൾ (16) അധികം സംസാരിക്കുന്നവൾ വിവാഹത്തിന് അത്യധികം ചേർന്നവളല്ല. (17) എട്ടു വിധവിവാഹങ്ങളുണ്ട് (18) ബ്രാഹ്മ-ദേവ-ആർഷ- പ്രാജാപത്യ-ഗാന്ധർവ-ആസുര-രാക്ഷസ-പൈശാച വിവാഹങ്ങൾ (19) എല്ലാ



Scanned with CamScanner

വരേയും ക്ഷണിച്ചുവരുത്തി കന്യാദാനം ചെയ്യുന്നത് ബ്രാഹ്മവിവാഹം (20) വേദപണ്ഡിതന്മാരുടെ സാന്നിദ്ധ്യത്തിൽ യജ്ഞത്തോടെനടക്കുന്ന വിവാഹം ദേവതം (21) രണ്ടുപശുക്കളോടും ചേർത്ത് അവയുടെ സാന്നിദ്ധ്യത്തിൽ ആചാരങ്ങളധികമില്ലാത്തവിവാഹം ആർഷം. (22) കന്യകയെ വിളിച്ചിറക്കി കൊണ്ടുപോകുന്നത് പ്രാജാപത്യം (23) മാതൃ-പിതൃ സാന്നിദ്ധ്യമില്ലാതെ കാമാന്ധതയാൽ നടക്കുന്ന ചേർച്ച ഗാന്ധർവം, (24) കന്യകയെ വിലയ്ക്കുവാങ്ങുന്നത് ആസുരം (25) യുദ്ധം ചെയ്ത് കന്യകയെ ബലാൽക്കാരമായി വരിക്കുന്നത് രാക്ഷസം. (26) ഉറങ്ങിക്കിടക്കുന്നകന്യകയെ അപഹരിച്ചുകൊണ്ടുപോകുന്നത് പൈശാചം. (27) ഇവയിൽ ആദ്ധ്യത്തെനാലെണ്ണം ധാർമ്മീകവിവാഹമാണ് (28) ഗാന്ധർവ വിവാഹം ക്ഷത്രിയർക്കാകാം. (29) ബ്രാഹ്മണ വിവാഹത്തിന് പുരുഷന് ഇരുപത്തൊന്ന് വയസ്സുതികയണം (30) ദേവ വിവാഹത്തിന് പുരുഷന് പതിനാലുവയസും (31) ആർഷത്തിന് വരന് ഏഴുവയസും (32) പ്രാജാപത്യ വിവാഹത്തിന് വരന് നാലു വയസും തികയണം. (33) ബ്രാഹ്മ വിവാഹത്തിലൂടെ കന്യാദാനം ചെയ്താൽ ബ്രഹ്മലോകവും (34) ദേവവിവാഹത്തിലൂടെ കന്യാദാനം ചെയ്താൽ സ്വർഗവും, (35) ആർഷത്തിലൂടെ വിഷ്ണുപദ പ്രാപ്തിയും (36) പ്രാജാപത്യത്തിലൂടെയാണെങ്കിൽ ദേവലോകവും (37) ഗാന്ധർവവിവാഹമാണെങ്കിൽ ഗന്ധർവലോകവും ലഭിക്കുന്നു. (40) ഋതുമതിയായതിനു ശേഷം മൂന്നു വർഷത്തിനുള്ളിൽ കന്യകക്ക് സ്വയംവരം (സ്വയം വരനെ തെരഞ്ഞെടുക്കുക) ചെയ്യാവുന്നതാണ്. അതിനുശേഷം നിശ്ചയിച്ച വിവാഹവും (41) അതിനുശേഷം സജാതീയമോ വിജാതീയമോ ആയ വിവാഹത്തിലേർപ്പെട്ടാലും അതിൽ ദോഷമില്ല (എല്ലാം സ്വയം വരിച്ചവനെത്തന്നെ വേണം) **(24 : 1 - 41)**

### വിവാഹത്തിലെ മാർഗനിർദ്ദേശങ്ങൾ

ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത് വിവാഹകർമ്മത്തിന്റെ ആത്മീയമോ ആചാരാന്തർഗതമോ ആയ ചടങ്ങുകളല്ല. വിവാഹനിയമങ്ങളാണ്. രാജ്യത്തിലെ നിയമവാഴ്ചയിൽ നിന്നുകൊണ്ട് നടത്തുന്നതും നടക്കുന്നതുമായ വിവാഹകർമ്മങ്ങൾക്ക് മാർഗനിർദ്ദേശങ്ങളാണിവിടത്തെ വിവരണവിഷയം. ഇവയിൽ പലതും ഉപദേശരൂപത്തിലുള്ളതാണ്. തെറ്റിച്ചാൽ ശിക്ഷയുണ്ടാകില്ലെങ്കിലും ചില കാര്യങ്ങൾ നിയമങ്ങൾക്ക് വിധേയമാണ്. അവയിൽ ചിലത് പുണ്യഫലത്തിന്റെ പിൻബലത്തോടെയും വിവരിക്കുന്നുണ്ട്. ഇവയിലേറ്റവും ശ്രദ്ധേയമായത് ഒരു വലിയ



Scanned with CamScanner

സദസ്സിൽ സ്വന്തം ഭർത്താവിനെ തെരഞ്ഞെടുക്കുവാൻ ഒരു കന്യകയ്ക്ക് നൽകുന്ന സ്വയംവരാവകാശമാണെന്നതും സ്മരണീയമാണ്.

അടുത്ത പഠനം സ്ത്രീധർമ്മത്തെക്കുറിച്ചാണ്. ഇതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. സ്ത്രീക്ക് ഭാരതത്തിൽ സ്വാതന്ത്ര്യമില്ലെന്ന ധാരണയുണ്ട്. സ്ത്രീക്ക് സ്വയം പുരുഷനെ വരിക്കാനുള്ള സ്വാതന്ത്രമുണ്ടെന്നു മാത്രമല്ല, രാജാവിനോടൊപ്പം രാഷ്ട്ര കാര്യങ്ങൾ ചെയ്യുവാനും തീരുമാനമെടുക്കുവാനും രാജ്ഞിമാർക്കധികാരമുണ്ട്. ഭാരതത്തിൽ മാത്രമാണ് സ്ത്രീദേവതാ സങ്കൽപങ്ങളുള്ളത്. സ്ത്രീശക്തിയുടെ രൂപമായിത്തന്നെ ആരാധിക്കപ്പെടുന്നത്. ഐശ്വര്യം, വിജയം, ധീരത, കീർത്തി ഇവയെല്ലാം സ്ത്രൈണഭാവത്തിലുള്ളതാണ് ത്രിമൂർത്തികൾക്ക് ജന്മം നൽകിയതുപോലും മഹാമായ എന്ന മാതൃസങ്കൽപമാണ്. പ്രപഞ്ചപുരുഷ സങ്കൽപത്തിനു സമാന്തരമാണ് പ്രകൃതിദേവീ സങ്കൽപം. ഭാരതത്തെ മാതാവായും ഗുരുപത്നി, രാജപത്നി, ജ്യേഷ്ഠപത്നി എന്നിവരെയൊക്കെ മാതൃഭാവത്തിലും ആരാധിക്കുന്നു. ഭാരതത്തിലെ പ്രധാന രണ്ടിതഹാസങ്ങളുടെ രചനക്കും അടിസ്ഥാനകാരണം സ്ത്രീകളാണ്. മന്ദരയും, കൈകേയിയും, സീതയുമാണ് രാമായണത്തിലെ പ്രകടമായ സ്ത്രീശക്തികൾ. അവരാണ് രാമായണത്തിന് ജന്മം നൽകിയതുപോലും കൗസല്യയും, ഊർമ്മിളയും, താരയും, ശബരിയും, മണ്ഡോദരിയും ധാർമ്മീക മൂല്യങ്ങളുടെ മകുടോദാഹരണമാണ്. കുന്തിയും ഗാന്ധാരിയും ദ്രൗപദിയുമാണ് മഹാഭാരതഗ്രന്ഥ സ്യഷ്ടാക്കൾ. ഇതെല്ലാം സൂചിപ്പിക്കുന്നത് ഭാരതീയ വനിതകളുടെ മഹത്വമാണ്. അവർ ധർമ്മബോധമുള്ളവരായിരുന്നു. അവരുടെ ധർമ്മബോധത്തിന്റെ അടിസ്ഥാനം നിരന്തരം സ്വീകരിക്കപ്പെടുന്ന ധർമ്മശാസ്ത്രസന്ദേശഗ്രന്ഥങ്ങളുമാണ്. അനവധി ധർമ്മശാസ്ത്രങ്ങളിൽ സ്ത്രീധർമ്മത്തെക്കുറിച്ചു വിവരിച്ചിരിക്കുന്നത് വിഷ്ണു ധർമ്മശാസ്ത്രത്തിൽ സംക്ഷിപ്തമായി നൽകിയിരിക്കുന്നു.

സമൂഹശാസ്ത്രാചാര്യൻ സ്ത്രീധർമ്മത്തെക്കുറിച്ച് ഇത്രയും പറഞ്ഞതിനുശേഷം വിഷ്ണുധർമ്മശാസ്ത്രത്തിലെ **ഇരുപത്തിയഞ്ചാം അദ്ധ്യായം** വിവരിച്ചു.

(1) ഇനി സ്ത്രീകളുടെധർമ്മം വിവരിക്കാം (2) ഭർത്താവിന് സമാനമായ ചിന്താഗതിയും കുടുംബവും ഉണ്ടായിരിക്കണം. ഭർതൃനന്മക്കുള്ള വ്രതാനുഷ്ഠാനങ്ങളും (3) ഭർത്താവിന്റെ മാതാപിതാക്കളേയും, ഗുരുവിനേയും, ദേവതകളേയും ശുശ്രൂഷിക്കുകയും ആരാധിക്കുകയും (4) കുടുംബ സംസ്കാരം നിലനിർത്തുകയും വേണം. (5) ആവശ്യത്തിന് മാത്രമുള്ളധനവിനിയോഗം (ആഡം



Scanned with CamScanner

ബരമൊഴിവാക്കിയ ജീവിതത്തിന് മാർഗദർശകമാകാൻ) (6) ഗൃഹത്തിലെ എല്ലാ മൂല്യവത്തായസാധനങ്ങളും സംരക്ഷിക്കുക (7) മറ്റുള്ളവരുടെ ആഡംബരത്തിനു തുല്യമായതെല്ലാം സ്വന്തമാക്കാനുള്ള ആഗ്രഹം ഒഴിവാക്കുക. (8) മംഗളകരമായ ആചാരങ്ങളനുഷ്ഠിക്കുക (9) ഭർത്താവ് ദേശവിദേശയാത്രയിലായിരിക്കുമ്പോൾ ആ കർമ്മങ്ങളുടെ ഉത്തരവാദിത്വമേറ്റെടുത്ത് പ്രവർത്തിക്കുക (10) ആവശ്യമില്ലാതെ ഒറ്റക്ക് മറ്റു ഗൃഹസന്ദർശനങ്ങളൊഴിവാക്കുക (11) വാതിലിന്റെ പടിയിൽ, ജനലിൽ, പ്രവേശന ദ്വാരത്തിൽ (ഗേറ്റിൽ) ഇരിക്കുന്നതും നിൽക്കുന്നതും ഒഴിവാക്കുക. (12) പലകർമ്മങ്ങളും മറ്റുള്ളവരോടു ചർച്ചചെയ്ത് ചെയ്യുക (ബാക്കിയുള്ളത് സ്വതന്ത്രമായും) (13) ബാല്യ, കൗമാര, യൗവന, വാർദ്ധക്യങ്ങളിൽ പിതൃ-ഭർതൃ-പുത്ര സംരക്ഷണത്തിൽ (യഥാക്രമം) ജീവിക്കുക (14) ഭർത്താവ് മരിച്ചാൽ ബ്രഹ്മചര്യമോ സന്യാസ പദവിയോ സ്വീകരിക്കുക (15) കുടുംബ-ഭർതൃ സംരക്ഷണ ചുമതല നിർവഹിക്കുന്നതിലൂടെ പരമമായ യജ്ഞാനുഷ്ഠാനത്തേക്കാൾ മഹത്തായസ്വർഗലബ്ധിയുണ്ടാകുന്നതിനാൽ പ്രത്യേകയജ്ഞങ്ങളനുഷ്ഠിക്കേണ്ടതില്ല (16) ഭർത്താവുള്ളപ്പോൾ ഭർത്താവിനോടൊപ്പം അനുഷ്ഠിക്കുക (17) ഭർതൃമരണശേഷം ബ്രഹ്മചര്യമനുഷ്ഠിക്കുന്നസ്ത്രീകൾ പിണ്ഡകർമ്മാദികളനുഷ്ഠിക്കുവാൻ മക്കളില്ലെങ്കിൽ പോലും സ്വർഗത്തിലെത്തുന്നു. **(25 : 1 - 17)**

**സ്ത്രീധർമ്മങ്ങൾക്കൊരു ചൂണ്ടുപലക**

സ്കന്ദധർമ്മശാസ്ത്രം പറയുന്നു; കുടുംബത്തിൽ ഭാര്യാഭർതൃബന്ധത്തിൽ തികഞ്ഞ മാധുര്യം നിലനിർത്താനായി പ്രേമവതിയായി സ്ത്രീ ജീവിക്കണമെന്ന്. സാമ്പത്തികമായി ചിലവുകൾ ചുരുക്കുവാനുള്ള ഉത്തരവാദിത്വം പത്നിയുടേതാണെന്നു മനുവചനം. ബൃഹസ്പതി സ്മൃതിയിൽ സ്ത്രീകൾ ഒരിക്കലും മദ്യപിക്കരുത്, അലഞ്ഞു തിരിഞ്ഞു നടക്കരുത്, ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കരുത്, പരദൂഷണ സ്വഭാവം കൊണ്ടു ജീവിക്കരുതെന്നു നിർദ്ദേശിക്കുന്നു. ഭർത്താവിനേയും ബന്ധുക്കളേയും കുറ്റപ്പെടുത്തിക്കൊണ്ട് സ്ത്രീ സംസാരിക്കരുതെന്ന് വസിഷ്ഠവചനം. സ്ത്രീകളെക്കുറിച്ച് ഋഷ്യശൃംഗമഹർഷി ഇപ്രകാരം പറയുന്നു. അലഞ്ഞുലഞ്ഞ വസ്ത്രം ധരിക്കുന്നവൾ, തലമുടി പാറി പറന്നുകൊണ്ടിരിക്കുന്നവൾ, വെറുതേ ഉറക്കേച്ചിരിക്കുന്നവൾ, നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നവൾ ഒരു കുലത്തിന്നപമാനമാണ്. എന്നാൽ നിത്യവും സ്നാനം ചെയ്ത് അടക്കത്തോടെ ജീവിക്കുന്ന സ്ത്രീയെ സരസ്വതി ദേവിയെപോലെ പുഷ്പമാലകൊണ്ടർച്ചിക്കണം.

പ്രായമായ സ്ത്രീ പൊതുസ്ഥലത്ത് കുളിക്കുക, ശരീരം പ്രദർശിപ്പിച്ച്



Scanned with CamScanner

നടക്കുക, സമാജോത്സവങ്ങളിൽ അച്ചടക്കമില്ലാതെ പെരുമാറുക, ഉറക്കെച്ചിരിക്കുക, മറ്റുള്ളവരുടെ ഗൃഹങ്ങളിലേക്ക് നിരന്തരം പോകുക എന്നിവയൊഴിവാക്കണം എന്ന് യോഗീശ്വരൻ നിർദ്ദേശിക്കുന്നു. ബൃഹസ്പതി സ്മൃതിയിൽ കൂട്ടിച്ചേർക്കുന്നു; പിതാവ്, ജ്യേഷ്ഠൻ, പുത്രൻ ഇവരാരെങ്കിലുമില്ലാതെ (അവിവാഹിതയായ) സ്ത്രീ പരഗൃഹത്തിൽ വസിക്കരുത്. നന്മ നിറഞ്ഞവരില്ലാത്ത വീടുകളിൽ ആപത്കാലത്തു പോലും തീർച്ചയായും വസിക്കരുത്. മാർക്കണ്ഡേയമുനി നിർദ്ദേശിക്കുന്നു; നന്മ നിറഞ്ഞ ധർമ്മബോധത്തോടെയുള്ള കുടുംബസംരക്ഷണമാണ് പത്നീധർമ്മം. ആ ധർമ്മത്തിലൂടെ സ്ത്രീകൾ സ്വർഗത്തിലെത്തുന്നു. നന്മ നിറഞ്ഞ ഗൃഹാന്തരീക്ഷം സൃഷ്ടിക്കുക എന്നത് സ്ത്രീകൾക്ക് എല്ലാ വ്രതാനുഷ്ഠാനത്തേക്കാളും മഹത്തരമാണ്.

**വിവിധ വർണത്തിലെ കുടുംബിനികളുള്ള ഗൃഹം**

**വിഷ്ണുധർമ്മശാസ്ത്രത്തിലെ ഇരുപത്തിയാറാമദ്ധ്യായം** വിവരിക്കുന്നു. ബഹുഭാര്യാസമ്പ്രദായമുള്ള ഗൃഹത്തിലെ ഓരോ ഭാര്യയുടേയും ധർമ്മം.

> (1) ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടെങ്കിൽ പ്രായത്തിൽ മുതിർന്ന ഭാര്യയുമായി ധാർമ്മീക കർമ്മങ്ങളനുഷ്ഠിക്കുക (2) വ്യത്യസ്ഥവർണത്തിൽപെടുന്ന ഭാര്യമാരാണെങ്കിൽ പ്രായത്തിൽ താഴ്ന്നവളോ ഉയർന്നവളോ ആണെങ്കിലും ഒരേവർണത്തിലുള്ള ഭാര്യയുമായി ധാർമ്മീക കർമ്മങ്ങളനുഷ്ഠിക്കുക (3) ഒരേവർണത്തിലുള്ള ഭാര്യയില്ലെങ്കിൽ, ആദ്യവിവാഹഭാര്യയെ കർമ്മത്തിനുചേർക്കുക (4) എന്നാൽ ശുദ്ര ധർമ്മത്തിലുള്ളവളെ ഒഴിവാക്കുക (അതിലൂടെ ചെയ്യേണ്ടുന്ന കർമ്മങ്ങളനുഷ്ഠിക്കാതിരിക്കുക). (5) ബ്രാഹ്മണന് ശുദ്രസ്ത്രീയെ ഭാര്യയായി സ്വീകരിക്കാമെങ്കിലും അവർ ബ്രാഹ്മണകർമ്മങ്ങളിൽ പങ്കെടുക്കരുത്. ഭാര്യയുടെ ധർമ്മം മാത്രമാണവർക്കുണ്ടാകുക. (6) അവൾക്കു ജനിക്കുന്ന കുഞ്ഞുങ്ങൾ അവളുടെ ജാതിയിൽ പിറന്നവരായിരിക്കും. (7) ബ്രാഹ്മണന് ഈ ശൂദ്രവിവാഹത്തിലൂടെ ദേവപിതൃകർമ്മ യോഗ്യത ഇല്ലാതാകുന്നു എന്നതും സ്മരിക്കേണ്ടതാണ്. **(26 : 1 - 7)**

ഒരേ വ്യക്തിക്ക് ഒരേ വർണത്തിലോ വ്യത്യസ്ഥ വർണത്തിലോ ഒന്നിലധികം ഭാര്യമാരുണ്ടാകുന്ന അവസ്ഥയിൽ, കുടുംബകലഹമൊഴിവാക്കാനുള്ള മാർഗനിർദ്ദേശമണിതെന്നു വ്യക്തമാണ്.

**ഗർഭിണികൾ, നവജാതശിശുക്കൾ ഉപനയനാചാരങ്ങൾ**

വിവരണങ്ങൾ തുടരുന്നു. **ഇരുപത്തിയേഴാമദ്ധ്യായത്തിൽ**, ഗർഭിണി



Scanned with CamScanner

യും, പ്രസവാനന്തരം ശിശുവിനും അനുഷ്ഠിക്കേണ്ടതായ ചടങ്ങുകളുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങളുമാണ് നൽകിയിരിക്കുന്നത്.

(1) മകൾ/മരുമകൾ/ഭാര്യ, ഗർഭിണിയാണെന്നറിഞ്ഞാൽ നിഷേകകർമ്മമെന്ന ചടങ്ങ് ആചരിക്കണം. (2) ശിശു ഗർഭത്തിൽ സ്പന്ദിച്ചാൽ ഉടനെ പുംസവനവും നടത്തണം (3) 6 മുതൽ 8 വരെ മാസങ്ങളിൽ സീമന്തോന്നയനം നടത്തണം (4) ജനനത്തോടെ ജാതകർമ്മം നടത്തണം. (5) വാലായ്മ അഥവാ പെറ്റ പുലകഴിഞ്ഞ് എന്നുവേണമെങ്കിലും നല്ലദിനത്തിൽ നാമകരണ കർമ്മമനുഷ്ഠിക്കണം (6) മംഗളം സൂചിപ്പിക്കുന്ന പേര് ബ്രാഹ്മണന്. (7) ശക്തിയുടെ (ശക്തിധരൻ, വേലായുധൻ) പര്യായമായ പേര് ക്ഷത്രിയന് (8) ധനവുമായി (ധനപാലൻ, ധനലക്ഷ്മി) ബന്ധമുള്ള പേരുകൾ വൈശ്യശിശുവിനും (9) ദാസഭാവമുള്ള പേരുകൾ (ശിവദാസൻ, ദേവദാസൻ) ശുദ്രനും നൽകണം (10) ശിശുജനിച്ച് നാലാം മാസത്തിൽ സൂര്യ ദർശനം (11) ആറാം മാസം അന്നപ്രാശനം (12) മൂന്നാം വയസ്സിൽ തലമുടിയിൽ ശിഖ വെയ്ക്കുന്നകർമ്മം നടത്തണം. (13) ഇതേകർമ്മങ്ങൾ തന്നെയാണ് പെൺകുട്ടികൾക്കും വേണ്ടത്. അവർക്ക് മന്ത്രാലാപനം വേണ്ടെന്നുമാത്രം (14) എന്നാൽ സ്ത്രീയുടെ വിവാഹം പൂർണമായും മന്ത്രത്തോടെ വേണം (15) ഗർഭകാലമുൾപ്പെടെയെണ്ണി എട്ടാം വയസ്സിൽ ബ്രാഹ്മണകുമാരന് ഉപനയനം (16) പതിനൊന്നാം വയസ്സിൽ ക്ഷത്രിയനും (17) പന്ത്രണ്ടാം വയസ്സിൽ വൈശ്യനും ഉപനയനം (18) കൃഷ്ണമൃഗത്തിന്റെ തോൽ (നേരിയ കഷണം) ദർഭപുല്ല്, (19) പരുത്തി, ചണം, എന്നിവയുടെ നൂല് അഥവാ തുണി (തോർത്തു പോലുള്ളത് / ഉത്തരീയം) ചുറ്റിപിരിച്ചത് ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർക്ക് യഥാക്രമത്തിൽ യജ്ഞോപവീതമായി ഉപയോഗിക്കാവുന്നതാണ് (കൃഷ്ണമൃഗത്തോലിന്റെ ഒരു ചെറിയകഷണം പരുത്തിനൂലിൽ കെട്ടിയിടുകയുമാകാം)

(20) പുലിതോലിലിരിക്കണം (21) പ്ളാശ്, ഖാദിര, ഉദുംബരി വൃക്ഷത്തിന്റെ ശാഖ (പ്ളാശ്, മുള) ദണ്ഡുമായിട്ടുണ്ടാകണം. (22) ശിരസ്/നെറ്റി/ നാസാദ്വാരംവരെ ഉയരമുള്ളദണ്ഡായിരിക്കണം. (23) എളുപ്പത്തിൽ ലഭ്യമല്ലെങ്കിൽ ലഭിക്കുന്നത് ദണ്ഡായിസ്വീകരിക്കണം. (24) വളഞ്ഞതും പുഴുകുത്തിയതും ദ്രവിച്ചതുമുപയോഗിക്കരുത് (25) രണ്ട് അറ്റങ്ങളും മധ്യവും മിനുസമുള്ളതായിരിക്കണം (26) ബ്രാഹ്മണകുമാരന് 16 വയസ്സിനുള്ളിൽ (27) ക്ഷത്രിയന് 22 ഉം, വൈശ്യന് 24 ഉം വയസ്സിനുള്ളിൽ



Scanned with CamScanner

ഗായത്രീമന്ത്രപഠനത്തിനായി ഉപനയനം നടത്തിയിരിക്കണം. (27) ഇതിനേക്കാൾ മൂന്നുവയസ്സു കൂടിയാലും വ്രതാനുഷ്ഠാനത്തോടെ ഗായത്രീ മന്ത്രപഠനം ചെയ്യാവുന്നതാണ്. (28) യജ്ഞോപവീതം, മേഖലാ, ദണ്ഡം, ഇരിപ്പിടം എന്നിവ വ്രതാവസാനംവരെ കൂടെയുണ്ടാകണം (29) കൃഷ്ണമൃഗത്തോലായിരിക്കണം മേഖലയായി യജ്ഞോപവീതത്തോടൊപ്പം ഉപയോഗിക്കേണ്ടത്. ദണ്ഡം, കമണ്ഡലു, വെള്ളം, ഇവയെല്ലാം മന്ത്രത്തോടെനിലനിർത്തണം (പ്രഭാത-സായം സന്ധ്യാവന്ദന ജപാദികൾ വേണം) (27 : 1 - 29)

നിഷേകസംസ്കാരം മുതൽ ശ്മശാന സംസ്കാരം വരെ പതിനാലു സംസ്കാരങ്ങളനുഷ്ഠിക്കണമെന്നും, അവയെല്ലാം മന്ത്രസഹിതം വേണമെന്നും, അതും ഗർഭാധാനമുൾപ്പെടെയാണു വേണ്ടതെന്നും യോഗി-ഗൗതമ-മനുസ്മൃതികളിൽ വ്യക്തമാക്കുന്നു. പുംസവനകർമ്മം രണ്ടാം മാസം വേണമെന്ന് ജാതുകർണ വിരചിത സ്മരണഗ്രന്ഥത്തിലും, ഒന്നാമത്തെ ഗർഭത്തിൽ സീമന്തോന്നയനം പുംസവനം എന്നിവ സമുചിതം ആചരിക്കണമെന്ന് പാരസ്കര സ്മൃതി ഗ്രന്ഥത്തിലും നിർദ്ദേശിക്കുന്നു. ബ്രാഹ്മണരുടെ പേരിനോട് ശർമ്മ എന്നും ക്ഷത്രിയന്റേതിനോട് വർമ്മ എന്നും, ഗുപ്ത എന്ന് വൈശ്യന്റേതും ദാസൻ എന്നത് ശൂദ്രന്റേയും പേരിനോട് ചേർക്കണം എന്ന് മനുനിർദ്ദേശിക്കുന്നു. ആറാം മാസത്തിൽ അന്നദാനം സാധിച്ചില്ലെങ്കിൽ 8, 9, 10, 12 ഏതെങ്കിലും മാസത്തിലാകാമെന്ന് നാരദസ്മൃതി. മൂന്നാം വയസ്സിൽ ചൂഡാകരണമാകാമെന്നു ബൃഹസ്പതി സ്മൃതി. അഞ്ചാം വയസ്സിൽ ഉപനയനം വേണമെന്ന് മനു. വ്യത്യസ്ഥ വർണത്തിലുള്ളവർക്ക് വ്യത്യസ്ഥമായ പൂണുനൂൽ/യജ്ഞോപവീതം വേണമെന്ന് വസിഷ്ഠനും, ഗൗതമനും, മനുവും നിർദ്ദേശിക്കുന്നു അല്ലെങ്കിൽ എല്ലാവർക്കും പരുത്തിനൂലാകാമെന്ന് പൈഠിന സ്മൃതി നിർദ്ദേശിക്കുന്നു. ഉപനയനവേളയിൽ ഒരേതരം ദണ്ഡ് ലഭ്യമായതുപയോഗിക്കാമെന്ന് മനു. ഓരോ വർണത്തിലുള്ളവർക്ക് പ്രത്യേകം പ്രത്യേകം ദണ്ഡു വേണമെന്നു ശഠിക്കുന്നു ശൗനകസ്മൃതി. യജ്ഞോപവീതം, ദണ്ഡം, മേഖല ഇവ മുറിയാതെ / മുറിക്കാതെ എന്നും ധരിക്കണമെന്ന് അശ്വലായന സ്മൃതി.

**ബ്രഹ്മചാരിയുടെ ജീവിതചര്യ**

വിഷ്ണുധർമ്മശാസ്ത്രത്തിലെ **ഇരുപത്തെട്ടാമദ്ധ്യായം** പൂർണമായും ഉപനയനം കഴിഞ്ഞ ബ്രഹ്മചാരികളും ജീവിതചര്യയെക്കുറിച്ചുള്ള വിവരണമാണ്.

(1) ബ്രഹ്മചാരികളുടെ ഗുരുകുലവാസം (2) പ്രഭാത സായം സന്ധ്യാ വേളയിലെഉപവാസം (3) രാവിലെ കിഴക്കോട്ടു നോക്കി



Scanned with CamScanner

എഴുന്നേറ്റു നിന്നു ഗായത്രി ജപിക്കണം. വൈകുന്നേരം പടിഞ്ഞാറോട്ടുനോക്കിയിരുന്നു ഗായത്രി ജപിക്കണം. (4) രണ്ടുനേരവും അഭിഷേകകർമ്മവും അഗ്നികർമ്മവും യജ്ഞോപവീതം ധരിച്ച ബ്രഹ്മചാരി ചെയ്തിരിക്കണം (5) ദണ്ഡുമായി ജലാശയത്തിൽ മുങ്ങികുളിക്കണം. (6) ഗുരുവിൽനിന്ന് വേദ-മന്ത്രാദികളദ്ധ്യയനം ചെയ്യണം (7) ഗുരുവിന്റെ പ്രിയവും ഹിതവും ആചരിക്കണം (8) യജ്ഞോപവീതം, മേഖല, ദണ്ഡം ഇവ ധരിച്ചിരിക്കണം (9) ഗുരുകുലത്തിൽ ലഭിക്കുന്നതല്ലാതെയുള്ള ഭക്ഷ്യദ്രവ്യങ്ങൾ വർജ്ജിക്കണം (10) ഭക്ഷണസമയവും ദ്രവ്യവും ഗുരുവിന്റെ അനുവാദത്തോടെയാകണം. (11) ശ്രാദ്ധകർമ്മങ്ങൾക്കായി പാകം ചെയ്തത്, കൂടുതൽ ഉപ്പുള്ളത്, പഴയത്, തേനുള്ളത്, മാംസമടങ്ങിയത്, ഉച്ഛിഷ്ടം, പ്രാണിയെ ഹിംസിച്ചുണ്ടാക്കിയത്, ലഹരിപദാർത്ഥം ഇവ വർജ്ജിക്കണം. സംഗീതം, നൃത്തം, അശ്ലീല സാഹിത്യം ഇവ ബ്രഹ്മചാരികൾ വർജ്ജിക്കണം. **(28 : 1 – 11)**

**ഗുരുവിനോട് ബ്രഹ്മചാരിക്കുണ്ടായിരിക്കേണ്ട ഭയഭക്തി**

ബ്രഹ്മചാരി ഗുരുകുലവാസവേളയിൽ ഗുരുവിനോടും സഹപാഠികളോടും, ഗുരുവിന്റെ കുടുംബാംഗങ്ങളോടും പെരുമാറേണ്ടതായ രീതി അറിഞ്ഞിരിക്കണം. മുതിർന്ന ബ്രഹ്മചാരികളിൽ നിന്ന് ചർച്ച ചെയ്ത് അഭ്യസിക്കാവുന്നതായതിനാൽ അവർ പറഞ്ഞു കൊടുക്കുന്ന കാര്യങ്ങൾ **ധർമ്മശാസ്ത്രത്തിലെ ഇരുപത്തെട്ടാമദ്ധ്യായത്തിലെ 12 മുതൽ 28** വരെ നിർദ്ദേശങ്ങളായി പറഞ്ഞുകൊടുത്തു.

(12) ബ്രഹ്മചാരികൾക്ക് കിടക്കാനുള്ളകിടക്ക/മെത്തവിവരിക്കാം (13) ഗുരുവിനേക്കാൾ നേരത്തെ ഉണരണം, പ്രഭാതകൃത്യങ്ങളനുഷ്ഠിക്കണം (14) സന്ധ്യോപാസനചെയ്ത് ഗുരുവിനെ അഭിവാദനം ചെയ്യണം (15) രണ്ടു കൈകൾ കൊണ്ട് ഗുരുവിന്റെപാദങ്ങൾ സ്പർശിച്ച് വന്ദിക്കണം (16) വലത്തേകാൽ വലതുകൈകൊണ്ടും ഇടത്തേക്കാൽ ഇടതു കൈകൊണ്ടും സ്പർശിച്ചുവന്ദിക്കണം. (17) സ്വന്തം നാമം ഗോത്രം പ്രവരം പറഞ്ഞ് അഭിവാദനം ചെയ്ത് ഭോ! എന്നുപറഞ്ഞതിനു ശേഷമേ വിഷയചർച്ചയിലേക്കുകടക്കാവൂ (18) നിന്നോ, ഇരുന്നോ, കിടന്നോ, ഊണു കഴിക്കുന്ന വേളയിലോ മറ്റുള്ളവരോടു സംസാരിച്ചുകൊണ്ടിരിക്കുന്നവേളയിലോ ഗുരുവിനോട് സംസാരിക്കരുത്. സംഭാഷണം ചെയ്യുന്ന വേളയിലുള്ള മര്യാദപാലിക്കണം (19) ഇരിക്കുന്നഗുരുവിന്റെ അടുത്തു നിന്നും, നടക്കുന്ന ഗുരുവിന്റെ പുറകേ അടുത്ത് നടന്നും, നടന്നു വരുന്ന ഗുരുവിന്റെ നേരെ നിന്ന്

തുടർന്ന് ഒരേ ദിശയിലേക്ക് നടന്നും സംസാരിക്കണം (20) വരുന്ന ഗുരുവിന് അഭിമുഖമായി നിന്നും (21) ദൂരെയുള്ള ഗുരു അടുത്തെത്തിയതിനുശേഷവും (22) കിടക്കുന്നവേളയിൽ നമസ്കരിച്ചതിനുശേഷവും (23) കാണുന്നരീതിയിൽ ഇരുന്നും സംസാരിക്കണം (24) ഗുരുവിനെ പേരു വിളിക്കാതെ അഭിസംബോധന ചെയ്യണം. (25) ഗുരുവിന് അഹിതമായ, പ്രവൃത്തികളും, അഹിത മാർഗത്തിലൂടെയുള്ള സഞ്ചാരവും, സംസാരവും ഒഴിവാക്കണം (26) ഗുരുവിനെ നിന്ദിക്കുന്നതും, പുച്ഛിക്കുന്നതും ഗുരുവുമായി വാദപ്രതിവാദങ്ങളിലേർപ്പെടുന്നതുമായ സംഭവങ്ങൾ നടക്കുമ്പോൾ അവിടെ നിൽക്കരുത് (27) ഗുരുവിനു തുല്യമായ ആസനത്തിലിരിക്കരുത് (28) എന്നാൽ ഒരേ ശിലയിൽ, വാഹനത്തിൽ, രഥത്തിൽ വഞ്ചിയിൽ യാത്രചെയ്യുന്ന വേളയിലിരിക്കാം. **(28: 12 - 28)**

**ഗുരുവിന്റെ ബന്ധുക്കളെ ആദരിക്കുന്നതിനുള്ള നിയമങ്ങൾ**

ഗുരുവിന്റെ ഗുരുവിനേയും, പത്നി, മക്കൾ ഇവരെയെല്ലാം ഗുരുവിന്റെ സാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും ആദരിക്കേണ്ടതെങ്ങിനെയാണെന്നുമുള്ള വിവരണം ആചാര്യൻ വിവരിച്ചു.

(29) ഗുരുവിന്റെ ഗുരുവിനേയും ഗുരുവിനെപോലെ ആദരിക്കണം. (30) ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവരെ ഗുരുവിനെപോലെ വന്ദിക്കേണ്ടതില്ല (31) ഒരേപ്രായമുള്ളവരാണെങ്കിലും മുതിർന്നവനാണെങ്കിലും ഗുരുപുത്രനെ ഗുരുവിനേപോലെ വന്ദിക്കണം. (32) എന്നാൽ ഗുരുപുത്രന്റെപാദം കഴുകേണ്ടതില്ല. (33) ഗുരുപുത്രന്റെ ഉച്ഛിഷ്ടവും സ്വീകരിക്കേണ്ടതില്ല. (34) ഇപ്രകാരം വേദമോ വൈദീകമായ അറിവുകളോ ഗുരുവിൽ നിന്ന് പഠിക്കണം. (35) അതിൽ നിന്നും വേദാംഗങ്ങളുമഭ്യസിക്കണം (36) ഇപ്രകാരം ഏതെല്ലാം അറിവുകൾ അഭ്യസിക്കുവാൻ സാധിക്കുമോ അതെല്ലാം സന്താനമുള്ള ശൂദ്രനിൽ നിന്നാണെങ്കിലും (ഈ ബ്രഹ്മചര്യകാലത്ത്) സ്വീകരിക്കണം (ശൂദ്രനെ ഗുരുവായും സ്വീകരിക്കാമെന്നർത്ഥം). **(28 : 29 - 36)**

**ബ്രഹ്മചാരിയുടെ പഠനവും ഭാവിജീവിതവും**

ബ്രഹ്മചാരിക്ക് ഗുരുകുലത്തിൽ വസിക്കുമ്പോഴും അതിനുശേഷവും ജീവിതത്തിലുണ്ടായിരിക്കേണ്ടതായ വീക്ഷണങ്ങളെക്കുറിച്ചാണിവിടെ വിവരിക്കുന്നത്. അത്രിസ്മൃതിയിൽ രാവിലേയും സായം കാലത്തും ചെയ്യേണ്ടുന്ന ഗായത്രീ ജപ മഹത്വം വിവരിക്കുന്നു. ഗുരുവിന്റെ ആജ്ഞാനുസാരമായിരിക്കണം ഭക്ഷണം കഴിക്കുന്നത്. ഗുരുവില്ലെങ്കിൽ



Scanned with CamScanner

ഗുരുപത്നി, ഗുരുപുത്രൻ, മറ്റു ബ്രഹ്മചാരികളുടെ നിർദ്ദേശപ്രകാരവുമെന്ന് ഗൗതമസ്മൃതി. വെറ്റിലമുറുക്ക്, അഭ്യഞ്ജനം, പിത്തള പാത്രം ഇവ ബ്രഹ്മചാരികളൊഴിവാക്കണമെന്ന് പ്രചേതസ്മൃതി. രാവിലേയും വൈകുന്നേരവും രണ്ടു നേരം ഭക്ഷണമേ ബ്രഹ്മചാരിക്കുള്ളൂവെന്ന് ഗൗതമസ്മൃതി. വിഷ്ണുസ്മൃതിയിലെ നിർദ്ദേശങ്ങളിപ്രകാരമാകുന്നു.

(37) അമ്മയുടെ ഗർഭത്തിൽനിന്നും പുറത്തുവന്നപ്പോൾ ആദ്യ ജന്മം കഴിഞ്ഞു. (38) യജ്ഞോപവീതധാരണത്തോടെ രണ്ടാം ജന്മവും ആകുന്നു, രണ്ടാം ജന്മത്തിൽ മാതാവ് ഗായത്രീമന്ത്രവും പിതാവ്, ആ മന്ത്രമുപദേശിക്കുന്ന ആചാര്യനുമാണ് (39) അതുകൊണ്ടാണ് യജ്ഞോപവീതധാരികളെ ദ്വിജന്മാരെന്നു പറയുന്നത്. (40) ഉപനയനം കഴിയുന്നതുവരെ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യരെല്ലാവരും ശൂദ്രരെപോലെതന്നെ. (41) ബ്രഹ്മചാരി ശിരോമുണ്ഡനമോ ശിഖധരിക്കുകയോ വേണം (42) വേദം പഠിച്ചതിനുശേഷം ഗുരുവിന്റെ ആജ്ഞാനുസാരം അനുഗ്രഹം സ്വീകരിച്ച് ജീവിക്കണം (43) അഥവാ ഗുരുകുലത്തിൽ തന്നെ ശേഷകാലവും ചിലവഴിക്കണം (44) ഗുരുകുലത്തിൽ ഗുരുപുത്രനെപോലെ ജീവിതം നയിക്കണം (45) ഗുരുപത്നിയോടും ആരാധ്യരോടും മര്യാദയോടെ പെരുമാറണം (46) അതുമല്ലെങ്കിൽ നിരന്തരം ബ്രഹ്മചാരിയായി നൈഷ്ഠികബ്രഹ്മചാരിയായി യാഗയജ്ഞങ്ങൾ ചെയ്തും ചെയ്യിച്ചും ജീവിക്കാം. **(28 : 37 - 46)**

**ബ്രഹ്മചാരീവ്രതലംഘനവും പ്രായശ്ചിത്തവും**

ബ്രഹ്മചര്യവ്രതം നല്ലരീതിയിലാചരിക്കുന്ന ബ്രഹ്മചാരി ഗുരുവിൽ നിന്ന് വേദവും ജീവിതവും പഠിച്ചതിനുശേഷം എന്തെല്ലാമാണ് ചെയ്യേണ്ടതെന്നിവിടെ വിവരിക്കുന്നു.

(47) ഇപ്രകാരം ജീവിക്കുന്ന ബ്രഹ്മചാരിക്ക് പുനർജനനമില്ലാത്ത ഉത്തമസ്ഥാനം ഈ ലോകത്തിലും പരലോകത്തിലും ലഭിക്കുന്നു. (48) ബ്രഹ്മചര്യത്തിനു ശേഷം ധർമ്മശാസ്ത്രമനുവദിക്കുന്ന വിധത്തിൽ ബ്രഹ്മചര്യത്തിൽ തുടരുകയോ ഗൃഹസ്ഥം, വാനപ്രസ്ഥം, സന്യാസം എന്നിവയിലൂടെ ചരിക്കുകയോ ചെയ്യാം. (49) ഇക്കാലയളവിൽ രേതസ്ഖലനമുണ്ടായാൽ മൂന്നുനേരം കുളിച്ച് ശുദ്ധിയായി വ്രതമനുഷ്ഠിക്കണം. (50) ഇക്കാലയളവിൽ ലൈംഗീകബന്ധത്തിൽ ഏർപ്പെട്ടാലും മൂന്നു ദിവസം ഒറ്റക്ക് വ്രതമിരുന്നു, ലഭ്യമാകുന്നകായ്കനികൾ മാത്രം കഴിച്ച് സ്വയം പശ്ചാത്താപത്തോടെ ശുദ്ധീകരിക്കണം. (51) ഇക്കാലയളവിൽ സ്വപ്നസ്ഖലനമുണ്ടായാലും കുളിച്ചു, സൂര്യപൂജ നടത്തി, പ്രായശ്ചിത്ത



Scanned with CamScanner

മന്ത്രവരി മൂന്നുപ്രാവശ്യം ജപിക്കണം. (52) ബ്രഹ്മചാരിയായിരിക്കുമ്പോൾ അനുശാസിക്കേണ്ടതായ അനുഷ്ഠാനങ്ങൾക്ക് മുടക്കം വന്നാൽ പ്രായശ്ചിത്തമായി ഏഴുദിവസം വ്രതമനുഷ്ഠിച്ച്, വീണ്ടും കർമ്മങ്ങളാരംഭിക്കണം. (53) പ്രഭാതത്തിൽ വൈകി ഉണരുകയും ചിട്ടകൾക്ക് കോട്ടംതട്ടുകയും ചെയ്താൽ ഒരുദിവസം ഉപവാസമിരുന്നു ഗായത്രീമന്ത്രം ജപിച്ച് പ്രായശ്ചിത്തം ചെയ്യണം. **(28 : 47 - 53)**

### ഗുരു, ആചാര്യ, ഉപാദ്ധ്യായ, ഋത്വിജ വ്യത്യാസം

എല്ലാവരും ഗുരുക്കന്മാരാകാൻ യോഗ്യതയുള്ളവരല്ല. ധാർമ്മീകതയുടെ ചൈതന്യമുള്ളവർക്കേ അതിന്നർഹതയുള്ളൂ. യജ്ഞോപവീതധാരികളായവരെല്ലാം പാഠങ്ങൾ പഠിക്കേണ്ടത് ഏതുതരത്തിലുള്ള ഗുരുവിൽ നിന്നാണെന്ന് വിവരിക്കുന്നു, **ഇരുപത്തിയൊമ്പതാമദ്ധ്യായത്തിൽ**

(1) ഉപനയനം ചെയ്തതിനുശേഷം വ്രതശുദ്ധിയോടെ വേദം പഠിപ്പിക്കുന്ന ഗുരുവിനെ ആചാര്യനെന്നുപറയുന്നു (2) ദക്ഷിണസ്വീകരിച്ച് പഠിപ്പിക്കുന്ന വ്യക്തിയെ ഉപാദ്ധ്യായനെന്നുപറയാം. (3) യജ്ഞകർമ്മങ്ങൾ ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്നവ്യക്തി ഋത്വിജൻ (4) ഈ ഋത്വിജനിൽ നിന്ന് പരീക്ഷിക്കാതെ കാര്യങ്ങൾ പഠിക്കരുത് (5) അദ്ദേഹം പഠിപ്പിക്കുകയുമരുത് (6) ഉപനയനം നടത്തിക്കുകയുമരുത്. (7) അധാർമ്മീക രീതിയിൽ ചോദ്യങ്ങൾ ചോദിക്കുകയോ ചോദ്യങ്ങൾക്കുത്തരം പറയുകയോ ചെയ്താൽ അത്യധികം വിദ്വേഷമുണ്ടാകുന്നതിനാൽ അത്തരം പെരുമാറ്റമുണ്ടാകരുത്. (8) ജലത്തിന്റെ അസാന്നിദ്ധ്യത്തിൽ ഊഷരഭൂമിയിൽ വിത്തുമുളക്കാത്തതുപോലെ, എവിടെയാണോ അധർമ്മവും, അർഥവും, ഗുരുശുശ്രൂഷയുമില്ലാത്തത് അവിടെ വിദ്യയുണ്ടാകില്ലെന്നുപറയേണ്ടതില്ലല്ലോ. (9) മേൽവിവരിച്ച ധർമ്മാനുശാസനത്തിലൂടെ ജീവിക്കാത്തവന് ലഭിച്ചവിദ്യ അത് നൽകിയ ഗുരുവിന്റെയടുത്തുവന്ന് എന്നെ തിരിച്ചെടുത്തുസ്വീകരിക്കണമെന്നഭ്യർത്ഥിക്കുമത്രെ. (10) എവിടേയാണോ വൃത്തിയുള്ളത്, അഹങ്കാരമില്ലാത്തത്, വിനയമുള്ളത്, ബ്രഹ്മചര്യവ്രതാനുഷ്ഠാനമുള്ളത്, ദൂഷണമില്ലാത്തത് അവിടെ ഞാൻ വസിച്ചുകൊള്ളട്ടെയെന്ന് ഗുരുവിനോട് വിദ്യാദേവത അഭ്യർത്ഥിക്കുമത്രെ. **(29 : 1 - 10)**

### വേദാഭ്യാസന നിർദ്ദേശങ്ങൾ

വേദപഠനവുമായി ബന്ധപ്പെട്ട സമഗ്ര ആചാരാനുഷ്ഠാനങ്ങളാണ



Scanned with CamScanner

ആചാര്യൻ ധർമ്മശാസ്ത്രത്തിന്റെ മുപ്പതാം അദ്ധ്യായം ഉദ്ധരിച്ചു കൊണ്ട് വിവരിച്ചത്.

(1) ശ്രാവണമാസത്തിൽ വേദപഠനമാരംഭിക്കുകയും (ആരംഭത്തിന്റെ) പര്യവസാനം കുറിക്കുകയും വേണം (2) ആ പഠനത്തിന്റെ ഉത്സർജ്ജനം കർമ്മം നടത്തണം (3) ഉത്സർജ്ജനത്തിനും ഉപാകർമ്മത്തിനും മദ്ധ്യേ വേദാംഗാധ്യായനം നടത്തണം (4) രാപ്പകൽ ഇരുന്ന് വേദമഭ്യസിക്കരുത്. അതുപോലെ ചതുർദശി, അഷ്ടമി ദിനങ്ങളിലും വേദാഭ്യാസനം പാടില്ല. (5) പുലവാലായ്മ ഉള്ളപ്പോഴും വേദാഭ്യാസനം പാടില്ല (6) അതിശക്തമായ ഇടിയുംമിന്നലുമുണ്ടാകുന്ന അവസരങ്ങളിലും (7) ശക്തമായകൊടുങ്കാറ്റുള്ളപ്പോഴും വേദാദ്ധ്യയനം പാടില്ല. (8) അകാലത്തിൽ ശക്തമായമഴയുള്ളപ്പോഴും മിന്നലുള്ളപ്പോഴും (9) ഭൂകമ്പം, ഉൽക്കാ പതനം, പേമാരിയിലും വേദപഠനമില്ല. (10) ഗ്രാമത്തിൽ ശവ സംസ്കാരം നടക്കുമ്പോഴും (11) യുദ്ധവേളയിലും (12) കുതിര, കുറുക്കൻ, കഴുത, വികൃത ശബ്ദമുണ്ടാക്കുന്നവേളയിലും (13) ബാണം, ചെണ്ട, പെരുമ്പറ മുഴക്കുമ്പോഴും (14) വൃത്തികെട്ടവർ അശ്രദ്ധയോടെ അടുത്തു നിൽക്കുമ്പോഴും (15) ദേവതകളുടെ ഘോഷയാത്ര-ശ്മശാനയാത്ര-നാൽക്കാലീമരണം-രഥത്തിലുള്ള-യാത്രവേളയിലും വേദപഠനം പാടില്ല. (30 : 1 – 15)

ശൗനകശിക്ഷാഗ്രന്ഥവും, ബൗധായന- മാനവ-ഹാരിത-ഗൗതമ ധർമ്മശാസ്ത്രങ്ങളും വേദപഠന നിയമങ്ങളും സവിസ്തരം ഉപദേശിക്കുന്നുണ്ട്.

**വേദപഠനം പാടില്ലാത്ത ദിനങ്ങൾ**

(16) ജലത്തിൽനിന്നുകൊണ്ടും (17) പാദങ്ങളില്ലാത്ത പീഠത്തിലിരുന്നും (18) ആന-കുതിര ഓടിക്കുന്നവാഹനത്തിലും വഞ്ചിയിലുമിരുന്നുകൊണ്ടും (19) ഛർദ്ദിച്ചദിവസവും (20) അതിസാരം തുടങ്ങിയ രോഗമുള്ളപ്പോഴും (21) അജീർണമുള്ളപ്പോഴും വേദപഠനം ചെയ്യരുത്. (22) കാക്ക-മൂങ്ങ-കോഴി-എലി-തവള ഇവ വീട്ടിനകത്തു കയറിയാൽ രണ്ടു ദിനം ആ വീട്ടിലിരുന്നു വേദം പഠിക്കരുത്. (23) രാജാവിന്, രാജഗുരുവിന്, കുലഗുരുവിന്, കുലപുരോഹിതന് ദുഃഖമുള്ള വേളയിലും വേദാഭ്യസനം അരുത്. (24) ഉപാകർമ്മദിവസം (25) ഉത്സർജനദിവസം (26) വനത്തിലിരുന്നും വേദമഭ്യസിക്കരുത്. (27) അർധരാത്രിക്കുശേഷം (28) ഇന്നു വേദമഭ്യസിക്കരുതെന്നു പറഞ്ഞാലും (29) പഠിക്കരുതെന്നു നിർദ്ദേശിച്ചതിനെ എതിർത്തും പഠിക്കരുത് (30) ആ ദിവസം പഠിച്ചാൽ ഗുരുശിഷ്യന്മാരുടെ ആയുസ്സുകുറയുമത്രെ (31) അതുകൊണ്ട് പഠി



Scanned with CamScanner

ക്കാവുന്ന ദിവസങ്ങളിൽ മാത്രം നന്മ നിറഞ്ഞ ഗുരു നന്മനിറഞ്ഞ ശിഷ്യന് വേദമഭ്യസിപ്പിക്കണം (32) ബ്രാഹ്മമുഹൂർത്തത്തിലുണർന്ന് (കുളിച്ച്) ഗുരുവിന്റെ പാദങ്ങളിൽ നമസ്കരിച്ച് വേദപഠനം ചെയ്യണം (33) പ്രണവ മന്ത്രത്തോടെ പഠനം നടത്തണം. **(30 : 16 - 33)**

**ബ്രഹ്മചര്യകാലത്തിലെ അനുഷ്ഠാനങ്ങൾ**

ബ്രഹ്മചര്യാശ്രമത്തിൽ ഗുരുകുലത്തിൽ ജീവിച്ചുകൊണ്ട് തന്നെ അനവധി കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. ഇത് വേദവേദാംഗപഠനത്തോടൊപ്പം പഠിച്ചനുഷ്ഠിക്കേണ്ടതായ കർമ്മങ്ങളാണ്. അവയെങ്ങിനെയനുഷ്ഠിക്കണമെന്നല്ല നിർദ്ദേശിക്കുന്നത് എന്തെല്ലാമാണ് ബ്രഹ്മചാരികളനുഷ്ഠിക്കേണ്ടതെന്നുമാത്രമാണ് ധർമ്മശാസ്ത്രങ്ങളിലെ പഠനവിഷയം.

(34) ഋഗ്വേദമന്ത്രങ്ങളാൽ നെയ്യുപയോഗിച്ചും പിതൃതൃപ്തിക്കായി യജ്ഞം നടത്തണം. (35) യജുർവേദമന്ത്രങ്ങൾ ചൊല്ലി തേനുപയോഗിച്ചും പിതൃതൃപ്തി വരുത്തണം. (36) സാമവേദമന്ത്രങ്ങളാൽ പാലുപയോഗിച്ചും പിതൃതൃപ്തി വരുത്തണം. (37) അഥർവമന്ത്രങ്ങൾ ചൊല്ലി മാംസം സമർപ്പിച്ചും (38) പുരാണ-ഇതിഹാസ-വേദാംഗ-ധർമ്മശാസ്ത്രങ്ങൾ ചൊല്ലി അന്നംകൊണ്ടും പിതൃതൃപ്തി വരുത്തണം. (39) മറ്റെല്ലാവിദ്യയും ഈ ലോകത്തിൽ ജീവിക്കാൻ ഉതകുന്നതും പരലോകത്തിൽ അവ ഫലപ്രദമല്ലാത്തതുമാണ്. (40) എന്നാൽ വേദാഭ്യസനം ഈ ലോകത്തിലും പരലോകത്തിലും ഫലപ്രദമാണ്. (41) യോഗ്യതയില്ലാത്തവരിൽ നിന്നും, അപേക്ഷിക്കാതെ കൊടുക്കുന്നവരിൽ നിന്നും വിദ്യ സ്വീകരിക്കരുത്. (42) അപേക്ഷിച്ചും വിദ്യ നൽകാത്ത ഗുരുവിന് ബ്രഹ്മസ്തേയമെന്ന നരകമനുഭവിക്കേണ്ടി വരും. (43) വേദത്തിന് ലൗകീകം, വൈദീകം, ആധ്യാത്മീകം എന്നിങ്ങനെ മൂന്നുതരത്തിലുള്ള അർത്ഥജ്ഞാനങ്ങളുണ്ട്. ഒരിക്കലും ഇവയിലർത്ഥശങ്കയുണ്ടാകരുത്. (44) ജന്മം നൽകിയവർ, ഗായത്രീ ഉപദേശിച്ചവൻ, ജഗദീശ്വരൻ ഇവരാണ് മൂന്ന് പിതാക്കൾ. ഇതിൽ ബ്രഹ്മപിതാമഹൻ ഏറ്റവും ശ്രേഷ്ഠനാണ്, ശാശ്വതനാണ്. (45) മാതാപിതാക്കളിലൂടെലഭിച്ച ജന്മം അനിത്യമാണ്. ബ്രഹ്മപിതാമഹൻ നൽകുന്ന ജന്മമാണ് ശാശ്വതമായത്. **(30 : 34 - 45)**

**ആചാര്യ മഹത്വം**

ഭാരതത്തിൽ ആചാര്യന്റെ സ്ഥാനം മാതാപിതാക്കൾക്കൊപ്പമാണ്. ഭൂമിയിലേക്കു വരാൻ അവസരം നൽകിയതവരാണ്. അതേപോലെ ലോക



Scanned with CamScanner

ത്തെക്കുറിച്ചാദ്യം പഠിപ്പിക്കുന്നതാചാര്യന്മാരാണ്. അതിനാൽ ഉപനയനം കഴിഞ്ഞ് ജീവിതാരംഭം വരെ ബ്രഹ്മചാരി ആചാര്യന്റെ വസതിയിൽ കഴിയുന്നു. അവിടെ നിന്നും ലഭിക്കുന്ന ജീവിത വീക്ഷണമാണ് മുന്നോട്ടുള്ള പ്രയാണത്തിന്നനുഗ്രഹമാകുന്നത് അതിനാൽ ഗുരുമഹത്വം വിവരിക്കുന്നു.

> (46) വേദവും ഗായത്രിയും പഠിപ്പിച്ച ആചാര്യൻ ജന്മം നൽകിയ പിതാവിനുമുപരിയാണത്രെ. അമരമായ ഈ ഗായത്രി പഠനത്തിന് ജന്മം നൽകിയ ഗുരുവിനെവന്ദിക്കണം. (47) വേദം കേട്ടു പഠിച്ചകർണത്തിന് ദുഃഖത്തെ അമൃതമാക്കാൻ നിയോഗിക്കണം. മാതാവും പിതാവും ഗുരുവും ബ്രഹ്മപിതാമഹനുമായ വേദവും വേദം പഠിപ്പിച്ച ഗുരുവും എന്നുമെന്നും നിന്ദിക്കപ്പെടാതെ വന്ദിക്കപ്പെടട്ടെ. **(30 : 46. 47)**

**അതിഗുരുക്കന്മാരുടെ മഹത്വം**

യാഗശാലയിലെ അഗ്നിയും, ജീവിതവും, ജന്മം നൽകി വളർത്തി വലുതാക്കുന്ന മാതാപിതാക്കളും ആചാര്യന്മാരുമെല്ലാം ബ്രഹ്മചാരിയുടെ വീക്ഷണത്തിൽ എപ്രകാരമായിരിക്കണമെന്ന് **മുപ്പത്തി ഒന്നാം അദ്ധ്യായം** വിവരിച്ചുകൊണ്ട് ആചാര്യൻ ഉപദേശിച്ചു.

> (1) ജീവിതത്തിൽ മൂന്നുവ്യക്തികൾ അതിഗുരുക്കന്മാരാണ് (2) അമ്മ, അച്ഛൻ, ആചാര്യൻ, (3) അവരെ ജീവിതാന്ത്യം വരെ പരിചരിക്കണം. (4) അവരെന്തുപറയുന്നുവോ അതു ചെയ്യണം (5) അവർക്ക് പ്രിയമായതും ഹിതമായതും ആചരിക്കണം (6) അവരറിയാതെ (അവരുമായി ബന്ധപ്പെട്ട) കാര്യങ്ങൾ ചെയ്യരുത്. (7) എപ്രകാരമാണോ മൂന്നുവേദങ്ങളുള്ളത്, എപ്രകാരമാണോ ത്രിമൂർത്തികളുള്ളത്, എപ്രകാരമാണോ മൂന്നുലോകങ്ങളുള്ളത്, എപ്രകാരമാണോ യാഗശാലയിൽ മൂന്നഗ്നിയുള്ളത്. (8) ആ മൂന്നഗ്നിയിൽ ഗാർഹപത്യാഗ്നി പിതാവും, ദക്ഷിണാഗ്നി മാതാവും ആഹവനീയാഗ്നി ഗുരുവുമാകുന്നു. (9) മൂന്നു ധർമ്മങ്ങൾ അനുഷ്ഠിക്കണം. ജീവിതത്തിലെ എല്ലാ നന്മകളും ധർമ്മാധിഷ്ഠിതമാണ്. അല്ലാത്ത ജീവിതം നിഷ്ഫലമാണ്. (10) മാതൃഭക്തിയും പിതൃഭക്തിയും ഈ ലോകത്തിൽ ആദരിക്കപ്പെടുമ്പോൾ ഗുരുശുശ്രൂഷ ബ്രഹ്മലോകം വരെ എത്തിക്കുന്നു. **(31 : 1 - 10)**

**അദ്ധ്യാപനം ഗ്രാമങ്ങളിലേക്ക്**

നളന്ദ സർവകലാശാലയിലെ പഠനം നിരന്തരം നടക്കുന്നുണ്ടായിരുന്നു. പഠിക്കുന്ന പാഠങ്ങൾ ജീവിതത്തിൽ പകർത്തിക്കൊണ്ടുപോകുന്ന



Scanned with CamScanner

അനുഭവം സർവ്വത്ര ദൃശ്യമാണ്. ആചാര്യന്മാർ വന്നു പഠിപ്പിക്കുന്നത് തുടർന്നുപോകുന്നുണ്ടെങ്കിലും പല പല വിദ്യാർത്ഥികളും ധർമ്മ ശാസ്ത്രം സ്വയം വായിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്ന നിലവാരത്തിലേക്കുയരുന്നുണ്ടായിരുന്നു. പഠനത്തിന്റെ പ്രായോഗിക പരിശീലനത്തിനു കൂടിയുള്ള ആരംഭം കുറിക്കണമെന്നു നിർദ്ദേശം വന്നു. ഉയർന്ന നിലവാരത്തിലുള്ള ജീവിതം നയിക്കാൻ സാമ്പത്തീക ബുദ്ധിമുട്ടുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്കായി ധാർമ്മീക മൂല്യങ്ങൾ പഠിപ്പിക്കുക എന്നത് പതിവുള്ള വാർഷിക പരിപാടിയായിരുന്നു. അതിന്നായി വിദ്യാർത്ഥികൾ അകലെയുള്ള ഗ്രാമങ്ങളിൽ പോയി ക്ഷേത്ര പരിസരങ്ങളിൽ വിഷയവിവരണം നൽകുക എന്ന പതിവ് ആരംഭിക്കാനുള്ള നിർദ്ദേശം വന്നു. വിദ്യാർത്ഥികളും ആചാര്യന്മാരും ഏറെ അകലെയല്ലാത്ത ഗ്രാമത്തിൽ പോകുന്നു. ആ ഗ്രാമത്തിലേക്കുള്ള ഞങ്ങളുടെ വരവ് നേരത്തേ അറിയിച്ചിരുന്നതിനാൽ ധാരാളം ബാലന്മാരും മാതാപിതാക്കളും അവിടത്തെ അശ്വത്ഥമരച്ചുവട്ടിൽ സന്നിഹിതരായിരുന്നു.

എല്ലാവർഷവും പതിവുള്ളതാണീ അദ്ധ്യാപനം. സാധാരണക്കാരുടെ ജീവിതത്തിൽ പകർത്തേണ്ടതായ ധാർമ്മീകമൂല്യങ്ങളായിരുന്നു വിഷയം. വളർന്നു വരുന്ന തലമുറയും അവരുടെ മാതാപിതാക്കളും സന്നിഹിതരായിരുന്നതിനാൽ മക്കൾക്കാവശ്യമായ ജീവിതമൂല്യങ്ങൾ അദ്ധ്യാപകർ നേരിട്ട് ഉപദേശിച്ചുകൊടുക്കുന്നു. കൂടാതെ ആ ഉപദേശങ്ങൾ ശ്രവിച്ച മാതാപിതാക്കളിൽ നിന്ന് ഗൃഹാന്തരീക്ഷത്തിൽ തിരിച്ചെത്തുമ്പോൾ അവരുടെ മക്കൾക്ക് വീണ്ടും അതെല്ലാം കേട്ടു പഠിക്കുവാൻ സാധിക്കുമെന്നതിനാലാണ് ഈ സകുടുംബപഠനം നടക്കുന്നത്. അവരുടെ മുന്നിൽ പ്രണമിച്ച് വേദപ്രാർത്ഥന ചൊല്ലി സാമാന്യ ജനതക്കുള്ള ജീവിതമൂല്യങ്ങളടങ്ങുന്ന **വിഷ്ണുധർമ്മശാസ്ത്രത്തിലെ മുപത്തിരണ്ടാമധ്യായം** ലളിതമായി വിവരിച്ചുകൊടുത്തു.

**സാമാന്യ ജീവിതസ്ന്ദേശങ്ങൾ**

(1) രാജാവ്, വേദപണ്ഡിതൻ, യാജ്ഞികൻ, ധർമ്മം പഠിപ്പിക്കുന്ന ഉപാധ്യായ, പിതാവും അവരുടെതലമുറകളും, മാതാവും അവരുടെ തലമുറകളും, അമ്മാവൻ, ഭാര്യാ/ഭർതൃ മാതാപിതാക്കൾ, ജ്യേഷ്ഠ ഭ്രാതാവ് എന്നീ ബന്ധുക്കളും ആചാര്യതുല്യരാണ് (2) ധർമ്മപത്നിക്കും ഇപ്രകാരം തന്നെയായിരിക്കണം നിയമം. (3) മാതാപിതാക്കളുടെ സഹോദരീസഹോദരന്മാരും ആരാധ്യരാണ്. (4) ഭാര്യാ/ഭർതൃ മാതാപിതാക്കളേയും, അമ്മാവനേയും, വേദപണ്ഡിതരേയും, അവർ പ്രായത്തിൽ ചെറുപ്പമാണെങ്കിലും എഴു

ന്നേറ്റുനിന്ന് അഭിവാദനം ചെയ്യണം (5) താഴ്ന്നവർണത്തിലുള്ള ഗുരുവിനേയും അതേപോലെ അഭിവാദനം ചെയ്യണം പാദം സ്പർശിക്കേണ്ടതില്ല. (6) ഗുരുപത്നിയുടെ ശരീര-നേത്ര-കേശ -പാദങ്ങൾ സ്പർശിക്കുകയോ പാദം കഴുകുകയോ വേണ്ട. (7) അന്യരുടെ ഭാര്യയെ, സഹോദരീ, പുത്രീ, മാതാവേ എന്നിവയി ലേതെങ്കിലും പദമുപയോഗിച്ച് അഭിസംബോധന ചെയ്യണം (8) ഗുരുവിനെ നീ എന്നു പറയരുത് (9) ഈ നിയമം തെറ്റിച്ചാൽ ഒരു ദിവസം ഭക്ഷണം കഴിക്കാതെ ഗുരുവിനോട് മാപ്പപേക്ഷിച്ച് പ്രസാ ദിപ്പിച്ചതിനുശേഷമേ രാത്രിഭക്ഷണം കഴിക്കാവൂ (10) ഗുരുവുമായി ഒരുക്കലും തർക്കിക്കരുത് (11) ഗുരുവിനെ ഒരിക്കലും കുറ്റം പറ യരുത്. (12) ഗുരുവിന് എതിരായിട്ടൊന്നും പ്രവർത്തിക്കരുത്. (13) ഇരുപതു വയസ്സു കഴിഞ്ഞ ശിഷ്യൻ ഗുരുപത്നി യുവതിയാണെ ങ്കിൽ അവരെ പാദസ്പർശനം കൊണ്ടോ മറ്റ് അഭിവാദനങ്ങൾ കൊണ്ടോ, (അതിന്റെ ഗുണദോഷങ്ങളറിയാതെ) ആദരിക്കേണ്ട തില്ല. (14) യുവതീയുവാക്കൾക്ക് കാമാവസ്ഥയുണ്ടാകുന്ന ഒരു തരത്തിലുള്ള അഭിവാദനങ്ങളും യുവാവായ ശിഷ്യനും യുവതി യായ ഗുരുപത്നിയും തമ്മിലുണ്ടാകാതിരിക്കാൻ, സാധാരണ രീതിയിലുള്ള അഭിവാദനം മതിയാകും. (15) മേൽ വിവരിച്ച അവ സ്ഥയിൽ ഭൂമി സ്പർശിച്ച് ഗുരുപത്നിയെ ധർമ്മാനുസാരം അഭി വാദ്യം ചെയ്താൽ മതിയാകും.

(16) സമ്പത്ത്, ബന്ധുബലം, വയസ്, കർമ്മം, വിദ്യാ ഇവയാണ് മാന്യത നേടിത്തരുന്നത് എന്ന അറിവുണ്ടാകണം. (17) പത്തുവ യസ്സു കഴിഞ്ഞ ബ്രാഹ്മണ കുമാരനും (വേദം പഠിച്ചതിനുശേഷം എന്നർത്ഥം) നൂറു വയസ്സുള്ള ക്ഷത്രിയനും, പിതാവും പുത്രനു മെല്ലാവരും അറിയണം വേദപണ്ഡിതർ പിതാവിനുതുല്യരാണെ ന്ന്. (18) ബ്രാഹ്മണർക്ക് ജ്ഞാനമാണ് പ്രധാനം ക്ഷത്രിയർക്ക് മഹത്വം വീര്യത കൊണ്ടും വൈശ്യർക്കുണ്ടാകുന്ന പ്രസിദ്ധി ധനധാന്യസമ്പത്തുകൊണ്ടും ജന്മം കൊണ്ടു തന്നെ ശൂദ്രർ ശ്രേഷ്ഠരുമാകുന്നു (ഇവരാണ് സമൂഹത്തിന്റെ ആണിക്കല്ലായി വിരാജിക്കുന്നത്) **(32 : 1 - 18)**

വളരെ ലളിതമായ ഭാഷയിൽ ഉദാഹരണസഹിതം ഗ്രാമീണർക്കു വിവ രിച്ചുകൊടുത്ത സന്ദേശങ്ങൾ കൂടെയുണ്ടായിരുന്ന എല്ലാ വിദ്യാർത്ഥി കൾക്കും വളരെയെളുപ്പത്തിൽ മനസ്സിലായി. അവരുടെ മുഖത്ത് സ്നേഹത്തിന്റേയും ആദരവിന്റേയും വികാരങ്ങളുമുണ്ടായിരുന്നു.



Scanned with CamScanner

## ഭാഗം 4 : പ്രായശ്ചിത്ത കാണ്ഡം

### ആശ്രമാന്തരീക്ഷത്തിലേക്കുള്ള യാത്രയും പഠനവും

വളരെ ശ്രേഷ്ഠമായ സന്യാസിമാർ വസിക്കുന്ന ആശ്രമത്തിലേക്കാണ് ഞങ്ങൾ പോയത്. ആശ്രമത്തിൽ സനാതന ധർമ്മ വിശ്വാസികളും ബുദ്ധ ജൈന ധർമ്മ വിശ്വാസികളായ സന്യാസിമാരുമുണ്ടായിരുന്നു. വാർഷിക സന്ദർശനം പതിവുള്ളതിനാൽ അവിടെ ഞങ്ങൾക്കാവശ്യമായ ഭക്ഷണ ക്രമീകരണമുണ്ടായിരുന്നു. തത്വശാസ്ത്രങ്ങളുടേയും ആത്മീയതയുടേയും ജീവിതമൂല്യങ്ങൾ സ്വയം പകർത്തിയവരായിരുന്നു. ആചാര്യന്മാരിലൊരാൾ ഞങ്ങൾക്ക് ഉപദേശങ്ങൾ നൽകി ആ ഉപദേശങ്ങൾ **വിഷ്ണുധർമ്മശാസ്ത്രത്തിലെ 33, 34, 35 അദ്ധ്യായങ്ങളാ**യിരുന്നു. സ്വയം വായിച്ചു പഠിക്കാൻ ബുദ്ധിമുട്ടില്ലാത്ത വിഷയങ്ങളായിരുന്നതിനാൽ ഏകദേശം പരിചിതമായ ജ്ഞാനമായിരുന്നു വിവരിച്ചുതന്നത്.

### മനുഷ്യനിലെ കാമക്രോധവിവരണം

അവിടത്തെ സന്യാസിമാരിലൊരാൾ **ധർമ്മശാസ്ത്രത്തിലെ മുപ്പത്തിമൂന്നാമദ്ധ്യായം** വിവരിച്ചു.

> (1) മനുഷ്യന്റെ മൂന്നുപ്രധാന ശത്രുക്കളാണ് കാമം-ക്രോധം-ലോഭം എന്നുപറയുന്നത്. (2) വിവാഹശേഷം ജീവിതചര്യയിൽ ഇവയുടെയെല്ലാം സ്വാധീനം ഏറെയുണ്ടാകുന്നു അഥവാ കൂടിവരുന്നു. (3) ഇവയുടെ ആക്രമത്താലാണ്, മനുഷ്യൻ. അതിപാതകവും, മഹാപാതകവും, ഉപപാതകവും ചെയ്യുന്നത് (4) ജാതി ഭ്രംശം, സങ്കരീകരണം, അപാത്രീകരണങ്ങളിലെല്ലാം കാമക്രോധലോഭങ്ങളുടെ സ്വാധീനമുണ്ട്. (5) മലിനമല്ലാത്തവയെയെല്ലാം ഈ മൂന്നും മലിനമാക്കുന്നു. (6) മൂന്നുവിധത്തിലുള്ള ദ്വാരങ്ങളാണ് നരകത്തിനുള്ളത്. സർവനാശകാരിയായ കാമവും ക്രോധവും, അതുപോലെ ലോഭവും അതിനാൽ ഇതുമൂന്നും ത്യജിക്കുക (ഈ വരി ഗീതയിൽ നിന്ന് ധർമ്മശാസ്ത്രത്തിലുദ്ധരിച്ചിരിക്കുന്നു) **(33 : 1 - 6)**

അതിന്റെ തുടർച്ചയായി അടുത്ത രണ്ടദ്ധ്യായങ്ങളും മറ്റു സന്യാസിമാർ വിവരിച്ചുതന്നു.

> (1) ലൈംഗീകാസക്തിയോടെ മാതാവ്, മകൾ, മരുമകൾ ഇവരെ ബന്ധപ്പെടുന്നത് അതിപാതകം. (2) ഇതിന്റെ പ്രായശ്ചിത്തം അഗ്നിയിൽ ചാടി ആത്മാഹൂതി മാത്രമാണ്. **(34 : 1, 2)**

(1) വേദപണ്ഡിതവധം, മദ്യപാനം, സ്വർണാപഹരണം, ഗുരുപത്നിയുമായി ശയിക്കൽ ഇവ മഹാപാതകങ്ങളാണ്. (2) ഇവയിൽ പലതും ചേർന്നതും മഹാപാതകമാണ്. (3) ഇവർ വർഷങ്ങളോളം പതിതരായിത്തീരുന്നു. (4) ഇവരുടെ കൂടെ ഭക്ഷണം കഴിച്ചവരും, യാത്രചെയ്തവരും, സഹശയനം നടത്തിയവരും പതിതരായിത്തീരുന്നു. (5) നികൃഷ്ടരുടെ കൂടെ ജീവിതമനുഭവിച്ചാലും പ്രായശ്ചിത്തം വേണം, ഈ പാതകങ്ങളുടെയെല്ലാം പ്രായശ്ചിത്തം അശ്വമേധയാഗം നടത്തുകയോ അനവധി തീർത്ഥങ്ങളിൽ തീർത്ഥാടനം ചെയ്യുകയോ ആണ്. **(35 : 1 - 5)**

**ആദരണീയബന്ധുക്കളുമായി ഇടപഴകുമ്പോൾ**

നമ്മുടെയെല്ലാം ജീവിതത്തിൽ ബന്ധുക്കളും, മിത്രങ്ങളും, ഗുരുക്കന്മാരും അതേപോലെ ആരാധ്യരായവരുമായ സ്ത്രീ പുരുഷന്മാരുമായി നമുക്കെല്ലാം ബന്ധപ്പെടേണ്ടിവരാറുണ്ട്. അവരുമായുള്ള ബന്ധത്തിലും ബന്ധപ്പെടലിലും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങളെന്തെല്ലാമാണെന്ന വിഷ്ണുധർമ്മശാസ്ത്രത്തിലെ മുപ്പത്തിയാറാമദ്ധ്യായ വിഷയം ആചാര്യൻ വിവരിച്ചുതന്നു. സാവധാനത്തിലുള്ള ഞങ്ങളുടെ യാത്ര വിരസമാകാതിരിക്കാൻ ഇപ്രകാരം ലഭിച്ച സമയത്ത് ജീവിതത്തിൽ ശ്രദ്ധിക്കേണ്ടതായ ധാർമ്മീക കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

(1) (കുറ്റവാളികളാണെങ്കിലും) യാഗം ചെയ്യുന്ന ക്ഷത്രിയനേയോ വൈശ്യനേയോ, വധിക്കുന്നതും രജസ്വല, ഗർഭിണി, ശരണാഗത, ജ്ഞാനി എന്നിവരെ വധിക്കുന്നതും ബ്രഹ്മഹത്യക്കു സമാനമായ മഹാപാതകമാണ്. (2) കള്ള സാക്ഷിത്വവും, സുഹൃദ്‌വധവും, മദ്യം കഴിക്കലും മഹാപാതകമാണ്. (3) വേദപണ്ഡിതന്റെ ഭൂമിയും സമ്പത്തും അപഹരിക്കുന്നത് സ്വർണമോഷണത്തിനുതുല്യമാണ്. (4) മാതാപിതാക്കളുടെയും, അമ്മാവന്റേയും, ഭാര്യാ/ഭർതൃ മാതാപിതാക്കളുടേയും, രാജാവിന്റേയും, സഹോദരിയുമായി ലൈംഗീക ബന്ധത്തിന് തുനിയുന്നത് ഗുരുപത്നിയുമായി ബന്ധപ്പെടുന്നതിനു തുല്യമാണ്. (5) മാതാപിതാക്കളുടെ മരുമകൾ (6) വേദപണ്ഡിതന്റെ പത്നി, ഉപാധ്യായാപത്നി, മിത്രപത്നി, എന്നിവരും ഗുരുപത്നിക്കു സമമാണ്. (7) സഹോദരീ/സഹോദരീ പുത്രി, അവരുടെ കൂട്ടുകാരി, ഉത്തമവർണത്തിലെ കുമാരി, രജസ്വല, ശരണാഗത, സന്യാസിനി, സേവിക, ഇവരും ഗുരുപത്നിക്കു തുല്യരാണ്. (ഇവരെ കാമാർത്തനായി സമീപിക്കുന്നതും പാതകമാണ്) (8) അനുപാതകികളായ അഥവാ മഹാപാതകികളായവരെപോലെ അശ്വമേധയാഗത്തിലോ അനേകം തീർത്ഥങ്ങളിൽ സ്നാനം ചെയ്താലോ മാത്രമേ പാപമുക്തരാകൂ. **(36 : 1 - 8)**



Scanned with CamScanner

ആചാര്യൻ ശംഖസ്മൃതി ഉദ്ധരിച്ചുകൊണ്ട് സംശയനിവാരണം വരുത്തിക്കൊണ്ടിരുന്നു. അമ്മയുടെ വർണമാണ് മക്കൾക്കു വരുന്നത്. എന്നാൽ ഗോത്രമാകട്ടെ അച്ഛന്റേതാണെന്ന് ബൃഹസ്പതി സ്മൃതിയുദ്ധരിച്ചുകൊണ്ട് അദ്ദേഹം ഉത്തരം നൽകി. നമ്മൾ ചെയ്യുന്ന ചെറുതും വലുതുമായ നീചകർമ്മങ്ങളും നിഷിദ്ധ കർമ്മങ്ങളും എത്രത്തോളം പാപപങ്കിലമാണെന്ന് മനുസ്മൃതി, സുമന്തുസ്മൃതി, വസിഷ്ഠസ്മൃതിയെല്ലാമുദ്ധരിച്ചുകൊണ്ട് ആചാര്യൻ വിവരിച്ചു. യോഗീശ്വര വിവരണപ്രകാരം നിഷിദ്ധ ഭക്ഷണം കഴിക്കൽ നീചവാക്കുകൾ പ്രയോഗിച്ചവഹേളിക്കൽ, രജസ്വലയുമായി സംയോഗം ചെയ്യൽ, മദ്യപിക്കൽ ഇവയെല്ലാം പാപപങ്കിലമായ കർമ്മങ്ങളാണെന്നും വിദ്യാർത്ഥികളിതൊന്നും ജീവിതത്തിൽ പകർത്തരുതെന്നും നിർദ്ദേശിച്ചു. അംഗീരസിന്റേയും, യമന്റേയും, സംവർത്താചാര്യന്റേയും, നാരദന്റേയും വിവിധ നിർദ്ദേശങ്ങൾ ഉദ്ധരിച്ച് ആചാര്യൻ നൽകിയ വിവരണങ്ങൾ കേട്ടു. സമൂഹത്തിൽ തെറ്റു കുറ്റങ്ങൾ ചെയ്തവർക്ക് നൽകുന്ന സന്മാർഗ ഉപദേശങ്ങൾ എല്ലാക്കാലത്തും പതിവുള്ളതായിരുന്നു. അതും വാർഷീക സന്ദർശനങ്ങളുടെ ഭാഗമായിരുന്നു. കാരാഗൃഹത്തിലെ അന്തേവാസികൾക്കായുള്ള ധാർമ്മീക ഉപദേശങ്ങൾ നൽകുന്ന കൂട്ടത്തിൽ ഓരോ വ്യക്തിയും ശിക്ഷ കഴിഞ്ഞിറങ്ങിയാൽ നന്മ നിറഞ്ഞ ധന്യമായ ജീവിതം നയിക്കണമെന്ന് ആചാര്യൻ ഉപദേശിച്ചു. മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന കുടുംബജീവിതത്തെക്കുറിച്ചും സമൂഹജീവിതത്തേക്കുറിച്ചുമാണ് ആചാര്യൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ **മുപ്പത്തിയേഴാമദ്ധ്യായം** ഉദ്ധരിച്ചുകൊണ്ട്. വിവരിച്ചത്.

**ധാർമ്മീക ജീവിതചര്യകൾ – ഉപപാതകങ്ങൾ**

(1) അസംബന്ധങ്ങൾ വിളിച്ചുപറയുക (2) രാജാവിനേയോ ശ്രേഷ്ഠരേയോ ഇല്ലാത്തതു പറഞ്ഞ് അധിക്ഷേപിക്കുക (3) വേദത്തെ നിന്ദിക്കുക (4) ഗുരുവിൽ ദോഷമാരോപിച്ച് വിമർശിക്കുക (5) ശരണാഗതനെ തൃജിക്കുക (6) അഗ്നികാര്യകർമ്മങ്ങളും, പിതാവ്, മാതാവ്, പുത്രൻ, ഭാര്യ ഇവരെ (യെ) തൃജിക്കുക. ഇവയെല്ലാം ഉപപാതകങ്ങളാണ്. (7) അനുയോജ്യമല്ലാത്തഭക്ഷണം കഴിക്കുക (8) മറ്റുള്ളവരുടെ സ്വത്ത് അപഹരിക്കുക (9) മറ്റുള്ളവരുടെ ഭാര്യയുമായി സംസർഗം പുലർത്തുക (10) വിപരീതകർമ്മങ്ങളും നീചകർമ്മങ്ങളും ചെയ്തുജീവിക്കുക. (11) യാചിക്കാൻ പാടില്ലാത്ത് യാചിച്ചു ഭക്ഷിക്കുക. (12) തിന്മകൾ സ്വീകരിക്കുക. (13) (ഉപപാതകങ്ങളുടെ വിവരണം തുടരുന്നു) ക്ഷത്രിയനെ, വൈശ്യനെ, ശൂദ്രനെ വധിക്കുക. (14) അരു



Scanned with CamScanner

താത്തതും നീകൃഷ്ടമായതുമായ ദ്രവ്യങ്ങൾ വിൽക്കുക. (15) സഹോദരൻ ജീവിച്ചിരിക്കുമ്പോൾ അവന്റെ ഭാര്യയെ ഭാര്യയായി സ്വീകരിക്കുക. (16) ഒരു സ്ത്രീയെ രണ്ടുസഹോദരന്മാർ ഭാര്യമാരായി സ്വീകരിക്കുക. (17) ഭാര്യയായവളെ വിവാഹം കഴിച്ചുകൊടുക്കുക. (18) മറ്റൊരു ഭാര്യയെ സ്വന്തം ഭാര്യയായി അനുഷ്ഠാനത്തോടെയാണെങ്കിൽപോലും സ്വീകരിക്കുക (19) യഥാകാലം ഉപനയനം നടത്താതിരിക്കുക. (20) വേദം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ശമ്പളം വാങ്ങുക. (21) ശമ്പളം വാങ്ങി വേദം പഠിപ്പിക്കുന്നവരിൽ നിന്ന് വേദം പഠിക്കുക. (22) അധികാരപത്രമില്ലാതെ നിഷേധദ്രവ്യങ്ങൾ ഉൽപ്പാദിപ്പിക്കുക (23) പരിചയമില്ലാത്തതും അപകടസാധ്യതയുള്ളതുമായ മഹായന്ത്രങ്ങൾ പ്രവർത്തിപ്പിക്കുക. (24) സസ്യലതാദികൾ നശിപ്പിക്കുക (25) വേശ്യാവൃത്തിക്ക് സഹായിച്ച് അതിൽ ജീവിതമാർഗം കണ്ടെത്തുക (26) ഹീനമായ ആഭിചാരകർമ്മങ്ങളും നിഷിദ്ധമായ കർമ്മങ്ങളും സമ്പത്തിനായി ചെയ്യുക (27) സ്വാർത്ഥമയ ജീവിതം നയിക്കുക (28) അർഹതയില്ലാത്ത അഗ്നിഹവനങ്ങൾ ചെയ്യുക (29) ദേവ-ഋഷി-പിതൃകർമ്മങ്ങളനുഷ്ഠിക്കാതിരിക്കുക (30) തെറ്റായ ശാസ്ത്രങ്ങൾ പ്രയോഗിച്ചുജീവിക്കുക (31) നാസ്തികനായി ജീവിക്കുക/ദൈവനിഷേധിയാവുക (32) തെരുവുനാട്യക്കാരനായി ജീവിക്കുക. (33) മദ്യപിച്ചുനടക്കുന്ന സ്ത്രീയുടെ സേവകനാകുക. (34) ഇവയെല്ലാം ഉപപാതകങ്ങളായി കണക്കാക്കുന്നു. (35) ഇവക്ക് ചന്ദ്രായണകർമ്മം അഥവാ ചാന്ദ്രഹവനം നടത്തുകയും നിരന്തരം ഒരു മാസക്കാലം പഞ്ചഗവ്യം സേവിക്കുകയും ചെയ്യണം. (ചന്ദ്രായണ കർമ്മം മറ്റൊരിടത്തു വിവരിക്കുന്നുണ്ട്) (37 : 1 - 35)

**ബ്രാഹ്മണന് ജാതിഭ്രംശം സംഭവിക്കുന്നു**

ബ്രാഹ്മണ ബ്രാഹ്മണ്യപദവി നഷ്ടമാകുന്നതിനെക്കുറിച്ചും, ആ പദവിയുടെ മഹത്വം നിലനിർത്താൻ ചെയ്യേണ്ടതായ കഠിനപ്രായശ്ചിത്തങ്ങളെക്കുറിച്ചും വിഷ്ണുധർമ്മശാസ്ത്രത്തിലെ **മുപ്പത്തി**യെട്ടാമദ്ധ്യായം ഉദ്ധരിച്ചുകൊണ്ട് ആചാര്യൻ വിവരിച്ചു.

(1) ബ്രാഹ്മണന് ജാതിഭ്രംശം സംഭവിക്കുന്ന കർമ്മങ്ങൾ വിവരിക്കുന്നു. സമൂഹത്തിൽ ഛിദ്രമുണ്ടാക്കുക (2) മാലിന്യങ്ങൾ, മദ്യം, ഇവയുമായി ബന്ധപ്പെട്ട കർമ്മം ചെയ്യുക (3) വഞ്ചനാകർമ്മം (4) മൃഗങ്ങളിൽ ലൈംഗീക വേഴ്ച (5) പുരുഷനിൽ ലൈംഗീകവേഴ്ച (6) ഇവയെല്ലാം ജാതിഭ്രംശത്തിനു കാരണമായിത്തീരുന്നു. (7) മേൽവിവരിച്ച ജാതിഭ്രംശകരങ്ങളായ കർമ്മ

ങ്ങൾ ചെയ്താൽ ഒന്നുകിൽ ബ്രാഹ്മണ്യത്തിൽ നിന്ന് നിഷ്കാസിതനാകുകയോ അല്ലെങ്കിൽ ഏഴുദിവസങ്ങൾ അതികഠിനമായ സാന്തപനമെന്ന കഠിനവും വേദനാജനകവുമായ പ്രായശ്ചിത്തമോ, അത്രയും ധനം സാധുക്കൾക്ക് (തെറ്റ് ഏറ്റു പറഞ്ഞ്) വിതരണം ചെയ്കയോ, ആഗ്രഹപൂർത്തിക്കല്ലാത്ത (കാമ്യേഷ്ഠിയല്ലാത്ത) പ്രായശ്ചിത്തമായ പ്രാജാപത്യയാഗം ചെയ്യുകയോ വേണം (സാന്തപന പ്രായശ്ചിത്തം പിന്നീട് വിവരിക്കുന്നു) **(38 : 1 - 7)**

**സങ്കരീകരണ-അപാത്രീകരണ കർമ്മവും പ്രായശ്ചിത്തവും**

സങ്കരീകരണദോഷത്തെക്കുറിച്ച് വിവരിച്ചതിനുശേഷം അപാത്രീകരണ ദോഷവും അവയ്ക്കുള്ള പ്രായശ്ചിത്തവും രണ്ടദ്ധ്യായവിഷയങ്ങളായി **(39,40 അദ്ധ്യായങ്ങൾ)** ആചാര്യൻ വിവരിച്ചു.

(1) സങ്കരീകരണമെന്ന ദുഷ്കർമ്മവും അതിന്റെ പ്രായശ്ചിത്തവും ഗ്രാമത്തിലെ വളർത്തുമൃഗങ്ങളേയോ വന്യമൃഗങ്ങളെയോ ഹിംസിക്കുക. (2) ഈ പാപം ചെയ്താൽ ഒരു മാസം കഠിനമായ, ദുഃഖപൂരിതമായ വ്രതമനുഷ്ഠിച്ച്, ധനം സാധുക്കൾക്ക് വിതരണം ചെയ്ത് പ്രായശ്ചിത്തം ചെയ്യണം. **(39 : 1, 2)**

(1) അപാത്രീകരണമെന്ന ദുഷ്കർമ്മവും അതിന്റെ പ്രായശ്ചിത്തവും: വിവരിക്കുന്നു. മ്ലേച്ഛന്മാരിൽ നിന്നും കള്ളന്മാരിൽ നിന്നും കൊലപാതകികളിൽ നിന്നും ധനം സ്വീകരിക്കുക, അവരുമായി വ്യവഹാരങ്ങൾ ചെയ്യുക, നിഷിദ്ധ കർമ്മങ്ങൾ ചെയ്യുക, അസത്യത്തിനും അധർമ്മത്തിനും കൂട്ടുനിൽക്കുക. നീചരെ സേവിക്കുക ഇവയെല്ലാ അപാത്രീകരണദോഷത്തിന് കാരണമാകുന്നു. (2) സ്വയം വേദന സഹിച്ച് വ്രതമനുഷ്ഠിച്ച് ഭൂമിയിൽ മഹാസാംതപന വൃത്തികർമ്മം അനുഷ്ഠിക്കുക **(40 : 1, 2).**

(1) പക്ഷികൾ, ജലജീവികൾ എന്നിവയെ നശിപ്പിക്കുക (2) സത്ഫലങ്ങൾ നൽകുന്ന കൃമികീടങ്ങളെ നശിപ്പിക്കുക (3) മദ്യം ചേർത്തുള്ള ഭക്ഷണം കഴിക്കുക (4) ഇവ മലാവഹ പാതകങ്ങളാണ്. (5) ഈ മലാവഹ/മലിനീകരണ കർമ്മങ്ങൾ ചെയ്താൽ സ്വയം വേദനസഹിച്ച്, കഠിനമായ പ്രായശ്ചിത്തങ്ങളനുഷ്ഠിക്കണം. **(41 : 1 - 5)**

ആചാര്യൻ വിഷ്ണുധർമ്മ ശാസ്ത്രത്തിലെ **നാൽപത്തിരണ്ടാമദ്ധ്യായം** ഉദ്ധരിച്ചുകൊണ്ടിപ്രകാരം പറഞ്ഞു.

(1) ഇതുവരെ വിവരിക്കാത്ത പാതകങ്ങളുണ്ടെങ്കിൽ (2) അവയിൽ ഓരോന്നും പ്രത്യേകം വർഗീകരിച്ച് ഘോരമായതും ലഘു



Scanned with CamScanner

വായതും വേർതിരിച്ച്, പണ്ഡിതന്മാരുടെ സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്ത് അനുയോജ്യമായ പ്രായശ്ചിത്തവിധികൾ നിർദ്ദേശാനുസരണം ചെയ്യണം. **(42 : 1, 2)**

**പാപപുണ്യവിവരണം**

നല്ല കർമ്മത്തെ പുണ്യകർമ്മമെന്നുപറയുന്നു. അതിന്റെ ഫലത്തെ പുണ്യമെന്നുപറയുന്നു. പ്രതിഫലത്തെ സ്വർഗമെന്നു പറയുന്നു. അതേ പ്രകാരം തിന്മ നിറഞ്ഞ കർമ്മത്തിന് പാപകർമ്മം എന്നു പറയുന്നു. അതിന്റെ ഫലം പാപം. അതിന്റെ പ്രതിഫലം നരകം. സ്വർഗം മുകളിലല്ല. അത് ഉയർന്ന അവസ്ഥ മാത്രം. നരകം താഴെയുമല്ല അത് താഴ്ന്ന അവസ്ഥ. ഈ അവസ്ഥ ശാരീരികമോ മാനസീകമോ ആകാം, പ്രത്യക്ഷമോ പരോക്ഷമോ ആകാം. യാഥാർത്ഥ്യമോ അയഥാർത്ഥമോ ആകാം.

**വിവിധ നരകങ്ങൾ**

(1) ഇനി വ്യത്യസ്ഥ പാപങ്ങൾക്ക് ശിക്ഷയായി പരലോകത്ത് ലഭിക്കുന്ന നരകത്തെക്കുറിച്ചുള്ള വിവരണമാണ് (2) 'താമിശ്രം' ഇരുട്ടുള്ള നരകം (3) 'അന്ധതാമിശ്രം' കഠിനമായ ഇരുട്ടുള്ള നരകം (4) രൗരവം അനേകം സർപ്പങ്ങളുള്ള നരകം (5) അതിൽ ക്രൂരത കൂടിയ ജന്തുക്കളുള്ളത് 'മഹാരൗരവം' (6.) 'കാലസൂത്ര' നരകം ചെമ്പിന്റെ നിറമുള്ളതും പതിനായിരം യോജന വിസ്തീർണമുള്ളതും (7) 'മഹാനരകം' അതികഠിനമായ ദുഃഖങ്ങളുളവാക്കുന്ന നരകം (8) 'സഞ്ജീവനം' യാതനകൾക്കിടക്ക് 'മരിച്ചാൽ' വീണ്ടും ജീവിപ്പിച്ച് നരകയാതനയനുഭവിപ്പിക്കുന്ന നരകം (9) 'അവീചി' ഒരിക്കലകത്തുപോയാൽ പുറത്തുവരാൻ വഴികളില്ലാത്തനരകം (10) 'തപനം' അതികഠിനമായി ചൂടാക്കി വേദനിപ്പിക്കുന്ന നരകം. **(43 : 1 - 10)**

ഇവിടെ വിവരിച്ച ഓരോ നരകത്തിലും പാപികൾക്കു കൊടുക്കുന്ന ശിക്ഷകളെക്കുറിച്ചും ആചാര്യൻ തുടർച്ചയായി വിവരിച്ചു.

നരകത്തിൽ ലഭിക്കുന്ന യാതനകൾ (11) 'സംപ്രതാപനം' അഗ്നിയിൽ വറുത്തെടുക്കുക (12) 'സംഘാതനം' അതികഠിനമായ വേദനയുണ്ടാക്കുന്ന വിധത്തിൽ ഹിംസിക്കുന്നത് (13) 'കാകോലം' കീടങ്ങളും പക്ഷികളും ഭക്ഷിക്കുക (14) 'കുങ്മലം' ഘോരമായ കുഴിയിൽ ശരീരം ബന്ധിച്ചിട്ട് നരകിപ്പിക്കുക (15) 'പൂതിമൃത്തികം' ദുർഗന്ധമുള്ള മണ്ണിൽ കുഴിച്ചിടുക. (16) 'ലോഹശങ്കു' സൂചി കൊണ്ട് ശരീരത്തിൽ തറക്കുക (17) 'ഋ ബീസം' ചൂളയിലിട്ട് ചൂടാ



Scanned with CamScanner

ക്കുക (18) 'വിഷമപന്ഥാ' കീഴ്ക്കാം തൂക്കമായ വഴിയിലിട്ടുത ട്ടുക (19) 'കണ്ഠകശാല്മലി' മുള്ളുകൾ നിറഞ്ഞ ശാല്മലീവൃ ക്ഷത്തിൽ തറക്കുക (20) ദീപനദീ തിളക്കുന്ന വെള്ളമുള്ള നദി യിൽ മുക്കുക (21) 'അസിപത്രവനം' വാൾ നിറഞ്ഞ വനത്തി ലൂടെ നടത്തുക (22) ലോഹചാരകമിതി ലോഹ കഷണം ഭക്ഷി പ്പിക്കുക, തീവ്രചൂടുള്ള പാത്രങ്ങൾ ശരീരത്തിൽ വെക്കുക (23) ചെയ്ത മഹാപാതകങ്ങൾക്കും അതിപാതകങ്ങൾക്കും പ്രായ ശ്ചിത്തം ചെയ്തില്ലെങ്കിൽ മേൽവിവരിച്ച ഘോരനരകയാതന അനുഭവിക്കേണ്ടിവരുന്നു. (24) മഹാപാതകികൾ ഈ നരകത്തിൽ ഒരു മന്വന്തരം കിടക്കണം (25) അനുപാതകികളുമത്ര തന്നെ വേണം (26) ഉപപാതകികൾ നാലു യുഗകാലമത്രയും നരകിക്ക ണം. (27) സങ്കരീകരണ പാപങ്ങൾക്ക് ആയിരം വർഷങ്ങളും (28) ജാതി ഭ്രംശീകരണത്തിനും (29) അപാത്രീകരണത്തിനും (30) മലിനീകരണത്തിനും (31) അറിയപ്പെടാത്ത / വിവരിക്കാ ത്തതായ (31) മറ്റുപാപങ്ങൾക്കും അനവധി വർഷങ്ങളും ഈ നരകത്തിൽ യാതനയനുഭവിക്കണം. (32) ശരീരത്തിൽ നിന്നാ ത്മാവ് മോചിതമായാൽ പാതകം ചെയ്തവരെല്ലാം ഈ ദാരുണ മായ നരകദുഃഖം അനുഭവിക്കണം. (43 : 11 - 32)

**പാപികളനുഭവിക്കുന്ന നരകയാതനകൾ**

പാപം ചെയ്ത ആത്മാക്കളനുഭവിക്കുന്ന യാതനകളുടെ ഒരു സുദീർഘ ചിത്രീകരണമാണിവിടെ നമുക്കു ലഭിക്കുന്നത്. വേദനയുടേയും, കര ച്ചിലിന്റേയും പ്രതികരണങ്ങളാണ്.

(33) യമകിങ്കരന്മാരാണ് ഈ മഹാപാപം ചെയ്തവരെ നരകത്തി ലേക്ക് നയിക്കുന്നത്. അതിദാരുണമായ വേദനയോടെയാണീ ആത്മാവ് യമകിങ്കരന്മാരാൽ നയിക്കപ്പെടുന്നത്. (34) ഈ നരക ങ്ങളിൽ നായ, കുറുക്കൻ, കൊക്ക്, കാക്ക, മൂങ്ങ, എന്നിവയും കത്തുന്ന തീജ്വാലയും, കനലും നിറഞ്ഞിരിക്കുന്നതും കൂടാതെ പാമ്പ്, തേൾ, എന്നിവയുമുണ്ട്. (35) അഗ്നിയിൽ കത്തുന്നവരും, മുള്ള് തറച്ച് വേദനകൊണ്ടു പുളയുന്നവരും, യന്ത്രങ്ങൾക്കിടക്ക് ചതക്കപ്പെടുന്നവരും, ചാട്ടവാറടിയേൽക്കുന്നവരും, ദാഹം കൊണ്ടു വലയുന്നവരും കരയുന്നതുകേൾക്കാം. (36) വിശപ്പു കൊണ്ടു കരയുന്നവർ, ഘോരമായ ഹിംസ്രജന്തുക്കൾ, രക്തത്തി ന്റേയും മാംസത്തിന്റേയും ഗന്ധത്താൽ ബോധം നഷ്ടപ്പെട്ടു വീഴു ന്നവർ ഓരോ ചുവടുവെപ്പിലും കാണാം. (37)എച്ചിൽകഴിച്ച്, വഴു തിവീണ് യമകിങ്കരന്മാരിൽ നിന്ന് അടികൊണ്ട് ഭീമാകൃതിയിലുള്ള



Scanned with CamScanner

കാക്ക, കഴുകൻ, കൊക്ക് എന്നിവ കൊത്തിവലിച്ച് നരകത്തിൽ ഉഴലുന്നു ചിലർ. (38) ചിലർ തിളക്കുന്ന എണ്ണയിൽ കിടക്കുന്നു, കുന്തപ്രഹരമേൽക്കുന്നു ചിലർ, ഇരുമ്പാണികൊണ്ട് തുളക്കപ്പെടുന്നു, കല്ലുകൊണ്ട് ഏറു ലഭിക്കുന്നു മറ്റു ചിലർക്ക് (39) ചീഞ്ഞളിഞ്ഞതും, ദുർഗന്ധം വമിക്കുന്നതുമായ മാംസം കഴിക്കുന്നു ചിലർ, ദാരുണമായി നിൽക്കുന്നു ചിലർ. (40) ചിലർ ഇരുട്ടിൽ തപ്പിത്തടയുന്നു, ചിലരെ കൃമികൾ തിന്നുന്നു, തീക്കനലിൽ ദാരുണമായിപ്പൊള്ളലേറ്റു പിടയുന്നു ചിലർ. (41) ചിലർ തണുത്തു വിറക്കുന്നു, ചിലർ അമേധ്യസാഗരത്തിലുഴലുന്നു, ചില പ്രേതങ്ങൾ പരസ്പരം കടിച്ചു കീറുന്നു. (42) ദാരുണമായിക്കരയുന്ന ചിലരെ ഭൂതങ്ങളാക്രമിക്കുന്നു, ചിലർ തലകീഴായിക്കിടക്കുന്നു, വൃക്ഷങ്ങളിൽ ബന്ധിതരായ ചിലർ പിടയുന്നു, ശരങ്ങളേറ്റു കുഴഞ്ഞു വീഴുന്നു ചിലർ. (43) പാമ്പുകൾ, കടിച്ചുകീറുന്നു, കഴുത്തിൽ ചുറ്റപ്പെട്ട് വീർപ്പുമുട്ടുന്ന ചിലർ, യന്ത്രങ്ങൾ കൊണ്ടു ദണ്ഡിക്കപ്പെടുന്നു ചിലരെ, നടക്കാൻ കഴിയാത്തവർക്ക് ചാട്ടവാറുകൊണ്ടടിയേൽക്കുന്നു. (44) കാല്, ആസനം, ശിരസ്, വാളുകൊണ്ടറക്കപ്പെടുന്നു, കഴുത്തിൽ സൂചികയറ്റുന്നു, ദാരുണമായിയലറുന്നു ചിലർ ശരീരവേദനകൊണ്ട് ചിലർ കരയുന്നു.

(45) പാപം ചെയ്തവർ, പാപഫലം അനുഭവിച്ച് ദുഃഖത്തോടെ ശിക്ഷാകാലം കഴിഞ്ഞ് വീണ്ടും നീചമൃഗങ്ങളായി ജനിച്ച് ദുഃഖിക്കുന്നു. **(43 : 33 – 45)**

**നരകത്തിൽ നിന്നു മോചിതമായ ജീവന്റെ പുനർജനനം**

മനുഷ്യജീവിതത്തിൽ ചെയ്ത തിന്മകളുടെ പ്രാരബ്ധകർമ്മം, ആർജിതകർമ്മം, സഞ്ചിതകർമ്മം ഇവയെല്ലാം പാപകർമ്മമായി ഭവിക്കുന്നു. പാപത്തിന്റെ പ്രതിഫലമായി നരകമനുഭവിച്ച് ആ പ്രേതരൂപത്തിലുള്ള ആത്മാവിന്റെ പാപകർമ്മഫലങ്ങളും പ്രതിഫലങ്ങളുമനുഭവിച്ച ശിക്ഷയോടെ എല്ലാം തീരുന്നില്ല. തീരാത്തതായ പാപപ്രതിഫലം ശിക്ഷ ചേർത്ത് ഭൂമിയിലേക്ക് ഓരോ തരത്തിലുള്ള ജീവികളായി അവർ പുനർജനിച്ച് മടങ്ങിവരുന്നുവത്രെ. ഇന്നു ഭൂമിയിൽ കാണുന്ന പലവിധത്തിലുള്ള (ലക്ഷോപലക്ഷം) ജീവികൾ ഒരുപക്ഷേ മനുഷ്യന്റെ നരകശിക്ഷ കഴിഞ്ഞ് ഭൂമിയിലേക്ക് ആ രൂപത്തിലും ഭാവത്തിലും വന്നതാകാം.

ഇവിടെ പ്രസക്തമായ മറ്റൊരു വിഷയം കൂടി ഓർമ്മിക്കേണ്ടതുണ്ട്. പല മനുഷ്യർക്കും പല തരത്തിലുള്ള അംഗവൈകല്യം, രോഗം, ദാരിദ്ര്യം, പ്രശ്നങ്ങൾ ഇവയെല്ലാം ജന്മനാലെ ഉണ്ടാകുന്നതുകാണാം.



Scanned with CamScanner

ഈ ഭൂമിയിൽ വന്ന്, ഒരു പാപവും ചെയ്യാതെ, ശിശു ജനിക്കുമ്പോൾ മുതൽ ചില ശിശുക്കൾ മാത്രം ദുരിതമനുഭവിക്കേണ്ടിവരുന്നതിനുത്തരം നൽകാൻ ഒരാൾക്കും സാധിച്ചിട്ടില്ല. അതിനാൽ അത്തരത്തിലുള്ള സംശയങ്ങൾക്കു കൂടി മറുപടിയായി പുനർജനനത്തെക്കുറിച്ചു **വിഷ്ണു ധർമ്മശാസ്ത്രത്തിലെ 44-ാമദ്ധ്യായം** വിവരിച്ചു.

(1) പാപികൾ പല പല മൃഗങ്ങളും കൃമികളുമായി പുനർജനിക്കുന്നു. (2) അതിപാതകികൾ സ്ഥാവരങ്ങളായി/വൃക്ഷങ്ങളായി പുനർജനിക്കുന്നു (3) മഹാപാതകികൾ കൃമികളായി ജനിക്കുന്നു. (4) അനുപാതകികൾ പക്ഷികളായി ജനിക്കുന്നു (5) ഉപപാതകികൾ ജലജന്തുക്കളായി ജനിക്കുന്നു. (6) ജാതി ഭ്രംശപാപം ചെയ്തവർ ജല ജീവികളായും (7) സങ്കരീകരണ കർമ്മങ്ങൾ ചെയ്തവർ മൃഗങ്ങളായും (8) അപാത്രീകരണകർമ്മങ്ങൾ ചെയ്തവർ പശുക്കളായും (9) മലിനീകരണ പാപം ചെയ്തവർ നീചമനുഷ്യരായും ജനിക്കുന്നു. (ഈ പാപങ്ങളെല്ലാം പിന്നീട് വിവരിക്കുന്നുണ്ട്) (10) പ്രകീർണകങ്ങളായ പാപികൾ ഹിംസ്രജന്തുക്കളായി ജന്മമെടുക്കുന്നു. (11) ഭക്ഷ്യയോഗ്യമല്ലാത്തത് തിന്നവരും മറ്റുള്ളവരെ തീറ്റിച്ചവരും കൃമികളായി ജനിക്കുന്നു. (12) കള്ളന്മാർ കഴുകനായി ജനിക്കുന്നു (13) പ്രകൃതി ദ്രവ്യങ്ങളപഹരിക്കുന്നവർ സർപങ്ങളായി ജനിക്കുന്നു (14) ധാന്യമപഹരിച്ചവർ എലിയായി ജനിക്കുന്നു (15) ഈയം അപഹരിച്ചവർ അരയന്നമായും (16) പാനീയങ്ങളപഹരിക്കുന്നവർ താറാവായും (17) തേനപഹരിച്ചവർ കടന്നലായും (18) പാലുൽപനങ്ങളപഹരിച്ചവർ കാക്കയായും പുനർജനിക്കുന്നു. (19) രസവും രസൗഷധങ്ങളുമപഹരിച്ചവർ നായയായും (20) നെയ്യപഹരിച്ചവർ കീരിയായും (21) മാംസമപഹരിച്ചവർ കഴുകനായും (22) മാംസഉൽപന്നങ്ങളപഹരിച്ചവർ നീർക്കാക്കയായും (23) എണ്ണ അപഹരിച്ചവർ പ്രത്യേകതരം ഈച്ചയായും (24) ലവണമപഹരിച്ചവൻ ചീവീടായും (25) തൈരപഹരിച്ചവർ കൊക്കായും (26) പട്ടുവസ്ത്രങ്ങൾ അപഹരിച്ചവർ മാടപ്രാവായും (27) പട്ടുവസ്ത്രങ്ങൾ അപഹരിച്ചവർ തവളയായും (28) പരുത്തിതുണി അപഹരിച്ചവർ പക്ഷിയായും (29) തോൽകൊണ്ടുണ്ടാക്കിയ കൈയ്യുറ അപഹരിച്ചവർ മൂങ്ങയായും (30) ശർക്കരയപഹരിച്ചവർ പക്ഷിയായും (31) ചന്ദനാദിഗന്ധമുള്ളവർ അപഹരിച്ചവർ ചുണ്ടെലിയായും ജനിക്കുന്നു. (32) ചെടികൾ മോഷ്ടിച്ചവർ മയിലായും (33) ഭക്ഷണം മോഷ്ടിച്ചവർ തെണ്ടിത്തിരിയുന്ന നായയായും (34) അരിധാന്യങ്ങളെടുത്താൽ

മുള്ളൻപന്നിയായും (35) അഗ്നിമോഷ്ടിച്ചവർ കൊക്കായും (36) വീട്ടു സാധനങ്ങളെന്തും അഥവാ അടുക്കള സാധനങ്ങൾ മോഷ്ടിച്ചവർ ഉറുമ്പുകളായും (37) ചുവന്ന വസ്ത്രങ്ങളപഹരിച്ചവർ ഉപ്പനായും (38) ആനയെ അപഹരിച്ചവർ ആമയായും (39) കുതിരയെ അപഹരിച്ചവർ പുലിയായും (40) ഫലങ്ങൾ, പുഷ്പങ്ങൾ അപഹരിച്ചവർ കുരങ്ങനായും (41) കന്യകയെ അപഹരിച്ചാൽ കരടിയായും (42) വാഹനങ്ങളപഹരിച്ചവർ ഒട്ടകമായും (43) പശുക്കളെയപഹരിച്ചവർ കഴുതയായും (44) ഇവിടെ വിവരിക്കാത്തതായ ഏതെങ്കിലും ദ്രവ്യങ്ങൾ അപഹരിച്ചാൽ അതാതിന്റെ കാഠിന്യമനുസരിച്ച് ഓരോ തരത്തിലുള്ള ജീവികളായും പക്ഷിമൃഗാദികളായും ജനിക്കുന്നു. അതുകൊണ്ട് മറ്റുള്ളവരുടേതായതൊന്നും അപഹരിക്കരുത്. (45) ഇത്രയും വിവരിച്ചത് പുരുഷന്മാർ ചെയ്ത പാപത്തെയും അപഹരണങ്ങളേയും കുറിച്ചാണ്. സ്ത്രീകൾ ചെയ്യുന്ന ഇതേ കൃത്യത്തിന് അതാതു വിഭാഗത്തിലെ പെൺ പക്ഷി മൃഗാദികളായും പുനർജനിക്കുന്നു. **(44 : 1 - 45)**

**മനുഷ്യനു ലഭിക്കുന്ന പുനർജന്മം**

**വിഷ്ണുധർമ്മത്തിലെ നാൽപത്തിയഞ്ചാം അദ്ധ്യായത്തിന്റെ** മഹത്വത്തെക്കുറിച്ച് ആചാര്യൻ പറഞ്ഞു. മനുഷ്യനായി ജനിച്ചു വളർന്ന് നന്മകളൊന്നും ചെയ്യാതെ തിന്മകൾ ചെയ്ത്, തിന്മയുടെ കർമ്മഫലം പൂർണമായും ആ ജീവിതത്തിലനുഭവിക്കാതെ മരിച്ചുപോയി എന്നു വിചാരിക്കുക. തിന്മയുടെ (കർമ്മത്തിന്റെ) പ്രതിഫലം നരകയാതനയിലൂടെ അനുഭവിച്ചതിന്റെ ഓർമ്മ നിലനിൽക്കാനും പുനർജന്മത്തിൽ വീണ്ടും തിന്മകൾ ചെയ്യാതെ (പാപം ചെയ്യാതെ) കഴിവതും നന്മയുടെ പുണ്യം ചെയ്ത് പരമമായ അവസ്ഥയിലേക്ക് പ്രപഞ്ച ചൈതന്യവുമായി ചേർന്നൊന്നാകാനും സാധിക്കുന്ന അവസ്ഥയിലേക്ക് പാപപുണ്യമുക്തമായ ജീവനെ പരമാത്മാവിലലിയിപ്പിക്കാനുമുള്ള സന്ദേശവുമായി പുനർജനിക്കുന്നു. മനുഷ്യരായ നാമെല്ലാം പൂർവജന്മ സഞ്ചിതകർമ്മഫലമനുഭവിച്ചതിന്റെ അടയാളങ്ങളുമായി ഭൂമിയിൽ ജനിക്കുന്നതിപ്രകാരമത്രെ.

(1) മഹാപാതകങ്ങളും ഉപപാതകങ്ങളുമെല്ലാം ചെയ്ത്, നരകത്തിൽ യാതനയനുഭവിച്ചതിനു ശേഷം വീണ്ടും മനുഷ്യജന്മത്തിലേക്ക് വരുന്നവരുടെ ലക്ഷണങ്ങളും അടയാളങ്ങളുമെന്താണെന്ന് വിവരിക്കുന്നു. (2) അതിപാതകികൾ കുഷ്ഠരോഗികളായിത്തീരുന്നു. (അതിപാതകമെന്തെല്ലാമാണെന്ന് വിവരിച്ചിട്ടുണ്ട്) (3) ബ്രഹ്മഹത്യാപാപം ചെയ്തവൻ ക്ഷയരോഗിയായിത്തീരുന്നു (4) മദ്യ



Scanned with CamScanner

സേവ നടത്തിയവൻ ദന്തരോഗിയായിത്തീരുന്നു (5) സ്വർണം മുതലായവ അപഹരിച്ച വ്യക്തി നഖരോഗമുള്ളവനായി പുനർജ നിക്കുന്നു (6) ഗുരുവിനെ അവഹേളിച്ചവൻ ചർമ്മരോഗമുള്ളവ നായിഭവിക്കുന്നു. (7) പരദൂഷണം പറയുന്നവ്യക്തി ദുർഗന്ധം വമിക്കുന്ന മൂക്കുള്ളവനായി ജനിക്കുന്നു (8) ഇല്ലാത്തദോഷങ്ങൾ പറഞ്ഞു നടക്കുന്ന വ്യക്തി വമിക്കുന്ന ദുർഗ്ഗന്ധമുള്ളവനായി ജനിക്കുന്നു. (9) ധാന്യം മോഷ്ടിച്ചവൻ അംഗഹീനനായി ജനി ക്കുന്നു (10) നിത്യവും കളവു നടത്തുന്ന വ്യക്തി അവയവങ്ങ ളുടെ എണ്ണം (കൈവിരൽ, കാൽവിരൽ) കൂടിയവനായി ജനിക്കു ന്നു. (11) അന്നമപഹരിച്ചവൻ അജീർണരോഗം ബാധിച്ചവനായി ജനിക്കുന്നു (12) ജ്ഞാനവിജ്ഞാന ഗ്രന്ഥങ്ങളപഹരിച്ച വ്യക്തി മൂകനായി ജനിക്കുന്നു. (13) വസ്ത്രമപഹരിച്ച വ്യക്തി പാണ്ഡു രോഗിയായി/ചുണങ്ങുള്ളവനായി ജനിക്കുന്നു (14) കുതിരയെ അപഹരിച്ചവൻ മുടന്തനായോ കാലില്ലാത്തവനായോ ജനിക്കു ന്നു. (15) ദേവന്മാരെയും പണ്ഡിതരേയും ആക്രോശത്തോടെ നിന്ദിച്ചവൻ മൂകനായി ജനിക്കുന്നു. (16) നീചമായവാക്കുകളുപ യോഗിച്ച വ്യക്തി വിക്കുള്ളവനായിത്തീരുന്നു (17) ജന്തുജാലങ്ങ ളെയുൾപ്പെടെ ഗൃഹങ്ങൾ അഗ്നിക്കിരയാക്കിവൻ ഭ്രാന്തനായിത്തീ രുന്നു. (18) ഗുരുവിന് പ്രതികൂലമായി പറഞ്ഞ വ്യക്തി അപസ്മാ രരോഗിയായിത്തീരുന്നു (19) പശുക്കളെ വധിക്കുന്നവൻ അന്ധ നായിത്തീരുന്നു (20) ദീപം അപഹരിച്ചവൻ അന്ധനായിത്തീരുന്നു (21) ദീപം നശിപ്പിച്ചവൻ ഒറ്റക്കണ്ണനോ ചെറുപ്പത്തിലേതന്നെ നേത്രരോഗിയോ ആയിത്തീരുന്നു.

(22) വ്യാജമായ ചെമ്പ്, പിത്തള, ഈയം എന്നിവ വിൽക്കുന്ന വ്യക്തി, തുണിയലക്കുന്നവനായും (23) രോഗമുള്ള കുതിരയെ വിൽക്കുന്നവൻ മാംസം വിൽക്കുന്നവനായും (24) മായമുള്ള ഭക്ഷണം വിൽക്കുന്നവൻ വേശ്യാവൃത്തിയിലിടനിലക്കാരനായും (25) മായം ചേർത്ത് സ്വർണമെന്നിവ വിൽക്കുന്നവൻ കള്ളനായും (26) നിഷദ്ധകർമ്മങ്ങൾ ചെയ്ത് ഉപജീവനം നടത്തുന്നവൻ കറങ്ങി നടക്കുന്ന ഭിക്ഷക്കാരനായും (27) മറ്റുള്ളവന് പങ്കുവെ ക്കാതെ ഒറ്റയ്ക്കുഭക്ഷണം കഴിക്കുന്നവൻ വാതരോഗിയായും (28) ഉടമ്പടി ലംഘിക്കുന്നവൻ കഷണ്ടിയുള്ളവനും (29) മറ്റുള്ളവന്റെ കാലിന് പരിക്കേൽപിക്കുന്നവൻ മുട്ടൊടിഞ്ഞവനായും (30) മറ്റു ള്ളവന്റെ ജോലി തടസ്സപ്പെടുത്തുന്നവൻ ദരിദ്രനായും (31) മറ്റു ള്ളവനെ ഉപദ്രവിക്കുന്നവൻ ദീർഘകാലം രോഗിയായും ജീവി



Scanned with CamScanner

ക്കുന്നു. (32) ഇപ്രകാരമുള്ള ലക്ഷണത്തോടു കൂടിയാണ് മഹാപാപികൾ, അവർക്ക് ലഭിക്കുന്ന നരകശിക്ഷയനുഭവിച്ചതിനു ശേഷം ഭൂമിയിൽ വീണ്ടും ജനിക്കുന്നത്. രോഗിയായും, അന്ധനായും, കുരുടനായും, നഖമില്ലാത്തവനായുമെല്ലാം അവർ ജീവിക്കുന്നു. (33) കള്ളന്മാരായും, ബധിരന്മാരായും, മൂകന്മാരായും, ദുർബലന്മാരായും, അവർ ജീവിക്കേണ്ടി വരുന്നതിനാൽ ദുഷ്കർമ്മങ്ങളൊന്നും ജീവിതത്തിൽ ചെയ്യാതിരിക്കുക. ചെയ്താൽ അവയ്ക്ക് പ്രായശ്ചിത്തവുമനുഷ്ഠിക്കുക. (45: 1 - 33)

**പാപ പരിഹാരമാർഗങ്ങളുണ്ടോ?**

പാപത്തിന്റെ പ്രതിഫലമായ നരകയാതനയില്ലാതാക്കാൻ ചെയ്യേണ്ടതായ, പ്രായശ്ചിത്തങ്ങൾ **വിഷ്ണുധർമ്മശാസ്ത്രത്തിലെ നാൽപ്പത്തിയാറാമദ്ധ്യത്തിൽ** വിവരിക്കുന്നതു പൂർണമായും ആചാര്യൻ വിവരിച്ചു. അനവധി തരത്തിലുള്ള പാപകർമ്മങ്ങൾ ചെയ്തവർ അതാതു ജന്മത്തിൽ തന്നെ അനുഷ്ഠിക്കേണ്ട പ്രായശ്ചിത്തങ്ങളാണിവിടെ വിവരിക്കുന്നത്.

(1) ത്യാഗപൂർണമായ പാപപരിഹാര മാർഗങ്ങളാണിവിടെ വിവരിക്കുന്നത്. (2) (അഘമർഷണ-കൃച്ഛ്റപ്രായശ്ചിത്തവിധി വിവരിക്കുന്നു) മൂന്നു ദിവസം പൂർണമായും ആഹാരം ഒഴിവാക്കണം (3) രാവും പകലും സന്ധ്യാവേളയിൽ മൂന്നുനേരവും സ്നാനം വേണം (4) ഓരോ പ്രാവശ്യം കുളിക്കുമ്പോഴും കുറച്ചു സമയം വെള്ളത്തിൽ മുങ്ങിയിരിക്കണം (5) മുങ്ങിക്കുളിക്കഴിഞ്ഞാൽ വെള്ളത്തിൽ നിന്നുകൊണ്ടുതന്നെ മൂന്നുപ്രാവശ്യം അഘമർഷണ സൂക്തം ജപിക്കണം. (6) പകലുറക്കമരുത് (7) മൂന്നു രാത്രിയും ഉറങ്ങരുത് (8) മൂന്നു ദിവസം കഴിഞ്ഞ് മറ്റുള്ളവർക്കും പണ്ഡിതർക്കും പാൽ കൂട്ടിയുള്ള ഭക്ഷണം നൽകണം (9) ഇതാണ് അഘമർഷണ പ്രായശ്ചിത്തം. (10) മൂന്നു ദിവസം വൈകുന്നേരവും മൂന്നു ദിവസം പ്രഭാതത്തിലും മൂന്നു ദിവസം പൂർണ്ണമായും മറ്റുള്ളവരുടേതൊന്നും ഉപയോഗിക്കാതെ ഉള്ളതു ഭക്ഷിച്ച്, ചെയ്യുന്ന പ്രായശ്ചിത്തവിധി പ്രാജാപത്യ വിധിയെന്നു പറയുന്നു. (11) മൂന്നു ദിവസം വീതം യഥാക്രമം ജലം, നെയ്യ്, പാല് ഇവ ചൂടാക്കി കഴിച്ച് (ആകെ 9 ദിവസം) പിന്നെ മൂന്നു ദിവസം പൂർണ ഉപവാസം ഇരിക്കണം. ഈ പ്രായശ്ചിത്തത്തിന് തപ്തകൃച്ഛ്റ പ്രായശ്ചിത്തമെന്നു പറയുന്നു. (12) ഇതേ കർമ്മം ചൂടില്ലാത്ത ജലം, നെയ്യ്, പാല് ഉപയോഗിച്ചു ചെയ്യുമ്പോൾ



Scanned with CamScanner

അതിനെ ശീതകൃച്ഛ്റമെന്നു പറയുന്നു. (13) പാൽ മാത്രം കഴിച്ച് 21 ദിവസം അനുഷ്ഠിക്കുന്ന പ്രായശ്ചിത്തം കൃച്ഛ്റാതികൃച്ഛ്റം എന്ന റിയപ്പെടുന്നു. (14) ഒരു മാസം പൂർണമായും ജലം മാത്രം കുടിച്ച് കഴിയുന്ന പ്രായശ്ചിത്തമാണ് തോയകൃച്ഛ്റം. (15) താമരക്കിഴങ്ങ് പാകം ചെയ്ത് ഒരു മാസം കഴിക്കുന്നത് മൂലകൃച്ഛ്റ പ്രായശ്ചിത്തം (16) കൂവളത്തിന്റെ കായപാകം ചെയ്തതുമാത്രം ഒരുമാസം കഴിച്ച് പ്രായശ്ചിത്തം ചെയ്യുന്നത് ശ്രീഫലകൃച്ഛ്റം (17) താമരവിത്ത് കഴി ക്കുന്നതും ഇതുപോലെ തന്നെ ശ്രീഫലകൃച്ഛ്റമാണ് (18) പന്ത്രണ്ടുദിവസം നിരാഹാരവും ഈശ്വരഭജനവും നടത്തുന്നത് പരാകം (19) ഗോമൂത്രം, ചാണകം, പാൽ, തൈര്, നെയ്യ്, കറുക ജലം, ഇവയെല്ലാം അൽപാൽപം ചേർത്ത് ഒരു ദിവസം കഴിച്ച് അടുത്ത ദിവസം ഉപവാസവ്രതമനുഷ്ഠിച്ച് നടത്തുന്ന പ്രായശ്ചി ത്തവിധിയാണ് സാന്തപനം. (20) ആറു ദിവസം, മേൽ വിവരിച്ച ഓരോന്നും മാത്രം കഴിച്ച് അടുത്ത ദിവസം ഉപവസിക്കുന്നത് മഹാസാന്തപനം (21) ഓരോന്നും മൂന്നു മൂന്നു ദിവസം വീതം കഴിച്ച് നടത്തുന്ന പ്രായശ്ചിത്തകർമ്മം അതിസാന്തപനം (22) തുലാപുരുഷകൃച്ഛ്റമെന്ന പ്രായശ്ചിത്തത്തിൽ ഭക്ഷിക്കാവുന്ന വസ്തുക്കൾ എള്ളിൻ പിണ്ണാക്ക്, കഞ്ഞിവെള്ളം, മോര്, ജലം, എന്നിവ പത്തുദിവസത്തെ ഉപവാസത്തിനുശേഷം ഭക്ഷിച്ച് ചെയ്യുന്ന പ്രായശ്ചിത്തമാണിത്. (23) പർണകൃച്ഛ്റമെന്ന പ്രായ ശ്ചിത്തത്തിൽ കറുക, പലാശ്, മുള, താമര, ശംഖുപുഷ്പം, ബ്രഹ്മി, സുവർച്ച ലത എന്നീ ഏഴ് ചെടികളുടെ ഇലകൾ ചേർത്ത് അഥവാ പ്രത്യേകം പ്രത്യേകം തിളപ്പിച്ച് കഴിക്കുന്നതിന് പർണകൃച്ഛ്റമെന്നു പറയുന്നു. (24) മേൽ വിവരിച്ച എല്ലാ കൃച്ഛ്റപ്രായശ്ചിത്തങ്ങളും ചെയ്തതിനുശേഷം തലമുടിയും താടിയും പൂർണമായും കളഞ്ഞ്, കുളിച്ച് ശുദ്ധമാകണം (25) സ്ത്രീകളോടും (യൗവനത്തിലുള്ള), നീചന്മാരോടും, പതിതന്മാരോടും പരിധിക്കപ്പുറം സംസാരിച്ചു കൊണ്ടിരിക്കരുത്. സാധിക്കുന്നത്രയും പവിത്രങ്ങളായ മന്ത്രങ്ങൾ നിത്യവും ജപിക്കുകയും വേണം. **(46 : 1 – 25)**

### സപ്തർഷികൾ വിവരിച്ച പ്രായശ്ചിത്തങ്ങൾ

മഹാപാതകത്തിനും ഉപപാതകത്തിനുമുള്ള പ്രായശ്ചിത്തങ്ങളുടെ തുടർച്ചയായി, **ധർമ്മശാസ്ത്രത്തിലെ നാൽപ്പത്തിയേഴാമദ്ധ്യായം** വ്യക്തമായി വിവരിച്ചു കൊടുക്കുന്നു.

(1) ഇനി ചാന്ദ്രായണമെന്ന പ്രായശ്ചിത്ത കർമ്മാനുഷ്ഠാനം വിധി ക്കാം. (2) മിതമായ ആഹാരം ക്രമത്തിൽ കൂട്ടിയും അതേപോലെ കുറച്ചും കഴിക്കുന്നത്, ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ പോലെയാകു



Scanned with CamScanner

ന്നതിനാൽ ഇത് ചന്ദ്രായണം എന്നറിയപ്പെടുന്നു ക്രമത്തിൽ ഓരോ ഗ്രാസം (വായ് നിറയെ) അഥവാ ഒരുരുള ഭക്ഷണം ക്രമപ്പെടുത്തുന്നതാണീ പ്രായശ്ചിത്തം (3) ചന്ദ്രക്കല കറുത്തവാവിനു ശേഷം അഭിവൃദ്ധിപ്പെടുന്നതും, വെളുത്ത വാവിനുശേഷം കുറയുന്നതുമനുസരിച്ച് ഭക്ഷണം കഴിക്കണം. അമാവാസി ദിവസം പൂർണമായും നിരാഹാരം. (അതായത് കറുത്തവാവിനുശേഷം വരുന്നപഥമ, (ഒരുരുള) ദ്വിതീയ (രണ്ടുരുള) എന്നീ പ്രകാരം ഭക്ഷണം കഴിക്കണം. (4) പിപീലികാ മധ്യത്തിൽ മാത്രം ഭക്ഷണം കഴിച്ചുമാകാം? (5) കറുത്ത വാവ് മുതൽ ഓരോ ദിവസം ഒരുരുള കൂട്ടി പൗർണമി മുതൽ ഓരോ ഉരുള കുറച്ചു വരുന്ന ക്രമത്തിന് പിപീലികാമധ്യമെന്നു പറയുന്നു (6) ഇതു തിരിച്ചിട്ടാൽ അഥവാ പൗർണമിക്കുശേഷം വരുന്ന പ്രഥമയിൽ ഒരുരുള മുതൽ കൂട്ടി കറുത്തവാവിന് 15 ഉരുള കഴിച്ച്, അതിൽ നിന്ന് ഓരോന്നു വീതം കുറച്ചു കഴിക്കുന്നതിനു പറയുന്ന പേരാണ് യവ മധ്യം. (7) എട്ടുരുള ഭക്ഷണം പ്രതിദിനം കഴിച്ച് പ്രായശ്ചിത്തമനുഷ്ഠിക്കുന്നത് യതി ചന്ദ്രായണം ഇതു തന്നെ ചിലപ്പോൾ പ്രഭാതത്തിന് എട്ടുരുളയും രാത്രി എട്ടുരുളും പ്രകാരവുമാകാം. (8) രാവിലെ നാലുരുളയും സൂര്യാസ്തമയശേഷം നാലുരുളയും ഭക്ഷണം കഴിച്ച് നടത്തുന്ന പ്രായശ്ചിത്തം ശിശുചാന്ദ്രായണം (9) സാമാന്യചന്ദ്രായണ പ്രായശ്ചിത്തം ഇപ്രകാരമാകുന്നു ഒന്നാം ദിവസം നാലുരുള രണ്ടാം ദിവസം പന്ത്രണ്ടുരുള, മൂന്നാം ദിവസം ഉപവാസം അടുത്ത ദിവസം പതിനാറുരുള, തുടർന്നു രണ്ടു ദിവസം പൂർണ ഉപവാസം. അടുത്ത ദിവസം ഇരുപത്തിനാലുരുള തുടർന്ന് അടുത്ത മൂന്നു ദിവസം ഉപവാസം അതിനടുത്ത ദിവസം മുപ്പത്തിരണ്ടുരുള ഇപ്രകാരം യഥാക്രമം ഒരു ദിവസം അറുപതുരുള ഭക്ഷണം എത്തുന്നതുവരെ (ഉൾക്കൊള്ളാമെങ്കിൽ മാത്രം) ഇടക്ക് ക്രമത്തിൽ ഭക്ഷണവും പിന്നെ മേൽ വിവരിച്ച ക്രമത്തിൽ ഉപവാസവുമാണ് സാമാന്യ ചാന്ദ്രായണം. (10) ഈ വ്രതാനുഷ്ഠാനത്തിലൂടെയുള്ള പ്രായശ്ചിത്തങ്ങൾ നിശ്ചയിച്ചത്. പരിശുദ്ധരായ, സപ്തഋഷികളാണ്. അവരെല്ലാം ബ്രഹ്മാവിന്റേയും രുദ്രന്റേയും സ്ഥാനത്തിന്നർഹരായവരാണ്. **(47 ; 1 - 10)**

ഇത്രയും പ്രായശ്ചിത്തവിധികൾ വിവരിച്ചതെല്ലാ പാപമോചനത്തിന്നായിട്ടാണ്. ഇനിയുമുണ്ട് പ്രായശ്ചിത്തങ്ങൾ. അവയെല്ലാം ആത്മശുദ്ധീകരണ പ്രായശ്ചിത്തങ്ങളാണ്. അവനവനോട് ചെയ്ത പാപങ്ങൾ കഴുകിക്കളഞ്ഞതിനുശേഷം മനസ്സിനേയും ശരീരത്തേയും പൂർണമായും



Scanned with CamScanner

വൃത്തിയാക്കുന്ന അഥവാ ശുദ്ധിയാക്കുന്ന പ്രായശ്ചിത്തമാണിവ യെല്ലാം പ്രായ (പിന്നീട്) **ചിത്തം** (ചിന്തകൾക്കു ജന്മം നൽകുന്ന മന സ്സിന്റെ ഭാഗം/മനസ്) അതിനാൽ **പ്രായശ്ചിത്തങ്ങളെല്ലാം** മനസ്സിനെ ശുദ്ധീകരിക്കാനാണെന്നറിയണം അതിനുള്ളതാണിനിയുള്ള അദ്ധ്യാ യത്തിൽ (**നാൽപത്തിയെട്ടാമദ്ധ്യായം**) വിവരിക്കുന്ന പ്രായശ്ചിത്ത ങ്ങൾ.

(1) ഇനിയുള്ള പ്രായശ്ചിത്തം നാം സ്വയം ആത്മനിന്ദക്കും /ആ ത്മഹത്യാപരമായും ചെയ്യുന്ന കർമ്മങ്ങൾക്കുള്ള പ്രായശ്ചിത്ത മാണ്. (2) ഈ ആത്മപ്രായശ്ചിത്തത്തിലൂടെ സ്വയം ശുദ്ധീകരി ക്കുകയാണ് ലക്ഷ്യം പ്രായശ്ചിത്ത ദിവസം അഗ്നികർമ്മങ്ങൾ ചെയ്യരുത്. (3) അന്ന് ബലിതർപ്പണകർമ്മങ്ങളുമില്ല (4) വേദ മന്ത്ര ജപം ചെയ്ത് ഭക്ഷണം പാകം ചെയ്ത് മന്ത്രം ജപിച്ച് ഭക്ഷണം കഴിക്കുക (5) വേദമന്ത്രങ്ങളിലൂടെ തന്നെ പൂർണശുദ്ധി വരു ത്തണം (6) ഇവിടെ ചൊല്ലേണ്ട വേദമന്ത്രം "ബ്രഹ്മാ ദേവാനാം കവീനാമൃഷിർവിപ്രാണാം മഹിഷോ മൃഗാണാം. ശ്യേനോ ഗൃധ്രാണാം സ്വാധിതിർവനാനാം സോമഃ പവിത്രമത്യേതി രേഭം" ഈ മന്ത്രം കൊണ്ട് ദർഭയെടുത്ത് ഭക്ഷണപദാർത്ഥങ്ങൾ ഉഴിഞ്ഞു കളയണം. (7) തുടർന്ന് വീണ്ടും വേദമന്ത്രങ്ങൾ തന്നെ ചൊല്ലി ഭക്ഷണത്തെ പരിശുദ്ധമാക്കണം (8 മുതൽ 10 വരെ വരികൾ) വേദമന്ത്രങ്ങൾ തന്നെയാണ്. (11) ബുദ്ധി നേർവഴിക്കാകാൻ മൂന്നുരാത്രി ഇപ്രകാരം ചെയ്യണം (12) പാപം ചെയ്തവൻ ആറുരാത്രിയും (13) മഹാപാതകം ചെയ്തവൻ മറ്റു പ്രായശ്ചി ത്തങ്ങൾ ചെയ്തതിനു ശേഷം ഏഴു ദിവസം, മേൽ വിവരിച്ച ആത്മശുദ്ധീകരണം ചെയ്യണം (14) കഴിഞ്ഞ തലമുറകൾ ചെയ്ത പാപം സ്വയം അനുഭവിക്കാതിരിക്കാൻ 12 ദിവസം ഈ കർമ്മമ നുഷ്ഠിക്കണം (15) എല്ലാ പാപങ്ങളിൽ നിന്നുള്ള മോചനം നേടാൻ ഒരു മാസം ഇതുമാത്രം സേവിച്ച് പ്രാർത്ഥിച്ചാൽ മോചനം നേടാവുന്നതാണ്. (16) ബാർളിയും അൽപം ഗോമയവും (ഒരു നുള്ള് ചാണകവും) 21 ദിവസം കഴിച്ചാൽ എല്ലാ പാപങ്ങളിൽ നിന്നു മോചനം നേടാവുന്നതാണ്. 17 മുതൽ 22 വരെ (മന്ത്രരൂപ ത്തിലുള്ള വരികളിലൂടെ വിവരിക്കുന്നു) ധാന്യം, ജലം, തേൻ, തൈര്, പാല് എന്നിവയും ദ്രവ്യങ്ങളും ശുദ്ധീകരിക്കാം. കൂടാതെ വാക്കുകൊണ്ട്, പ്രവൃത്തികൊണ്ട്, മനസ്സുകൊണ്ട്, വിചാരത്തിലൂ ടെ, ഗതികേടുകൊണ്ട്, പഴകിയതുകഴിച്ച്, മൃഗങ്ങളുടെ ഉച്ഛിഷ്ടം കഴിച്ച്, ഉച്ഛിഷ്ഠത്തിന്റെ സ്പർശനമുള്ളത് ഭക്ഷിച്ച്, മാതാപിതാ



Scanned with CamScanner

ക്കളെ ശുശ്രൂഷിക്കാതെ, പാപം ചെയ്ത് അപവിത്രമായത്, അയോഗ്യരായവരിൽ നിന്ന് യാചിച്ചത് ഇപ്രകാരമുള്ള ദ്രവ്യം സ്വീകരിച്ചതും ഭക്ഷിച്ചതും മൂലമുണ്ടാകുന്ന പാതകങ്ങളിൽ നിന്നെല്ലാം മോചനം നേടാൻ, അൽപം ബാർളിയും അൽപം യവവും ചേർത്ത് ഭക്ഷിച്ച് വേദമന്ത്രാലപനം നടത്തി പ്രായശ്ചിത്തമനുഷ്ഠിക്കണം. **(48 : 1 - 22)**

**സർവപാപമോചനത്തിനുള്ള ആത്മീയ പ്രായശ്ചിത്തങ്ങൾ .**

**വിഷ്ണുധർമ്മശാസ്ത്രത്തിലെ നാൽപ്പത്തിയൊമ്പതാം അദ്ധ്യായത്തിലൂടെ**

(1) മാർഗശീർഷ മാസത്തിലെ ശുക്ളപക്ഷ ഏകാദശീദിവസം പൂർണമായും ഉപവാസമനുഷ്ഠിച്ച്, ദ്വാദശീ ദിവസം വാസുദേവപൂജ നടത്തണം (2) പുഷ്പം, ധൂപം, ദീപം, നൈവേദ്യം, ചന്ദനം എന്നിവയിലൂടെ പണ്ഡിതരെ പൂജിക്കണം. (3) ഇപ്രകാരം ചെയ്തുകൊണ്ട് ഒരു വർഷം വ്രതമനുഷ്ഠിക്കുക. അതിലൂടെ സർവപാപമോചനം നേടാവുന്നതാണ്. (4) ഇപ്രകാരം ജീവിച്ചാൽ ചൈതന്യവത്തായ ശ്വേതദ്വീപിൽ ജീവിക്കുന്ന അവസ്ഥയിലെത്താം (5) ശുക്ള പക്ഷ കൃഷ്ണ പക്ഷ ഏകാദശിയും ദ്വാദശിയും ഒരു വർഷക്കാലമാചരിച്ചാൽ സ്വർഗലോകം ലഭിക്കുന്നു. (6) ഈ ചര്യകൾ ജീവിതത്തിന്റെ ഭാഗമാക്കിയാൽ വിഷ്ണുലോകം പ്രാപിക്കുന്നു. (7) ഇതേ പുണ്യമാണ് പഞ്ചദശീ അഥവാ വാവു ദിവസങ്ങളിൽ വ്രതമനുഷ്ഠിച്ചാലും ലഭ്യമാകുന്നത്. (8) അമാവാസി പൗർണമി നാളിൽ ഇപ്രകാരമാചരിച്ചാൽ യോഗിയുടെ അവസ്ഥയെത്തി സാക്ഷാൽ കേശവനിലെത്തിച്ചേരുന്നു. (9) പൗർണമി വ്രതം ആചരിച്ച് ചന്ദ്രനെയും വ്യാഴഗ്രഹത്തേയും ഒരു സംവത്സരകാലം ദർശിച്ചാൽ പുണ്യമാണ്. (10) ദാനം ചെയ്കയും, ഉപവാസമനുഷ്ഠിക്കുകയും ചെയ്യുന്ന പുണ്യം മേൽ വിവരിച്ച രീതിയിലുള്ള ദർശനത്തിലൂടെ സാധിക്കുന്നു. ദ്വാദശീദിവസം വേദശ്രവണം നടത്തിയാലും ഇതേ പുണ്യഫലം ലഭിക്കുന്നു. **(49 : 1 - 10)**

**ശിക്ഷക്കനുസൃതമായ ദാനങ്ങളും വ്രതങ്ങളും പ്രായശ്ചിത്തങ്ങളും**

(1) വനത്തിൽ ഇലകൾ കൊണ്ടു നിർമ്മിച്ച കുടീരത്തിൽ വസിക്കുക (2) മൂന്നുനേരം കുളിക്കുക (3) ജീവൻ നിലനിർത്താനും ദിനചര്യകളനുഷ്ഠിക്കാനുമായി ഭക്ഷണത്തിന് ഗ്രാമങ്ങളിൽ നിന്ന് അത്യാവശ്യത്തിനുമാത്രമായി ഭിക്ഷാടനം ചെയ്യുക. (4) പുല്ലിൽത്തന്നെ കിടക്കുക (5) ഇതാണ് മഹാവ്രതം (6) ശ്രേഷ്ഠ

ന്മാരെവധിച്ചാൽ ഇപ്രകാരം 12 വർഷം മഹാവ്രതമനുഷ്ഠിക്കണം. (7) യാഗം ചെയ്യുന്ന ക്ഷത്രിയനേയോ വൈശ്യനേയോ വധിച്ചാലും ഈ മഹാവ്രതമനുഷ്ഠിക്കണം. (8) ഗർഭിണിയേയോ രജസ്വലയേയോ വധിച്ച പാപ പ്രായശ്ചിത്തത്തിനും ഈ മഹാവ്രതമനുഷ്ഠിക്കുക. (9) അത്രിയുടെ ഗോത്രത്തിൽ ജനിച്ച സ്ത്രീയെ വധിച്ചാലും (10) പ്രിയ മിത്രത്തെ വധിച്ചാലും ഈ പ്രായശ്ചിത്ത മഹാവ്രതമനുഷ്ഠിക്കണം (11) രാജാവിനെ വധിച്ചാൽ 24 വർഷക്കാലം ഈ മഹാവ്രതമനുഷ്ഠിക്കണം. (12) ക്ഷത്രിയനെ വധിച്ചാൽ 9 വർഷം (13) വൈശ്യനെ വധിച്ചാൽ 6 വർഷം (14) ശൂദ്രനെ വധിച്ചാൽ 3 വർഷവും മഹാവ്രതമനുഷ്ഠിച്ച് പാപമോചനം നേടണം. (15) താൻ അക്ഷന്തവ്യമായ നരഹത്യ ചെയ്തവനാണെന്നറിഞ്ഞുള്ള പ്രായശ്ചിത്തവും വ്രതാവസാനത്തിലനുഷ്ഠിക്കണം. (16) പശുക്കളെ വധിച്ചാൽ ഒരുമാസം വ്രതാനുഷ്ഠാനവും കൂടാതെ അത്രകാലം പശു പരിപാലനവും വേണം (17) പശുക്കൾക്ക് മേയാൻ സൗകര്യമുണ്ടാക്കുക (18) പശുക്കൾക്ക് രാത്രിയും പകലും വാസത്തിന് സൗകര്യമുണ്ടാക്കുക. (19) പശുക്കളുടെ രോഗത്തിന് ചികിത്സിക്കുക (20) അവയെ ഭയത്തിൽ നിന്ന് മോചിപ്പിക്കുക (21) പശുക്കൾക്ക് ചൂട് തണുപ്പ് എന്നിവയിൽ നിന്ന് സംരക്ഷണം നൽകുക (22) സ്വന്തം സ്നാന ജലത്തിൽ അൽപം ഗോമൂത്രവും ചേർത്ത് കുളിക്കുക (23) പാലുൽപന്നങ്ങളും ചേർത്ത് ഭക്ഷണം കഴിക്കുക. (24) ഈ ഗോവ്രതമാണ് പശുക്കളെ വധിച്ചാൽ ചെയ്യേണ്ടത്. (25) ആനയെ വധിച്ചാൽ അഞ്ച് കാളകളെ ദാനം ചെയ്താലും (26) കുതിരയെ വധിച്ചാൽ കുതിരയെ ദാനം ചെയ്യുക (27) ഒരു കഴുതയെ കൊന്നാൽ ഒരു കുതിരയെ ദാനം ചെയ്യുക (28) ആടിനെ വധിച്ചാലും (29) ഒട്ടകത്തെ വധിച്ചാലും ഒരു കാളയെ ദാനം ചെയ്യണം (30) നായയെ കൊന്നാൽ മൂന്നു രാത്രി ഉപവസിക്കുക (31) എലി, പൂച്ച, മുയൽ, തവള, പാമ്പ്, കീരി, എന്നിവയെ വധിച്ചാൽ അന്നദാനം ചെയ്ത് ദക്ഷിണയും ഒരു ചെറിയ ഇരുമ്പു വടിയും ദാനമായി നൽകുക. (32) മൂങ്ങ, കാക്ക, മത്സ്യം ഇവയെ കൊന്നാൽ മൂന്നു രാത്രി ഉപവസിക്കുക. (33) അരയന്നം, കൊക്ക്, പരുന്ത്, കുരങ്ങ്, ചക്രവാകം, പോലെയുള്ളവയെ കൊന്നാലും അന്നദാനം ചെയ്ത് പാപ പ്രായശ്ചിത്തം വരുത്തുക. (34) സർപ്പത്തെ കൊന്നാൽ ഇരുമ്പു കൊണ്ടുള്ള ഒരു ദണ്ഡ് ദാനമായി നൽകുക (25) ഷണ്ഡരെ വധിച്ച പാപ പ്രായശ്ചിത്തത്തിന് ചെമ്പ്/പിത്തളയിൽ രൂപമു

ണ്ടാക്കി ദാനം ചെയ്യുക (36) പന്നിയെ കൊന്നാൽ ഒരു കുടം നെയ്യ് ദാനം ചെയ്യുക. (37) മാടപ്രാവിനെ കൊന്നാൽ ഒരു കുടം എള്ള് (38) പക്ഷിയെ കൊന്നാലും പക്ഷിക്കുഞ്ഞുങ്ങളേയും (39) മറ്റു മൃഗങ്ങളെ വധിച്ചാലും പശുവിനേയും (40) വളർത്തു മൃഗങ്ങളെ വധിച്ചാലും അതാതു മൃഗക്കുഞ്ഞുങ്ങളേയും വളർത്താനായി ദാനം ചെയ്യുക (41) മാൻ, പശു എന്നിവയെ വധിച്ചാൽ ആ മൃഗങ്ങളുടെ കുഞ്ഞിനെ ദാനം ചെയ്യുക. (42) ഇവിടെ വിവരിക്കാത്ത ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മൃഗങ്ങളെ വധിച്ചാൽ മൂന്നു രാത്രി പൂർണ ജലപാന വ്രതത്തിൽ കഴിയണം. (43) പക്ഷികളെ വധിച്ചാൽ, ഏതു വിഭാഗത്തിൽ പെടുന്നവയാണെന്ന് വ്യക്തമല്ലെങ്കിൽ (44) ഒരു രൂപ്യമാഷം ധനം സാധുക്കൾക്ക് ദാനമായി നൽകിയാലും (45) ജലജീവികളെ കൊന്നാൽ ഒരു ദിവസം ഉപസിച്ചാലും (46) അസ്ഥികളില്ലാത്തവയേയും, വാഹനങ്ങൾ വലിക്കുന്നവയേയും കൊന്നാൽ അനുയോജ്യമായ പ്രായശ്ചിത്തമാചരിക്കണം (47) ഈ പ്രായശ്ചിത്തത്തിനുശേഷം നിരന്തരം പ്രാണായാമവും ചെയ്യണം (48) വൃക്ഷങ്ങൾ മുറിച്ചാൽ അതേ വർഗത്തിൽ പെടുന്ന വൃക്ഷഫലങ്ങൾ ദാനം ചെയ്യണം. (49) ധാന്യങ്ങളുൽപാദിപ്പിക്കുന്ന ചെടികൾ, രസങ്ങൾ നൽകുന്നവ, ഫലപുഷ്പങ്ങൾ നൽകുന്നവ എന്നിവയ്ക്കും (50) ഔഷധികളും, സ്വയം വളർന്ന് വലുതായി വനങ്ങൾ പോലെ ആയിത്തീരുന്നവയും, തണൽ മരങ്ങളും മുറിച്ചാൽ ഒരു ദിവസം ജലപാനം മാത്രം കഴിച്ച് വ്രതമനുഷ്ഠിച്ച് പ്രായശ്ചിത്തം ചെയ്യണം. (50 : 1 - 50)

ഇത്രയുമാണ് വിഷ്ണുധർമ്മശാസ്ത്രത്തിലെ അമ്പതാം അദ്ധ്യായത്തിൽ വിവരിക്കുന്നത്.

നളന്ദാസർവകലാശാലയിൽ പഠനവും അദ്ധ്യാപനവും മുറയ്ക്കു നടക്കുന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികളിൽ പലരേയും പരിചയപ്പെട്ടു അവരുടെ ജീവിതാനുഭവങ്ങളും ദേശാനുഭവങ്ങളും പങ്കുവെച്ചു. ഭാരതമെന്ന രാഷ്ട്രത്തിൽ വന്ന് അഭിമാനിക്കാത്തവരാരുമില്ല. പലരുടേയും ധാരണകൾ വളർന്നുയർന്നുപറക്കാൻ തുടങ്ങി. ചില തെറ്റിദ്ധാരണകളകലുന്നുമുണ്ടായിരുന്നു. അവർക്കു ഭാരതം മാതൃഭൂമി തന്നെയായിത്തുടങ്ങിയിരുന്നു. ഇവിടത്തെ അദ്ധ്യാപകരെ പിതൃതുല്യരായിക്കാണാനവർക്കുസാധിച്ചു. ഭാരതത്തിലെ പല പുണ്യനദികളിലും ഒഴിവു ദിനങ്ങളിലവർ സ്നാനത്തിനായും, തീർത്ഥാടനത്തിന്നായും പോകുന്നുണ്ടായിരുന്നു. അതിൽ പലരും ആത്മീയതയുടെ പന്ഥാവ്



Scanned with CamScanner

സ്വീകരിച്ചു. ശ്രീബുദ്ധനെ നേരിട്ടുകണ്ട പ്രതീതി പലർക്കും ലഭിച്ചു. ബുദ്ധഗയയിൽ പലരും പുണ്യദർശനം നടത്തി, ലുംബിനിയിൽ പോയവരുണ്ട്. ഹരിദ്വാരിലും, ഋഷീകേശിലും, പ്രയാഗയിലും പോയിവരുന്നവരുണ്ട്. ഈ രാഷ്ട്രത്തിൽ ജീവിക്കുമ്പോഴല്ലേ ഇതെല്ലാം സാധിക്കൂ എന്നവർ തിരിച്ചറിയുന്നു. ഒരിക്കൽ സ്വന്തം രാജ്യത്തിലേയ്ക്ക് തിരിച്ചുപോയാൽ പിന്നീടിങ്ങോട്ടു വരവസാദ്ധ്യമാണെന്നവർക്കറിയാം. പഞ്ചനദത്തിൽ പല യവനന്മാരും ഭാരതീയ സംസ്കൃതി സ്വീകരിച്ചവരായിട്ടുണ്ട് എന്നവർക്കറിയാം. അലക്സാണ്ടറുടെ കൂടെ വന്ന് തിരിച്ചുപോകാത്തവർ! അവരെപോലെ ഇവിടെ ജീവിക്കണമെന്നാഗ്രഹിക്കുന്നവരുടെ എണ്ണവും നളന്ദയിൽ വർദ്ധിച്ചുവരുന്നു. ഇതെല്ലാം നളന്ദ വിദ്യാലയത്തിലെ അനുഭവങ്ങളാണ്. ഇനി അടുത്ത പഠനവേദിയിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു.

### ബ്രാഹ്മണ്യത്തിന്റെ ഭാരം

ബ്രാഹ്മണർക്ക് എത്രത്തോളം ശ്രേഷ്ഠത്വമുണ്ടോ അത്രയും തന്നെ കഠിനമായ നിയമാചാരാനുഷ്ഠാനങ്ങളുമുണ്ട്. അവരുടെ ജീവിതത്തിലെ ഓരോ അടിവെപ്പും ശ്രദ്ധയോടെയല്ലെങ്കിൽ അവർ ആ പദവിക്ക് അർഹരല്ലാതായിത്തീരുന്നു. ലോകത്തിലെ ഏതു രാജാവിനും സൈന്യാധിപനും അതുപോലെയുള്ളവർക്കും പിന്തുടരേണ്ടതായ കഠിനമായ ധർമ്മനിയമങ്ങളുണ്ട്. അതുപോലുള്ള നിയമാവലികളാണ് ബ്രാഹ്മണരെ ആ സ്ഥാനത്തിരിക്കാൻ യോഗ്യരാക്കുന്നത്. അതുപോലെയാണ് ബ്രാഹ്മണ്യവും. ആ നിലവാരത്തിലേക്ക് കഠിനമായ ചര്യകളിലൂടെയാർക്കുമുയരാം. അവരുടെ ഭാഗത്തു നിന്നുണ്ടാക്കുന്ന തെറ്റുകൾക്കും കുറ്റങ്ങൾക്കും മറ്റേതൊരു വർണത്തിലുള്ളവരേയും പോലെ അവർക്കുമുണ്ട് ശിക്ഷ. ഒരു പ്രത്യേകത മാത്രം, ബ്രാഹ്മണർക്ക് വധശിക്ഷയില്ല. പലപ്പോഴും (ഗഹനമായി ചിന്തിച്ചാൽ) അതിനേക്കാൾ മാനസികവേദന നിരന്തരം ജനിപ്പിക്കുന്ന ശിക്ഷയാണവർക്കുള്ളതെന്നു ബോധ്യപ്പെടും. തെറ്റുകുറ്റങ്ങൾക്കുള്ള ശിക്ഷകളനുഭവിച്ചുകഴിയുന്നതോടെ നിയമാനുസൃത പ്രശ്നങ്ങളേ പരിഹൃതമാകുന്നുള്ളൂ. എന്നാൽ പ്രായശ്ചിത്തവിധി കൂടാതെ സമൂഹം ഇത്തരത്തിലുള്ളവരെ (കുറ്റം ചെയ്തവരെ) സമൂഹത്തിലേക്ക് തിരിച്ചെടുക്കില്ല. ഒരിക്കൽ കുറ്റം ചെയ്തവൻ ശിക്ഷയനുഭവിച്ചു കഴിഞ്ഞാലും അവനെ കുറ്റവാളിയായിട്ടറിയപ്പെടുന്നതു പോലെതന്നെയാണിത്. അതിനാൽ പ്രായശ്ചിത്തമാവശ്യമാണ്. സമൂഹത്തിന്റെ അംഗീകാരം നേടാനാണത്. സ്വയം അഭിമതനാകുവാനും, തന്റെ കർമ്മധർമ്മമണ്ഡലത്തിൽ നിലനിൽക്കാനും ഈ പ്രായശ്ചിത്തവിധികളെല്ലാം ആവശ്യമാണ്. അപ്രകാരമുള്ള പ്രായശ്ചിത്ത



Scanned with CamScanner

വിധികളാണിവിടെ വിവരിക്കുന്നതെന്ന് ആത്മകർമ്മാചാര്യൻ ആമുഖമായി പറഞ്ഞു.

**അഭോജ്യവസ്തു കഴിച്ചുള്ള പ്രായശ്ചിത്തം**

**വിഷ്ണുധർമ്മശാസ്ത്രത്തിലെ അമ്പത്തി ഒന്നാമദ്ധ്യായത്തിലെ** ആദ്യത്തെ ആറുവരികളിലൂടെ ബ്രാഹ്മണർ അറിഞ്ഞോ അറിയാതെയോ കഴിക്കുന്ന വർജ്യഭക്ഷണത്തിന്റെ പ്രായശ്ചിത്ത വിവരണമാണ് നൽകുന്നത്.

(1.) മദ്യം കഴിച്ച ബ്രാഹ്മണൻ തന്റെ എല്ലാ നിത്യകർമ്മങ്ങളും നിർത്തിവെച്ച് അരി, യവം, ഏതെങ്കിലും ഒന്നിന്റെ അൽപഭക്ഷണം മാത്രം കഴിച്ച് ഒരു വർഷം പ്രായശ്ചിത്തം ചെയ്യണം (2) മൃഗങ്ങളുടെ രക്തവുമായി ബന്ധപ്പെട്ട മലിനമായ ദ്രവ്യങ്ങളോ മദ്യമോ കഴിച്ചാൽ ചന്ദ്രായണ പ്രായശ്ചിത്തം ചെയ്യണം. (3) വെളുത്തുള്ളി, ചുവന്നുള്ളി, മുള്ളങ്കി എന്നിവയോ പന്നി, കോഴി, കുരങ്ങൻ, പശു എന്നിവയുടെ മാംസമോ കഴിച്ചാലും പ്രായശ്ചിത്തം വേണം. (4) ഈ പ്രായശ്ചിത്തങ്ങൾക്കു ശേഷം ജാതകർമ്മം മുതൽ ഉപനയനം വരെയുള്ള ഷോഡശകർമ്മങ്ങൾ ആവർത്തിക്കണം. (5) എന്നാൽ വപനം തുടങ്ങിയ വ്രതങ്ങൾ പുനസംസ്കാരത്തിൽ ഒഴിവാക്കാം. (6) മൃഗങ്ങളുടെ അവശിഷ്ടങ്ങൾ ഭക്ഷ്യപദാർത്ഥങ്ങളുടെ ഭാഗമായി, അറിഞ്ഞോ അറിയാതേയോ വരുകയാണെങ്കിൽ അതിനും ഏഴു ദിനരാത്രങ്ങൾ ഉപവസിക്കണം. (51 : 1 – 6)

ബ്രാഹ്മണന്റെ ജീവിതത്തിൽ മറ്റുള്ളവരുമായി ഇടപഴകുമ്പോൾ ഉണ്ടാകുന്ന ദോഷങ്ങൾക്കുള്ള പ്രായശ്ചിത്തവിധിയാണ് തുടർന്ന് വിവരിച്ചത്. വളരെ ചെറിയതെന്നു തോന്നാവുന്ന ആചാരലംഘനം പോലും ബ്രാഹ്മണപദവിയെ ബാധിക്കുന്നു. ആ പദവി നിലനിർത്താൻ പലരുമായി സംസർഗം പുലർത്തുന്ന ബ്രാഹ്മണൻ, അത്തരം കർമ്മങ്ങളുടെ ദോഷമോചനത്തിന്നായി ചെയ്യേണ്ട പ്രായശ്ചിത്തങ്ങളാണ് വിവരിച്ചത്. ഓരോ പേരിനാലറിയപ്പെടുന്ന പ്രായശ്ചിത്തവിധി വ്യക്തമായിട്ടുണ്ടാകുമെന്നുമാചാര്യൻ അറിയിച്ചു.

**സംസർഗദോഷ പ്രായശ്ചിത്തം**

(7) നികൃഷ്ടകർമ്മം ചെയ്യുന്നവരുമായി ബ്രാഹ്മണൻ സഹവസിച്ചാലും ഏഴു രാത്രി ഒരുഗ്ലാസ് പാൽ മാത്രം കഴിച്ച് ഉപവസിക്കണം (8) സർപ്പകർമ്മം ചെയ്തും, ചർമ്മവേല ചെയ്തും ജീവിക്കുന്നവരുടേയും (9) കള്ളപ്പണക്കാരന്റേയും, തട്ടിപ്പുനടത്തുന്ന



Scanned with CamScanner

വന്റേയും ഷണ്ഡന്മാരുടേയും, രാജശിക്ഷയനുഭവിച്ചവരുടേയും, അഭിശപ്തരുടേയും കൂടെ വസിച്ചാലും, ഭുജിച്ചാലും പ്രായശ്ചിത്തം വേണം (10) രോഗി, ക്രൂരൻ, പിശുക്കൻ, മദാലസ, വ്യഭിചാരിണി എന്നിവരുടെ കൂടെ വസിച്ചാലും ഭുജിച്ചാലും (11) അധാർമ്മിക പ്രവൃർത്തി ചെയ്യുന്ന സ്ത്രീ, സ്വർണം പണയം വെക്കുന്നവനും സ്വീകരിക്കുന്നവനും, അധപ്പതിച്ചവൻ (12) മാംസം കഴിക്കുന്നവൻ, ധർമ്മബോധം ക്ഷയിച്ചവൻ, സ്വയം പണയപ്പെടുത്തിയവൻ എന്നിവരുടെ സംസർഗത്തിനും (13) തെരുവു നടന്മാരുടെ, നൂൽനൂൽക്കുന്നവന്റെ, നന്ദികേടു കാണിക്കുന്നവന്റെ, തുണിയലക്കുന്നവന്റെ (14) വേലക്കാർ, വേടൻ, രംഗാവതാരകൻ, മുള വിറ്റ് ജീവിക്കുന്നവൻ, (15) നായാടി, ചാരായം വിൽക്കുന്നവൻ, എണ്ണ വിൽക്കുന്നവൻ, കപടൻ, എന്നിവർ (16) രജസ്വലയോടൊപ്പം കഴിയുന്നവർ (17) ഭ്രൂണഹത്യ ചെയ്യുന്നവൻ, രജസ്വലയുമായി സംസർഗമുള്ളവൻ, നായയെ വളർത്തി ജീവിക്കുന്നവൻ, (18) മറ്റുള്ളവരെ ഭ്രമിപ്പിച്ച് വഴിതെറ്റിക്കുന്നവൻ (19) ഉൻമത്തൻ, ക്രുദ്ധൻ, അഹംഭാവി (20) മൃഗമാംസം കഴിക്കുന്നവൻ എന്നിവരുടെ സംസർഗം കൊണ്ടുണ്ടാകുന്ന ദോഷത്തിനും ബ്രാഹ്മണന് പ്രായശ്ചിത്തം വേണം. (51 : 7 - 20)

**മാംസഭക്ഷണത്തിനുള്ള പ്രായശ്ചിത്തം**

മദ്യം, മത്സ്യം, മാംസം എന്നിവ ഭക്ഷിച്ചാലുണ്ടാകുന്ന ദോഷങ്ങളും അവയ്ക്കുള്ള പ്രായശ്ചിത്തവിധികളുമാണ് വിവരിക്കുന്നത്. ഈ മാംസഭക്ഷണത്തിൽ പലതരം പക്ഷികളുടെ, മൃഗങ്ങളുടെയെല്ലാം മാംസം അറിഞ്ഞോ അറിയാതേയോ ഭക്ഷിക്കുന്നതിന്റെ പ്രത്യേക പ്രായശ്ചിത്തങ്ങൾ വ്യക്തമായി **അമ്പത്തിരണ്ടാമദ്ധ്യായത്തിൽ** വിവരിക്കുന്നു,

(21) മത്സ്യം ഭക്ഷിച്ചാൽ മൂന്നുദിനരാത്രങ്ങൾ ഉപവസിക്കണം (22) ഏതു ജലജീവിയെ ഭക്ഷിച്ചാലും ഇതാണ് പ്രായശ്ചിത്തം (23) സുര എന്നതിനായി പുളിപ്പിക്കുന്ന (ഫെർമെന്റേഷൻ) ദ്രവ്യങ്ങളടങ്ങിയ ഭക്ഷണം കഴിച്ചാൽ ശംഖുപുഷ്പജലം ഏഴു രാത്രി കുടിച്ച് (24) സാധാരണ മദ്യത്തിനായുള്ള ദ്രവ്യങ്ങൾ കഴിച്ചാൽ അഞ്ചു രാത്രി കുടിച്ച് ഇതേ വ്രതമനുഷ്ഠിക്കണം (25) മദ്യത്തിന്റെ ഗന്ധമുള്ള ജലം കഴിച്ചാൽ അഘമർഷണം ജപിച്ച്, നെയ്യ് സ്വീകരിക്കണം. (26) കാക്കയുടെ വർഗത്തിൽപെടുന്ന പക്ഷിമൃഗാദികളുടെ മാംസം കഴിച്ചാൽ ചാന്ദ്രായണ വ്രതമനുഷ്ഠിക്കണം (27) അജ്ഞാതമായ മാംസം കഴിച്ചാലും ഉണങ്ങിയ മാംസം കഴിച്ചാലും (28) വന്യമൃഗങ്ങളുടെ മാംസം കഴിച്ചാലും തപ്തകൃച്ഛ്ര പ്രായശ്ചിത്തം ചെയ്യണം. (29) ചടകം, നീർകാക്ക, ചക്രവാകം, അരയന്നം, മരം



Scanned with CamScanner

കൊത്തി, കാലൻകോഴി, തത്ത, കൊക്ക്, കുയിൽ, ഉപ്പൻ എന്നിവയുടെ മാംസം കഴിച്ചാൽ മൂന്നുരാത്രി ഉപവസിക്കണം. (30) കുതിര തുടങ്ങിയ ഒറ്റക്കുളമ്പുള്ള മൃഗമാംസം കഴിച്ചാലും (31) മാടപ്രാവ്, മൈൽ എന്നിവയൊഴികെ മറ്റുപക്ഷികളുടെ മാംസം ഭക്ഷിച്ചാലും ഒരു ദിവസം വ്രതമനുഷ്ഠിക്കണം (32) ഏതെങ്കിലും കീടങ്ങൾ ഉറുമ്പ്, എന്നിവയെ അറിയാതെ ഭക്ഷിച്ചാൽ ഒരു രാത്രി വ്രതമെടുക്കണം. (33) പട്ടിയുടെ മാംസം കഴിച്ചാലും ഇതേ വ്രതമെടുക്കണം. (34) പന്നിയുടെയോ കൊക്കിന്റേയോ ഇറച്ചി ഭക്ഷിച്ചാലും സാന്തപന പ്രായശ്ചിത്തം ചെയ്യണം. (35) അതിനുശേഷം, യവം, ഗോതമ്പ്, പാല്, ഭക്ഷ്യ എണ്ണ, നെയ്യ്, ശർക്കര, നെല്ലിക്ക എന്നിവയുപേക്ഷിച്ച് ശുഷ്കഭക്ഷണം മാത്രം കഴിച്ച് ഉപവസിക്കണം (36) അമേദ്യ സ്പർശമായതെന്തെങ്കിലും ഉപയോഗിച്ചാലും ഒരു ദിവസം ഉപവസിക്കണം (37) താമരതണ്ടു കൊണ്ടുണ്ടാക്കിയ വിഭവങ്ങൾ, ഉഴുന്ന്, പായസം, അപ്പം, ഗോതമ്പ് പലഹാരങ്ങൾ, ഹോമത്തിനായുള്ള ഹവിസ്, ഇവയെല്ലാം ഏതു ദൈവീക സമർപ്പണത്തിനാണോ ഉണ്ടാക്കിയത് അതു സമർപ്പിക്കുന്നതിനു മുമ്പ് ഭക്ഷിച്ചാലും ഒരു ദിവസം ഉപവാസമിരിക്കണം (38) പശു, ആട്, എരുമ എന്നിവ കഴിച്ചതിന്റെ അവശിഷ്ടം ഭക്ഷിച്ചാലും (പത്തു ദിവസം ഭക്ഷിച്ചതിന്) ഒരു ദിവസം എന്ന കണക്കിന് ഉപവസിക്കണം (40) പശു പ്രസവിച്ച ഉടനെയുള്ള പാലും, പശു കുട്ടി ചത്തുപോയ പശുവിന്റെ പാലും കഴിച്ചാലും ഒരു ദിവസം ഉപവസിക്കണം. (42) പാലുൽപന്നങ്ങളും നെല്ലിക്ക തുടങ്ങിയവയും ഉപേക്ഷിച്ച് ഉപവസിക്കണം (43) ബ്രഹ്മചാരി, ശ്രാദ്ധ ഭക്ഷണം കഴിച്ചാൽ മൂന്നുദിനരാത്രങ്ങൾ ഉപവസിക്കണം (44) ഒരു ദിവസം ജലത്തിൽ നിന്നുകൊണ്ട് പ്രായശ്ചിത്തം ചെയ്കയും വേണം. (45) മദ്യം മാംസം ഇവ കഴിച്ചാലും പ്രാജാപത്യം എന്ന പ്രായശ്ചിത്തമനുഷ്ഠിക്കണം. (46) പൂച്ച, കാക്ക, മുയൽ, എലി ഇവയുടെ ഉച്ഛിഷ്ടം കഴിച്ചാലും അഭിഷേകജലം കഴിച്ച് ഉപവസിക്കണം (47) നായയുടെ ഉച്ഛിഷ്ടം കഴിച്ചാൽ ഒരു ദിവസം ഉപവസിച്ച് പഞ്ചഗവ്യം സേവിക്കണം (48) വിസർജ്യങ്ങളടങ്ങിയ ഭക്ഷണം കഴിച്ചാൽ ഏഴു ദിനരാത്രങ്ങൾ ഉപവസിക്കണം. (49) ശ്രാദ്ധഭക്ഷണം യോഗ്യതയില്ലാത്തവർ കഴിച്ചാൽ മൂന്നുരാത്രികൾ പാൽമാത്രം കഴിച്ച് ഉപവസിക്കണം **(51 : 21 - 49)**

**ഉച്ഛിഷ്ടഭക്ഷണപ്രായശ്ചിത്തം**

അവശിഷ്ടങ്ങൾ ഭക്ഷിച്ചാലും, അരുതാത്തത് ഭക്ഷിച്ചാലും, കുടിച്ചാലും



Scanned with CamScanner

എന്തു സംഭവിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം അപ്രകാരം ചെയ്തതിന്റെ പ്രായശ്ചിത്തവിധിയാണ് തുടർന്ന് വിവരിക്കുന്നത്. ജീവിതത്തെ ധന്യമായ ചര്യകളിലൂടെ മുന്നോട്ടുനയിക്കുന്നതിന്നാവശ്യമായ ശരീരത്തെ പോഷിപ്പിക്കുന്ന ഭക്ഷണം ബ്രഹ്മം തന്നെയാണ് എന്ന് ഉപനിഷത്തുകൾ പറയുന്നു. ആ ബ്രഹ്മചൈതന്യമാണ് ഭക്ഷണത്തിലൂടെ ജീവാത്മചൈതന്യത്തെയും മനസ്സിനേയും നിലനിർത്തുന്നത്. അതിനാൽ അന്നം ഉച്ഛിഷ്ടവും അവശിഷ്ടവുമാകരുതെന്ന് ചൂണ്ടിക്കാണിക്കുന്നു. കൂടാതെ ഓരോ വർണത്തിലുമുള്ളവർ അതേ വർണത്തിലോ മറ്റുവർണത്തിലോ ഉള്ളവരുടെ ഉച്ഛിഷ്ടം ഭക്ഷിച്ചാൽ ചെയ്യേണ്ടതായ പ്രായശ്ചിത്തവും വിവരിക്കുന്നുണ്ട്.

> (50) ബ്രാഹ്മണൻ, ശൂദ്രന്റെ ഉച്ഛിഷ്ടം കഴിച്ചാൽ ഏഴുരാത്രികളുപവസിക്കണം (51) വൈശ്യോച്ഛിഷ്ടം കഴിച്ചാൽ അഞ്ചുരാത്രിയും (52) ക്ഷത്രിയോച്ഛിഷ്ടം കഴിച്ചാൽ മൂന്നു രാത്രിയും (53) ബ്രാഹ്മണോച്ഛിഷ്ടം കഴിച്ചാൽ ഒരു രാത്രിയുമുപവസിക്കണം (54) ക്ഷത്രിയൻ ശുദ്രോച്ഛിഷ്ടം കഴിച്ചാൽ അഞ്ചു രാത്രിയും (55) വൈശ്യോച്ഛിഷ്ടം കഴിച്ചാൽ മൂന്നു രാത്രിയും ഉപവസിക്കണം (56) വൈശ്യൻ ശൂദ്രോച്ഛിഷ്ടം കഴിച്ചാലും (57) ചണ്ഡാല ഭക്ഷണം കഴിച്ചാലും മൂന്നുരാത്രി ഉപവസിക്കണം (58) ചണ്ഡാലന്മാരുടെ ഭക്ഷണം കഴിച്ചാൽ (അറിഞ്ഞോ അറിയാതേയോ കഴിച്ചാൽ) വിശകലനം ചെയ്ത് തീരുമാനമെടുക്കണം. **(51 : 50 – 58)**

**മാംസഭക്ഷണം വർജ്ജിക്കേണ്ട സന്ദേശം**

എക്കാലവും അനുയോജ്യവും പ്രായോഗികവുമായ സന്ദേശങ്ങളാണ് തുടർന്നു നൽകുന്നത്. മാംസഭക്ഷണം, പശുഹത്യാ എന്നിവയുടെ വിവരണം, മൃഗങ്ങളുടെ ആത്മാവിനെക്കുറിച്ചും അവയെ വധിക്കുമ്പോൾ അതനുഭവിക്കുന്ന വേദനയെക്കുറിച്ചും സുദീർഘമായൊരു വിവരണം ഇവിടെ നൽകുന്നു. മാംസഭക്ഷണം വർജ്ജിക്കുന്നതിന്റെ ശാസ്ത്രീയവും ആത്മീയവുമായ വിവരണവും ഇവിടെ നൽകുന്നു.

> 59 മുതൽ 78 വരെ വ്യക്തമായ ശ്ലോകരൂപത്തിലുള്ള നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. ഈ വരികളിൽ മന്ത്രമഹത്വ വിവരണം, പശുഹത്യാ നിരോധനം, മാംസ ഭക്ഷണ വർജ്ജനം, വൃക്ഷനശീകരണ നിരോധനം, മൃഗബലി അനുവദിക്കുന്ന ചിലയാഗത്തിനനുമതി നൽകൽ, അത്തരം ബലികർമ്മത്തിലൂടെ പശുവിന്റെ ആത്മാവിനും യജ്ഞം ചെയ്യുന്നയാളുടെ ആത്മാവിനും മോക്ഷം ലഭിക്കുന്നത്, വേദവിധിയിലില്ലാത്ത ഹിംസ പൂർണമായും ഒഴി



Scanned with CamScanner

വാക്കണമെന്ന നിർദ്ദേശം. സ്വന്തം ആവശ്യത്തിനുമാത്രമായും സന്തോഷത്തിനായും പ്രാണിഹിംസ ചെയ്യുന്ന വ്യക്തിക്ക് ഒരിക്കലും സുഖം ലഭിക്കുന്നില്ല (69) വേദമനുഷ്ഠിക്കുന്ന കർമ്മങ്ങളിൽ മൃഗത്തെ അൽപം പോലും വേദനിപ്പിക്കരുത് (70) ഏതൊന്നിനെ ഹിംസിക്കുന്നുവോ ആ ഹിംസയുടെ വേദന സ്വയം അനുഭവിക്കേണ്ടി വരുന്നു (71) പ്രാണിഹിംസയിലൂടെ ലഭിക്കുന്ന മാംസം ഭക്ഷിച്ചാൽ തീവ്രനരകയാതന ലഭിക്കുന്നു, (72) ഏതുതരം മാംസം ഭക്ഷിച്ചാലും ഭക്ഷിക്കുന്നയാളുടെ ആത്മാവ് നിരന്തരം ജനനമരണ ക്ലേശങ്ങളിലൂടെ കടന്നുപോകുന്നു (73) അവന് ഘോരമായ രോഗവുമുണ്ടാകുന്നു, (74) മൃഗവധത്തിന് അനുമതി നൽകുന്നവൻ, വധിക്കുന്നവൻ, ജീവിക്കാനായി മാംസം വിൽക്കുന്നവൻ, മാംസം വിൽക്കുന്നവൻ, മാംസം സംസ്കരിക്കുന്നവൻ, അതു തിന്നുന്നവൻ ഇവരെല്ലാം മൃഗഘാതകർ തന്നെയാണ്. (75) മറ്റൊന്നിന്റെ മാംസം സ്വന്തം മാംസം വർധിപ്പിക്കുവാനുപയോഗിക്കുന്നവൻ പിതൃക്കളേയും ദേവന്മാരേയും നിന്ദിക്കുന്നതിനു തുല്യ പാപം ചെയ്യുന്നു. (76) ഓരോ വർഷവും അശ്വമേധം ചെയ്തു നേടുന്ന പുണ്യഫലം പോലെയാണ്, മാംസാഹാരം വർജിച്ചാൽ ലഭിക്കുന്ന പുണ്യം (77) ഫലമൂലങ്ങൾ കഴിച്ച് ജീവിക്കുന്ന പുണ്യഫലം മുനിമാർ തപസു ചെയ്ത് ലഭിക്കുന്ന പുണ്യത്തിനു സമമാണ് (78) മാം + സ എന്ന രണ്ടു വാക്കുകൾ (എന്നെ+ അവൻ / അത്) ആകുന്നതാണ്, അതിനാൽ മാംസം കഴിക്കുന്നത് സ്വശരീരം കഴിക്കുന്നതുപോലെയാണ്. **(51 : 59 - 78)**

**വിവിധ സ്മൃതി സന്ദേശങ്ങൾ**

മനുസ്മൃതി, ദേവലസ്മൃതി, ഉശനസ്മൃതി, വസിഷ്ഠസ്മൃതി, ബൗധായന ധർമ്മ ശാസ്ത്രം, ബൃഹദ്യജ്ഞവൽക്യസ്മൃതി, പുലസ്ത്യസ്മൃതി, ഹാരിതസ്മൃതി, സുമന്തു സ്മൃതി, പരാശരസ്മൃതി, യമസ്മൃതി, ശംഖസ്മൃതി കൂടാതെ ഭവിഷ്യ പുരാണം പോലെയുള്ള ഗ്രന്ഥങ്ങളെല്ലാം ഭക്ഷ്യശുദ്ധി അഥവാ ആഹാരശുദ്ധിയെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

മദ്യം കഴിച്ചാൽ കൃച്ഛ്രാതികൃച്ഛ്ര പ്രായശ്ചിത്തം ചെയ്താലെ ഏതു സത്കുലജാതനും ശുദ്ധമാകൂ എന്ന് ഭവിഷ്യപുരാണം. ബ്രാഹ്മണൻ ഈ പ്രായശ്ചിത്തം മൂന്നുമാസം ചെയ്ത് വീണ്ടും ഉപനയനം ചെയ്ത് കർമ്മങ്ങളനുഷ്ഠിക്കണമെന്ന് ബൗധായന ധർമ്മശാസ്ത്രം. അറിയാതെ മദ്യം കഴിച്ചാൽ പോലും തപ്ത കൃച്ഛ്രപ്രായശ്ചിത്തം വേണമെന്ന് ഭവിഷ്യപുരാണം. ക്ഷത്രിയർക്കും വൈശ്യർക്കും മദ്യാപനദോഷം അതി



Scanned with CamScanner

സങ്കീർണമല്ലെന്ന് ബൃഹദ്യജ്ഞവൽക്യ സ്മൃതി. അസാധാരണമായ ഒരവസ്ഥയിൽ ശ്രേഷ്ഠനായ ബ്രാഹ്മണൻ മദ്യം കഴിച്ചാൽ മൂന്ന് കൃച്ഛ്രം അദ്ദേഹവും അദ്ദേഹത്തിന്റെ മാതാവ് - പിതാവ് - ജ്യേഷ്ഠൻ ഇവരെല്ലാം ചെയ്യണമെന്ന് ജാതുകർണ സ്മൃതി. ആപസ്തംബധർമ്മശാസ്ത്രപ്രകാരം ഭക്ഷ്യയോഗ്യമല്ലാത്തതും പാനയോഗ്യമല്ലാത്തതുമായ ഏതുതരം ദ്രവ്യം ഭക്ഷിച്ചാലും താമര, ഉദുംബരം, കൂവളം, പലാശ്, കറുക ഇവയുടെ ഇലകൾ ഇടിച്ചു പിഴിഞ്ഞ് നീര് മൂന്നുരാത്രി കഴിച്ചാലേ ശുദ്ധമാകൂ. മുന്തിരി, ഈന്തപ്പഴം, ചക്ക ഇവയുടെ മധുരമുള്ള ഭാഗം മൂന്നു ദിവസം കഴിച്ചാലും വേദപണ്ഡിതന്മാർ പരിശുദ്ധരാകുമെന്ന് പുലസ്ത്യസ്മൃതി. ഇതേപ്രായശ്ചിത്തം കൂടാതെ പന്ത്രണ്ടു ദിവസം കൂഷ്മാണ്ഡഹോമവും വേണമെന്ന് യമസ്മൃതി. ശംഖപുഷ്പരസം പ്രായശ്ചിത്തമായി മൂന്നുദിവസം സേവിച്ച് ഭക്ഷ്യയോഗ്യമല്ലാത്തത് കഴിച്ചതിന്റെ പ്രായശ്ചിത്തമാകാമെന്ന് ബൗധായനൻ. അത് അഞ്ചുദിവസം വേണമെന്ന് സുമന്തു. തലമുടി, ഈച്ച, കീടങ്ങൾ ഇവയിൽ ദുഷിക്കപ്പെട്ട അന്നം ജലം കൊണ്ടു കഴുകി വൃത്തിയാക്കണം എന്ന് യോഗീശ്വരസ്മൃതി. ഇതു കഴിച്ച വ്യക്തി മൂന്നുദിവസം പഞ്ചഗവ്യം സേവിച്ചാലേ ശുദ്ധിവരൂ എന്ന് ഹാരിത സ്മൃതി. പട്ടിയിറച്ചി, ഉണങ്ങിയ മാംസം വിശപ്പിന്റെ ഗതികേടുകൊണ്ടു കഴിക്കേണ്ടിവന്നാൽ ഒരു മാസം വ്രതമനുഷ്ഠിക്കണമെന്ന് ശംഖസ്മൃതി. ഏതു പക്ഷികളുടെ മാംസം കഴിച്ചാലും തപ്തകൃച്ഛ്ര പ്രായശ്ചിത്തം വേണമെന്ന് യമസ്മൃതി. ബ്രാഹ്മണൻ ഏതെങ്കിലും മൃഗമാംസം കഴിച്ചാൽ ചാന്ദ്രായണമനുഷ്ഠിക്കണമെന്ന് ആംഗീരസ സ്മൃതി. വിവിധ വർണങ്ങളുമായി ചേർന്ന് മിശ്ര ഭോജനം നടത്തിയാൽ പ്രാജാപത്യം/തപ്തകൃച്ഛ്രം/അതികൃച്ഛ്രം/ ചാന്ദ്രായണം ഈ പ്രായശ്ചിത്തങ്ങളനുഷ്ഠിക്കണമെന്ന് യമസ്മൃതി. ആരുടേയെങ്കിലും ഉച്ഛിഷ്ഠം അറിയാതെ ബ്രാഹ്മണർ ഭക്ഷിച്ചാൽ ഒരു രാത്രി മുഴുവനും ഗായത്രി ജപിക്കണം. മാംസഭക്ഷണവും ഉച്ഛിഷ്ഠഭക്ഷണവും ഒഴിവാക്കണമെന്ന് നിർദ്ദേശിച്ച് ആചാര്യൻ വിവരണം അവസാനിപ്പിച്ചു. മേൽവിവരിച്ച തെറ്റുകൾക്കുള്ള പ്രായശ്ചിത്തകർമ്മങ്ങളെല്ലാം മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

**അപഹരണത്തിന്റെ പ്രായശ്ചിത്തം**

വിഷ്ണുസ്മൃതിയിലെ അമ്പത്തിരണ്ടാമദ്ധ്യായത്തിൽ അപഹരണം നടത്തിയാലുള്ള പ്രായശ്ചിത്തവിധികളാണ്. ഈ വിവരണം നടത്തിയതാകട്ടെ, നളന്ദ വിശ്വവിദ്യാലയം സന്ദർശിക്കാനെത്തിയ സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടിയായിരുന്നു. വിദ്യാഭ്യാസമില്ലാത്ത, എന്നാൽ സമൂഹത്തിലിറങ്ങി വേല ചെയ്തു ജീവിക്കുന്ന ചെറുപ്പക്കാ



Scanned with CamScanner

ർക്കുള്ള സന്മാർഗപഠനരീതിപോലെയാണ് വിവരണം നൽകിയത്. ജനങ്ങൾക്ക് മോഷണഭയത്തിൽ നിന്ന് മോചനം നേടിക്കൊടുക്കാനായി എല്ലാ മാസവും നളന്ദയിൽ നടത്തുന്ന സാമൂഹ്യസന്ദേശപ്രചരണത്തിന്റെ ഭാഗമാണിത്. ഏതു തരത്തിലുള്ള മോഷണം നടത്തിയാലും രാജശിക്ഷ ഉറപ്പാണ്. അത് കാരാഗൃഹമോ പിഴയോ ആയി കുറ്റവാളികൾക്ക് അനുഭവിക്കേണ്ടി വരുന്നു അഥവാ നൽകേണ്ടിവരുന്നു. അത് ഭൗതീകശിക്ഷയേയായുള്ളൂ. സമൂഹം അംഗീകരിക്കണമെങ്കിൽ പ്രായശ്ചിത്തവുമാവശ്യമാണെന്ന് സൂചിപ്പിച്ചുവല്ലോ! അത്തരത്തിലുള്ള പ്രായശ്ചിത്തവിധികളാണിവിടെ സാധാരണക്കാർക്കായി ആത്മകർമ്മാചാര്യൻ വിവരിച്ചത്. ഇവിടേയും, തലേദിവസത്തെ പഠനവേദിയിലും വിവരിച്ച എല്ലാ പ്രായശ്ചിത്തമാർഗങ്ങളും തപ്തകൃച്ഛ്റം, ശീതകൃച്ഛ്റം, ചന്ദ്രായാണം, പ്രാജാപത്യം എന്നിവയെല്ലാം ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളിൽ വിവരിച്ചിട്ടുണ്ടെന്ന് ആചാര്യൻ പറഞ്ഞു. അപഹരണത്തിന്റെ പാപം അതിനുള്ള ശിക്ഷാവിധികൾ, അതുകഴിഞ്ഞനുഭവിക്കുന്ന നരകം ഇത്രയും നേരത്തേ വിവരിച്ചു.

വ്യത്യാസങ്ങളില്ലാതെ തന്നെയാണ് മോഷണത്തിനുള്ള ശിക്ഷയനുഭവിച്ചതിനുശേഷമുള്ള പ്രായശ്ചിത്തവിധി വിസിഷ്ഠധർമ്മശാസ്ത്രം, മനുസ്മൃതി, ഗൗതമസ്മൃതി, അംഗീരസ-സുമന്തു-ശംഖ-യോഗീശ്വരസ്മൃതികളിൽ വിവരിക്കുന്നത്. അതിനാൽ അവയെല്ലാം സമയലഭ്യതയനുസരിച്ച് പഠിച്ചുകൊള്ളുവാൻ നിർദ്ദേശിച്ച്, ആചാര്യൻ വിഷ്ണുധർമ്മശാസ്ത്രത്തിലെ അമ്പത്തിരണ്ടാമദ്ധ്യായം വിവരിച്ചു.

**മോഷണത്തിന്റെ പ്രായശ്ചിത്തം**

പലതരത്തിലുള്ള മോഷണം ചെയ്തവർ നരകയാതനയനുഭവിക്കാനും പുനർ ജനനത്തിലൂടെ വീണ്ടും യാതനയനുഭവിക്കാതിരിക്കാനുമാണ് ഈ പ്രായശ്ചിത്തങ്ങൾ.

(1) സ്വർണ്ണാപഹരണം നടത്തിയാൽ (സ്വയം വധിക്കാനായിട്ടെന്നപോലെ) രാജാവിന് ഒരു മുസലം (കുന്തം) സമർപ്പിക്കണം (2) ആ കുന്തത്താൽ സ്വർണാപഹരണം നടത്തിയ തസ്കരനെ ശിക്ഷിച്ചാൽ അപഹരണ പാപം തീർന്നു. (3) പ്രായശ്ചിത്തമായി പന്ത്രണ്ടു വർഷം മഹാവ്രതവുമനുഷ്ഠിക്കണം. (4) അത്ര തന്നെ സ്വർണം ഖജനാവിൽ നിക്ഷേപിച്ചാലും പ്രായശ്ചിത്തമായി (5) ധാന്യങ്ങളപഹരിച്ചാൽ കൃച്ഛ്റദണ്ഡപ്രായശ്ചിത്തം ചെയ്യണം (6) കിണറുള്ള സ്ഥലം, കുളമുള്ള സ്ഥലം എന്നിവ സ്വന്തം പേരിലാക്കിയാലും ചാന്ദ്രായണം നടത്തി പ്രായശ്ചിത്തം ചെയ്യണം (7) മറ്റെന്തെങ്കിലും അപഹരിച്ചാൽ സാന്തപനം നടത്തണം (8) ഭക്ഷ്യ



Scanned with CamScanner

വസ്തുക്കൾ, വാഹനം, കിടക്ക, ആസനം, പുഷ്പം, ഫലമൂലങ്ങളെന്നിവയപഹരിച്ചാൽ പഞ്ചഗവ്യം കഴിച്ച് ശുദ്ധി വരുത്തണം (9) പുല്ല്, വിറക്, മരം, ശർക്കര, വസ്ത്രം, തോലുൽപന്നങ്ങൾ, ഇവ അപഹരിച്ചാൽ മൂന്നു ദിനരാത്രങ്ങൾ വ്രതമനുഷ്ഠിക്കണം (10) മാണിക്യം, മുത്ത്, ചെമ്പ്, ഇരുമ്പ്, ഈയം ഇവയപഹരിച്ചാൽ പന്ത്രണ്ടു ദിവസങ്ങൾ അൽപംമാത്രം ഭക്ഷിച്ച് വ്രതമെടുക്കണം (11) പരുത്തിയും പട്ടുനൂൽലുൽപന്നങ്ങളും അപഹരിച്ചാൽ മൂന്നു രാത്രി ഉപവസിക്കണം (12) പക്ഷി/ മൃഗങ്ങളെ അപഹരിച്ചവൻ രണ്ടു ദിവസം ഉപവസിക്കണം. (13) ഔഷധികൾ, സുഗന്ധ വ്യഞ്ജനങ്ങൾ, കയർ എന്നിവയപഹരിച്ചാൽ ഒരു ദിവസം ഉപവസിക്കണം (14) ദാനം നൽകിയതാണെങ്കിലും അപഹരിച്ചതാണെന്ന തോന്നലുണ്ടായാൽ അത് ധനികന്റെതാണെങ്കിൽ പോലും പ്രായശ്ചിത്തം ചെയ്യണം (15) ഏതെല്ലാം ദ്രവ്യങ്ങളപഹരിച്ചാലും അതെല്ലാം പാപിയായിത്തന്നെ പുനർജനിക്കാൻ ഇട വരുത്തുന്നു. (16) ജീവിതം ധർമ്മ കർമ്മങ്ങളിലധിഷ്ഠിതമാണ് അവയാകട്ടെ ധനത്തിലും പ്രതിഷ്ഠിതമാണ്. ആ ധനം സ്വപ്രയത്നത്താലുണ്ടാകേണ്ടതായതിനാൽ ധനത്തെ (കളവു ചെയ്ത്) ഹിംസിക്കരുത് (17) പ്രാണി ഹിംസയും, ധനഹിംസയും, വലിയ ദുഃഖത്തെയുണ്ടാക്കുന്നതിനാൽ കള്ളത്തരത്തിലൂടെ ധനഹിംസ നടത്തരുത്. **(52 : 1 17)**

### ഗുരുമഹത്വവിവരണം ഗുരുനിന്ദയുടെ പ്രായശ്ചിത്തവും

ഗുരുവിന് ഭാരതത്തിൽ വളരെ ഉയർന്ന സ്ഥാനമാണുള്ളത്. ഗുരു എന്ന പദത്തിന്റെ അർത്ഥം ഇരുട്ടു നീക്കിത്തരുന്നവൻ, ജ്ഞാനത്തിന്റെ ഘനീഭൂതഭാവമുള്ളവൻ, ദേവഗുരുവായ ബൃഹസ്പതി കൂടാതെ വ്യാഴഗ്രഹം എന്നെല്ലാമാണ്. ആ ഗുരുവിനെ വന്ദിക്കണമെന്നും മാതൃ-പിതൃ-ആചാര്യദേവോഭവ എന്ന നമ്മുടെ മഹത്വവാക്യങ്ങളെ ഓർമ്മിക്കണമെന്നും പറഞ്ഞ് ആചാര്യൻ **വിഷ്ണുധർമ്മത്തിലെ അമ്പത്തിമൂന്നാമദ്ധ്യായം** വിവരിച്ചു.

(1) ഗുരുനിന്ദചെയ്താലുള്ള പ്രായശ്ചിത്തം ഒരു വർഷം മഹാവ്രതമനുഷ്ഠിച്ച്, വനത്തിൽ വസിച്ച് പ്രാജാപത്യകർമ്മമനുഷ്ഠിക്കണം (2) ഇതു തന്നെ ചെയ്യണം മറ്റൊരുവന്റെ ഭാര്യയുമായി സംസർഗം ചെയ്താലും (3) ഗോമാംസം ഭക്ഷിച്ചാലും ഈ പ്രായശ്ചിത്തമാവശ്യമാണ് (4) അസാന്മാർഗികമായി ലൈംഗീക ബന്ധത്തിനും ഈ പ്രായശ്ചിത്തമനുഷ്ഠിക്കണം. (5) നിഷ്ഠൂരമായി ലൈംഗീക വേഴ്ച നടത്തിയാൽ (6) ചാന്ദ്രായണവ്രതം രണ്ടു പ്രാവശ്യമനു



Scanned with CamScanner

ഷ്ഠിക്കണം. (7) മൃഗങ്ങളും വേശ്യകളുമായുള്ള ലൈംഗീക വേഴ്ചക്ക് പ്രാജാപത്യ പ്രായശ്ചിത്തമനുഷ്ഠിക്കണം. (8) ദുഷ്ടന്മാരും, പരസ്ത്രീകളും, പരപത്നിമാരുമായും ലൈംഗീക ബന്ധത്തിലേർപ്പെട്ടാലും പ്രാജാപത്യവ്രതമനുഷ്ഠിക്കണം. (9) നീച കർമ്മങ്ങൾ ചെയ്യുന്ന ബ്രാഹ്മണർ മൂന്നു വർഷം പ്രായശ്ചിത്തജപം നടത്തണം. (53 : 1 - 9)

അനവധി ആചാര്യന്മാർ ഗുരുമഹത്വത്തെക്കുറിച്ച് വിവരിക്കുന്നതോടൊപ്പം ഗുരുനിന്ദയുടെ മഹാപാപവും അതിനുള്ള പ്രായശ്ചിത്തവും വിവരിക്കുന്നുണ്ട്. യജ്ഞവൽക്യൻ, ഗുരുനിന്ദക്ക് നിത്യകൃച്ഛ്ര പ്രായശ്ചിത്തമാണ് നിർദ്ദേശിക്കുന്നത്. പുലസ്ത്യനും, ശംഖനും, വൃദ്ധമനുവും, യോഗീശ്വരനും, അംഗീരസും, ഉപമന്യുവും, ഉശനനും, വസിഷ്ഠനും, വ്യാഘ്രാചാര്യനും, ജാബാലിയും, കാത്യായനനും, നാരദനും, സംവർത്തനും, പ്രജാപതിയും മേൽവിവരിച്ച പാപങ്ങൾക്ക് വ്യത്യസ്ഥമായ പ്രായശ്ചിത്തങ്ങൾ അവരവരുടെ സ്മൃതിഗ്രന്ഥങ്ങളിൽ നിർദ്ദേശിക്കുന്നുണ്ട്, എന്ന് ഉദാഹരണസഹിതം വിവരിച്ചു.

**ലഘുവായ തെറ്റുകളും അവയുടെ പ്രായശ്ചിത്തങ്ങളും**

അമ്പത്തിനാലാമദ്ധ്യായത്തിൽ ലഘുവായ പ്രായശ്ചിത്തങ്ങളാണ് വിവരിക്കുന്നത്. ഈ ആചാരങ്ങളിൽ പലതും സാധാരണക്കാർക്കുള്ളതാണ്. ഒരുതരത്തിൽ ഇത് തെറ്റുകളാവർത്തിക്കാതിരിക്കാനുള്ള തിരുത്തലുകൾക്ക് വേണ്ടിയാണ്.

(1) പാപം ചെയ്തവന്റെ കൂടെ ജീവിക്കുന്നവനും അതേ പ്രായശ്ചിത്തം ചെയ്യണം (2) വൃത്തികെട്ട കിണറ്റിൽ നിന്ന് ജലം കുടിച്ചാൽ ബ്രാഹ്മണൻ മൂന്നുദിവസം ഉപവസിക്കണം (3) ക്ഷത്രിയൻ രണ്ടു ദിവസവും (4) വൈശ്യൻ ഒരു ദിവസവും (5) ശൂദ്രൻ യുക്തം പോലെയുമാകാം. (6) എല്ലാവരും വ്രതാന്ത്യത്തിൽ പഞ്ചഗവ്യം കഴിക്കണം (7) ശൂദ്രൻ പഞ്ചഗവ്യം കഴിക്കേണ്ടതില്ല. ബ്രാഹ്മണൻ പഞ്ചഗവ്യം കഴിക്കാതിരുന്നാൽ, മദ്യം കഴിച്ചതിന്റെ പാപം പോലെ മഹാരൗരവ നരകത്തിൽ പതിയ്ക്കും. (8) രോഗിയായിരിക്കുമ്പോഴും ഋതുമതിയായ വേളയിലും ലൈംഗികമായി ബന്ധപ്പെട്ടാൽ മൂന്നു ദിവസം ഉപവസിക്കണം. (9) കള്ളസാക്ഷി പറയുന്നവൻ ബ്രഹ്മഹത്യാ പാപപ്രായശ്ചിത്ത വ്രതമനുഷ്ഠിക്കണം (10) മലിനമായ ജലാശയത്തിൽ കുളിച്ചാൽ ശുദ്ധജലത്തിൽ വീണ്ടും കുളിച്ച് മഹാവ്യാഹൃതി ഹോമം ചെയ്യണം. (11) സൂര്യപ്രകാശ മേൽക്കാത്തതും ചെളിയുള്ളതുമായ ജലാശയത്തിൽ കുളിച്ചാൽ എണ്ണൂറു പ്രാവശ്യം ഗായത്രി മന്ത്രം ജപിക്കണം



Scanned with CamScanner

(12) നായ, കുറുക്കൻ, പന്നി, കഴുത, കുരങ്ങൻ, കാക്ക, തുടങ്ങിയവ കുളിച്ച / അശുദ്ധമാക്കിയ വെള്ളത്തിൽ കുളിച്ചാൽ പതിനാറു പ്രാവശ്യം പ്രാണായാമം ചെയ്യണം. (13) വേദം ജപിക്കാനും അഗ്നികർമ്മങ്ങൾ ചെയ്യുവാനും യോഗ്യതയുള്ള വ്യക്തികൾ ഏറെക്കാലം അതു ചെയ്യാതിരുന്നാൽ പ്രായശ്ചിത്തമായി ഒരു വർഷക്കാലം പായയിൽ നിലത്തു കിടന്ന്, അൽപമാത്രം ഭക്ഷിച്ച് വ്രതമെടുക്കണം. (14) ഗുരുവിനെ ആക്ഷേപിക്കുക വഞ്ചിക്കുക ഇവ ചെയ്താൽ ഒരു മാസം കേവലം അൽപം പാൽ മാത്രം കഴിച്ച് വ്രതമനുഷ്ഠിക്കണം (15) നാസ്തികനായി, സ്വയം ജീവിക്കുകയോ, അവനെ പ്രോത്സാഹിപ്പിക്കുകയോ, കൃതഘ്നനായി ജീവിക്കുകയോ, കള്ള വ്യാപാരം ചെയ്കയോ, ബ്രാഹ്മണൻ സ്വധർമ്മത്തെ അവഹേളിച്ചു ജീവിക്കുകയോ ചെയ്താൽ ഇവരെല്ലാം ഒരു വർഷം വ്രതമനുഷ്ഠിക്കണം. (16) ജ്യേഷ്ഠനേക്കാൾ മുമ്പ് അനുജൻ വിവാഹം കഴിച്ചാൽ അനുജനും, അതേപ്രകാരം കന്യാദാനം ചെയ്തയാളും ചാന്ദ്രായണ വ്രതപ്രായശ്ചിത്തമനുഷ്ഠിക്കണം. (17) പ്രാണികൾ, ഭൂമി, സോമലത, ഇവ ക്രയവിക്രയം ചെയ്യുന്നവർ തപ്തകൃച്ഛ്ര പ്രായശ്ചിത്തമനുഷ്ഠിക്കണം. (18) ഔഷധികൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പ ഫലമൂലാദികൾ, ചർമ്മ ദ്രവ്യങ്ങൾ, തലമുടി, അസ്ഥി, ചാരം/ഭസ്മം, എണ്ണ, എന്നിവ ക്രയവിക്രയം ചെയ്യുന്നവർ പ്രാജാപത്യ പ്രായശ്ചിത്തമനുഷ്ഠിക്കണം (19) ചില ഫലങ്ങൾ, തേൻ, ഉച്ഛിഷ്ഠങ്ങൾ, ശംഖ്, ചെമ്പ്, ഈയം, ഇരുമ്പ്, വാൾ എന്നിവ വിൽക്കുന്നവരും ചാന്ദ്രായണമനുഷ്ഠിക്കണം. (20) മാംസ-രക്തഉൽപ്പന്നങ്ങൾ, വസ്ത്രം, രക്തം, സുഗന്ധവസ്തുക്കൾ, ശർക്കര, തേൻ, എന്നിവ വിൽക്കുന്നവർ പ്രതിമാസം മൂന്നു ദിവസം ഉപവസിക്കണം. (21) മാംസം, ലവണം, ക്ഷീരോൽപന്നങ്ങൾ വിൽക്കുന്നവർ ചാന്ദ്രായണ വ്രതമാചരിക്കണം. (22) ചിലർക്ക് വീണ്ടും ഉപനയനം ആവശ്യവുമാണ്. (23) കഴുത, ഒട്ടകം എന്നിവയുടെ പുറത്ത് സഞ്ചരിക്കുകയോ, നഗ്നനായി കുളിക്കുകയോ/ഉറങ്ങുകയോ/ഭക്ഷിക്കുകയോ ചെയ്താൽ മൂന്നു പ്രാവശ്യം പ്രാണായാമം ചെയ്യണം. (24) മറ്റു പാപങ്ങളുടെ പരിഹാരാർത്ഥം മൂവായിരം പ്രാവശ്യം ഗായത്രി മന്ത്രം ജപിച്ച്, അൽപം പാൽ മാത്രം കഴിച്ച് ഒരു മാസം വ്രതമനുഷ്ഠിച്ചാൽ എല്ലാ പാപത്തിൽ നിന്നും മോചനം ലഭിക്കുന്നു. (25) ദാനമായി സ്വീകരിക്കാൻ പാടില്ലാത്തത് സ്വീകരിച്ചാലും, മറ്റുള്ളവന്റെ ശവദാഹകർമ്മം ചെയ്താലും, ആഭിചാരകർമ്മം



Scanned with CamScanner

ചെയ്താലും മൂന്നുപ്രാവശ്യം കൃച്ഛ്രപ്രായശ്ചിത്തമനുഷ്ഠിക്കണം (26) ഗായത്രിമന്ത്രം ജപിക്കാത്ത ദ്വിജൻ മൂന്നു പ്രാവശ്യം കൃച്ഛ്ര പ്രായശ്ചിത്തമനുഷ്ഠിക്കണം. (27) ബ്രാഹ്മണ്യത്തിന്റെ സർവ്വധർമ്മ ങ്ങളുമുപേക്ഷിച്ചവനും, മറ്റെല്ലാമുപേക്ഷിച്ചവനും കഠിനമായ പ്രായ ശ്ചിത്തം കൊണ്ട് ധാർമ്മീക പന്ഥാവിലേക്ക് തിരിച്ചുവരാം (28) അനർഹമായ ധനം സ്വീകരിച്ച ബ്രാഹ്മണൻ അത് തിരസ്കരിച്ച് തപസ്സനുഷ്ഠിച്ച് അഥവാ വേദം ജപിച്ച് ശുദ്ധനാകാവുന്നതാണ്. (29) വേദപന്ഥാവ് വ്യതിചലിച്ചവനും, തെറ്റുകൾ ചെയ്തവനും, വ്രതാനുഷ്ഠാനങ്ങൾ പാലിക്കാത്തവനും നിരാഹാര വ്രതമനു ഷ്ഠിച്ചാൽ ശുദ്ധി നേടാം. (30) പ്രഹരിക്കാനായി മുതിർന്നാൽ പാപപ്രായശ്ചിത്തത്തിന് കൃച്ഛ്രവും, പ്രഹരിച്ചാൽ അതികൃച്ഛ്രവും പ്രഹരമേറ്റവന് ചോര വന്നാൽ കൃച്ഛ്രാതികൃച്ഛ്രവും പ്രായശ്ചിത്ത മായി ചെയ്യണം. (31) പ്രായശ്ചിത്താനുശാസനത്തിലൂടെ പാപ ങ്ങളിൽ നിന്ന് മോചനം നേടുന്നു. അജ്ഞാത പാപങ്ങളിൽ നിന്നു പോലും മോചനം നേടിയാലേ ധർമ്മബോധത്തോടെ ജീവിക്കാ നാകൂ. (32) സാധുവധം, കൃതഘ്നവധം, ശരണാഗതവധം, സ്ത്രീവധം (ഇവയുടെ ശിക്ഷയനുഭവിച്ചു കഴിഞ്ഞശേഷം) ഇവ ക്കെല്ലാം ഒരു വർഷം പ്രായശ്ചിത്തവ്രതവുമനുഷ്ഠിക്കണം. (33) യുവാവിനേയോ സ്ത്രീയേയോ രോഗിയെയോ പീഡിപ്പിക്കു കയോ വേദനിപ്പിക്കുകയോ, വധിക്കാൻ ശ്രമിക്കുകയോ ചെയ്താലും മേൽവിവരിച്ച പ്രായശ്ചിത്തമാചരിക്കണം (34) ഇവിടെ വിവരിക്കാത്ത പാപത്തിന് പ്രായശ്ചിത്തമായി പാപ ത്തിന്റെ കാഠിന്യവും, അതു ചെയ്ത കാലവും, ദേശവും വ്യക്തി യുമനുസരിച്ച് പ്രായശ്ചിത്ത വിധി കൽപ്പിക്കണം. **(54 : 1 - 34)**

**ലഘുവായ പ്രായശ്ചിത്ത വിധികൾ**

ഇവിടെ വിവരിക്കുന്ന പ്രായശ്ചിത്തങ്ങളെല്ലാം വ്യാവഹാരിക ജീവിത ത്തിൽ കുറേയൊക്കെ അച്ചടക്കം പാലിക്കാനും കൂടിവേണ്ടിയുള്ളതാണ് അവനവന്റെ കർമ്മത്തിൽ നിന്ന് താഴ്ന്ന കർമ്മം ചെയ്യുക വികലമായ ജീവിതചര്യകളനുശാസിക്കുക, ഭക്ഷണക്രമം-നീചസംസാരം-വിവാഹം തുടങ്ങിയവയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന സദാചാരങ്ങൾ വ്യതി ചലിക്കുക ഇപ്രകാരമുള്ളവർക്കുള്ള പ്രായശ്ചിത്തങ്ങളുടെ വിവരണവും ഈ അദ്ധ്യായത്തിൽ വരുന്നു. സാമൂഹിക നന്മക്കും സദാചാരത്തിനു മുള്ള സന്ദേശ പ്രചരണമായിട്ടാണ് ഈ വിഷയം സാധാരണ ക്കാർക്കായി, വിദ്യാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ, ഇവിടെ ആചാ



Scanned with CamScanner

ര്യൻ പഠിപ്പിച്ചത്. **അമ്പത്തിയഞ്ചാമദ്ധ്യായത്തിലും** മേൽ വിവരിച്ച തിന്റെ തുടർച്ചയായിട്ടായിരുന്നു ആചാര്യൻ ലഘുവായ പ്രായശ്ചിത്ത ങ്ങളെല്ലാം വിവരിച്ചത്. ഗായത്രിജപം, ഓംകാരജപം, പൂജ, ഹോമം, പ്രാണായാമം, വേദാലാപനം എന്നിവ ഇവക്കാധാരമാക്കിയുള്ളതാ ണ്. മാത്രമല്ല ഇവയുടെയെല്ലാം ഉദ്ദേശവും അർത്ഥവും ആന്തരാർത്ഥ ങ്ങളും ആചാര്യൻ സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. പ്രായശ്ചി ത്തവിധികളുടെ താരതമ്യമഹത്വവും ആചാര്യൻ വിവരിച്ചു. ഇവയെല്ലാം ബ്രാഹ്മണർക്കുള്ള പ്രായശ്ചിത്തങ്ങളാണ്.

(1) ഇനി വിവരിക്കുന്നത് രഹസ്യ പ്രായശ്ചിത്തങ്ങളാണ്. (2) എല്ലാ മാസവും ഒരിക്കലെങ്കിലും നദിയിൽ കുളിച്ച് പതിനാറ് പ്രാവശ്യം പ്രാണായാമം ചെയ്ത്, ദേവനിവേദ്യം കഴിച്ചാൽ ശുദ്ധനാകും. (3) കർമ്മാന്ത്യത്തിൽ ഒരു പശുവിനു തീറ്റകൊടുക്കണം. (4) അഘ മർഷണ മന്ത്രാലാപനം കൊണ്ടും വ്രതം കൊണ്ടും മദ്യം കഴിച്ച പാപം തീരും. (5) പതിനായിരം പ്രാവശ്യം ഗായത്രി ജപിച്ചാൽ സ്വർണമോഷണ പാപപ്രായശ്ചിത്തമാവും (6) ഗുരുനിന്ദാപാപ പ്രായശ്ചിത്തത്തിനായി മൂന്നുദിവസം പുരുഷസൂക്തമന്ത്രം ജപിച്ച് ഹോമിച്ചാൽ മതിയാകും (7) അശ്വമേധയാഗം, എല്ലാ പാപത്തി ന്റേയും മോചനത്തിന് സഹായകമാകുന്നു. അതുപോലെ അഘ മർഷണ സൂക്തവും പാപമോചനം തരുന്നു. (8) വേദപണ്ഡി തൻ, പ്രാണായാമം ചെയ്താൽ അതും പാപമോചനമായിത്തീരു ന്നു. അതിലൂടെ പാപങ്ങൾ ദഹിച്ചു പോകുന്നു. (9) വ്യാഹൃതീ യോടെയുള്ള ഗായത്രീ ജപം, ഓംകാരത്തോടെ ജപിച്ച് പ്രാണാ യാമം ചെയ്താലും പാപമോചനമാകുന്നു (10) പ്രണവത്തിന്റെ അ-ഉ-മ കാരങ്ങളെല്ലാ പ്രജാപതികളാണ്. ഭൂ: ഭുവ: സ്വ: എന്നത് മൂന്നു വേദങ്ങളുമാകുന്നു. (11) ഗായത്രീ മന്ത്രം തന്നെയാണ് വേദ ത്തിന്റെ പാദം അഥവാ അടിസ്ഥാനം. അത് ജപിക്കുന്നത് വേദ ജപം പോലെ പവിത്രമാണ് (12) ഓംകാരവും ഗായത്രിയും ആരെല്ലാം ജപിച്ചാലും വേദപണ്ഢിതർ വേദാലാപനം നടത്തുന്ന ഫലം ലഭിക്കുന്നു. (13) സ്വന്തം ഗ്രാമത്തിൽ നിന്ന് പുറത്തുപോയി ഗായത്രീമന്ത്രം ആയിരം പ്രാവശ്യം ജപിച്ചാൽ മഹാപാതകത്തിൽ നിന്നും അതിപാതകത്തിൽ നിന്നും മോചനം നേടാം. (14) ബ്രാഹ്മ ണ-ക്ഷത്രിയ-വൈശ്യർ, ഗായത്രി അറിയാമായിരുന്നിട്ടും അതു ജപിക്കുന്നില്ലെങ്കിൽ സ്വയം അധപതിക്കുന്നു. (15) ബ്രഹ്മാവിൽ നിന്ന് ഉദയം ചെയ്ത ഗായത്രിമന്ത്രം എന്നുമെന്നും ജപിക്കുമ്പോൾ



Scanned with CamScanner

ബ്രഹ്മതേജസ്സുണ്ടാകുന്നു (16) മൂന്നുവർഷക്കാലം ആലസ്യമില്ലാതെ ശ്രദ്ധയോടെ ഗായത്രി മന്ത്രം ജപിക്കുന്നവന് പരമപദവും മോക്ഷവും ലഭിക്കുന്നു. (17) ഓം എന്ന ഏക അക്ഷരം ബ്രഹ്മസമാനമാണ്. പ്രാണായാമം പരമമായ തപസ്സാണ്. ഗായത്രി ജപത്തിനപ്പുറം മറ്റൊന്നില്ല. മൗനത്തിനുസദൃശമായ സത്യവുമില്ല. (18) എല്ലാ ഹോമങ്ങളും പൂജകളും അതാതിന്റെ ഫലങ്ങൾ തരുന്നതോടെ അവസാനിക്കുന്നു. ഓംകാര ജപവും ഗായത്രീ ജപവും അതിന്റെ ഫലങ്ങളും ഒരിക്കലും ക്ഷയിക്കുന്നില്ല തന്നെ (19) ദ്രവ്യയജ്ഞങ്ങളേക്കാൾ പത്തിരട്ടി ഫലമാണ് ജപയജ്ഞത്തിനുള്ളത്. ഓംകാരവും, ഗായത്രിയും ജപിക്കുമ്പോൾ നൂറിരട്ടിഫലം ലഭിക്കുന്നു. അത് മനസ്സിൽ നിന്നാകുമ്പോൾ ആയിരം ഇരട്ടിഫലവുമുണ്ടാകുന്നു. (20) മറ്റേതൊരു യജ്ഞവും ജപയജ്ഞത്തോടൊപ്പമെത്തുന്നില്ല. (21) ഓംകാരവും ഗായത്രിയും ബ്രാഹ്മണർ ജപിക്കുന്നതത്ത്യുത്തമമാണ്. അബ്രാഹ്മണർ ജപിച്ചാൽ അവരും ബ്രാഹ്മണരായിത്തീരുന്നു. (55 : 1 - 21)

### വേദമന്ത്രങ്ങളുടെ വേദമഹത്വം

മേൽ വിവരിച്ചതിൽ നിന്ന് ഭിന്നമായ വിഷയത്തിലേക്ക് പഠനം കടക്കുകയാണ്. വേദത്തെക്കുറിച്ചുള്ള പഠനമാണ് ശ്രൗതശാസ്ത്രാചാര്യൻ വിവരിക്കുന്നത്. വ്യത്യസ്ഥങ്ങളായ സൂക്തങ്ങൾ അവയെല്ലാം ജപിക്കേണ്ട വിധിയും അതിന്റെ ഫലവും ശ്രൗതകർമ്മാചാര്യൻ, **വിഷ്ണുധർമ്മശാസ്ത്രത്തിലെ അമ്പത്തിയാറാം അദ്ധ്യായത്തിൽ** വിവരിച്ചു.

(1) എല്ലാവേദങ്ങളും പവിത്രങ്ങളാകുന്നു. (2) അവയെല്ലാം ജപമായും, ഹോമത്തിനായും പൂജക്കായും ആലപിക്കുമ്പോൾ പാപങ്ങളിൽ നിന്ന് മോചനം നേടുന്നു. (വളരെ പ്രധാനപ്പെട്ട മന്ത്രങ്ങളുടെ പേരുകൾ ക്രമത്തിൽ ഇവിടെ ചേർക്കുന്നു) (3) അഘമർഷണം (4) ദേവകൃതം (5) ശുദ്ധവത്യം (6) തരത്സമന്ദീയം (7) കൂഷ്മാണ്ഡം (8) പാവമാന്യം (9) ദുർഗാസാവിത്രീ (10) അതീഷംഗം (11) പദസ്തോമം (12) വ്യാഹൃതയസാമങ്ങൾ (13) ഭാരുണ്ഡമന്ത്രങ്ങൾ (14) ചന്ദ്രസാമം (15) പുരുഷവ്രതം (16) അബ്ലിംഗമന്ത്രം (17) ബാർഹസ്പത്യം (18) ഗോസൂക്തം, (19) അശ്വസൂക്തം (20) ചന്ദ്രസൂക്തത്തിലുള്ള സാമമന്ത്രങ്ങൾ (21) ശതരുദ്രിയം (22) അഥർവശിരമന്ത്രങ്ങൾ (23) ത്രിസുപർണം (24) മഹാവ്രതം (25) നാരായണീയം അഥവാ നാരായണസൂക്തം (26) പുരുഷസൂക്തം ഈ മന്ത്രങ്ങൾ സർവശ്രേഷ്ഠങ്ങളാണ്. (27) യാഗ



Scanned with CamScanner

കർമ്മങ്ങൾക്കോ, മന്ത്രാലാപനത്തിനോ ജീവജാലങ്ങളെ കേൾപ്പിക്കുന്നതിനോ ഈ മന്ത്രങ്ങൾ ജപിക്കുന്ന വ്യക്തി ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നു. (56 : 1 - 27)

**സാമൂഹിക നിയമങ്ങൾ**

പാതകം ചെയ്യുന്നവരുടെ വിവരണവും അതിനുള്ള പ്രായശ്ചിത്തങ്ങളും വിവരിക്കുന്നു. ചെയ്ത പാതകത്തിൽ ദുഃഖിക്കുന്നവർക്കു മാത്രമേ പ്രായശ്ചിത്തമുള്ളൂ. അവരെ അനുതാപികളെന്നു പറയുന്നു. ദുഃഖിക്കാത്തവർക്ക് പ്രായശ്ചിത്തങ്ങളില്ലാ അവരെ അനനുതാപികളെന്നു പറയുന്നു. ജീവിതവഴിത്താരയിലൂടെ മുന്നോട്ടുപോകുമ്പോൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ മാർഗനിർദ്ദേശങ്ങളാണ് **അമ്പത്തിയേഴാമദ്ധ്യായത്തിലുള്ളത്.** ശിക്ഷയർഹിക്കുന്ന കുറ്റങ്ങളല്ല. ചെയ്ത തെറ്റുകളെക്കുറിച്ച് ദുഃഖമുണ്ടാകണം പ്രായശ്ചിത്താനുഭവവുമുണ്ടാകണം. അത്തരത്തിലുള്ള നിർദ്ദേശങ്ങളുടെ സമാഹാരമാണ് ഈ അദ്ധ്യായം. സാധാരണ വിഷയനിർദ്ദേശങ്ങളടങ്ങുന്ന ലളിതമായ രീതിയിലാണ് ആചാര്യൻ വിവരിച്ചുതന്നത്.

(1) അനുതാപികളെ ത്യജിക്കണം (2) പ്രായശ്ചത്തകർമ്മം ചെയ്യുന്നവർ വ്രാത്യർ (3) പ്രായശ്ചിത്തം ചെയ്യാത്തവർ പതിതർ (4) മാതാവിലൂടെയും പിതാവിലൂടെയും ലഭിക്കുന്നതിലശുദ്ധിയുള്ളവർ (5) ഇവർക്ക് ഭക്ഷണം കൊടുക്കുകയോ ഇവരിൽ നിന്ന് ഭക്ഷണം സ്വീകരിക്കുകയോ അരുത്. (6) അസ്വീകാര്യമായ ഒന്നും തന്നെ ചർച്ചാവിഷയം പോലുമാക്കരുത് (7) ഇവരിൽ നിന്നെന്തെങ്കിലും സ്വീകരിച്ചാൽ ബ്രാഹ്മണരുടെ ബ്രഹ്മതേജസ് ക്ഷയിക്കും. (8) എന്തെങ്കിലും സ്വീകരിച്ചാൽ കൊടുത്തയാളും സ്വീകരിച്ചയാളും, ദ്രവ്യവും നശിക്കുന്നതായിരിക്കും (9) സ്വീകരിക്കേണ്ടതായ അത്യാവശ്യമുണ്ടായിരുന്നാൽ പോലും അതു തിരസ്കരിക്കാനുള്ള മനസ്സുള്ളവന് ദാതൃലോകം ലഭിക്കുന്നു (10) സ്വീകരിക്കാൻ പാടില്ലാത്തവയിൽ പെടാത്ത ദ്രവ്യങ്ങളുമുണ്ട്. സ്വീകരിക്കാവുന്നവയിതൊക്കെയാണ്; ജലം, ഫലമൂലാദികൾ, തേൻ, കിടക്ക, ഇരിപ്പിടം, വീട്, പുഷ്പം, തൈര്, ദർഭപുല്ല് (എന്നിവ സ്വീകരിക്കാം) (11) ദുഷ്ടനായാലും ഇത് സ്വീകരിക്കൂ എന്നു പറഞ്ഞ് ഭിക്ഷ നൽകിയാൽ അത് സ്വീകരിക്കണം (12) ഇപ്രകാരം ലഭിക്കുന്ന ഭിക്ഷ തിരസ്കരിച്ചാൽ പതിനഞ്ചു വർഷത്തേക്ക് ദേവപിതൃകർമ്മം നിഷ്ഫലമായിത്തീരുന്നത്രയും ദോഷമുണ്ട്. (13) ഗുരുക്കന്മാർ, ഭൃത്യന്മാർ, മാതാപിതാക്കൾ, ആപത്ഘട്ടത്തിൽ



Scanned with CamScanner

മോചിപ്പിക്കുന്നവർ, രാജാവ്, അധികാരികൾ ഇവരിൽ നിന്ന് നിഷദ്ധമായതും സ്വീകരിക്കാം. പക്ഷേ അവയൊന്നും ദേവപിതൃകാര്യങ്ങൾക്കായി ഉപയോഗിക്കരുത്. (14) മേൽ വിവരിച്ചവരിൽ കുലടകൾ, ചണ്ഡാളന്മാർ ഇവരുണ്ടെങ്കിൽ അവരിൽ നിന്ന് ഒന്നും സ്വീകരിക്കരുത്. (15) ഗുരുവില്ലാത്ത വേളയിൽ ഗുരുഗൃഹത്തിൽ വസിക്കുകയോ ഗൃഹത്തിൽ നിന്നെന്തെങ്കിലും സ്വീകരിക്കുയോ അരുത്. സന്നിഗ്ദ കാലഘട്ടത്തിൽ, ഇങ്ങിനെ സംഭവിച്ചാൽ ആത്മസംരക്ഷണാർത്ഥം മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കാം (16) സ്വന്തം സ്വത്ത് രാജാവിന് സമർപ്പിച്ചവൻ, കുലമിത്രം, ദാസൻ, ഇടയൻ, പതിതനല്ലാത്തവൻ, ഇവർ ശൂദ്രരാണെങ്കിലും അവരിൽ നിന്നും സഹായം സ്വീകരിക്കാം. **(57 : 1 - 16)**

മേൽ വിവരിച്ച ഓരോ തരത്തിലുള്ള മാർഗനിർദ്ദേശത്തിനും പ്രത്യേകം കാരണമുണ്ടെന്ന് മറ്റുധർമ്മശാസ്ത്രങ്ങൾ വിവരിക്കുന്നു.

## ഭാഗം 5 : ആചാരകാണ്ഡശേഷം
## (ആഹ്നിക പ്രകരണം)

**മൂന്നുതരത്തിലുള്ള ധനം**

വിഷ്ണുധർമ്മശാസ്ത്രത്തിലെ **അമ്പത്തിയെട്ടാമദ്ധ്യായം** ധനത്തിന്റെ മഹത്വത്തെക്കുറിച്ചു വിവരിക്കുന്നു. ഒരേ സമ്പത്ത് / ധനം അതിനെ മൂന്നായി ഭാഗിക്കുവാൻ പൂർവീകർക്ക് സാധിച്ചത് ആ ധനം സമ്പാദിച്ച രീതിയുടെ അടിസ്ഥാനത്തിലാണെന്നറിയുമ്പോഴാണ് ശുക്ളധനം, ശബളധനം, ലോസിതധനം എന്നിപ്രകാരമുള്ള ധനത്തിന്റെ പേരിന്റെ മഹത്വമറിയുന്നത്.

(1) ഗൃഹസ്ഥാശ്രമികൾക്ക് മൂന്നുവിധത്തിലുള്ള ധനമാണുള്ളത് (2) ശുക്ള-ശബള-ലോസിതം എന്നീ പ്രകാരമാണത്. ഈ മൂന്നു തരത്തിലുള്ളതാകട്ടെ; സ്വന്തം പ്രവൃത്തിക്കു ലഭിക്കുന്ന ശുദ്ധമായ സമ്പത്ത് മിശ്രമായ സമ്പത്ത് അശുദ്ധമായ സമ്പത്ത്. (3) ഏതു ധനം കൊണ്ടാണ് ആത്മീയകർമ്മങ്ങളും പിതൃകർമ്മങ്ങളും ചെയ്ത് മോക്ഷം പ്രാപിക്കുന്നത് അത് ശുക്ളധനം (അഥവാ വെളുത്ത ധനം) (4) മാനുഷീകമായ വ്യവഹാരങ്ങൾക്കാവശ്യമായ ധനമത്രെ ശബള ധനം (5) ലോസിത ധനം അഥവാ കൃഷ്ണ ധനം എന്നത് മൃഗങ്ങളെ ക്രയവിക്രയം ചെയ്യുന്നതിലൂടെ ലഭിച്ച ധനമാകുന്നു. (6) സ്വന്തം പ്രവൃത്തികൊണ്ട് നേടിയ ധനമെല്ലാം ശുക്ലധനമാകുന്നു. (7) ബ്രാഹ്മണൻ ക്ഷത്രിയ വൃത്തി, ക്ഷത്രി



Scanned with CamScanner

യൻ വൈശ്യവൃത്തി, വൈശ്യൻ ശൂദ്രവൃത്തി പോലുള്ള കർമ്മങ്ങൾ ചെയ്ത് ലഭിക്കുന്ന ധനം ശബളധനം. (8) ബ്രാഹ്മണൻ വൈശ്യവൃത്തിയും, ക്ഷത്രിയൻ ശൂദ്രവൃത്തിയും പോലുള്ള കർമ്മം ചെയ്തു ലഭിക്കുന്ന ധനവും കൃഷ്ണ/ലോസിത ധനമാകുന്നു. (9) അനുക്രമമായി ലഭിക്കുന്ന പിതൃസ്വത്ത്, നന്മ ചെയ്തു ലഭിക്കുന്ന സ്വത്ത്, കുടുംബാംഗങ്ങൾ ഒരുമിച്ചു സംഭരിക്കുന്ന സ്വത്ത് എന്നിവയെല്ലാം ശുക്ളധനമാകുന്നു. (10) അധഃപതിച്ചകർമ്മം ചെയ്യാതെയും വിൽക്കാവുന്നത് വിറ്റും, കന്യാദാനത്തിലൂടെ നൽകുന്നതും (സ്ത്രീധനമല്ല)ലഭിക്കുന്നതും നല്ല ശുക്ളധനമാണ്. (11) ഏതു തരം കർമ്മത്തിന്റെ അടിസ്ഥാനത്തിലാണോ ധനം സമ്പാദിക്കുന്നത് ആ ധനം അതായിത്തീരുന്നു. **(58 : 1 - 11)**

ചൂതുകളിച്ചും, വാദുവെച്ചും, അപഹരിച്ചതും, സാഹസത്തിലൂടെ വെല്ലുവിളിച്ചു നേടിയതും, വ്യാജപ്രക്രിയയിലൂടെ നേടിയതുമെല്ലാം കൃഷ്ണം അഥവാ ലോസിതധനമാണെന്ന് നാരദസ്മൃതി. മേൽ വിവരിച്ച ധനം ഗൃഹസ്ഥാശ്രമികൾ സ്വീകരിക്കുകയോ കൊടുക്കുകയോ ചെയ്യുമ്പോൾ അറിഞ്ഞു കൊള്ളേണ്ടതാണ്. ആചാര്യൻ വിവരിച്ചത് തികച്ചും പുതിയ അറിവായിട്ടാണ് ഞങ്ങൾക്കനുഭവപ്പെട്ടത്.

**ഗൃഹസ്ഥാശ്രമികളുടെ ആചാരം**

ഒരു രാഷ്ട്രത്തിന്റെ ആധാരം സമൂഹമാണ്, സമൂഹത്തിന്റേത് കുടുംബവും, കുടുംബത്തിന്റേത് വ്യക്തിയുമാണ്. വ്യക്തിയുടെ അടിസ്ഥാനം ധാർമ്മീകബോധം, ഗൃഹത്തിന്റെ ആധാരം ഗൃഹസ്ഥധർമ്മാചരണം. ഈ ധർമ്മാചരണത്തിന്റെ അഗാധതലത്തിലുള്ള ആചാരവിവരണങ്ങളാണിവിടെ, വിഷ്ണുധർമ്മശാസ്ത്രത്തിലെ **അമ്പത്തിയൊമ്പതാമധ്യായത്തിൽ** നൽകിയിരിക്കുന്നത്. അത് ആചാര്യൻ വിവരിച്ചുതന്നു. ഈ വിവരണം കേൾക്കാൻ വിദ്യാർത്ഥികളോടൊപ്പം ധാരാളം രക്ഷകർത്താക്കളുമുണ്ടായിരുന്നു. അവർക്കായി കൂടിയാണ് ആചാര്യൻ വിസ്തരിച്ചു കാര്യങ്ങൾ വിവരിച്ചത്.

(1) ഗൃഹസ്ഥാശ്രമി വിവാഹാഗ്നിയിൽ പാകയജ്ഞം ചെയ്യണം (2) രാവിലെയും വൈകുന്നേരവും അഗ്നി കർമ്മമനുഷ്ഠിക്കണം (3) ദേവപൂജയും ഹവനവും വേണം. (4) അമാവാസി പൗർണമി ദിവസങ്ങളിൽ യഥാവിധികർമ്മങ്ങനുഷ്ഠിക്കണം (5) ദക്ഷിണായനം ഉത്തരായനം എന്നീ കാലങ്ങളിൽ പശുക്കളുമായി ബന്ധ



Scanned with CamScanner

പ്പെട്ട ആചാരങ്ങളും പൂജകളും അനുഷ്ഠിക്കണം (6) ശരദ് ഗ്രീഷ്മ ഋതുക്കളിൽ ആഗ്രയണകർമ്മമനുഷ്ഠിക്കണം (7) വ്യത്യസ്ഥ ധാന്യങ്ങളുപയോഗിച്ചും ഇക്കാലത്ത് ഹോമങ്ങൾ നടത്തണം. (8) മൂന്നു വർഷത്തിലൊരിക്കൽ സോമാചാരയാഗം നടത്തണം (9) ഓരോ വർഷവും സോമാഹൂതി നടത്തണം (10) സാമ്പത്തീക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ വൈശ്വാനര ഹോമം നടത്തിയാലും മതിയാകും. (11) യജ്ഞാവശ്യങ്ങൾക്കായി ലഭിക്കുന്ന സംഭാവനയും ഭിക്ഷാധനവും അതിനു മാത്രമായി നീക്കിവെച്ചുപയോഗിക്കണം (12) രാവിലേയും വൈകുന്നേരവും വൈശ്വദേവയജ്ഞം ചെയ്യണം (13) ഭിക്ഷ അർഹിക്കുന്നവന് ഭിക്ഷ നൽകണം (14) ദാഹിക്കുന്നവന് ജലദാനം ചെയ്യുന്നത്, ഗോദാനം ചെയ്യുന്നതിനു സമമാണ്. (15) ഭിക്ഷ സ്വീകരിക്കാനാരുമില്ലാത്തയവസ്ഥയിൽ അൽപം ഭക്ഷണം പശുവിന് നൽകണം (16) അല്ലെങ്കിൽ അഗ്നിയിൽ ഹോമിക്കണം (17) കുടുംബാംഗങ്ങളുടെ ഭക്ഷണത്തിനു ശേഷം വരുന്നവർക്ക് ഉള്ളതുകൊടുക്കണം (18) അരി, ഗോതമ്പ്, ജലം എന്നിവയുപയോഗിച്ച് ഗൃഹസ്ഥൻ പഞ്ചയജ്ഞം ചെയ്യണം (19) അതുതന്നെ ദേവ-പിതൃ-ഭൂത-മനുഷ്യ-ഋഷിയജ്ഞമായ പഞ്ചമഹായജ്ഞമായനുഷ്ഠിക്കണം (20) നിരന്തരം (വേദം) പഠിക്കുന്നതും ചൊല്ലുന്നതും ബ്രഹ്മയജ്ഞം (21) ഹവനങ്ങൾ നടത്തുന്നത് ദേവയജ്ഞം (22) പിതൃതർപ്പണം ചെയ്യുന്നത് പിതൃയജ്ഞം (23) ബലിസമർപ്പണം ഭൂതയജ്ഞം (24) മനുഷ്യനെ സഹായിക്കുന്നതും അതിഥി പൂജനവുമാണ് മനുഷ്യയജ്ഞം. (25) ദേവതകൾ, അതിഥികൾ, ഭൃത്യന്മാർ, പിതൃക്കൾ, ഇവരെല്ലാം ആർക്കാണോ സ്വന്തം ആത്മാവു പോലെയുള്ളത് (ആത്മതുല്യരായിട്ടുള്ളത്) അവർ ശ്വാസോച്ഛ്വാസം പോലെ യജമാനനെ നിലനിർത്തുന്നു. (26) ബ്രഹ്മചാരിയും ഭിക്ഷുവും, സന്ന്യാസിയും ഗൃഹസ്ഥാശ്രമികളുടെ സഹായത്താൽ ജിവിക്കുന്നതിനാൽ അവരെ അവഹേളിക്കരുത് (27) ഗൃഹസ്ഥൻ ജയിക്കുന്നു, ഗൃഹസ്ഥൻ തപസ്വിയാണ്, എന്നും ദാനം ചെയ്യുന്നവനാണ് ഗൃഹസ്ഥൻ. അതുകൊണ്ട് ഗൃഹസ്ഥാശ്രമിയാണ് ശ്രേഷ്ഠൻ (28) ഋഷിമാർ, പിതൃക്കൾ, ദേവന്മാർ, ചരാചരങ്ങൾ, അതിഥികൾ, ഇവർ ആശ്വാസം കണ്ടെത്തുന്നത് ശ്രേഷ്ഠന്മാരിലായതിനാൽ ഗൃഹസ്ഥാശ്രമി ശ്രേഷ്ഠനാണ്. (29) തൃസന്ധ്യകളിലെ കർമ്മങ്ങളും, വിശക്കുന്നവർക്കന്നദാനവും, ദേവപൂജയും, ശ്രേഷ്ഠന്മാരെ പൂജിക്കലും, വേദ

പഠനവും, പിതൃതർപ്പണവും, ചെയ്യുന്ന ഗൃഹസ്ഥാശ്രമി ശക്രദേവപദത്തിലെത്തുന്നു. **(59 : 1 - 29)**

പഞ്ചമഹായജ്ഞം അതിമഹത്തരമാണെന്നും വിപ്രൻ അത് നിരന്തരമനുഷ്ഠിക്കണമെന്നും സൂചിപ്പിക്കുന്നു വസിഷ്ഠസ്മൃതി. ആശ്വലായനസ്മൃതി നിർദ്ദേശിക്കുന്നു. പാകയജ്ഞം അഗ്നിയജ്ഞം, മനുഷ്യയജ്ഞം, ഭൂതയജ്ഞം, പിതൃയജ്ഞം ഇവഅനുഷ്ഠിക്കണമെന്ന്.

**അന്നദാനം ഗൃഹസ്ഥധർമ്മമാണ്**

ബ്രഹ്മചാരി, സന്യാസി, വിദ്യാർത്ഥി, ഗുരുകുലവാസി, എല്ലാം ത്യജിച്ചവൻ, എല്ലാം നശിച്ചവൻ ഇവരാണ് ഭീക്ഷാടനത്തിന് യോഗ്യതയുള്ളവരെന്നും അവർക്ക് ഭിക്ഷ നൽകുന്നത് ഗൃഹസ്ഥധർമ്മമാണെന്ന് വ്യാസസ്മൃതി. പൂർണമനസ്സോടെ ഇവർക്ക് ഭിക്ഷ നൽകണമെന്ന് പരാശരസ്മൃതി. കാക്ക, നായ, കൃമി, പക്ഷികൾ ഇവർക്കെല്ലാം ഭൂമിയിൽ അന്നം (ഭൂതയജ്ഞമായി) നൽകണമെന്ന് മനുസ്മൃതി.

ഇത്രയും കാര്യങ്ങൾ പഠിച്ചുകഴിഞ്ഞ വിദ്യാർത്ഥികളോട് ആചാര്യൻ പരീക്ഷക്ക് തയ്യാറാകാൻ നിർദ്ദേശിച്ചു. അതനുസരിച്ച് എല്ലാ വിദ്യാർത്ഥികളും പഠിച്ചതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ വ്യക്തമായ ഭാഷയിൽ വിവരിക്കുവാൻ തയ്യാറായി. പരീക്ഷാസമ്പ്രദായം വളരെ രസകരമായിട്ടെനിക്കു തോന്നി. എന്തെല്ലാം പഠിച്ചു എന്നതുപോലെത്തന്നെ പ്രധാനപ്പെട്ട കാര്യമായിരുന്നു, പഠിച്ചതെങ്ങിനെയവതരിപ്പിക്കണമെന്ന അറിവും. പഠിച്ചത് പഠിപ്പിക്കാനായി വിഷയങ്ങൾ സ്വയം തെരഞ്ഞെടുത്ത് സംക്ഷിപ്തരൂപത്തിലാണെങ്കിലും അതിൽ നൂതനാശ്യങ്ങൾ കൂട്ടിച്ചേർത്ത് പല വിദ്യാർത്ഥികളും അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ക്ഷണിതാക്കളായ ആചാര്യന്മാരും, ബന്ധുക്കളും, ശ്രോതാക്കളും, മറ്റു വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളും സദസ്സിലുണ്ടായിരുന്നു. അവരുടെ പ്രധാനധർമ്മം പരീക്ഷാർത്ഥിയുടെ നിലവാരമളക്കുവാനുള്ള ചോദ്യം ചോദിക്കുക എന്നതായിരുന്നു. അതൊരാവേശകരമായ രീതിയായിരുന്നു എല്ലാവർക്കും. എത്ര പഠിച്ചു എന്നതും പഠിച്ചതെല്ലാം മറ്റു വിദ്യാർത്ഥികൾക്കും ജനസാമാന്യത്തിനും വിവരിച്ചുകൊടുക്കുവാനുള്ള കഴിവും നളന്ദയിലെ വിദ്യാർത്ഥികൾക്കുണ്ടോ എന്നു പരിശോധിക്കലും കൂടിയായിരുന്നു ഈ പരീക്ഷക്രമങ്ങളെല്ലാം.

**സാമാന്യജനതക്കുള്ള സാമാന്യ നിർദ്ദേശങ്ങൾ**

പരീക്ഷാർത്ഥികൾ ഗ്രാമങ്ങളിൽ പോയി ജീവിതത്തിന്റെ അടിസ്ഥാന



Scanned with CamScanner

സന്ദേശങ്ങൾ പഠിപ്പിക്കണമെന്നായിരുന്നു, പരീക്ഷയുടെ രണ്ടാംഭാഗം. അത് നിരക്ഷരരായ ജനങ്ങൾ ജീവിതത്തിൽ ചെയ്യേണ്ടതും, ശ്രദ്ധി ക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചാണ്. പ്രഭാതകൃത്യങ്ങളെക്കുറിച്ചും, പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതിനെക്കുറിച്ചും എല്ലാം ലളിത മായ ജീവിതസന്ദേശങ്ങൾ പൊതുജനങ്ങൾക്ക് ഉപദേശിക്കുന്നതിന നുയോജ്യമായ ഗ്രാമാന്തരീക്ഷത്തിലേക്ക് ഞാനും വിദ്യാർത്ഥികളും യാത്രയായി. ആൽമരച്ചുവട്ടിൽ കൂടിയിരുന്ന കുട്ടികൾക്കായിരുന്നു ആദ്യത്തെ വിവരണങ്ങൾ. അവരുടെ രക്ഷാകർത്താക്കളും സദസ്സിലു ണ്ടായിരുന്നു. ലളിതമായ രീതിയിൽ (നളന്ദയിലെ) രണ്ടു വിദ്യാർത്ഥി കൾ, ഗ്രാമീണരെ പഠിപ്പിച്ചത് വിഷ്ണുധർമ്മശാസ്ത്രത്തിലെ **അറു പതും അറുപത്തൊന്നും** അദ്ധ്യായങ്ങളായിരുന്നു. അത് പഠിച്ച് നമ്മുടെ മക്കളും നമ്മളും ഇന്നുമുതൽക്ക് ജീവിതത്തിൽ പകർത്തണം. ഭാരതീ യരുടെ ജീവിതശൈലിയുടെ ആധാരശിലകളാണീ നന്മയുടെ സന്ദേ ശങ്ങൾ. ചെറുപ്പം മുതലേ നമ്മുടെ കുടുംബാംഗങ്ങൾക്ക് വിവരിച്ചു കൊടുത്തു ജീവിതത്തിൽ പകർത്തേണ്ടതാണീ സന്ദേശങ്ങൾ.

(1) ബ്രാഹ്മമുഹൂർത്തത്തിലുണർന്ന് പ്രാതകർമ്മങ്ങളനുഷ്ഠിക്ക ണം. (2) രാത്രിയിൽ തെക്കോട്ടു നോക്കിയും ദിനത്തിൽ വട ക്കോട്ടു നോക്കിയും വേണം മൂത്രമൊഴിക്കുന്നത്. (3) പുല്ലുകളും ചെടികളുമില്ലാത്തിടത്തു വേണം മൂത്രമൊഴിക്കുവാൻ (4) ലോഹം, മുതലായവയിലും (5) തണലത്തും (6) ചതുപ്പുനിലത്തിലും (7) ഹരിതഭൂമിയിലും (8) കൃമികളുള്ളീടത്തും (8) വൻ കുഴികളിലും (9) ചിതൽ പുറ്റിലും (10) വഴികളിലും വഴിവക്കിലും (11) രാജ മാർഗത്തിലും (12) മറ്റു വിസർജ്യങ്ങളിലും (13) നദികളിലും (14) ഉദ്യാനത്തിലും (15) കുളം-കിണർ-തടാകം എന്നിവയിലും അവ യുടെ സമീപങ്ങളിലും (16) അഗ്നിയിലും ചാരത്തിലും (17) കത്തി ക്കുന്ന/കത്തുന്ന വിറകിലും (18) ചാണകത്തിലും (19) തൊഴു ത്തിലും പശുക്കൾ മേയുന്നിടത്തും (20) ആകാശത്തും (വളരെ ഉയരത്തിൽ നിന്നും) (21) വെള്ളത്തിലും (22) അഗ്നി, കാറ്റ്, ചന്ദ്ര പ്രകാശം, സൂര്യപ്രകാശം, സ്ത്രീസാന്നിദ്ധ്യം, ശ്രേഷ്ഠസാന്നിദ്ധ്യ മുള്ളിടത്തും (23) ജനങ്ങൾ കൂട്ടമായി താമസിക്കുന്നിടത്തും മൂത്ര മൊഴിക്കരുത്. (24) പൂർണമായും ശരീരാവയവങ്ങൾ വൃത്തിയായി സൂക്ഷിക്കണം. അതിനായി ശൗചവും സ്നാനവും ആചരിക്കണം (25) എല്ലാവർണത്തിലും വിഭാഗത്തിലും ഉൾപ്പെടുന്നവർ ശൗച കർമ്മങ്ങൾ അനുഷ്ഠിക്കണം. (26) ബ്രഹ്മചാരികൾ ഇരട്ടിയും,

വാനപ്രസ്ഥർ മൂന്നിരട്ടിയും, മുനിമാർ നാലിരട്ടിയും ശരീര ശുദ്ധി പാലിക്കണം. (60 : 1 - 26)

**പല്ലുതേയ്ക്കുന്നതിന്റെ നിർദ്ദേശങ്ങൾ**

വളരെ ലളിതമെങ്കിൽ പോലും മനുഷ്യജീവിതത്തിലെ നന്മക്കാധാരമായ സമസ്തവും നൽകുന്ന ഗ്രന്ഥമാണ് ധർമ്മശാസ്ത്രങ്ങൾ. അതുകൊണ്ടുതന്നെ, അതിൽ സമഗ്രജ്ഞാനമുണ്ടാകണം.

പല്ലുതേക്കുന്നവിധികൾ സൂചിപ്പിക്കുന്നു. 1-5 പ്ളാശിന്റെ ചമതയുപയോഗിച്ച്, അതുപോലുള്ള പത്തു തരത്തിലുള്ള മരങ്ങളുടെ കമ്പുകൾ കൊണ്ടും പല്ലുതേക്കരുത് (6) മധുരമുള്ള (7) പുളിപ്പുള്ള (8) ഉണങ്ങിയ (9) സുഷിരങ്ങളുള്ള (10) ഭിന്നമായതും ചിതലരിച്ചതുമായ (11) തെക്കോട്ടു വളരുന്ന ശിഖരത്തിലുള്ള (12) താഴത്തേക്കു വളരുന്ന കമ്പുകൾ/ഇലകൾ/മൊട്ടുകൾ എന്നിവയുപയോഗിച്ച് പല്ലുതേക്കരുത്. (13) ആൽമരം, ജീവകം, മന്ദാരം, ദന്തധാവനം, കരിത്തോട്ട, ക്രകരം, ഉമ്മം, കരവീരം, വിഷമുള്ളവ, നാരകം പുഷ്പങ്ങളുണ്ടാകുന്ന വള്ളികൾ, കൂവളം എന്നിവ പല്ലു തേക്കുന്നതിനുപയോഗിക്കരുത് (15) കയ്പുള്ളത്, ചവപ്പുള്ളത്, നിറമുള്ളതുമായ വൃക്ഷകമ്പുകളും പല്ലു തേക്കാനുപയോഗിക്കരുത്. (16) പന്ത്രണ്ട് അംഗുലം നീളമുള്ളതും അറ്റം ചതച്ചതുമുപയോഗിച്ച് അതിരാവിലെ ഭക്ഷണത്തിനു മുമ്പു തന്നെ പല്ലു തേക്കണം (17) ദന്തധാവനത്തിനു ശേഷം വായ് നല്ലവണ്ണം കഴുകണം, പിതൃതർപ്പണ്ണമുള്ള ദിനങ്ങളിലും അമാവാസി പൗർണമി ദിനങ്ങളിലും പല്ലുതേക്കുന്ന വേളയിൽ, ദ്രവ്യങ്ങളൊന്നും വയറ്റിലേക്ക് പോകാതിരിക്കാനും ശ്രദ്ധിക്കണം. (61 : 1 - 12)

**ആചമനവിധികൾ (ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യർക്കുള്ളത്)**

ബ്രാഹ്മണ ക്ഷത്രിയ വൈശ്യർ ചെയ്യേണ്ട ആചമനവിധിയാണ് അറുപത്തിരണ്ടാമദ്ധ്യായം. വളരെ ലളിതമായ ഒരു കർമ്മമാണിത്. ശരീരം തന്നെ ഈശ്വരാംശമാണെന്നു സൂചിപ്പിക്കുന്ന (സന്ധ്യാവന്ദനവുമായി) ചടങ്ങാണിത്. എല്ലാവരും എന്നും പ്രഭാതത്തിലും സായംസന്ധ്യയിലും, പലപല കർമ്മങ്ങൾക്കിടക്കും ഈ ലഘു ചടങ്ങ് ചെയ്യാറുണ്ട്. ആത്മീയവും ഭൗതീകവുമായ എല്ലാ ആചാരാനുഷ്ഠാനങ്ങളിലും ഈ ചടങ്ങുണ്ട്.

(1) ചെറുവിരലിന്റെ അറ്റത്ത് പ്രജാപതിയും (2) മോതിരവിരലിന്റെ



Scanned with CamScanner

ആരംഭത്തിൽ ബ്രഹ്മാവും (3) അറ്റത്ത് മഹേശ്വരനും (4) പെരുവിരലിന്റെയഗ്രത്തിൽ പിതൃക്കളുമാണ്. (5) ശുദ്ധിയുള്ളതും ചൂടും തണുപ്പുമില്ലാത്തതുമായ നല്ല വെള്ളത്തിൽ വേണം ആചമനം അനുഷ്ഠിക്കുവാൻ (6-9) മൂന്നു പ്രാവശ്യമുള്ള ആചമന വിധി വിവരിക്കുന്നു. ജലം സേവിച്ച്, വായ്, മൂക്ക്, കണ്ണ്, ചെവി, കണ്ഠം, നാഭി, കൈ, കാലുകൾ ഇവ സ്പർശിച്ചുകൊണ്ടുള്ള ആചമന വിധി നാലുമന്ത്രങ്ങളിലൂടെ വിവരിക്കുന്നു. **(62 : 1 - 9)**

**പൂജകൾ നടത്തുവാൻ പാടില്ലാത്ത സ്ഥലങ്ങൾ**

ഈശ്വരാരാധാനയെന്നത് മൂർത്തിയെ മുമ്പിൽ ബിംബരൂപത്തിൽ വെച്ചുമാകാം മൂർത്തിയില്ലാതെ അമൂർത്തഭാവത്തിലുമാകാം. മൂർത്തഭാവത്തിൽ ചെയ്യുന്ന പൂജ, അർച്ചന, ആരാധന ഇവക്കെല്ലാം സ്ഥലം, കാലം, കർമ്മമനുഷ്ഠിക്കുന്ന വ്യക്തിയുടെ നന്മ ഇവ മൂന്നും പ്രധാനപ്പെട്ടതാണ്. ധർമ്മശാസ്ത്രത്തിന്റെ ഒരു പ്രധാന ഭാഗമാണ് ഈശ്വരാരാധന. അതനുഷ്ഠിക്കുന്നതിൽ ചില കാര്യങ്ങൾ/പ്രത്യേകതകൾ ശ്രദ്ധിക്കാനുള്ളത്; വ്യക്തിയുടെ ശുദ്ധി, സ്ഥലശുദ്ധി, സമയം. ഇവ മൂന്നും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. **അറുപത്തിമൂന്നാം** അദ്ധ്യായത്തിലെ ആദ്യത്തെ 16 സൂത്രങ്ങൾ പൂജാസ്ഥലത്തിന്റെ മഹത്വമറിയിക്കുന്നു. അതനുശാസിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. •

(1) സർവചരാചരങ്ങൾക്കും നന്മ വരുത്താനായി ഈശ്വരീയാചാരങ്ങളനുഷ്ഠിക്കണം (2) ഈശ്വരീയകർമ്മങ്ങൾ ഒറ്റക്ക് ചെയ്യരുത് (3) അധാർമ്മീകരുടെ കൂടെയും (4) വേശ്യകളുടെ കൂടെയും (5) ഈശ്വരവിശ്വാസമില്ലാത്തവരുടേയും (6) അതി രാവിലേയും (7) വളരെ വൈകി രാത്രിയിലും (8,9) ഉദയ-അസ്തമയ-മധ്യാഹ്ന സന്ധിയിലും (ഏതാനും നിമിഷം ധ്യാനിച്ചിരിക്കേണ്ടതിനാൽ) (10) കുളക്കടവിലും (11) അത്യാഗ്രഹമുള്ള മാനസീകാവസ്ഥയിലും (12) വാഹനത്തിലിരുന്നും, വളരെ ചെറിയ കുട്ടികളോടൊത്തും, അതിരോഗികളുടെ സമീപത്തിരുന്നും. (13) അംഗഹീനരോടൊത്തുചേർന്നും (14) അതീവ ദുഃഖിതരോടൊത്തും (15) പശുത്തൊഴുത്തിലും (16) അച്ചടക്കമില്ലാത്തവരോടൊത്തും ഈശ്വര പൂജ നടത്തരുത്. (പ്രാർത്ഥന നടത്താമെങ്കിലും ആചാര പ്രകാരമുള്ള പൂജ അസാദ്ധ്യമായതിനാൽ ഈ വേളകളിൽ അതൊഴിവാക്കണം) **(63 : 1 - 16)**

ജീവിതക്രമത്തിൽ ആത്മീയകാര്യങ്ങൾക്കും വ്യവഹാരികകാര്യങ്ങൾക്കുമായി നാം യാത്ര ചെയ്യാറുണ്ട്. ആ യാത്രകളെല്ലാം അടുക്കും



Scanned with CamScanner

ചിട്ടയും മാനസീക-ശാരീരിക അനുശാസനത്തോടുകൂടിയതുമായിരിക്കണം. അതിനുള്ള നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ ആചാരങ്ങളെപോലെ അനുശാസിക്കപ്പെടുന്നു. ഇവയൊന്നും സ്വർഗത്തിലേക്കുള്ള യാത്രക്കുവേണ്ടിയല്ല. ഇവിടത്തെ ജീവിതം പ്രശ്നരഹിതമാക്കാനാണ്. യാത്ര ചെയ്യുന്ന വേളയിലും വഴിയോരങ്ങളിലും വീടുകളിലുമെല്ലാം വിശ്രമിക്കുന്ന വേളയിലും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങളാണ് ഗ്രാമത്തിലെ മുതിർന്നവർക്കായി ഉപദേശിച്ചത്.

> ഇനി യാത്രാവേളയിൽ അനുശാസിക്കേണ്ടതായ കാര്യങ്ങൾ വിവരിക്കുന്നു (17) വാഹനങ്ങൾ വലിക്കുന്ന മൃഗങ്ങൾക്ക് ജലവും ഭക്ഷണവും കൊടുക്കാതെ യാത്രക്കാർ ഭക്ഷിക്കരുത് (18) നാലും കൂടിയ വഴിയുടെ നടുക്ക് നിൽക്കരുത്/സഞ്ചരിക്കരുത് (19) രാത്രി വേളയിൽ വൃക്ഷചുവട്ടിൽ വിശ്രമിക്കരുത് (20) മറ്റാരുമില്ലാത്ത വീട്ടിൽ ഒറ്റക്ക് യാത്ര വേളയിൽ വസിക്കരുത് (21) പുല്ല്, വൈക്കോൽ ഇവയിൽ ഉറങ്ങരുത് (22) തൊഴുത്തിൽ വിശ്രമിക്കരുത് (23) മുടി, തലയോട്, അസ്ഥി, ചാരം, തീ എന്നിവ ഉള്ളിടത്ത് ഒറ്റക്കു വിശ്രമിക്കരുത് (24) പഞ്ഞി, അസ്ഥി ഉള്ളിടത്തും വിശ്രമിക്കരുത്. (25) യാത്രക്കു പുറപ്പെടുമ്പോൾ നാൽക്കാലികളെ പ്രദക്ഷിണം വെക്കണം. **(63 : 17 - 25)**

### നല്ല നിമിത്തങ്ങളും ശകുനങ്ങളും

യാത്രയാരംഭിക്കുന്ന വേളയിലെ നല്ല നല്ല ശകുനങ്ങളും നിമിത്തങ്ങളും വിവരിക്കുന്നതാണീഭാഗം. അനുവധി സ്മൃതിഗ്രന്ഥങ്ങളിൽ ശകുനങ്ങളും യാത്രാവേളയിലെ അപശകുനങ്ങളും വിവരിക്കുന്നുണ്ട്. ഉത്തമമായ ശകുനവിവരണമാണ് വിഷ്ണുധർമ്മശാസ്ത്രത്തിലെ 26 മുതൽ 32 വരെയുള്ള ശകുന വിവരണ വരികൾ. ഇവയൊന്നും പുണ്യകരമായിട്ടല്ല വിവരിക്കുന്നത്. എല്ലാ നിമിത്തങ്ങളും ശകുനങ്ങളുമൊന്നും മനുഷ്യനെ തടയാനോ, ശപിക്കാനോ അനുഗ്രഹിക്കാനോ അല്ല. തോന്നുന്ന യാത്രകൾ തോന്നുമ്പോൾ തോന്നുന്നതുപോലെ ചെയ്യരുത്. ഓരോ യാത്രക്കും അതിന്റേതായ അടുക്കും ചിട്ടയുമുണ്ടാകണം. അതിന്നായി പ്രകൃതിയിൽ നിന്നെടുത്ത സൂചനകളാണ് നിമിത്തങ്ങളും ശകുനങ്ങളുമായി വിവരിച്ചിരിക്കുന്നത്. സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്.

> (26) ഈശ്വര സ്മരണ ചെയ്ത് പുഷ്പമർപ്പിച്ച് യാത്ര പുറപ്പെടണം (27) നന്മ തരുന്ന വൃക്ഷങ്ങളെ വലം വെച്ച് യാത്രക്കു പുറപ്പെടണം. ശകുനം കാണേണ്ടത് എങ്ങിനെയൊക്കെയാണ് എന്ന്



Scanned with CamScanner

വിവരിക്കുന്നു. (28) നല്ല ശകുനങ്ങൾ; അഗ്നി, ബ്രാഹ്മണർ, വേശ്യ, പൂർണ കുംഭം, കണ്ണാടി, കുട, കൊടി, പതാക, കൂവളം, രാഷ്ട്രത്തിന്റെ നന്മ നിറഞ്ഞ പ്രതീകങ്ങൾ, ഗന്ധ-ദീപം സ്വീകരിക്കുന്നത്. (29) താലം, തുളസി, ചാമരം, അശ്വം, ഗജം, ആട്, പശു, തൈർപാത്രം, പാല്, തേൻ, ഇവയും ഇവയെ കൊണ്ടു പോകുന്നവരും (30) വീണ, ചന്ദനം, ആയുധം, ഉണങ്ങാത്ത ചാണകം, ഫലപുഷ്പങ്ങൾ, അവയുള്ള വള്ളിച്ചെടികൾ, ഗോരോചനം, കറുക (31) അലങ്കാരങ്ങൾ, മാണിയ്ക്കം, വെള്ളി, വസ്ത്രം, ആസനം, വാഹനം, മാംസം (32) സുവർണകലശം, പൂന്തോട്ടം, കയറു കെട്ടിയ ഒറ്റ പശു, കെട്ടാത്തതാണെങ്കിലും ഒറ്റക്കാള, കന്യക, വെളുത്ത വസ്ത്രമുടുത്ത കന്യക, മത്സ്യം, രാജകീയ ചിഹ്നങ്ങൾ, രക്തം ഒഴുകാത്ത - മുറിവില്ലാത്ത ശവങ്ങൾ, ഇവ ശകുനമായി ലഭിച്ചാൽ നിന്നസ്ഥലത്തു നിന്ന് സ്വയം കറങ്ങി പ്രദക്ഷിണം വെച്ച് പോകണം. **(63 : 23 - 32)**

**അപശകുനങ്ങളും ദൃശ്യങ്ങളും**

തുടർന്ന് 41 വരെയുള്ള വരികളിൽ വിവരിക്കുന്നത് ശുഭയാത്രാവേളയിൽ മുന്നിൽ കാണാനിടയുള്ള അപശകുനങ്ങളെക്കുറിച്ചാണ്. ഇവയെല്ലാം പാപമോ ദുഃഖകരമോ ആയിട്ടല്ല വിവരിക്കുന്നത്. അതുകൊണ്ടുതന്നെ പ്രായശ്ചിത്തം ചെയ്യേണ്ടകാര്യവുമില്ല.

ഇനി അപശകുനങ്ങളാണ് വിവരിക്കുന്നത്. (33) ഉന്മത്തൻ, മദ്യപാനി ഇവരെക്കണ്ടാൽ തിരിച്ചുവരണം (34) ഛർദിക്കുന്നവൻ, വയറുവേദനയുള്ളവൻ, മൊട്ടയടിച്ചവൻ ശിഖയില്ലാത്തവൻ, അവധൂതൻ, കുള്ളൻ (34) സന്യാസിയല്ലാത്ത കാവിവസ്ത്രധാരി, തെണ്ടിത്തിരിഞ്ഞു നടക്കുന്നവൻ, (35) എണ്ണ, ശർക്കര, ഉണങ്ങിയ ചാണകം, വിറക്, പുല്ല്, പ്ളാശ്, ചാരം (36) ഉപ്പ്, ഷണ്ഡന്മാർ, ഔഷധത്തിനായി ഉപയോഗിക്കുന്ന ആസവം, (മദ്യം ഇതിൽപെടില്ല), നപുംസകം, പഞ്ഞി, പരുത്തിനൂല്, (കാലിലെ കൊലുസ്) തലമുടി എന്നിവ അപശകുനങ്ങളാണ്. വളരെ നന്മ നിറഞ്ഞ ശകുനങ്ങളിവയൊക്കെയാണ്; (38) വീണ, ചന്ദനം, ഇവയുള്ള പുരുഷൻ, സ്ത്രീ, അലങ്കരിച്ച കുമാരി, യാത്രക്ക് അഭിനന്ദനീയമാണ്. (39) ദേവപ്രതിമ, ബ്രാഹ്മണ, ഗുരു, സന്യാസി, കറുത്ത പശു ഇവരുടെ നിഴൽ കവച്ചുവെക്കരുത്. (40) ചൂത് കളിക്കുന്ന പലക, മലം, രക്തം, മൂത്രം, സ്നാന ജലം ഇവയും സ്പർശിക്കു



Scanned with CamScanner

കയോ കവച്ചു വെക്കുകയോ ചെയ്യരുത് (41) കെട്ടുന്ന കയറ്, അഴ, പശുവിന്റെ കയറ് ഇവയും കവച്ചുവെക്കരുത്. **(63 : 34 - 41)**

**യാത്രാവേളയിൽ ചെയ്യരുത്താത്ത കാര്യങ്ങൾ**

യാത്രാവേളയിൽ ഒഴിവാക്കേണ്ടതായ ലഘുകാര്യങ്ങളെക്കുറിച്ചാണിനിയുള്ള വരികളിലൂടെ ഗ്രാമജനതക്കായി വിവരിച്ചുകൊടുത്തത്. അപകടം ഉണ്ടാകാൻ സാധ്യതയുള്ളതും, പ്രശ്നങ്ങളാകാൻ സാധ്യതയുള്ളതും, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുള്ളതുമായ ഈ കാര്യങ്ങൾ ഒഴിവാക്കണമെന്ന നിർദ്ദേശമാണിതിലുള്ളത്. ലോകജനത നിലനിൽക്കുന്നീടത്തോളം കാലം ഈ നിയമാവലികൾക്കും തുല്യമായ നിർദ്ദേശങ്ങൾക്കും പ്രാധാന്യമുണ്ടായിരിക്കും. അവ ജീവിതഗന്ധിയായ മാർഗനിർദ്ദേശങ്ങളാണ്. അവയുടെ ഉദ്ദേശം ഈ വരികളിൽ നിന്നുതന്നെ വ്യക്തവുമാണ്. മാതാപിതാക്കൾ മക്കൾക്ക് ഉപദേശിച്ചുകൊടുത്ത് പഠിപ്പിക്കേണ്ടതായ കാര്യങ്ങളിതൊക്കെയാണെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ധർമ്മശാസ്ത്രത്തിലിതുൾക്കൊള്ളിച്ചിരിക്കുന്നത്.

യാത്രാവേളയിൽ ചെയ്യരുത്താത്തവ (42) നല്ല മഴ പെയ്യുമ്പോൾ ഓടരുത് (43) ആവശ്യമില്ലാതെ നദിയിലൂടെ നടക്കുകയോ, ഇറങ്ങുകയോ ചെയ്യരുത് (44) ദേവപിതൃകർമ്മങ്ങൾ ചെയ്തതിനുശേഷം നദി കടക്കരുത് (45) അത് നീന്തിക്കടക്കാൻ ശ്രമിക്കരുത് അത്യാവശ്യമെങ്കിൽ വഞ്ചിയിലാകാം (46) യാത്ര പഴകിയ, പൊട്ടിയ, ദ്വാരമുള്ള വഞ്ചിയിലാകരുത് (47) അവ്യക്തമായ താഴ്ചയും ഒഴുക്കുമുള്ള നദിയിലേക്കിറങ്ങരുത് (48) കിണറ്റിലേക്ക് കുനിഞ്ഞ് നോക്കരുത് (49) കിണർ ചാടിക്കടക്കരുത് (50) വൃദ്ധന്മാർക്ക്, ഭാരം ചുമക്കുന്നവർക്ക്, സ്ത്രീകൾക്ക്, രാജകർമ്മം നിർവഹിക്കുന്നവർക്ക്, രോഗികൾക്ക്, വ്യവസായികൾക്ക്, എപ്പോഴും വഴിമാറിക്കൊടുക്കണം, രാജാവിനും, ശ്രേഷ്ഠന്മാർക്കും, സന്യാസികൾക്കും വഴിമാറിക്കൊടുക്കണം. **(63 : 42 - 50)**

ഗ്രാമന്തരീക്ഷത്തിൽ അവിടെയുള്ളവർക്കായുള്ള പഠനം തുടരുകയായിരുന്നു. പ്രഭാതത്തിലുണർന്ന് ചെയ്യേണ്ടതായ കാര്യങ്ങൾ, പല്ലുതേക്കുന്ന കാര്യങ്ങൾ തുടങ്ങി യാത്രാവേളയിൽ അനുശാസിക്കേണ്ടതായ കാര്യങ്ങളെല്ലാം വിവരിച്ചുകൊടുത്തതിനുശേഷം ധർമ്മശാസ്ത്രത്തിലെ **അറുപത്തിനാലാം അദ്ധ്യായത്തിലെ** സ്നാനവിധി വിവരിക്കുന്നു. ശൗചത്തിന്റെ പ്രധാനഭാഗമാണ് ശരീരശുദ്ധി. ശരീരം ശുദ്ധമാക്കുന്ന



Scanned with CamScanner

തിന് മനുഷ്യൻ, മറ്റുമൃഗങ്ങളുടെ പന്ഥാവല്ല സ്വീകരിക്കേണ്ടത്. അതിന്റേതായ അടുക്കും ചിട്ടയും ചേർത്തുള്ള ആചാരവിധികളുണ്ട്.

**കുളിക്കുന്നവേളയിൽ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ**

സ്നാനവിധിയാണീ അദ്ധ്യായത്തിൽ വിവരിക്കുന്നത് (1) മറ്റൊരു വ്യക്തിയുടെ ജലാശയത്തിൽ കുളിക്കരുത് (2) മറ്റൊരുവന്റെ സ്ഥലത്ത് കുളിക്കേണ്ടി വരുകയാണെങ്കിൽ മൂന്നോ നാലോ കുടം വെള്ളം കിണറ്റിൽ നിന്ന് കോരിയെടുത്ത് കുളിക്കണം (3) അജീർണം, പനി, പകർച്ചവ്യാധികളുള്ള വീട്ടിൽ കുളിക്കരുത് (4) രോഗികളുള്ള വീട്ടിലും കുളിക്കരുത് (5) നഗ്നനായും (6) രാത്രിയിലും (7) ഗ്രഹണവേളയിലും (8) ത്രിസന്ധ്യക്കും കുളിക്കരുത്. (9) അതിരാവിലെ അരുണോദയത്തിന് മുമ്പ് കിഴക്കോട്ട് ദർശനം ചെയ്ത് കുളിക്കണം. (64 : 1 9)

**സ്നാനാനന്തരം ചെയ്യേണ്ട കർമ്മങ്ങൾ**

എവിടെയെല്ലാമാണ് എങ്ങിനെയെല്ലാമാണ് കുളിക്കരുതാത്തത് എന്ന് വിവരിച്ചതിനുശേഷം കുളിക്കുന്ന ജലത്തിന്റേയും, രീതിയുടേയും സ്നാനാന്തരമുള്ള വസ്ത്രധാരണം എന്നിപ്രകാരമുള്ള കാര്യങ്ങളുമാണ് ഗ്രാമീണർക്ക് വിവരിച്ചുകൊടുത്തത്. മനുഷ്യജീവിതത്തിലെ സമഗ്രവും സമസ്ഥവുമായ കർമ്മധർമ്മങ്ങൾ അടുക്കും ചിട്ടയും നന്മയും ചേർത്ത് ആകുമ്പോൾ അതിനുപറയുന്ന പേരാണ് സംസ്കാരം. മറ്റുമൃഗങ്ങളിൽ നിന്ന് സംസ്കരിച്ചെടുത്ത മനുഷ്യന് സംസ്കരിച്ചെടുത്തതിന്റെ മഹത്വമുണ്ടായിരിക്കണം.

(10) കുളിച്ച് കഴിഞ്ഞ് തലമുടി കൈകൊണ്ട് തടവരുത് (11) കുളിച്ചയുടനെ, ശരീരത്തിലെ ജലം കൈകൊണ്ടോ, വസ്ത്രം കൊണ്ടോ തുടക്കരുത് (12) തലയിലേയോ ശരീരത്തിലേയോ എണ്ണ (മയം) യിൽ സ്പർശിക്കരുത്. (13) ഏതു വസ്ത്രമായാലും ജലാംശം തളിച്ച് വേണം എടുത്തുടക്കാൻ. (കഴിവതും ഒരിക്കലുപയോഗിച്ചത് അലക്കാതെ ഉപയോഗിക്കരുത്) പട്ടുവസ്ത്രം എങ്ങിനെയും ശുദ്ധമാണ്. (14) കുളിക്കുമുമ്പ് അലക്കിയ വസ്ത്രവും ചേർത്ത് കുളിച്ച്, പിഴിഞ്ഞ് ഉണക്കി കുളക്കടവിൽ പ്രതിദിനമന്ത്രാലാപനം ചെയ്ത് അവിടെ വെച്ചുണക്കിയ വസ്ത്രവുമുടക്കാം. (15) കുളികഴിഞ്ഞാൽ ആവശ്യമില്ലാത്തവരുമായി അനാവശ്യവർത്തമാനങ്ങൾ ഒഴിവാക്കണം (16) ഉത്തമമായ സ്നാന ജലം ഇവയൊക്കെയാണ്. പുഷ്കരം, മാനസ സരോവരം ഇവ

യിൽ നടത്തുന്ന സ്നാനം മഹത്വമേറിയതാണ് (17) കുടത്തിൽ വെള്ളം കോരിക്കുളിക്കുന്നതിനേക്കാൾ തടാക ജലം പവിത്രമാണ്, അതിനേക്കാൾ പവിത്രമാണ് മലമുകളിൽ നിന്നൊഴുകി വരുന്നത്, അതിനേക്കാൾ പവിത്രമാണ് നദീജലം, അതിനേക്കാൾ ഉത്തമവും ശ്രേഷ്ഠവുമാണ് ഗംഗാജലവും ഗംഗാസ്നാനവും. (64 : 10 - 17)

**സ്നാനത്തോടൊപ്പം ചൊല്ലേണ്ട മന്ത്രങ്ങളും തർപ്പണവിധിയും**

സ്നാനത്തോടൊപ്പമോ അതിനുശേഷമോ ചെയ്യേണ്ടതായ പിതൃതർപ്പണം, ദേവതാ തർപ്പണം എന്നിവയുടെ വിവരണമാണ് ഈ അദ്ധ്യായത്തിൽ തുടർന്നു നൽകുന്നത്. ഓരോ ദിവസവും തുടങ്ങുകയും അവസാനിക്കുകയും ചെയ്യുമ്പോൾ എല്ലാത്തിനുമൊരന്ത്യമുണ്ടെന്ന ഓർമ്മ നമ്മളിൽ വരേണ്ടതാവശ്യമാണ്. അതുകൊണ്ട് അന്ത്യമുണ്ടായതിനെക്കുറിച്ച് ഓർമ്മിപ്പിക്കലാണ് പിതൃകർമ്മം. അതിൽ ഭക്തിയും അനുഷ്ഠാനവും ചേർത്ത് ഏറ്റവും എളുപ്പത്തിൽ ചെയ്യുന്നതാണ് പിതൃതർപ്പണം തുടങ്ങിയ ആചാരങ്ങൾ.

(18) കുളിക്കുന്ന വേളയിൽ ആപോഹിഷ്ഠാ.. എന്നു തുടങ്ങുന്ന മന്ത്രം മൂന്നു പ്രാവശ്യം ആവർത്തിച്ച് ജലത്തുള്ളികൾ ശിരസ്സിലും ശരീരത്തിലും തളിക്കണം. (19) വെള്ളത്തിൽ മുങ്ങിക്കുളിച്ച ശേഷം ജലത്തിൽ തന്നെ നിന്ന് അഘമർഷണ മന്ത്രം മൂന്നുപ്രാവശ്യം ജപിക്കണം. (20) തദ്വിഷ്ണോപരമം പദം...... എന്ന മന്ത്രമോ (21) ദ്രുപദാം സാവിത്രീ,... എന്ന മന്ത്രമോ (22) യുഞ്ജതേമന.... എന്നാരംഭിക്കുന്ന മന്ത്രമോ (23) പുരുഷസൂക്തമോ ചൊല്ലണം. (24) കുളികഴിഞ്ഞ് ജലത്തിൽ തന്നെ നിന്നുകൊണ്ട് ദേവപിതൃതർപ്പണവും ചെയ്യണം (25) ജലത്തിൽ നിൽക്കാൻ വിഷമമുള്ള വ്യക്തിക്ക് കരയിൽ വന്ന്, വെള്ളമെടുത്ത് ഇക്കർമ്മം ചെയ്യാം (26) ദേവപിതൃതർപ്പണം കഴിയാതെ സ്നാനവസ്ത്രം മാറ്റരുത്. (27) സ്നാനത്തിനുശേഷം ആചമനം ചെയ്ത് പ്രാതകർമ്മങ്ങളനുഷ്ഠിക്കണം. (28) പുരുഷസൂക്തമന്ത്രത്തിലൂടെ ദേവാരാധന നടത്തണം. (29) പ്രാർത്ഥനയും ജലതർപ്പണവും (30) ദേവതർപ്പണവും ചെയ്യുക (31) പിതൃതർപ്പണമന്ത്രത്തിലൂടെ പിതൃതർപ്പണവും ചെയ്യുക (32) ഇഹലോകവാസം വെടിഞ്ഞ് മറ്റുബന്ധുക്കൾക്കും തർപ്പണം കൊടുക്കണം (33) അകന്ന ബന്ധുക്കൾക്കും (34) സുഹൃത്തുക്കൾക്കുമുള്ള തർപ്പണവും നൽകണം (35) നിത്യസ്നാനത്തിലും ഇതുൾപ്പെടുത്തണം (64 : 18 - 35)



Scanned with CamScanner

**സ്നാനമഹത്വം മന്ത്രമഹത്വം**

സ്നാനം ചെയ്യുന്നതിന്റേയും മന്ത്രജപത്തിന്റേയും മഹത്വവിവരണവും സ്നാനത്തിന്റെ പുണ്യഫലവും വിവരിക്കുന്ന ഈ അദ്ധ്യായാന്ത്യത്തിൽ സത്കർമ്മത്തിന് ഫലമുണ്ട് അതിന് പുണ്യഫലമെന്നും പറയുന്നു. അതിനൊരു പ്രതിഫലവുമുണ്ട് അതിന് സ്വർഗമെന്നു പറയുന്നു. അതാകാശത്തിനു മുകളിലല്ല, ഈ ഭൂമിയിൽ തന്നെയാണ്, അതിലൊരംശം ഇവിടെ വിവരിക്കുന്നു.

(36) തർപ്പണത്തിനുശേഷം പവിത്രമന്ത്രങ്ങൾ സാധിക്കുന്നത്രയും ജപിക്കുക (37) പ്രത്യേകിച്ചും ഗായത്രീമന്ത്രം (38) പിന്നെ പുരുഷസൂക്തവും (39) ഇവ രണ്ടും എത്ര ജപിച്ചാലും അധികമാകില്ല. (40) സ്നാനം ചെയ്യുന്നവർ ദേവ-പിതൃ കർമ്മത്തിന് യോഗ്യത നേടുന്നു. ജപസാധനക്കും യോഗ്യരാകുന്നു. (41) ഐശ്വര്യക്കേടും, കലിയും, ദുഃസ്വപ്നവും, ദുഃഷ്ചിന്തയും ജലസ്നാനതർപ്പണത്തിലൂടെ അകലുന്നു. (42) നിത്യസ്നാനം ചെയ്യുന്നവർ യാതനയും ദുഃഖങ്ങളും അനുഭവിക്കുന്നില്ല. എല്ലാ പാപങ്ങളും നിത്യസ്നാനത്തിലൂടെ ഇല്ലാതാകുന്നു. **(64 : 36 - 42)**

ഗ്രാമാന്തരീക്ഷത്തിലുള്ള വിവരണങ്ങളെല്ലാം നൽകിക്കഴിഞ്ഞ് വിദ്യാർത്ഥികളോടൊപ്പം ഞങ്ങളെല്ലാവരും നളന്ദ വിശ്വവിദ്യാലയത്തിലേക്ക് മടങ്ങി. അടുത്ത ദിവസത്തെ പഠനം, പൂജാകർമ്മങ്ങളിൽ ജ്ഞാനം നേടിയ വ്യക്തിയുടേതായിരുന്നു. കൂടുതലും ഭാരതീയരായ ബ്രാഹ്മണവിദ്യാർത്ഥികളായിരുന്നു പഠനവേദിയിലുണ്ടായിരുന്നത്. മറ്റു രാജ്യക്കാർ കൂടുതലായി ഈ വേദിയിലുണ്ടായിരുന്നില്ല. അവർക്ക് ഈ വിഷയത്തിൽ പഠനം നിർബന്ധമല്ലാ എന്നറിയിച്ചിരുന്നു. അപ്രകാരമായിരുന്നു പഠന ക്രമീകരണം. **വിഷ്ണുധർമ്മശാസ്ത്രത്തിലെ അറുപത്തിയഞ്ചാം അദ്ധ്യായത്തിലെ** പൂജാക്രമത്തിന്റെ സംക്ഷിപ്തം, ആചാര്യൻ വിവരിച്ചു. പൂജകൾക്ക് വളരെ കഠിനമായ നിയമാവലികളില്ല. ഓരോ പൂജയുടേയും സംക്ഷിപ്തമെന്നു പറയുന്നത് പ്രപഞ്ചചൈതന്യത്തിന്റെ അഥവാ പരമാർത്ഥ ചൈതന്യത്തിന്റെ അംശം തന്നെയായ ജീവാത്മചൈതന്യം വഹിക്കുന്ന മനുഷ്യനിൽ നിന്ന് പ്രാണവായുവിലൂടെ ആ ചൈതന്യത്തെ ആവാഹിച്ച് വരുത്തി, പ്രതിമയിലോ വിളക്കിലോ, പ്രതിഷ്ഠിച്ച് അതിഥിയെപോലെ സൽക്കരിച്ച് ആരാധിക്കുക എന്നതാണ്. ധർമ്മശാസ്ത്രങ്ങളിൽ, പൂജയിൽ ചെയ്യേണ്ട കർമ്മങ്ങളാണ് വിവരിക്കുന്നത്. മന്ത്രങ്ങളല്ല.



Scanned with CamScanner

## പൂജാവിധിസംക്ഷിപ്തം

(1) സ്നാനം കഴിഞ്ഞു, മന്ത്രസഹിതം ജലം സ്വയം തളിച്ച്, ദേവതാർച്ചന ചെയ്ത് വാസുദേവ പൂജ നടത്തണം. (2) പ്രാണ പ്രതിഷ്ഠ ആവാഹനത്തിലൂടെ നടത്തി വിഗ്രഹത്തിൽ ജീവചൈതന്യമാവാഹിച്ച്, കൈ, കൈമുട്ട്, ശിരസ് ഇവകൊണ്ട് സാഷ്ടാംഗം നമസ്കാരം ചെയ്യണം (3) ആപോഹിഷ്ഠാ... എന്നാരംഭിക്കുന്ന മന്ത്രംകൊണ്ട് മൂന്നു പ്രാവശ്യം അർഘ്യം കൊടുക്കണം (4) ഹിരണ്യ വർണ ..... എന്ന മന്ത്രത്താൽ അർഘ്യപാദ്യം ചെയ്യണം (5) പിന്നീട് ആചമനമന്ത്രം (6) പിന്നെ സ്നാനമന്ത്രം (7) പുഷ്പാദികളിലൂടെ അലങ്കാരം (8) വസ്ത്രസമർപ്പണം (9) പുഷ്പസമർപ്പണം (10) ധൂപദർശനം (11) ദീപ ദർശനം (12) മധുപർക്ക സമർപ്പണം (13) നൈവേദ്യസമർപ്പണം ഇവയോരോന്നും സമർപ്പിക്കാനായുള്ള വേദമന്ത്രങ്ങളും കൂടെ നൽകിയിട്ടുണ്ട്. (14) പ്രാർത്ഥനയോടെ കൈ കൂപ്പി പറയണം ചാമരം, ചന്ദനം, കുട, വാഹനം, പുഷ്പം എല്ലാം ഞാനിതാ സമർപ്പിക്കുന്നു എന്ന് (15) ഇങ്ങിനെ പ്രാർത്ഥിച്ചതിനുശേഷം പുരുഷസൂക്തം ജപിക്കണം. എല്ലാം പ്രാർത്ഥനയോടെ യാചിക്കണം. **(65 : 1 - 15)**

## പൂജാദ്രവ്യങ്ങളുടെ വിവരണ സംക്ഷിപ്തം

ഇവിടെ ധർമ്മശാസ്ത്രത്തിലെ **അറുപത്തിയാറാമദ്ധ്യായത്തിൽ** പൂജാദ്രവ്യങ്ങൾ, പുഷ്പങ്ങൾ എന്നിവക്കുണ്ടായിരിക്കേണ്ടതായ ഗുണങ്ങളുടെ സംക്ഷിപ്തം നൽകുന്നു. ശ്രാദ്ധകർമ്മത്തിനുപയോഗിക്കുന്ന ദ്രവ്യങ്ങളുടെ പരിശുദ്ധിപോലെയും പൂജാദ്രവ്യങ്ങളിലും ആകാവുന്നതും അരുതാത്തതുമായ ദ്രവ്യങ്ങളുണ്ട്. അവ പൂജക്കെടുമ്പോൾ അനുശാസിക്കേണ്ട മാർഗനിർദ്ദേശങ്ങളുമുണ്ട്. അതാണിവിടെ വിവരിക്കുന്നത്.

(1) നല്ല ശുദ്ധമായ ജലമുപയോഗിച്ചുവേണം ദേവ പിതൃകർമ്മമനുഷ്ഠിക്കുവാൻ (2) ചന്ദനം, കസ്തൂരി, സുഗന്ധവ്യഞ്ജനങ്ങൾ, കർപ്പൂരം, കുങ്കുമം, മുല്ല, ഫലങ്ങൾ ഇവയാണ് പൂജക്ക് സമർപ്പിക്കേണ്ടത് (3) പട്ടു വസ്ത്രം സമർപ്പിക്കണം (4) കൃത്രിമവസ്തുക്കളാലുള്ള അലങ്കാരങ്ങൾ ഒഴിവാക്കണം (5) തീഷ്ണ വാസനയുള്ളതെല്ലാം ഒഴിവാക്കണം (6) ഗന്ധമില്ലാത്തതും ഒഴിവാക്കണം (7) മുള്ളുകളുള്ള പുഷ്പങ്ങളും ഇലകളും ഒഴിവാക്കണം (8) മുള്ളുണ്ടെങ്കിലും വെളുത്തതും നല്ല സുഗന്ധമുള്ളതും സ്വീകരിക്കാം. (9) ചുവന്ന വസ്ത്രങ്ങളൊഴിവാക്കുമ്പോഴും ചുവന്ന കുങ്കുമവും താമരയുമുപയോഗിക്കാം (10) പുകച്ചുള്ള ധൂപത്തിന് സസ്യോൽപ



Scanned with CamScanner

ന്നങ്ങളേ ഉപയോഗിക്കാവൂ (12) ഭക്ഷ്യ യോഗ്യമല്ലാത്തത് നിവേദിക്കരുത് (13) ആട്, എരുമ ഇവയുടെ പാലും ഉൽപന്നങ്ങളുമുപയോഗിക്കരുത് (14) ഒരു മൃഗത്തിന്റെയും മാംസവും നിവേദിക്കരുത് (13) ശ്രദ്ധയോടെ, ശുചിയോടെ നിറഞ്ഞ മനസ്സോടെ, സന്തോഷത്തോടെ, ദ്വേഷമില്ലാതെ, അഹങ്കാരമില്ലാതെ ഈശ്വര പൂജ നടത്തണം. **(66 : 1 - 13)**

**അഗ്നിയിലെ ഹവനങ്ങളുടെ സംക്ഷിപ്തം**

സ്നാനവും പൂജയും കഴിഞ്ഞ് ഗൃഹസ്ഥനായ ബ്രാഹ്മണൻ ചെയ്യേണ്ടുന്ന അഗ്നികാര്യവും ഹവനവുമാണ് **അറുപത്തേഴാമദ്ധ്യായ**ത്തിലെ 22 വരികളിലൂടെ നൽകുന്നത്. യഥാർത്ഥ പൂജാക്രമങ്ങൾ പൂർണമായും ഇവിടെ വിവരിക്കുന്നില്ല. ഒരു രൂപരേഖ മാത്രമാണ് വിവരിക്കുന്നത് ഭാരതീയ ആരാധനാക്രമങ്ങൾ രണ്ടുവിധത്തിലുള്ളത് വിഗ്രഹങ്ങളോ, ബിംബമോ, വിളക്കോ വെച്ചുള്ള അർച്ചനാസഹിതമായ പൂജ. രണ്ടാമത്തേത് വൈദീകാരാധനാപ്രകാരമുള്ള അഗ്നിസമർപ്പണവും, ഊർജ്ജത്തെ ശക്തിയെ/പ്രപഞ്ചചൈതന്യത്തെ ആരാധിക്കുക എന്നതാണ് ഹവനങ്ങൾ അഥവാ ഹോമങ്ങൾ.

(1) ഇനി അഗ്നിയിൽ ചെയ്യേണ്ടുന്ന ഹവനങ്ങൾ വിവരിക്കുന്നു (2) വാസുദേവ സങ്കർഷണ, പ്രദ്യുമ്ന, അനിരുദ്ധ ചിന്തയിലൂടെയുള്ള അഗ്നികർമ്മമാണുചിതം (3) അഗ്നയേ സോമായ മിത്രായ വരുണായ ഇന്ദ്രായ ഇന്ദ്രാഗ്നിഭ്യാം വിശ്വേഭ്യോ ദേവേഭ്യോ, പ്രജാപതയേ അനുമത്യൈ ധന്വന്തരയേ വാസ്തോഷ്പതേ മന്ത്രത്തിലൂടെ ഹവനം നടത്തണം (4) അതിനുശേഷം ഭൂതയജ്ഞമനുഷ്ഠിക്കണം (5) ഹവിസും അതുപോലുള്ളതും ഹോമിക്കണം (6, 7) ഹോമ മന്ത്രങ്ങൾ ഈ വരികളിലൂടെ നൽകിയിരിക്കുന്നു (8) ഹോമകുണ്ഡത്തിന്റെ ഓരോ ദിശയിലും ചെയ്യേണ്ട സമർപ്പണമന്ത്രം വിവരിക്കുന്നു (8 മുതൽ 22 വരെ മന്ത്രവരികളിലൂടെയാണീ വിവരണം. **(67 : 1 - 22)**

**ഗൃഹസ്ഥന്റെ പിണ്ഡസമർപ്പണം, ഭിക്ഷാദാനം**

(23) പിതൃപിതാമഹ പ്രപിതാമഹന്മാർക്കുള്ള പിതൃയജ്ഞമാണ് വിവരിക്കുന്നത്. അവരുടെ നാമവും ഗോത്രവും ചൊല്ലി പിണ്ഡസമർപ്പണം ചെയ്യണം. (24) പിണ്ഡത്തിന് ഗന്ധം പുഷ്പം ധൂപം, നൈവേദ്യം സമർപ്പിക്കണം. (25) വെള്ളം, അർപ്പിച്ച് പ്രാർത്ഥിക്കണം (26) കാക്കകൾക്കും മറ്റു ജീവികൾക്കും അൽപം അന്നം



Scanned with CamScanner

പുറത്തിട്ടുകൊടുക്കണം (27) ഭിക്ഷാടകർക്ക് ഭിക്ഷ കൊടുക്കണം (28) അതിഥി പൂജ നടത്തി ഭക്ഷണം കൊടുക്കണം (29) വൈകുന്നേരത്തിലും അതിഥി പൂജ നടത്തണം (30) ഭക്ഷണം കഴിക്കാൻ താല്പര്യമില്ലാത്ത അതിഥിയെ ഗൃഹത്തിൽ വസിപ്പിക്കരുത് (31) ബ്രാഹ്മണർക്ക് യോഗ്യതയുണ്ടാകണം! ആതിഥേയന് യോഗ്യതയുണ്ടാകണം! അതുപോലെ തന്നെ അതിഥിക്കും യോഗ്യതയുണ്ടാകണം. **(67 : 23 - 31)**

പഞ്ചമഹായജ്ഞങ്ങൾ അനുഷ്ഠിക്കണമെന്ന് ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു. അതിൽ പിതൃയജ്ഞം ശ്രേഷ്ഠമാണ്. പിണ്ഡസമർപ്പണത്തോടെ ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കും അവരുടെ മാതാപിതാക്കൾക്കും നൽകുന്ന പിതൃയജ്ഞഭാഗമാണ് പിണ്ഡസമർപ്പണം.

**അതിഥി സ്വീകരണവും പരിചരണവും**

മാതൃ-പിതൃ-ആചാര്യ-അതിഥി ദേവോഭവ എന്നത് ഭാരതത്തിന്റെ മുദ്രവാക്യമന്ത്രത്തിൽ വിവരിക്കുന്നു. അതിഥി പൂജയുടെ മഹത്വവും. ഇവയെല്ലാം പ്രത്യേകം പ്രത്യേകം വിവരിച്ചുനൽകി, ആചാര്യൻ ഉപനിഷത്തുക്കളിലെ അതിഥിദേവോഭവ എന്ന സന്ദേശത്തിന്റെ മഹത്വം വിവരിച്ചു. അതിഥി ദേവോഭവ എന്നു നിർദ്ദേശിക്കുന്നു. അതിന്റെ പ്രായോഗിക ഭാഗമാണ് അതിഥിപൂജ. വേദങ്ങളുടെ കർമ്മാനുശാസനഭാഗമാണിത്. എപ്രകാരമാണ് വൈദീകചിന്താധാരകൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തേണ്ടതെന്നു വിവരിക്കുന്ന ധർമ്മശാസ്ത്രഭാഗങ്ങളാണ് ഏതാനും അദ്ധ്യായങ്ങളിലൂടെ ഇവിടെ വിവരിക്കുന്നത്.

(32) അതിഥി പൂജയിലൂടെ ആതിഥേയന് സ്വർഗസുഖം ലഭിക്കുന്നു. (33) നല്ല അതിഥിയെ പരിചരിക്കുന്നത് സുകൃതവും അല്ലാത്ത അതിഥിയെ പരിചരിക്കുന്നത് ദുഷ്കൃതവുമാണ് (34) യാത്രാമദ്ധ്യേ ഒരു രാത്രിയിലോ മറ്റോ വന്ന് താമസിക്കുന്ന യോഗ്യനായ വ്യക്തിയെയാണ് അതിഥിയെന്നു പറയുന്നത്. ക്ഷണം സ്വീകരിച്ച്, കാലേ കൂട്ടി അറിയിച്ച് വന്ന് ദിവസങ്ങൾ താമസിക്കുന്നവർ അതിഥികളല്ല. (35) അഗ്നികർമ്മങ്ങൾ ചെയ്യുന്ന വ്യക്തി, ധർമ്മപത്നിയുള്ളവൻ, ഗ്രാമാന്തരീക്ഷത്തിന്റെ സംസ്കാരമുള്ളവൻ എന്നിവരെ പരിചിതനാണെങ്കിലും അപരിചിതനാണെങ്കിലും അതിഥിയായി സ്വീകരിക്കാം (36) ബ്രാഹ്മണാതിഥികൾ ഭക്ഷണം കഴിക്കുന്ന സമയത്ത് കയറിവരുന്ന ക്ഷത്രിയനും അതിഥിസ്ഥാനം നൽകി ആചരിക്കണം (37) വൈശ്യശൂദ്രന്മാർ അതിഥിയായി



Scanned with CamScanner

വന്നാൽ അവരെ അതിഥിയെപോലെ ആചരിക്കേണ്ടതില്ല. ഭക്ഷണ-പാനീയങ്ങൾ നൽകി സൽക്കരിക്കാം (38) സ്ത്രീകൾ അതിഥിമാരായോ അതിഥിമാരുടെ കൂടെയോ വന്നാൽ ഗൃഹത്തിലെ സ്ത്രീകളോടൊപ്പം സ്ത്രീകൾ തന്നെ സൽക്കരിച്ച്, ഭക്ഷണം കൊടുക്കണം (39) പിതാവിന്റെ ബന്ധത്തിലുള്ള സ്ത്രീകൾ, കുമാരി, രോഗി, ഗർഭിണി ഇവർ ശ്രേഷ്ഠരായ അതിഥിമാർക്കു തുല്യരായതിനാൽ അപ്രകാരം സ്വീകരിക്കണം (40) അതിഥിമാർക്കു സൽക്കാരവും ഭക്ഷണവും നൽകാതെ സ്വയം ആദ്യം കഴിക്കുന്നവൻ നായയുടേയോ കഴുതയുടേയോ മനസ്സുള്ളവനാണ് (41) അതിഥിയായി ആരു വന്നാലും അവർക്കു ഭക്ഷണം നൽകിയതിനു ശേഷമേ ഗൃഹത്തിലുള്ള ഭാര്യാഭർത്താക്കന്മാർ ഭക്ഷണം കഴിക്കാവൂ. **(67 : 32 - 41)**

**ഗൃഹസ്ഥന്റെ ദൗത്യം**

ഗൃഹസ്ഥകർമ്മവും അതനുഷ്ഠിക്കുന്നതിന്റെ മഹത്വവും അതനുസരിച്ച് ജീവിക്കുന്നതിന്റെ പുണ്യഫലവും ഈ അദ്ധ്യായാന്ത്യത്തിൽ ക്രോഡീകരിക്കുന്നു. ബ്രഹ്മചര്യം കഴിഞ്ഞ് കുടുംബജീവിതം ധർമ്മാർത്ഥകാമങ്ങളുടെ പൂർത്തീകരണമാണ്, അഥവാ നിറവേറ്റലാണ്. അതാണ് വൈദീക ചിന്താധാരകളുടെ കുടുംബസന്ദേശം. വേദങ്ങളിൽ ഏതാനും വരികളായി നൽകുന്ന സന്ദേശങ്ങൾ ഇവിടെ ആചാരഭാഗങ്ങളായി വിവരിക്കുന്നു.

(42) ദേവ, പിതൃ, മനുഷ്യ, അതിഥി, ഭൃത്യർ എന്നിവർക്കും, പശുക്കൾ, നായ, കാക്ക തുടങ്ങിയ വളർത്തുമൃഗങ്ങൾക്കും ഭക്ഷണം കൊടുത്തതിനുശേഷമേ ഗൃഹസ്ഥദമ്പതികൾ ഭക്ഷണം കഴിക്കാവൂ. (43) ഈ അന്നം യജ്ഞപ്രസാദം പോലെയാണ്. ആദ്യം ഗൃഹസ്ഥദമ്പതികൾ ഭക്ഷണം കഴിച്ചാൽ അത് പാപവുമാണ്.

(44) വേദപഠനം, അഗ്നിഹോത്രയാഗം, യജ്ഞം, തപസ് ഇവയനുഷ്ഠിക്കുമ്പോൾ ലഭിക്കുന്ന പുണ്യത്തിനു തുല്യപുണ്യമാണ് അതിഥി സേവയിലൂടെ ലഭിക്കുന്നത് (45) ഭക്ഷണം, യഥാശക്തി, വിധിപൂർവമായും, വസ്ത്രം, ശയ്യ, പാദരക്ഷ, വെളിച്ചം (ദീപം) ഇവയും നൽകുന്നവനും (46) മനുഷ്യ ജീവിതത്തെ ധന്യമാക്കുന്ന പ്രവൃത്തി ചെയ്യുന്നതിലൂടെയും പശുവിനെ ദാനം ചെയ്യുന്നതിന് തുല്യഫലം ലഭിക്കുന്നു. **(67 : 42 - 46)**

**ഭക്ഷണക്രമം- നിർദ്ദേശങ്ങൾ**

സമഗ്രമായ ആചാരനിർദ്ദേശങ്ങൾ ഭക്ഷണക്രമത്തെക്കുറിച്ചുള്ളത്



Scanned with CamScanner

വിഷ്ണുധർമ്മശാസ്ത്രത്തിലെ **അറുപത്തി എട്ടാമദ്ധ്യായം** വിവരിക്കുന്നു. നിത്യജീവിതത്തിലെ ഭക്ഷണവുമായി ബന്ധപ്പെട്ട ആചാരങ്ങളാണിവയെല്ലാം. മനുഷ്യശരീരത്തെ ഒരു ക്ഷേത്രമായി ഭഗവദ്ഗീത വിവരിക്കുന്നു. ആ ക്ഷേത്രത്തിന്റെ നിർമ്മാണം, നിലനിൽപ് ഇവയെല്ലാം നമ്മുടെ ആഹാരവുമായി പ്രത്യക്ഷമായി ബന്ധപ്പെട്ടിരിക്കുന്നു. മാനസീകാവസ്ഥ പരോക്ഷമായി ആഹാരസ്വാധീനത്താലുണ്ടാകുന്നു എന്നും വേദം വിവരിക്കുന്നു **യഥോ അന്നഃസ്തഥോ മനഃ**. അതിനാൽ ഏതുകർമ്മം ചെയ്യുന്നവനും, ഏതു വ്യക്തിക്കും കാലാവസ്ഥക്കും, പ്രകൃതിക്കും അനുശാസിച്ചിട്ടുള്ള ഭക്ഷണക്രമമാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

ഭക്ഷണക്രമങ്ങളെക്കുറിച്ചാണിവിടെ വിവരിക്കുന്നത് (1) ചന്ദ്രസൂര്യ ഗ്രഹണ സമയത്ത് ഭക്ഷണം കഴിക്കരുത് (2) ഗ്രഹണം പൂർണമായും കഴിഞ്ഞതിനുശേഷം കുളിച്ചതിനു ശേഷമേ ഭക്ഷണം കഴിക്കാവൂ (3) സന്ധ്യ കഴിഞ്ഞും ഗ്രഹണം കഴിഞ്ഞിട്ടില്ലാതെ സൂര്യാസ്തമയം നടന്നുവെങ്കിൽ കുളിച്ചായാലും, അടുത്ത ദിവസമേ ഭക്ഷണം കഴിക്കാവൂ (4) പശുക്കൾക്കും ബ്രാഹ്മണർക്കും ഭക്ഷണം കൊടുക്കാതെ ഭക്ഷിക്കരുത് (5) രാജാവിന് ദുഃഖമുള്ളപ്പോൾ സമൃദ്ധമായി ഭക്ഷിക്കരുത്. (6) അഗ്നിഹോത്രം നടക്കുന്ന സമയത്ത് ഭക്ഷിക്കരുത് അതു കഴിഞ്ഞതിനുശേഷവുമാകാം (7) വൈശ്വദേവയജ്ഞം കഴിഞ്ഞേ ഭക്ഷിക്കാവൂ (8) പിതൃകർമ്മങ്ങൾ അനുഷ്ഠിക്കുന്നുണ്ടെങ്കിൽ അതിനുശേഷമേ ഭക്ഷിക്കാവൂ (9) അജീർണമുള്ളപ്പോഴും (10) അർധരാത്രിയിലും (11) നടുമധ്യാഹ്നത്തിലും (12) തൃസന്ധ്യക്കും (13) ശരീരം നനഞ്ഞിരിക്കുമ്പോഴും (14) ഒറ്റ വസ്ത്രമുടുത്തും (15) നഗ്നനായും (16) വെള്ളത്തിൽ നിന്നും (17) തലകീഴായി നിന്നും (18) രണ്ടിരിപ്പിടത്തിലിരുന്നും (19) കിടന്നും (20) പൊട്ടിയ പാത്രത്തിലും (21) ഇരുപ്പിടത്തിൽ വെച്ചും (22) മണ്ണിൽ പാത്രം വെച്ചും (23) കയ്യിൽ പാത്രം പിടിച്ചും ഭക്ഷണം കഴിക്കരുത് (24) ഉപ്പ് അതേപടിയുള്ള ഭക്ഷണവും (25) കുട്ടികളുണ്ടാക്കിയ ഭക്ഷണവും (26) ഒറ്റക്കിരുന്നുള്ള ഭക്ഷണം കഴിക്കലും (27) എണ്ണ മാറ്റിയ ഭക്ഷണവും (28) യവാവശിഷ്ടങ്ങളടങ്ങിയതും പകൽ സമയത്തും (29) എണ്ണ കൂടിയത് രാത്രിയിലും (30) നെയ്യു കൂട്ടി രാത്രിയിലും ഭക്ഷണം കഴിക്കരുത്. (31) ആലിന്റെ ഇല, ചണത്തിന്റെ ഇല തുടങ്ങിയ ഇലയിൽ വിളമ്പിയ ഭക്ഷണവും (32) വിശക്കുന്നവർ നിൽക്കുമ്പോൾ അവർക്കു



Scanned with CamScanner

നൽകാതെയും (33) അഗ്നിഹവനങ്ങളിൽ സമർപ്പിക്കാതെയും (34) കാലിൽ നല്ലവണ്ണം വെള്ളമുള്ളപ്പോഴും (35) ശരീരം നനഞ്ഞിരിക്കുമ്പോഴും (36) ഉച്ഛിഷ്ടവും, നിത്യവും നെയ്യു കൂട്ടിയും ഭക്ഷിക്കരുത് (37) ചന്ദ്ര-സൂര്യ-നക്ഷത്രാദികളുടെ പ്രകാശം വീഴുന്ന വിധത്തിൽ തുറന്നു വെച്ച ഭക്ഷണവും (38) മൂർഘന്മാർ സ്പർശിച്ചതും (39) ഭക്ഷണാരംഭത്തിൽ വേദമന്ത്രങ്ങളുച്ചരിക്കാതെയും ഭക്ഷിക്കരുത്. (40) കിഴക്കോട്ടു തിരിഞ്ഞിരുന്നു ഭക്ഷിക്കണം (41) തെക്കോട്ട് തിരിഞ്ഞിരിക്കരുത് (42) വെള്ളം കൊണ്ട് പരിഷേചനം ചെയ്ത് (43) നല്ല മനസ്സോടെ നല്ല പീഠത്തിലിരുന്ന് ഭക്ഷിക്കണം (44) ഈശ്വരനു നിവേദിച്ച അന്നം (45) പാൽ, തേൻ, തൈര്, നെയ്യ്, മധുരവിഭവങ്ങൾ എന്നിവ ചേർത്ത ഭക്ഷണം കഴിക്കണം (46) മണ്ണിൽ പാത്രം വെച്ചും, ഭൂമി സ്പർശിക്കാതെ ഉയർന്നും (ആകാശത്തിൽ) നിന്നുകൊണ്ടും, അനവധി വ്യക്തികൾ ഭക്ഷണം കഴിക്കാതെ കണ്ടുകൊണ്ടിരിക്കുമ്പോൾ ഒറ്റക്കും, അസമയത്ത് ഭാര്യയോടൊപ്പവും ഭക്ഷണം കഴിക്കരുത്. (47) ആരുമില്ലാത്ത വീട്ടിലും, യാഗാഗ്നിയുള്ള വീട്ടിലും, യാഗശാലയിലും, ക്ഷേത്രത്തിനകത്തും ശ്മശാനത്തിലും വെള്ളം പോലും കുടിക്കരുത് (48) മൂന്നു പ്രാവശ്യമുള്ള ഭക്ഷണം ഒഴിവാക്കണം. പഥ്യമുള്ളപ്പോൾ അപഥ്യ ഭക്ഷണമൊഴിവാക്കണം. അതിരാവിലേയും സായം സന്ധ്യയിലും, വൈകിയ രാത്രിയിലും ഭക്ഷിക്കാതിരിക്കണം. രാവിലത്തെ ഭക്ഷണം പൂർണമായിരുന്നുവെങ്കിൽ വൈകിയുള്ള ഭക്ഷണമൊഴിവാക്കണം. (49) ദുഷ്ടന്മാരുടെ കൂടെയും ദുഷ്ടബ്രാഹ്മണരുടെ കൂടെയിരുന്നും, സ്വഭാവദൂഷ്യമുള്ളവരുടെ കൂടെയും, ഉറങ്ങുന്നവന്റെ മുമ്പിലിരുന്നും, മറ്റൊരാളെ പിൻതിരിഞ്ഞിരുന്നും ഇരിപ്പിടത്തിൽ നിന്നുകൊണ്ടും ഭക്ഷണം കഴിക്കരുത്. **(68 : 1 - 49)**

**ലൈംഗീകവേഴ്ചയരുതാത്ത ദിവസങ്ങൾ**

മനുഷ്യജീവിതത്തിലെ ഓരോ കർമ്മധർമ്മത്തിനും നിർദ്ദേശങ്ങൾ നൽകാറുണ്ട്. കുടുംബ ജീവിതത്തിന്റെ ഭാഗമായ ലൈംഗീക കർമ്മങ്ങൾക്കു നൽകുന്ന നിർദ്ദേശങ്ങൾ വിവരിക്കുന്നു, **അറുപത്തിയൊമ്പതാമദ്ധ്യായത്തിൽ.** ഇവയെല്ലാം ആചാരങ്ങളായി പരിണമിക്കുന്നു.

ലൈംഗീക വേഴ്ചയരുതാത്ത ദിവസങ്ങളും അവസ്ഥകളും വിവരിക്കുന്നു. (1) അഷ്ടമി, ചതുർദശി, വാവ് എന്നീ ദിവസങ്ങൾ ലൈംഗീക ബന്ധം പാടില്ല (2) ശ്രാദ്ധ ഭക്ഷണം കഴിച്ചതിനു



Scanned with CamScanner

ശേഷം (3) ശ്രാദ്ധത്തിൽ അന്നദാനം ചെയ്തതിനുശേഷവും (4) ക്ഷണിച്ചവർക്ക് ഭക്ഷണം കൊടുത്തുകഴിഞ്ഞും (5) വ്രതകാലത്തും (6) സന്യാസദീക്ഷ സ്വീകരിച്ചതിനുശേഷവും (7) ദേവാലയം, ശ്മശാനം, ശൂന്യാലയം എന്നിവിടങ്ങളിലും (8) വൃക്ഷത്തിന്റെ ചുവട്ടിലും (9) പകൽ സമയത്തും (10) സന്ധ്യയ്ക്കും (11) മാലിന്യമുള്ളിടത്തും (12) മലിനശരീരവുമായും (13) വൃത്തിയില്ലാതെ എണ്ണ തേച്ചു കുളിച്ചും (14) നല്ലവണ്ണം കുളിക്കാതെയും (15) രോഗാവസ്ഥയിലും (16) രോഗിയുമായി ചേർന്നും ലൈംഗീക ബന്ധം പാടില്ല. (16) അംഗവൈകല്യമുള്ളവൾ, വൃദ്ധകൾ, ഗർഭിണി എന്നിവരുമായും ദീർഘായുസ്സു വേണമെന്നുള്ളവർ ലൈംഗീക ബന്ധത്തിലേർപ്പെടരുത്. **(69 : 1 - 16)**

ലൈംഗീകബന്ധത്തിന് നന്മ നിറഞ്ഞസമയം, നന്മ നിറഞ്ഞ ശാരീരികാവസ്ഥ, നന്മനിറഞ്ഞ ദിവസങ്ങൾ വേണമെന്ന് നിഷ്കർഷിക്കുന്നു. നാം ജന്മം നൽകാൻ പോകുന്ന കുഞ്ഞിന്റെ അനുവാദമില്ലാതെയാണ് അവർക്ക് ജന്മം നൽകാൻ പോകുന്നത്. അതുകൊണ്ട് അവർക്ക് പൂർണ ശാരീരിക മാനസീക ആരോഗ്യത്തിന്, ജന്മം നൽകാൻ പോകുന്ന വ്യക്തികളുടെ ശരീരമനോശുദ്ധി, സ്ഥലം, സമയം ഇത് വളരെയേറെ പ്രാധാന്യമർഹിക്കുന്നു.

**ഉറക്കവും ഉറങ്ങുന്ന സ്ഥലവും കാലവും**

ഉറക്കവുമായി ബന്ധപ്പെട്ട ആചാരങ്ങളും നിർദ്ദേശങ്ങളും. ശരീരത്തിന്റെയും മനസ്സിന്റേയും ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ ഒരു ജീവിതഭാഗമാണുറക്കം. അതിന് ചിട്ടയും ക്രമവുമുണ്ട്. മൃഗങ്ങളെ പോലെ തോന്നിയ സ്ഥലത്ത് / സമയത്ത് ഉറങ്ങരുതെന്ന് ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു അതിലൂടെ നമുക്കൊന്നു കടന്നുപോകാം. ഇത് **എഴുപതാമദ്ധ്യായവിഷമാണ്.**

ഉറക്കത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുന്നു (1) നനഞ്ഞ ശരീരവുമായി (2) വടക്കോട്ടു തലവെച്ച് (3) നഗ്നനായി (4) നിലത്തു കിടന്ന് (5) ഭൂസ്പർശമില്ലാതെ (6) വൃക്ഷശിഖരത്തിലിരുന്ന് (7) അഞ്ചുതരത്തിലുള്ള മരങ്ങളുടെ പലക വെച്ച കട്ടിലിൽ (8) ആന നശിപ്പിച്ച മരത്തിന്റെ പലകയുപയോഗിച്ചുണ്ടാക്കിയ കട്ടിലിൽ (9) മിന്നലേറ്റ് കത്തിയ മരമുപയോഗിച്ചുണ്ടാക്കിയ കട്ടിലിൽ (12) എളുപ്പത്തിൽ ഒടിയുന്ന മരകൊമ്പുകൾ കൊണ്ടുണ്ടാക്കിയ കട്ടിലിൽ. (13) ശ്മശാനം, ശൂന്യഗൃഹം, ക്ഷേത്രം, (14) നിരന്തരം സംസാരിക്കുന്നവരുടെ കൂടെയും ചപലന്മാരുടെ



Scanned with CamScanner

കൂടെയും (15) പരസ്ത്രീകളുടെ കൂടെയും (16) ധാന്യപുര, തൊഴുത്ത്, ഗുരുവിനേക്കാൾ ഉയർന്ന സ്ഥലത്ത്, ഈശ്വര പ്രതിഷ്ഠയേക്കാൾ ഉയർന്ന സ്ഥലത്ത് എന്നിവിടങ്ങളിലൊന്നും കിടന്നുറങ്ങരുത്. (17) ഉച്ഛിഷ്ട ഭക്ഷണമുള്ളിടത്ത്, ഇലകളുള്ളിടത്ത്, ദിനനേരത്ത്, തൃസന്ധ്യയിൽ, ചാരം സൂക്ഷിച്ച സ്ഥലത്ത്, വൃത്തിയില്ലാത്തിടത്ത്, വെള്ളമുള്ളിടത്ത്, പർവതമുകളിൽ, ഇവിടങ്ങളിലൊന്നും കിടന്നുറങ്ങരുത്. (70 : 1 - 17)

ഗൃഹസ്ഥദമ്പതികൾക്കും, ഗൃഹസ്ഥാശ്രമം സ്വീകരിക്കാൻ തുടങ്ങുന്നവർക്കും, ഗുരുകുലത്തിൽ നിന്നും പഠനം കഴിഞ്ഞിറങ്ങുന്നവർക്കുമുള്ള ജീവിതദിശാബോധസമ്മേളനമാണ് നടക്കുന്നത്. വാർഷികമേളയാണെങ്കിലും വളരെ പരിചിതരായ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നതാണീ സമ്മേളനയജ്ഞം. മൂന്നു നാലുവർഷത്തെ പഠനം കഴിഞ്ഞ് ഉയർന്ന നിലവാരത്തിലേക്കു പോകുന്നവരായതിനാൽ ആ സമ്മേളനത്തിൽ പങ്കെടുക്കാൻ എല്ലാവർക്കും ക്ഷണമുണ്ടായിരുന്നു.

**ഗൃഹസ്ഥാശ്രമികൾക്കുള്ള മാർഗനിർദ്ദേശം**

**എഴുപത്തി ഒന്നാമദ്ധ്യായത്തിലെ** 16 നിർദ്ദേശങ്ങളാണ് ഈ സമ്മേളനത്തിൽ ആദ്ധ്യം വിവരിച്ചുകൊടുത്തത്. വേഷഭൂഷാദികൾ, പെരുമാറ്റം, സംസാരരീതികൾ എന്നീ നിർദ്ദേശങ്ങളാണിതിലുള്ളത്. വേദങ്ങളെല്ലാം പഠിച്ചതിനുശേഷം ഗുരുകുലത്തിൽ നിന്ന് തിരിച്ചു വന്ന് ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്ന വ്യക്തി-സ്നാതകൻ-ചെയ്യേണ്ടുന്ന കർമ്മം വിവരിക്കുന്നു.

(1) ഇനി പറയുന്ന കാര്യങ്ങൾ സ്നാതകൻ അനുശാസിക്കണം (2) മൂർഘന്മാരുമായും, അംഗവൈകല്യമുള്ളവരുമായും, ദരിദ്രരുമായും ആക്ഷേപ വ്യവഹാരങ്ങൾക്കു തുനിയരുത്. (3) ഹീനന്മാരെ സേവിക്കരുത് (4) വേദസന്ദേശങ്ങൾക്ക് വിരോധമായ കർമ്മങ്ങൾ ആചരിക്കരുത് (5) വയസ്സിനനുരൂപമായ വേഷം ധരിക്കണം (6) നേടിയ വിദ്യയുടെ നിലവാരം, ജനിച്ച കുലം, സാമ്പത്തീകാവസ്ഥ, ജീവിക്കുന്ന ദേശം ഇവയുടെ അടിസ്ഥാനത്തിലുള്ള വേഷം ധരിക്കണം (7) മര്യാദയില്ലാത്തവനാകരുത് (8) ശാസ്ത്രവിധി പ്രകാരം ജീവിക്കണം (9) കീറിയതും പഴയതുമായ വസ്ത്രം സാമ്പത്തീക ശേഷിയുള്ളവൻ ധരിക്കരുത് (10) ഇല്ല ഇല്ല എന്നൊരിക്കലും പറയരുത് (11) ഒരു വാസനയുമില്ലാത്തതും തീഷ്ണവാസനയുള്ളതും രക്തവർണമുള്ളതും, മുള്ളുകളുള്ളതുമായ പുഷ്പങ്ങളുടെ മാല അണിയരുത് (12) ചുവന്നതാണെങ്കിലും താമരമാ

ലയണിയാം (13) മുളയുട നല്ല ഒരു ദണ്ഡ് കയ്യിലുണ്ടാകണം (14) വെള്ളമുള്ള കമണ്ഡലുവുമുണ്ടാകണം (15) യജ്ഞോപവീതവുമുണ്ടാകണം (16) ചെവിയിൽ സ്വർണത്തിന്റെ കമ്മലുണ്ടാകണം. **(71 : 1 – 16)**

**ജീവിതത്തിന്റെ മഹത്വമേറിയ പ്രയാണത്തിന്നാവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകുന്ന ധർമ്മശാസ്ത്രത്തിൽ സമൂഹജീവിതത്തിന്നനുയോജ്യമാം വിധത്തിൽ ഒരു വ്യക്തി ജീവിക്കേണ്ടതെങ്ങിനെയെന്നും ചൂണ്ടിക്കാണിക്കുന്നു.**

**പ്രത്യക്ഷമായി നോക്കിയിരിക്കാൻ പാടില്ലാത്ത കാഴ്ചകൾ**

തുടർന്ന് 17 മുതൽ 31 വരെയുള്ള നിർദ്ദേശങ്ങൾ ജീവിതത്തിലെ വളരെ സാധാരണ കാഴ്ചകളെ വിലക്കുന്നതാണ് (പ്രത്യേകിച്ചും ഗ്രാമാന്തരീക്ഷത്തിലുള്ള കാഴ്ചകളെയാണിവിടെ വിവരിക്കുന്നത്) എക്കാലവും പ്രായോഗികമാഹാത്മ്യമുള്ള നിർദ്ദേശങ്ങളാണ്. ലഘുവെന്നു തോന്നാമെങ്കിലും, വളരെ ശ്രദ്ധയോടെയെഴുതിച്ചേർത്തതാണ്.

(17) ഗ്രഹണം ദർശിക്കരുത് (18) അസ്തമയ സൂര്യനെ നോക്കരുത് (19)·വസ്ത്രമുപയോഗിച്ച് മറച്ചു പിടിച്ചിട്ടോ (20) കണ്ണാടിയിലൂടെയോ, ജലത്തിലൂടെയോ ഗ്രഹണവും അസ്തമയവും ദർശിക്കാം (21) നട്ടുച്ചക്കുള്ള സൂര്യനേയും നോക്കരുത് (22) ദേഷ്യഭാവത്തിലുള്ള ഗുരുവിന്റെ മുഖവും (23) എണ്ണയിലും, വെള്ളത്തിലും സ്വന്തം നിഴലും (24) മലിനമായ കണ്ണാടിയിൽ സ്വന്തം മുഖവും നോക്കരുത്. (25) ഭക്ഷിച്ചുകൊണ്ടിരിക്കുന്ന പത്നിയേയും (26) നഗ്നയായവളേയും (27) വിസർജ്ജിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയേയും (28) കെട്ടുകളും, ബന്ധനങ്ങളും, കൂടും ഇല്ലാത്ത വന്യമൃഗങ്ങളേയും നോക്കരുത്. (29) മത്സരത്തിനായി മൃഗങ്ങളുമായി യുദ്ധം ചെയ്യുന്നവനനുഭവിക്കുന്ന വേദനയും (30) ഭ്രാന്തനേയും (31) മദ്യം കഴിച്ച് മത്തനായി നടക്കുന്നവനേയും മുഖാമുഖം നോക്കരുത്. **(71 : 17 – 31)**

**സർവസാധാരണമായ നിഷേധകാര്യങ്ങൾ**

ജീവിതത്തിൽ ചെയ്യരുതാത്ത കാര്യങ്ങളാണിവിടെ വ്യക്തമാക്കുന്നത്. ആചാരവിചാര വിശ്വാസങ്ങൾ അനുഷ്ഠിക്കാനും അനുഷ്ഠിക്കാതിരിക്കാനും സ്വാതന്ത്ര്യമുള്ളപ്പോഴും ചില കാര്യങ്ങൾ ചെയ്യരുതെന്നും നിർദ്ദേശിക്കുന്നു.

(32) വിസർജ്യവസ്തുക്കൾ അഗ്നിയിലിടരുത് (33) രക്താവശി



Scanned with CamScanner

ഷ്ടങ്ങളും (34) വിഷവും (35) ജലത്തിലുമിടരുത്. (36) അഗ്നിയെ കവച്ചു വെക്കുകയോ മുകളിലൂടെ ചാടുകയോ അരുത് (37) നഗ്ന മായ കാലുകൾ പ്രദർശിപ്പിക്കരുത് (38) ദർഭ പുല്ലിൽ ചവിട്ടരുത്. (39) ഈയ പാത്രത്തിലെ വെള്ളമെടുത്ത് കൈകാലുകൾ കഴുക രുത് (40) കാല്, കാൽകൊണ്ടു കഴുകരുത്. (41) വടികൊണ്ടും (42) കൈകൊണ്ടും ഭൂമിയിലടിക്കരുത് (43) നഖം, പല്ല് ഇവയുപയോ ഗിച്ച് പുല്ലു മുറിക്കരുത് (44) നഖവും, പല്ലുമുപയോഗിച്ച് രോമം മുറിക്കരുത്. (45) വാദുവെച്ചും കാശുവെച്ചുമുള്ള ചൂതുകളി നട ത്തരുത്. (46) ബാലവേല ചെയ്യുകയോ ചെയ്യിക്കുകയോ അരുത്. (47) മറ്റുള്ളവരുടുത്ത വസ്ത്രവും കുടിച്ച പാനപാത്രവും ധരിച്ച മാലയും, പൂണൂലും, മറ്റുള്ളവർ ധരിച്ചതൊന്നും ധരിക്കരുത്. (48) ആത്മീയ കർമ്മങ്ങൾക്ക് നേതൃത്വം നൽകാൻ ശൂദ്രനെ ഏൽപി ക്കരുത് (49) ഹോമദ്രവ്യങ്ങൾ പ്രസാദമായി അർഹിക്കാത്തവനു നൽകരുത് (50) എള്ളും നൽകരുത്. (51) വേദധർമ്മം നിർബ ന്ധിച്ചുപദേശിക്കരുത് (52) നിർബന്ധിച്ച് വ്രതമനുഷ്ഠിപ്പിക്കരുത്. (53) കർമ്മം ചെയ്യുന്ന വേളയിൽ കൈകൊണ്ട് തല, വയറ്, ശരീരം ചൊറിയരുത് (54) പാല്, നെയ്യ്, പുഷ്പം ഇതും (55) ശരീരവും അപവിത്രമാക്കരുത്. (56) കിടന്നുകൊണ്ടു പഠിക്കരുത് (59) ബന്ധു ക്കളേയും സുഹൃത്തുക്കളേയും രൂക്ഷവാക്കുകളുപയോഗിച്ച് ശത്രു ക്കളാക്കരുത് (58) രജസ്വലയോടും പ്രസവിച്ചുകിടക്കുന്നവളോടും മുഖാമുഖം സംസാരിക്കരുത് (59) മ്ലേച്ഛസ്വഭാവമുള്ളവരുമായി കൂടു തൽ സംഭാഷണം ഒഴിവാക്കണം (60) അഗ്നി, ദേവ, ബ്രാഹ്മണർ ഇവർക്ക് കൊടുക്കുമ്പോഴും സ്വീകരിക്കുമ്പോഴും വലത്തേ കൈയ്യു പയോഗിക്കണം. (61) മറ്റുള്ളവന്റെ ഭൂമിയിലൂടെ ചരിക്കുന്ന പശു വിനെ ഉപദ്രവിക്കാതെ മാറ്റണം. (62) പാലുകുടിക്കുന്ന കിടാവി നേയും (63) വഴിയിൽ നിൽക്കുന്ന മൃഗങ്ങളേയും വേദനിപ്പിക്കാതെ അകറ്റുക. (64) ശൂദ്രൻ ഭരിക്കുന്ന രാജ്യത്തിലും (65) അധാർമ്മീക ഭരണം നടത്തുന്ന രാജാവിന്റെ രാജ്യത്തും (66) വൈദ്യനില്ലാത്ത ദേശത്തും (67) രോഗങ്ങൾ പടർന്നു പിടിക്കുന്ന ദേശത്തും (68) പർവ്വതങ്ങളിലും സ്ഥിരമായി വസിക്കാതിരിക്കുക. (69) ആവശ്യമില്ലാത്ത ചേഷ്ടകൾ കാണിക്കരുത് (70) വേറുതേ പാടുകയും ആടുകയുമാകരുത് (71) വെറുതേ ഉറക്കെ ശബ്ദിക്ക രുത് (72) അശ്ലീലവർത്തമാനം അരുത് (73) നുണ പറയരുത് (74) എതിർത്ത് സംസാരിക്കരുത് (75) മർമ്മങ്ങളിൽ സ്പർശിക്കരുത്



Scanned with CamScanner

(76) അവനവനേയും മറ്റുള്ളവരേയും അവഹേളിക്കാതേയും നിയമങ്ങളനുശാസിച്ച് ജീവിക്കുന്നവർക്കും ദീർഘകാലം ജീവിക്കാൻ സാധിക്കും. (77) സ്ഥിരമായി സന്ധ്യോപാസന ചെയ്യണം (78) പാമ്പ്, ആയുധങ്ങൾ ഇവയുമായി കളിക്കരുത് (79) കണ്ണു തുടങ്ങിയ അവയവങ്ങൾ കൈകൊണ്ട് വെറുതേ തൊടരുത്. (80) മറ്റൊരുവനെ ശിക്ഷിക്കാനായി സ്വയം വടിയെടുത്തു കൊടുക്കരുത്. (81) അനുസരണക്കേടുക്കാണിക്കുന്ന വേളയിൽ ശരിയായ മാർഗത്തിലൂടെ ചലിപ്പിക്കാൻ മാത്രമായി ശിക്ഷിക്കാം (82) ചെറിയ മുളവടികൊണ്ട് അരക്കു താഴെ മാത്രമേ അടിക്കാവൂ. (83) ദേവ-ബ്രാഹ്മണ-ശാസ്ത്രജ്ഞാനികളെ അവഹേളിക്കരുത്. (84) സമ്പത്തിനും ആഗ്രഹനിവൃത്തിക്കുമായി അധർമ്മം ചെയ്യരുത്. ധർമ്മമാണെങ്കിൽ പോലും ജനതക്കിഷ്ടമില്ലാത്തത് ചെയ്യരുത്. (86) പൗർണമി-അമാവാസികാലങ്ങളിൽ ഗായത്രീജപവും ശാന്തി ഹോമവും അനുഷ്ഠിക്കണം (87) ആവശ്യമില്ലാതെ ഒരു പുല്ലുപോലും നശിപ്പിക്കരുത് (88) നല്ല രീതിയിൽ വേഷഭൂഷാധികളോടെ നടക്കണം (89) ആചാരങ്ങൾ കൈവിടാതെ ജീവിക്കണം. (90) വേദങ്ങളും ധർമ്മശാസ്ത്രങ്ങളും ധർമ്മവും, ഋഷിവര്യന്മാരും അനുശാസിക്കുന്ന ധർമ്മമാർഗത്തിലൂടെ ഇന്ദ്രിയങ്ങളെ കീഴടക്കി ധാർമ്മീകമായ ആഗ്രഹങ്ങൾ പൂർത്തീകരിച്ച് ജീവിക്കണം. (91) ആചാരാനുഷ്ഠാനത്തിലൂടെ ആയുരാരോഗ്യസൗഖ്യവും, ചൈതന്യവുമാരോഗ്യവും, ശാശ്വതമായ ധനവും നന്മ നിറഞ്ഞ വ്യക്തിത്വവും ലഭിക്കുന്നു. (92) എന്തെല്ലാം കുഴപ്പങ്ങളുള്ള വ്യക്തിയാണെങ്കിലും ഒരു ലക്ഷണവുമില്ലാത്ത വ്യക്തിയാണെങ്കിലും സദാചാരങ്ങളനുഷ്ഠിച്ച്, ശ്രദ്ധയോടെ മാനസീക നന്മയോടെ നൂറു വർഷം ജീവിക്കണം. **(71 : 32 - 92)**

ഇവയിൽ ചില നിർദ്ദേശങ്ങൾ എല്ലാ കാലഘട്ടത്തിലും പ്രായോഗികമല്ലാത്തതായിട്ടുണ്ട്. അവയെ തിരസ്കരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. അഥവാ അവയ്ക്ക് വേണ്ടത്രയും മാറ്റങ്ങൾ വരുത്താവുന്നതാണ്. പിന്നീട് **വിഷ്ണുധർമ്മശാസ്ത്രത്തിലെ എഴുപത്തിരണ്ടാമദ്ധ്യായമായിരുന്നു** സമ്മേളനത്തിലെ ശ്രോതാക്കൾക്ക് സമർപ്പിച്ചത്. ഇതുവരെ വിവരിച്ചത് ഭൗതീക ശരീരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളായിരുന്നു. ഈ അദ്ധ്യായത്തിൽ മാനസീക സംയമന നിർദ്ദേശങ്ങളാണ് വിവരിക്കുന്നത്. ഇതു വിവരിച്ചതാകട്ടെ സദസ്സിലെ ഒരു ബുദ്ധഭിക്ഷുവായിരുന്നു, എല്ലാ കർമ്മങ്ങളും കർമ്മഫലങ്ങളും അതിന്റെ പ്രതിഫല



Scanned with CamScanner

ങ്ങളുമുണ്ടാകുന്നത് നന്മ നിറഞ്ഞ മനസ്സിൽ നിന്നാണ്. അപ്രകാരമുള്ള മനസ്സിൽ നിന്നുളവാകുന്നതാണ് നന്മ നിറഞ്ഞ ചിന്തകൾ, അതിൽ നിന്നുവരുന്നതാണ് സത്കർമ്മങ്ങൾ. സത്കർമ്മങ്ങളിൽ നിന്ന് സത്ഫലങ്ങൾ അതിൽനിന്ന് സത്പ്രതിഫലങ്ങൾ. അപ്പോൾ സത്ഫലങ്ങളും പ്രതിഫലങ്ങളുമുണ്ടാകണമെങ്കിൽ നല്ല മനസ്സും ചിന്തകളും വേണം. അതിനായുള്ളതാണീ അദ്ധ്യായത്തിലെ വിഷയ വിവരണങ്ങൾ.

**സാധാരണജീവിത നിയമാവലികൾ**

സാധാരണ ജീവിതത്തിൽ പാലിക്കേണ്ടതായ നിയമങ്ങൾ വിവരിക്കുന്നു.

(1) മാനസീകമായി നാം അനുശാസിക്കേണ്ടതായ നിയമങ്ങളിലൊന്നാമത്തേത് സംയമനം അഥവാ ദമം (2) ഇന്ദ്രിയങ്ങളെ ഇതിലൂടെ നിയന്ത്രിക്കണം (3) ഈ ലോകത്തിലും പരലോകത്തിലും വിജയം, ദമത്തിലൂടെ നേടാം (4) ഏതു കർമ്മമായാലും മാനസീക സംയമനമില്ലാതെ കർമ്മത്തിന്റെ സത്ഫലം ലഭിക്കുന്നില്ല (5) സംയമനം തന്നെ പവിത്രമാണ്. പരമമാണ്, മംഗളകരമാണ്, എല്ലാം ലഭ്യമാക്കുന്നതിനനുഗ്രഹവുമിതാണ്. എല്ലാ ആഗ്രഹങ്ങളും ദമത്തിലൂടെ സമ്പൂർത്തമാകുന്നു. (6) സംയമം ചെയ്യുന്ന പഞ്ചേന്ദ്രിയങ്ങളാകുന്ന കുതിരയോടു കൂടിയ രഥമാകുന്ന ശരീരത്തിൽ മനസ്സിന്റെ നിർദ്ദേശത്തോടെ ചലിക്കുന്ന ജീവിതത്തിൽ ഈ കുതിരകൾ രഥത്തെ വഴിതെറ്റിക്കുകയില്ല. ശത്രുക്കൾ കീഴടക്കുകയുമില്ല. (7) എത്രയെല്ലാം നദികൾ സമുദ്രത്തിലേക്കൊഴുകിയെത്തിയാലും സമുദ്രമചഞ്ചലമായി നിലനിൽക്കുന്നതുപോലെ ദമത്തിലൂടെ ചരിക്കുന്നവൻ അചഞ്ചലനായിരിക്കും (ഗീതയിൽ നിന്ന്) **(72 : 1 – 7)**

**ശ്രാദ്ധം –പിതൃകർമ്മം**

ഭാരതീയ ആചാരവിചാരങ്ങളിലെല്ലാം നിറഞ്ഞു നിൽക്കുന്ന സന്ദേശമാണ് **മാതൃദേവോ ഭവ പിതൃദേവോ ഭവ** എന്ന ഉപനിഷദ് + ധർമ്മശാസ്ത്ര സന്ദേശം. പഞ്ചമഹായജ്ഞത്തിൽ പിതൃയജ്ഞം അതിശ്രേഷ്ഠമാണ്. പിതൃതൃപ്തിയും പിതൃതർപ്പണവും എല്ലാ ഭാരതീയന്റേയും ഹൃദയസ്പർശിയായ ചടങ്ങാണ്.

**മാതൃവംശേ മൃതായേശ്ച പിതൃവംശേ തഥൈവ ച**
**ഗുരു ശ്വശുരബന്ധൂനാം യേ ചാന്യേബാന്ധവാ മൃതാ**

എന്ന പിതൃകർമ്മമന്ത്രവരിയിൽ അമ്മയുടെ വംശത്തിലും അച്ഛന്റെ വംശത്തിലും ഗുരുവിന്റേയും ഭാര്യാ/ഭർതൃ മാതാപിതാക്കളുടേയും

വംശത്തിൽ ജനിച്ചവർക്കുമെല്ലാം നാം പിതൃകർമ്മം ചെയ്യാറുണ്ട്. അഥവാ ചെയ്യേണ്ടതുണ്ട്.

പിതൃകർമ്മ വിവരണങ്ങൾ കൽപശാസ്ത്രത്തിലെ പിതൃമേധസൂത്രത്തിലാണ് വരുന്നത്. മരണത്തിനു തൊട്ടുമുമ്പും, മരിക്കുന്നവേളയിലും മരണം കഴിഞ്ഞ് നടത്തുന്ന അന്ത്യേഷ്ഠിയായ അവസാനത്തെ യാഗത്തിലും ജഡശരീരം ശുദ്ധമാക്കി ഹോമദ്രവ്യമായി അഗ്നിയിൽ ഹോമിക്കുന്നതുമെല്ലാം പിതൃമേധസൂത്രത്തിൽ വിവരിക്കുന്നു. അതേപ്രകാരം മരണവും അഗ്നിയിൽ ദഹിപ്പിക്കലും കഴിഞ്ഞുള്ള കർമ്മങ്ങളെല്ലാം മന്ത്രസഹിതം വിവരിക്കുന്നത് ഗൃഹ്യസൂത്രത്തിലാണ്. ഇതും കൽപസൂത്രത്തിന്റെ ഭാഗമാണ്. അനവധി ഗൃഹ്യസൂത്രങ്ങളുണ്ട്. അവയിലെല്ലാം നൽകിയിരിക്കുന്ന കർമ്മധർമ്മ വിവരണങ്ങളും, അതിന്റെ ലക്ഷ്യവും മാർഗവും ഏകദേശം ഒരേപോലെയാണെങ്കിലും ചില ചടങ്ങുകളിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസങ്ങൾ ആചാര്യന്മാരുടെ സ്വതന്ത്ര ചിന്താഗതികാരണമാണുണ്ടായത്. അത് ഭാരതീയമായ എല്ലാ ഗ്രന്ഥങ്ങളിലും രചനകളിലും ചടങ്ങുകളിലും ആചാരങ്ങളിലും ദൃശ്യമാണ്. ഇപ്രകാരമുള്ള ഏകത്വത്തിലെ വിവിധതയും, വിവിധത്ത്വത്തിലെ ഏകതയും പ്രധാനപ്പെട്ട ഈ ആചാരങ്ങളുടെ രൂപരേഖ പോലെ ധർമ്മശാസ്ത്രങ്ങളിലും പിതൃകർമ്മം, ശ്രാദ്ധം, പുലാചരണം, അശുദ്ധി, സ്വർഗം, നരകം, പ്രായശ്ചിത്തങ്ങൾ എന്നിവയുടെയെല്ലാം വിവരണങ്ങളിൽ വരുന്നുണ്ട്. ഇവയും ഇതിന്നാവശ്യമായ മന്ത്രങ്ങളും ചേർത്ത് ധർമ്മശാസ്ത്രങ്ങളിൽ ശ്രാദ്ധകർമ്മം വിവരിക്കുന്നു. ഈ ശ്രാദ്ധകർമ്മ വിവരണം **വിഷ്ണുധർമ്മശാസ്ത്രത്തിലെ എഴുപത്തിമൂന്നാം അദ്ധ്യായം** മുതൽക്കുള്ളതാണ്. സമഗ്രമായ പിതൃശ്രാദ്ധകർമ്മ വിവരണമാണിതിലുള്ളത്. ശ്രദ്ധിച്ചുവായിക്കുന്തോറും ശ്രാദ്ധ കർമ്മത്തിലുള്ള ഓരോ ആചാരവിചാരവിശ്വാസവുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും മറുപടി ലഭിക്കും. ഈ ചടങ്ങുകളുടെ ചില മന്ത്രങ്ങൾ സംസ്കൃത ഗ്രന്ഥത്തിൽ നൽകിയിട്ടുള്ളത് ഞാനിവിടെ വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കാരണം അത് മന്ത്രമാണ് ഇവിടെ വിവരിക്കുന്നത് ചടങ്ങുകളാണ് അഥവാ അനുഷ്ഠിക്കേണ്ടതിന്റെ പേരുകളാണ്. അതേ പ്രകാരം സവിസ്തരമായ കർമ്മഭാഗങ്ങളുള്ളത്. ധർമ്മശാസ്ത്രത്തിൽ വിവരിക്കാറില്ല. എങ്ങിനെയനുഷ്ഠിക്കണമെന്നതിനേക്കാൾ പ്രാധാന്യമുള്ള ധർമ്മശാസ്ത്രവിഷയം എന്തനുഷ്ഠിക്കണമെന്നതാണ്.

**ശ്രാദ്ധകർമ്മവും ബ്രാഹ്മണാരാധനയും**

ശ്രാദ്ധകർമ്മത്തിൽ വേദപണ്ഡിതരെ ഈശ്വരതുല്യരായിക്കാണുന്നു.

ശ്രാദ്ധത്തിൽ അവർ പിതൃക്കളുടെ പ്രതിനിധികളാണ്. അവരിലുണ്ടാകുന്ന സംതൃപ്തി പിതൃക്കളിൽ പ്രതിഫലിക്കുന്നു. അതിന് അതിശ്രേഷ്ഠരായ ബ്രാഹ്മണരെ മാത്രമേ ക്ഷണിക്കാറുള്ളൂ. അല്ലാത്ത പക്ഷം അതൊരുപാപകർമ്മമായിത്തീരും.

ഗൃഹസ്ഥാശ്രമി ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളിവിടെ വിവരിക്കുന്നു.

(1) ഒന്നാമതായി ശ്രാദ്ധകർമ്മത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ള ബ്രാഹ്മണരെ തലേ ദിവസം തന്നെ ക്ഷണിച്ചുവരുത്തണം. (2) ശുക്ളപക്ഷത്തിന്റെ ഒന്നാം ഭാഗത്തിൽ കൃഷ്ണപക്ഷത്തിന്റെ രണ്ടാം ഭാഗത്തിൽ കുളിച്ചു ശുദ്ധമായി വന്ന വിപ്രന്മാരെ വയസ്സിന്റെ അടിസ്ഥാനക്രമത്തിൽ ദർഭപുല്ലിന്റെ മെത്തയിൽ ഇരുത്തണം (3) രണ്ടുപേർ കിഴക്കോട്ടും (4) ഒരാൾ വടക്കോട്ടും മുഖമായിരിക്കണം. (5-8) യജുർവേദത്തിന്റെ കാഠകശാഖയിലെ അഞ്ചു വീതം മന്ത്രങ്ങളുള്ള പഞ്ചകങ്ങൾ ചൊല്ലി ആവാഹനം, ഹവനം ഇവ നടത്തണം (9) വേദമന്ത്രങ്ങൾ ആലപിക്കണം (10) ബ്രാഹ്മണാനുഗ്രഹത്തോടെ പിതൃക്കളെ ആവാഹിക്കണം (11, 12) പിതൃക്കളെ ആവാഹിച്ച് അർഘ്യപാദ്യാദികളോടെ പൂജിച്ച്, ഹോമിക്കണം. (മാതൃപിതൃ ശ്രാദ്ധകർമ്മത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ട കർമ്മങ്ങളാണിവിടെ വിവരിക്കുന്നത് അതിനുള്ള മന്ത്രങ്ങളും അതിനോടനുബന്ധ ചടങ്ങുകളുമാണത്) (13) ഈ മൂന്നു ബ്രാഹ്മണർക്കും മന്ത്രസഹിതം ഭക്ഷണത്തിലെ ഓരോ വിഭവവും വിളമ്പുന്ന വിധികൾ പറയുന്നു. (73 : 1 - 13)

**മൂന്നു തലമുറകളെ പ്രതിനിധാനം ചെയ്യുന്ന ബ്രാഹ്മണകർമ്മം**

ഏതൊരു വ്യക്തിയും ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കുമ്പോൾ അമ്മയുടേയും അച്ഛന്റേയും മൂന്നുതലമുറകളാണ് മൂന്നു പിണ്ഡമായി സങ്കൽപ്പിക്കുന്നത്. പിതൃ-പിതാമഹ-പ്രപിതാമഹന്മാർ, മാതൃ-മാതൃ പിതാമഹ-മാതൃപ്രപിതാമഹന്മാർ! അതുപോലെ അമ്മയുടെ അമ്മയുടെ അച്ഛന്റെ അമ്മയുടെ, മുത്തച്ഛന്റെ മൂന്നുതലമുറകളും അപ്രകാരമിടേണ്ടതായ മൂന്നു പിണ്ഡവിവരണവുമുണ്ട്.

(14) മാതാവിന്റേയും പിതാവിന്റേയും അവരുടെ തലമുറകളുടേയും പേരും ഗോത്രവും പറഞ്ഞ് ചെയ്യുന്ന കർമ്മങ്ങൾ (15) ജപിക്കേണ്ട മന്ത്രം (16) ഇതിഹാസ പുരാണ ധർമ്മശാസ്ത്ര വരികളുദ്ധരിച്ച് ചൊല്ലുന്ന മന്ത്രം (17) തെക്കു വശത്തു ദർഭപുല്ലിൽ ഭൂമിയിൽ/



Scanned with CamScanner

നിലത്ത് പിതാവിന് വെക്കേണ്ടതായ ഒരുപിണ്ഡം. (18) പിതാമഹന് സമർപ്പിക്കേണ്ടതായ രണ്ടാമത്തെ പിണ്ഡം (19) പ്രപിതാമഹന് സമർപ്പിക്കേണ്ടതായ മൂന്നാമത്തെ പിണ്ഡം (ഈ മൂന്നു പിണ്ഡങ്ങളും ഭൂമി, അന്തരീക്ഷം, ജ്യോതിഗോളങ്ങൾ ഇവയെ സ്മരിക്കുന്ന മന്ത്രങ്ങൾ യഥാക്രമം ചൊല്ലിയാണ് സമർപ്പിക്കേണ്ടത്. ആ മന്ത്രങ്ങളുടെ സുദീർഘ വിവരണം നൽകുന്നുണ്ട്.) (20) പിന്നെ വസ്ത്രം നൽകണം (21) അന്നം നൽകണം (22) പിണ്ഡസ്പർശനവും പ്രാർത്ഥനയും ചെയ്യണം (23) കയ്യിൽവെള്ളമെടുത്ത് പിണ്ഡത്തെ പ്രദക്ഷിണം വെച്ച്, പിണ്ഡം ജല-ഗന്ധ-പുഷ്പ-ധൂപ-ദീപങ്ങളോടെ പൂജിക്കണം. (24) തേൻ, നെയ്യ്, എണ്ണ ഇവ അൽപാൽപമായി പിണ്ഡത്തിലേക്കൊഴിക്കണം. (25) ഈ ശ്രാദ്ധകർമ്മങ്ങളെല്ലാം ചെയ്തു കൊണ്ടിരിക്കേണ്ടതത്സ്ഥാനത്തി രുന്ന് ഭക്ഷണം പ്രത്യേക ചടങ്ങായി കഴിച്ചുകൊണ്ടിരിക്കുന്ന ബ്രാഹ്മണർക്ക് സംതൃപ്തമായി എന്ന വരികൾ പറയിപ്പിച്ച് അവർ ചെയ്യേണ്ട ചടങ്ങുകൾ ചെയ്യിച്ച് ബ്രാഹ്മണാരാധന എന്ന ചടങ്ങിന്റെ ക്രിയാഭാഗം അവസാനിപ്പിക്കണം. (73 : 14 - 25)

**ബ്രാഹ്മണാനുഗ്രഹം**

മൂന്നുതലമുറകളിലുള്ളവരെ ആവാഹിച്ച്, പ്രതിഷ്ഠിച്ച്, ആഹാരം പ്രത്യേക രീതിയിൽ കഴിപ്പിച്ച്, അവരുടെ അനുഗ്രഹം സ്വീകരിക്കുമ്പോൾ മരിച്ചുപോയവരുടെ അനുഗ്രഹമാണ് എന്ന സങ്കൽപമത്രെ ഈ ചടങ്ങിലുള്ളത്.

(26) ബ്രാഹ്മണരുടെ ആശീർവാദം സ്വീകരിച്ച് ദേവപിതൃതൃപ്തി വന്നു എന്ന് അറിയുക (27) സ്വന്തം നാമവും ഗോത്രവും പറഞ്ഞ് വിശ്വേദേവന്മാർക്കും പുഷ്പമർപ്പിച്ച്, കൈയ്യ് രണ്ടും ചേർത്ത് തൊഴുതുകൊണ്ട് മനഃശാന്തിയും ആയുരാരോഗ്യസൗഖ്യവും അഭ്യർത്ഥിക്കണം (28) അവർ ഇപ്രകാരം അനുഗ്രഹിക്കണം "സന്തതിയും, അറിവും, ശ്രദ്ധയും, ചൈതന്യവും കൊടുക്കുന്തോറും വർധിക്കുമെന്നറിഞ്ഞുകൊണ്ട് ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു." (29) തഥാസ്തു അപ്രകാരം ഭവിക്കട്ടെ എന്ന് മറ്റുള്ളവർ പറയണം (30) അനേകം വ്യക്തികൾക്ക് അന്നദാനം ചെയ്യാനുള്ള ഭാഗ്യമുണ്ടാകട്ടെ! ഒരിക്കലും യാചിച്ച് ഭക്ഷണം കഴിക്കേണ്ടി വരാതിരിക്കട്ടെ. (31) ഇപ്രകാരമുള്ള അനുഗ്രഹം വാങ്ങിക്കണം (32)



Scanned with CamScanner

ഇവരെ സന്തോഷത്തോടെ പൂജിച്ച് സൽക്കരിച്ച് യാത്രയാക്കണം. (73 : 26 - 32)

സവിസ്തര വിവരണമാണാചാര്യൻ മേൽ പറഞ്ഞ കാര്യങ്ങളിലൂടെ തദ്വിഷയത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്കായി നൽകിയത്.

**അഷ്ടകശ്രാദ്ധം**

**എഴുപത്തി നാലാമദ്ധ്യായം** പിതൃപിണ്ഡവും മാതൃപിണ്ഡവും ചേർത്ത് ചെയ്യുന്ന അഷ്ടകശ്രാദ്ധമാണ്.

അഷ്ടകാശ്രാദ്ധം എന്നൊരു ചടങ്ങാണ് ഇവിടെ വിവരിക്കുന്നത്. (1) എല്ലാ ഭക്ഷ്യവിഭവങ്ങളും ചേർത്ത് വിപ്രാരാധന നടത്തി മേൽ അദ്ധ്യായത്തിൽ വിവരിച്ചതുപോലെ എല്ലാം ചെയ്യണം. (2) അതിന്റെ അന്ത്യത്തിൽ മൂന്നു ചെറിയ കുഴികൾ മണ്ണിലുണ്ടാക്കണം (3) അതിന്റെ കിഴക്കേയറ്റത്ത് അഗ്നി വെച്ച് അതിൽ ചെറിയ പിണ്ഡം സമർപ്പിക്കണം (4) മൂന്നു കുഴികൾ മൂന്നു തലമുറയ്ക്കുമായി ഉണ്ടാക്കി ഇപ്രകാരം ചെയ്യണം. (5) പിതൃപിണ്ഡം മൂന്നു കുഴിയിൽ വെച്ച് അന്നത്തോടെയുള്ള ജലം കൊണ്ടു നിറക്കണം. (6) മറ്റേ മൂന്നു കുഴിയിൽ മാതൃപിണ്ഡം വെച്ച്, അന്നത്തോടു കൂടിയ പാൽ കൊണ്ടു നിറക്കണം (7) പ്രത്യേകം പ്രത്യേകം പാൽകൊണ്ടു നിറച്ച്, (8) ഇത് മാതാപിതാക്കൾക്ക് അനുഗ്രഹത്തിനായി സമർപ്പിക്കുന്നു എന്നു പറഞ്ഞു പ്രാർത്ഥിക്കണം. (74 : 1 - 8)

**ആരെക്കെ ശ്രാദ്ധകർമ്മത്തിൽ പ്രത്യക്ഷമായി പങ്കെടുക്കണം.**

ആർക്കെല്ലാം ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കാനുള്ള യോഗ്യതയുണ്ടെന്നതിന്റെ വിവരണമാണിവിടെ നൽകിയിരിക്കുന്നത്.

ഒരേ കുടുംബത്തിൽ തലമുറകളിലെ ചിലർ മരിച്ചുപോകയും മറ്റു ചിലർ ജീവിച്ചിരിക്കുകയും ചെയ്യുമ്പോൾ ശ്രാദ്ധകർമ്മമനുഷ്ഠിക്കേണ്ടതായ നിയമങ്ങളാണിവിടെ വിവരിക്കുന്നത്. ധർമ്മഗ്രന്ഥങ്ങളിൽ പോലും വ്യത്യസ്ഥ അഭിപ്രായങ്ങൾ കാണാം. ഓരോ ഗോത്രത്തിൽപെടുന്നവർക്കുള്ള ആചാരങ്ങളിലും ചില വ്യത്യാസങ്ങളുണ്ടാകാം. വൈദീക ശാഖയുടെ വ്യത്യാസമനുസരിച്ചും ഈ വ്യത്യാസം പ്രകടമായി ചിലപ്പോൾ കാണാം. അതനുവദനീയവുമാണ്.

(1) അച്ഛൻ ജീവിച്ചിരിക്കുന്ന വേളയിൽ മകൻ ശ്രാദ്ധമിടുന്നു എങ്കിൽ അച്ഛൻ ആർക്കെല്ലാമാണോ ശ്രാദ്ധമിടുന്നത് അവർക്കു വേണ്ടി മകനും (അച്ഛൻ രോഗശയ്യയിൽ/വിദേശത്ത് ആണെങ്കിൽ)



Scanned with CamScanner

അനുഷ്ഠിക്കാം. (2) അച്ഛന്റെ അച്ഛൻ പിതാമഹനാണ്. (3) അച്ഛൻ മുത്തച്ഛൻ മുതുമുത്തച്ഛൻ ഇവർ മൂന്നുപേരും ജീവിച്ചിരിക്കുന്നു വെങ്കിൽ ശ്രാദ്ധകർമ്മം അനുഷ്ഠിക്കുവാനുള്ള യോഗ്യതയില്ല. (4) അച്ഛൻ മരിച്ചുപോയി, മുത്തച്ഛൻ ജീവിച്ചിരിക്കുന്നു എങ്കിൽ അച്ഛനും മുതുമുത്തച്ഛനും (പിതൃപ്രപിതാമഹനും) ശ്രാദ്ധമനുഷ്ഠിക്കണം (5) പിതാവും പിതാമഹനും മരിച്ചു, പ്രപിതാമഹൻ ജീവിച്ചിരുപ്പുണ്ടെങ്കിൽ പിതാവിനും പിതാമഹനും വൃദ്ധപ്രപിതാമഹനും (നാലാമത്തെ തലമുറക്കും) പിണ്ഢമിടണം (6) മൂന്നോ നാലോ തലമുറയിൽപ്പെട്ടവരിൽ ഇടക്ക് ഒരാൾ ഇഹലോകവാസം വെടിഞ്ഞിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനൊഴികെ ബാക്കി മൂന്നു തലമുറക്ക് പിണ്ഢകർമ്മം ചെയ്യണം (7) ഇതേപോലെ അമ്മയുടെ തലമുറകൾക്കും വേണം. **(75 : 1 - 7)**

**ശ്രാദ്ധമനുഷ്ഠിക്കാനുത്തമദിനങ്ങൾ**

വളരെ ചെറിയൊരദ്ധ്യായമാണ് വിഷ്ണുധർമ്മശാസ്ത്രത്തിലെ **എഴുപത്തിയാറാമദ്ധ്യായം** ചില പ്രത്യേക ദിവസങ്ങളിൽ ശ്രാദ്ധ കർമ്മമനുഷ്ഠിക്കുമ്പോളതിന്റെ മഹത്വമാണിവിടെ വിവരിക്കുന്നത്. മഹാസങ്കൽപത്തിൽ ശ്രാദ്ധമനുഷ്ഠിക്കുന്ന ദിവസം/തിഥി വളരെ വ്യക്തമായിത്തന്നെ എടുത്തുപറയാറുണ്ട്.

(1) അമാവാസി, ഹേമന്ത ശിശിരഋതുക്കളിലെ കൃഷ്ണ ത്രയോദശി ദിവസങ്ങളിൽ യവം, അരി ഇവയുപയോഗിച്ച് ശ്രാദ്ധകർമ്മമനുഷ്ഠിക്കാം (2) ഇതിൽ അമാവാസിയാണ് ഏറ്റവും പ്രധാനപ്പെട്ടതത്രെ. ഈ ദിവസങ്ങളിൽ ശ്രാദ്ധമനുഷ്ഠിക്കുന്നവന് നരകമില്ല. **(76 - 1, 2)**

**എഴുപത്തിയേഴാമദ്ധ്യായത്തിലും** അത്തരത്തിലുള്ള വിവരണങ്ങൾ തുടരുന്നു. പൂജാകർമ്മമായാലും, ഉപാസനയായാലും, ശ്രാദ്ധകർമ്മമായാലും അതനുഷ്ഠിക്കുന്ന വ്യക്തി, സ്ഥലം, സമയം ഇവ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് കർമ്മഫലത്തിന്റെ മഹത്വം ഈ മൂന്നിലും ഊന്നി നിൽക്കുന്നു.

ശ്രാദ്ധകർമ്മമനുഷ്ഠിക്കേണ്ടതായ സമയങ്ങൾ വിവരിക്കുന്നു (1) സൂര്യ ചന്ദ്രന്മാരുടെ രാശി സംക്രമണ സമയത്തും (2) രണ്ടു വിഷു സംക്രമത്തിലും (മേടം, തുലാം) (3) ഉത്തര ദക്ഷിണായനാരംഭത്തിലും (4) വ്യതിപാതത്തിലും (5) അവനവന്റെ ജന്മനക്ഷത്രത്തിലും (6) ഗൃഹത്തിൽ അന്നേദിവസം ജനനമുണ്ടായാലും ശ്രാദ്ധമനുഷ്ഠിക്കാം. ഇക്കാലയളവിൽ ശ്രാദ്ധമനുഷ്ഠിച്ചാൽ അനന്ത



Scanned with CamScanner

മായ നന്മകൾ സിദ്ധിക്കും (8) സന്ധ്യാ സമയത്തും, രാത്രിയും, ശ്രാദ്ധമനുഷ്ഠിക്കരുത് (9) എന്നാൽ ഗ്രഹണസമയത്ത്, നിഴൽ പതിക്കുന്ന സമയത്ത് ശ്രാദ്ധമനുഷ്ഠിച്ചാൽ ഏറ്റവും ഗുണകര മായ അനുഗ്രഹം ലഭിക്കുന്നു. (77 : 1 - 9)

**ആഴ്ചയിൽ ഏഴു ദിവസങ്ങളിൽ വരുന്ന ശ്രാദ്ധം**

ഈ വിവരണം നൽകിയിരിക്കുന്നത് വിഷ്ണുധർമ്മശാസ്ത്രത്തിലെ **എഴുപത്തിയെട്ടാമദ്ധ്യായത്തിലാണ്.** ഓരോ ദിവസത്തിലും ശ്രാദ്ധമ നുഷ്ഠിച്ചാൽ ഉണ്ടാകുന്ന പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിവരി ക്കുന്നു.

(1) ഞായറാഴ്ചയാണ് ശ്രാദ്ധമനുഷ്ഠിക്കുന്നതെങ്കിൽ ജീവിച്ചിരി ക്കുന്നവർക്ക് സർവവിധ ആരോഗ്യവും ലഭിക്കുന്നു (2) മംഗളകര മായ അവസ്ഥയാണ് തിങ്കളാഴ്ച ശ്രാദ്ധത്തിന് (3) യുദ്ധം, സമരം എന്നിവയിൽ വിജയം ചൊവ്വാഴ്ചയുള്ള ശ്രാദ്ധത്തിന് (4) ആഗ്രഹ പൂർത്തി ബുധനാഴ്ച (5) വിദ്യാനേട്ടം വ്യാഴാഴ്ച (6) ധനവും സമ്പൽ സമൃദ്ധിയും വെള്ളിയാഴ്ച (7) നല്ല ജീവിതം ശനിയാഴ്ച ശ്രാദ്ധത്തിന് ലഭിക്കുന്നു. ഞായറാഴ്ച മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ഏതു ദിവസത്തിലാണോ ശ്രാദ്ധമനുഷ്ഠിക്കേണ്ട തായിവരുന്നത്, അതാതു ദിവസത്തിന് ശ്രാദ്ധമനുഷ്ഠിക്കുന്ന തിന്റെ നന്മയും ഗുണവുമാണിവിടെ വിവരിക്കുന്നത്. (78 : 1 - 7)

**നക്ഷത്രാടിസ്ഥാനത്തിലുള്ള ശ്രാദ്ധമഹത്വം**

അതേ അദ്ധ്യായത്തിൽ അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷ ത്രത്തിലേതെങ്കിലുമൊരു ദിവസം ശ്രാദ്ധം വരുകയാണെങ്കിൽ അതിന്റെ മഹത്വമാണ് വിവരിക്കുന്നത്. സങ്കൽപത്തിലെല്ലാം നക്ഷത്രങ്ങൾ സൂചി പ്പിക്കാറുണ്ട്. പ്രത്യേകിച്ചും ഉത്തരഭാരതത്തിൽ തിഥിയേക്കാൾ പ്രാധാന്യം നക്ഷത്രങ്ങൾക്കാണ്. മാതാപിതാക്കൾക്ക് വാർഷീക ശ്രാദ്ധം വരുന്നത് മാസത്തിലെ (മരിച്ചുപോയ) നക്ഷത്രത്തിലാണ്. അതിന്റെ മഹത്വമാണിവിടെ വിവരിക്കുന്നത്.

നക്ഷത്രാടിസ്ഥാനത്തിലുള്ള ശ്രാദ്ധഫല വിവരണമാണ് (8) കാർത്തിക നക്ഷത്രത്തിന് ശ്രാദ്ധം അനുഷ്ഠിച്ചാൽ ഫലം സ്വർഗ വാസം (9) പുത്രസമ്പത്ത് രോഹിണിനക്ഷത്ര ശ്രാദ്ധത്തിന് (10) മകയിരം മനസ്സമാധാനം ബ്രഹ്മതേജസ് (11) തിരുവാതിരക്ക് വീര്യ -ശൂര പരാക്രമ കർമ്മസിദ്ധി (12) പുണർതത്തിന് ഭൂമി, ഗൃഹസ മ്പത്ത് (13) പൂയത്തിന് ശാരീരികാരോഗ്യം (14) ആയില്യത്തിന്

ഐശ്വര്യം (15) മകത്തിന് ആഗ്രഹപൂർത്തി (16) പൂരത്തിന് സൗഭാഗ്യം (17) ഉത്രത്തിന് ധനധാന്യസമൃദ്ധി (18) അത്തത്തിന് ജ്ഞാനം (19) ചിത്തിരക്ക് സൗന്ദര്യം (20) ചോതിക്ക് വാണിജ്യാഭിവൃദ്ധി (21) വിശാഖത്തിന് സ്വർണ്ണ/കനകലബ്ധി (22) അനിഴത്തിന് മിത്രവൃദ്ധി (23) തൃക്കേട്ട രാജ്യാധികാരം (24) മൂലം കൃഷിയഭിവൃദ്ധി (25) പൂരാടം വഞ്ചി/കപ്പൽ യാത്ര/വിദേശയാത്ര (26) ഉത്രാടം ആഗ്രഹ പൂർത്തി (27) അഭിജിത്തിന് ശ്രേഷ്ഠത്വം (28) തിരുവോണത്തിൽ ഭൗതീക ആഗ്രഹപൂർത്തി (29) അവിട്ടത്തിന് ഔഷധം, ലവണം, സൗന്ദര്യവർധക വസ്തുക്കളുടെ ക്രയവിക്രയം (30) ചതയത്തിന് ആരോഗ്യം (31) പൂരുരുട്ടാതി / നൂറ്റാണ്ടു ജീവിതം ഗൃഹനിർമ്മാണം (32) ഉത്രട്ടാതിക്ക് ഐശ്വര്യം (33) രേവതി പശുമൃഗപരിപാലനയോഗം (34) അശ്വതി കുതിര വ്യവസായം (35) ഭരണിക്ക് സുഭിക്ഷ ജീവിതം. **(78 : 8 - 35)**

**തിഥികളുടെ അടിസ്ഥാനത്തിൽ ശ്രാദ്ധം വരുമ്പോൾ**

ദക്ഷിണഭാരതത്തിൽ ശ്രാദ്ധകർമ്മത്തിന് തിഥിയും ജന്മദിനത്തിന് നക്ഷത്രവുമാണെടുക്കാറുള്ളത്. ഏതു തിഥിയിലാണോ മരിച്ചത് ആ തിഥിയിൽ തന്നെ ശ്രാദ്ധമനുഷ്ഠിക്കുന്ന മഹത്വമിവിടെ വിവരിക്കുന്നു.

(36) പ്രഥമ ദിവസം ശ്രാദ്ധം അനുഷ്ഠിക്കുകയോ അന്ന് ശ്രാദ്ധദിവസമാകുകയോ ചെയ്താൽ രൂപവതിയായ പത്നിയുള്ള കുടുംബജീവിതം (37) ദ്വിതീയയിലാണെങ്കിൽ വരദാനമുള്ള കന്യാലബ്ധി (38) ത്രിതീയക്ക് ആഗ്രഹപൂർത്തി (39) ചതുർത്ഥി വളർത്തു മൃഗസമൃദ്ധി (40) സൗന്ദര്യമുള്ള പുത്രന്മാർ പഞ്ചമിക്ക് (41) ചൂതുകളിയിൽ വിജയം ഷഷ്ഠിക്ക് (42) സപ്തമിക്ക് കൃഷിലാഭം (43) അഷ്ടമിക്ക് വാണിജ്യലാഭം (44) നവമിക്ക് പശുക്കളിൽ നിന്നുള്ള സമൃദ്ധി (45) കുതിരയിൽ നിന്നുള്ള സമൃദ്ദി ദശമിക്ക് (46) ഏകാദശിക്ക് പുത്രനന്മ (47) സ്വർണം, വെള്ളി എന്നിവയിൽ നിന്നുള്ള സമൃദ്ധി ദ്വാദശിക്ക് (48) ത്രയോദശിക്ക് സൗഭാഗ്യം (49) വാവിന് (പഞ്ചദശി) ആഗ്രഹപൂർത്തി (50) ചതുർദശി ശ്രാദ്ധം ആയുധം കൊണ്ടുമരണമടഞ്ഞവർക്ക് പ്രത്യേകമായിട്ടുള്ളതാണെന്ന് പ്രശംസിക്കപ്പെടുന്നു. **(78 : 36 - 50)**

**ശ്രാദ്ധകർമ്മത്തിന്ന് അത്യുത്തമമായ മറ്റുചിലദിനങ്ങൾ**

ചില പ്രത്യേക ദിനങ്ങളിൽ ശ്രാദ്ധമനുഷ്ഠിക്കുന്നതിന്റെ മഹത്വം ഈ ഭാഗത്തിൽ ഊന്നിപ്പറയുന്നു. ശ്രാദ്ധകർമ്മാനുഷ്ഠാനത്തിലെ ദിവസം,



Scanned with CamScanner

നക്ഷത്രം, തിഥി എന്നിവയെല്ലാം കർമ്മത്തിന്റെ സമയത്തെ സ്വാധീ നിക്കുന്ന ഘടകങ്ങളാണ്.

(51) ഈ വിവരിച്ചതെല്ലാം പിതൃഗീതത്തിൽ പഠിപ്പിച്ചിരിക്കുന്നതത്രെ. (52) നമ്മുടെ കുലത്തിൽ സർവസമൃദ്ധിയോടും കൂടി പുത്രപൗത്രാദികൾ വസിക്കുന്നുവെങ്കിൽ കൃഷ്ണപക്ഷ ത്രയോദശി ദിവസം പിതൃക്കളോട് നന്ദി പറയുവാനായി ശ്രാദ്ധമനുഷ്ഠിക്കുന്നത് ഉത്തമമാണ്. (53) തേനും പായസവും മധുരവിഭവങ്ങളും ചേർത്ത് കാർത്തികമാസത്തിലും ഇപ്രകാരം ശ്രാദ്ധമനുഷ്ഠിക്കാവുന്നതാണ്. അത് സാധിക്കുമെങ്കിൽ ആനയുടെ കിഴക്കുവശത്തുവരുന്ന നിഴലിൽ ഇരുന്ന് (വൈകുന്നേരമെന്നോർക്കുക) അനുഷ്ഠിക്കുന്നത് അതി പ്രധാനമത്രെ. **(78 : 51 – 53)**

ശ്രാദ്ധദ്രവ്യങ്ങളുടെ ഗുണങ്ങൾ

പൂജാകർമ്മത്തിനും, ലൗകീകകർമ്മത്തിനും, പിതൃകർമ്മത്തിനും, പ്രേതകർമ്മത്തിനുമെല്ലാമുപയോഗിക്കുന്ന ദ്രവ്യങ്ങൾക്ക് പ്രത്യേകതകളുണ്ട്. അതെന്തെല്ലാമാണെന്ന വിവരണം വരുംതലമുറക്കു കൂടി പ്രയോജനപ്പെടുന്നവിധത്തിലാണ് നൽകിയിരിക്കുന്നത്. ശ്രാദ്ധകർമ്മത്തെക്കുറിച്ച് ഭാരതീയർക്കെല്ലാം വളരെയേറെ സംശയങ്ങളുണ്ട്. ആ സംശയങ്ങളെല്ലാം നിവാരണം ചെയ്യുന്നതിന് ആശ്രയിക്കേണ്ടതായ ഗ്രന്ഥങ്ങളാണ് ഗൃഹ്യസൂത്രങ്ങൾ, പിതൃമേധസൂത്രങ്ങൾ, ധർമ്മശാസ്ത്രങ്ങൾ അവയിൽ വളരെ വ്യക്തമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യണം, ഏതെല്ലാം ദ്രവ്യങ്ങളുപയോഗിക്കണം, അവയ്ക്കുണ്ടായിരിക്കേണ്ടതായ ശുദ്ധിയെങ്ങിനെയാണ്. ഇപ്രകാരമുള്ള അനവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആ വിവരണമാണ്, 24 നിർദ്ദേശങ്ങളായി വിഷ്ണു ധർമ്മശാസ്ത്രത്തിലെ **എഴുപത്തി**യൊമ്പതാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നതെന്ന് ആചാര്യൻ സൂചിപ്പിച്ചു. ശ്രാദ്ധ ദ്രവ്യങ്ങളുടെ പ്രത്യേതകളിവിടെ വിവരിക്കുന്നു

(1) അശുദ്ധിയും അഴുക്കുമുള്ള ജലം ശ്രാദ്ധത്തിനുപയോഗിക്കരുത് (2) ദർഭപുല്ലില്ലെങ്കിൽ പുൽപായക്കുപയോഗിക്കുന്ന പുല്ലുപയോഗിക്കാം (3) വസ്ത്രത്തിനുപകരം പഞ്ഞിനൂലുപയോഗിക്കാം. (4) പട്ടും പട്ടുനൂലുമാകാം (5) തീഷ്ണഗന്ധമുള്ളതും, ഗന്ധമില്ലാത്തതും, മുള്ളുള്ളതുമായ പുഷ്പങ്ങളരുത് (6) വെളുത്തതും നല്ല ഗന്ധമുള്ളതുമാണെങ്കിൽ മുള്ളുള്ളതും ഉപയോഗിക്കാം ചുവന്നതാണെങ്കിലും താമരയുപയോഗിക്കാം (7) മൃഗക്കൊഴുപ്പ് ദീപത്തിനുപയോഗിക്കരുത് (8) നെയ്യ് എണ്ണ ഇവയേ ഉപയോഗി



Scanned with CamScanner

ക്കാവൂ (9) ജീവനുള്ളതിൽ നിന്ന് ലഭിക്കുന്നത് ധൂപത്തിന് പുക യ്ക്കാനുപയോഗിക്കരുത് (നഖം, കൊമ്പ് എന്നിവ) (10) തേനും, നെയ്യും മാത്രമായി കൊടുക്കരുത്. ഗുഗുലു കൂടി ചേർത്ത് സമർപ്പി ക്കണം (11) ചന്ദനം, കുങ്കുമം, കർപ്പൂരം, ആഗരു, പത്മകം ഇവ യുപയോഗിക്കാം (12) ദ്രവ്യങ്ങൾ ഉപ്പുചേർന്നതാകാമെങ്കിലും ഉപ്പു മാത്രമായി സമർപ്പിക്കരുത് (13) കൈകൊണ്ട് നെയ്യ്, വ്യഞ്ജനം എന്നിവ സമർപ്പിക്കണം (14) തിളങ്ങുന്ന പാത്രമുപയോഗിക്കണം (15) പ്രത്യേകിച്ചും വെള്ളിപാത്രം (16) കൃഷ്ണമൃഗതോൽ, എള്ള്, അക്ഷതം, ദർഭപുല്ല്, എന്നിവ എട്ടാമത്തെ ദിനമുഹൂർത്തത്തിൽ ശ്രാദ്ധത്തിനായി തയ്യാറാക്കണം (17) ശ്രാദ്ധത്തിന് തൃപ്പല്ലി (തി പ്പല്ലി), ഉള്ളി, ചിലയിനം, പുഴുക്കലരി, ഉഴുന്ന്, മസൂർപരിപ്പ്, കൃത്രിമമായുണ്ടാക്കിയ ലവണം ഇവ വർജ്ജിക്കണം. (19) ശ്രാദ്ധ കർമ്മം ചെയ്യുന്ന വ്യക്തി ദേഷ്യപ്പെടരുത് (20) കരയരുത് കണ്ണുനീർ വീഴ്ത്തരുത് (21) അതിയായ ആർത്തി കാണിക്കരുത് (22) ഉപ യോഗിക്കാവുന്ന പാത്രങ്ങൾ ഏതെല്ലാമെന്ന വിവരണത്തിൽ തിള ക്കമുള്ള ചെമ്പ് പിത്തളപോലുള്ള പാത്രങ്ങൾ, നെയ്യ് ദാന ത്തിനുപയോഗിക്കണം. ഇരുമ്പ് ഒഴിവാക്കണം. തടികൊണ്ടുണ്ടാ ക്കിയ പാത്രം ഉത്തമമാണ്. (23) അതിനു ശ്ലോകവുമുണ്ട്. (24) സ്വർണം, വെള്ളി, ഇവകൊണ്ടുണ്ടാക്കിയതോ മരത്തിന്റേയോ പാത്രങ്ങളാണുത്തമം. (79 : 1 – 24)

അനവധി ധർമ്മശാസ്ത്രങ്ങളിൽ അഥവാ സ്മൃതിഗ്രന്ഥങ്ങളിൽ ഓരോ ദ്രവ്യത്തിന്റെ അളവ്, ഗുണം പകരമുപയോഗിക്കേണ്ടത് എന്നിപ്രകാര മുള്ള കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അവയെല്ലാം ശ്രാദ്ധ കർമ്മത്തിന്റെ ഭാഗമാക്കേണ്ടത് എപ്രകാരമാണെന്ന കാര്യങ്ങളെക്കുറിച്ച് ചെറിയ വിവ രണ വ്യത്യാസങ്ങളുണ്ട് ശ്രാദ്ധാനുഷ്ഠാനങ്ങളിലും ചിലപ്പോൾ ഈ വ്യത്യാസം നിഴലിക്കുന്നുണ്ടാകും.

**ശ്രാദ്ധകർമ്മങ്ങളിൽ മാംസസമർപ്പണം**

ഭാരതീയ വിശ്വാസങ്ങളിൽ ചിലയിടത്ത് മാംസ സമർപ്പണം നിർദ്ദേ ശിക്കുന്നുണ്ട്. ചില ദേവതാപൂജക്കും, ഹോമത്തിനും, യാഗത്തിനും, മാംസ സമർപ്പണമനുശാസിക്കുന്നതുപോലെ പിതൃകർമ്മത്തിനും ഈ സമ്പ്രദായം ചില സ്മൃതികളിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഒട്ടേറെ ഗ്രന്ഥങ്ങളിൽ ഇത് പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരമുള്ള നിർദ്ദേശങ്ങളാണ് **എൺപതാമദ്ധ്യായത്തിലെ** പതിനാലു വരികളിലായി നൽകിയിരിക്കുന്നത്.



Scanned with CamScanner

ഈ അദ്ധ്യായത്തിൽ 1 മുതൽ 14 വരെയുള്ള വരികളിൽ എള്ള്, അരി, യവം, ഉഴുന്ന്, മൂലങ്ങളും ഫലങ്ങളും, ചെറുപരിപ്പ്, ഗോതമ്പ്, കാട്ടുനെല്ല് ഇവയുടെ പ്രാധാന്യം വിവരിച്ചതിനുശേഷം, മത്സ്യം, മാൻ, ചില പക്ഷികൾ, ചക്രവാകം, പുള്ളിമാൻ, പോത്ത്, മുയൽ, കാട്ടുപോത്ത് ഇവയുടെ മാംസ സമർപ്പണവും (ശ്രാദ്ധത്തിനായി) പറയുന്നുണ്ട്. **(80 : 1 - 14)**

മനുസ്മൃതിയിൽ വ്യത്യസ്ഥ മാംസങ്ങളുടെ പ്രാധാന്യക്രമം വിവരിക്കുന്നുണ്ട്. കാട്ടുപോത്തിന്റെയും കാട്ടുപന്നിയുടേയും മാംസം പിതൃക്കൾക്കു ഇഷ്ടഭോജ്യമാണെന്നും മനു വിവരിക്കുന്നു. എന്നാൽ ഇവയെല്ലാം ഒഴിവാക്കി പായസമാണു വേണ്ടതെന്ന് ഉശനസ്മൃതി നിർദ്ദേശിക്കുന്നു. **പയോ ദധി ഘൃതം ചൈവ ഗവാം ശ്രാദ്ധേഷ്ഠ പാവനം** പശുവിന്റെ പാൽ, തൈര്, നെയ്യ് എന്നിവയാണ് ശ്രാദ്ധത്തിനുത്തമമെന്ന് സുമന്തു ഉറപ്പിച്ചു പറയുന്നു. വെറും തിലോദകം (എള്ളും വെള്ളവും) മാത്രം കൊണ്ടുപോലും പിതൃക്കൾ തൃപ്തരാകുന്നു എന്ന് മറ്റെല്ലാ സ്മൃതികളിലും നിർദ്ദേശിക്കുന്നു.

**ശ്രാദ്ധത്തിനുള്ള ഭക്ഷണശുദ്ധി**

എല്ലാ ലൗകീക കർമ്മങ്ങളിലും (വിവാഹം, ഗൃഹപ്രവേശം, മറ്റാഘോഷവേളകൾ) പാകം ചെയ്തുകൊടുക്കുന്ന ഭക്ഷണത്തിന്റെ ശുദ്ധി പോരാ ശ്രാദ്ധ ഭക്ഷണത്തിനുള്ളത്. അതിനാൽ വളരെയേറെ പരിശുദ്ധി അതുണ്ടാക്കുന്നതിലും, വിളമ്പുന്നതിലും, അധികം വന്നാൽ കളയുന്നതിലും, പാലിക്കേണ്ടതാണ്. ശ്രാദ്ധ ഭക്ഷണത്തിന് ക്ഷണിക്കപ്പെടുന്നവർക്കും, അവർക്കു കൊടുക്കുന്ന ഭക്ഷണത്തിനും അതിലുണ്ടായിരിക്കേണ്ടതായ ഘടകങ്ങൾക്കും, നിർദ്ദേശങ്ങളുണ്ട്. **എൺപത്തിഒന്നാമദ്ധ്യായത്തിലാണിതു** വിവരിക്കുന്നത്.

ശ്രാദ്ധ ഭക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിക്കുന്നു (1) ശ്രാദ്ധ ഭക്ഷണം ഇരുന്നു മാത്രമേ കഴിക്കാവൂ (2) കാലുകൊണ്ട് സ്പർശിക്കരുത് (3) അതിനെ അശുദ്ധമാക്കരുത് (4) അധികം വന്നത് കളയുമ്പോഴും പവിത്രമായതെന്നറിയണം മന്ത്രത്തോടെ വേണം കളയാൻ (5) ശ്രദ്ധയോടെ വേണം ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കുവാൻ (6) ശ്രാദ്ധവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിന്നും രജസ്വലയായ സ്ത്രീകൾ വിട്ടു നിൽക്കണം (7) നായ (8) പന്നി (9) കോഴി (10) ഇവയുടെ സ്പർശനമുണ്ടാകാതെ ശ്രദ്ധയോടെ ശ്രാദ്ധമനുഷ്ഠിക്കണം. **(81 : 1 10)**



Scanned with CamScanner

**ബ്രാഹ്മണർക്കുള്ള അന്നദാനം**

ശ്രാദ്ധകർമ്മവുമായി ബന്ധപ്പെട്ട പ്രധാന ചടങ്ങാണ് ബ്രാഹ്മണർക്ക് ദക്ഷിണസഹിതം അന്നദാനം ചെയ്യുക എന്നത്. അതിന്റെ ശുദ്ധിയും, ആചാരങ്ങളും, ഫലവും വിവരിക്കുന്നു **എൺപത്തിയൊന്നാമദ്ധ്യായത്തിലെ** 11 മുതൽ 24 വരെയുള്ള വരികളിൽ.

(11.) ബ്രാഹ്മണർക്ക് ഭക്ഷണം കൊടുക്കുന്ന വേളയിൽ സംസാരിക്കരുത് (12) ശിരസ് മൂടി ഭക്ഷണം കൊടുക്കുകയോ കഴിക്കുകയോ അരുത് (13) ചെരുപ്പിട്ടുകൊണ്ട് ശ്രാദ്ധ ഭക്ഷണം കഴിക്കരുത് (14) കാല് പീഠത്തിൽ വെച്ച് ഭക്ഷണം കഴിക്കരുത്. (15) ശാരീരിക വൈകല്യമുള്ളവർക്ക് ശ്രാദ്ധഭക്ഷണം സമർപ്പിക്കരുത് (16) മ്ലേച്ഛന്മാരും (17) ദുസ്വഭാവമുള്ളവരും (18) രോഗികളും ഭക്ഷണം വിതരണം ചെയ്യരുത് (19) ശ്രേഷ്ഠനായവർക്കും അവർ പറയുന്നവർക്കുമാണ് ഭക്ഷണം നൽകേണ്ടതും പൂജിക്കേണ്ടതും (20) ഭക്ഷണത്തിന് കുറവുണ്ടെങ്കിലും വിമർശിക്കരുത്. (21) എത്ര കാലം ശ്രേഷ്ഠന്മാർക്ക് ഭക്ഷണം നൽകി സംതൃപ്തരാക്കുന്നുവോ അത്രയും കാലം പിതൃക്കൾക്ക് ഭക്ഷണം ലഭിക്കുന്നുവത്രെ. (22) എല്ലാവർണത്തിലും പെട്ടവർക്ക് ഭക്ഷണം നൽകി സംതൃപ്തരാക്കണം. അവർക്ക് ശുദ്ധജലവും നൽകണം. ഭക്ഷണ അവശിഷ്ടങ്ങൾ ശ്രദ്ധയോടെ ഭൂമിയിൽ കുഴിച്ചിടണം (23) ശ്രേഷ്ഠന്മാരുടേയും, ത്യാഗികളുടേയും കുലീനന്മാരുടേയും ഉച്ഛിഷ്ടം പോലും ശ്രേഷ്ഠമാണ്. (24) കുലീനന്മാർക്കു നൽകിയതിനുശേഷമുള്ള ഭക്ഷണം മറ്റുള്ളവർക്ക് (ദാസന്മാർക്കും, പതിതന്മാർക്കും) അവകാശപ്പെട്ടതാണത്രെ. **(81 : 11 - 24)**

കൈകൊണ്ട് അന്നം സ്പർശിച്ചാൽ അത് ഭക്ഷ്യയോഗ്യമല്ലെന്ന് അത്രിസ്മൃതി. കൈകൊണ്ട് സ്പർശിച്ച അന്നം കളവു മുതലുപോലെ അപവിത്രമാണെന്ന് ഭരദ്വാജസ്മൃതി.

**ശ്രാദ്ധകർമ്മത്തിന് യോഗ്യതയില്ലാത്ത ബ്രാഹ്മണർ**

ശ്രാദ്ധകർമ്മത്തിന് യോഗ്യതയില്ലാത്ത ബ്രാഹ്മണരുടെ നിര വളരെ വലുതാണ്. എല്ലാ സ്മൃതികളിലും എല്ലാ പുരാണങ്ങളിലും വളരെ വളരെ വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. അയോഗ്യരായ ബ്രാഹ്മണരെ ശ്രാദ്ധകർമ്മത്തിൽ പങ്കെടുപ്പിച്ചാലുള്ള പാപഫലവും വിഷ്ണുസ്മൃതിയിലെ **എൺപത്തിരണ്ടാമദ്ധ്യായത്തിൽ** വിവരിക്കുന്നു.

(1) ഈശ്വരീയ കർമ്മങ്ങളിലും പിതൃകർമ്മങ്ങളിലും യോഗ്യത



Scanned with CamScanner

യില്ലാത്ത ബ്രാഹ്മണരെ പങ്കെടുപ്പിക്കരുത് (2) പിതൃകർമ്മത്തിലും വ്യക്തമായി പരീക്ഷിച്ചതിനുശേഷമേ ബ്രാഹ്മണഗുണമുള്ളവനെ പങ്കെടുപ്പിക്കാവൂ (3) അംഗവൈകല്യമുള്ള ബ്രാഹ്മണനെ ഒഴിവാക്കണം (4) സ്വന്തം കർമ്മം ചെയ്യാത്ത ബ്രാഹ്മണനേയും (5) ഹീനകർമ്മങ്ങൾ ചെയ്യുന്ന ബ്രാഹ്മണനേയും (6) ആചാരമനുഷ്ഠിക്കുന്നവനായും, സന്യാസിയായും ശ്രേഷ്ഠനായും അഭിനയിക്കുന്ന ബ്രാഹ്മണനേയും (7) ജ്യോതിഷിയായ ബ്രാഹ്മണനേയും (8) ദേവസ്വം (ക്ഷേത്രജോലി ചെയ്തു ജീവിക്കുന്ന) സ്വീകരിച്ച് ജീവിക്കുന്ന ബ്രാഹ്മണനേയും (9) വൈദ്യന്മാരായ ബ്രാഹ്മണരേയും (10) വിവാഹിതയാകാത്ത സ്ത്രീയിൽ ജനിച്ച അരൂഢപുത്രനായ ബ്രാഹ്മണനേയും (11) അവന്റെ പുത്രനേയും (12) യാചിച്ച് ജീവിക്കുന്നവനേയും (13) ഗ്രാമങ്ങൾ തോറും തെണ്ടി നടക്കുന്നവനേയും (14) അധഃപതിച്ചവരിൽ നിന്ന് ഭക്ഷണം സ്വീകരിക്കുന്നവനേയും (15) സ്വീകരിക്കാനും യാചിക്കാനും പാടില്ലാത്തതിനെ യാചിച്ച് സ്വീകരിക്കുന്നവനേയും (16) സംസ്കാര ഹീനനേയും (17) അവരിൽ നിന്ന് ഉപജീവനമാർഗം സ്വീകരിക്കുന്നവനേയും (18) യുദ്ധം ചെയ്യുന്നവനേയും (19) രാജാവിന്റെ ദാസവേല ചെയ്യുന്നവനേയും (20) ശമ്പളം സ്വീകരിച്ച് വിദ്യ നൽകുന്നവനേയും (21) ശമ്പളം സ്വീകരിച്ച് പഠിപ്പിക്കുന്നവനുമായ ബ്രാഹ്മണരെയും ശ്രാദ്ധത്തിന് സ്വീകരിക്കരുത്.

(22) അധപതിച്ചവന്റെ അന്നം നിരന്തരം സ്വീകരിച്ചുപജീവനം ചെയ്യുന്നവനേയും (23) പതിതരുമായി നിരന്തരസംസർഗമുള്ളവനേയും (24) വേദം പഠിക്കാത്തവനേയും (25) സന്ധ്യോപാസന ചെയ്യാത്തവനേയും (26) രാജാവിന്റെ സേവകനേയും (27) നഗ്നനേയും (28) അഗ്നികർമ്മം, പിതൃകർമ്മം ഇവയൊന്നും അനുഷ്ഠിക്കാത്തവനേയും (29) പിതാവ്-മാതാവ്-ഗുരു-അഗ്നി-വേദപഠനം ഉപേക്ഷിച്ചവനേയും (ഈ വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണനെ) ശ്രാദ്ധത്തിനു സ്വീകരിക്കരുത്. (30) പണ്ഡിതനാണെങ്കിൽ പോലും ബ്രാഹ്മണ്യത്തിനർഹതയില്ലാത്തവനും, പരദൂഷണം പറഞ്ഞുനടക്കുന്നവനും, സമൂഹം ഭ്രഷ്ട് കൽപിച്ചവനേയും ഉപേക്ഷിക്കണം. **(82 : 1 - 30)**

സ്കന്ദപുരാണത്തിലൂടെ വ്യക്തമാക്കുന്നു **സംപരീക്ഷ്യ തു യോ ദദ്യാത് ശ്രാദ്ധ ഭോജന മാസ്ഥിതഃ** - പരീക്ഷിച്ചറിഞ്ഞതിനു ശേഷമേ ഓരോ ബ്രാഹ്മണനേയും ശ്രാദ്ധത്തിന് ക്ഷണിക്കാവൂ. ഗോത്രമറിയാ



Scanned with CamScanner

ത്തവൻ, പ്രവരമറിയാത്തവൻ, അജ്ഞാതകുലത്തിൽ ജനിച്ചവൻ ഇവർക്ക് ശ്രാദ്ധ ക്ഷണത്തിന് യോഗ്യതയില്ലെന്ന് അത്രിസ്മൃതി. ലുബ്ധൻ, അഹങ്കാരി, പ്രദർശിപ്പിച്ചു നടക്കുന്നവൻ, കള്ളസന്യാസി, ഹിംസിക്കുന്നവൻ, ഇവരെയൊക്കെ ശ്രാദ്ധകർമ്മങ്ങളിൽ നിന്നൊഴിവാക്കണമെന്ന് മനുസ്മൃതി. ഗോഭിലസ്മൃതി നിർദ്ദേശിക്കുന്നത് അംഗവൈകല്യമുള്ളവരെയും ശ്രാദ്ധത്തിന്റെ ഭാഗഭാക്കാക്കരുതെന്നാണ്.

**ശ്രേഷ്ഠബ്രാഹ്മണ ലക്ഷണം**

ശ്രാദ്ധകർമ്മത്തിന് യോഗ്യതയുള്ളതും ശ്രേഷ്ഠരുമായ ബ്രാഹ്മണരുടെ ലക്ഷണമാണ് **എൺപത്തിമൂന്നാമദ്ധ്യായത്തിലെ** വിവരണവിഷയം.

> (1) ശ്രേഷ്ഠന്മാരായവരും ആദരണീയരുമായ ബ്രാഹ്മണരുടെ ചര്യകൾ വിവരിക്കുന്നു (2) യജുർവേദഭാഗമായ തൃണാചികർമ്മം അനുഷ്ഠിക്കുന്നവർ, (3) പഞ്ചാഗ്നി ഹോമം ചെയ്യുന്നവർ (4) ജ്യോതിഷസാമമനുഷ്ഠിക്കുന്നവർ (5) വേദം പഠിച്ചവർ (6) ആറുവേദാംഗങ്ങളിലൊന്നെങ്കിലും പഠിച്ചവർ (7) പുരാണം, ഇതിഹാസം, വ്യാകരണങ്ങൾ പഠിച്ചവർ (8) ഏതെങ്കിലും ധർമ്മശാസ്ത്രം പഠിച്ചവർ (9) നിരന്തരം തീർത്ഥാടനം ചെയ്യുന്നവർ (10) യാഗയജ്ഞങ്ങൾ അനുഷ്ഠിക്കുന്നവർ (11) തപസ്സ് ചെയ്യുന്നവർ (12) സത്യവ്രതന്മാർ (13) മന്ത്രത്താൽ ശുദ്ധീകരിക്കപ്പെട്ടവർ (14) നിരന്തരം ഗായത്രീ ജപിക്കുന്നവർ (15) ശ്രദ്ധയോടെ വേദം പഠിപ്പിക്കുന്നവർ (16) യജുർവേദാന്തർഗതങ്ങളായ ചില പ്രത്യേകകർമ്മാനുഷ്ഠാനങ്ങളാണെങ്കിലും ചെയ്യുന്നവർ. ഇവരാണ് ശ്രേഷ്ഠരായ ബ്രാഹ്മണർ.
>
> ഇവരെ കൂടാതെ മേൽ വിവരിച്ച യോഗ്യതകളില്ലെങ്കിലും സ്വന്തം കുലത്തിലുള്ള, ഇനി പറയുന്നവരെ, സ്വഗൃഹത്തിലെ ശ്രാദ്ധകർമ്മങ്ങൾക്ക് സ്വീകരിക്കാം (17) മരുമകൻ (18) മകളുടെ മകൻ (19) അമ്മാവൻ, ഭാര്യാപിതാവ്, അമ്മയുടെ സഹോദരന്മാർ ഇവരും സ്വീകാര്യമാണ്. കൂടാതെ യോഗികളും ക്ഷണിതാക്കളാകാം. (20) ഈ പറഞ്ഞവരെ ശ്രദ്ധകർമ്മത്തിന് സ്വീകരിച്ചാനയിച്ച് പങ്കെടുപ്പിച്ചാൽ (21) ഈ കുലത്തിൽ ജനിച്ചു വളർന്നു മരിച്ചവർക്ക് തൃപ്തിയാകുന്നു. അത് യോഗികൾക്കും, ശ്രേഷ്ഠന്മാർക്കും, തൃപ്തിവരുത്താൻ ഞങ്ങൾക്ക് ലഭിക്കുന്ന ഭാഗ്യമാണ് എന്നവർ പറയുമത്രെ. **(83 : 1 – 21)**

തലമൊട്ടയടിച്ചവരും, ജഡധരിച്ചവരും, കാഷായമുടുത്തവരും ശ്രാദ്ധത്തിൽ ഒഴിവാകണമെന്ന് ബ്രഹ്മവൈവത്തപുരാണം. മഹാഭാരതം



Scanned with CamScanner

നിർദ്ദേശിക്കുന്നത്: വേദ-ബ്രാഹ്മണ-ഉപനിഷദ്-വേദാംഗ-പുരാണ-ദർശന വിഷയങ്ങളിൽ പണ്ഡിതരായവരെ ക്ഷണിച്ച് ശ്രാദ്ധകർമ്മത്തിൽ പങ്കെടുപ്പിക്കണമെന്നാണ്.

**ശ്രാദ്ധമനുഷ്ഠാനത്തിന് യോഗ്യതയില്ലാത്ത സ്ഥലങ്ങൾ**

വിഷ്ണുധർമ്മശാസ്ത്രത്തിലെ **എൺപത്തിനാലാമദ്ധ്യായത്തിൽ** ശ്രാദ്ധമനുഷ്ഠിക്കാൻ പാടില്ലാത്ത സ്ഥലങ്ങൾ വിവരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും - ദേശങ്ങളിലും, ദേവ-പിതൃ-പ്രേതകർമ്മങ്ങൾ നടത്തരുത്. അതുപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശ്രാദ്ധകർമ്മത്തിൽ ശ്രദ്ധിക്കേണ്ടതായ സ്ഥലവിശേഷങ്ങൾ. അതാണിവിടെ നൽകിയിരിക്കുന്നത്.

> എവിടെയെല്ലാം വെച്ച് ശ്രദ്ധകർമ്മങ്ങളനുഷ്ഠിക്കരുത് എന്നു വിവരിക്കുന്നു (1) മ്ലേച്ഛ ദേശത്തിൽ (2) മ്ലേച്ഛ ദേശത്തു പോയി കുളിക്കാത്തവരുടെ സ്ഥലത്ത് (3) മ്ലേച്ഛർ കുളിച്ച കുളത്തിൽ അവരുടെ കൂടെ നടന്നും ശ്രാദ്ധമനുഷ്ഠിക്കരുത് (4) ധർമ്മാനുഷ്ഠാനങ്ങളില്ലാത്ത രാജ്യത്തിലും അവിടെ പോയവരുടെ കൂടെയും ശുദ്ധികർമ്മമനുഷ്ഠിക്കാതെ ശ്രാദ്ധം ചെയ്യരുത്. (84 : 1 - 4)

**ശ്രാദ്ധത്തിന്നനുയോജ്യമായ സ്ഥലം**

**എൺപത്തിയഞ്ചാമദ്ധ്യായം** പൂർണമായും ശ്രാദ്ധകർമ്മത്തിന് പവിത്രമായ സ്ഥലവിവരണമാണ് നൽകുന്നത്. ശ്രേഷ്ഠമായ സ്ഥലങ്ങൾ, ക്ഷേത്രങ്ങളിൽ, തീർത്ഥക്കരയിലെല്ലാമാണ് ശ്രാദ്ധകർമ്മാനുഷ്ഠാനത്തിന് ഏറ്റവും യോജിച്ചത്.

> ശ്രാദ്ധകർമ്മങ്ങൾക്ക് ഏറ്റവും പറ്റിയ സ്ഥലമേത് എന്നതിന് വിവരണം നൽകുന്നു (1) മൂന്നു പുഷ്കരണികൾ (2) ജപ-ഹോമ-തപസ് അനുഷ്ഠിക്കുന്ന പുണ്യസ്ഥലങ്ങളിൽ (3) ഈ ക്ഷേത്രങ്ങളിൽ സ്നാനം ചെയ്താൽ തന്നെ എല്ലാ പാപത്തിൽ നിന്നും മോചനം നേടാം (4) ഗയയിൽ (5) ആൽമരച്ചുവട്ടിൽ (6) അമരകണ്ഠകപർവതത്തിൽ (7) വരാഹപർവ്വതത്തിൽ (8) നർമ്മദാതീരത്തിൽ (9) യമുനാനദിക്കരയിൽ (10) വളരെ വിശേഷപ്പെട്ട ഗംഗാതീരത്ത് (11) ഗോദാവരീനദി തീരത്തും അതിന്റെയുത്തമസ്ഥാനത്തും (12) കൂവളത്തിനടുത്തും 13. ഉൽക്കല ദേശത്തിൽ നീല പർവതത്തിലും (14) കനഖലത്തിലും കുബ്ജാമ്രദേശത്തിലും (15) വിന്ധ്യാപർവ്വതപാദമായ ഭൃഗുതുംഗത്തിലും (16) കേദാരത്തിലും (18) മഹാലയ പർവ്വത ശൃംഗത്തിലും (19) നന്ധന്തികാനദീ



Scanned with CamScanner

തീരത്തും (20) സുഗന്ധാനദീതീരത്തും (21) ശാങ്കഭരീ ദേവീ സ്ഥാനത്തും (22) ഫൽഗു തീർത്ഥത്തിലും (23) മഹാഗംഗാനദി ക്കരയിലും (24) ത്രിഹളികാഗ്രാമത്തിലും (25) കാശ്മീരിലെ കുമാ രധാരയിലും (26) ദ്വാരകാതീരത്ത് പ്രഭാസത്തിലും (27) സരസ്വ തീനദിയുടെ ഏതു കരയിലും (28) ഹരിദ്വാരത്തിലും (29) പ്രയാ ഗത്തിലും (30) ഗംഗാസംഗമങ്ങളിലും (31) നൈമിഷാരണ്യ ത്തിലും (32) വാരണാസിയിലും (33) അഗസ്ത്യകൂടത്തിലും (34) കണ്വാശ്രമത്തിലും (35) കൗശികീ നദിക്കരയിലും (36) സരയൂ തീരത്തും (37) ശോണജ്യോതിനദിക്കരയിലും (38) ശ്രീ പർവത ത്തിലും (39) കാലോദകത്തിലും (40) മാനസസരോവരത്തിലും (41) ബഢവാ നദിക്കരയിലും (42) ഗയയുടെ തെക്കുവശത്തും (43) സപ്തർഷി തീർത്ഥത്തിലും (45) സ്വർഗ്ഗമാർഗം എന്നറിയ പ്പെടുന്ന പദശാലയിലും (46) ഗോദാവരീ (47) ഗോമതി (48) നേത്രാവതീ (49) വിപാശാ (50) വിതസ്വതാ (51) ശതദ്രുതി (52) ചന്ദ്രഭാഗാ (53) ഇരാവതീ (54) സിന്ധു നദീ (എന്നീ) നദീതീര ങ്ങളിലും (55) പഞ്ചനദത്തിലും (56) ഔസജത്തിലും (57) ഇതേ ചൈതന്യമുള്ള മറ്റുതീർത്ഥക്കരയിലും നദിക്കരയിലും (58) വിദേ ശത്തുള്ളതാണെങ്കിലും പ്രസിദ്ധങ്ങളായ നദിക്കരകളിലും (59) പുണ്യപുരുഷന്മാരുടെ ജന്മസ്ഥലങ്ങളിലും (60) വൃക്ഷക്കൂടങ്ങളു ള്ളിടത്തും (61) ഒഴുകുന്ന അരുവിക്കരയിലും (62) പർവതങ്ങ ളിലും (63) വനങ്ങളിലും (64) നിബിഢവനങ്ങളിലും (65) ചെറു വനങ്ങളിലും (66) ചാണകം മെഴുകിയ വീടുകളിലും (67) സുന്ദ രമായ സ്ഥലങ്ങളിലും ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കാം. (68) പിതൃ ഗീതം ഇപ്രകാരം പാടുന്നു. (69) ഈ കുലത്തിൽ ഒരു ജന്തു ജനി ച്ചിട്ടുണ്ടെങ്കിൽ പോലും അവയ്ക്ക് ഇതാ ഈ കൈകുമ്പിൾ ജലം നദിയിലും, ജലാശയത്തിലും ശീതള ഛായയിലും ഞങ്ങൾ നൽകു ന്നു. (70) ഞങ്ങളുടെ കുലത്തിൽ ജനിച്ചത് ഉത്തമനായ മനുഷ്യ രാണെങ്കിൽ അവർക്കും ഗയയിൽ വടവൃക്ഷത്തിൽ ചുവട്ടിൽ ഞങ്ങളൊരുമിച്ച് ശ്രാദ്ധകർമ്മങ്ങളനുഷ്ഠിക്കുന്നു. (71) ഇത്രയും പുത്രന്മാരുള്ളതിൽ ഒരുവനെങ്കിലും ഗയയിൽ പോയി, അശ്വമേ ധയാഗത്തിനുതുല്യമായ ശ്രാദ്ധമനുഷ്ഠിക്കുമാറാകട്ടെ. വൃഷോ ത്സർഗത്തോടെയുള്ള ശ്രാദ്ധമനുഷ്ഠിക്കുമാറാകട്ടെ. **(85 : 1 – 72)**

അനവധി പുണ്യക്ഷേത്രങ്ങൾ, തീർത്ഥങ്ങൾ, സമുദ്ര-നദീതടങ്ങൾ കൂടാതെ ആശ്രമങ്ങളിലും പിതൃകർമ്മം നടത്താനുള്ള അനുമതി നൽകുന്നു മഹാഭാരതത്തിൽ.



Scanned with CamScanner

**വൃഷോത്സർഗശ്രാദ്ധകർമ്മം**

കുടുംബാംഗങ്ങൾ മരിച്ചാൽ മരിച്ചയാളുടെ ആത്മാവ് ചെയ്തകർമ്മ ഫലവുമായി അനവധി ദുർഘടങ്ങളായ പന്ഥാവുകളിലൂടെ പോകുമ്പോൾ അതിനു സഹായകമാകുന്നത് പരമശിവന്റെ വാഹനമായ കാളയാണത്രെ. അപ്രകാരം കാളയുടെ രൂപമുണ്ടാക്കി അഥവാ കാളയെത്തന്നെ വെച്ച് ചെയ്യുന്ന കർമ്മവിവരണമാണിവിടെ **എൺപത്തിയാറാമദ്ധ്യായത്തിലെ** വിവരണം. അതിനെ വൃഷഭവുമായി ബന്ധപ്പെട്ട കർമ്മം, വൃക്ഷോത്സർഗമെന്നു പറയുന്നു.

(1) ഇനി വൃഷോത്സർഗയാഗം വിവരിക്കുന്നു. (2) കാർത്തിക, അശ്വതി, പൗർണമിയിൽ വൃഷോത്സർഗം അനുഷ്ഠിക്കാം (3) വൃഷഭത്തിന്റെ കർമ്മങ്ങളനുഷ്ഠിക്കുന്നത് കിഴക്കു നോക്കിയാവണം (4) പാൽകുടിക്കുന്ന പ്രായത്തിലുള്ള കാളകുട്ടിയാണ് ഈ കർമ്മത്തിനു വേണ്ടത്. (5) എല്ലാലക്ഷണങ്ങളുമുണ്ടായിരിക്കണം. (6) നീലയോടടുത്തു വരുന്ന് നിറത്തിലുള്ളത് ഉത്തമം. (7) ചുവന്നതുമാകാം. മുഖം, വാൽ, പാദം, കൊണ്ട് ഉത്ഭവിക്കുന്ന സ്ഥലം ഇവ വെളുത്തിരിക്കുന്നതുമുത്തമം. (8) പശുത്തൊഴുത്തിലെ യൂഥത്തിൽ/ദണ്ഡിൽ പശുവിനേയും കാളക്കുട്ടിയേയും കെട്ടിയിരിക്കണം (9) തൊഴുത്തിൽ (പശുക്കളുടെ) മധ്യത്തിൽ അഗ്നികർമ്മം ചെയ്യണം. (10) തൊഴുത്തിന്റെ ഒരു ഭാഗത്ത് ഒരു ചക്രത്തിന്റെ സഹായത്താലും മറ്റേ ഭാഗത്തിൽ ശൂലം കൊണ്ടും വരക്കണം. (11) ഓരോ മന്ത്രവും ചൊല്ലി, ഈ കാളക്കുട്ടിയെ കുളിപ്പിക്കണം. (12) കുളിപ്പിച്ചലങ്കരിച്ച കാളക്കുട്ടിയെ പുരുഷസൂക്താദിമന്ത്രങ്ങളാൽ പൂജിക്കണം. (13) കാളക്കുട്ടിയുടെ ചെവിയിൽ പിതാവത്സ.... എന്നാരംഭിക്കുന്ന വേദമന്ത്രം ചൊല്ലണം. (14) കൂടാതെ ഇനി പറയുന്ന മന്ത്രങ്ങളും. (15) കാളതന്നെയാണ് ധർമ്മത്തിന്റെ നാലു കാലുള്ള മൂർത്തിമത് ഭാവം. നിന്നെ ഞാൻ ഭക്തിപുരസ്സരം പൂജിക്കുന്നു. എന്നെ എല്ലായിടത്തും രക്ഷിച്ചാലും. 16 മുതൽ 20 വരെ മന്ത്രവരികൾ പിതൃക്കളെ നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക് യാത്രയാക്കണമെന്ന പ്രാർത്ഥന കാളക്കുട്ടിയോട് പറയുന്നതു പോലെയുള്ളതാണ്. **(86: 1 - 20)**

**ദാനമഹത്വം**

ഭാരതത്തിലെ പ്രധാനപ്പെട്ട ഒരു ആത്മീയ ആചാരമാണ് ദ്രവ്യങ്ങൾ, ശ്രേഷ്ഠന്മാർക്കും, പണ്ഡിതന്മാർക്കും, അർഹിക്കുന്ന പാവപ്പെട്ടവർക്കും ദാനം ചെയ്യുകയെന്നത്. അപ്രകാരമുള്ള ദാനം നേത്രദാനം,



Scanned with CamScanner

രക്തദാനം, ഭൂമിദാനം, പശുദാനം.... എന്നിപ്രകാരമാണുള്ളത്. ഇവയെല്ലാം ഭാവിയിലും നടക്കുന്നുണ്ടാകും. അവയെക്കുറിച്ചാണ് 87-ാമദ്ധ്യായം വിവരിക്കുന്നത്.

(1) വൈശാഖ മാസത്തിൽ, പൗർണമി ദിനത്തിൽ പശുക്കളെ സ്വർണാഭരണങ്ങളോടെ, വസ്ത്രത്തോടെ, പാത്രത്തിൽ എള്ളും ചേർത്ത് ദാനം ചെയ്യുന്നത് ഏറെ പുണ്യമാണ് (2) എള്ളുകൊണ്ടും ഈ ദാനം ചെയ്യാം (3) സ്വർണം കൊണ്ട് വളയുണ്ടാക്കിയിട്ട് പശുക്കളെ ദാനം ചെയ്യാം (4) നല്ല രണ്ടു വസ്ത്രങ്ങൾ കൊണ്ട് പശുവിനെ പൂർണമായും പുതപ്പിച്ചും ദാനം ചെയ്യാം (5) ഗന്ധം, രക്തം ഇവയണിഞ്ഞും അലങ്കരിച്ചും ദാനം ചെയ്യാം. (6) പല ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ പാത്രങ്ങളിൽ ക്ഷീരം, നെയ്യ്, തേൻ, തൈര്, അലങ്കരിച്ച് വസ്ത്രത്തോടെ നൽകിയാലും (7) അതിനും മന്ത്രാലാപനമുണ്ട്. 8 മുതൽ 10 വരെ വരികളിൽ കൃഷ്ണാജിനം, എള്ള്, വസ്ത്രം, രത്നങ്ങൾ, ഭൂമി, തേൻ, പാൽ, ഇവയെല്ലാം ശ്രേഷ്ഠന്മാർക്ക് നൽകിയാൽ എല്ലാ ദുഷ്കർമ്മ ഫലങ്ങളിൽ നിന്നും മോചനം ലഭിക്കുന്നു എന്ന മന്ത്രപ്രാർത്ഥനയാണ്. (ഇതും പശുവിനോട് ചേർത്തു നൽകുന്ന ദാനത്തെക്കുറിച്ചാണ്) (87 : 1 - 10)

ദാനത്തിന്റെ മഹത്വം അടുത്ത അദ്ധ്യായത്തിലും തുടരുന്നു. ഇത് **എൺപത്തിയെട്ടാമദ്ധ്യായത്തിലാണ**. ശ്രാദ്ധകർമ്മവുമായി ബന്ധപ്പെട്ട ദാനങ്ങളുടെ മഹത്വം വിവരിച്ചിരിക്കുന്നത്. ഇതും പിതൃക്കളുടെ ആത്മശാന്തിയുമായി ബന്ധപ്പെട്ട കർമ്മമാണ്.

(1) അലങ്കരിച്ചതും പ്രസവിച്ചതുമായ പശു, ഭൂമിക്കു സമമാണ് (2) ഇങ്ങിനെയുള്ള പശുവിനെ ദാനം ചെയ്യുന്നത് ഭൂമിദാനം ചെയ്യുന്നതിന് തുല്യമാണ് (3) ഇതിനും പ്രാർത്ഥനയോടെയുള്ള മന്ത്രമുണ്ട്. (4) കുട്ടിയോടുകൂടിയ പശുവിനെ ശ്രദ്ധയോടെ ദാനം ചെയ്യുന്നത് യുഗങ്ങളോളം സ്വർഗവാസഭാഗ്യം ലഭിക്കുന്നതിന് കാരണമാകുന്നു. (88 : 1 - 4)

### കാർത്തികമാസത്തിന്റെ പ്രാധാന്യം

കാർത്തികമാസത്തിന്റെ മഹത്വം ആ മാസത്തിലനുഷ്ഠിക്കുന്ന ആചാരമാഹാത്മ്യവും ഇവിടെ വിവരിക്കുന്നു. ഓരോ മാസത്തിലും പ്രത്യേക കർമ്മങ്ങളനുഷ്ഠിക്കുന്നതിന്നതിലുള്ള മഹത്വമുണ്ട്. അതിൽ കാർത്തികമാസമുൾപ്പെടെയുള്ള സ്നാനവിധിയെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്



Scanned with CamScanner

(1) കാർത്തിക നക്ഷത്രത്തിൽ പൗർണമി വന്നാൽ അന്നു മുതൽക്കുള്ള മാസമാണ് കാർത്തിക മാസം (2) എല്ലാ നന്മകൾക്കും അനുയോജ്യമായ മാസമാണിത് (3) അഗ്നി ദേവനുൾപ്പെടെ എല്ലാ ദേവതാസങ്കൽപ്പങ്ങളുടേയും മുഖമാണ് കാർത്തിക. അതുകൊണ്ടുതന്നെ കാർത്തിക മാസത്തിലെ സ്നാനം, ഗായത്രി ജപം, അഗ്നി കർമ്മങ്ങൾ, ആ സംവത്സരം മുഴുവനും ചെയ്ത പാപങ്ങളെല്ലാമില്ലാതാക്കും (4) കാർത്തിക മാസത്തിലെ എല്ലാ ദിവസങ്ങളിലും സ്നാനം ചെയ്ത്, ഇന്ദ്രിയ നിഗ്രഹം ചെയ്ത്, ജപിച്ച്, ഹവിസ് ഹോമിച്ച്, എല്ലാ പാപങ്ങളിൽ നിന്നും മോചനം നേടുക എന്ന പ്രാർത്ഥനയാണിതിൽ നൽകിയിരിക്കുന്നത്. (89 : 1 – 4)

**മറ്റുമാസങ്ങളിലനുഷ്ഠിക്കുന്ന ആചാരങ്ങളുടെ മഹത്വം**

എല്ലാ മാസങ്ങൾക്കും, നക്ഷത്രങ്ങൾക്കും, തിഥികൾക്കും അതിന്റേതായ മഹത്വമുണ്ട്. ആ മഹത്വം കർമ്മധർമ്മങ്ങളനുഷ്ഠിക്കുവാൻ പാകത്തിന്നായി വിനിയോഗിക്കാനുള്ള നിർദ്ദേശമാണ്

(1) മാർഗശീർഷമാസത്തിലെ ശുക്ളപക്ഷത്തിലെ പഞ്ചദശിയിൽ പൊടിച്ച ഉപ്പിന്റെ കൂടെ ഉഴുന്നു പൊടിയും ചേർത്ത് വെള്ളം അൽപം ചേർത്ത് ഒരു മാനിന്റെ ശിരസുണ്ടാക്കി, ഒരു സ്വർണനാണയം കൂടി ബ്രാഹ്മണർക്ക് ദാനം നൽകിയാലും (2) ഇതിലൂടെ രൂപവും സൗന്ദര്യവും സൗഭാഗ്യവും ചേർന്നവനായിത്തീരുന്നു. (3) ഭഗവാൻ വാസുദേവന്റെ പ്രതിമാ, നെയ്യ് അഭിഷേകം ചെയ്ത്, ഔഷധികൾ, സുഗന്ധങ്ങൾ, വിത്തുകൾ, ഇവകൊണ്ടും അഭിഷേകം ചെയ്ത് ഗന്ധ-പുഷ്പ-ധൂപ-ദീപങ്ങളാൽ പൂജിച്ച്, മന്ത്രസഹിതം ദാനം ചെയ്താൽ മംഗളകരമായ അവസ്ഥയുണ്ടാകും (4) ഹവനങ്ങൾ അനുഷ്ഠിക്കുന്നവർക്ക് രണ്ടുവസ്ത്രം നൽകിയാൽ (5) ചൈതന്യ വർധകാനുഷ്ഠാനമായിത്തീരും. (6) മാഘമാസത്തിൽ എള്ളുകൊണ്ട് ശ്രാദ്ധകർമ്മങ്ങളനുഷ്ഠിച്ച് പരിശുദ്ധി നേടാം. (7) ഫാൽഗുന മാസത്തിൽ ദമ്പതികളായ ഭാര്യാഭർത്താക്കന്മാർക്ക് കിടക്ക നൽകി ശ്രേയസ്സുനേടാം. (8) ദമ്പതിമാരിൽ ഭാര്യയേയും പൂജിക്കുക (9) ചൈത്രമാസത്തിൽ ചിത്രങ്ങളോടു കൂടിയ വസ്ത്രങ്ങൾ നൽകി സൗഭാഗ്യവാന്മാരകുക (10) വൈശാഖമാസത്തിൽ ഏഴു ബ്രാഹ്മണർക്ക്, യമധർമ്മരാജപ്രീതിക്കായി തേൻ ചേർത്ത എള്ളും ഭക്ഷണവും നൽകി പാപമോചനം നേടുക. (11) ജ്യേഷ്ഠമാസത്തിൽ കുട, വിശറി ഇവ

ദാനം ചെയ്ത് പശു സമ്പത്ത് വർദ്ധിപ്പിക്കുക (12) ആഷാഢമാസത്തിൽ അന്നപാനാദികൾ ദാനം നൽകി അക്ഷയാവസ്ഥ പ്രാപിക്കുക (13) ശ്രാവണമാസത്തിൽ പശുവിനേയും, ഇരട്ടവസ്ത്രം, ഭക്ഷണം, ഇവ ദാനം ചെയ്ത് സ്വർഗപ്രാപ്തിനേടുക. (14) പൗഷ്യമാസത്തിൽ ഗോദാനം ചെയ്ത് എല്ലാ പാപത്തിൽ നിന്നും മോചനം നേടുക. (15) അശ്വിനി മാസത്തിലെ പൗർണമിദിനത്തിൽ സ്വർണനാണയം ദക്ഷിണയായി നൽകി നെയ്യു കൂട്ടി അന്നദാനം ചെയ്താൽ അഗ്നിതേജസ്സുള്ളവനായിത്തീരും. (16) കാർത്തിക മാസത്തിൽ ചന്ദ്രോദയത്തിൽ, സുഗന്ധപൂരിതമായ എണ്ണയുള്ള ദീപങ്ങളുടെ മധ്യത്തിൽ സ്വർണദാനം ചെയ്താൽ ഭയമുക്തനാകും (17) വൈശാഖമാസത്തിലെ ശുക്ളപക്ഷതൃതീയയിൽ വാസുദേവ പൂജ നടത്തി എല്ലാ പാപങ്ങളിൽ നിന്നും മോചനം നേടാം. (18) ആ ദിവസം എന്തുകൊടുക്കുന്നുവോ സ്വീകരിക്കുന്നുവോ അത് അക്ഷയമായി ഭവിക്കുന്നു. (19) പൗഷ്യമാസത്തിലെ കൃഷ്ണപക്ഷ ദ്വാദശി നാളിൽ ഉപവാസമിരുന്ന് എള്ളെണ്ണ തേച്ചു കുളിച്ച്. തിലോദകം കൊടുത്ത്, എള്ളുകൊണ്ട് വാസുദേവ പൂജ നടത്തി, എള്ള് അഗ്നിയിലും ഹോമിച്ച്, എള്ള് ഭക്ഷണം കഴിച്ച് പാപമോചനം നേടണം. (20) മാഘമാസത്തിൽ കൃഷ്ണപക്ഷ ദ്വാദശിയുടെയന്ന് ഉപവസിച്ച് രണ്ടു തിരിയുള്ള വിളക്കു കത്തിച്ച് തിരുവോണ നക്ഷത്രത്തിന്റെയന്ന് ശ്രീ വാസുദേവ പൂജ നടത്തി ദീപം ദാനം ചെയ്താൽ ശ്രേയസ്സുണ്ടാകു (21) വിളക്കിന്റെ മഹത്വവിവരണത്തിൽ വാസുദേവവിഗ്രഹത്തിന്റെ വലതു വശത്തു വെക്കുന്ന വിളക്കിൽ പരുത്തിനൂലുകൊണ്ട് നെയ്യൊഴിച്ച് വിളക്കു വെക്കണം (22) ഇടതുവശത്ത് എള്ളെണ്ണയൊഴിച്ച് വെളുത്ത തുണികഷണമുപയോഗിച്ച് തിരിയുണ്ടാക്കി വിളക്കു കത്തിക്കണം (23) ഇപ്രകാരം ചെയ്താൽ ജനിച്ച രാജ്യത്ത്, ജനിച്ച കുലത്തിൽ, ശ്രേഷ്ഠനും പ്രസിദ്ധനുമായിത്തീരും. (24) അശ്വിനി മാസത്തിൽ എല്ലാ ദിവസവും ശ്രേഷ്ഠർക്ക് നെയ്യു കൂട്ടി ഭക്ഷണം നൽകി രൂപ ഭാഗ്യം നേടാം (25) എല്ലാ മാസവും രേവതി നക്ഷത്രത്തിൽ വാവിന് തേൻ, നെയ്യ് കൂട്ടി പായസം ഉണ്ടാക്കി ശ്രേഷ്ഠരെ പ്രീണിപ്പിച്ചാൽ രൂപഭാഗ്യമുണ്ടാകും. (27) മാഘമാസത്തിൽ അഗ്നിയിൽ എള്ള് ഹോമിച്ച്, നെയ്യും, ഉഴുന്നും ചേർന്ന ഭക്ഷണം ബ്രാഹ്മണർക്ക് നൽകി ഊർജ്ജസ്വലനാകാം. (28) എല്ലാ ചതുർദശി ദിവസവും നദിയിൽ കുളിച്ച് യമധർമ്മരാജനെ പൂജിച്ച് എല്ലാ പാപ



Scanned with CamScanner

ങ്ങളിൽ നിന്നും മോചനം നേടാം. (29) മാഘ ഫൽഗുനമാസങ്ങളിൽ നിത്യവും സ്നാനം ചെയ്ത് വാവിന്റെയന്ന് വ്രതമെടുത്താൽ ഭൗതീക സുഖസമ്പത്തുണ്ടാകും. **(90 : 1 - 29)**

വളരെ പ്രാധാന്യമർഹിക്കുന്നതും ഈ സുദീർഘമായ അദ്ധ്യായത്തിലെ വിവരണങ്ങൾ. ജീവിതത്തിന്റെ മാറ്റുകൂട്ടുന്നതുമായ വിധത്തിൽ മറ്റനവധി ആചാരങ്ങൾ മറ്റനവധി സ്മൃതികളിൽ വിവരിക്കുന്നു. ഇവയെല്ലാം ഉള്ളതിലേക്ക് നൂതനാശയങ്ങൾ കൂട്ടിച്ചേർക്കുന്നതു പോലെയാണ് വരുന്നത്. ഇപ്രകാരമുള്ള അനവധി ആചാരങ്ങൾ ഭാരതത്തിലെ വ്യത്യസ്ഥ ദേശങ്ങളിൽ പ്രചുരപ്രചാരം നേടിയിട്ടുണ്ട്. അനവധിയാചാര്യന്മാർ അവരുടെ ബുദ്ധിക്കും യുക്തിക്കും നിരക്കുന്നവിധത്തിൽ മനുഷ്യരുടെ മാനസീക - ശാരീരിക - കുടുംബപര-സാമൂഹീക-രാഷ്ട്രപരമായ നന്മക്കായി ശാരീരിക-കുടുംബപര-സാമൂഹീക-രാഷ്ട്രപരമായ നന്മക്കായി വിവരിച്ച് നൽകുന്നു. അവയെല്ലാം ആചാരങ്ങളായി മാറുമ്പോൾ സ്മൃതിഗ്രന്ഥങ്ങളിൽ സ്ഥാനം പിടിക്കുന്നു. അപ്രകാരമാണ് നൂതനങ്ങളായ സ്മൃതിഗ്രന്ഥങ്ങളുണ്ടാകുന്നതും ഉണ്ടായതും !

**പലതരത്തിലുള്ള ദാനങ്ങളും അവയുടെ മഹത്വവും**

ഭാരതമെന്ന രാഷ്ട്രം ധർമ്മഭൂമിയായി നിലനിൽക്കാൻ കാരണം ജീവിതചര്യകളെല്ലാം ധർമ്മത്തിന്റെ പന്ഥാവിലൂടെ ശുദ്ധീകരിക്കപ്പെട്ടു പ്രയോഗിക്കുന്നതാണ്. ദാനം കർമ്മങ്ങളുടെ ഭാഗമായി ഗ്രാമഗ്രാമങ്ങൾതോറും കുളവും, കിണറും, വഴിവിളക്കും, ചുവടുതാങ്ങിയും തണ്ണീർ പന്തലും, സംഭാരവും നൽകുന്ന പതിവ് ഈ രാഷ്ട്രത്തിന്റെ ചൈതന്യത്തിന്റെ ഭാഗമായി നിലനിൽക്കുന്നു. അഭയദാനം, ഭൂമിദാനം, കാർഷികാവശ്യത്തിനുള്ളവയുടെ ദാനമെല്ലാം ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. ദാനമെന്ന പദം ഭാരതത്തിൽ സമഗ്ര ജീവിതദർശനമാണ്. ദാനമായി നൽകാൻ പാടില്ലാത്തതായിട്ടൊന്നുമില്ല. അവയുടെ വിവരണമാണ് **തൊണ്ണൂറ്റിഒന്നാമത്തെ അദ്ധ്യായ** വിവരണം.

(1) കിണർ, കുളം, തടാകം ഇവ ദാനം ചെയ്താൽ അപ്പോൾ തന്നെ പല ജന്മങ്ങളിൽ ചെയ്ത പാപത്തിന്റെ പകുതി തീരും. (2) അതിൽ നിന്നും ജലം കുടിക്കുന്നവരുടെ പ്രാർത്ഥനയാൽ, അതുനിർമ്മിച്ച വ്യക്തി വരുണ ലോകത്തെത്തുന്നു. (3) ആ വ്യക്തി എന്നും തൃപ്തനായിത്തീരുകയും ചെയ്യുന്നു. (4) വൃക്ഷങ്ങൾ നട്ടുവളർത്തുന്ന വ്യക്തിക്ക് അവ പുത്രന്മാരെ പോലെ ആയിത്തീരുന്നു. (5) വൃക്ഷങ്ങളാൽ പ്രകൃതിയും ദേവന്മാരും സന്ത



Scanned with CamScanner

ഷ്ടരായിത്തീരുന്നു (6) അതിഥികൾക്ക് ഫലവും ലഭിക്കുന്നു (7) തണൽ കൊണ്ട് വഴിയാത്രക്കാർ ആനന്ദിക്കുന്നു, തൃപ്തരാകുന്നു. (9) പാലം പണിയുന്ന വ്യക്തിക്ക് സ്വർഗസുഖം ലഭിക്കുന്നു (10) ആരാണോ ദേവാലയം പണിയുന്നത് അയാൾ ആ ദേവന്റെ ലോകത്തെത്തുന്നു. (11) മറ്റുള്ളവരെ സഹായിക്കുന്ന വ്യക്തി യശസ്സു നേടുന്നു. (12) ചിത്രങ്ങളാൽ ആനന്ദിപ്പിക്കുന്ന വ്യക്തി ഗന്ധർവ ലോകത്തെത്തുന്നു. (13) പുഷ്പങ്ങൾ നൽകുന്ന വ്യക്തി ഐശ്വര്യവാനായിത്തീരുന്നു. (14) ലേപനത്തിനായി ഭസ്മം, കളഭം എന്നിവ നൽകുന്ന വ്യക്തി നല്ല കാഴ്ച ശക്തിയുള്ളവനായിത്തീരുന്നു. (16) അന്നദാനം ചെയ്യുന്ന വ്യക്തി ആരോഗ്യവാനായിത്തീരുന്നു. (17) ദേവചൈതന്യം പ്രസരിപ്പിക്കുന്ന വ്യക്തിക്ക് പശുവിനെ ദാനം ചെയ്ത ഫലം ലഭിക്കുന്നു. (18) ക്ഷേത്രം നന്നാക്കിയാലും, ഗൃഹം ശുചിയാക്കിയാലും, ശ്രേഷ്ഠന്മാരെ സേവിച്ചാലും ദേവാനുഗ്രഹം ലഭിച്ചാലും, (19) കിണർ, പൂന്തോട്ടം, ദേവാലയം, നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താലും അത്യുജ്ജ്വലമായ സത്ഫലങ്ങൾ ലഭിക്കുന്നു. **(91 : 1 - 19)**

കള്ളന്മാർ, വന്യമൃഗങ്ങൾ, ദുഷ്ടന്മാർ ഇവരിൽ നിന്നും ജനങ്ങളെ സംരക്ഷിച്ച് അഭയം നൽകുന്നതിന്റെ പുണ്യഫലമാണ് 92-ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്.

(1) അഭയ ദാനമാണ് മറ്റെല്ലാ ദാനത്തിനേക്കാളും മഹത്തായ ദാനം (2) ഇതിലൂടെ സമുജ്ജ്വലമായ പുണ്യലോകത്തിലേക്ക് എത്തുവാൻ സാധിക്കുന്നു. (3) ഇതുപോലെയാണ് ഭൂമി, പുരയിടം, കൃഷിയിടം എന്നിവ ദാനം ചെയ്യുന്നതിലൂടെയും (4) വളരെ ചെറിയ അളവിൽ ഭൂമി ദാനം ചെയ്താലും ബ്രഹ്മഹത്യ പാപത്തിൽ നിന്നും മഹാപാതകത്തിൽ നിന്നും പോലും മോചനം നേടാവുന്നതാണ്. (5) പശുക്കൾക്ക് മേയാനുള്ള പുൽത്തകിടി നൽകിയാൽ സ്വർഗലോകം ലഭിക്കുന്നു. (6) പത്തു പശുക്കളെയും അവയ്ക്കു മേയാനുള്ള സ്ഥലം കൊടുത്താലും ഗോലോകം ലഭിക്കുന്നു. (7) നൂറു പശുക്കളെ ദാനം ചെയ്താൽ ബ്രഹ്മലോകവും (8) സ്വർണനിറത്തിലുള്ള കൊമ്പും, വെള്ളിയുടെ നിറത്തിലുള്ള കുളമ്പുള്ള പശുവും നാണയവും, വസ്ത്രങ്ങളും ചേർത്ത് ദാനം ചെയ്താൽ ആ പശുവിന് എത്ര രോമമുണ്ടോ അത്രയും വർഷം സ്വർഗ ലോകമനുഭവിക്കാം. (9) കറുത്ത പശുവും വളരെ വിശേഷപ്പെട്ടതാണ് (10) നല്ലവണ്ണം ഇണങ്ങിയ പശുക്കളേയും



Scanned with CamScanner

കാളകളേയും ദാനം ചെയ്താൽ പത്തുപശുക്കളെ ദാനം ചെയ്യുന്ന പുണ്യമാണ് (11) കുതിരകളെ ദാനം ചെയ്താൽ സൂര്യലോകത്തിലേക്ക് പ്രയാണം ചെയ്യുന്നു. (12) വസ്ത്രദാനത്തിലൂടെ ചിത്രലോകത്തെ പ്രാപിക്കാം (13) സ്വർണദാനത്തിലൂടെ നല്ല സൗന്ദര്യം ലഭിക്കുന്നു. (15) നല്ല പാത്രങ്ങൾ ദാനം ചെയ്യുന്നതിലൂടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കപ്പെടുന്നു. (16) നെയ്യ്, തേൻ, എണ്ണ ദാനത്തിലൂടെ ആരോഗ്യം ലഭിക്കുന്നു (17) ഔഷധദാനം ചെയ്യുന്നതിലൂടെയും ആരോഗ്യം ലഭിക്കുന്നു.

(18) ഉപ്പുദാനം ചെയ്യുന്നതിലൂടെ ലാവണ്യമുണ്ടാകുന്നു. (19) ധാന്യം നൽകുന്നതിലൂടെയും. (20) സസ്യലതാദികൾ ദാനം ചെയ്യുന്നതിലൂടെയും പരമമായ തൃപ്തി. (21) അന്നത്തിനനുയോജ്യസസ്യങ്ങൾ നൽകുന്നതിലൂടെയും തൃപ്തിയുണ്ടാകുന്നു. (22) ധാന്യങ്ങൾ ദാനം ചെയ്യുന്നതിലൂടെ സൗഭാഗ്യമുണ്ടാകുന്നു. (23) എണ്ണക്കുരുക്കൾ ദാനം ചെയ്യുന്നതിലൂടെ പ്രജകളുടെ തൃപ്തി ലഭിക്കുന്നു. (24) ഇന്ധനം ദാനം ചെയ്യുന്നതിലൂടെ അഗ്നിപോലെ തേജസ്സുള്ളവനായിത്തീരുന്നു. (25) കൂടാതെ ഏതു യുദ്ധത്തിലും സർവജയവും സിദ്ധമാകുന്നു. (26) നല്ല കസേര തുടങ്ങിയ ഇരിപ്പിടദാനത്തിലൂടെ സമൂഹത്തിൽ സ്ഥാനമാനങ്ങൾ ലഭിക്കുന്നു (27) നല്ല കിടക്ക ദാനത്തിലൂടെ നന്മ നിറഞ്ഞ കുടുംബിനിയെ ലഭിക്കുന്നു. (28) വാഹനദാനത്തിലൂടെ കുതിരയോടു ചേർന്ന രഥം ലഭിക്കുന്നു. (29) കുട നൽകുന്നതിലൂടെ സ്വർഗം ലഭിക്കുന്നു. (30) താലം, ചാമരം, നൽകുന്നതിലൂടെ സുഖം ലഭിക്കുന്നു. (31) കെട്ടിടം, ആലയം ഇവയുടെ ദാനത്തിലൂടെ നഗരാധിപത്യം ലഭിക്കുന്നു. (32) ആരാണോ ഈ ലോകത്തിൽ ഗൃഹം ദാനം ചെയ്യുന്നത് അത് നന്മ നിറഞ്ഞവർക്ക് നൽകുകയും വേണം അപ്പോൾ അക്ഷയ സംതൃപ്തി ലഭിക്കുന്നു. **(92 : 1 - 32)**

### ദാനം സ്വീകരിക്കാൻ യോഗ്യതയുള്ള വ്യക്തികൾ

ദാനം സ്വീകരിക്കുന്നവർക്കും കൊടുക്കുന്നവർക്കും യോഗ്യതയുണ്ടാകണം. സ്വീകരിക്കുന്നവർക്ക് യോഗ്യതയില്ലെങ്കിൽ ദാനത്തിന്റെ പുണ്യഫലം ലഭിക്കില്ലെന്നു മാത്രമല്ല നൽകുന്നവൻ പാപഫലമനുഭവിക്കേണ്ടതായും വരുന്നു. **തൊണ്ണൂറ്റിമൂന്നാമദ്ധ്യായത്തിൽ** ദ്രവ്യങ്ങളും അതു സ്വീകരിക്കുന്ന വ്യക്തികളുടെ ഗുണങ്ങളുമാണ് വിവരിക്കുന്നത്. അതിക്രമങ്ങളും, അന്യായങ്ങളും, അധർമ്മങ്ങളും ചെയ്യുന്നവനും അവരുടെ കൂടെ നിൽക്കുന്നവരും സഹായിക്കുന്നവരുമെല്ലാം ദാനത്തിന്നർഹ



Scanned with CamScanner

രായാൽ ആ ദാനം ചെയ്യുന്ന വ്യക്തി, ഈ വിപരീതകർമ്മങ്ങളേയും അതുചെയ്യുന്നവരേയും പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമായിരിക്കും.

വ്യത്യസ്ഥ വ്യക്തികൾക്ക് ദാനം ചെയ്യുന്നതിന്റെ മഹത്വം വിവരിക്കുന്നു

(1) അബ്രാഹ്മണന് ദാനം ചെയ്താൽ അത്രയും പുണ്യം പരലോകത്തിൽ ലഭിക്കുന്നു. (2) ബ്രാഹ്മണനാണ് ദാനം നൽകിയതെങ്കിൽ ഇരട്ടിഫലവും (3) ആചാര്യന്മാർക്കും ഗുരുക്കന്മാർക്കുമാണെങ്കിൽ ആയിരം മടങ്ങും (4) വേദപണ്ഡിതന്മാർക്കാണെങ്കിൽ അനന്തവുമാണ് പുണ്യഫലം (5) അവനവന്റെ (സ്വന്തം) പുരോഹിതനാണിവിടെ വിവക്ഷിക്കുന്നത് (6) അവനവന്റെ മരുമകൻ, മകളുടെ ഭർതൃപിതാവിനും ഇതുതന്നെ പുണ്യഫലം. (7) ജലം ദാനം ചെയ്യുകയാണെങ്കിലും നല്ല വ്രതാനുഷ്ഠാനമുള്ളവന് സമർപ്പിക്കുന്നു. കള്ളത്തരത്തിലൂടെ വ്രതികനാണെന്നും യോഗിയാണെന്നുമഭിനയിക്കുന്നവനും അത്തരത്തിലുള്ള വേദപണ്ഡിതർക്കും നൽകുന്നതിലൂടെ ഒരു ഫലവും സിദ്ധിക്കുന്നില്ല. (8) അധാർമ്മികൻ, ലുബ്ധൻ, അഹങ്കാരി, ദംഭമുള്ളവൻ, കള്ളസന്യാസി, പൂച്ചസന്യാസി, (9) സ്വാർത്ഥർ, ആത്മാർത്ഥതയില്ലാത്തവർ, താഴ്ന്നവർ, കർമ്മമനുഷ്ഠിക്കാത്തവർ, ശഠർ, വിനയമുള്ളവനെന്നഭിനയിക്കുന്നവർ, പ്രദർശനം നടത്തുന്നവർ എന്നീ വിഭാഗത്തിൽ പെടുന്ന ബ്രാഹ്മണർക്ക് എന്തു ദാനം നൽകിയാലും പ്രയോജനമില്ല. (10) ഇത്തരത്തിലുള്ള ബ്രാഹ്മണർക്ക് ദാനം നൽകിയാൽ നൽകുന്നവർ അന്ധതാ മിശ്രം എന്ന നരകത്തിൽ പതിക്കുന്നു. (11) അധർമ്മം, അനീതി, അന്യായം ഇത് നിരന്തരം ചെയ്തുകൊണ്ടിരിക്കുകയും നിരന്തരം വ്രതമനുഷ്ഠിച്ചു കൊണ്ടുമിരിക്കുകയും ചെയ്യുന്ന വ്യക്തിക്ക് ദാനം ചെയ്തും പ്രയോജനമില്ല (12) ഇപ്രകാരം പ്രദർശനത്തിനായി ആത്മാർത്ഥതയില്ലാതെ ബ്രാഹ്മണ്യവേഷം കെട്ടി നടക്കുന്നവനും (13) ശിഖവെച്ച്, ദണ്ഡുമായി, വേദമറിയാവുന്നവനെ പോലെ കള്ളത്തരത്തിലൂടെ ഉപജീവനം നടത്തുന്നവന് ദാനം ചെയ്താലും മൃഗമായി പുനർജന്മം ലഭിക്കുന്നു. (14) കീർത്തിക്കു വേണ്ടിയും, ഭയത്തോടെയും, ഉപകാരാർത്ഥമെന്ന രീതിയിലും ദാനം ചെയ്യുന്നതുകൊണ്ട് ഫലമില്ല. അതേപോലെ അധാർമ്മീകരീതിയിൽ നൃത്തം, ഗീതം, എന്നീ കലകൾ വിറ്റു ജീവിക്കുന്നവർക്കും ദാനം നിഷ്പ്രയോജനമാണ്. (3 : 1 - 14)



Scanned with CamScanner

**സന്യാസ ആശ്രമ മഹത്വം**

ഇനി വിവരിക്കുന്നത് സന്യാസാശ്രമത്തെക്കുറിച്ചാണ്. തത്വശാസ്ത്രാചാര്യനും ദേവകർമ്മാചാര്യനും ആത്മകർമ്മാചാര്യനും മാറിമാറി സന്യാസത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചു. ഭാരതത്തിലെ പ്രധാന ജീവിതവീക്ഷണമെന്നത് പുരുഷാർത്ഥങ്ങളായ ധർമ്മാർത്ഥ കാമമോക്ഷങ്ങളാണ്. അതിൽ ധാർമ്മീക കാര്യങ്ങളും അർത്ഥസമ്പാദനവും ആഗ്രഹപൂർത്തീകരണവും വ്യക്തമായി വിവരിക്കുന്നുണ്ടെന്നറിഞ്ഞുവല്ലോ!. ഇനിയുള്ളത് ജീവിതാന്ത്യത്തിലേക്കുകടക്കുന്ന വ്യക്തികളുടെ മോക്ഷ മാർഗത്തെക്കുറിച്ചാണ്. ആഗ്രഹങ്ങളിൽ നിന്നുള്ള മോചനമാണ്- **മോഹസ്യക്ഷയം = മോക്ഷം** അത് സന്യാസവും തുടർന്നുള്ള വാനപ്രസ്ഥത്തിലൂടെയുമാണെന്ന് തത്വശാസ്ത്രാചാര്യൻ പറഞ്ഞു.

ബ്രഹ്മചര്യം വിദ്യാസമ്പാദനത്തിനായി വിനിയോഗിക്കണം. ഗൃഹസ്ഥാശ്രമം ധനസമ്പാദനത്തിനും ജീവിതാസ്വാദനത്തിനും വിനിയോഗിക്കണം. ഈ രണ്ടു കാലഘട്ടങ്ങളിലും അറിഞ്ഞതും സമ്പാദിച്ചതുമായ അറിവുകളും അനുഭവങ്ങളും അടുത്ത തലമുറയ്ക്ക് കൊടുക്കാനാണ് സന്യാസാശ്രമം. അതാണ് **വിഷ്ണുധർമ്മശാസ്ത്രത്തിലെ 94-ാം അദ്ധ്യായത്തിലും** മറ്റെല്ലാ ധർമ്മശാസ്ത്രങ്ങളിലും സ്മൃതിഗ്രന്ഥങ്ങളിലും പുരാണേതിഹാസങ്ങളിലും വിവരിക്കുന്നത്.

**സന്യാസകർമ്മധർമ്മ സംക്ഷിപ്തം**

ഗൃഹസ്ഥൻ 1. കാലചക്രം തിരിയുമ്പോൾ വാനപ്രസ്ഥാനമായി അനുഷ്ഠിക്കേണ്ടതായ ധർമ്മങ്ങളെന്തെല്ലാമെന്ന് ഇവിടെ വിവരിക്കുന്നു. (2) മകന്റെ മകനായ പൗത്രദർശനത്തോടെ വനവാസം സ്വീകരിക്കാം. (3) സ്വഭാര്യയുടെ സംരക്ഷണം മകനെയേൽപ്പിച്ച് യാത്രയാകാം അഥവാ ഭാര്യയോടു കൂടി യാത്രയാകാം (4) ആരണ്യത്തിലും അഗ്നി ഉപാസന നടത്തണം (5) ദേവ-പിതൃ-ഋഷി-ഭൂത-മനുഷ്യയജ്ഞങ്ങൾ (പഞ്ചമഹായജ്ഞം) മുടക്കരുത് (6) വേദപഠനം, മന്ത്രാലാപനം മുടക്കരുത് (7) ബ്രഹ്മചര്യ വ്രതമനുഷ്ഠിക്കണം (8) അത്യാവശ്യം വസ്ത്രം, തോൽ, കുപ്പായം, എന്നീ ലളിതമായ വേഷങ്ങൾ (9) തലമുടി, താടി, ഇവ നിലനിൽക്കണം (10) മൂന്നു നേരം സ്നാനം നിർബന്ധം (11) അന്നന്നത്തേക്കാവശ്യമായ ഭക്ഷണം സ്വീകരിക്കൽ, ഒരു മാസത്തേക്കുള്ളത് ശേഖരിക്കൽ ആറു മാസത്തേക്ക് ശേഖരിക്കൽ ഒരു സംവത്സരത്തിനുള്ളത് ശേഖരിക്കൽ ഇതിലേതുമാകാം. (12) ഒരു സംവത്സരത്തിനുള്ളത് ശേഖരിക്കുന്ന വാനപ്രസ്ഥീ അതിനുമുമ്പ് ശേഖരിച്ചതിൽ



Scanned with CamScanner

ബാക്കിയുണ്ടെങ്കിൽ തിരസ്കരിക്കണം. (അവ ഉപയോഗിക്കരുത്) (13) ഗ്രാമത്തിൽ വസിച്ച് ഗ്രാമീണരിൽ നിന്ന് സ്വീകരിച്ചത് ഭക്ഷിക്കണം. വനത്തിൽ വസിച്ച് സ്വയം പാകം ചെയ്ത് പ്ളാശിന്റെ ഇലയിൽ വെച്ച് കൈകൊണ്ടൽപം കഴിക്കാം. **(94 : 1 - 13)**

വൈദീകസാഹിത്യത്തിൽ വേദങ്ങൾ കഴിഞ്ഞുവരുന്നത് ബ്രാഹ്മണങ്ങൾ അതു കഴിഞ്ഞാൽ ആരണ്യകങ്ങളായി. സന്യാസിയും വാനപ്രസ്ഥനും അനുഷ്ഠിക്കേണ്ടതായ യാഗയജ്ഞകർമ്മങ്ങളാണ് ആരണ്യക വിഷയങ്ങൾ. അതിൽ പ്രധാനമായും ശുദ്ധവൈദീക ആത്മീയത നിറഞ്ഞിരിക്കുന്നു. എന്നാൽ ധർമ്മശാസ്ത്രത്തിൽ കുറേകൂടി ഭൗതീകതയുമുണ്ട്.

**വാനപ്രസ്ഥന്റെ കർമ്മസംക്ഷിപ്തം**

ഇവിടെ വാനപ്രസ്ഥന്റെ കർമ്മധർമ്മങ്ങൾ വിവരിക്കുന്നത് തൊണ്ണൂറ്റിയഞ്ചാമദ്ധ്യായമായിട്ടാണ്.

(1) തപസ്സുകൊണ്ട് വാനപ്രസ്ഥൻ ശരീരം ശോഷിപ്പിക്കണം (2) ഗ്രീഷ്മത്തിൽ പഞ്ചതപസ്സനുഷ്ഠിക്കണം (പഞ്ചാഗ്നിതപസ്) (3) മേൽക്കൂരയില്ലാതെ തുറസ്സായ സ്ഥലത്തു കിടക്കണം (4) ഹേമന്തത്തിൽ വർഷത്തുള്ളികളേറ്റു കിടക്കണം. (5) രാത്രിയിലൊരു നേരം ഭക്ഷിക്കുന്നവനായിത്തീരണം (6) ഒന്നിടവിട്ട്, രണ്ടിടവിട്ട്, മൂന്നിടവിട്ടുള്ള രാത്രികളിൽ ഒരു നേരം ഭക്ഷണം പരിചയിക്കണം (7) പുഷ്പങ്ങൾ (8) ഫലങ്ങൾ (9) ഇലകൾ (10) വള്ളികൾ ഇവ പാകം ചെയ്തോ ചെയ്യാതേയോ ഭക്ഷിക്കണം (11) ഇടക്ക് പാകം ചെയ്ത അന്നവുമാകാം. (12) മേൽവിവരിച്ച രീതിയിൽ ജീവിക്കണം (13) മണ്ണിൽ അടുപ്പു കൂട്ടി വേവിച്ചതോ (14) വെള്ളത്തിലിട്ട് കുതിർത്തതോ ആയതും ഭക്ഷിച്ച് ജീവിക്കാം. (15) തപസ്സാണ് എല്ലാകർമ്മങ്ങൾക്കുമാധാരം, ദൈവികവും മാനുഷീകവുമതിലുണ്ട്. ആരംഭവും, മധ്യവും, അവസാനവും തപസ്സാണ്. എല്ലാം തപസ്സിലധിഷ്ഠിതമാണ്. (16) നടക്കുന്നതും, നീന്തുന്നതും, ദൂരെയെത്തുന്നതും, ദുഷ്കരമായതനുഷ്ഠിക്കുന്നതും എല്ലാം തപസ്സിലൂടെ സാധിക്കുന്നു. എല്ലാം ദുരിതങ്ങളകറ്റുന്നു. **(95 : 1 - 16)**

വാനപ്രസ്ഥന്റെ കർമ്മധർമ്മങ്ങളെല്ലാം ജീവിതത്തിൽ നിന്ന് വിടവാങ്ങുന്നതിനുള്ള തയ്യാറെടുപ്പാണ്. അതുകൊണ്ടുതന്നെ ലൗകീകത്തിൽ നിന്ന് ആത്മീയതയിലേക്കുള്ള പ്രയാണത്തിന്റെ അവസാനഭാഗമാണ് വാനപ്രസ്ഥമെന്നും തത്വശാസ്ത്രാചാര്യൻ വിവരിച്ചു. ഭഗവദ്ഗീതയും,



Scanned with CamScanner

ഉപനിഷദ് ഗ്രന്ഥങ്ങളിലും വിവരിക്കുന്ന ഗഹനമായ ആത്മജ്ഞാന മാണ് ഇവിടെ തത്വശാസ്ത്രപരമായി പ്രാധാന്യമർഹിക്കുന്നത്.

**ജീവിതവീക്ഷണം**

വിഷ്ണുധർമ്മശാസ്ത്രത്തിലെ **തൊണ്ണൂറ്റിയാറാമദ്ധ്യായം** പൂർണ മായും ജീവിതത്തിലെ പ്രായോഗിക തത്വശാസ്ത്രവിവരണമാണ് നൽകുന്നത്. അത് ഉപദേശങ്ങളാണ്. ജീവിതയാഥാർത്ഥ്യങ്ങളാണ്. ഭഗ വദ്ഗീതയിലെ ജ്ഞാനയോഗസന്ദേശങ്ങൾ പോലെ പ്രധാനപ്പെട്ട വിവ രണങ്ങളും സന്ദേശങ്ങളും അതിലുണ്ട്. വാനപ്രസ്ഥന്റെ ജീവിതശൈ ലി, ഭക്ഷണം, ഉറക്കം, കർമ്മധർമ്മാചാരണം, ജീവിതത്തിലെ ഓരോ ന്നിനോടുമുണ്ടായിരിക്കേണ്ടതായ വീക്ഷണങ്ങൾ, അതിൽ ആത്മീയ തയുടെ പ്രാധാന്യം. ഇവയെല്ലാം ഈ അദ്ധ്യായത്തിലെ 98 സന്ദേശ ങ്ങളിലൂടെ നൽകുന്നു. അതിൽ 97, 98 വരികൾ ഗീതാശ്ലോകങ്ങളാണ്.

**വാനപ്രസ്ഥന് ഭക്ഷണത്തോടുള്ള വീക്ഷണം**

(1) മൂന്നു ആശ്രമങ്ങളിലൂടെയും കടന്നു വന്ന്, പ്രജാപതി യാഗ മനുഷ്ഠിച്ച്, വേദപണ്ഡിതർക്ക് ദക്ഷിണ നൽകി, സന്യാസാശ്രമം സ്വീകരിക്കണം (2) ആത്മാവു തന്നെ അഗ്നിയായി കണക്കാക്കി ഭിക്ഷാടനത്തിനായി ഗ്രാമങ്ങളിൽ നടക്കണം. (3) പ്രതിദിനം ഏഴ് ഉരുള ഭക്ഷണം മാത്രം കഴിക്കണം (4) ഒന്നും ലഭിച്ചില്ലെങ്കിൽ അപ്രകാരം ഭക്ഷണമില്ലാതെ ജീവിക്കണം (5) ഭിക്ഷ ലഭിച്ചത് മറ്റുള്ളവർക്ക് ഭിക്ഷയായി നൽകേണ്ടതില്ല (6) ഗൃഹത്തിലെ അംഗ ങ്ങൾ ഭക്ഷണം കഴിഞ്ഞവശേഷിക്കുന്നതും സ്വീകരിക്കാം (7) മൺപാത്രം, മരപ്പാത്രം, ഇലകൾ ഇവയിലോ (8) അതേപോലുള്ള പാത്രത്തിലോ ഭക്ഷണം സ്വീകരിക്കാം. (9) നല്ല ഭക്ഷണം ലഭി ച്ചാൽ സന്തോഷിക്കുകയോ (10) ഒന്നും ലഭിക്കാതിരുന്നാലും, ഒന്നും ഭിക്ഷയായി നൽകാതെ വിട്ടാലും ദുഃഖിക്കുകയോ അരുത് (96 : 1 - 9)

**സന്യാസിയുടെ വിശ്രമവും പ്രവൃത്തിയും**

(11) മരച്ചുവട്ടിൽ താമസിക്കണം (12) ഗ്രാമങ്ങളിൽ രണ്ടു രാത്രി കൾ കഴിച്ചു കൂട്ടരുത് (ഒരു രാത്രി മാത്രം) (13) അത്യാവശ്യത്തി നുള്ള വസ്ത്രങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. (14) അറിഞ്ഞു കൊണ്ട് ജീവികളെ ചവിട്ടരുത്, ദൃഷ്ടിഗോചരങ്ങളായവയിൽ ചവി ട്ടരുത്. (15) വസ്ത്രം കൊണ്ട് അരിച്ച വെള്ളമേ കുടിക്കാവൂ (16) സത്യമേ പറയാവൂ (17) മനസ്സിനു നന്മ വരുന്നതേ ആചരിക്കാവൂ.



Scanned with CamScanner

(18) ജീവിതവും മരണവും തുല്യതയോടെ വീക്ഷിക്കണം (19) വാക്കുതർക്കങ്ങളിൽ ഭാഗഭാക്കാകരുത്. മിതമായി സംസാരിക്കണം. (20) അപമാനിക്കരുതാരേയും (21) ആഗ്രഹമില്ലാത്തവനാകണം (22) ആരേയും നമസ്കരിക്കേണ്ടതുമില്ല. (23) ഒരു കയ്യിൽ ക്ഷതമേറ്റാലും മറ്റേ കയ്യിൽ ചന്ദനം പുരട്ടിയാലും അമംഗളകരമോ മംഗളകരമോ ആയ വ്യത്യാസമില്ലാതെ വീക്ഷിക്കണം. **(96 : 10 - 23)**

**അമ്മയുടെ ഗർഭത്തിലെ വാസം മുതൽക്കുള്ള ചിന്തനം**

തത്വശാസ്ത്രപരമായ വീക്ഷണവും ജീവിതഃ യാഥാർത്ഥങ്ങളുമെല്ലാം വിവിരിക്കുന്നതാണ് ഈ ഭാഗം. നമ്മളാരെന്ന തിരിച്ചറിവുണ്ടാക്കാനുള്ള യജ്ഞം പോലൊരു പഠനം.

(24) പ്രാണായാമം, ധാരണ, ധ്യാനം നിത്യവുമനുഷ്ഠിക്കണം (25) ഭൗതീക ജീവിതത്തിലും അനിത്യത ദർശിക്കണം. (26) ശരീരം നിരന്തരം ശുചിയായി സൂക്ഷിക്കണം (27) ജരാനര ബാധിക്കുന്നത് ജീവിതത്തിന്റെ ഭാഗമാണെന്നറിയണം (28) ശാരീരികവും മാനസീകവുമായ അനാരോഗ്യം ദുഃഖകരമാണെന്നറിയണം (29) അതെല്ലാം വാർദ്ധക്യത്തിൽ സഹജമാണെന്നുമറിയണം. (30) നിത്യാന്ധകാരത്തിൽ അമ്മയുടെ ഗർഭത്തിൽ വസിച്ചതാണീ ശരീരം (31) മൂത്രം രക്തം മലം ഇവയുടെ മധ്യത്തിൽ ഗർഭത്തിൽ കിടന്നു (32) അവിടത്തെ ചൂടും തണുപ്പും അനുഭവിച്ചു (33) യോനിയിലൂടെ പുറത്തുവന്നപ്പോൾ മഹാദുഃഖവുമനുഭവിച്ചു (34) ബാല്യത്തിൽ ഗുരു, മാതാവ്, പിതാവ് ഇവരുടെയെല്ലാം ഇച്ഛക്കനുസരിച്ചുള്ള ജീവിതം നയിച്ചു. (35) പഠിക്കാൻ അനവധി ക്ലേശങ്ങളനുഭവിച്ചു (36) യൗവനത്തിൽ വിഷയസുഖങ്ങളനുഭവിച്ച്, കൂടുതൽ കൂടുതൽ ലഭിക്കാനായി യത്നിച്ച് നരകത്തിലെന്ന പോലെ ദുഃഖിച്ചു (37) ഇഷ്ടമില്ലാത്തതും ഇഷ്ടമുള്ളതും ചേർന്നും ചേർത്തും ജീവിച്ചു (38) ഒരു നരകത്തിലെന്നപോലെ ജീവിച്ചു. (39) ഓരോ നരകവുമനുഭവിച്ചതിനുശേഷം വീണ്ടുമുള്ള സുഖദുഃഖങ്ങൾ അനുഭവിച്ചു. (40) ഇങ്ങിനെയുള്ള ഈ ലോകത്തിൽ അൽപം മാത്രമേ സുഖമുള്ളൂ. (41) ദുഃഖമില്ലാത്ത അവസ്ഥയിൽ ലഭിക്കുന്ന സുഖം പോലും ശാശ്വതമല്ലെന്നറിയണം (42) ആ സുഖം തന്നെ ചിന്തിച്ച് അതു തീരുമ്പോൾ മറ്റൊന്നു ലഭിക്കാതെ വരുമ്പോളുള്ള മഹാദുഃഖം ഭയാനകമാണ്. ഇതാണ് ജിവിതം. **(96 : 24 - 42)**



Scanned with CamScanner

**മനുഷ്യശരീരഘടന**

മനുഷ്യമനസ്, ചിന്തകൾ, കർമ്മധർമ്മങ്ങൾ, വ്യവഹാരങ്ങൾ ഇവ യെല്ലാം വിവരിച്ചതിനുശേഷം ഈ കർമ്മങ്ങളെല്ലാം ചെയ്യുന്നതിന് നമ്മുടെ ആത്മാവ് ആധാരമാക്കിയത് ഈ ശരീരത്തെയാണ്. അതു കൊണ്ടു പറയാറുണ്ട്: ശരീരമാദ്ധ്യം ഖലു ധർമ്മസാധനം. ശരീരമാണ് ധർമ്മാചരണത്തിനുള്ള ഒന്നാമത്തെ വസ്തു. ശരീരശാസ്ത്രാചാര്യൻ അർത്ഥഗഹനമായി വിവരിച്ചു. തുടർന്ന് ശരീരഘടനയെക്കുറിച്ച് ആയുർവേദവിഷയത്തിൽ ജ്ഞാനമുള്ള ആ പണ്ഡിതൻ വിവരിച്ചു. വിവരണമവസാനിച്ചതാകട്ടെ ഭഗവദ്ഗീതയിലെ ശ്ലോകങ്ങളുദ്ധരിച്ചാ യിരുന്നു.

(43) ശരീരം-ഏഴു ധാതുക്കളാൽ നിർമ്മിതമാണ് എന്നറിയണം (44) മേധസ്-രക്തം-മാംസം-വസ-അസ്ഥി-മജ്ജ-ശുക്ളം ചേർന്ന താണീ ശരീരം (45) അവയെ ത്വക്കുകൊണ്ടു മൂടിയിരിക്കുന്നു. (46) ശരീരം ദുർഗന്ധമുള്ളതാണ്. (47) ശരീരം മലത്താൽ നിറ ഞ്ഞിരിക്കുന്നു. (48) നൂറുതരം സുഖം ലഭിച്ചാലും ശരീരം വികാ രത്തിന്നടിമയാണ്. (49) ഔഷധങ്ങൾ കൊണ്ടു സംരക്ഷിക്കാൻ ശ്രമിച്ചാലും നശിക്കുന്നതാണ് ശരീരം (50) കാമ-ക്രോധ-ലോഭ -മോഹ-മദ-മാത്സര്യങ്ങളുടെ സ്ഥാനമാണീ ശരീരം (51) പഞ്ചഭൂ തങ്ങളാൽ നിർമ്മിതമാണത് (52) അസ്ഥി-രക്തക്കുഴലുകൾ-ചെ റിയരക്തവാഹിനികൾ-മജ്ജ-സ്നയുക്കളാൽ നിർമ്മിതമാണിത് (53) രജസ്സു നിറഞ്ഞിരിക്കുന്നു (54) ആറു തരം ആവരണങ്ങ ളാൽ ആവൃതമാണീ ശരീരം (55) കോശങ്ങളെടുത്താൽ അവ മുന്നൂറ്റിയറുപതെണ്ണമാണ് ശരീരത്തിലുള്ളത്. (56) അത് പല വിഭാ ഗത്തിലുണ്ട് (57) അതിസൂക്ഷ്മങ്ങളായവ അറുപത്തിനാലെണ്ണ മാണ്. (58) ഇരുപത് നഖങ്ങൾ (59) കയ്യിലും കാലിലുമുള്ളതാ ണവ (60) ഇരുപതു വിരലുകളിൽ മൂന്നു വീതം അസ്ഥികൾ ചേർന്ന് അറുപത് അസ്ഥികളുണ്ട്. (61) പാർഷ്ണങ്ങളിൽ രണ്ടു വീതം (62) പിന്നെ അനവധി ഗ്രന്ഥികൾ (63) നാല് പ്രധാന അസ്ഥികൾ രണ്ടു കൈകളിലും (64) മുട്ടുകളോടു കൂടിയ രണ്ടു കാലുകൾ (65) രണ്ടു വീതം തുടയെല്ലുകളോടു കൂടിയ കാൽമു ട്ടുകൾ (66) അരക്കെട്ടിലെ പ്രത്യേകതരത്തിലുള്ള അസ്ഥികൾ (67) നെറ്റി, താടി, മുഖഭാഗങ്ങളിലുള്ള എല്ലുകൾ (68) ഭഗസ്ഥല ത്തിലുള്ള അസ്ഥി (69) പൃഷ്ഠഭാഗത്തിലെ അസ്ഥികൾ, പിന്നെ നാൽപത്തിയഞ്ചു വിഭാഗത്തിൽപ്പെടുന്ന മറ്റു അസ്ഥികൾ (70)



Scanned with CamScanner

പിന്നെ പതിനഞ്ചെണ്ണം. (71) സന്ധിയിലുള്ള ജത്രു എന്നൊരു അസ്ഥി. (72) താടിയെല്ല് (73) അതിന്റെ രണ്ടറ്റത്ത് രണ്ടെണ്ണം (74) ലലാടത്തിൽ കണ്ണുകൾ യോജിക്കുന്നസ്ഥലത്ത് രണ്ടസ്ഥി (75) മൂക്കിൽ പ്രത്യേകരത്തിലുള്ള ഒന്ന് (76) പാർശ്വഭാഗങ്ങളിലെ പല അസ്ഥികൾ ചേർന്ന് എഴുപത്തിരണ്ടെണ്ണം (77) ഉരസ്സിൽ പതിനേഴെണ്ണം (78) പുരികത്തിനും കർണത്തിനുമിടക്ക് രണ്ടെണ്ണം (79) തലയോട്ടിയിൽ (മേൽപറഞ്ഞതെല്ലാം മാറ്റിയാൽ) നാലെണ്ണം. (80) ശരീരത്തിൽ എഴുന്നൂറു പ്രധാനപ്പെട്ട സിരകൾ അഥവാ രക്തക്കുഴലുകൾ. (81) തൊള്ളായിരം സ്നായുക്കളും (82) ശുദ്ധ രക്തവാഹിനികളായ നൂറുധമനികളും (83) അഞ്ഞൂറ് പേശികളും (84) അശുദ്ധരക്തവാഹിനികളായി ഇരുപത്തി ഒമ്പതു ലക്ഷത്തി തൊള്ളായിരത്തി അമ്പത്തിയാറെണ്ണവുമുണ്ട്. (85) ശരീരത്തിൽ ശരാശരി മൂന്നുലക്ഷം രോമകൂപങ്ങളുണ്ട്. (86) നൂറ്റിയേഴ് മർമ്മങ്ങളും (87) ഇരുന്നൂറ് സന്ധികളും (88) അമ്പത്തിനാലുകോടി അറുപത്തി ഏഴ് ലക്ഷം രോമങ്ങളുണ്ട്. (89) പഞ്ചപ്രാണനും വായുവും നിരന്തരം ഓജസ്സുറ്റതാകുന്നു. നാഭി, ഗുദം, ശുക്ളം, രക്തം, മജ്ജ, മൂർധാവ്, കണ്ഠം, ഹൃദയം എന്നിവയാണ് (90) രണ്ടുകൈകൾ, രണ്ട് തോൾ സന്ധികൾ, അവയ്ക്കു മധ്യത്തിൽ തല നിലനിൽക്കുന്നു. (91) മാംസ, മാംസഘണ്ഡം, നാഭി, പേശി, സ്നായുക്കൾ, പ്ലിഹാ, വൃക്കകൾ, ബസ്തി, വൻകുടൽ, ചെറുകുടൽ, ആമാശയം, ഹൃദയം, ഗുദം, ഉദരം, ഗുദകാഷ്ഠം, ഇവ പ്രധാന ആന്തരാവയവങ്ങളാണ്. (92) പുരികസ്ഥലം, കൺപോളകൾ, ചെവി, കർണപുടം, കർണസുഷിരം, ശംഖം, നെറുനെറ്റി, മോണ, പല്ലുകൾ, തിതംബം, അരക്കെട്ട്, വൃഷണങ്ങൾ, അണ്ഡകോശം, വൃക്കകൾ, സ്തനങ്ങൾ, നാക്ക്, കുറുനാക്ക്, ശബ്ദതന്ത്രികൾ, (ശരീരത്തിനുള്ളിൽ താഴെ) മൂത്രാശയം, ഉദരം, ശ്വാസകോശം, അന്നനാളം എന്നിവയുണ്ട്.

(93) ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, ഇവയാണ് വിഷയങ്ങൾ (94) നാസികാ, കണ്ണ്, ത്വക്ക്, ചെവി, ഇവയാണ് ജ്ഞാനേന്ദ്രിയങ്ങൾ (95) കയ്യ്, കാല്, നാക്ക്, ഗുദം, ലൈംഗീക അവയവങ്ങൾ ഇവ കർമ്മേന്ദ്രിയങ്ങൾ (96) മനസ്, ബുദ്ധി, ആത്മാവ്, ഇവ ഇന്ദ്രിയങ്ങൾക്കതീതമായവയാണ്. (97) ഈ ശരീരമാണ് ക്ഷേത്രമെന്നറിയപ്പെടുന്നത്. ഇതിനെ നിയന്ത്രിക്കുന്നതാരോ അവനാണ് (ആത്മാവ്) ക്ഷേത്രജ്ഞൻ. (98) എന്നെ (ഈശ്വരൻ) തന്നെ



Scanned with CamScanner

ക്ഷേത്രജ്ഞനായറിയുക. ഞാൻ എല്ലാ ക്ഷേത്രത്തിലുമുണ്ടെന്ന റിയുക. മോക്ഷം ആഗ്രഹിക്കുന്നവർ ക്ഷേത്രത്തേയും ക്ഷേത്ര ജ്ഞനേയുമറിയണം (97,98 ഗീതാശ്ലോകങ്ങൾ). (96 : 43 – 98)

**തത്വശാസ്ത്രവിവരണം**

ഈ ലോകത്തിൽ ഒരു ദ്രവ്യവും ശാശ്വതമായിട്ടുള്ളതല്ല. ശാശ്വതമായിട്ടുള്ളത് ആത്മചൈതന്യവും പരമാത്മ ചൈതന്യവുമാണ്. അതിനെ അറിഞ്ഞ് അതായിത്തീരലാണ് പരമമായ ആത്മീയത. അതാണ് ആഗ്രഹങ്ങളെ ക്ഷയിപ്പിക്കുന്നതും വൈകാരിക ജീവിതത്തിൽ നിന്നുള്ള മോചനം തരുന്നതും. അതിന് മനസ്സിൽ മാറ്റമുണ്ടാകണം. മനസ്സ് വസിക്കുന്നത് ശരീരത്തിലാകയാൽ ശരീരത്തിനും നന്മയിലേക്ക് മാറ്റമുണ്ടാക്കി യഥാർത്ഥ പന്ഥാവ് തെരഞ്ഞെടുക്കണം അതിന്റെ വിവരണം നൽകുന്ന **തൊണ്ണൂറ്റി ഏഴാമദ്ധ്യായത്തിൽ**

ആത്മാവിനെക്കുറിച്ചറിയണം. മോക്ഷമാർഗവുമറിയണമെന്നിവിടെ വിവരിക്കുന്നു

(1) പത്മാസനത്തിലിരുന്നു, കൈകൾ രണ്ടും കൂടിചേർത്ത്, നാക്ക് ചലിക്കാതെ മേൽതാടിയിൽ സ്പർശിച്ച്, മുകളിലത്തേയും ചുവട്ടിലത്തേയും പല്ലുകൾ ചേർത്ത്, മൂക്കിന്റെ അറ്റത്ത് ശ്രദ്ധ കേന്ദ്രീകരിച്ച്, ചുറ്റും നോക്കാതെ/ശ്രദ്ധിക്കാതെ, ഭയമില്ലാതെ, ശാന്തമായ മനസ്സോടെ. ഇരുപത്തിനാലു കലകൾക്കുമതീതമായ പരപുരുഷ ചൈതന്യത്തെ സാധന നടത്തണം (2) നിത്യനായ, ഇന്ദ്രിയാതീതനായ, ഗുണാതീതനായ, ശബ്ദസ്പർശ-രൂപ-രസ-ഗന്ധാതീതനും സർവജ്ഞനുമായ സ്ഥൂലാതീതനുമായ ഈശ്വരനെ/ചൈതന്യത്തെ ചിന്തിക്കുക. (3) അതിസൂക്ഷ്മമാണത് (4) എല്ലായിടത്തും കൈകളും, കാലുകളും, ശിരസും, മുഖവും, എല്ലാ ഇന്ദ്രിയങ്ങളുമുള്ളതാണ് ഈശ്വരൻ (5) ഈ ഈശ്വരനെ ധ്യാനിക്കുക (6) വർഷങ്ങളോളമുള്ള ധ്യാനത്തിലൂടെ യോഗചൈതൃനം ആവിർഭവിക്കുന്നു. (7) നിരാകാരമായ ഒന്നിനെ ധ്യാനിക്കാൻ എപ്പോൾ സാധിക്കുന്നില്ലയോ അപ്പോൾ പൃഥ്വി-അപ്-തേജ-വായു-ആകാശ - മന- ബുദ്ധി-ആത്മ-അവ്യക്തപുരുഷ എന്നിവയിൽ ആദ്യത്തേതാദ്ധ്യത്തേതിൽ നിന്ന് തുടങ്ങി അതുപേക്ഷിച്ച് അവസാനത്തേതിലേക്കെത്തണം. (7 : 1 – 7)

**സരൂപധ്യാനവും ഉപാസനയും**

അദൃശ്യമായ ആത്മാവിനെ ഉപാസിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നവർ ദൃശ്യമായ രൂപത്തിലൂടെ അരൂപത്തിലേക്കു പോകാം. മൂർത്തിയിലൂടെ



Scanned with CamScanner

അമൂർത്താവസ്ഥയിലേക്കുള്ള പ്രയാണത്തിന്റെ നിർദ്ദേശമാണ് അടുത്ത വരികളിലൂടെ അതേ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നത്.

(8) ഇപ്രകാരം പരമപുരുഷചൈതന്യത്തെ ധ്യാനിക്കാനാരംഭിക്കുക. (9) അതു ബുദ്ധിമുട്ടാണെങ്കിൽ അവനവന്റെ ഹൃദയമധ്യപത്മത്തിന്റെ മധ്യത്തിൽ ദീപം പോലെ ജ്വലിക്കുന്ന പ്രപഞ്ച പുരുഷ ചൈതന്യത്തെ ധ്യാനിക്കുക. (10) അതും വിഷമമാണെങ്കിൽ കിരീടത്തോടും കുണ്ഡലത്തോടും, ശ്രീവത്സത്തോടും, വിഭൂഷണങ്ങളോടും, കൂടി സൗമ്യനായ നാലു കൈകളോടും കൂടിയ ശംഖചക്രഗദാപത്മധാരിയായ വാസുദേവനെ ധ്യാനിക്കുക. **(97 : 8 – 10)**

**ശാശ്വതമായതിനെ ഉപാസിക്കുക**

പരമാത്മചൈതന്യ ഉപാസനയിലേക്കെത്തേണ്ടതായ മാർഗമാണിവിടെ വിവരിക്കുന്നത്.

(11) ഏതൊന്നാണോ ധ്യാനിക്കുന്നത് അതിനെത്തന്നെ പ്രാപിക്കുന്നു (12) അതുകൊണ്ട് നശിക്കുന്ന ഒന്നിനേയും ധ്യാനിക്കാതെ നശിക്കാത്തതിനെ ധ്യാനിക്കുക (13) പ്രപഞ്ചപുരുഷചൈതന്യമി(മ)ല്ലാതെ മറ്റൊന്ന് ഈ ഭൂമിയിൽ സ്ഥിരമായിട്ടില്ല തന്നെ (14) അതിനെ പ്രാപിച്ച് മുക്തനാകുക. 15 മുതൽ 21 വരെ ശ്ലോകങ്ങൾ ഭഗവത്ഗീതയിലെപോലെയുള്ള ശ്ലോകങ്ങളാണ്

(15) പുരത്തെയും അതിക്രമിച്ച് നിലനിൽക്കുന്നതും എല്ലാ ചൈതന്യത്തിനുമാധാരമായതുമേതോ അതാണ് (പ്രപഞ്ച) പുരുഷ ചൈതന്യം (16) പ്രപഞ്ച പുരുഷ ചൈതന്യത്തിന്റെ സാകാര രൂപമാണ് മഹാവിഷ്ണു ചൈതന്യം ആ രൂപം യോഗികൾക്ക് പ്രാപ്യമാകുന്നു. (17) കാല-ദേശ-ഗുണ-തത്വ-ങ്ങൾക്കെല്ലാം അതീതനായ ശക്തിയാണ് ഈശ്വരൻ. (18) ആ ശക്തി ദൂരത്തിലും അടുത്തും അകത്തും പുറത്തുമുണ്ട് അതു ചലിക്കുന്നതും ചലിക്കാത്തതുമാണ്. (19) അവിഭക്തമാണ്, എങ്കിലും വിഭക്തം പോലെ നിലനിൽക്കുന്നു. ഭൂതം-വർത്തമാനം- രാവിലെ അതുയോജിപ്പിക്കുന്നു. (20) ജ്യോതിസ്സുകൾക്കുപോലും ജ്യോതിസ്സു നൽകുന്നു. ഇരുട്ടിനെ പ്രകാശത്തിലൂടെ അകറ്റുന്നു. അറിവും, അറിയേണ്ടതും, അറിയുന്നതും അതാകുന്നു. എല്ലാത്തിന്റേയും അധിഷ്ഠാനവുമാകുന്നു. (21) ഇപ്രകാരം ക്ഷേത്രത്തേയും, ജ്ഞാനത്തേയും, ജ്ഞേയത്തേയും നല്ലവണ്ണം അറിഞ്ഞ് ആ ചൈതന്യത്തിലലിയുന്നതാണ് ധ്യാനവും യോഗവും മോക്ഷവും. **(97 : 11 – 21)**



Scanned with CamScanner

**ഭൂമിദേവിയുടെ പ്രാർത്ഥന**

വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം ഇവയുടെ വിവരണങ്ങൾ മഹാവിഷ്ണുവിൽ നിന്ന് ശ്രവിച്ചു. വിഷ്ണുധർമ്മശാസ്ത്രത്തിലെ ഒന്നാമത്തെ അദ്ധ്യായം ആസുരീക ശക്തികളിൽ നിന്ന് ഭൂമിയെ ഉദ്ധരിച്ച വരാഹമൂർത്തിയായ മഹാവിഷ്ണുവിനെ ഭൂമിദേവി സ്തുച്ച് ലോകപാലനം ധാർമ്മീക പന്ഥാവിലൂടെ എന്ന വിഷയം ഉപദേശിക്കണമെന്നഭ്യർത്ഥിച്ചതാണ്. അതനുസരിച്ച് വിഷ്ണു നൽകിയ ഉപദേശങ്ങളായിരുന്നു 2-ാം അദ്ധ്യായം മുതൽ ഇതുവരെ വായിച്ചത്. ഇത് കേട്ട ഭൂമിദേവിയുടെ വിവരണമാണ് 98-ാം അദ്ധ്യാത്തിൽ നൽകുന്നത്.

(1) ഇപ്രകാരം ഈശ്വരനെ അറിഞ്ഞ് കൈകൊണ്ടും ശിരസുകൊണ്ടും വന്ദിച്ച്, നമസ്കരിച്ച് ഭൂമിദേവി മഹാവിഷ്ണുവിനോട് ഇങ്ങിനെ പറഞ്ഞു (2) ഹേ ഈശ്വരാ അങ്ങയുടെ കൂടെ തന്നെ എപ്പോഴും നാലെണ്ണമായി നിലനിൽക്കാൻ ഞാനാഗ്രഹിക്കുന്നു. ആകാശം ശംഖരൂപമായും, വായുചക്രരൂപമായും തേജസ് ഗദ്ദാരൂപമായും, ആപസ് താമരയായും അങ്ങയോട് ചേർന്ന് നിൽക്കാനാഗ്രഹിക്കുന്നു. ഞാൻ അങ്ങയുടെ പാദമധ്യത്തിൽ ഇതേ രൂപത്തിൽ ആയിത്തീരാനാഗ്രഹിക്കുന്നു. (3) അപ്രകാരമാകട്ടെ എന്ന് ഭൂമിദേവിയോട് ഭഗവാൻ മഹാവിഷ്ണു പറഞ്ഞു (4) ഭൂമി അനുഗ്രഹാശ്ശിസുകളോടെ നിലനിൽക്കുന്നു (5) ദേവന്മാരിൽ ദേവനായ മഹാവിഷ്ണുവിനെ സന്തോഷിപ്പിച്ചുകൊണ്ട് നാമങ്ങൾ ചൊല്ലി സ്തുതിക്കുന്നു. **(98: 1 – 5)**

**ഭൂമിദേവി മഹാവിഷ്ണുവിനെ അർച്ചിച്ച 101 നാമങ്ങൾ**

നമുക്കും ഇതുപഠിക്കാവുന്നതും ജീവിതത്തിൽ പകർത്താവുന്നതുമാണ്. അതിലൂടെ ഞങ്ങൾ സ്വയം വായിച്ചു കടന്നു പോയി. പ്രാർത്ഥനാരൂപത്തിലും അർച്ചനാരീതിയിലും.

(6) ഓം നമസ്തേ (7) ദേവദേവ (8) വാസുദേവ (9) ആദിദേവ (10) കാമദേവ (11) കാമപാല (12) മഹീപാല (13) അനാദിമധ്യനിധന (14) പ്രജാപതേ (15) സുപ്രജാപതേ (16) മഹാപ്രജാപതേ (17) ഊർജ സ്പതേ (18) വാചസ്പതേ (19) ജഗൽപതേ 20. ദിവസ്പതേ (21) വനസ്പതേ (22) പയസ്പതേ (23) പൃഥിവീപതേ (24) സലിലപതേ (25) ദിക്പതേ (26) മഹൽപതേ (27) മരുൽപതേ (28) ലക്ഷ്മീപതേ (29) ബ്രഹ്മരൂപ (30) ബ്രാഹ്മണപ്രിയ (31) സർവഗ (32) അചിന്ത്യ (33) ജ്ഞാനഗമ്യ (34) പുരുഷ്ടുത (35) പുരുഹൂത (36) ബ്രഹ്മണ്യ (37) ബ്രഹ്മപ്രിയ (38) ബ്രഹ്മകാ



Scanned with CamScanner

യിക് (39) മഹാകായിക (40) മഹാരാജിക (41) ചതുർമഹാരാജിക (42) ഭാസ്വര (43) മഹാഭാസ്വര (44) സപ്ത (45) മഹാഭാഗ (46) സ്വര (47) തുഷിത (48) മഹാതുഷിത (49) പ്രതർദന (50) പരിനിർമിത (51) അപരിനിർമിത (52) വശവർത്തിൻ (53) യജ്ഞ (54) മഹായജ്ഞ (55) യജ്ഞയോഗ (56) യജ്ഞഗമ്യ (57) യജ്ഞനിധന (58) അജിത (59) വൈകുണ്ഠ (60) അപാര (61) പര (62) പുരാണ (63) ലേഖ്യ (64) പ്രജാധര (65) ചിത്രശിഖണ്ഡധര (66) യജ്ഞഭാഗഹര (67) പുരോഡാശഹര. (68) വിശ്വേശ്വര. (69) വിശ്വധര. (70) ശുചിശ്രവ (71) അച്യുതാർചന (72) ഘൃതാർചി (73) ഖണ്ഡപരശോ (74) പത്മനാഭ (75) പത്മധാര (76) പത്മധരാധര (77) ഹൃഷീകേശ (78) ഏകശൃംഗ (79) മഹാവരാഹ (80) ദ്രുഹിണ (81) അച്യുത (82) അനന്ത (83) പുരുഷ (84) മഹാപുരുഷ (85) കപില (86) സാംഖ്യാചാര്യ (87) വിഷ്വക്സേന (88) ധർമ്മ (89) ധർമദ (90) ധർമ്മാംഗ (91) ധർമ്മവസുപ്രദ (92) വരപ്രഭ (93) വിഷ്ണോ (94) ജിഷ്ണോ (95) സഹിഷ്ണോ (96) കൃഷ്ണ (97) പുണ്ഡരീകാക്ഷ (98) നാരായണ (99) പരായണ (100) ജഗത്പരായണ (101) നമോ നമഃ ഇതി:

(102) ഇപ്രകാരം സ്തുതിച്ച ഭൂമിദേവിക്ക് മഹാവിഷ്ണു അനുഗ്രഹം നൽകി പറഞ്ഞു. നിന്നെ ആരെല്ലാം ആരാധിക്കുന്നുവോ . അവന് എല്ലാ ആഗ്രഹങ്ങളും ലഭിക്കുമാറാകട്ടെ. **(98 : 6 - 102)**

വിഷ്ണുധർമ്മശാസ്ത്രത്തിലെ തൊണ്ണൂറ്റിയെട്ടാമദ്ധ്യായത്തിലാണ് വിഷ്ണുനാമാർച്ചന നൽകിയിരിക്കുന്നത്.

**ഭൂമിദേവി മഹാവിഷ്ണുവിനെ സ്തുതിക്കുന്നു**

ഈ അദ്ധ്യായത്തിൽ ഭൂമിദേവിയുടേയും ലക്ഷ്മിയുടേയും ഉജ്ജ്വലമായ 22 സ്തുതികളാണുള്ളത്. എല്ലാവരും പഠിച്ചിരിക്കേണ്ടതായ സ്തുതികളാണിത്. **(99 : 1 - 22)**

**വിഷ്ണുധർമ്മശാസ്ത്രപഠനഫലം**

(1) ഈ ശ്രേഷ്ഠമായ ധർമ്മശാസ്ത്രം ദേവന്മാർ തന്നെ വിവരിച്ചതാണ് ആരാണോ ഇതിലെ നിർദ്ദേശങ്ങളനുസരിച്ച് ജീവിക്കുന്നത് അവർ സ്വർഗലോക സുഖമനുഭവിക്കുന്നു. (2) ഈ ധർമ്മശാസ്ത്രം പവിത്രമാണ്, മംഗളകരമാണ്, സ്വർഗീയമാണ് ആയുസ്സ് നൽകുന്നതാണ്, അറിവും യശസ്സും നൽകുന്നതാണ്. ധനവും സൗഭാഗ്യവും വർദ്ധിപ്പിക്കുന്നതാണ്. (3) പഠിച്ച് പഠിപ്പിച്ചാലും,



Scanned with CamScanner

കേട്ടാലും, കേൾപ്പിച്ചാലും, ശ്രാദ്ധദിനങ്ങളിൽ ആലപിച്ചാലും, ആഗ്രഹസംപൂർത്തിയോടെ ഈ ജന്മം സഫലമായിത്തീരും. (4) നിത്യവും പഠിക്കുന്നവന് ശ്രേയസ്സുണ്ടാകും. (5) ഈ ലോകജന തക്കുവേണ്ടി മംഗളകരമായതും സൗഭാഗ്യകരമായതുമായ, യശസ് നേടിത്തരുന്നതുമായ, ദുഃസ്വപ്നങ്ങളെ നശിപ്പിക്കുന്നതുമായ, പുണ്യപ്രദമായ, ചൈതന്യവത്തായ ഈ ശാശ്വതമായ ധർമ്മശാസ്ത്രം, എല്ലാവരും പഠിച്ചാലും. **(100 : 1 – 5)**

ഇത്രയും ദിവസങ്ങളായി നാം കേട്ടുപഠിച്ച നൂറദ്ധ്യായവിവരണങ്ങൾ നിങ്ങൾക്കു സമർപ്പിക്കുന്നു. ഇനി ഞാനെന്റെ കർത്തവ്യത്തിലേക്കു കടക്കട്ടെ. ഈ വരികൾ ശ്രദ്ധയോടെ വായിക്കേണമേ!

ഞാൻ, എന്ന ഗോപാലകൃഷ്ണൻ നളന്ദ വിശ്വവിദ്യാലയത്തിൽ പ്രവർത്തിച്ചു എന്ന രീതിയിലും, അവിടെ അപ്രകാരം പ്രവർത്തിച്ചു കൊണ്ടിരുന്നപ്പോൾ അവിടത്തെ ആചാര്യന്മാർ പഠിപ്പിച്ച വിഷ്ണുധർമ്മ ശാസ്ത്രത്തിലെ നൂറ് അദ്ധ്യായങ്ങളുടെ വിവരണമായിട്ടാണ് നിങ്ങൾ വായിച്ചത്. നമ്മുടെ ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളെഴുതിയ ആചാര്യന്മാർ ഓരോ വരിയും സംഖ്യകളെഴുതി എണ്ണിത്തന്നിരിക്കുന്നത് ഭാരത ഭര ണഘടനയുടെ നിയമാവലികൾ പോലെയാണ്. (ഐ.പി.സി തൊണ്ണൂറ്റിയാറാം വകുപ്പ് അഞ്ചാം ഖണ്ഡിക പ്രകാരമെന്നു പറയുന്നതുപോലെ) വിഷ്ണുധർമ്മശാസ്ത്രത്തിലെ ഇത്രാമത്തെ അദ്ധ്യായത്തിലെ ഇത്രാമത്തെ വരിയാണ് എന്നുദ്ധരിക്കാനാണ്, ആധാരഗ്രന്ഥത്തിൽ വ്യക്തമായി നൽകിയിരിക്കുന്നത്. അതേപോലെത്തന്നെ ഈ പുസ്തകത്തിലും നൽകിയിരിക്കുന്നു. എവിടെയെല്ലാം സംഖ്യകൾ ക്രമത്തിൽ നൽകി വിവരിക്കുന്നുണ്ടോ അതുപൂർണ്ണമായും സംക്ഷിപ്തവരികളുടെ വിവർത്തനമാണ്. സംഖ്യകളില്ലാതെ നമ്പറിടാതെ വിവരിച്ചിരിക്കുന്നതെല്ലാം വായനക്കാർക്ക് മനസ്സിലാകാനായി എഴുതിയിട്ടുള്ളതാണ്. നളന്ദാവിശ്വവിദ്യാലയവും, അവിടെ പഠിപ്പിച്ച ആചാര്യന്മാരും, വിദ്യാർത്ഥികളും.... എല്ലാം. എല്ലാം സാങ്കല്പികമാണ്.

പക്ഷേ വ്യാഖ്യാനങ്ങളും നമ്പറിട്ടുകൊടുത്തിരിക്കുന്നതുമെല്ലാം അഡയാറിലെ തിയോസഫിക്കൽ സൊസൈറ്റി ലൈബ്രറി പ്രസിദ്ധീകരിച്ച രണ്ടു വാല്യങ്ങളുള്ള സംസ്കൃത പുസ്തകത്തിന്റെ വിവർത്തനവും എന്റെ വ്യാഖ്യാനവുമാണ്. എല്ലാ നിർദ്ദേശങ്ങളും സംസ്കൃത വരികളുടെ പദാനുപദവിവർത്തനമല്ല. അത്രക്കുള്ള സംസ്കൃത പാണ്ഡിത്യമെനിക്കില്ല. എങ്കിലും പദാനുപദവിവർത്തനം സാധിക്കാത്തിടത്ത് വ്യാഖ്യാനങ്ങൾ നോക്കി ആ വരികളുടെ സന്ദേശങ്ങളാണ് നൽകിയി



Scanned with CamScanner

ട്ടുള്ളത്. ഈ രചനയിൽ കുറവുകളുണ്ടാകാം, അപാകതകളുണ്ടാകാം, ഭാഷാശൈലിക്ക് പരിമിതിയുമുണ്ടാകാം. എങ്കിലും ആത്മാർത്ഥമായി ശ്രമിക്കാൻ ജഗദീശ്വരാനുഗ്രഹമുണ്ടായിട്ടുണ്ട്. ജനസഹസ്രങ്ങളുടെ അകമഴിഞ്ഞ അനുഗ്രഹവും, പ്രാർത്ഥനയും, സഹകരണവും ലഭിച്ചു കൊണ്ടേയിരിക്കുന്നു.

എന്റെ കൂടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിൽ പ്രവർത്തിക്കുന്ന എന്റെ കുടുംബാംഗങ്ങളായവരോട് എനിക്കൊന്നേ പറയാനുള്ളൂ! എന്നും അതു മാത്രമേ പറയുകയുള്ളൂ!

ഈ മഹായജ്ഞത്തിൽ എന്നുമെന്നും എന്റെ പ്രാർത്ഥനകൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി മാത്രമായിരിക്കും. ഈ പുസ്തകം വായിക്കുന്നവരോടും അഭ്യർത്ഥിക്കട്ടെ ഈ രാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെ നിങ്ങളുമനുഗ്രഹിക്കുക.

ഭാരതീയ പൈതൃകസേവയിൽ സ്വന്തം കുടുംബാംഗം

രാഷ്ട്രായ സ്വാഹാ രാഷ്ട്രായ ഇദം നമമ

ഇത് രാഷ്ട്രത്തിനായി സമർപ്പിക്കുന്നു. ഇതെന്റേതല്ല!

28-2-2010 ഡോ. എൻ. ഗോപാലകൃഷ്ണൻ

ഭാരതം എന്നുമെന്നും ധർമ്മരാജ്യമാണ്. ധർമ്മത്തിന്റെ അടിസ്ഥാനത്തിലിതു നിലനിന്നു. ധർമ്മത്തിന് കാലാകാലങ്ങളിൽ വ്യാഖ്യാനവ്യത്യാസങ്ങളുണ്ടാകാം. സർവചരാചരങ്ങളുടെയും നന്മയെന്നതായിരുന്നു ഭാരതധർമ്മം. വേദങ്ങളുൽഘോഷിച്ച ധർമ്മം ഈ രാഷ്ട്രം പ്രചരിപ്പിച്ചു. വേദസന്ദേശങ്ങളുടെ പ്രായോഗിക വിവരണമാണ് ധർമ്മശാസ്ത്രം. ധർമ്മശാസ്ത്രം പ്രയോഗത്തിൽ വിവരിച്ചതാണ് ഭഗവദ്ഗീത. മനുഷ്യന്റെ സമഗ്ര കർത്തവ്യവും ധർമ്മമാക്കിയതിവിടേയാണ്. അതുകൊണ്ട് മനുഷ്യന്റെയെല്ലാ ചെയ്തികളും ധർമ്മമാണ്. ആ ധർമ്മശാസ്ത്രം നിങ്ങളും പഠിക്കണം, പ്രചരിപ്പിക്കണം വിമർശനബുദ്ധിയോടെയും തുറന്നമനസ്സോടെയുമതു ചെയ്യണം.

Scanned with CamScanner